# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**2016 ഒക്ടോബർ 28, വെള്ളി**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 163 – നമ്പർ 18

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

2016 ഒക്ടോബർ 28, വെള്ളി

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ.വി.ശശി**

സെക്രട്ടറി

**ശ്രീ.വി.കെ. ബാബു പ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക<br>സമുദായക്ഷേമവും നിയമവും സാംസ്കാരികവും<br>പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും<br>വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു റ്റി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും<br>കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും<br>വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും<br>വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു<br>സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...01

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...30

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...70

**II തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിട്ട 273-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം...284

**III അടിയന്തരപ്രമേയം**

- തെരുവുനായ്ക്കളുടെ ആക്രമണം ....284

(അവതരണാനുമതി നിഷേധിച്ചു)

**IV ശ്രദ്ധ ക്ഷണിക്കൽ**

1. കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കൽ

- ശ്രീ. കോവൂർ കുഞ്ഞുമോൻ ...300

2. ഹജ്ജ് എംബാർക്കേഷൻ പോയിന്റ് പുനഃസ്ഥാപിക്കൽ

- ശ്രീ. ടി.വി. ഇബ്രാഹിം ...308

**V സബ്മിഷൻ**

1. വിജിലൻസ് ഡയറക്ടർക്കെതിരെ നൽകിയ പരാതി

- പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ...311

2. വ്യാജ സർട്ടിഫിക്കറ്റുകൾ

- ശ്രീ. ജെയിംസ് മാത്യു. ...319

*പേജ്*

3. ട്രാഫിക് വാർഡൻമാരുടെ നിയമനം

- ശ്രീ. പി.ടി. തോമസ് ...320

4. ഇൻഡസ്ട്രിയൽ പാർക്ക്

- ശ്രീ. മുഹമ്മദ് മുഹസിൻ പി. ...321

5. പോലീസ് സ്റ്റേഷൻ

- ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക് ...323

6. നദികൾ ഒഴിവാക്കപ്പെട്ടത് സംബന്ധിച്ച്

- ശ്രീമതി വീണാ ജോർജ്ജ് ...324

7. ജനറിക് പേര് നിർദ്ദേശിക്കൽ

- ശ്രീ. എ.എൻ. ഷംസീർ ...326

8. ഡോക്ടർമാരുടെ നിയമനം

- ശ്രീ. സണ്ണി ജോസഫ് ...328

9. എച്ച്.എസ്. എസ്. ടി. തസ്തികയിലെ നിയമനം

- ശ്രീ. ഐ. ബി. സതീഷ് ...330

10. സ്വാശ്രയ കോളേജുകളിൽ പുതിയ കോഴ്സുകൾ

- ശ്രീ. റോജി എം. ജോൺ ...331

**VI മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ നാലാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ ...333

**VII റിപ്പോർട്ട് സമർപ്പണം**

(1) സബ്ജക്ട് കമ്മിറ്റി IX-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ...333

*പേജ്*

**VIII വ്യക്തിപരമായ വിശദീകരണം**

ശ്രീ. വി.ഡി. സതീശൻ എം.എൽ.എ. പരാമർശിച്ച ജി.ഒ. സംബന്ധിച്ച് ...334

**IX അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

(1) റിപ്പോർട്ട് പരിഗണന ...336

(2) സാമാന്യമായി പൊതുതാൽപ്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ ...337

വരൾച്ച നേരിടുന്നതിന് കേരളത്തിന് പ്രത്യേക പാക്കേജ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർക്കുവേണ്ടി ശ്രീ. മുല്ലക്കര രത്നാകരൻ ...337

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2016 ഒക്ടോബർ 28, വെള്ളി*

| വാല്യം 163] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 18 |
|---|---|---|

നിയമസഭ 2016 ഒക്ടോബർ മാസം *28*-ാം തീയതി *വെള്ളിയാഴ്ച* രാവിലെ 8.30-ന് സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചോദ്യം നമ്പർ *571

**അനധികൃത കെട്ടിട നിർമ്മാണം**

1(*571) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. കെ. ദാസൻ:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് അനധികൃത കെട്ടിട നിർമ്മാണങ്ങൾ വ്യാപകമായിരുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; ഈ നിർമ്മാണങ്ങൾക്ക് എതിരെ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; കോടതിയുടെയും സർക്കാരിന്റെയും നിർമ്മാണ നിരോധന ഉത്തരവ് ചെറുകിടക്കാരും തിരുവനന്തപുരത്തെ ആവ്യതി മാൾ പോലുള്ള വൻകിടക്കാരുമായ കെട്ടിട നിർമ്മാതാക്കൾ ലംഘിക്കുന്നത് തടയാൻ എന്തു മാർഗ്ഗമാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ പലതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും നഗരാസൂത്രണ വകുപ്പിലേയും ഉദ്യോഗസ്ഥരുടെ ഒത്താശയോടുകൂടിയായിരുന്നതിനാൽ ഇത്തരം ഉദ്യോഗസ്ഥർക്കെതിരെക്കൂടി നടപടിയെടുക്കാൻ തയ്യാറാകുമോ;

(സി) കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിഷ്കരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ പരിഷ്കാരങ്ങളാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ.ടി. ജലീൽ ): സർ,

(എ) പരിശോധിച്ചുവരുന്നു. അനധികൃത നിർമ്മാണങ്ങൾക്കെതിരെ, നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്. നിയമ ലംഘനം നടത്തി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ഉപഭോക്താക്കൾ വഞ്ചിക്കപ്പെടാതിരിക്കാൻ Town & Country Planning Department-ന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ആവൃതി മാളിന്റെ അഥവാ പ്രമാദമായ പാറ്റൂർ ഫ്ലാറ്റിന്റെ കാര്യത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനത്തിന്റെയും പുറമ്പോക്ക് ഭൂമി കയ്യേറിയതിന്റെയും പരാതികൾ നിലവിലുണ്ട്. എന്നാൽ ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം പെർമിറ്റ് ദീർഘിപ്പിച്ച് നൽകുന്നതിനും, ഭാഗിക ഒക്കുപ്പൻസിയും കോർപ്പറേഷൻ സെക്രട്ടറി 25-11-2015 തീയതിയിൽ നൽകിയിട്ടുണ്ട്. മേൽ നിർമ്മിതിക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ രണ്ട് പേർ സസ്പെൻന്റ് ചെയ്യപ്പെടുകയും അവർക്കെതിരെ കഠിന ശിക്ഷയ്ക്കുള്ള നടപടികൾ സ്വീകരിക്കപ്പെടുകയും 3 പേർക്കെതിരെ ലഘുശിക്ഷയ്ക്കുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) നിയമാനുസൃതമല്ലാത്ത കാര്യങ്ങൾ ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 31-8-2016-ൽ എന്റെ അദ്ധ്യക്ഷതയിൽ, സെക്രട്ടറി, ചീഫ് ടൗൺ പ്ലാനർ, ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്), ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവർക്കായി

പ്രത്യേകം ചട്ടങ്ങൾ തയ്യാറാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രത്യേകം കമ്മിറ്റികൾ രൂപീകരിച്ച് കരട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കരട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിലൊരു തീരുമാനം സർക്കാർ എടുക്കുന്നതാണ്.

ശ്രീ. കെ. ജെ. മാക്സി: സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ നിയമം ലംഘിച്ച് ധാരാളം വൻകിട കെട്ടിടങ്ങളും മാളുകളും നിർമ്മിക്കുന്നുണ്ട്. കേരള ഹൈക്കോടതിതന്നെ ഇതുമായി ബന്ധപ്പെട്ട നിയമം പാലിക്കാതെയാണ് ഇതെല്ലാം വച്ചിട്ടുള്ളതെന്ന് പലഘട്ടങ്ങളിലും പറഞ്ഞിട്ടുള്ളതാണ്. എന്നാൽ ഈ റൂൾ പ്രകാരം മൂന്നുസെന്റ് സ്ഥലമുള്ളവർക്ക് നോട്ടിഫൈഡ് റോഡുകളിൽ മൂന്ന് മീറ്ററോളം ഇറക്കി വീട് വയ്ക്കേണ്ടിവരും. അങ്ങനെവരുമ്പോൾ സാധാരണക്കാർക്ക് പട്ടണ പ്രദേശങ്ങളിൽ വീട് വയ്ക്കാൻ കഴിയാത്ത ഒരു സാഹചര്യമുണ്ട്. അതുപോലെ ഫോർട്ട് കൊച്ചിപോലുള്ള ഹെറിറ്റേജ് ഏരിയയിൽ മൂന്നുനില ബിൽഡിംഗുകളേ അനുവദിക്കുകയുള്ളൂ. അണ്ടർഗ്രൗണ്ട് പാർക്കിംഗ് അനുവദനീയമല്ല. ഇത്തരം ഏരിയകളിൽ ഒരുപാട് ബിൽഡിംഗുകൾ നിർമ്മിക്കുകയാണ്. ടൂറിസ്റ്റ് ഏരിയയായ ഹെറിറ്റേജ് ഏരിയകളിൽ പതിനാറ് മീറ്ററിൽ താഴെ വരുന്ന ലോ റൈസ് ബിൽഡിംഗുകൾക്ക് അംഗീകാരം കൊടുക്കാൻ കഴിയുമോ ?

ഡോ. കെ. ടി. ജലീൽ: സർ, ഇക്കാര്യത്തിൽ എന്തൊക്കെയാണ് ചെയ്യാൻ കഴിയുകയെന്നത് സർക്കാർ ആലോചിക്കും. പുതിയ ഭേദഗതികളിൽ ഇതിനെ സംബന്ധിക്കുന്ന പ്രൊവിഷൻസ് ഉൾപ്പെടുത്താൻ കഴിയുമോ എന്ന കാര്യവും ഗവൺമെന്റ് സജീവമായി പരിഗണിക്കുന്നതാണ്.

ശ്രീ. കെ. ജെ. മാക്സി: സർ, കേന്ദ്ര ഗവൺമെന്റിന്റെ സി.ആർ.ഇസഡ്-ന്റെയും കേന്ദ്ര റെഗുലേഷൻസിന്റെയും ഭാഗമായി തീരപ്രദേശത്ത് താമസിക്കുന്ന നിരവധി മത്സ്യത്തൊഴിലാളികൾക്കും സാധാരണക്കാർക്കും വീടുവയ്ക്കാൻ കഴിയുന്നില്ല. നഗരസഭകളിലും പഞ്ചായത്തുകളിലും സമർപ്പിക്കുന്ന ബിൽഡിംഗ് പെർമിറ്റിന്റെ പ്ലാനുകൾ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള കോസ്റ്റൽ സോൺ റെഗുലേഷൻ മാനേജ്മെന്റിന് അയച്ചുകൊടുക്കുകയാണ്. അവിടെ വരുന്ന പ്ലാനുകളെല്ലാം മാസങ്ങളോളം കെട്ടിക്കിടക്കുകയാണ്. ഇപ്പോൾത്തന്നെ എഴുമാസത്തിലധികമായി പ്ലാനുകൾ കെട്ടിക്കിടക്കുന്നുണ്ട്. ഇതിന്റെ കാലതാമസം അവസാനിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, സി.ആർ.ഇസഡ്-ന്റെ കാര്യം സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്നതല്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഇവ പരിഹരിക്കുന്നതിനുവേണ്ടി ശക്തമായിട്ടുള്ള ശ്രമങ്ങൾ നടത്തിയിരുന്നു. ഇപ്പോഴും അത് തുടർന്നുകൊണ്ടിരിക്കുകയാണ്. സി.ആർ.ഇസഡ് നിയമങ്ങൾ നിലനിൽക്കുന്നതിനാൽ പാവപ്പെട്ട ധാരാളം ആളുകൾക്ക് തീരപ്രദേശങ്ങളിൽ വീടുവയ്ക്കാനുള്ള അവകാശം അംഗീകരിച്ചുകിട്ടുന്നതിനുവേണ്ടി തീർച്ചയായും സംസ്ഥാന ഗവൺമെന്റ് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

ശ്രീ. എ. എം. ആരിഫ്: സർ, വലിയ കെട്ടിടങ്ങളുടെ നിർമ്മാണവേളയിൽ അധികാര സ്ഥാപനങ്ങളിൽനിന്നെല്ലാം അനുമതി തേടിയാണോ നിർമ്മിക്കുന്നതെന്ന് വാച്ച് ചെയ്യാനുള്ളൊരു സംവിധാനത്തിന്റെ അപര്യാപ്തത നിമിത്തമോ, അല്ലെങ്കിൽ മനഃപൂർവ്വം വാച്ച് ചെയ്യാതിരുന്നതുകൊണ്ടോ വലിയ കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം പൊളിച്ചുകളയേണ്ട സ്ഥിതിവിശേഷം വരുന്നുണ്ട്. എന്റെ നിയോജകമണ്ഡലമായ പെരുമ്പളത്ത് ഏകദേശം ആയിരം കോടിയോളം രൂപ മുതൽമുടക്കി മുത്തൂറ്റിന്റെ സ്ഥലം ലീസിനെടുത്ത് കാപ്പികോൺ എന്ന ഇന്റർനാഷണൽ ഹോട്ടൽ ആന്റ് റിസോർട്ട് പണിതു. അതിന്റെ നിർമ്മാണം പൂർത്തീകരിച്ചതിനുശേഷമാണ് അത് സി.ആർ.ഇസഡ്-ന്റേയും നീർത്തട സംരക്ഷണ നിയമത്തിന്റേയും വയലേഷനാണെന്നുപറഞ്ഞ് ആരോ പരാതി കൊടുത്തത്. നിർമ്മാണം പൂർത്തിയായതിനുശേഷമാണ് പരാതിയും മറ്റ് പ്രശ്നങ്ങളുമായി ആളുകളിറങ്ങുന്നത്. അഞ്ചുവർഷം കൊണ്ടാണ് അതിന്റെ നിർമ്മാണം പൂർത്തീകരിച്ചത്. ഹൈക്കോടതി അത് പൊളിച്ചുകളയാൻ ഉത്തരവിട്ടു. ബഹുമാനപ്പെട്ട സുപ്രീംകോടതി അത് ശരിവച്ചു. ഇപ്പോൾ സുപ്രീംകോടതിയുടെ അഞ്ചംഗ ബഞ്ചുകൂടിയാണ് താൽക്കാലികമായി സ്റ്റേ കൊടുത്തിരിക്കുന്നത്. നിർമ്മാണ ഘട്ടത്തിൽ ആരും ഇതൊന്നും ശ്രദ്ധിക്കുന്നില്ല. നിർമ്മാണം പൂർത്തിയായതിന് ശേഷമാണ് പൊളിക്കാനുള്ള ഉത്തരവുകളും മറ്റ് പ്രശ്നങ്ങളുമൊക്കെയുണ്ടാകുന്നത്. ഇത്തരം സന്ദർഭങ്ങളിൽ നമ്മുടെ നിയമ സംവിധാനങ്ങൾ അറിഞ്ഞോ അറിയാതെയോ കണ്ണടയ്ക്കുകയോ കാണാതിരിക്കുകയോ ചെയ്യുകയാണ്. ഇത്തരത്തിലുള്ള സാഹചര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ കഴിയുമോ എന്നതാണ് പ്രധാനം. ഇവിടെ പാവപ്പെട്ടവർക്ക് വീട് വയ്ക്കാനുള്ള അനുമതിയൊന്നും കൊടുക്കുന്നില്ല. വലിയ വലിയ കെട്ടിടങ്ങൾ വരുന്നത് നല്ല

കാര്യമാണ്. ചിലതെല്ലാം നല്ലതാണ്, ആവശ്യവുമാണ്. ഇൻവെസ്റ്റേഴ്സ് വരണം, മുതൽമുടക്കുണ്ടാകണം, ടൂറിസം വികസനമൊക്കെ വേണം. പക്ഷെ ഇങ്ങനെ അനധികൃതമായി നിർമ്മിക്കാനുള്ള അവകാശം ആരാണ് കൊടുക്കുന്നത്, അത് പരിശോധിക്കാനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, നിലവിലുള്ള പല നിയമങ്ങളും ലംഘിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒരുപാട് കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ആരംഭഘട്ടത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന് സമർപ്പിക്കുന്ന പ്ലാൻ പ്രകാരമല്ല പല കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാകുമ്പോൾ രൂപപ്പെട്ടുവരുന്നത്. അതുപോലെതന്നെ ഒരു സൈറ്റ് പ്ലാൻ കിട്ടുമ്പോൾ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ ഏതൊക്കെ നിയമങ്ങളാണ് അവിടെ നിലനിൽക്കുന്നതെന്ന് വേണ്ടതുപോലെ പരിശോധിക്കാതെ അനുമതി നൽകുന്നതുകൊണ്ടാണ് ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടാകുന്നത്. ഇങ്ങനെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിർമ്മാണം പൂർത്തിയായ ധാരാളം കെട്ടിടങ്ങളുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കെട്ടിടത്തിന്റെ കാര്യത്തിൽ ഹൈക്കോടതിയും സുപ്രീംകോടതി യുമൊക്കെ ഇടപെട്ടിട്ടുള്ളതാണ്. അത്തരം വിഷയങ്ങളിൽ കോടതികളുടെ ഇടപെടൽ ഫലവത്തായി നടപ്പിലാക്കുന്നതിനായിരിക്കും സർക്കാർ ശ്രമിക്കുക.

ശ്രീ. കെ. ദാസൻ: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്, അതായത് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവയ്ക്ക് പ്രത്യേകമായി ചട്ടങ്ങൾ തയ്യാറാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. പക്ഷേ അങ്ങനെ കെട്ടിട നിയമങ്ങൾ പരിഷ്കരിക്കുന്ന സന്ദർഭത്തിൽ എല്ലാ വീടുകൾക്കും സൗരോർജ്ജ പാനലും മഴവെള്ള സംഭരണിയും നിർബന്ധമാക്കുമോ; അല്ലെങ്കിൽ നിശ്ചിത സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള വീടുകൾക്കായി അത് പരിമിതപ്പെടുത്തുമോ? പുറമ്പോക്കിൽ കുടിൽകെട്ടി താമസിക്കുന്ന ധാരാളം ആളുകളുണ്ട്. അവർക്ക് നമ്പർ കിട്ടാത്തതിനാൽ റേഷൻകാർഡ്പോലും കിട്ടാത്ത ഒരവസ്ഥയുണ്ട്. അക്കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുമോ ?

ഡോ. കെ. ടി. ജലീൽ: സർ, നിലവിലുള്ള എല്ലാ വീടുകൾക്കും താൽക്കാലിക നമ്പരിട്ട് കൊടുക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ഉടൻതന്നെ ഉത്തരവ് പുറപ്പെടുവിക്കും. ഞാൻ അക്കാര്യം നിയമസഭയിൽ നേരത്തെ പറഞ്ഞിട്ടുള്ളതാണ്. പാവപ്പെട്ട ആളുകൾക്ക് താൽക്കാലിക നമ്പർ കിട്ടാത്തതുകാരണം റേഷൻകാർഡുപോലും ലഭ്യമാകാത്ത സ്ഥിതി നിലവിലുണ്ട്. നേരത്തെ

സൂചിപ്പിച്ചതുപോലെ കെട്ടിട നിയമങ്ങൾ പരിഷ്കരിക്കുന്ന ഘട്ടത്തിൽ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടത് എന്നതിനെ സംബന്ധിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കാൻ ഉദ്യോഗസ്ഥരുടെ ടീമിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവർ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ മുന്നോട്ടുനീക്കും. ബഹുമാനപ്പെട്ട പാലോളി മുഹമ്മദ് കുട്ടി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് വീടുകളിൽ മഴസംഭരണികൾ വേണമെന്നൊരു നിർദ്ദേശം മുന്നോട്ടുവച്ചപ്പോൾ അതിനെതിരായി വ്യാപകമായ പ്രതിഷേധമുയരുകയുണ്ടായി. സത്യത്തിൽ അന്ന് നമ്മൾ ആ നിയമം അനുസരിച്ചിരുന്നുവെങ്കിൽ ഇന്ന് നമ്മൾ അഭിമുഖീകരിക്കുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം മറികടക്കാൻ കഴിയുമായിരുന്നു. അന്ന് നമ്മളാരും അത് വേണ്ടതുപോലെ ചെവിക്കൊണ്ടില്ല. അതിന്റെ പരിണിതഫലമാണ് ഇന്ന് നമ്മുടെ സംസ്ഥാനത്തെ പല കിണറുകളും വറ്റിക്കിടക്കുന്നതിന് കാരണം. വെൽ റീചാർജിംഗ് സംവിധാനം പുതിയ വീടുകൾക്കെങ്കിലും ഉണ്ടാകണം. പഴയ വീടുകളിലും അത് ഉണ്ടാക്കാൻ സർക്കാർ വളരെ ശക്തമായിട്ടുള്ള ഇടപെടൽ നടത്തിവരികയാണ്. അതിന്റെ ഭാഗമായിട്ടാണ് 140 നിയോജകമണ്ഡലങ്ങളിലെ ഓരോ പഞ്ചായത്തുകളിൽ വെൽ റീചാർജിംഗ് പ്രോജക്ടിന് സംസ്ഥാന തദ്ദേശസ്വയംഭരണ വകുപ്പ് തുടക്കം കുറിക്കുന്നത്.

ശ്രീ. എം. മുകേഷ്: സർ, 2001-ൽ അംഗീകരിക്കപ്പെട്ട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് കൊല്ലം നഗരപ്രദേശങ്ങളിൽ കെട്ടിടനിർമ്മാണാനുമതി നിലവിൽ നൽകിവരുന്നത്. പ്രസ്തുത പ്ലാനിലെ അപാകതകൾമൂലവും ഭൂവിനിയോഗത്തിലും മറ്റുമുണ്ടായിട്ടുള്ള മാറ്റങ്ങൾമൂലവും കെട്ടിടനിർമ്മാണാനുമതി ലഭിക്കുന്നതിൽ പൊതുജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. പരിഷ്കരിച്ച മാസ്റ്റർ പ്ലാനിന്റെ കരട് 2013-ൽ പ്രസിദ്ധീകരിച്ചിരുന്നു. ആയതിന് നാളിതുവരെ അംഗീകാരം നൽകുവാൻ സാധിച്ചിട്ടില്ല. അംഗീകാരം നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തി ജനങ്ങൾ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടിന് പരിഹാരമുണ്ടാക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, പല നഗരങ്ങളും അഭിമുഖീകരിക്കുന്ന പ്രശ്നമാണിത്. ഫ്ലോർ ഏരിയ റേഷ്യോ (എഫ്.എ.ആർ.) നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടമനുസരിച്ച് ഒന്നും ഡീറ്റെയ്ൽഡ് ടൗൺ പ്ലാനിംഗ് സ്കീമനുസരിച്ച് മറ്റൊന്നുമാണ്. ടൗൺ പ്ലാനിംഗ് സ്കീമുകൾ വളരെ കാലപ്പഴക്കം ചെന്ന സ്കീമുകളാണ്. അതുകൊണ്ടുതന്നെ പല നഗരങ്ങളിലുമുള്ള എഫ്.എ.ആർ. രണ്ടും രണ്ടരയും അതിന് താഴെയുമാണ്. എന്നാൽ ബിൽഡിംഗ് നിയമമനുസരിച്ച് നാലും നാലരയുമൊക്കെ ആകാവുന്ന സ്ഥിതിയുമുണ്ട്. ഇത്തരത്തിൽ ഒരു ഡിസ്പാരിറ്റി

നിലനിൽക്കുന്നതുകൊണ്ട് പലപ്രദേശങ്ങളിലും ബിൽഡിംഗ് കെട്ടാൻ സാധിക്കാത്ത സാഹചര്യമുണ്ട്. ഇത് പരിഹരിക്കുന്നതിന് ബിൽഡിംഗ് റൂളനുസരിച്ച് കാര്യങ്ങൾ നടത്തപ്പെടണം, അതനുസരിച്ചായിരിക്കണം ഓരോ നഗരത്തിലും എഫ്.എ.ആർ. നിശ്ചയിക്കപ്പെടേണ്ടതെന്ന് നിഷ്കർഷിച്ചുകൊണ്ട് ബന്ധപ്പെട്ട തദ്ദേശ ഭരണസ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്ക് കത്തെഴുതാൻ ചീഫ് ടൗൺ പ്ലാനറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് പ്രാബല്യത്തിൽ വരുന്നതോടെ ഈയൊരു വ്യത്യാസം മറികടക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, വൻകിടക്കാരും പ്രമാണിമാരും തോട് പുറമ്പോക്കുകളും കായലോര പുറമ്പോക്കുകളും കയ്യേറി ബഹുനിലകെട്ടിടങ്ങൾ കെട്ടിപ്പൊക്കുകയാണ്. എന്നാൽ പാവപ്പെട്ടവരോ സാധാരണക്കാരോ ഒരു പ്ലാസ്റ്റിക് വലിച്ച് പുറമ്പോക്കിൽ കെട്ടിയാൽ അപ്പോൾതന്നെ പുറത്താക്കുന്ന സ്ഥിതിയാണുള്ളത്. വൻകിട കയ്യേറ്റത്തിലൂടെ വലിയ നിർമ്മാണം നടത്തിയിരിക്കുന്ന ആളുകൾക്കെതിരെ യാതൊരു നടപടിയുമില്ല. അവർ നിയമം മറികടക്കാൻ കോടതികളെ സമീപിക്കുകയാണ്. ഇത്തരം ശക്തികളെ നിലയ്ക്കുനിർത്താൻ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കുമോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ഒരുപാട് കെട്ടിടങ്ങൾ അനധികൃതമായി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങൾ അവയ്ക്ക് നമ്പരിട്ട് കൊടുത്തിട്ടില്ല. എന്നാൽ അവയൊക്കെ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. കോടതി ഇടപെടൽമൂലമാണ് വൻകിട മാളുകൾ മുഴുവൻ ഇപ്പോൾ പ്രവർത്തിച്ച് കൊണ്ടിരിക്കുന്നത്. പ്ലാറ്റൂർ ഫ്ലാറ്റ് വിവാദം നമുക്കെല്ലാവർക്കുമറിയാം, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും ലഭിച്ച മൂന്ന് ഇടക്കാല ഉത്തരവുകളുടെ പിൻബലത്തിലാണ് അതിന്റെ നിർമ്മാണം പൂർത്തിയാക്കിയത്. അങ്ങനെ കോടതികളുടെ ഇടപെടൽമൂലം തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുമതിയില്ലാതെ നിരവധി കെട്ടിടങ്ങൾ ഇപ്പോൾ പ്രവർത്തനക്ഷമമാണ്. ശക്തമായ നടപടികളിലേയ്ക്ക് നീങ്ങിയില്ലെങ്കിൽ ധാരാളം അനധികൃതമായ കെട്ടിടങ്ങൾ ഇനിയും ഉയർന്നുവരും. ഇക്കാര്യത്തിൽ ബന്ധപ്പെട്ട നിർമ്മാതാക്കളും ആർക്കി ടെക്റ്റുകളുമൊക്കെ പങ്കാളികളാണെന്നാണ് മനസ്സിലാക്കേണ്ടത്. അതുകൊണ്ട് ഇങ്ങനെയുള്ള കെട്ടിടങ്ങൾ നിർമ്മിച്ച് അത് സെയിൽ ചെയ്യുമ്പോൾ ഉപഭോക്താക്കൾ വഞ്ചിക്കപ്പെടാതിരിക്കാൻ അവരുടെ പൂർണ്ണമായ വിവരം സി.ടി.പി.-യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനുള്ള തീരുമാനം സർക്കാർ എടുത്തിട്ടുണ്ട്.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, പല നഗരങ്ങളിലും ഫ്ലോർ ഏരിയ റേഷ്യോ ബിൽഡിംഗ് റൂൾസുമായി യോജിച്ചുപോകുന്നില്ലെന്നുള്ളത് നമുക്ക് കാണാൻ കഴിയുന്നുണ്ട്. ഇത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ? പല റോഡുകളും കയ്യേറി റൂൾസ് പാലിക്കാതെ കെട്ടിടങ്ങൾ നിർമ്മിക്കുകയും അതിനെതിരെ കേസ് കൊടുക്കുമ്പോൾ നീണ്ടുനീണ്ടുപോകുന്ന ഒരു പ്രശ്നവുമുണ്ട്. എന്റെ മണ്ഡലത്തിൽത്തന്നെ പഴയ കൊല്ലം-ചെങ്കോട്ട റോഡ് കയ്യേറി ഒരു കെട്ടിടമുണ്ടാക്കിയിരിക്കുകയാണ്. അത് പൊളിക്കാനായി കോടതി ഉത്തരവിട്ടാൽ അതിന്മേൽ അപ്പീൽ കൊടുത്ത് അൺ എൻഡിംഗായി നീണ്ടുപോകുകയാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, വികസനപ്രവർത്തനങ്ങളെ തടസ്സപ്പെടുത്താൻ കോടതി വ്യവഹാരങ്ങളുമായി നടക്കുന്ന ഒരു പ്രവണത സമീപകാലത്തായി കൂടി വരികയാണ്. ഇതുകൊണ്ട് പല റോഡുകളും വീതികൂട്ടാൻ കഴിയാത്ത സ്ഥിതിയും നിലനിൽക്കുന്നുണ്ട്. ഇക്കാര്യത്തിൽ പെട്ടെന്ന് തീർപ്പ് കൽപ്പിക്കണമെന്ന് ഹൈക്കോടതിയെ ബോധിപ്പിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട പ്ലീഡർമാർക്ക് ശക്തമായ നിർദ്ദേശം നൽകും. അതുപോലെതന്നെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചപ്രകാരം ഫ്ലോർ ഏരിയ റേഷ്യോ പല നഗരങ്ങളിലും വ്യത്യസ്തമാണ്. ഞാൻ അത് നേരത്തെ ഇവിടെ സൂചിപ്പിച്ചതാണ്. ബിൽഡിംഗ് റൂളനുസരിച്ചുള്ള ഫ്ലോർ ഏരിയ റേഷ്യോ എന്താണോ അത് ഓരോ നഗരത്തിലും നടപ്പിലാക്കുന്നതിന് വ്യക്തമായ നിർദ്ദേശം ഗവൺമെന്റ് ബന്ധപ്പെട്ടവർക്ക് നൽകും.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഞാൻ കഴിഞ്ഞ അസംബ്ലിയിലും ചോദിച്ച ഒരു ചോദ്യമാണ്. ഫ്ലാറ്റുകൾ എല്ലാ സീമകളും ലംഘിച്ചുകൊണ്ട് മത്സരിച്ച് നിർമ്മിക്കപ്പെടുകയാണ്. ഇതുകൊണ്ടുവരുന്ന ഒരു പ്രധാന ദോഷം, തിരുവനന്തപുരം നഗരത്തിലൊക്കെയാണെങ്കിൽ 1970-കളിലിട്ട പ്രിമോ പൈപ്പുകളാണ് ഇപ്പോഴുമുള്ളത്. നിരന്തരമായി ഫ്ലാറ്റ് നിർമ്മാണം നടക്കുകയാണ്. ഈ ഫ്ലാറ്റുകളൊക്കെ ഒരു സ്വകാര്യ സാമ്രാജ്യം പോലെയാണ് പ്രവർത്തിക്കുന്നത്. തെരഞ്ഞെടുപ്പ് കാലത്ത് നോട്ടീസ് കൊടുക്കാൻപോലും ആരെയും അകത്തേയ്ക്ക് കയറ്റില്ല. ഇങ്ങനെയുള്ള സാമ്രാജ്യങ്ങളുടെ നിർമ്മാണമാണ് ഇവിടെ നടക്കുന്നത്. ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിക്കുകയും ഫ്ലാറ്റ് നിർമ്മാണത്തിന് കടിഞ്ഞാണിട്ടില്ലെങ്കിൽ ഫ്ലാറ്റുകൾ ഇങ്ങനെ നിരന്തരം പൊങ്ങിക്കൊണ്ടിരിക്കുകയും ചെയ്യും. ഇതിനൊരു നിയന്ത്രണമേർപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ഡോ. കെ. ടി. ജലീൽ: സർ, തീർച്ചയായും അക്കാര്യത്തിൽ ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിക്കും. നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന ഫ്ലാറ്റുകൾ ഓരോ ഘട്ടത്തിലും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരോ ബന്ധപ്പെട്ട എഞ്ചിനീയർമാരോ സൈറ്റ് വിസിറ്റ് ചെയ്ത് പ്ലാൻ അനുസരിച്ചാണോ അതുണ്ടാക്കുന്നതെന്ന് ഉറപ്പുവരുത്തിയാൽ മാത്രമേ നമുക്ക് ഇക്കാര്യത്തിൽ ഒരു അന്തിമപരിഹാരമുണ്ടാക്കുവാൻ കഴിയുകയുള്ളൂ. പല ഫ്ലാറ്റുകളും നിർമ്മിക്കുമ്പോൾ പൊതുസ്ഥലം, പുറമ്പോക്ക് ഇതൊക്കെ കയ്യേറപ്പെടുന്നുണ്ട്. തിരുവനന്തപുരത്ത് തന്നെ പാറ്റൂർ ഫ്ലാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നമതാണ്. 225 സെന്റ് സ്ഥലത്ത് ഒരു ഫ്ലാറ്റ്/ഒരു മാൾ പണിയണമെന്നുള്ള പ്ലാനാണ് അവർ തിരുവനന്തപുരം കോർപ്പറേഷനിൽ നൽകിയിരുന്നത്. എന്നാൽ പുറമ്പോക്ക് അതിൽ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ള ആക്ഷേപത്തെത്തുടർന്ന് പരിശോധിച്ചപ്പോൾ 208 സെന്റിന്റെ പട്ടയം മാത്രമേ അവരുടെ കൈയിലുള്ളൂ എന്ന് ബോദ്ധ്യമാവുകയുണ്ടായി. ആ സന്ദർഭത്തിലും 225 സെന്റ് സ്ഥലത്ത് അവർ നിർമ്മിക്കാനുദ്ദേശിച്ച അതേ പ്ലാനിൽ തന്നെയാണ് 208 സെന്റ് സ്ഥലത്തും നിർമ്മിച്ചത്. സ്വാഭാവികമായും 225 സെന്റ് സ്ഥലത്ത് നിർമ്മിക്കാനുദ്ദേശിച്ച ഫ്ലാറ്റ് 208 സെന്റ് സ്ഥലത്ത് നിർമ്മിക്കാൻ കഴിയില്ല. അതിലെന്തെങ്കിലും കുറവ് വരുത്തേണ്ടതുണ്ട്. പക്ഷേ ഒരു കുറവും വരുത്തിയിട്ടില്ല. ഇങ്ങനെയുള്ള കാര്യങ്ങൾ ഫ്ലാറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് എല്ലാ സ്ഥലങ്ങളിലും നടക്കുന്നുണ്ട്. ഇത് ശക്തമായി മോണിറ്റർ ചെയ്യാൻ ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കും എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകും. നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളിലും ഫ്ലാറ്റ് നിർമ്മാതാക്കൾ തദ്ദേശഭരണസ്ഥാപനങ്ങളെ സമീപിച്ച് അവിടെ നിന്ന് അനുമതി പുതുക്കിക്കൊണ്ടിരിക്കണമെന്നുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുന്നതാണ്.

ശ്രീ. എം. നൗഷാദ്: സർ, നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ നമ്പരില്ലാത്ത കെട്ടിടങ്ങൾക്ക് നമ്പർ നൽകുമ്പോൾ ബയോഗ്യാസ് പ്ലാന്റ്, മഴവെള്ള സംഭരണി തുടങ്ങിയവ നിർബന്ധമാക്കിക്കൊണ്ടുള്ള ഉത്തരവ് കൂടി ഉണ്ടാകുമോ? ശ്രീ. പാലോളി മുഹമ്മദ് കുട്ടി മന്ത്രിയായിരുന്ന സമയത്ത് ഇറക്കിയ ആ ഉത്തരവ് ഫലപ്രദമായി നടപ്പിലാക്കിയിരുന്നുവെങ്കിൽ ഇന്ന് കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയുമായിരുന്നുവെന്ന് മന്ത്രി പറഞ്ഞു. അതുപോലെ തന്നെയാണ് ഇന്ന് വേസ്റ്റിന്റെയും പ്രശ്നം. അതുകൊണ്ട് നമ്പരുകൾ നൽകുന്ന സമയത്ത് ബയോഗ്യാസ് പ്ലാന്റ്, പൈപ്പ് കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ് ഇതിലേതെങ്കിലും ഒന്ന് ഉറപ്പാക്കിയതിനുശേഷം മാത്രമേ നമ്പർ നൽകുകയുള്ളൂ എന്ന തരത്തിൽ ഒരു ഉത്തരവ് നൽകാൻ കഴിയുമോ?

ഡോ. കെ. ടി. ജലീൽ: സർ, ബയോഗ്യാസ് പ്ലാന്റ്, മഴവെള്ള സംഭരണി, വെൽ റീചാർജിംഗ് പ്രോജക്ട് ഇതൊക്കെ വീടുകളുമായി ബന്ധപ്പെട്ട് അനിവാര്യമായി ഉണ്ടാകേണ്ടതാണ്. മുമ്പ് അതിനുള്ള ഒരു ശ്രമം നടന്നു. പക്ഷേ വിജയിച്ചില്ല. നമുക്ക് അതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. ഇവിടെ ഭരണ-പ്രതിപക്ഷ വ്യത്യാസത്തിന്റെ പ്രശ്നം വരുന്നില്ല. എല്ലാവരും ഇക്കാര്യത്തിൽ ഇപ്പോൾ ഒരേ മനസ്കരാണ് എന്നുള്ളതാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ബിൽഡിംഗ് റൂൾ പുതുക്കി നിശ്ചയിക്കുമ്പോൾ തീർച്ചയായും ഇതിനെക്കുറിച്ച് സഗൗരവം ആലോചിക്കുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കോടതി വിധി വരുന്നതുകൊണ്ട് കാര്യങ്ങൾ അങ്ങനെ നടന്നുപോകുന്നുവെന്ന് പറയുന്ന നിഗമനത്തോട് പൂർണ്ണമായും യോജിക്കാൻ കഴിയില്ല. കാരണം, കോടതിയിൽ എത്തുന്ന തെളിവിന്റെ അടിസ്ഥാനത്തിലാണ് വിധി പ്രഖ്യാപിക്കുന്നത്. ആ തെളിവ് കൊടുക്കുന്ന കാര്യത്തിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ചുമതലപ്പെടുത്തിയിട്ടുള്ള രീതിയിൽത്തന്നെ പ്രവർത്തിച്ചിട്ടുണ്ടോയെന്നുള്ളത് കേസ്സുകൾ റിവ്യൂ ചെയ്യുമ്പോഴാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുപോലുള്ള കേസ്സുകൾ റിവ്യൂ ചെയ്യുന്നതിനുവേണ്ടി ആലോചിച്ചിട്ടുണ്ടോ; അല്ലെങ്കിൽ അതിന് നടപടിയെടുക്കുമോ? പത്തുമുപ്പത് വർഷങ്ങൾക്ക് മുമ്പാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. അന്ന് ഗ്രീൻ സോണായിരുന്ന സ്ഥലങ്ങളെല്ലാം മാറിയിട്ടുണ്ട്. കൊമേഴ്സ്യൽ ഏരിയ, സെമി കൊമേഴ്സ്യൽ ഏരിയ, റെസിഡൻഷ്യൽ ഏരിയകൾ മാറിയിട്ടുണ്ട്. വീട് വയ്ക്കുന്നതിനുള്ള ഭൂമിയുടെ ആവശ്യം കേരളത്തിൽ കൂടി വരികയാണ്. ആവശ്യത്തിന് അനുസരിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ശ്രമിക്കുമോ; ഇപ്പോൾ ഓർഡർ വരാൻ പോകുന്നുവെന്ന് പറഞ്ഞു. ആ മാസ്റ്റർ പ്ലാനിലും ഇതുപോലുള്ള മാറ്റങ്ങൾ വരുത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, വ്യത്യസ്തങ്ങളായിട്ടുള്ള സോണുകളെന്ന് പറയുന്നത് പുതിയ കാലത്ത് എത്രമാത്രം പ്രസക്തമാണെന്നുള്ളത് നമുക്ക് ആലോചിച്ച് തീരുമാനിക്കേണ്ടതാണ്. മുമ്പൊക്കെ ഇൻഡസ്ട്രിയൽ ഏരിയ, കൊമേഴ്സ്യൽ ഏരിയ, റെസിഡൻഷ്യൽ ഏരിയ എന്നൊക്കെ പറഞ്ഞ് തിരിക്കാമായിരുന്നു. ഇന്ന് മിക്സഡ് ഏരിയയാണ്. അതുകൊണ്ടാണ് പല സ്ഥലങ്ങളിലും പ്രശ്നങ്ങൾ നിലനിൽക്കുന്നത്. 25 വർഷങ്ങൾക്ക് മുമ്പ് ഉണ്ടാക്കിയ മാസ്റ്റർ പ്ലാനിൽ കൊമേഴ്സ്യൽ ഏരിയ/ ഇൻഡസ്ട്രിയൽ ഏരിയ/ ഗ്രീൻ ഏരിയ എന്നിങ്ങനെ ഐഡന്റിഫൈ ചെയ്ത സ്ഥലത്ത് വീട് വയ്ക്കാൻ കഴിയാത്ത സ്ഥിതി നിലനിൽക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനുവേണ്ടി കാലാനുസൃതമായി മാസ്റ്റർ

പ്ലാനുകളിൽ വ്യത്യാസം വരുത്തി ഏത് സോണാണ് ആക്കേണ്ടതെന്നുള്ളതിനെ സംബന്ധിച്ച് വ്യക്തത വരുത്തി പ്രസിദ്ധീകരിക്കുന്നതിനും ആക്ഷേപങ്ങൾ ക്ഷണിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനകം ഏതാണ്ട് 42-ഓളം മാസ്റ്റർ പ്ലാനുകൾ അംഗീകരിച്ചുകഴിഞ്ഞു. എല്ലാ നഗരങ്ങളുമായി ബന്ധപ്പെട്ട മാസ്റ്റർ പ്ലാനുകളും പുതുക്കേണ്ടതുണ്ട്. അവ പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ സ്വീകരിച്ച് അതിന്റെ ഒറിജിനൽ രൂപം പ്രസിദ്ധീകരിക്കേണ്ടതുണ്ട്. അങ്ങനെ വരുമ്പോൾ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. കോടതികളിൽ കേസ്സുകൾ തെളിവിന്റെ അടിസ്ഥാനത്തിലാണ് വിധിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ആളുകൾ കോടതികളിൽ ഇത്യാദി കേസ്സുകൾ വരുമ്പോൾ ആവശ്യമായിട്ടുള്ള രേഖകൾ ബന്ധപ്പെട്ട പ്ലീഡർമാർക്ക് എത്തിച്ചുകൊടുക്കുന്നതിൽ താൽപ്പര്യക്കുറവ് കാണിക്കുന്നുണ്ട്. അത്തരത്തിൽ താൽപ്പര്യക്കുറവ് കാണിച്ചതിന്റെ പേരിൽ പാറ്റൂർ ഫ്ലാറ്റുമായി ബന്ധപ്പെട്ട് ഇതിനകം രണ്ടുപേരെ സസ്പെന്റ് ചെയ്തുകഴിഞ്ഞു. ഇങ്ങനെ ശക്തമായ നടപടികളുമായി മുന്നോട്ടുപോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് അനധികൃതമായി ലൈസൻസ് നൽകിയെന്നുള്ള ആരോപണം ഉയർന്നതിന്റെ പശ്ചാത്തലത്തിൽ കോർപ്പറേഷൻ സെക്രട്ടറിയെ ഗവൺമെന്റ് സസ്പെന്റ് ചെയ്ത് പുറത്തു നിർത്തിയിട്ടുണ്ട്. ഇക്കഴിഞ്ഞ കാലയളവിൽ ആറ് പേരെയാണ് ഇത്യാദി കേസുകളുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് സസ്പെന്റ് ചെയ്തതെന്നുള്ള കാര്യവും സഭയെ അറിയിക്കുകയാണ്.

ശ്രീ. ബി. സത്യൻ: സർ, നവംബർ 1-ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സമ്പൂർണ്ണ ഒ.ഡി.എഫ്. ആയി പ്രഖ്യാപിക്കുകയാണ്. അതോടൊപ്പം സമ്പൂർണ്ണ വൈദ്യുതീകരണവും പ്രഖ്യാപിച്ചിട്ടുണ്ട്. എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക, അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കുക എന്നത് ഗവൺമെന്റിന്റെ പ്രഖ്യാപിത നയമാണ്. വലിയ കെട്ടിടങ്ങൾ, ഫ്ലാറ്റുകൾ എന്നിവ അനധികൃത കെട്ടിടമെന്ന നിലയിൽ മാർക്ക് ചെയ്യുകയും നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ജനകീയാസൂത്രണം വഴി നിർമ്മിച്ചിട്ടുള്ള ചെറിയ കെട്ടിടങ്ങൾക്ക്, നിർമ്മാണം പാതി വഴിയിലായതോ അല്ലെങ്കിൽ മേൽക്കൂരപോലും ഇല്ലാത്തതോ ആയ കെട്ടിടങ്ങൾക്ക്, നോട്ടീസ് നൽകിയിരിക്കുന്നുവെന്ന ഒറ്റ കാരണം പറഞ്ഞ് വൈദ്യുതി, വെള്ളം, വഴി, പഞ്ചായത്തിന്റെ ആനുകൂല്യങ്ങൾ എന്നിവ നൽകരുതെന്ന നിലയിൽ തദ്ദേശസ്വയംഭരണ സെക്രട്ടറിമാർ ഇടപെടുകയാണ്. അതിനൊക്കെയുള്ള അധികാരം സെക്രട്ടറിമാർക്കാണ്, ജനകീയ സമിതികൾക്കല്ല. നഗരസഭാ സെക്രട്ടറിമാരും പഞ്ചായത്ത്

സെക്രട്ടറിമാരും ഇത്തരം ആനുകൂല്യങ്ങൾ തടയാനുള്ള നടപടി എടുത്തിരിക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങ് അത് കർശനമായി നിയന്ത്രിക്കുമോ; എല്ലാവർക്കും വെള്ളവും വൈദ്യുതിയും വീടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളും തടയാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

ഡോ. കെ. ടി. ജലീൽ: സർ, എല്ലാ വാസഗൃഹങ്ങൾക്കും താൽക്കാലിക പെർമിറ്റ് നമ്പർ നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിൽ ഏതെങ്കിലും വീട്ടിൽ താമസിക്കുന്ന ആളിന് ഒരു ആനുകൂല്യവും നിഷേധിക്കപ്പെടാൻ പാടില്ല. സാമ്പത്തിക ശേഷിയുള്ളവർ വലിയ തുക കൊടുത്ത് ഇലക്ട്രിസിറ്റി കണക്ഷൻ വാങ്ങുന്നു. അവർക്ക് റേഷൻ കാർഡിന്റെയോ മറ്റ് രേഖകളുടെയോ ആവശ്യമില്ല. ആനുകൂല്യങ്ങൾ അവർക്ക് വേണ്ട. എന്നാൽ പാവപ്പെട്ടവരേയും സാധാരണക്കാരേയും സംബന്ധിച്ചിടത്തോളം അങ്ങനെയല്ല, അവർക്ക് റേഷൻ കാർഡ്, ആധാർ കാർഡ്, വാട്ടർ സപ്ലൈ കണക്ഷൻ, ഇലക്ട്രിസിറ്റി കണക്ഷൻ തുടങ്ങിയവയെല്ലാം വേണം. ഇതിനൊക്കെ താൽക്കാലിക നമ്പരെങ്കിലും ആവശ്യമാണ്. ഇത് നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ഉടൻ തന്നെ ഉത്തരവ് പുറപ്പെടുവിക്കും. നമ്മുടെ സംസ്ഥാനത്ത് ഒരൊറ്റ വീടും വാസഗൃഹവും താൽക്കാലിക നമ്പരെങ്കിലും ഇടാത്തതായി ഉണ്ടാകരുതെന്നുള്ള നിഷ്കർഷയോടെയാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്.

## തീരദേശ തുറമുഖങ്ങളെ ബന്ധിപ്പിച്ച് യാത്രാ ബോട്ടുകൾ

2(T*572) ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ .എ. നെല്ലിക്കുന്ന്:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. കെ. എം. ഷാജി: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ തുറമുഖങ്ങളെ ബന്ധിപ്പിച്ച് യാത്രാ ബോട്ടുകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏത് ഏജൻസിയെയാണ് ഇതിനായി ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ;

---

* മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) സംസ്ഥാനത്തിന്റെ തെക്കും വടക്കുമുള്ള ചെറുകിട തുറമുഖങ്ങൾ കൂട്ടിയിണക്കി പ്രസ്തുത പദ്ധതി വിനോദസഞ്ചാര മേഖലയ്ക്കുകൂടി പ്രയോജനപ്രദമാക്കാൻ നടപടി സ്വീകരിക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ,

(എ) ഉണ്ട്. വിഴിഞ്ഞം-കൊച്ചി, കൊച്ചി-കോഴിക്കോട് മേഖലകളിലാണ് യാത്രാക്കപ്പൽ സർവ്വീസ് തുടങ്ങുവാൻ ആദ്യഘട്ടം ഉദ്ദേശിക്കുന്നത്.

(ബി) മെസേഴ്സ്. സേഫ് ബോട്ട് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി എന്ന സ്വകാര്യ സംരംഭകരെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

(സി) വിനോദസഞ്ചാര മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത്. മേൽപ്പറഞ്ഞ പദ്ധതി വിജയത്തെ ആസ്പദമാക്കിയായിരിക്കും സംസ്ഥാനത്തെ മറ്റ് തുറമുഖങ്ങളെക്കൂടി കൂട്ടിയിണക്കി പദ്ധതി നടപ്പിലാക്കുന്നത്.

ശ്രീ. പി. കെ. ബഷീർ: സർ, സംസ്ഥാനത്തെ തീരദേശ തുറമുഖങ്ങളെ ബന്ധിപ്പിച്ച് യാത്രാബോട്ട് സർവ്വീസ് ആരംഭിക്കുന്നതിന് എന്തെങ്കിലും സർവ്വേയോ പഠനങ്ങളോ സർക്കാർ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, തീരദേശ സഞ്ചാരയാത്ര നടപ്പിലാക്കുന്നതിന് തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കടൽയാത്രയ്ക്കാവശ്യമായ സാങ്കേതിക ഭൗതിക സാഹചര്യങ്ങൾ പരിശോധിച്ചുകൊണ്ടാണ് ഗവൺമെന്റ് തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. ഈ യാത്രയ്ക്ക് യാത്രാ യാനങ്ങൾ സജ്ജമാക്കി അതിനുള്ള സാങ്കേതിക അനുമതി ലഭിക്കേണ്ടതുണ്ട്. അത്തരം നിയമപരവും സാങ്കേതികവുമായ അനുവാദങ്ങൾ ലഭിച്ചതിനുശേഷമാണ് ഇത്തരം യാത്രായാനങ്ങൾക്കുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നത്. അക്കാര്യത്തിൽ തുറമുഖത്തിന്റെ ഭാവി പ്രവർത്തനങ്ങളുമായും തീരദേശവുമായും ബന്ധപ്പെട്ട് ആലോചിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. കെ. ബഷീർ: സർ, അങ്ങയുടെ ഉത്തരത്തിൽ മെസേഴ്സ് സേഫ് ബോട്ട് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചിയെന്ന സ്വകാര്യ സംരംഭകരെയാണ് ഏജൻസിയായി തെരഞ്ഞെടുത്തിരിക്കുന്നതെന്ന് പറയുന്നു. ഏത് മാനദണ്ഡ പ്രകാരമാണ് ഈ ഏജൻസിയെ സർക്കാർ തെരഞ്ഞെടുത്തത്; അതിന് ടെണ്ടർ നടപടികൾ ഉണ്ടായിട്ടുണ്ടോ; എന്താണ് അതിന്റെ മാനദണ്ഡമെന്ന് വ്യക്തമാക്കാമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, തീർച്ചയായും ടെണ്ടർ നടപടികൾ സ്വീകരിച്ചതിനുശേഷമാണ് മെസേഴ്സ് സേഫ് ബോട്ട് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്വകാര്യ കമ്പനിയെ ഏൽപ്പിക്കാൻ തീരുമാനിച്ചത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡുമായി ഏറെ ബന്ധമുള്ള മന്ത്രിയെന്ന നിലയിൽ, കാസർഗോഡുമായി ബന്ധപ്പെട്ട ചോദ്യമാണ് ഞാൻ ചോദിക്കാൻ ആഗ്രഹിക്കുന്നത്. കാസർഗോഡ് ഉരു വ്യവസായത്തെക്കുറിച്ച് അങ്ങേയ്ക്ക് നല്ലതുപോലെ അറിയാം. മഞ്ചു എന്നാണ് ഉരു വ്യവസായത്തെ ഞങ്ങൾ അവിടെ പറയുന്നത്. ഉരു നിർമ്മിച്ച് അറബ് നാടുകളിലേയ്ക്ക് അയച്ചിരുന്നു. മാത്രമല്ല, അറബ് നാടുകളിൽ നിന്ന് ആളുകൾ കാസർഗോഡിലേയ്ക്ക് കച്ചവടവുമായി വന്നിരുന്നു. നിരവധി കച്ചവട സാധനങ്ങൾ അങ്ങോട്ടുമിങ്ങോട്ടും വ്യാപാരം നടത്തിയിരുന്നു. തുറമുഖത്തിനും ടൂറിസത്തിനും ഏറെ സാധ്യതയുള്ള പ്രദേശമാണ് കാസർഗോഡ്. കേരളത്തിലെ 44 നദികളിൽ 14-ഓളം നദികൾ കാസർഗോഡ് ജില്ലയിലാണുള്ളത്. തുറമുഖ സാധ്യതകളും ടൂറിസം സാധ്യതകളും പരിഗണിച്ച് കാസർഗോഡ് ഒരു തുറമുഖം നിർമ്മിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബഹുമാനപ്പെട്ട എൻ. എ. നെല്ലിക്കുന്ന് എം.എൽ.എ. പറഞ്ഞതുപോലെ, കാസർഗോഡ് തുറമുഖ സാധ്യതയുള്ള വ്യാപാര-വ്യാവസായിക ബന്ധം വളർത്തിയെടുക്കാൻ കഴിയുന്ന പ്രദേശമാണ്. ലക്ഷദ്വീപുമായി വ്യാപാര-വ്യാവസായിക ബന്ധം ശക്തിപ്പെടുത്തുന്നതിനും യാത്രാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ മുന്നിലുണ്ട്. തീർച്ചയായും ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെയുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി തുറമുഖ സാധ്യതകളെക്കുറിച്ച് സർക്കാർ പരിശോധിക്കുന്നതാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിനുവേണ്ടി ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഗതാഗത രംഗത്ത് റോഡ്-റെയിൽ മേഖലയിൽ വളരെ വലിയ പ്രതിസന്ധിയാണ് ഇന്ന് നമ്മൾ നേരിട്ടുകൊണ്ടിരിക്കുന്നത്. അതിനുള്ള പരിഹാരമാണ് ജലഗതാഗതം. 600 കി.മീറ്റർ തെക്ക് വടക്കായി തീരദേശമുണ്ട്. കഴിഞ്ഞ കുറേ വർഷങ്ങളായി ജലഗതാഗതം വികസിപ്പിച്ചെടുക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്, ജലഗതാഗതം വികസിപ്പിച്ചെടുക്കേണ്ടത് സംസ്ഥാനത്തിന്റെ

താൽപ്പര്യത്തിന് വളരെ അത്യാവശ്യമായതിനാൽ ഈ രംഗത്ത് പ്രത്യേകമായ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ചരക്ക് ഗതാഗതത്തിനുവേണ്ടി ചെറിയ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് തുറമുഖ വകുപ്പ് ഒരുക്കിയിട്ടുള്ളത്; അല്ലെങ്കിൽ ഒരുക്കാൻ ഉദ്ദേശിക്കുന്നത്; യാത്രാ കപ്പൽ സർവ്വീസ് എന്ന് ആരംഭിക്കാൻ കഴിയും ?

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, തീരദേശ കപ്പൽ ഗതാഗത പ്രശ്നം സംബന്ധിച്ച് ഡിലോയ്റ്റ് പഠനം നടത്തിയിട്ടുണ്ട്. ഇതിൽ യാത്രാ കപ്പലുകളും ഉൾപ്പെടുന്നതാണ്. ഇന്ത്യൻ തുറമുഖ ഭൂപടത്തിൽ കേരളത്തിന്റെ തുറമുഖ ശൃംഖലയെ ശക്തിപ്പെടുത്തി പ്രാധാന്യം അർഹിക്കുന്ന വ്യാപാര-വ്യാവസായിക ബന്ധങ്ങൾ സ്ഥാപിക്കാനാണ് ആഗ്രഹിക്കുന്നത്. അതിനാവശ്യമായ പഠനം നടത്തുന്നതിനുള്ള അനുവാദം കേന്ദ്രസർക്കാരിൽനിന്നും ലഭ്യമാകേണ്ടതുണ്ട്. ആ നിലയിലും സർക്കാർ ഇടപെടുന്നതാണ്.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, യാത്രാ കപ്പൽ അഴീക്കൽ തുറമുഖവുമായി ബന്ധിപ്പിക്കാമെന്ന് ഒരു മീറ്റിംഗിൽ വച്ച് അങ്ങ് പറഞ്ഞിരുന്നു. ലക്ഷദ്വീപിലെ പ്രതിനിധികളും ആ മീറ്റിംഗിൽ പങ്കെടുത്തിട്ടുണ്ടായിരുന്നു. അവരും ആവശ്യപ്പെട്ടിരിക്കുന്നത് യാത്രാ കപ്പൽ ലക്ഷദ്വീപുമായി ലിങ്ക് ചെയ്യണമെന്നാണ്. ബാർജ് എന്ന് പറയുന്നത് ലോകത്ത് എല്ലാവരും പരീക്ഷിച്ചുകൊണ്ടിരിക്കുന്ന കാര്യമാണ്. 500 ലോഡഡ് വെഹിക്കിൾ കൊച്ചിയിൽനിന്നും തിരുവനന്തപുരത്തുനിന്നും കൊണ്ടുപോകാൻ സാധിക്കും. റോഡ് മെയിന്റനൻസ് തുടങ്ങി ഒരുപാട് കാര്യങ്ങളിൽ മെച്ചമുണ്ടാകും. ബാർജും ഇക്കൂട്ടത്തിൽ പരിശോധിക്കുമോയെന്നാണ് എന്റെ ചോദ്യം.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, ബഹുമാനപ്പെട്ട കെ. എം. ഷാജി എം.എൽ.എ. ചൂണ്ടിക്കാണിച്ച അഴീക്കൽ തുറമുഖത്തിന്റെ വികസന പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ മുന്നോട്ട് പോവുകയാണ്. ഇക്കഴിഞ്ഞ ബഡ്ജറ്റിൽ 500 കോടി രൂപയാണ് അതിനുവേണ്ടി നീക്കിവച്ചത്. ഇവിടെ പറഞ്ഞതുപോലെ ലക്ഷദ്വീപിലെ ഉത്തരവാദപ്പെട്ട അധികൃതരും ജനപ്രതിനിധികളുമായി സംഭാഷണം നടത്തിയിട്ടുണ്ട്. അടിയന്തരമായും വ്യാപാര വ്യവസായ ബന്ധത്തോടൊപ്പം യാത്രാ സംബന്ധമായ യാനങ്ങളും ആരംഭിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഇത് പ്രായോഗിക തലത്തിൽ സ്വീകരിക്കപ്പെടുമ്പോൾ ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച നിർദ്ദേശങ്ങളും പരിഗണിക്കുന്നതാണ്.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, തീരദേശ തുറമുഖങ്ങളുമായി ബന്ധപ്പെട്ട് യാത്രാ ബോട്ടുകൾ ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചു വരുന്നുയെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അവ തീരക്കടലിലൂടെയാണോ ആഴക്കടലിലൂടെയാണോ പോകുന്നതെന്ന കാര്യം വ്യക്തമാക്കുമോ? ജലയാനങ്ങൾ ഇതിനുവേണ്ടി വന്നുകഴിഞ്ഞുയെന്നും താമസിയാതെ തന്നെ യാത്രാ സൗകര്യത്തിനുവേണ്ടി ഏർപ്പെടുത്തുമെന്നും പത്രവാർത്തകൾ കാണാനിടയായി. ഇത് എന്നത്തേയ്ക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച കാര്യം വളരെ പ്രധാനപ്പെട്ടതാണ്. രണ്ട് യാനങ്ങൾ ഇവിടെ എത്തിയിട്ടുണ്ട്. ഏതാണ്ട് 139 യാത്രക്കാർക്ക് സഞ്ചരിക്കാവുന്ന ആധുനിക സൗകര്യമുള്ള റഷ്യൻ നിർമ്മിത ഹൈഡ്രോഫോയിൽ പാസ്സഞ്ചർ ബോട്ട് കൊച്ചി തുറമുഖത്ത് എത്തിയിട്ടുണ്ട്. അതിന്റെ ആധുനികവൽക്കരണം നടന്നു കൊണ്ടിരിക്കുകയാണ്. കേന്ദ്ര സംസ്ഥാന ഏജൻസികളുടെ കർശനമായ പരിശോധയ്ക്ക് വിധേയമായാണ് ഇതൊക്കെ പൂർത്തിയാക്കുന്നത്. കപ്പൽ യാത്ര നടത്താനുദ്ദേശിക്കുന്നതിന് തീരത്തുനിന്നും 12 നോട്ടിക്കൽ മൈൽ അകലമില്ല. അതുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് യാതൊരു ബുദ്ധിമുട്ടുമുണ്ടാകുകയില്ല. കഴിഞ്ഞ ദിവസത്തെ ഇന്ത്യൻ രജിസ്ട്രേഷൻ ഓഫ് ഷിപ്പിംഗിന്റെ കർശന പരിശോധനയ്ക്കുശേഷം ഇന്ത്യൻ ദേശീയ പതാക ഉപയോഗിക്കുന്നതിനും കേന്ദ്ര ഗവൺമെന്റിന്റെ രജിസ്ട്രേഷൻ നമ്പരും ഇതിനകം ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ യാത്രാ കപ്പലിന് കൊച്ചി തുറമുഖം ഉപയോഗിക്കുന്നതിന് സമ്പൂർണ്ണമായ ഇളവും തുറമുഖ ട്രസ്റ്റ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട എസ്. ശർമ്മയും സ്ഥലത്തെ മറ്റ് എം.എൽ.എ.-മാരുമായി ഇക്കാര്യത്തെക്കുറിച്ച് ആശയവിനിമയം നടത്തിയിട്ടുണ്ടെന്ന് മാത്രമല്ല തീരദേശവുമായും കൊച്ചി തുറമുഖവുമായും ഏറ്റവും കൂടുതൽ ബന്ധമുള്ള സാമാജികരുടെയും മറ്റ് നിയമസഭാ സാമാജികന്മാരുടെയും നിർദ്ദേശം ഇക്കാര്യത്തിൽ സ്വീകരിക്കുന്നതാണ്. ഈ യാത്രാ യാനത്തിന് മണിക്കൂറിൽ 35 നോട്ടിക്കൽ മൈൽ വേഗതയിലെത്താൻ കഴിയുന്നതാണ്. ഈ യാത്ര ആരംഭിക്കുന്നതോടൊപ്പം ഇത് വിജയകരമായാൽ രണ്ടാം ഘട്ടമെന്ന നിലയിൽ കണ്ണൂരിലേയ്ക്ക് നീട്ടുന്ന കാര്യവും ഈ യാനത്തിന്റെ മറ്റ് പരിശോധനകളോടൊപ്പം നടക്കുന്നതാണെന്ന് അറിയിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, വിഴിഞ്ഞം ഫിഷിംഗ് ഹാർബറിന്റെ പണി 1968-ൽ ആരംഭിച്ചതാണ്. ഇതുവരെയും അത് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഇന്ന് നിലവിലുള്ള മക്ബറ സംരക്ഷിച്ചുകൊണ്ട് ഡ്രെഡ്ജിംഗ് നടത്തി വിഴിഞ്ഞം ഫിഷിംഗ് ഹാർബറിന്റെ പണി അടിയന്തരമായി പൂർത്തിയാക്കാൻ സാധിക്കുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബഹുമാനപ്പെട്ട എം.എൽ.എ. യുടെ സാന്നിദ്ധ്യത്തിൽ ഇത്തരം വിഷയങ്ങളുമായി ബന്ധപ്പെട്ട് ആലോചനകളും യോഗങ്ങളും നടന്നുകഴിഞ്ഞിട്ടുള്ളതാണ്. കാലാവസ്ഥ മാറിയതിനുശേഷം വിഴിഞ്ഞത്ത് ഡ്രെഡ്ജിംഗ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ത്വരിതഗതിയിൽ അത് പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനോടനു ബന്ധമായി മറ്റ് പ്രവർത്തനങ്ങളും നിർവ്വഹിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കാത്ത നിലയിൽ അന്തർദ്ദേശീയ ഷിപ്പിംഗ് സെന്റർ എന്ന നിലയ്ക്ക് വിഴിഞ്ഞത്തിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതോടൊപ്പം മത്സ്യത്തൊഴിലാളികളെയോ മത്സ്യബന്ധന തുറമുഖത്തിന്റെ വികസനത്തെയോ നിലനിൽപ്പിനെയോ ബാധിക്കുന്ന ഒന്നും ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. റ്റി. വി. രാജേഷ്: സർ, സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ കൂട്ടിയിണക്കിക്കൊണ്ട് വിനോദ സഞ്ചാര സാദ്ധ്യതകൾ കൂടി പ്രയോജനപ്പെടുത്തേണ്ടതായിട്ടുണ്ട്. കഴിഞ്ഞ കാലത്ത് സീ പ്ലെയിനെക്കുറിച്ചാണ് ചർച്ച ചെയ്തത്. ഒരേ സമയം ആകാശത്തും കരയിലും കടലിലും സഞ്ചരിക്കുന്ന യാനങ്ങൾ വിദേശ രാജ്യങ്ങളിൽ ഏറ്റവും കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ഒന്നാണ്. അത്തരം പദ്ധതിയുടെ സാദ്ധ്യത എന്താണ്; അത് പ്രയോജനപ്പെടുത്താൻ തുറമുഖ വകുപ്പ് ടൂറിസം വകുപ്പുമായി സഹകരിച്ചുകൊണ്ട് ഒരു പദ്ധതി തയ്യാറാക്കുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിന്റെ ടൂറിസം വികസനത്തിനുവേണ്ടി പ്രയോജനപ്പെടുത്താൻ കഴിയുന്ന ഒരു ഘടകമാണ് തുറമുഖങ്ങളുമായി ബന്ധപ്പെട്ടുള്ള യാത്രാസൗകര്യങ്ങളും സംവിധാനങ്ങളും. ഇപ്പോൾ ആദ്യമായിട്ടാണ് ഇങ്ങനെയൊരു യാത്രാ യാനം ആരംഭിക്കുന്നത്. അതിന്റെ പ്രവർത്തന വിജയം കണക്കിലെടുത്തുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച നിർദ്ദേശങ്ങൾ ഭാവിയിൽ ടൂറിസം വകുപ്പുമായി ആലോചിച്ച് പരിഗണിക്കാവുന്നതാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, തലശ്ശേരി പ്രധാനപ്പെട്ട ഒരു കോസ്റ്റൽ നഗരമാണ്. തലശ്ശേരി പിയറിനോടനുബന്ധിച്ച് പോർട്ടിന്റെ ലാന്റ് പല സ്വകാര്യ വ്യക്തികൾക്കും ലീസിനും മറ്റുമായി കൊടുത്തു എന്നാണ് പറയുന്നത്. തലശ്ശേരിയുടെ ഡെവലപ്മെന്റിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് പിയറും പിയറിന് അനുബന്ധമായ പ്രദേശങ്ങളും. ദൗർഭാഗ്യവശാൽ പലതും ദീർഘകാലത്തേയ്ക്ക് ലീസിന് കൊടുത്തുവെന്നാണ് അറിയപ്പെടുന്നത്. അക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ടോ? ഉണ്ടെങ്കിൽ അത് മാറ്റാനാവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ ഇത്തരത്തിലുള്ള പരാതി ലഭിച്ചിട്ടുണ്ട്. അത് ദീർഘകാലമായി നിലനിൽക്കുന്ന ഒരു വിഷയമാണ്. തുറമുഖ വകുപ്പ് ഇക്കാര്യം പരിശോധിച്ച് ബന്ധപ്പെട്ടവരുമായി ആലോചിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>മി. സ്പീക്കർ</u>: കാലം മാറിയപ്പോൾ കപ്പൽ യാത്രയിൽ വലിയ താല്പര്യമില്ലെന്ന് തോന്നുന്നു. അധികം ഉപചോദ്യങ്ങളില്ല.

**കാർഷിക മേഖലയിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ**

3(*573) <u>ശ്രീ. എസ്. രാജേന്ദ്രൻ:</u>
<u>ശ്രീ. ജെയിംസ് മാത്യു:</u>
<u>ശ്രീ. ഡി. കെ. മുരളി:</u>
<u>ശ്രീ. സി. കെ. ശശീന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ കാർഷിക മേഖലയെ തീർത്തും അവഗണിച്ചതായും അതുമൂലം കാർഷിക മേഖലയിൽ നെഗറ്റീവ് വളർച്ചാനിരക്ക് ഉണ്ടായതായും കരുതുന്നുണ്ടോ; എങ്കിൽ അതിന്റെ ഫലമായുണ്ടായ കർഷക ആത്മഹത്യകൾ ഇല്ലാതാക്കാൻ വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) മുൻസർക്കാർ പ്രഖ്യാപിച്ചിരുന്ന റൈസ് ബയോപാർക്ക്, നാളികേര ബയോപാർക്ക്, അഗ്രി സൂപ്പർ മാളുകൾ തുടങ്ങിയവയിൽ ഏതെങ്കിലും നടപ്പിലായോ എന്ന് വ്യക്തമാക്കുമോ; കർഷകർക്ക് ഏറെ പ്രതീക്ഷ നൽകിയ ഹൈടെക് ഫാമിംഗ് എത്രമാത്രം വ്യാപിപ്പിക്കാൻ മുൻസർക്കാരിന് കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ;

(സി) പലിശ സബ്സിഡിയോടെ കുറഞ്ഞ പലിശനിരക്കിൽ കർഷകർക്ക് ഹ്രസ്വകാല, ദീർഘകാല വായ്പകൾ നൽകുമെന്ന് പ്രഖ്യാപിച്ച അഗ്രി കാർഡിന്റെ പ്രയോജനം എത്രപേർക്ക് ലഭിച്ചുവെന്ന് വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) സംസ്ഥാന ആസൂത്രണ ബോർഡിന്റെ 2015-ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് പ്രകാരം കേരളത്തിലെ കാർഷിക മേഖലയിലെ വളർച്ചാ നിരക്ക് സ്ഥിര വിലസൂചിക പ്രകാരം നെഗറ്റീവാണ്. കർഷകരുടെ ഉന്നമനത്തിനായും കർഷക ആത്മഹത്യകൾ ഇല്ലാതാക്കുന്നതിനുമായി റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലത്തകർച്ച നേരിടാൻ സ്പെഷ്യൽ പാക്കേജ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പിലാക്കും. നെല്ലിന്റെയും റബ്ബറിന്റെയും നാളികേരത്തിന്റെയും താങ്ങുവില യഥാസമയം വിതരണം ചെയ്യുന്നതിനും കാലോചിതമായി പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കും. ചെറുകിട നാമമാത്ര കർഷകർക്ക് പലിശരഹിത വായ്പകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കും. കാർഷിക ലോണുകൾ സമയബന്ധിതമായി കൊടുത്തുതീർക്കും. നെൽകൃഷിക്കുള്ള സംസ്ഥാന വിള ഇൻഷ്വറൻസ് നഷ്ടപരിഹാര തുക വർദ്ധിപ്പിക്കും. കൂടാതെ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് എല്ലാ വിളകൾക്കും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കർഷകർക്ക് സഹകരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മൂന്ന് ലക്ഷം രൂപ വരെ പലിശ രഹിത വായ്പ നൽകുന്ന വിവരവും പരിശോധിച്ചു വരികയാണ്. കൂടാതെ വയനാട് ജില്ലയിൽ കാർഷിക ലോൺ എടുത്ത കർഷകർക്കെതിരെയുള്ള ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നതിന് പ്രഖ്യാപിച്ച മൊറട്ടോറിയം ദീർഘിപ്പിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ കർഷകരുടെ ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നതിനായി മൊറട്ടോറിയം പ്രഖ്യാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) നടപ്പിലാക്കിയിട്ടില്ല. മുൻസർക്കാരിന്റെ കാലത്ത് 521 പോളി ഹൗസുകളിലായി 29 ഹെക്ടർ സ്ഥലത്ത് കൃഷി ആരംഭിച്ചിരുന്നെങ്കിലും പോളി ഹൗസിലെ കൃഷിരീതികൾ സംബന്ധിച്ച് കൃഷിക്കാർക്ക് വേണ്ട അവബോധവും പരിശീലനവും നൽകാതെ ആരംഭിച്ചതിനാൽ സർക്കാർ ഉദ്ദേശിച്ച നേട്ടം കൈവരിക്കുവാൻ കഴിഞ്ഞില്ല.

(സി) കഴിഞ്ഞ സർക്കാരിന്റെ അഗ്രി കാർഡ് വെറും പ്രഖ്യാപനത്തിൽ ഒതുങ്ങുകയായിരുന്നു. അഗ്രി കാർഡിന്റെ പ്രയോജനം ഒരു കർഷകർക്കും ലഭിച്ചിട്ടില്ല.

ശ്രീ. എസ്. രാജേന്ദ്രനുവേണ്ടി ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കാർഷിക പദ്ധതിയുടെ അടങ്കൽ തുക 600 കോടി രൂപയാക്കിയ എൽ.ഡി.എഫ്. സർക്കാരിനെയും മന്ത്രിയേയും ഞാൻ അഭിനന്ദിക്കുകയാണ്. കാർഷികോല്പന്നങ്ങളുടെ വിലയിടിവാണ് കർഷകർക്ക് എന്നും തിരിച്ചടിയായിട്ടുള്ളത്. എന്തൊക്കെ പ്രചരണം നടത്തിയാലും കൃഷി ചെയ്യുന്നതിന് കൃഷിക്കാരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില കൊടുക്കേണ്ടതുണ്ട്. എന്നാൽ മാത്രമേ കൃഷിക്കാർ സംതൃപ്തരാവുകയുള്ളൂ. അതുകൊണ്ട് ന്യായവില ഉറപ്പുവരുത്താൻ എടുത്തിട്ടുള്ള നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; അതോടൊപ്പം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംഭരിച്ച നാളികേരം, നെല്ല് എന്നിവയുടെ സംഭരണ വിലയുടെ കുടിശ്ശിക നൽകിയിട്ടുണ്ടോയെന്നുകൂടി വ്യക്തമാക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കൃഷിക്കാരുടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം അവർക്ക് ന്യായമായിട്ടുള്ള വില കിട്ടുന്നില്ലായെന്നുള്ളതാണ്. എന്നാൽ കാർഷിക ഉല്പന്നങ്ങളുടെ കാര്യത്തിൽ കേന്ദ്രഗവൺമെന്റും സംസ്ഥാന ഗവൺമെന്റും, പ്രത്യേകിച്ച് നാളികേരത്തിന് 25 രൂപയാണ് താങ്ങുവിലയായി നിശ്ചയിച്ചിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 69 കോടി രൂപ നാളികേരം സംഭരിച്ച വകയിൽ കൊടുക്കാനുണ്ടായിരുന്നു. ഈ ഗവൺമെന്റ് വന്നശേഷം 59 കോടി രൂപ ആ ഇനത്തിൽ കൊടുത്തുവെങ്കിലും ഈ വർഷം വീണ്ടും സംഭരിച്ചതിലുള്ള കുടിശ്ശിക നിലനില്ക്കുകയാണ്. ഇത് സംസ്ഥാന ഗവൺമെന്റ് കൊടുക്കാനുള്ളതാണ്. 49.57 കോടി രൂപയുടെ കാര്യത്തിൽ, നേരത്തെ നാളികേര സംഭരണത്തിലുണ്ടായിരുന്ന ക്രമക്കേടും അഴിമതിയും സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ അന്വേഷിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, അതുമായി ബന്ധപ്പെട്ട് വിശദമായ കണക്കുകൾ കേരഫെഡിൽനിന്ന് ലഭിക്കുന്ന മുറയ്ക്കുമാത്രമേ ഈ പണം അനുവദിക്കാൻ കഴിയുകയുള്ളൂയെന്നുള്ള നിലപാട് ഫിനാൻസ് ഡിപ്പാർട്ടുമെന്റ് എടുത്തതിനെത്തുടർന്ന് ആ തുക സർക്കാരിന്റെ തന്നെ ഗ്യാരന്റിയോടുകൂടി ലോൺ എടുക്കുന്നതിനുള്ള നടപടി നടന്നുവരികയാണ്. ആ പണം കിട്ടുന്ന മുറയ്ക്ക് കൃഷിക്കാർക്ക് ഈ തുക അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനുപുറമെ, കേരഫെഡ് മുഖാന്തരം നാളികേരം കൊപ്രയാക്കി ക്രഷ് ചെയ്ത് വെളിച്ചെണ്ണയാക്കി

വില്പന നടത്തുന്ന വകയിൽ കിട്ടുന്ന തുക ആഴ്ചയിൽ കൃഷിക്കാർക്ക് നൽകിക്കൊണ്ടിരിക്കുകയാണ്. നേരത്തെ സംഭരിച്ച നെല്ലിന്റെ താങ്ങുവില പൂർണ്ണമായി കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ഈ സീസണിൽ സംഭരിച്ച നെല്ലിന് വില കൊടുക്കുന്നതിനാവശ്യമായ 129 കോടി രൂപ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിന് അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ആ തുക ഉടൻതന്നെ വിതരണം ചെയ്യുന്നതായിരിക്കും.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കേരളത്തിന്റെ തീരപ്രദേശങ്ങളിൽ വ്യാപകമായി കണ്ടുവന്നിരുന്ന പ്രാദേശിക വിളകൾ പലതും ഇന്ന് വേണ്ടത്ര പ്രോത്സാഹനമില്ലാത്തതുകൊണ്ട് മുരടിച്ചിരിക്കുകയാണ്. ഉദാഹരണത്തിന് മുരിങ്ങക്കായ്, കൂർക്ക, നാടൻ പപ്പായ ഇതൊക്കെ കേരളത്തിലെ തീരപ്രദേശങ്ങളിൽ ഒരു വളവും ഉപയോഗിക്കാതെ സുലഭമായി ഉണ്ടായിരുന്നതാണ്. ഇപ്പോഴും പലയിടങ്ങളിലുമുണ്ട്. വിഷരഹിതമായിട്ടുള്ള നാടൻ വിളകളെ പ്രോത്സാഹിപ്പിക്കുകയും ആ ഉല്പന്നങ്ങൾ ഹോർട്ടികോർപ്പ് മുഖേന സംഭരിക്കാനുള്ള പ്രാദേശിക സംഭരണകേന്ദ്രം ഉണ്ടാക്കുകയും ചെയ്യേണ്ടതുണ്ട്. ചാവക്കാട് മേഖലയിൽ വളരെ സുലഭമായി കിട്ടുന്നതാണ് കൂർക്കയും മുരിങ്ങക്കായുമൊക്കെ; അങ്ങയുടെ മണ്ഡലത്തിലുമുണ്ട്. ഇന്ന് ഇത് ഉണ്ടാക്കിയാൽ സംഭരിക്കാനുള്ള സംവിധാനമില്ല. ഈ വിളകൾ പ്രോത്സാഹിപ്പിക്കാനും സംഭരണം ഫലപ്രദമാക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. വി. അബ്ദുൾ ഖാദർ പറഞ്ഞത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. സംസ്ഥാന ഗവൺമെന്റിന്റെ ജൈവ കാർഷികനയത്തിന്റെ അടിസ്ഥാനമെന്നു പറയുന്നത് ജൈവ വളപ്രയോഗം നടത്തുക എന്നുള്ളതുമാത്രമല്ല, കാർഷിക മേഖലയുടെ ജൈവ വൈവിധ്യത്തെ സംരക്ഷിക്കുക എന്നതുകൂടിയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകമെന്നു പറയുന്നത് പരമ്പരാഗതമായി നമ്മുടെ സംസ്ഥാനത്ത് കാർഷികമേഖലയിൽ നിരവധി നാടൻ ഇനങ്ങൾ കൃഷിചെയ്യുന്ന ശീലം കൃഷിക്കാർക്കും ജനങ്ങൾക്കും ഉണ്ടായിരുന്നു. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, പ്രത്യേകമായ പരിചരണം ഒന്നുമില്ലാതെ വളരുന്ന ധാരാളം കാർഷിക വിഭവങ്ങളുണ്ടായിരുന്നു. ഇന്ന് അതെല്ലാം അന്യംനിന്നു കൊണ്ടിരിക്കുകയാണ്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ, തീരപ്രദേശത്ത് വളരുന്ന കൂർക്ക എന്നു പറയുന്നത് മറ്റ് കൂർക്കയിൽനിന്ന് വ്യത്യസ്തമായ ഒരു വിളയാണ്. മാത്രമല്ല, അവിടെയുള്ള മുരിങ്ങക്കായും പ്രത്യേക രുചിയുള്ളതാണ്.

എന്നാൽ കാലങ്ങളായി ആ കൃഷി കുറഞ്ഞ് കുറഞ്ഞ് ഇല്ലാതായിക്കൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളത്. സംസ്ഥാന കൃഷി വകുപ്പ് ഇത്തരം നാടൻ വിളകളെ പ്രോത്സാഹിപ്പിക്കാനും കാർഷിക സർവ്വകലാശാലയും ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ.-യും വഴി ആ ഇനങ്ങളുടെ വംശവർദ്ധനവുണ്ടാക്കി അതിന്റെ ഉല്പാദനം വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നുണ്ട്. അത് ലഭിക്കുന്ന മുറയ്ക്ക് സംഭരിക്കാനും വിതരണം ചെയ്യാനുമാവശ്യമായ നടപടിയുണ്ടാകും. ഇപ്പോൾ ഉല്പാദിപ്പിച്ചു കൊണ്ടിരിക്കുന്ന നാടൻ ഇനങ്ങൾ ഉല്പാദിപ്പിക്കുന്ന സമയത്തുതന്നെ വിറ്റഴിക്കാൻ കഴിയുന്നത്രയും ഡിമാന്റുള്ളതുകൊണ്ട് ഇപ്പോൾ കൂടുതലായി സംഭരിക്കേണ്ട ആവശ്യമില്ലെങ്കിൽപ്പോലും ഇതിന്റെ ഉത്പാദനം വർദ്ധിപ്പിക്കുന്ന മുറയ്ക്ക് സംഭരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതായിരിക്കും.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, 2016-ഓടുകൂടി കേരളം സമ്പൂർണ്ണ ജൈവ സംസ്ഥാനമാകുമെന്നായിരുന്നു കഴിഞ്ഞ സർക്കാരിന്റെ പ്രഖ്യാപനം. ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് വലിയ പ്രചരണ കോലാഹലങ്ങൾ സംഘടിപ്പിച്ചും തെരഞ്ഞെടുപ്പിന് തൊട്ടുമുൻപ് ഒരു ജൈവ സന്ദേശയാത്രയും നടത്തിയെന്നല്ലാതെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ സംസ്ഥാനത്ത് ജൈവകൃഷിക്കുവേണ്ട അടിസ്ഥാന പ്രവർത്തനങ്ങളൊന്നും ഏർപ്പെടുത്തിയിരുന്നില്ല. ജൈവകൃഷിക്ക് ഏറ്റവും അനുയോജ്യമായ ജൈവവളം, ജൈവ കീടനാശിനി, ജൈവ കുമിൾ നാശിനി എന്നിവയുണ്ടാക്കാൻ കൃഷിവകുപ്പോ അനുബന്ധ വകുപ്പോ ഒരു പ്രവർത്തനവും നടത്തിയിരുന്നില്ല. ജനങ്ങളോട് 'ജൈവകൃഷി ചെയ്യണം' എന്ന് പ്രചരണ കോലാഹലം നടത്തുക മാത്രമാണ് ആ ഗവൺമെന്റ് ചെയ്തത്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് ജൈവ വളം, ജൈവകീടനാശിനി, കുമിൾനാശിനി എന്നിവ ഉത്പാദിപ്പിക്കുന്നതിന് സമയബന്ധിതമായ പദ്ധതി രൂപീകരിച്ച് നടപ്പാക്കാൻ തയ്യാറാകുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ജൈവ കാർഷികനയം ആദ്യമായി രൂപപ്പെടുത്തിയെടുക്കുന്നത് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. മുല്ലക്കര രത്നാകരൻ കൃഷി വകുപ്പുമന്ത്രിയായിരുന്ന സമയത്താണ്. അതിനാവശ്യമായ നടപടികളുമുണ്ടായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒന്നും ചെയ്തില്ലെന്ന അഭിപ്രായം എനിക്കില്ല. കുറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. എന്നാൽ ആസൂത്രണത്തിന്റെ കാര്യത്തിൽ ചില പിഴവുകൾ സംഭവിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ മൃഗസമ്പത്ത് വർദ്ധിപ്പിച്ചാൽ മാത്രമേ ജൈവകൃഷിയിലേയ്ക്ക് പൂർണ്ണമായി പോകാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടുകൂടി മാത്രമേ നമുക്ക് ജൈവ കൃഷിയിലേയ്ക്ക് പോകാൻ കഴിയുകയുള്ളൂ. അതിനുപുറമേ ഇവിടെ ഉല്പാദിപ്പിക്കുന്ന ജൈവ വളങ്ങളുടെയും ജൈവകീടനാശിനികളുടെയും ക്വാളിറ്റി പരിശോധിക്കാനാവശ്യമായ സംവിധാനം ഗവൺമെന്റ് ഒരുക്കുകയാണ്. അതിനുപുറമേ KVK-യും (കൃഷി വിജ്ഞാന കേന്ദ്രം) നിരവധി സഹകരണസ്ഥാപനങ്ങളും യൂണിവേഴ്സിറ്റിയുമെല്ലാം ചേർന്നുകൊണ്ട് ശാസ്ത്രീയമായ രീതിയിൽ തയ്യാറാക്കുന്ന ജൈവവളങ്ങളും ജൈവ കീടനാശിനികളും അതുപോലെ ബയോ കൺട്രോൾ ഏജൻസിയുടെ മിത്രകീടങ്ങളുടെ ശാസ്ത്രീയമായ ഉല്പാദനത്തിനും വേണ്ടി ഒരു നയപരിപാടി രൂപീകരിച്ചുകൊണ്ടിരിക്കുകയാണ്. ഡിസംബർ മാസം 1-ാം തീയതി മുതൽ ആരംഭിക്കുന്ന വാല്യൂ അഡീഷൻ പോളിസി വർക്ക്ഷോപ്പിൽ ഏറ്റവും പ്രധാനമായി ചർച്ച ചെയ്യപ്പെടാൻപോകുന്ന ഒരു കാര്യം, ജൈവ കാർഷിക നയത്തിന്റെ ഭാഗമായി ഉണ്ടാകേണ്ടിയിരിക്കുന്ന ജൈവകീടനാശിനികളുടെയും ജൈവവളങ്ങളുടെയും ബയോ കൺട്രോൾ ഏജൻസിയുടെ മിത്രകീടങ്ങളുടെ ഉൽപ്പാദനത്തിനുമാവശ്യമായ ഇൻഡസ്ട്രി രൂപപ്പെടുത്തി എടുക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

<u>ശ്രീ. ഡി. കെ. മുരളി:</u> സർ, പോളി ഹൗസ് കൃഷിരീതി പരാജയമാണെന്ന് അങ്ങയുടെ ഉത്തരത്തിൽ തന്നെ കാണുന്നുണ്ട്. കഴിഞ്ഞ കാലങ്ങളിൽ സബ്സിഡി മാത്രം മോഹിച്ച് പോളി ഹൗസ് കൃഷിയാരംഭിക്കുകയും അത് പരാജയപ്പെടുകയുമാണുണ്ടായത്. പോളി ഹൗസുകൾ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് ഇണങ്ങുന്ന രൂപത്തിലല്ല രൂപകല്പന ചെയ്തിരുന്നത്. എന്നാൽ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് പറ്റുന്ന നിലയിൽ അതിന്റെ മോഡൽ രൂപീകരിച്ച് പോളിഹൗസ് കൃഷി പുനരുദ്ധരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, കഴിഞ്ഞ കാലത്ത് പോളി ഹൗസുകൾ എല്ലാം പരാജയപ്പെട്ടു എന്നല്ല അതിന്റെയർത്ഥം. പോളിഹൗസുകൾ ഉണ്ടാക്കുന്ന കാര്യത്തിൽ ഒരുപാട് മുന്നോട്ടു പോയിട്ടുണ്ടെങ്കിലും പോളിഹൗസുകളിൽ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് ആവശ്യമായിട്ടുള്ള ശാസ്ത്രീയമായ പരിശീലനം നൽകാതെയാണ് പല ആളുകളെയും സെലക്ട് ചെയ്തിരിക്കുന്നത്. ഇതിന് 75 ശതമാനം സബ്സിഡി ലഭിക്കുമെന്നതിനാൽ ആ സബ്സിഡി ലഭിക്കാൻവേണ്ടി പല ആളുകളും പോളി ഹൗസുകൾ ആരംഭിക്കുകയും; പിന്നീട്

അത് പ്രവർത്തനരഹിതമായിക്കിടക്കുകയും ചെയ്യുതാണ്. മാത്രമല്ല, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കാലാവസ്ഥയ്ക്ക് അനുസൃതമായ നിലയിലുള്ള ഒരു ഡിസൈനല്ല രൂപപ്പെടുത്തിയിരിക്കുന്നത്. ഹ്യുമിഡിറ്റിയുള്ള കാലാവസ്ഥയിൽ ഇതുപോലുള്ള പോളി ഹൗസുകൾ എങ്ങനെ രൂപപ്പെടുത്തിയെടുക്കണമെന്നത് സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നില്ല. 12-13 മീറ്റർ ഉയരമുള്ള പോളി ഹൗസുകളുടെ മുകളിൽ വർഷ കാലത്ത് ആൽഗ വന്ന് നിറഞ്ഞ് പ്രകാശം അകത്തേയ്ക്ക് കടക്കാൻ കഴിയാത്ത രീതിയിലുള്ള നിർമ്മാണ പ്രവർത്തനം നടത്തിയതുമൂലം ഉല്പാദനം ഗണ്യമായി കുറഞ്ഞുവെന്ന് ശാസ്ത്രീയമായ റിപ്പോർട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള പോളി ഹൗസുകൾ ശാസ്ത്രീയമായി റിപ്പയർ ചെയ്യുന്നതിനുവേണ്ടി 85 ലക്ഷം രൂപ ഗവൺമെന്റ് വകയിരുത്തിയിട്ടുണ്ട്. ഇനി മുതൽ പോളി ഹൗസുകൾ കൊടുക്കുമ്പോൾ കൃഷിക്കാർക്ക് ശാസ്ത്രീയമായ പരിശീലനം നൽകി അർഹതയുള്ള ആളുകൾക്ക് കൊടുക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ആ രീതിയിൽ പോളി ഹൗസുകളുടെ കാര്യത്തിൽ ഒരു തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ട്.

ശ്രീ. സി. കെ. ശശീന്ദ്രനുവേണ്ടി <u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, അന്നവസ്ത്രാദികൾ തന്ന് കാത്തുകൊള്ളണമെന്നല്ല പറയുന്നത്. പക്ഷേ തൃശ്ശൂർക്കാരുടെ അന്നം മുട്ടുന്ന ഒരു ആശങ്കയിൽ നിന്നാണ് ഈ ചോദ്യം വരുന്നത്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ മണ്ഡലമടക്കമുള്ള 7 മണ്ഡലങ്ങളിൽ വ്യാപിച്ചുകിടക്കുന്ന തൃശ്ശൂർ ജില്ലയിലെ 30,000 ഏക്കർ വരുന്ന കോൾ നിലങ്ങളിൽ കൃഷിയിറക്കാനാവശ്യമായ താൽക്കാലിക ബണ്ട് നിർമ്മാണം, ചണ്ടി, കുളവാഴ നീക്കം ചെയ്യൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ഒരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. കഴിഞ്ഞ ദിവസം ഈ വിഷയവുമായി ബന്ധപ്പെട്ട് ഞാൻ ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. കൃഷി, ഇറിഗേഷൻ, റവന്യൂ, വൈദ്യുതി എന്നീ വകുപ്പുകളുടെ ഏകോപനം, അതിനാവശ്യമായ പണം ഇതെല്ലാം ലഭ്യമാക്കി അടിയന്തരമായി കൃഷിപ്പണികൾ തടസ്സം കൂടാതെ ആരംഭിക്കുവാനാവശ്യമായ നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി മുൻകയ്യെടുത്ത് ഒരു യോഗം വിളിച്ചുചേർക്കുമോ എന്നുള്ളതാണ് ചോദ്യം?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ബഹുമാനപ്പെട്ട അംഗം നേരത്തെ ഇവിടെ ഒരു സബ്മിഷൻ ഉന്നയിച്ച കാര്യം പറഞ്ഞു. ഇറിഗേഷൻ വകുപ്പുമന്ത്രിതന്നെ അതിനുവേണ്ടി 4 കോടി രൂപ അനുവദിക്കാമെന്ന്

നിയമസഭയിൽ പ്രഖ്യാപിച്ച കാര്യമാണ്. ആ പണമാണ് ഏറ്റവും പ്രധാനപ്പെട്ട ഘടകമെന്നുള്ളതുകൊണ്ട് ചണ്ടി നീക്കാനാവശ്യമായ പണം ലഭ്യമാക്കുന്നതാണ്. മറ്റ് കാര്യങ്ങളിൽ ഒരാശങ്കയും വേണ്ട. കുട്ടനാട് കൃഷിയിറക്കുന്നതിന് മുൻപായി കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെയും കൃഷിക്കാരുടെയും ഉന്നതതലയോഗം വിളിച്ചതുപോലെ തൃശ്ശൂരിൽ കൃഷിയിറക്കുന്നതിന് മുൻപായി കൃഷി വകുപ്പുമന്ത്രി എന്ന നിലയിൽ തൃശ്ശൂരിൽ അടിയന്തരയോഗം വിളിച്ചുകൂട്ടാൻ തീരുമാനിച്ചിട്ടുണ്ട്. എന്തു പ്രശ്നമുണ്ടെങ്കിലും അവിടെവച്ച് ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കി കൃഷി തടസ്സമില്ലാതെ മുന്നോട്ടുകൊണ്ടുപോകാനുള്ള സാഹചര്യമൊരുക്കും. അതിൽ ഒരു ആശങ്കയും ബഹുമാനപ്പെട്ട അംഗത്തിന് വേണ്ടെന്ന് സൂചിപ്പിക്കുകയാണ്.

ശ്രീ. സി. എഫ്. തോമസ്: സർ, നമ്മുടെ പ്രധാന കാർഷികവിള നാളികേരം തന്നെയാണ്. ഉൽപ്പാദനക്ഷമതയുടെ കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നമ്മൾ ഏറ്റവും പിറകിലാണ്. നാളികേര മേഖലയെ നമ്മൾ വിസ്മരിക്കുന്നത് പോലെ തോന്നുകയാണ്. നാളികേര കൃഷി ശരിയായി പുനഃസംവിധാനം ചെയ്യുവാനും പ്രൊഡക്റ്റിവിറ്റി കൂട്ടാനും എന്ത് മാർഗ്ഗം സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്;

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. നാളികേര കൃഷി മേഖലയിൽ ഒരു അവഗണന കുറച്ചു കാലങ്ങളായി തുടർന്ന് വരികയാണ്. നാളികേര ഉൽപ്പാദനക്ഷമതയുടെ കാര്യത്തിലും നാളികേരം ഉൽപ്പാദിപ്പിക്കുന്ന കാര്യത്തിലും കേരളം ഇന്ന് വളരെ പിറകിലാണ്. തമിഴ്നാടിന്റെയും കർണ്ണാടകയുടെയും പിറകിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ നാളികേര കൃഷിക്കാർക്ക് നേരത്തെ സൂചിപ്പിച്ചതുപോലെ വില കിട്ടാത്ത വിഷയമുണ്ടായിരുന്നു. അക്കാര്യം ഇന്നലെ ഇവിടെ ചർച്ച ചെയ്തതാണ്. ആർ.സി.ഇ.പി. കരാർ വരുന്നതോടുകൂടി നാളികേരവും നാളികേര ഉൽപ്പന്നങ്ങളും കേരളത്തിന് സമാനമായ മറ്റ് സ്റ്റേറ്റുകളിൽ നിന്നും ധാരാളമായി ചുങ്കം കൂടാതെ ഇറക്കുമതി ചെയ്യാനുള്ള തീരുമാനം ഉണ്ടാകാൻ പോകുകയാണ്. അങ്ങനെ വരികയാണെങ്കിൽ നാളികേരത്തിന്റെയും വെളിച്ചെണ്ണയുടെയും വിലയിടിയും. ഇതിനകംതന്നെ പാമോയിലിന്റെ ഇറക്കുമതി ചുങ്കം 6 ശതമാനമായി വെട്ടിക്കുറച്ചുകൊണ്ടുള്ള തീരുമാനമെടുത്തുകഴിഞ്ഞു. ഈ രണ്ടുകാര്യങ്ങളും വരുന്നതോടുകൂടി നാളികേര കൃഷി വളരെ അപകടത്തിലേയ്ക്ക് പോകാൻ സാദ്ധ്യതയുണ്ട്. ഈ സാഹചര്യത്തിൽ നാളികേര കൃഷിക്കാരെ സംരക്ഷിക്കാനും നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുപോലെ നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കാനും നാളികേര കൃഷിക്കാരെ സസ്റ്റെയിനബിളായി നിലനിർത്തുന്നതിനും വേണ്ടി വാല്യൂ അഡീഷൻ ഇൻഡസ്ട്രി ഡെവലപ്പ് ചെയ്യാൻ പോകുകയാണ്. നാളികേരം ഉൽപ്പാദിപ്പിക്കുന്നതിന്റെ 6 ശതമാനം പോലും വാല്യൂ അഡീഷൻ ആയി പോകാത്ത ഒരു സ്റ്റേറ്റാണ് കേരളം. മറ്റുപല സ്റ്റേറ്റുകളിലും 20-ഉം 25-ഉം 40-ഉം വരെയാകുമ്പോൾ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന നാളികേരത്തിന്റെ 6 ശതമാനം പോലും വാല്യൂ അഡീഷനിലേയ്ക്ക് വന്നിട്ടില്ല. അതുകൊണ്ട് വാല്യൂ അഡീഷൻ ഇൻഡസ്ട്രി ഡെവലപ് ചെയ്യാനാവശ്യമായ നടപടിയുടെ ഭാഗമായി കേരളത്തിൽ നാല് കേന്ദ്രങ്ങളിൽ നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വാല്യൂ അഡീഷൻ ഇൻഡസ്ട്രിയും അഗ്രോ പാർക്കുകളും ആരംഭിക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ആ രീതിയിലുള്ള പ്രവർത്തനം നടത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, തരിശുപാടങ്ങളിൽ നെൽകൃഷി ഇറക്കുന്നതിന്റെ ഭാഗമായി ആറന്മുള നിയോജകമണ്ഡലത്തിലെ വർഷങ്ങളായി കൃഷിചെയ്യാതിരുന്ന പാടങ്ങളിലും വിമാനത്താവള പദ്ധതി പ്രദേശത്തെ പാടങ്ങളിലും നാളെ കൃഷി ഇറക്കാൻ പോകുകയാണ്. അതിന് മുൻകയ്യെടുത്ത സർക്കാരിനെ അഭിനന്ദിക്കുന്നു. വലിയൊരു ജനകീയ കൂട്ടായ്മയിലൂടെയാണ് അത് സാധ്യമാകുന്നത്. കാലവർഷവും തുലാമഴയും കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ കാർഷിക മേഖലയെ സംരക്ഷിക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് കൃഷി വകുപ്പ് സ്വീകരിക്കാൻ പോകുന്നത്?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ :</u> സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 3500 ഓളം ഏക്കർ സ്ഥലത്ത് നെൽകൃഷി തരിശുനിലങ്ങളിൽ പുനരാരംഭിച്ചിട്ടുണ്ട്. 1050 ഓളം ഹെക്ടർ സ്ഥലത്ത്, ആറന്മുളയുൾപ്പെടെയുള്ള പ്രദേശങ്ങളിൽ വിമാനത്താവളം വന്നതിനെത്തുടർന്ന് കൃഷി ചെയ്യാൻ കഴിയാതിരുന്ന സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിനുള്ള നടപടി ആരംഭിക്കുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നാളെ അവിടെ ഉദ്ഘാടനം നടത്തുകയാണ്. ബഹുമാനപ്പെട്ട അംഗം ആശങ്കപ്പെട്ട വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലവർഷവും തുലാമഴയും വളരെ ഗണ്യമായി കുറഞ്ഞ സാഹചര്യത്തിൽ ഏറ്റവുമധികം പ്രത്യാഘാതമുണ്ടാകാൻ പോകുന്നത് കാർഷിക മേഖലയിലും കുടിവെള്ള വിതരണ മേഖലയിലുമാണ്. ഇതിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് ഇന്ന് രാവിലെ

പത്തുമണിക്ക് നിയമസഭാ സമ്മേളനം നടക്കുന്ന സമയത്തുതന്നെ റവന്യൂ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ഇറിഗേഷൻ വകുപ്പുമന്ത്രിയും ഉൾപ്പെടെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു യോഗം വിളിച്ചിരിക്കുകയാണ്. ആ യോഗത്തിൽ വരൾച്ച നേരിടുന്നതിനാവശ്യമായ സമഗ്ര പദ്ധതികളെക്കുറിച്ച് ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഈ പ്രശ്നം ഗൗരവമായിത്തന്നെയാണ് ഗവൺമെന്റ് എടുത്തിരിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, നാളികേര സംഭരണം തുടരുമെന്നാണ് അങ്ങ് കഴിഞ്ഞ ദിവസം പറഞ്ഞത്. പക്ഷേ എന്റെ മണ്ഡലത്തിലടക്കം സംഭരണം നിലച്ചിരിക്കുകയാണ്. സംഭരിച്ച കൊപ്ര ഡ്രയറുകളിൽ കെട്ടികിടക്കുകയാണ്. നാളികേര സംഭരണം തുടരാനും സംഭരിച്ച നാളികേരത്തിന്റെ വില കൊടുക്കാനുമുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇതിന് നേരത്തെ മറുപടി പറഞ്ഞതാണ്. നാളികേരം എടുക്കുന്നത് ചിലയിടങ്ങളിൽ രണ്ടാഴ്ചയൊക്കെ നിർത്തി വയ്ക്കുന്നതിന് കാരണം പൊളിച്ച നാളികേരമാണ് എടുക്കുന്നത് എന്നതുകൊണ്ടാണ്. പൊളിച്ച നാളികേരം അധികനാൾ സൂക്ഷിക്കാൻ സാധിക്കുകയില്ല. അത് കേട് വന്നുകഴിഞ്ഞാൽ ഉപയോഗിക്കാൻ സാധിക്കുകയില്ല. 12,000 മെട്രിക് ടൺ നാളികേരമാണ് 362 കൃഷിഭവനുകളിലായി കെട്ടികിടക്കുന്നത്. അതിനുപുറമേ ധാരാളം കൊപ്രയും ഗോഡൗണിൽ കെട്ടിക്കിടക്കുകയാണ്. കൊപ്ര ക്രഷ് ചെയ്ത് വെളിച്ചെണ്ണയാക്കാനുള്ള കേരഫെഡിന്റെ കപ്പാസിറ്റി കഴിഞ്ഞ നാലു വർഷത്തിനകത്ത് ഗണ്യമായി കുറഞ്ഞു. കപ്പാസിറ്റി വർദ്ധിപ്പിക്കാനായി കൊണ്ടുവന്ന മെഷിനുകൾ പോലും സ്ഥാപിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. അത് റിവൈവ് ചെയ്തെടുക്കാൻ കാലതാമസം നേരിടുന്നുണ്ട്. എങ്കിൽപോലും കേരഫെഡിന്റെ ഉൽപ്പാദന കേന്ദ്രങ്ങളിൽ തൊഴിലാളികളെ കൂടുതൽ സമയം ഉപയോഗപ്പെടുത്തി കൂടുതൽ വെളിച്ചണ്ണ ഉൽപ്പാദിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഒരുപാട് സ്ഥലത്ത് കൊപ്രയും നാളികേരവും സ്റ്റോക്ക് ഇരിക്കുന്നതുകൊണ്ട് വീണ്ടും ആളുകളുടെ കയ്യിൽനിന്നും വാങ്ങാൻ തടസ്സം നേരിടുന്നതുകൊണ്ടുമാണ് ഇതിന്റെ സംഭരണം തടസ്സപ്പെടുന്നത്. ഏതായാലും അങ്ങ് പറഞ്ഞതുപോലെ അത് പരിശോധിച്ച് തടസ്സം ഒഴിവാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. നാളികേര സംഭരണം എന്തായാലും ഗവൺമെന്റ് നിർത്തിവയ്ക്കാൻ ഉദ്ദേശിക്കുന്നില്ല. താൽക്കാലികമായി എവിടെയെങ്കിലും തടസ്സമുണ്ടാകുന്നുണ്ടെങ്കിൽ അത് ജനങ്ങൾ മനസ്സിലാക്കേണ്ട

കാര്യമാണ്. ഗവൺമെന്റ് മനഃപൂർവ്വം ചെയ്യുന്ന കാര്യമല്ല. ഉൽപ്പാദനത്തിൽ വർദ്ധനവുണ്ടായെങ്കിൽ മാത്രമേ മറ്റ് കൃഷിഭവനുകളിലേയ്ക്ക് ഇത് വ്യാപിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഏതായാലും ഗവൺമെന്റ് സംഭരണം നിർത്തിവയ്ക്കാൻ ഉദ്ദേശിക്കുന്നില്ല. കുടിശ്ശിക തുകയുടെ കാര്യം നേരത്തേ മറുപടിയിൽ പറഞ്ഞതാണ്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, നാളികേര സംഭരണത്തിന്റെ കാര്യത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വ്യാപകമായ ക്രമക്കേടുകൾ നടന്നിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്നും നാളികേരം ഇവിടത്തെ കർഷകരുടെ പേരിൽ ഇറക്കുമതി ചെയ്ത് അത് നാളികേര സംഭരണത്തിന്റെ ഭാഗമാക്കി മാറ്റാനുള്ള ക്രമക്കേടുകൾ നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇത് ഞാൻ നേരത്തെ പറഞ്ഞതാണ്. കഴിഞ്ഞ നാലുകൊല്ലം നാഫെഡിനെ കൊണ്ട് കൊപ്ര സംഭരിപ്പിക്കാനുള്ള യാതൊരു നടപടിയുമുണ്ടായിരുന്നില്ല. ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെയും കൃഷി വകുപ്പിന്റെ വിജിലൻസ് വിംഗിന്റെയും അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങളാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചത്. നാളികേരത്തിന് മാർക്കറ്റിൽ പതിമൂന്നോ പതിനാലോ രൂപ വിലയുള്ളപ്പോഴാണ് ഇരുപത്തിയഞ്ച് രൂപയ്ക്ക് ഗവൺമെന്റ് സംഭരിക്കുന്നത്. ഇവിടെ സംഭരിച്ച നാളികേരം ഉണക്കാനെന്ന വ്യാജേന തമിഴ്നാട്ടിലേയ്ക്ക് കൊണ്ടുപോകുകയും അവിടെനിന്നും ഗുണ നിലവാരമില്ലാത്ത കൊപ്ര ഇങ്ങോട്ട് കൊണ്ടുവരികയും ചെയ്യുന്ന സ്ഥിതി വിശേഷമുണ്ടായി. ഗുണനിലവാരമില്ലാത്ത നാളികേരം സംഭരിച്ചതിനെത്തുടർന്ന് വലിയ സാമ്പത്തിക നഷ്ടമുണ്ടാകുകയും അതിന്റെ പിന്നിൽ പല ക്രമക്കേടുകളുമുണ്ടായിയെന്നുള്ളതാണ് കേസ്. ആ കേസിനെ സംബന്ധിച്ച് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കെതിരെ ആദ്യഘട്ടത്തിൽ തന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ശക്തമായ നടപടിയുണ്ടാകും. അഴിമതി നടത്തിയ ഒരു ഉദ്യോഗസ്ഥനെയും സംരക്ഷിക്കുന്ന നിലപാട് ഗവൺമെന്റ് സ്വീകരിക്കുകയില്ല.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കാർഷികവൃത്തി ആദായകരമല്ലാത്തത് കൊണ്ടാണ് പല ആളുകളും ആ മേഖലയിൽനിന്നും പിന്നോട്ട് പോകുന്നത്. ഇപ്പോൾ ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ധാരാളം സ്ഥലങ്ങളിൽ തരിശുഭൂമികളിൽ കൃഷി ചെയ്തുകൊണ്ടിരിക്കുകയാണെന്ന് പറഞ്ഞു. സത്യത്തിൽ അവർക്ക് യാതൊരു ആനുകൂല്യങ്ങളോ സപ്പോർട്ടോ കൊടുക്കാതെ വെറും സംസാരം കൊണ്ടുള്ള

പ്രചോദനം മാത്രമാണ് നൽകുന്നത്. ഇങ്ങനെയുള്ളൊരുഘട്ടത്തിൽ ഇപ്പോൾ നമ്മുടെ റേഷൻ കടകളിൽ അരി കൊടുക്കുന്നത് രണ്ടുരൂപയ്ക്കാണ്. കേന്ദ്രഗവൺമെന്റ് നൽകുന്ന സബ്സിഡി മുഴുവൻ ആന്ധ്രയിലോ പഞ്ചാബിലോ അരി ഉൽപ്പാദിപ്പിക്കുന്ന ആളുകളിലേയ്ക്കാണ് പോകുന്നത്. ഈ സബ്സിഡി ഇവിടെ തന്നെ നെല്ല് ഉൽപ്പാദിപ്പിക്കുന്ന കർഷകർക്ക് ലഭിക്കുന്ന വിധത്തിൽ അതിന്റെ ഘടന മാറ്റിക്കൂടേയെന്നുള്ളതാണ് എന്റെ ചോദ്യം?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ബഹുമാനപ്പെട്ട അംഗം അവസാനം ചോദിച്ച ചോദ്യം ഇതുമായി ബന്ധപ്പെട്ട കാര്യമല്ല. പക്ഷേ അങ്ങ് സഭയെ തെറ്റിദ്ധരിപ്പിക്കാൻ പാടില്ല. തരിശുഭൂമി കൃഷി പുനരാരംഭിക്കാൻ ഒരു സഹായവും കൊടുക്കുന്നില്ലെന്ന് അങ്ങ് പറയുന്നുണ്ടെങ്കിൽ അങ്ങ് അങ്ങയുടെ മണ്ഡലത്തിൽ തരിശുഭൂമിയിൽ കൃഷി നടത്താൻവേണ്ടി ഒരു ശ്രമവും നടത്തുന്നില്ലെന്ന് എനിക്ക് പറയേണ്ടിവരും. കാരണം ഒരു ഹെക്ടറിന് മുപ്പതിനായിരം രൂപ വരെ തരിശുനിലം കൃഷി ചെയ്യാൻ വേണ്ടി ഗവൺമെന്റ് നൽകുന്നുണ്ട്. അതിനുപുറമെ തൊഴിലുറപ്പ് പദ്ധതിയിലും തരിശുനില കൃഷി ചെയ്യാൻ ഇപ്പോൾ തന്നെ പ്രൊവിഷനുണ്ട്. പ്രാദേശിക ഗവൺമെന്റുകളുടെയും എം.എൽ.എ.-മാരുടെയും ഫണ്ടുകൾ കൂടി ഇതിനകത്ത് ക്ലബ് ചെയ്യാൻ കഴിയും. കൃഷി വകുപ്പിന്റെ ഫണ്ടും കൂടി ക്ലബ്ബ് ചെയ്തുകൊണ്ടാണ് ഇപ്പോൾ മൂവായിരം ഹെക്ടർ സ്ഥലത്ത് തരിശുനിലകൃഷി ആരംഭിച്ചത്. അതുകൊണ്ട് അങ്ങ് സഭയെ തെറ്റിദ്ധരിപ്പിക്കാൻ പാടില്ല. അടുത്ത വർഷം ഇത് പതിനായിരം ഹെക്ടറാക്കി വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. അതിനാവശ്യമായ ഫണ്ടും ഗവൺമെന്റ് കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതുകൊണ്ട് തരിശുനില കൃഷി ചെയ്യുന്ന ആളുകൾക്ക് ഒരു പണവുമില്ല വെറുതെ പ്രസംഗമാണെന്ന് അങ്ങ് പറയരുത്. കൃത്യമായി പണം കൊടുത്തുകൊണ്ടുതന്നെയാണ് ഈ കൃഷി ആരംഭിച്ചതെന്ന് ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കണം. അങ്ങയുടെ മണ്ഡലത്തിൽ കഴിയുമെങ്കിൽ ഈ പണമുപയോഗിച്ച് കൃഷി ചെയ്യാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, ഇന്ന് കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ഭക്ഷ്യക്ഷാമമാണ്. ഇന്ന് കൃഷിയിൽനിന്നും കൃഷിക്കാരൻ അകന്ന് പോയിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല പൊതുസമൂഹത്തിൽ കൃഷിക്കാരനെ ഒരു നാലാംകിടക്കാരനെപ്പോലെയാണ് കണക്കാക്കുന്നത്. ഇതിൽനിന്നും മാറി ചിന്തിക്കുന്നതിന് സമൂഹത്തെ പ്രേരിപ്പിക്കാൻ പാഠ്യപദ്ധതിയിൽ കൃഷി ഉൾപ്പെടുത്താൻ സാധിക്കുമോ? അഞ്ചാം ക്ലാസ് മുതലെങ്കിലും കൃഷിയെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി ഒരു മാറ്റമുണ്ടാക്കാൻവേണ്ടി ശ്രമം നടത്തുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ഡിമാന്റ് ഡിസ്കഷന്റെ മറുപടിയിൽ പറഞ്ഞതാണ്. കൃഷി പാഠ്യപദ്ധതിയിൽ ഒന്നാം ക്ലാസ് മുതൽ തന്നെ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. അത് അങ്ങ് അന്ന് ശ്രദ്ധിക്കാത്തതായിരിക്കും. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നയമായി തന്നെ പ്രഖ്യാപിച്ച കാര്യമാണ്. കൃഷിക്കാരന്റെ ആത്മാഭിമാനബോധം വളർത്തുകയെന്നുള്ളതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഞാനൊരു കൃഷിക്കാരനാണെന്ന് തല ഉയർത്തിപിടിച്ച് പറയാൻ കഴിയുന്ന വിധത്തിൽ ഒരു കൃഷിക്കാരന്റെ ആത്മാഭിമാനബോധം വളർത്തിയെടുക്കാൻ നമ്മളെല്ലാവരും കൂടി പരിശ്രമിച്ചാൽ മാത്രമേ കാർഷികമേഖല രക്ഷപ്പെടാൻ പോകുന്നുള്ളൂ. അത്തരത്തിലുള്ള പ്രവർത്തനം നടത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. നേരത്തേ ബഹുമാനപ്പെട്ട അംഗം ചോദിച്ച ചോദ്യത്തിന് മറുപടി പറയാതിരുന്നത് നയപരമായ വിഷയമായതുകൊണ്ടാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹനമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### എയർപോർട്ടുകൾക്ക് സമീപം മാലിന്യം നിക്ഷേപിക്കുന്നതുമൂലമുള്ള ഭീഷണി

4 (*574) ശ്രീ. റ്റി. എ. അഹമ്മദ് കബീർ:

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയർപോർട്ടുകൾക്കു സമീപം മാലിന്യ നിക്ഷേപം വർദ്ധിക്കുന്നതുമൂലം പെരുകുന്ന പക്ഷികളിൽനിന്നും വിമാനങ്ങൾക്ക് ഗുരുതര ഭീഷണിയുണ്ടാകുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ എയർപോർട്ടുകൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ തദ്ദേസ്വയംഭരണ സ്ഥാപനങ്ങൾ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രശ്നത്തിൻെറ ഗൗരവം കണക്കിലെടുത്ത് സർക്കാരും തദ്ദേശ

സ്ഥാപനങ്ങളും സംയുക്തമായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം എയർപോർട്ടിന് സമീപം മാലിന്യം നിക്ഷേപിച്ചിട്ടുള്ള സ്ഥലങ്ങൾ കണ്ടെത്തി കുടുംബശ്രീ പ്രവർത്തകരുടെ സഹായത്തോടെ മാലിന്യം അടിയന്തരമായി നീക്കം ചെയ്യുന്നതിനും അപ്രകാരം നീക്കം ചെയ്യുന്ന മാലിന്യം ശുചിത്വമിഷനുമായി ചേർന്ന് അനുയോജ്യമായ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനും നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് മാലിന്യങ്ങൾ അതാതുദിവസംതന്നെ മാറ്റുന്നതിനുള്ള അടിയന്തര നിർദ്ദേശം നഗരസഭാ സെക്രട്ടറി ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുള്ളതുമാണ്.

(സി) 1. മാലിന്യം ദിനംപ്രതി നീക്കം ചെയ്യുവാൻ തീരുമാനിച്ചു.

2. നിലവിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള മാലിന്യാവശിഷ്ടങ്ങൾ നഗരസഭയും എയർപോർട്ട് അതോറിറ്റിയുമായി ചേർന്ന് അടിയന്തരമായി നീക്കം ചെയ്യുവാൻ തീരുമാനിച്ചു.

3. എയർപോർട്ടിന് ചുറ്റും മാലിന്യം ഉണ്ടാകാതിരിക്കുന്നതിനുള്ള ശാശ്വതപരിഹാര പദ്ധതികൾക്ക് തിരുവനന്തപുരം നഗരസഭയും എയർപോർട്ട് അതോറിറ്റിയും ചേർന്ന് പ്രോജക്റ്റ് തയ്യാറാക്കുവാൻ തീരുമാനിച്ചു.

4. സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് എയർപോർട്ടുകളുടെ പരിസര പ്രദേശത്ത് ഉത്ഭവിക്കുന്ന മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

5. മാലിന്യം വലിച്ചെറിയാതിരിക്കാനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നു. മാലിന്യം വലിച്ചെറിയുകയാണെങ്കിൽ പിഴ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നു.

6. രാത്രികാലങ്ങളിൽ എയർപോർട്ടുകളുടെ ചുറ്റുമുള്ള റോഡുകളിൽ പോലീസിന്റെ നിരീക്ഷണം ശക്തമാക്കാൻ പോലീസ് അധികാരികൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്.

**തരിശ് കിടക്കുന്ന നിലങ്ങളിൽ മുഴുവൻ കൃഷിയിറക്കാൻ നടപടി**

5 (*575) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തരിശു കിടക്കുന്ന നിലങ്ങളിൽ മുഴുവനും കൃഷിയിറക്കുമെന്ന് പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) കൃഷി ഭൂമി തരിശിടാനായി കർഷകർ നിർബന്ധിതരായ സാഹചര്യം ഇല്ലാതാക്കാനായി എന്തു നടപടികൾ സ്വീകരിച്ചെന്ന് അറിയിക്കാമോ; കാർഷികവൃത്തിയിൽ ന്യായമായ വരുമാനവും വിദഗ്ധ, അവിദഗ്ധ തൊഴിലാളികളുടെ യഥാസമയമുള്ള ലഭ്യതയും ഉറപ്പാക്കാൻ എന്തു മാർഗ്ഗമാണ് അവലംബിച്ചിരിക്കുന്നതെന്നും യന്ത്രവൽക്കരണം ഏതൊക്കെ തലങ്ങളിൽ ഉദ്ദേശിക്കുന്നുവെന്നും അവ മിതമായ വാടകയ്ക്ക് കർഷകന് ലഭ്യമാക്കാനായി എന്തു സംവിധാനം ഏർപ്പെടുത്തുമെന്നും അറിയിക്കാമോ;

(സി) കൃഷിക്ക് ഉപയുക്തമായ ഭൂമി കണ്ടെത്തി രേഖപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിനായി ഏത് മാർഗ്ഗമാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) കൃഷി ഭൂമിയുടെ ഉടമസ്ഥന് കൃഷിയിറക്കാൻ സാധിക്കാത്തതോ തയ്യാറില്ലാത്തതോ ആയ സാഹചര്യത്തിൽ എന്തു പരിഹാര മാർഗ്ഗമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാനത്ത് തരിശ്ശായി കിടക്കുന്ന കൃഷി ഭൂമി പരമാവധി കൃഷിയോഗ്യമാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ കൃഷിയോഗ്യമായ തരിശ് ഭൂമികൾ മാപ്പിംഗ് നടത്തി നെൽക്കൃഷിയും പച്ചക്കറി കൃഷിയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം മാപ്പിംഗിലൂടെ ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത് അടിസ്ഥാനത്തിൽ ജനപ്രതിനിധികളുടെ സഹകരണത്തോടെ ആക്ഷൻ പ്ലാൻ തയ്യാറാക്കി ഘട്ടംഘട്ടമായി തരിശ്ശുനിലം കൃഷിയോഗ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. അഞ്ചുവർഷംകൊണ്ട് നെൽക്കൃഷിയുടെ വിസ്തൃതി 1.96 ലക്ഷം ഹെക്ടറിൽനിന്നും 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പച്ചക്കറി കൃഷിയുടെ വിസ്തൃതി 50,000 ഹെക്ടറായും വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. 2016-17-ലെ പച്ചക്കറി കൃഷി വികസന പദ്ധതിയിൻകീഴിൽ തരിശ്ശുഭൂമികളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു. കർഷകർക്ക് തരിശ്ശുഭൂമിയിൽ കൃഷി ചെയ്യുന്നതിനുള്ള സാങ്കേതിക സഹായം കൃഷിഭവൻ മുഖേന ലഭ്യമാക്കുന്നുണ്ട്. 700 ഹെക്ടർ തരിശ്ശുനിലം നെൽക്കൃഷി ചെയ്യുന്നതിനായി ഒറ്റത്തവണ സഹായധനമായി ഹെക്ടറിന് 30,000 രൂപ നൽകുന്നതിനുള്ള പദ്ധതിയും 700 ഹെക്ടർ തരിശ്ശുനിലത്തിൽ പച്ചക്കറിക്കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് ഭൂഉടമയ്ക്ക് 5000 രൂപയും കൃഷി ചെയ്യുന്ന ആളിന് 25,000 രൂപയും ചേർത്ത് ആകെ 30,000 രൂപ ധനസഹായമായി നൽകുന്നു. തരിശ്ശുഭൂമിയിൽ നെൽക്കൃഷി ചെയ്യുന്നതിനും പഴം, പച്ചക്കറി കൃഷിക്കും 3 ലക്ഷം രൂപവരെയുള്ള തുക പലിശരഹിത വായ്പയായി നൽകുന്ന വിഷയവും പരിശോധിച്ചുവരുന്നു. ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ഹെക്ടറിന് 7500 രൂപ നിരക്കിൽ ധനസഹായം നൽകി 2000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) തൊഴിലാളികളുടെ ലഭ്യതയും യന്ത്രവൽക്കരണവും ഉറപ്പ് വരുത്തുന്നതിലേയ്ക്കായി സംസ്ഥാന തലത്തിൽ 64 അഗ്രോസർവ്വീസ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിലൂടെ മിതമായ വാടകയ്ക്ക് യന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാക്കിവരുന്നു. പഞ്ചായത്തുതലത്തിൽ 200 കർമ്മസേനകൾ രൂപീകരിക്കുകയും അതിൽ 100 കർമ്മസേനകൾക്ക് 9 ലക്ഷം രൂപയുള്ള യന്ത്രോപകരണങ്ങൾ ലഭ്യമാക്കുകയും 100 കർമ്മസേനകൾക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ കർമ്മസേനകൾക്ക് നൽകിയിട്ടുള്ള പരിശീലനവും യന്ത്രോപകരണങ്ങളും ഉപയോഗപ്പെടുത്തി ഓരോ

പഞ്ചായത്തിലെയും കാർഷിക മേഖലയിലെ സാധ്യതകൾ ഉൾക്കൊണ്ടുകൊണ്ട് വിവിധ കാർഷിക പ്രവർത്തനങ്ങൾ നടത്തിവരുന്നു. നിലമൊരുക്കൽ, വിത്ത് വിതയ്ക്കൽ, കളനിയന്ത്രണം, തടം തുറക്കൽ, വിളവെടുപ്പ്, പാഴ്മരങ്ങൾ മുറിക്കൽ, തരിശുനിലം കൃഷിയോഗ്യമാക്കൽ, കീടരോഗനിയന്ത്രണം, ഇക്കോഷോപ്പുകൾ, പച്ചക്കറിച്ചന്ത, ജൈവവള കീടനാശിനി ഉൽപ്പാദനം തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും കാർഷിക കർമ്മസേനകൾ നടത്തിവരുന്നു. ഇതിനുംപുറമെ കാർഷിക എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നേതൃത്വത്തിൽ യന്ത്രങ്ങളുടെ വാടക ന്യായമായി നിലനിർത്തുന്നതിനും വളരെ കുറഞ്ഞ ചെലവിൽ യന്ത്രങ്ങൾ ലഭ്യമാക്കുന്നതിനും കസ്റ്റം ഹയറിംഗ് സെന്റർ പ്രവർത്തിച്ചുവരുന്നു.

(സി) കൃഷിക്കുപയുക്തമായ തരിശ് നിലങ്ങൾ കണ്ടെത്തുന്നതിന് റിമോട്ട് സെൻസിംഗ് ഡേറ്റാ ഉപയോഗിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനായുള്ള സാങ്കേതിക സഹായം കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്ററിൽനിന്നും ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) കൃഷിഭൂമിയുടെ ഉടമസ്ഥന് കൃഷിയിറക്കാൻ കഴിയാത്ത സാഹചര്യത്തിൽ പാടശേഖര സമിതി, സംയുക്ത സംഘങ്ങൾ, കുടുംബശ്രീ, കർഷകസ്വയം സഹായ സംഘങ്ങൾ എന്നിവ മുഖേന കൃഷി ചെയ്യുന്നതിന് 2008-ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം രൂപീകൃതമായിട്ടുള്ള പ്രാദേശികതല നിരീക്ഷണ സമിതികൾക്ക് നിർണ്ണയിക്കപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി കൃഷി ചെയ്യുന്നതിന് നടപടികൾ കൈക്കൊള്ളാവുന്നതാണ്.

**പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ**

6 (*576) ശ്രീ. സി. കെ. ശശീന്ദ്രൻ:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) നിലവിലുള്ള ചരിത്ര സ്മാരകങ്ങളും പൈതൃക സമ്പത്തും ഭാവി തലമുറയ്ക്കായി സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) നശിച്ചുകഴിഞ്ഞാൽ ഒരിക്കലും വീണ്ടെടുക്കാൻ സാധിക്കാത്ത പൈതൃക ശേഷിപ്പുകളും സാംസ്കാരിക അടയാളങ്ങളും നശിച്ചു കൊണ്ടിരിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി)</u>:

(എ) ഉണ്ട്. സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തെ വിളിച്ചോതുന്ന പുരാവസ്തുക്കളുടെയും നിർമ്മിതികളുടെയും സംരക്ഷണവും പഠനവുമാണ് പുരാവസ്തു വകുപ്പിന്റെ മുഖ്യ ചുമതലകൾ. പൊതുജനങ്ങൾക്ക് നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ച് മനസ്സിലാക്കാനും ബന്ധപ്പെട്ട ദൃശ്യങ്ങൾ കാണാനുമായി പുരാവശിഷ്ടങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ള മ്യൂസിയങ്ങളും പുരാവസ്തു വകുപ്പ് തയ്യാറാക്കി പരിപാലിച്ചുവരുന്നു. നിലവിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണം, നിലവിലുള്ള മ്യൂസിയങ്ങളുടെ സംരക്ഷണവും നവീകരണവും, ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്നിവ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച വാർഷിക ഭരണ റിപ്പോർട്ട് പരിശോധിച്ച് പ്രത്യവലോകനം ചെയ്ത് സർക്കാർ ഉത്തരവായി പുറപ്പെടുവിക്കാറുണ്ട്.

(ബി) പുരാവസ്തു വകുപ്പിന്റെ അധീനതയിൽ 179 സംരക്ഷിത സ്മാരകങ്ങളാണുള്ളത്. ഇവയെ പുരാവസ്തു വകുപ്പിന് ലഭ്യമായ ഫണ്ടിന്റെയും ഉദ്യോഗസ്ഥരുടെയും അടിസ്ഥാനത്തിൽ സംരക്ഷിച്ചുവരുന്നു. 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട്, 1972-ലെ ചട്ടങ്ങൾ എന്നിവ പ്രകാരം ചരിത്ര സ്മാരകങ്ങളും പൈതൃക സമ്പത്തും സംരക്ഷിക്കുന്നുണ്ട്. ചരിത്ര, സാംസ്കാരിക, പൈതൃക മൂല്യങ്ങൾ പരിഗണിച്ചും 100 വർഷത്തിൽ കൂടുതൽ കാലങ്ങളായി നിലനിൽക്കുന്നതുമായ സവിശേഷത പരിഗണിച്ചുമാണ് ഇവ സംരക്ഷിച്ചുപോരുന്നത്. കൂടാതെ എല്ലാ ജില്ലകളിലുമുള്ള പൗരാണിക സവിശേഷതകളുടെ അടിസ്ഥാനത്തിൽ ജില്ലാതല പുരാവസ്തു പൈതൃക മ്യൂസിയങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുവരെ തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, വയനാട്, ഇടുക്കി എന്നീ 8 ജില്ലകളിൽ മ്യൂസിയങ്ങൾ തുടങ്ങുന്നതിനുള്ള നടപടി

സ്വീകരിച്ചിട്ടുണ്ട്. ബാക്കി 6 ജില്ലകളിൽ സൗകര്യപ്രദമായ സ്ഥലമോ കെട്ടിടങ്ങളോ ലഭ്യമാക്കാൻ ശ്രമിച്ചുവരികയാണ്. ലഭ്യമാകുന്ന മുറയ്ക്ക് അവിടങ്ങളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ തുടങ്ങാൻ കഴിയും. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ചരിത്രസ്മാരകങ്ങളും പൈതൃകസമ്പത്തും ഭാവിതലമുറയ്ക്കായി സംരക്ഷിക്കുന്നതിന് ഉതകുന്നവയാണ്. കൂടാതെ കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായ വയനാട് ജില്ലയിലെ എടയ്ക്കൽ ഗുഹകളും തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലുള്ള തക്കല പത്മനാഭപുരം കൊട്ടാരവും യുനെസ്കോയുടെ പൈതൃക പട്ടികയിൽ ഇടംപിടിക്കുന്നതിലേയ്ക്കായി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ പത്മനാഭപുരം കൊട്ടാരത്തെ യുനെസ്കോയുടെ പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി കൊട്ടാരത്തെ അന്തിമ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി&ഡി) 1968-ലെ പുരാവസ്തു സംരക്ഷണ നിയമപ്രകാരം ശ്രദ്ധയിൽപ്പെടുന്ന നശിച്ചുകൊണ്ടിരിക്കുന്ന പൈതൃക ശേഷിപ്പുകൾ സംരക്ഷണ യോഗ്യമാണോയെന്ന് പരിശോധിച്ച് ആയവ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിലേയ്ക്കായി പുരാവസ്തുക്കളുടെയും ചരിത്ര പുനർനിർമ്മിതിക്കാവശ്യമായ മറ്റ് ഭൗതിക അവശിഷ്ടങ്ങളും കണ്ടെടുക്കുവാൻ വേണ്ട അന്വേഷണവും പഠനവും നടത്തുന്നതിന് പുരാവസ്തു പര്യവേഷണ ഉത്ഖനന വിഭാഗവും, കൂടാതെ ചരിത്ര ശേഷിപ്പുകളുടെ തനിമ നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി റീജിയണൽ കൺസർവേഷൻ ലബോറട്ടറിയും സജ്ജീകരിച്ചിട്ടുണ്ട്.

**നഗരങ്ങളിലെ പഴക്കംചെന്ന ബഹുനില മന്ദിരങ്ങൾ**

7 (*577) ശ്രീ. എൻ. ഷംസുദ്ദീൻ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ പഴക്കം ചെന്ന ബഹുനിലമന്ദിരങ്ങളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവയുടെ സുരക്ഷ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ;

(സി) വൻ നഗരങ്ങളിൽ ബഹുനില മന്ദിരങ്ങൾ തകർന്നുള്ള അപകടങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കർശന പരിശോധന നടത്താനും, നിശ്ചിത കാലം കഴിഞ്ഞവയ്ക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധിതമാക്കാനും നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ശേഖരിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) നിശ്ചിത കാലം കഴിഞ്ഞ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. എന്നിരുന്നാലും വൻനഗരങ്ങളിൽ ബഹുനില മന്ദിരങ്ങൾ തകർന്നുള്ള അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കർശന പരിശോധന നടത്താനും നിശ്ചിതകാലം കഴിഞ്ഞവയ്ക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാനും നടപടി സ്വീകരിക്കുന്നതാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്പിൽ ഓവർ വർക്കുകൾ**

8 (*578) ശ്രീ. ആർ. രാജേഷ്:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്പിൽ ഓവർ വർക്കുകളുടെ അനുമതി സംബന്ധിച്ച് എന്തെങ്കിലും അവ്യക്തത നിലനിൽക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ലോക ബാങ്കിന്റെ സഹായത്തോടെ നടപ്പാക്കേണ്ട പദ്ധതികളുടെ ധനവിനിയോഗം സംബന്ധിച്ച് കൃത്യമായ നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) പഞ്ചായത്തുകളുടെ വിസ്തൃതി, ജനസംഖ്യ, നടപ്പിലാക്കേണ്ട പ്രവൃത്തികളുടെ ബാഹുല്യം എന്നിവ കണക്കിലെടുത്ത് നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഇല്ല. 26-7-2016-ലെ സ.ഉ. (സാധാ.) നമ്പർ 6298/2016/ഫിൻ. ഉത്തരവ് പ്രകാരം 2016-17 വർഷത്തെ ബഡ്ജറ്റ് അലോക്കേഷനിൽ അധികരിക്കാത്തവിധം സ്പിൽ ഓവർ പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നതിന് ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ ധനവിനിയോഗം സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. 20-7-2011-ലെ സ.ഉ. (സാധാ.) നമ്പർ 1731/2011/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനും മെയിന്റനൻസിനുമാണ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**വാഹനങ്ങൾകൊണ്ടുള്ള പരിസ്ഥിതി മലിനീകരണം**

9 (*579) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ബി. സത്യൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങൾ കൊണ്ടുള്ള പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുന്നതിന് ഗതാഗത വകുപ്പ് എന്തു മാർഗ്ഗമാണ് ഉദ്ദേശിക്കുന്നത്;

(ബി) മർദ്ദിത പ്രകൃതി വാതകവും ദ്രവീകൃത പ്രകൃതി വാതകവും വാഹന ഇന്ധനമായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതു സ്വകാര്യ വാഹനങ്ങൾക്കും ബാധകമാക്കാൻ സാധിക്കുമോ; അതിനുവേണ്ട പശ്ചാത്തല സൗകര്യമൊരുക്കാൻ നടപടിയെടുക്കുമോ;

(സി) വാഹനങ്ങൾക്ക് ഗ്രീൻ ടാക്സ് ഏർപ്പെടുത്തുന്നതിന്റെ ഉദ്ദേശ്യം വിശദമാക്കുമോ; ഇതു പുക മലിനീകരണം നിയന്ത്രിക്കാൻ എങ്ങനെ ഉപകരിക്കുമെന്ന് അറിയിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) പഴയ വാഹനങ്ങളിൽനിന്നുള്ള വായു മലിനീകരണം തടയുക എന്ന ഉദ്ദേശ്യത്തോടെ, സംസ്ഥാനത്ത് 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള നാലും അതിൽ കൂടുതലും ചക്രങ്ങളുള്ളതുമായ സ്വകാര്യ വാഹനങ്ങൾക്കും, 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ള നാലും അതിൽ കൂടുതൽ ചക്രങ്ങളുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും ഗ്രീൻ ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മർദ്ദിത പ്രകൃതി വാതകവും, LNG എന്നിവ ഇന്ധനമായി ഉപയോഗിക്കാൻവേണ്ട നടപടികൾ വകുപ്പുതലത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇലക്ട്രിക് ഓട്ടോറിക്ഷയും പ്രയോഗത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു.

(ബി) ഉണ്ട്. കേരള മോട്ടോർ വാഹന ചട്ടം 252 പ്രകാരം നിലവിൽ ഡീസൽ അല്ലെങ്കിൽ പെട്രോൾ എന്നിവ മാത്രമാണ് ഇന്ധനമായി ഉപയോഗിക്കാൻ അനുമതി നൽകിയിരിക്കുന്നത്. മർദ്ദിത പ്രകൃതി വാതകവും ദ്രവീകൃത പ്രകൃതി വാതകവും ഇന്ധനമായി ഉപയോഗിക്കുന്നതിനായി നിയമഭേദഗതി ആവശ്യമാണ്. ഇതിനായി സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള വാഹനങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇത്തരം ഇന്ധനങ്ങൾ സ്വകാര്യ വാഹനങ്ങൾക്കും ഉപയോഗിക്കണമെങ്കിൽ ചട്ടം ഭേദഗതി ചെയ്യേണ്ടതുണ്ട്. ഇക്കാര്യം സർക്കാർ പരിഗണനയിലാണ്. ഇതിനുവേണ്ട പശ്ചാത്തല സൗകര്യമൊരുക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(സി) പഴയ വാഹനങ്ങളിൽനിന്നുള്ള വായു മലിനീകരണം ദിനംപ്രതി വർദ്ധിച്ചുവരികയാണ്. ഇത്തരം വാഹനങ്ങളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിനായിട്ടാണ് സംസ്ഥാനത്ത് 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള നാലും അതിൽ കൂടുതലും ചക്രങ്ങളുള്ളതുമായ സ്വകാര്യ വാഹനങ്ങൾക്കും, 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ള നാലും അതിൽ കൂടുതലും ചക്രങ്ങളുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും ഗ്രീൻ ടാക്സ് ഏർപ്പെടുത്തിയിരിക്കുന്നത്.

## ചെറുകിട നാമമാത്ര നെൽകർഷകർക്ക് സൗജന്യ വൈദ്യുതി

10 (*580) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട നാമമാത്ര നെൽകർഷകർക്ക് വൈദ്യുതി സൗജന്യമായി നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) ഇപ്രകാരം വൈദ്യുതി സൗജന്യമായി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ചെറുകിട നാമമാത്ര നെൽകർഷകർക്ക് പ്രതിമാസ പെൻഷൻ നൽകി വരുന്നുണ്ടോ; വിശദാംശം നൽകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്. ചെറുകിട-നാമമാത്ര കർഷകർ ഉൾപ്പെടെ എല്ലാ നെൽകൃഷിക്കാർക്കും ഭൂപരിധി ബാധകമല്ലാതെ കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയുടെ ആനുകൂല്യം നൽകിവരുന്നുണ്ട്.

(ബി) 31-8-1995 -ലെ സർക്കാർ ഉത്തരവ് ജി.ഒ. (എം എസ്.) നമ്പർ 311/95/എ.ഡി., പ്രകാരം നെൽക്കൃഷിക്ക് 1-8-1995 മുതൽ പൂർണ്ണമായി വൈദ്യുതി സൗജന്യം അനുവദിച്ചിട്ടുണ്ട്. നെൽക്കൃഷിക്ക് ജലസേചനത്തിനായി വൈദ്യുതി ബോർഡിൽനിന്നും ലഭിച്ചിട്ടുള്ള കാർഷിക വൈദ്യുതി കണക്ഷനുള്ളവരും പ്രസ്തുത ആവശ്യത്തിനായി വൈദ്യുതി ഉപയോഗിച്ചുവരുന്നതുമായ കർഷകർ കൃഷി വകുപ്പിന്റെ കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും മാനദണ്ഡമാക്കിയാണ് പദ്ധതി ആനുകൂല്യം നൽകിവരുന്നത്. ഇപ്രകാരമുള്ള കർഷകരുടെ വൈദ്യുതി ചാർജ്ജ് സംബന്ധിച്ച ഇൻവോയ്സ് ബന്ധപ്പെട്ട കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് കൃഷി ഭവനിൽനിന്നും നേരിട്ട് വൈദ്യുതി ബോർഡിലേയ്ക്ക് തുക നൽകിവരികയാണ് ചെയ്യുന്നത്.

(സി) എല്ലാ ചെറുകിട-നാമമാത്ര കർഷകർക്കും പ്രതിമാസം കർഷക പെൻഷൻ 600 രൂപ നൽകിവന്നിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻ യു.ഡി.എഫ്. സർക്കാർ നൽകാനുണ്ടായിരുന്ന പെൻഷൻ കുടിശ്ശികയിൽ തിരുവനന്തപുരം ജില്ലയൊഴികെ മറ്റെല്ലാ ജില്ലകളിലും 2016 ജനുവരിവരെ കുടിശ്ശികയായ 113.52 കോടി രൂപ നൽകിക്കഴിഞ്ഞു. എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷനുകളും 1000 രൂപയായി വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2016 ജൂൺ ഒന്നാം തീയതി മുതൽ കർഷക പെൻഷൻ 600 രൂപയിൽനിന്ന് 1000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരം ഒരു മാസത്തെ തുകയായ 1000 രൂപവീതം നൽകുവാൻ 37.895 കോടി രൂപ അനുവദിച്ച് ജില്ലകളിലേയ്ക്ക് കൈമാറി ഉത്തരവായിട്ടുണ്ട്.

**സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിലെ അവ്യക്തത**

11 (T* *581) ഡോ. എം. കെ. മുനീർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ അവ്യക്തതയുള്ളതായി കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ കാര്യങ്ങളിലാണ് അവ്യക്തതയുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെൻഷൻ വിതരണത്തിനുമുമ്പ് ഇത്തരം അവ്യക്തതകൾ നീക്കം ചെയ്തിരുന്നോ എന്ന് വിശദമാക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്.

(ബി) ഇന്ത്യൻ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2016 വർഷത്തെ 6-ാം നമ്പർ റിപ്പോർട്ടിലാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി പ്രവർത്തന ചുമതലയെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത്. ആയതിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. സാമൂഹ്യ സുരക്ഷാ പെൻഷൻ അത്യധികം ആവശ്യമുള്ള സമൂഹത്തിലെ അവശവിഭാഗങ്ങളും ഇടത്തരവിഭാഗങ്ങളും ഈ പദ്ധതിയിൽനിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. ഇത് ഏകദേശം 15% വരും.

2. അർഹതയില്ലാത്ത അനവധി ഗുണഭോക്താക്കൾ പെൻഷൻ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നു. ഇത് ഏകദേശം ഗുണഭോക്തൃ ജനസമൂഹത്തിന്റെ 12% വരും.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

3. സാമൂഹ്യ സുരക്ഷിതത്വ പദ്ധതി താഴെപ്പറയുന്ന 5 പദ്ധതികളായാണ് നടപ്പിലാക്കിവരുന്നത്:

(i) ദേശീയ വാർദ്ധക്യകാല പെൻഷൻ

(ii) വിധവാ പെൻഷൻ

(iii) വികലാംഗ പെൻഷൻ

(iv) 50 വയസ്സിനുമേലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ

(v) കർഷകത്തൊഴിലാളി പെൻഷൻ

ഇവയ്ക്കായി പുറപ്പെടുവിച്ചിരിക്കുന്ന മാർഗ്ഗരേഖകൾ തികച്ചും സങ്കീർണ്ണവും ഇതിൽ ഏത് ആനുകൂല്യത്തിനാണ് അപേക്ഷിക്കേണ്ടതെന്ന് തീരുമാനമെടുക്കാൻ ബുദ്ധിമുട്ട് ഉണ്ടാകുന്നതുമാണ്. മാർഗ്ഗരേഖകളിലെ സങ്കീർണ്ണതമൂലം അർഹരും അവശരുമായ ഒരു വലിയ വിഭാഗം ആനുകൂല്യങ്ങളിൽനിന്നും ഒഴിവാക്കപ്പെടുന്ന സ്ഥിതി നിലനിൽക്കുന്നു.

4. അപേക്ഷകന്റെ വരുമാനം സാക്ഷ്യപ്പെടുത്തൽ, പരിശോധന, അംഗീകരിക്കൽ എന്നീ പ്രക്രിയകൾ സുതാര്യമല്ല എന്നതും ഗ്രാമസഭാ സംവിധാനം ഇതിനായി ഉപയോഗപ്പെടുത്തുന്നില്ല എന്നതും അനർഹരായവർ ഗുണഭോക്താക്കളുടെ പട്ടികയിൽ കടന്നുകൂടുന്നതും പദ്ധതിയുടെ കാര്യക്ഷമതയെയും ഉദ്ദേശ്യശുദ്ധിയെയും നശിപ്പിക്കുന്നു.

5. പെൻഷൻ അനുവദിക്കുന്നതിൽ തദ്ദേശ സ്ഥാപനങ്ങൾ തുടരുന്ന വ്യത്യസ്ത രീതികളും നടപടിക്രമങ്ങളും വ്യക്തതയില്ലാത്തതായതിനാൽ കാലതാമസത്തിലേയ്ക്ക് നയിക്കുക മാത്രമല്ല, ഗുണഭോക്താക്കൾക്ക് ധനപരമായ നഷ്ടമുണ്ടാക്കുകയും ചെയ്യുന്നു. നടപടിക്രമങ്ങളുടെ രേഖ സൂക്ഷിക്കൽ പരാതി പരിഹാരം, നിരീക്ഷണം, മേൽനോട്ടം എന്നിവയ്ക്ക് വ്യവസ്ഥാപിതമായ നടപടിക്രമങ്ങൾ ഏർപ്പെടുത്താത്തതുമൂലം ഉത്തരവാദിത്തത്തിൽനിന്നുള്ള വീഴ്ചയ്ക്ക് ഇടനൽകുന്നു.

6. പെൻഷൻ പ്രതിമാസം വിതരണം ചെയ്യാത്തതുമൂലം ഇത് നിത്യവൃത്തിക്കുള്ള വരുമാന സഹായിയായി ഉപകരിക്കുന്നില്ല. ക്രമമല്ലാത്ത ഇടവേളകളിൽ നൽകുന്ന ഈ സംവിധാനം ധനസഹായത്തിന്റെ ആവശ്യകതയെത്തന്നെ പരാജയപ്പെടുത്തുന്നു.

7. ഫണ്ടുകൾ വിതരണം ചെയ്യുമ്പോൾ സർക്കാർ നൽകുന്ന മാർഗ്ഗ നിർദ്ദേശങ്ങൾമൂലം ഫണ്ടുകൾ ലാപ്സാകാനുള്ള സാഹചര്യം സൃഷ്ടിക്കുന്നു.

8. വിതരണത്തിന്മേൽ നിരീക്ഷണ സംവിധാനത്തിന്റെ അഭാവംമൂലം ഒരാൾക്ക് ഒന്നിൽ കൂടുതൽ പെൻഷനുകൾ ലഭിക്കുന്നതിന് വഴി തെളിക്കുന്നു. യഥാർത്ഥ ഗുണഭോക്താവിനെ കണ്ടെത്തുന്നതിനോ വിതരണം ചെയ്യുന്ന തുക യഥാർത്ഥ ഗുണഭോക്താവിന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനോ അവരുടെ അർഹതാ നിലവാരം പരിശോധിക്കുന്നതിനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല.

(സി) പോരായ്മകൾ പരിഹരിച്ച് കാര്യക്ഷമമായി പെൻഷൻ വിതരണം നടത്തുന്നതിന് ശ്രമം നടത്തിയിട്ടുണ്ട്.

**സമ്പൂർണ്ണ പാർപ്പിട പദ്ധതി**

12 (*582) ശ്രീ. റോജി എം. ജോൺ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതരേയും ഭവനരഹിതരേയും കണ്ടെത്തി സമ്പൂർണ്ണ പാർപ്പിട പദ്ധതിക്ക് തദ്ദേശ സ്വയംഭരണവകുപ്പ് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇതിനുള്ള ധനസമാഹരണം എങ്ങനെ നടത്തുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിവരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) സമഗ്ര കേരള വികസനത്തിനുവേണ്ടി 5 വർഷംകൊണ്ട് ജനപങ്കാളിത്തത്തോടെ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന കർമ്മപദ്ധതികളിൽ

ഉൾപ്പെടുത്തി സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് 28-9-2016-ലെ സ.ഉ. (പി) നമ്പർ 41/2016/ആ.സ.വ. പ്രകാരം തീരുമാനിച്ചിട്ടുണ്ട്. അടുത്ത 5 വർഷംകൊണ്ട് കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കും വീടും ഭൂമിയും ഉറപ്പാക്കുക എന്നതാണ് പദ്ധതി. ഭവനരഹിതർ, ഭവന നിർമ്മാണത്തിന് സർക്കാർ ധനസഹായം ലഭിച്ചെങ്കിലും ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ, വാസയോഗ്യമല്ലാത്ത ലക്ഷം വീടുകളിൽ താമസിക്കുന്നവർ, പുറമ്പോക്ക്, തോട്ടം മേഖല, തീരദേശ മേഖല എന്നിവിടങ്ങളിൽ താൽക്കാലിക ഭവനമുള്ളവർ, ഭൂമിയില്ലാത്ത ഭവനരഹിതർ എന്നിവരായിരിക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

(ബി) ഉണ്ട്. ഭവനരഹിതർ, ഭവന നിർമ്മാണത്തിന് സർക്കാർ ധനസഹായം ലഭിച്ചെങ്കിലും ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ, വാസയോഗ്യമല്ലാത്ത ലക്ഷം വീടുകളിൽ താമസിക്കുന്നവർ, പുറമ്പോക്ക്, തോട്ടം മേഖല, തീരദേശ മേഖല എന്നിവിടങ്ങളിൽ താൽക്കാലിക ഭവനമുള്ളവർ, ഭൂമിയില്ലാത്ത ഭവനരഹിതർ എന്നിവരായിരിക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

(സി) ഇത് സംബന്ധിച്ച് ചർച്ചകൾ നടന്നുവരുന്നതേയുള്ളൂ. തീരുമാനമായിട്ടില്ല.

**ഹൈടെക് കൃഷി രീതി**

13 (*583) ശ്രീ. കെ. രാജൻ:
ശ്രീ. സി. ദിവാകരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈടെക് കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് പോളീഹൗസ് സാങ്കേതികവിദ്യ നടപ്പിലാക്കിയിട്ടുണ്ടോ; ആയതിന്റെ ഗുണവിശേഷങ്ങൾ വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഹൈടെക് കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി പോളീഹൗസ് സ്ഥാപിക്കുന്നതിന് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള

മുഖാന്തിരം ഹൈടെക് ഫാമിംഗ്, പച്ചക്കറി കൃഷി വികസന പദ്ധതി, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്നീ മൂന്ന് പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. കേരളത്തിന് അനുയോജ്യമായ ചെറിയ പോളീഹൗസുകൾ നടപ്പിലാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇത്തരം യൂണിറ്റുകളിൽ വീടുകളിൽനിന്ന് പുറന്തള്ളുന്ന ഉപയോഗിച്ച ജലം ശുദ്ധി ചെയ്ത് പുനരുപയോഗിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തുന്നതാണ്.

(ബി) ഉണ്ട്. പോളീഹൗസ് കൃഷി രീതിയുടെ ഗുണവിശേഷങ്ങൾ ചുവടെ ചേർക്കുന്നു:

- പോളീഹൗസ് കൃഷി തുറസ്സായ സ്ഥലത്തെ അപേക്ഷിച്ച് മൂന്ന് ഇരട്ടിയിലധികം അധിക ഉത്പാദനം സാധ്യമാക്കുന്നുണ്ട്.
- കീടനാശിനി ഉപയോഗം കുറവായതിനാലും തുല്യവലുപ്പവും ഗുണമേന്മയുമുള്ള ഉത്പന്നമായതിനാലും പോളീഹൗസിലെ ഉത്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നുണ്ട്.
- പോളീഹൗസിനുള്ളിലെ കൃഷിയെ കാലാവസ്ഥാ വ്യതിയാനങ്ങൾ ബാധിക്കാത്തതിനാൽ വർഷം മുഴുവനും ഉത്പന്ന ലഭ്യതയും വരുമാനവും കർഷകർക്ക് ഉറപ്പുവരുത്തുന്നു.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

14 (*584) ശ്രീ. സി. കെ. നാണു:
ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. തോമസ് ചാണ്ടി:
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഇപ്പോൾ ശരാശരി അൻപത് തൊഴിൽ ദിനങ്ങൾ മാത്രമാണ് തൊഴിലാളികൾക്ക് ലഭ്യമാകുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്പോൾ വിവിധ ജില്ലകളിൽനിന്നും സമർപ്പിക്കപ്പെട്ട കർമ്മ പദ്ധതികളിൽ അൻപത് ദിവസങ്ങളിൽ കുറവ് മാത്രമാണ് ഈ വർഷം വിഭാവനം ചെയ്തിരിക്കുന്നത് എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗരേഖ തൊഴിൽ ദിനങ്ങൾ കുറയാൻ കാരണമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഈ മാർഗ്ഗരേഖകളിലെ അപാകതകൾ പരിഹരിക്കാനും കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും എന്തൊക്കെ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ഓരോ പഞ്ചായത്തിലും തൊഴിൽ സേനകൾ രൂപീകരിക്കുമെന്നും കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാന സഹായത്തോടെ തൊഴിലാളി കൈമാറ്റം നടപ്പാക്കുമെന്നുമുള്ള വാഗ്ദാനം പ്രാവർത്തികമാക്കാനുള്ള കർമ്മ പദ്ധതി എന്താണെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി <u>(ഡോ. കെ. ടി. ജലീൽ)</u>:

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പുവർഷം ആറുമാസം പൂർത്തീകരിക്കുമ്പോൾ തൊഴിൽ ആവശ്യപ്പെട്ട 11.51 ലക്ഷം കുടുംബങ്ങൾക്ക് ശരാശരി 20.75 ദിവസങ്ങളാണ് തൊഴിൽ ലഭിച്ചിട്ടുള്ളത്. കഴിഞ്ഞ 4 വർഷങ്ങളിൽ കേരളത്തിൽ തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് ശരാശരി 50 ദിവസം തൊഴിൽ ലഭിച്ചിട്ടുണ്ട്.

ഓരോ സാമ്പത്തിക വർഷവും പദ്ധതി പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുകൾ ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നുണ്ട്. പ്രസ്തുത ലേബർ ബഡ്ജറ്റിൽ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നത് പ്രതീക്ഷിക്കുന്ന തൊഴിൽ ആവശ്യകതയുടെ അടിസ്ഥാനത്തിലാണ്. തൊഴിലുറപ്പ് പദ്ധതി ഒരു ആവശ്യാധിഷ്ഠിത പദ്ധതിയെന്ന നിലയ്ക്ക് പഞ്ചായത്തുകളിൽ തൊഴിലിനുള്ള ഡിമാന്റ് വർദ്ധിക്കുന്ന മുറയ്ക്ക് ലേബർ ബഡ്ജറ്റ് പുതുക്കുന്നതിനും പ്രവൃത്തികളുടെ പട്ടിക വിപുലീകരിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാനുള്ള നിർദ്ദേശങ്ങളും നിബന്ധനകളുമാണ് പുതുക്കിയ മാർഗ്ഗരേഖകളിലുള്ളത്. പുതുക്കിയ മാർഗ്ഗരേഖ തൊഴിൽ ദിനങ്ങൾ കുറയാൻ കാണമായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നടപ്പ് സാമ്പത്തിക വർഷം പദ്ധതി പ്രവർത്തനങ്ങൾ വിപുലീകരിച്ച് കൂടുതൽ തൊഴിൽ ദിനങ്ങൾ സംസ്ഥാനത്ത് സൃഷ്ടിച്ച് അതുവഴി കൂടുതൽ ഫണ്ട് ലഭിക്കുന്നതിന് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ ക്രിയാത്മകമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ഓരോ പഞ്ചായത്തിലും തൊഴിൽ സേനകളുടെ രൂപീകരണവും തൊഴിലാളി കൈമാറ്റവും പ്രാവർത്തികമാക്കുന്നതിനുള്ള കർമ്മ പദ്ധതികൾ ഇപ്പോൾ നിലവിലില്ല.

**നാളികേര കർഷകർക്ക് ന്യായവില നൽകൽ**

15 (*585) ശ്രീ. എം. സ്വരാജ് :

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :

ശ്രീ. പി. ടി. എ. റഹീം :

ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കൾ വെളിച്ചെണ്ണയ്ക്ക് ഉയർന്ന വില നൽകേണ്ടി വരുന്ന സാഹചര്യത്തിൽ തന്നെ നാളികേര കർഷകർക്ക് ന്യായവില ലഭിക്കാതെ പോകുന്നതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) നാളികേര കർഷകന് ആശ്വാസം നൽകുന്നതിനായി കേരഫെഡിന്റെ പ്രവർത്തനം എത്ര മാത്രം ഫലപ്രദമായിട്ടുണ്ട്; സംഭരിക്കുന്ന നാളികേരത്തിന്റെ വില വളരെക്കാലമായി കുടിശ്ശികയാക്കിയിരിക്കുന്നത് കർഷകരെ ബുദ്ധിമുട്ടിലാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ വെളിച്ചെണ്ണ വിപണിയിൽ കേരഫെഡിന്റെ സാന്നിദ്ധ്യം പരിമിതപ്പെട്ടുപോകാനുള്ള കാരണമെന്താണെന്ന് വിശകലനം ചെയ്തിട്ടുണ്ടോ; ഈ സ്ഥാപനത്തെ കർഷകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനപ്രദമാക്കുന്ന രീതിയിൽ ഉടച്ചു വാർക്കാൻ നടപടിയെടുക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) നാളികേര കർഷകർക്ക് ന്യായവില ലഭിക്കുന്നുണ്ട്. മാർക്കറ്റ് വിലയേക്കാൾ ഉയർന്ന നിരക്കിലുള്ള താങ്ങുവിലയായ കിലോയ്ക്ക് 25 രൂപ നൽകിയാണ് കൃഷി ഭവനുകൾവഴി പച്ചത്തേങ്ങ സംഭരിക്കുന്നത്.

(ബി) മാർക്കറ്റ് വിലയേക്കാൾ ഉയർന്ന നിരക്കിലുള്ള താങ്ങുവില നൽകി കൃഷി ഭവനുകൾവഴി പച്ചത്തേങ്ങ സംഭരിക്കുന്നത് കർഷകന് ആശ്വാസം നൽകുന്നു. സംഭരിക്കുന്ന നാളികേരത്തിന്റെ വില കുടിശ്ശികയായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംഭരിച്ച തേങ്ങയുടെ വില നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും സൗകര്യപ്രദവും കുറ്റമറ്റതും കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന രീതിയിലും സംഭരണം നടത്തുന്നതിന്റെ പ്രായോഗികത

പരിശോധിച്ച് യുക്തിസഹമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ കൃഷി വകുപ്പ് ഡയറക്ടർ, കേരഫെഡ് മാനേജിംഗ് ഡയറക്ടർ, മാർക്കറ്റ്ഫെഡ് മാനേജിംഗ് ഡയറക്ടർ, നാഫെഡ് ബ്രാഞ്ച് മാനേജർ എന്നിവർ അടങ്ങിയ ഒരു സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വെളിച്ചെണ്ണ വിപണിയിലെ കേരഫെഡിന്റെ മാർക്കറ്റ് ഷെയർ വളരെ പരിമിതമാണ്. എന്നാൽ ശുദ്ധമായതും മായമില്ലാത്തതുമായ വെളിച്ചെണ്ണ വിപണിയിലിറക്കുന്ന കേരഫെഡിന്റെ സാന്നിദ്ധ്യം ഇപ്പോഴും സജീവമാണ്. പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരികയാണ്.

**ഗ്രാമീൺ കൗശല്യ യോജന**

16 (*586) ശ്രീമതി വീണാ ജോർജ്ജ് :

ശ്രീ. എം. എം. മണി :

ശ്രീ. ഒ. ആർ. കേളു :

ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഭാഗമായുള്ള 'ഗ്രാമീൺ കൗശല്യ യോജന' വഴി നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ഭാഗമായി ഗ്രാമവാസികൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകാൻ പദ്ധതിയുണ്ടോ; ഏതെല്ലാം തൊഴിൽ മേഖലകളിലാണ് നൈപുണ്യം വികസിപ്പിക്കാനാവശ്യമായ പരിശീലനം നൽകുന്നത്; ഇതിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഭാഗമായി എത്ര പേർക്ക് തൊഴിൽ ലഭിച്ചെന്ന് കണക്കുണ്ടോ; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) കുടുംബശ്രീ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ 'ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന' (ആജീവിക സ്കിൽസ്)-യിലൂടെ 18-നും 35-നും ഇടയിൽ പ്രായമുള്ള യുവതീ യുവാക്കൾക്കും 45 വയസ്സുവരെ പ്രായമുള്ള സ്ത്രീകൾക്കും വിവിധ തൊഴിലുകളിൽ പരിശീലനം നൽകുകയും തുടർന്ന് സംഘടിത മേഖലയിൽ ജോലി ലഭിക്കുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുന്നു.

(ബി) ഉണ്ട്. താഴെപ്പറയുന്ന മേഖലകളിലാണ് നൈപുണ്യ പരിശീലനം നൽകിവരുന്നത്:

1. ടൂറിസം & ഹോസ്പിറ്റാലിറ്റി
2. റീട്ടെയിൽ
3. ടെലികോം
4. ഇൻഫർമേഷൻ ടെക്നോളജി
5. ഹെൽത്ത് കെയർ
6. ഓട്ടോമോട്ടീവ്
7. ബാങ്കിംഗ് & അക്കൗണ്ടിംഗ്
8. കൺസ്ട്രക്ഷൻ
9. കൊറിയർ & ലോജിസ്റ്റിക്സ്
10. ഫുഡ് പ്രോസസ്സിംഗ്
11. ഇൻഷ്വറൻസ്
12. പ്രൊഡക്ഷൻ & മാനുഫാക്ചറിംഗ്
13. ഫാഷൻ ഡിസൈനിംഗ്
14. അപ്പാരൽ
15. ഇലക്ട്രിക്കൽ & പ്ലമ്പിംഗ്
16. ഇലക്ട്രോണിക്സ്
17. ഫാർമ.

പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡം ചുവടെ ചേർക്കുന്നു:

<u>ഗുണഭോക്താക്കൾ</u>

- 18-നും 35-നും ഇടയിൽ പ്രായമുള്ള ഗ്രാമീണ യുവതീയുവാക്കൾ
- സ്ത്രീകൾ, ശാരീരിക വൈകല്യമുള്ളവർ, മൂന്നാംലിംഗത്തിൽപ്പെട്ടവർ, പട്ടികവർഗ്ഗക്കാർ എന്നിവർക്ക് മുൻഗണന (45 വയസ്സുവരെ ഇളവ്)

- തൊഴിലുറപ്പ് പദ്ധതിയിൽ അംഗമായ കുടുംബങ്ങൾക്ക് മുൻഗണന (ഒരു വർഷത്തിൽ കുറഞ്ഞത് 15 തൊഴിൽ ദിനങ്ങളെങ്കിലും പൂർത്തീകരിച്ചവർ)

- പ്രാക്തന ഗോത്രവർഗ്ഗത്തിൽപ്പെട്ടവർക്ക് മുൻഗണന.

(സി) നാളിതുവരെ പരിശീലനം പൂർത്തിയാക്കിയ 11447 പേരിൽ 6096 പേർക്ക് തൊഴിൽ ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ റണ്ണിംഗ് ടൈം

17 (*587) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ റണ്ണിംഗ് ടൈം ഓരോ വിഭാഗം വാഹനത്തിനും വേർതിരിച്ച് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ഡ്രൈവർമാരുടെ ഒരു ഡ്യൂട്ടി കണക്കാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡവും അതിനുള്ള പരമാവധി സമയവും ദൂരവും സംബന്ധിച്ച വിശദവിവരം നല്കാമോ;

(സി) തുടർച്ചയായി ഒന്നിലേറെ ഡ്യൂട്ടി നല്കാറുണ്ടോ; എങ്കിൽ പരമാവധി എത്ര ഡ്യൂട്ടി വരെ തുടർച്ചയായി നല്കിയിട്ടുണ്ടെന്നതിന്റെ വിശദവിവരം വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) നിശ്ചയിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരമാണ് ഡ്യൂട്ടി നിശ്ചയിച്ചിരിക്കുന്നത്. വിശ്രമം ഉൾപ്പെടെ ഒരു ഡ്യൂട്ടിക്ക് അനുവദിച്ചിരിക്കുന്ന പരമാവധി സമയം 8 മണിക്കൂർ ആണ്. വിവിധതരം സർവ്വീസുകൾക്ക് അനുവദിച്ചിരിക്കുന്ന ദൂരം വ്യത്യസ്തമാണ്. വിശദവിവരം താഴെപ്പറയുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സിറ്റി ഓർഡിനറി : 110 മുതൽ 125 കി.മീ. വരെ

മൊഫ്യൂസിൽ ഓർഡിനറി : 125 മുതൽ 150 കി.മീ. വരെ

ഫാസ്റ്റ് പാസഞ്ചർ : 200 മുതൽ 225 കി.മീ. വരെ

സൂപ്പർ ഫാസ്റ്റ് മുതൽ സ്കാനിയവരെയുള്ള സർവ്വീസുകളിൽ സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നിലവിലില്ല.

(സി) നൽകാറുണ്ട്. പരമാവധി 5 ഡ്യൂട്ടി വരെ തുടർച്ചയായി നൽകിയിട്ടുണ്ട്. ദീർഘദൂര സർവ്വീസുകളിൽ ലക്ഷ്യസ്ഥാനത്ത് എത്തിക്കഴിഞ്ഞ് മതിയായ വിശ്രമം നൽകിയശേഷം തിരികെ സ്റ്റാർട്ടിംഗ് പോയിന്റിൽ എത്തവേ സഞ്ചരിച്ച മുഴവൻ ദൂരം ഒരുമിച്ച് കണക്കാക്കിയാണ് ഡ്യൂട്ടി അനുവദിക്കുന്നത്.

**ജനന സർട്ടിഫിക്കറ്റ്**

18 (*588) ശ്രീ. പി. ഉബൈദുള്ള :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. എൻ .എ. നെല്ലിക്കുന്ന് :

ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിലും വീട്ടിലും നടക്കുന്ന ജനനങ്ങൾക്ക് ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്ന കാര്യത്തിലും സർട്ടിഫിക്കറ്റുകളിൽ കടന്നു കൂടുന്ന നിസ്സാര പിശകുകൾ തിരുത്തിക്കിട്ടുന്ന കാര്യത്തിലും സാധാരണക്കാർ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ തലത്തിൽ നിരവധി സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടും, രജിസ്ട്രേഷൻ ഉദ്യോഗസ്ഥരുടെ നിഷേധാത്മക നിലപാടുകൾ മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ജില്ലാതലത്തിൽ അദാലത്തു നടത്തുന്ന കാര്യം പരിശോധിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഇല്ല.

(ബി) സംസ്ഥാനത്തെ എല്ലാ തദ്ദേശ രജിസ്ട്രേഷൻ യൂണിറ്റുകളിലെയും 1970-ന് ശേഷമുള്ള ജനന-മരണ രജിസ്ട്രേഷൻ ജോലികൾ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കി സർട്ടിഫിക്കറ്റുകൾ www.cr.lsgkerala.gov.in എന്ന വെബ്സൈറ്റിൽനിന്നും പൊതുജനങ്ങൾക്ക് യഥേഷ്ടം ഡൗൺലോഡ് ചെയ്തെടുക്കുന്ന സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ആശുപത്രിയിൽവെച്ച് നടക്കുന്ന ജനനങ്ങൾക്കുള്ള സാക്ഷ്യപത്രങ്ങൾ, മാതാവും കുഞ്ഞും ആശുപത്രിവിടുന്ന ദിവസം ആശുപത്രി സ്ഥിതി ചെയ്യുന്ന തദ്ദേശ രജിസ്ട്രേഷൻ യൂണിറ്റുകളിൽ നടപടികൾ പൂർത്തിയാക്കി, ആശുപത്രി മുഖേന വിതരണം ചെയ്തുവരുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വീട്ടിൽവെച്ചുള്ള ജനനങ്ങൾ 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ടിലെ ഉപവകുപ്പ് (1)(എ) പ്രകാരം തൽസമയത്ത് വീട്ടിലുണ്ടായിരുന്ന മുതിർന്ന വ്യക്തി സംഭവം നടന്ന വീട് സ്ഥിതി ചെയ്യുന്ന തദ്ദേശ സ്ഥാപനത്തിൽ വിവരം അറിയിക്കേണ്ടതും സംഗതിയുടെ നിജസ്ഥിതി ബോധ്യപ്പെടുന്നതിലേയ്ക്കായി രജിസ്ട്രാർക്ക് ഒരന്വേഷണം നടത്തി ജനന രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ച് ജനന സർട്ടിഫിക്കറ്റ് അനുവദിക്കാവുന്നതുമാണ്.

ജനന-മരണ രജിസ്ട്രേഷൻ കുറ്റമറ്റ രീതിയിലും കാര്യക്ഷമമായും സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നുവരികയാണ്. രജിസ്ട്രേഷനുകളിലെ വസ്തുതാപരമായ തെറ്റുകൾ തിരുത്തൽ വരുത്തുന്നതിന് പ്രസ്തുത ചട്ടത്തിലെ വകുപ്പ് 15 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനായി അപേക്ഷിക്കുന്നവർ തിരുത്തേണ്ട വസ്തുത സംബന്ധിച്ച് ബോധ്യമുള്ള രണ്ട് വിശ്വസനീയരായ വ്യക്തികളുടെ സത്യപ്രസ്താവന ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ അത് തെളിയിക്കുന്ന രേഖകൾ സഹിതം അപേക്ഷിച്ചാൽ സമയബന്ധിതമായി ഇത്തരം പിശകുകൾ തിരുത്തി നൽകാവുന്നതാണ്. സംസ്ഥാനത്ത് നിലവിൽ മേൽവിഷയം സംബന്ധിച്ച് സങ്കീർണ്ണമായ പ്രശ്നങ്ങളൊന്നും ശ്രദ്ധയിൽപ്പെടാത്ത സാഹചര്യത്തിൽ ഇത് സംബന്ധിച്ച് ഒരു അദാലത്ത് നടത്തേണ്ടതിന്റെ ആവശ്യമില്ല.

## ഹോർട്ടികൾച്ചർ മിഷന്റെ പ്രവർത്തനങ്ങൾ

19 (*589) ശ്രീ. കെ. ബാബു:

ശ്രീ. രാജു എബ്രഹാം:

ശ്രീ. യു. ആർ. പ്രദീപ്:

ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഹോർട്ടികൾച്ചർ മിഷന്റെ ഭാഗമായി രൂപീകരിച്ച സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ഏതെല്ലാം വിളകളുടെ സമഗ്ര വികസനത്തിനാണ് പ്രസ്തുത മിഷൻ പ്രാധാന്യം നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കുള്ള കേന്ദ്രവിഹിതം എത്രയെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ദേശീയ ഹോർട്ടികൾച്ചർ മിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനതലത്തിൽ നടപ്പിലാക്കുന്നതിനായി 2005 നവംബർ മാസം രൂപീകൃതമായ സ്ഥാപനമാണ് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള. 2009 ജൂലൈ മാസം മുതൽ ദേശീയ ഔഷധ സസ്യ മിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയും 2011-12 മുതൽ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളും 2012-13 മുതൽ ഹൈടെക് ഫാമിംഗ് പദ്ധതിയും 2014-15 മുതൽ ഓൺഫാം വാട്ടർ മാനേജ്മെന്റ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയും സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള മുഖാന്തരം സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. 2014-15 മുതൽ ദേശീയ ഹോർട്ടികൾച്ചർ മിഷൻ, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) എന്നും 2016-17 മുതൽ ഓൺഫാം വാട്ടർ മാനേജ്മെന്റ് പദ്ധതി പെർ ഡ്രോപ്പ് മോർ ക്രോപ്പ് എന്ന പ്രധാൻ മന്ത്രി കൃഷി സിഞ്ചായ് യോജനയുടെ ഘടകമായും പുനഃനാമകരണം ചെയ്തിരിക്കുന്നു.

(ബി) മാവ്, വാഴ, കൈതച്ചക്ക എന്നീ ഫലവർഗ്ഗവിളകളും കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, കറുവപ്പട്ട, ഗ്രാമ്പൂ എന്നീ സുഗന്ധവ്യഞ്ജന വിളകളും കശുമാവ്, കൊക്കോ എന്നീ തോട്ടവിളകളും പുഷ്പകൃഷി എന്നിവയുടെയും സമഗ്ര വികസനത്തിനുമാണ് പ്രസ്തുത മിഷൻ പ്രാധാന്യം നൽകുന്നത്. കൂടാതെ കൂൺ കൃഷിയും തേനീച്ച വളർത്തലും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നതിനായി 77.37 കോടി രൂപയുടെ വാർഷിക കർമ്മ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിന്റെ 60% ആയ 46.422 കോടി രൂപയാണ് കേന്ദ്ര വിഹിതം.

**കേരള സുസ്ഥിര നഗര വികസന പദ്ധതി**

20 (*590) ശ്രീമതി ഗീതാ ഗോപി:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ (കെ.എസ്.യു.ഡി.പി.) ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ കോർപ്പറേഷനുകളിലാണ് പദ്ധതി നടപ്പാക്കുന്നതെന്നും ഇതിനായി എത്ര രൂപയുടെ വായ്പയാണ് എ.ഡി.ബി. അനുവദിച്ചതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭൗതീക നേട്ടങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരസഭകളിലെ സമഗ്രപശ്ചാത്തല വികസനം, ദാരിദ്ര്യ ലഘൂകരണം, നഗര ദരിദ്ര വിഭാഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തൽ, ശുദ്ധജല വിതരണ പദ്ധതികൾ, സ്വീവറേജ്-സാനിട്ടേഷൻ പദ്ധതികൾ, സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതികൾ, റോഡുകളുടെ പുനരുദ്ധാരണ പദ്ധതികൾ, സാമൂഹ്യ പശ്ചാത്തല വികസന പദ്ധതികൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം.

(ബി) കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ അഞ്ച് കോർപ്പറേഷനുകളിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതിക്കായി 123.4 മില്യൻ ഡോളർ (820.98 കോടി രൂപ) വായ്പയാണ് എ.ഡി.ബി. അനുവദിച്ചിട്ടുള്ളത്.

(സി) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തെരുവുനായ പ്രശ്നങ്ങൾ പഠിക്കുന്ന ജസ്റ്റിസ് സിരിജഗൻ കമ്മിറ്റി

21 (*591) ശ്രീ. എ. എൻ. ഷംസീർ:

ശ്രീ. ഐ. ബി. സതീഷ്:

ശ്രീ. ആന്റണി ജോൺ:

പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കുന്ന ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(ബി) ശാസ്ത്രീയമായ മാലിന്യസംസ്കരണത്തിന്റെ അഭാവമാണ് തെരുവ് നായ ശല്യം വർദ്ധിക്കുന്നതിന് കാരണമെന്നതിനാൽ ആയത് പരിഹരിക്കാനായി എന്തു പദ്ധതിയാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) തെരുവുനായയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കുന്ന ജസ്റ്റിസ് സിരിജഗൻ കമ്മിറ്റി സർക്കാരിൽ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ല.

(ബി) ഏതെങ്കിലും തെരുവിലോ കെട്ടിടത്തിന്റെ വരാന്തയിലോ മൃഗങ്ങളുടെ അവശിഷ്ടവും ചവറും മാലിന്യവും നിക്ഷേപിക്കുക, ചവറോ മാലിന്യങ്ങളോ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുക എന്നീ പ്രവൃത്തികൾ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219 ഐ, 219 എൻ എന്നീ വകുപ്പുകൾ പ്രകാരം നിരോധിച്ചിട്ടുള്ളതാണ്. ഇത് ലംഘിക്കുന്നവർക്കെതിരെ നിയമപ്രകാരമുള്ള കർശന നടപടികൾ സ്വീകരിക്കുന്നതിനും തെരുവുകളും പൊതുസ്ഥലങ്ങളും മാലിന്യമുക്തമാക്കുന്നതിനും നടപടികൾ ഉറപ്പുവരുത്തുന്നതിനും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുകയും 901 ഗ്രാമപഞ്ചായത്തുകൾ പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിച്ചവർക്കെതിരെ നടപടി സ്വീകരിക്കുകയും 74 ഗ്രാമപഞ്ചായത്തുകൾ പ്രസ്തുത പ്രവൃത്തികൾ നടത്തിയവർക്കെതിരെ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. ശാസ്ത്രീയമായ മാലിന്യ സംസ്കരണ പദ്ധതികൾ ഒരു ഗ്രാമപഞ്ചായത്തിന് മാത്രമായി രൂപീകരിക്കുന്നതിന് ബുദ്ധിമുട്ടുള്ള പക്ഷം സംയുക്ത പ്രോജക്ടായി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വാർഷിക പദ്ധതിയിൽ 10% തുക മാലിന്യനിർമ്മാർജ്ജനത്തിനായി എല്ലാ ഗ്രാമപഞ്ചായത്തുകളും നിർബന്ധമായും വകയിരുത്തുന്നുണ്ട്.

സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ഉറവിട മാലിന്യ സംസ്കരണ പദ്ധതി ശുചിത്വമിഷൻ മുഖേന നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ ആയവ സ്ഥാപിക്കുന്നതിനും പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ ഉള്ള നഗരസഭകളിൽ ആയത് കുറ്റമറ്റതാക്കി ആധുനികവത്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. മാലിന്യങ്ങൾ അവ ഉൽപ്പാദിപ്പിക്കപ്പെടുന്ന സ്ഥലത്തുതന്നെ തരംതിരിക്കപ്പെടുന്നതിനും ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനും പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും പൊതുമാലിന്യ പ്ലാന്റ് ആധുനികവൽക്കരിക്കുന്നതിനും അജൈവ മാലിന്യങ്ങൾ പുനഃചംക്രമണത്തിന് കൈമാറുന്നതിനും ആയതിലേയ്ക്കായി തരംതിരിച്ച് സംഭരിക്കുന്നതിനുമുള്ള മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കുന്നതിനും ദ്രവമാലിന്യം സംസ്കരിക്കുന്നതിന് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചുവരുന്നു. ആയതുപ്രകാരം ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്കും പൊതുമാലിന്യ സംസ്കരണ പദ്ധതിക്കും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിയും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുംവേണ്ട നടപടികൾ അതാത് നഗരസഭകൾ സ്വീകരിച്ചുവരുന്നുണ്ട്.

**കുടുംബശ്രീ യൂണിറ്റുകൾ**

22 (*592) <u>ശ്രീമതി യു. പ്രതിഭ ഹരി:</u>

<u>ശ്രീ. ഇ. പി. ജയരാജൻ:</u>

<u>ശ്രീമതി പി. അയിഷാ പോറ്റി:</u>

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീശാക്തീകരണവും സാമൂഹികപുരോഗതിയും ലക്ഷ്യമിട്ട് എൽ.ഡി.എഫ്. സർക്കാർ രൂപം നൽകിയ കുടുംബശ്രീ മുൻസർക്കാരിന്റെ കാലത്ത് പ്രതിസന്ധിയിലായതായ പരാതി പരിഹരിച്ച് ഈ പ്രസ്ഥാനത്തെ ശാക്തീകരിക്കാൻ നടപടിയെടുക്കുമോ;

(ബി) നിലവിൽ ഏറ്റെടുത്തുവരുന്ന തൊഴിൽ മേഖലയിൽ നിന്ന് വിഭിന്നമായി സേവനമേഖലയിലെ വിവിധ സംരംഭങ്ങളും സ്വന്തമായി മൈക്രോ സംരംഭങ്ങളും ഏറ്റെടുക്കാൻ കുടുംബശ്രീ യൂണിറ്റുകളെ പ്രാപ്തമാക്കാൻ പദ്ധതിയുണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ;

(സി) മൃഗസംരക്ഷണ മേഖലയിൽ കുടുംബശ്രീ യൂണിറ്റുകൾ മുഖേന ഏറ്റെടുത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികളുടെ വിശദാംശം നൽകുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഉണ്ട്. സേവന മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികളാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. ആയതിന്റെ ഭാഗമായി നിലവിലുള്ള സേവന മേഖലയിലെ സംരംഭങ്ങളായ റെയിൽവേ പാർക്കിംഗ്, സാന്ത്വനം പദ്ധതി, കുടുംബശ്രീ ട്രാവൽസ്, പ്രീമിയം വെയ്റ്റിംഗ് ഹാൾ മാനേജ്മെന്റ്, ഇ-കാറ്ററിംഗ്, വനിതാ കെട്ടിട നിർമ്മാണ ഗ്രൂപ്പ്, ടാക്സി-ബസ് സർവ്വീസുകൾ എന്നിവയെ മറ്റ് മേഖലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിന് പുറമെ പുതിയ ആശയങ്ങളായ ജെൻ ഔഷധി സ്റ്റോറുകൾ, ഇ-സേവാ കേന്ദ്രം, കോൾ സെന്ററുകൾ, ജൻ ആഹാർ, ഹൗസ് കീപ്പിംഗ് യൂണിറ്റുകൾ, തെരുവുനായ നിയന്ത്രണ യൂണിറ്റുകൾ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ കുടുംബശ്രീ സ്വീകരിച്ചുവരികയാണ്. കൂടാതെ കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ഭാഗമായി വിവിധ മേഖലകളിൽ കുടുംബശ്രീ പ്രവർത്തകർക്ക് തൊഴിലവസരം ഉണ്ടാക്കുന്നതിനും പദ്ധതിയുണ്ട്.

(സി) ജില്ലാ മിഷനുകൾവഴി തെരഞ്ഞെടുക്കുന്ന സംരംഭകർക്ക് പരിശീലനം നൽകുകയും അവരെ ഉൾപ്പെടുത്തി 5 പേർ അടങ്ങുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ (ജെഎൽജി) രൂപീകരിക്കുകയും, ഈ ഗ്രൂപ്പുകൾക്ക് മൃഗസംരക്ഷണ മേഖലാ മാർഗ്ഗനിർദ്ദേശ പ്രകാരം സബ്സിഡി നൽകുകയും ചെയ്യുന്നുണ്ട്. നിലവിൽ 5 പേർ അടങ്ങുന്ന ഒരു ഗ്രൂപ്പിന് ആട്ടുഗ്രാമം പദ്ധതിവഴി 50,000 രൂപയും ക്ഷീരസാഗരം പദ്ധതിവഴി 2,18,750 രൂപയും മാംസസുരക്ഷാ പദ്ധതിയുടെ ഭാഗമായി 50,000 രൂപയും അടുക്കളത്തോട്ട-മുട്ടക്കോഴി പരിപാലനം പദ്ധതിവഴി 25,000 രൂപയും താറാവ് വളർത്തൽ പദ്ധതിക്കായി 20,000 രൂപയും സബ്സിഡിയായി നൽകുന്നുണ്ട്. പശുസഖി പദ്ധതിയുടെ ഭാഗമായി കമ്മ്യൂണിറ്റി റിസോഴ്സ്/കമ്മ്യൂണിറ്റി കേഡർമാരെ തെരഞ്ഞെടുക്കുകയും വെറ്ററിനറി സർവ്വകലാശാലയുടെ സഹായത്തോടുകൂടി 10 ദിവസത്തെ വൈദഗ്ധ്യ പരിശീലനം

നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 50 പേർക്കാണ് വൈദഗ്ദ്ധ്യ പരിശീലനം നൽകുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ മൃഗസംരക്ഷണ മേഖലയിൽ 4 കോടി രൂപയുടെ പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. (ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*) അതിൽ നാളിതുവരെ ആട്ടുഗ്രാമം പദ്ധതിയിൽ 512 ഗുണഭോക്താക്കൾക്കായി 5,12,00,00 രൂപയും ക്ഷീരസാഗരം പദ്ധതിവഴി 180 ഗുണഭോക്താക്കൾക്ക് 31,81,250 രൂപയും പോത്തുകുട്ടി വളർത്തൽ പദ്ധതിയിൽ 275 ഗുണഭോക്താക്കൾക്ക് 27,50,000 രൂപയും ഉൾപ്പെടെ 1,10,51,250 രൂപ 967 ഗുണഭോക്താക്കൾക്ക് സംസ്ഥാന മിഷനിൽനിന്നും സബ്സിഡി നൽകിയിട്ടുണ്ട്.

**ജനകീയാസൂത്രണം രണ്ടാംഘട്ടം**

23 (*593) ശ്രീ. എം. ഉമ്മർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം ഘട്ടം ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത രണ്ടാം ഘട്ട ജനകീയാസൂത്രണത്തിന്റെ സമീപനരീതിയും നയരൂപരേഖയും വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ&ബി) ഇല്ല. രണ്ടാംഘട്ടം ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി വിവിധ വിഷയ മേഖലകളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി സംസ്ഥാന പ്ലാനിംഗ് ബോർഡ് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. നീർത്തടാധിഷ്ഠിത പ്രകൃതി വിഭവ പരിപാലനം, സമ്പൂർണ്ണ ശുചിത്വം, ജൈവപച്ചക്കറി തുടങ്ങിയ മേഖലകൾക്ക് രണ്ടാംഘട്ടത്തിൽ ഉയർന്ന പരിഗണന നൽകി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ടി വർക്കിംഗ് ഗ്രൂപ്പുകൾ നൽകുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**റബ്ബർ വില വർദ്ധിപ്പിക്കുന്നതിന് നടപടി**

24 (*594) ശ്രീ. മോൻസ് ജോസഫ്:

ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. സി. എഫ്. തോമസ്:

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റബ്ബർ വില വർദ്ധിപ്പിക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) റബ്ബർ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ&ബി) റബ്ബർ വിലയിടിവിന് പരിഹാരമായി "റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി" നടപ്പിലാക്കിവരുന്നു. 2016-17 ബഡ്ജറ്റിൽ പദ്ധതിക്കായി 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 285.75 കോടി രൂപ ഇതിനകം കർഷകർക്ക് വിതരണം ചെയ്തുകഴിഞ്ഞു. സ്വാഭാവിക റബ്ബർ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര വാണിജ്യ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. അഡ്വാൻസ് ലൈസൻസ് ആതറൈസേഷൻ മുഖാന്തരം സ്വാഭാവിക റബ്ബർ ഇറക്കുമതി ചെയ്യുന്നത് നിർത്തണമെന്നും സ്വാഭാവിക റബ്ബറിന്റെ കയറ്റുമതിക്ക് സബ്സിഡി നൽകണമെന്നും മിനിമം സപ്പോർട്ട് പ്രൈസ് (എം.എസ്.പി.) റബ്ബറിനുംകൂടി ബാധകമാക്കണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര വാണിജ്യ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ RCEP കരാർ നിലവിൽ വന്നാൽ റബ്ബർ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾക്ക് വിലത്തകർച്ച ഉണ്ടാകാനുള്ള സാധ്യത മുന്നിൽ കണ്ടുകൊണ്ട് കരാറിൽ റബ്ബർ ഉൾപ്പെടെയുള്ളവയുടെ സംരക്ഷണം ആവശ്യപ്പെട്ട് കേരള സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്.

**കർഷകക്ഷേമ ബോർഡ് രൂപീകരണം**

25 (*595) ശ്രീ. കെ. ബി. ഗണേഷ് കുമാർ :

ശ്രീ. കെ. കൃഷ്ണൻകുട്ടി :

ശ്രീ. സി. കെ. നാണു :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-2016 -ൽ അംഗീകരിച്ചതും കേരളത്തിന്റെ കാർഷിക വികസന നയത്തിൽ ശിപാർശ ചെയ്തതുമായ കർഷക ക്ഷേമ ബോർഡിന്റെ രൂപീകരണത്തിനായി 2013 നും 2017 നും ഇടയ്ക്കുള്ള കാലയളവിൽ ഏതെങ്കിലും സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ പണം വകയിരുത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും ഗവൺമെന്റ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതിന്റെ കരട് രൂപരേഖ, കരട് ബിൽ എന്നിവ തയ്യാറാക്കിയിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) ലേബർ പ്രോവിഡന്റ് ഫണ്ട് മാതൃകയിൽ കർഷകർക്ക് വേണ്ടി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു ഫാർമർ പ്രോവിഡന്റ് ഫണ്ട് രൂപീകരിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കാനായി കൃഷി വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) കാർഷിക വികസന നയം നടപ്പാക്കുന്നതിനായി കൃഷി വകുപ്പിൽ രൂപീകൃതമായ സബ് കമ്മിറ്റി ഗവൺമെന്റിലേക്ക് സമർപ്പിക്കുന്നതിനു വേണ്ടി കൃഷി വകുപ്പ് ഡയറക്ടർക്ക് നൽകിയ നിർദ്ദേശങ്ങളും അവയിലെ തീരുമാനങ്ങളും വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്. കർഷകക്ഷേമ ബോർഡ് രൂപീകരണത്തിനും തുടർ നടപടികൾക്കുമായി 2013-നും 2017-നും ഇടയ്ക്കുള്ള കാലയളവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ചുവടെ ചേർക്കുന്നു:

| വർഷം | ബഡ്ജറ്റിൽ വകയിരുത്തിയ തുക (രൂപ ലക്ഷം) |
|---|---|
| 2012-13 | 250.00 |
| 2013-14 | 250.00 |
| 2014-15 | 25.00 |
| 2015-16 | 25.00 |
| 2016-17 | 25.00 |

(ബി) 20-2-2016-ലെ സർക്കാർ ഉത്തരവ് (എം എസ്.) 31/16/കൃഷി പ്രകാരം കർഷകക്ഷേമ ബോർഡ് രൂപീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ കരട് രൂപരേഖ, കരട് ബിൽ എന്നിവ അന്തിമമായി തയ്യാറാക്കിയിട്ടില്ല. കർഷകക്ഷേമ ബോർഡ് രൂപീകരണം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഇതുമായി ബന്ധപ്പെട്ട് ഔദ്യോഗികതല മീറ്റിംഗ് നടന്നിട്ടില്ല.

(ഡി) നിർദ്ദേശങ്ങൾ

- കുട്ടനാട് കോൾനിലങ്ങളിലെ കർഷകർക്ക് നൽകുന്ന പമ്പിംഗ് സബ്സിഡി സഹായം കൃഷി വകുപ്പുവഴി നൽകുക.
- കർഷകൻ, കൃഷി, കൃഷിയിടം എന്നിവ സംബന്ധിച്ച നിർവ്വചനങ്ങൾക്ക് അംഗീകാരവും വിജ്ഞാപനവും.
- കൃഷി വകുപ്പിന്റെ പുനർനാമകരണം.
- സുഗന്ധവ്യഞ്ജനങ്ങളുടെ വിലയിടിവിൽ അടിക്കടിയുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ പരിഹരിക്കുന്നതിന് വിലസ്ഥിരതാ ഫണ്ട് രൂപീകരിക്കണം.
- കേരളത്തിലെ മാവുകൃഷി മേഖലയുടെ സമഗ്ര വികസനം.
- കാർഷിക യന്ത്രങ്ങളെ മൂല്യവർദ്ധിത നികുതിയിൽനിന്ന് ഒഴിവാക്കുന്നത്.
- നെൽക്കൃഷി-വിസ്തൃതി വർദ്ധനവ്-ഉൽപ്പാദനക്ഷമത വർദ്ധനവ്-നെല്ല് സംഭരണ ഫണ്ട് രൂപീകരണം-കർമ്മ പദ്ധതികൾ തയ്യാറാക്കൽ.

- പലിശരഹിത വായ്പ കൂടുതൽ മേഖലയിലേയ്ക്ക് (മറ്റ് ധാന്യങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, ഇടവിള കൃഷി, പയറുവർഗ്ഗങ്ങൾ) വ്യാപിപ്പിക്കുന്നതിനുള്ള നിർദ്ദേശം.
- കൃഷി വകുപ്പിന്റെ അധീനതയിലുള്ള ഫാമുകളുടെയും അർബൻ/റൂറൽ ഹോൾസെയിൽ മാർക്കറ്റുകളുടെയും ഭൂമി സംരക്ഷണം - കേരളത്തിലെ പ്രസ്തുത ഭൂമികളുടെ സംരക്ഷണത്തിന്റെ പൂർണ്ണചുമതല കൃഷി വകുപ്പ് ഡയറക്ടർക്ക് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശം.
- വിവര സാങ്കേതികവിദ്യ കാര്യക്ഷമമായ രീതിയിൽ നടപ്പിലാക്കുന്നതിന് കാർഷിക വിജ്ഞാന വ്യാപനം നവീകരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുക.
- കശുമാവ് ഉൽപ്പാദന വർദ്ധനവിന് മിഷൻ രൂപത്തിൽ ഒരു സമഗ്ര കർമ്മ പദ്ധതി തയ്യാറാക്കി ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ ഏജൻസികളെയും കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്ന് കശുവണ്ടി വികസനം ലക്ഷ്യമാക്കി കർഷക ഉൽപ്പാദക കമ്പനികൾ രൂപീകരിക്കുക, സംഭരണം, വിപണനം, വായ്പാടിസ്ഥാന സൗകര്യ വികസനം, കശുമാങ്ങ സംസ്കരണം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുവാൻ പദ്ധതികൾ ആവിഷ്കരിക്കുക - എസ്.എച്ച്.എം., കശുവണ്ടി വികസന കോർപ്പറേഷൻ, കാർഷിക സർവ്വകലാശാല, നാഷണൽ ഹോർട്ടികൾച്ചർ ബോർഡ്, വ്യവസായ-തൊഴിലാളി പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി വികസന മീറ്റിംഗ് 3 ജില്ലകൾ കേന്ദ്രീകരിച്ച് (കൊല്ലം, കാസർഗോഡ്, കണ്ണൂർ) വിളിച്ചുചേർത്ത് സമഗ്ര പദ്ധതി രൂപവൽക്കരിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള ശിപാർശ.
- കർഷകക്ഷേമ ബോർഡ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസലും കരട് ബില്ലും സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള ശിപാർശ.

കഴിഞ്ഞ സർക്കാർ കൃഷി വകുപ്പിന്റെ പുനർനാമകരണം നടപ്പിലാക്കി. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി വിവിധ പദ്ധതികൾ /നിർദ്ദേശങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഈ സർക്കാർ സ്വീകരിച്ചുവരുന്നു.

**ആത്മ പദ്ധതി**

26 (*596) ശ്രീ. കെ. എം. ഷാജി:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ബി. അബ്ദുൽ റസാക്ക്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ആത്മ' പദ്ധതി നടപ്പാക്കിയ ശേഷം വിവിധ വകുപ്പുകളുടെ ഏകോപനംമൂലം കൃഷി അനുബന്ധ മേഖലയിൽ ഉണ്ടായ മാറ്റത്തെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ജില്ലാ 'ആത്മ' സൊസൈറ്റികൾ ഇക്കാര്യത്തിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിവരിക്കുമോ;

(സി) നൂതന സാങ്കേതിക വിദ്യകളുടെ തള്ളിക്കയറ്റത്തിൽ പരമ്പരാഗത കൃഷി രീതികൾ അന്യം നിന്നു പോകാതിരിക്കാനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കുമോ; വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) വിലയിരുത്തൽ നടത്തിയിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ ഐ.ആർ.എം.എ. (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ് ആനന്ദ്) വഴിയും 2013-14, 2014-15 സാമ്പത്തിക വർഷത്തിൽ സി.എം.ഡി. (സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്) വഴിയും വിലയിരുത്തൽ നടത്തിയിട്ടുണ്ട്. 2015-16-ലെ റിപ്പോർട്ടും സി.എം.ഡി. തയ്യാറാക്കിവരുന്നു.

'ആത്മ' വഴി നടപ്പാക്കിയ പരിശീലന പരിപാടികളും പഠനയാത്രകളും പ്രദർശന തോട്ടങ്ങളും ഫാം സ്കൂളുകളുംവഴി കൃഷി അനുബന്ധ മേഖലകളിലെ നൂതനവിദ്യകളും ആശയങ്ങളും കർഷകർക്ക് സ്വായത്തമാക്കാനും അതവരുടെ കൃഷിയിടങ്ങളിൽ പ്രാവർത്തികമാക്കാനും സാധിച്ചിട്ടുണ്ട്. ഫാം സ്കൂളുകൾവഴി കർഷകരുടെ അറിവ് വർദ്ധിച്ചതായും പ്രദർശന തോട്ടങ്ങൾവഴി വിളകളുടെ വിളവ് കൂട്ടാനും സാധിച്ചുവെന്നാണ് പഠനം തെളിയിക്കുന്നത്. ആത്മ പദ്ധതിയുടെ നടത്തിപ്പുവഴി ക്ഷീര മേഖലയിലും മൃഗസംരക്ഷണ മേഖലയിലും മത്സ്യകൃഷി മേഖലയിലുമെല്ലാം കർഷകരുടെ വരുമാന വർദ്ധനയുണ്ടാകുന്നതിനും അവരുടെ സാമൂഹ്യ നിലവാരത്തിന്റെ ഉന്നമനത്തിനും നൂതന കാർഷിക സാങ്കേതിക വിദ്യകളുടെ വ്യാപനത്തിനും സാധിച്ചിട്ടുണ്ട്. മേൽപദ്ധതി നടപ്പാക്കിയശേഷം കൃഷി

അനുബന്ധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനംവഴി കർഷകർക്ക് അവരുടെ വൈവിധ്യമാർന്ന ആവശ്യങ്ങൾക്കായി വിവിധ വകുപ്പുകളുമായി ബന്ധപ്പെടേണ്ടി വരുന്നതുമില്ല.

(ബി) ജില്ലാ 'ആത്മ' സൊസൈറ്റികൾ കർഷകർക്ക് കൃഷി അനുബന്ധ മേഖലകളിൽ പരിശീലന പരിപാടികളും ഫാം സ്കൂളുകളും മറ്റും നടത്തിവരുന്നു. സംയോജിത കൃഷി രീതിയിലുള്ള ക്ലാസ്സുകളും പരിശീലനങ്ങളുംവഴി കർഷകരുടെ അറിവ് വർദ്ധിപ്പിക്കുവാനുമുള്ള കൃഷിയിടം പരമാവധി പ്രയോജനപ്പെടുത്തുവാനും അതുവഴി സാമ്പത്തിക ഭദ്രത കൂട്ടുവാനും സാധിച്ചിട്ടുണ്ട്. അതാത് ജില്ലകളിലെ ആത്മ പദ്ധതികൾകൊണ്ടുള്ള നേട്ടങ്ങൾ ക്രോഡീകരിച്ചുകൊണ്ട് വാർഷിക ടെക്നിക്കൽ റിപ്പോർട്ടുകൾ ജില്ലാ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജില്ലയ്ക്കകത്തും പുറത്തും സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഒട്ടേറെ ഗവേഷണ സ്ഥാപനങ്ങളും മാതൃകാ തോട്ടങ്ങളും സന്ദർശിക്കുന്നതിനുള്ള അവസരം കർഷകർക്ക് ലഭ്യമാകുന്നു. നൂതന സാങ്കേതികവിദ്യകൾ അവരുടെ കൃഷിയിടങ്ങളിൽ പ്രാവർത്തികമാക്കുന്നതിന് സഹായിക്കുന്നു. ആത്മ പ്രവർത്തനങ്ങളിൽനിന്നും പ്രചോദനം ഉൾക്കൊണ്ട് കൃഷി മൃഗസംരക്ഷണ അനുബന്ധ മേഖലകളിലെ ഏറ്റവും മികച്ച കർഷകരിൽനിന്നും തെരഞ്ഞെടുത്ത കർഷകരുടെ വിജയഗാഥകൾ, അവരുടെ കാർഷിക പ്രവർത്തന രീതികൾ, അനുകരിക്കാവുന്ന മാതൃകകൾ എന്നിവ ആത്മ, ആത്മപ്ലസ് പദ്ധതികൾവഴി ജില്ലകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പ്രസിദ്ധീകരണങ്ങൾ ഈ മേഖലയിലേയ്ക്ക് വരുന്നവർക്ക് പ്രചോദനമാകുന്നു എന്നതിനോടൊപ്പം കൂടുതൽ ആളുകളെ കൃഷി അനുബന്ധ മേഖലകളിലേയ്ക്ക് ആകർഷിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു.

ആത്മ ഇന്നോവേറ്റീവ് ആക്ടിവിറ്റിയിൽ ഉൾപ്പെടുത്തി വിജയകരമാക്കിയ പ്രവർത്തനങ്ങളിൽ ചിലതാണ് തൃശ്ശൂർ ജില്ലയിലെ ഹരിത സാന്ത്വനം, ഹരിത സ്പർശം, ഹരിത ലാളനം, ക്ഷീര വിസ്മയം, സേവന ഹരിതം മുതലായവ. പടിഞ്ഞാറേക്കോട്ടയിലെ ഗവൺമെന്റ് മെന്റൽ ഹെൽത്ത് സെന്ററിലെ രോഗികൾക്കും തൃശ്ശൂർ എടമുറ്റം ആൽഫാ പെയിൻ ക്ലിനിക്, പാലിയേറ്റീവ് കെയർ ഹോസ്പിറ്റലിലെ രോഗികൾക്കും കാർഷിക പ്രവർത്തനങ്ങളിലൂടെ ആശ്വാസമേകുക എന്നതായിരുന്നു ഹരിത സാന്ത്വനത്തിന്റെ ഉദ്ദേശം. കൊരട്ടി ഗവൺമെന്റ് കുഷ്ഠരോഗ ആശുപത്രിയിൽ നടപ്പിലാക്കിയ പദ്ധതിയാണ് ഹരിത സ്പർശം. അനാഥരായ കുട്ടികളെ പാർപ്പിക്കുന്ന എസ്.ഒ.എസ്. കുട്ടികളുടെ ഗ്രാമത്തിൽ നടപ്പിലാക്കിയതാണ് ഹരിത ലാളനം പദ്ധതി. വിയ്യൂർ ജയിലിൽ നടപ്പിലാക്കിയ ക്ഷീര വിസ്മയം പദ്ധതിയിലൂടെ ശാസ്ത്രീയമായ രീതിയിൽ തീറ്റപ്പുൽ വളർത്തൽ, സൈലേജ് നിർമ്മാണം എന്നിവയും പ്രാവർത്തികമാക്കിയിട്ടുണ്ട്.

(സി) നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനോടൊപ്പം പരമ്പരാഗത രീതികൾ നഷ്ടപ്പെടാതിരിക്കുന്നതിനും ആത്മയിൽ പ്രാധാന്യം നൽകുന്നുണ്ട്. ആത്മവഴി നടപ്പിലാക്കുന്ന പരിശീലന പരിപാടികളിലും പ്രദർശന തോട്ടങ്ങളിലും പരമ്പരാഗത കൃഷി രീതികളെക്കുറിച്ചും പരമ്പരാഗത ഇനങ്ങളെക്കുറിച്ചുമുള്ള ഒരു അവബോധം നൽകുന്നതാണ്. പരമ്പരാഗത കൃഷി രീതികൾ പിന്തുടരുന്ന കർഷകരുടെ കൃഷിയിടങ്ങൾ ഫാം സ്കൂളുകളായി തെരഞ്ഞെടുത്ത് മറ്റ് കർഷകർക്കും ഇവയെക്കുറിച്ച് പഠിക്കാനുള്ള ഒരു അവസരവും നൽകുന്നുണ്ട്.

**അജൈവ മാലിന്യ സംസ്കരണ സംവിധാനം**

27 (*597) ശ്രീ. എൽദോസ് പി.കുന്നപ്പിള്ളിൽ:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും ചിട്ടയായ അജൈവ മാലിന്യസംസ്കരണ സംവിധാനം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ ഉള്ളതെന്ന് വെളിപ്പെടുത്തുമോ, വിശദീകരിക്കുമോ;

(സി) ഈ സംവിധാനങ്ങൾ കൃത്യമായി പ്രവർത്തിക്കുന്നുണ്ടോ എന്നറിയാൻ എന്തെല്ലാം തരത്തിലുള്ള മോണിറ്ററിംഗ് സംവിധാനമാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നത്; വിവരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കണമെന്നും ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് റോഡ് ടാറിംഗിന് പ്രയോജനപ്പെടുത്താൻവേണ്ട നടപടി സ്വീകരിക്കണമെന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

1. കേന്ദ്ര പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് 2016 മാർച്ച് 18-ന് പ്രസിദ്ധപ്പെടുത്തിയ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ-2016-ൽ പ്ലാസ്റ്റിക് മാലിന്യ പരിപാലനം സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം സംബന്ധിച്ച് ചില കർശന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

2. Reduce-Reuse-Recycle സന്ദേശം ജനങ്ങളിലെത്തിക്കുന്നതിന് വിവിധ മാധ്യമങ്ങളിലൂടെ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്.

(ബി) 1. പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ വിൽപ്പനയും ഉപയോഗവും കുറയ്ക്കുന്നതിനുള്ള നിയന്ത്രണ നടപടികൾ ഗ്രാമപഞ്ചായത്ത്, നഗരസഭ, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശവും പുറപ്പെടുവിച്ചിട്ടുണ്ട്.

2. ക്ലീൻ കേരള കമ്പനി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുനഃചംക്രമണത്തിന് കൈമാറിവരുന്നു. ഇപ്പോൾ തിരുവനന്തപുരം, തൃശ്ശൂർ, കൊല്ലം നഗരസഭകളിൽ മാത്രമാണ് MRF പ്രവർത്തിക്കുന്നത്. മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ MRF സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഗ്രാമപഞ്ചായത്ത്, നഗരസഭ, മുനിസിപ്പൽ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ അതാത് വകുപ്പ്/ശുചിത്വമിഷൻ മുഖേന മോണിറ്റർ ചെയ്യുന്നുണ്ട്.

**ജനകീയാസൂത്രണ ബഡ്ജറ്റ് മാനദണ്ഡങ്ങൾ**

28 (*598) ശ്രീ. ഒ. ആർ. കേളു:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. യു. പ്രതിഭ ഹരി:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള ജനകീയ ആസൂത്രണ ബഡ്ജറ്റ് മാനദണ്ഡത്തിൽ, വനിതകളുടെ ഉന്നമനത്തിനായി എത്ര ശതമാനം തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും എത്ര ശതമാനം വർദ്ധിപ്പിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(സി) 2016-17 മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന വനിതാഘടക പ്രോജക്റ്റുകളിൽ വ്യക്തിഗത സ്വയം തൊഴിൽ പരിശീലനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽനിന്നും വനിതഘടക പദ്ധതിക്കായി കുറഞ്ഞത് 10% തുക വകയിരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിലുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം സംരംഭകത്വ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നവർക്ക് വ്യക്തിഗത സ്വയംതൊഴിൽ പരിശീലനം നൽകാവുന്നതാണ്. ഇത് വനിതകൾക്കും ബാധകമാണ്.

**കരനെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ**

29(*599) ശ്രീ. അനിൽ അക്കര :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) എത്ര ഹെക്ടറിലാണ് കരനെൽകൃഷി നടത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആയതിന്റെ നടത്തിപ്പിനായി എന്തെല്ലാം സഹായങ്ങളാണ് കർഷകർക്ക് നൽകിയത്; വിവരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാനത്ത് കരനെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും 'കരനെൽക്കൃഷി വികസന പദ്ധതി' നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കൃഷിഭവൻ തലത്തിൽ കരനെൽക്കൃഷി നടപ്പിലാക്കുന്നതിനായുള്ള കർഷകരെ തെരഞ്ഞെടുത്ത് അവർക്ക് സമയബന്ധിതമായി പരിശീലനം നൽകി, പരമാവധി കീടനാശിനി, കളനാശിനി എന്നിവയുടെ ഉപയോഗം കുറച്ച്, ജൈവമാർഗ്ഗങ്ങളും അവലംബിച്ച് 2663.196 ഹെക്ടർ കരപ്രദേശത്ത് നെൽക്കൃഷി പുരോഗമിച്ചുവരുന്നു. ഇതിനായി 348.16 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) 2016-17 വർഷം ഇതുവരെ ആകെ 2663.196 ഹെക്ടർ സ്ഥലത്ത് കരനെൽക്കൃഷി നടപ്പിലാക്കിവരുന്നു. കരനെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിത്ത്, മറ്റുൽപ്പാദനോപാദികളുടെ ചെലവ്, ഉഴവ് കൂലി എന്നിവയ്ക്കായി ഹെക്ടറിന് 13,600 രൂപ ധനസഹായം നൽകുന്നുണ്ട്. ഈ പദ്ധതി പ്രകാരം കർഷകന്റെ പുരയിടം, സ്കൂൾ, സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ, ദേവാലയങ്ങളുടെ പരിസരം, ജയിൽ പരിസരം തുടങ്ങി കരനെൽക്കൃഷി ചെയ്യാൻ സൗകര്യമുള്ള എല്ലാ പ്രദേശങ്ങളിലും കൃഷി നടപ്പിലാക്കാവുന്നതാണ്. 2016-17 വർഷം 2560 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 348.16 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) കരനെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിത്തിന് 3600 രൂപയും മറ്റുൽപ്പാദനോപാദികളുടെ ചെലവ്, ഉഴവ് കൂലി എന്നിവയ്ക്കായി ഹെക്ടറിന് 10,000 രൂപയും ഉൾപ്പെടെ ആകെ 13,600 രൂപ ഒരു ഹെക്ടറിന് ധനസഹായം നൽകുന്നുണ്ട്. ഇതിലേയ്ക്കായി 348.16 ലക്ഷം രൂപ 2016-17 വർഷം വകയിരുത്തിയിട്ടുണ്ട്.

**അമിതവേഗതയിലും അശ്രദ്ധമായും വാഹനങ്ങൾ ഓടിക്കുന്ന പ്രവണത**

30 (*600) ശ്രീ. ബി. സത്യൻ:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. എം. മുകേഷ്:
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹന നിയമം ലംഘിച്ച് അമിതവേഗതയിലും അശ്രദ്ധമായും വാഹനങ്ങൾ ഓടിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മോശം ഡ്രൈവിംഗിന്റെ കാര്യത്തിൽ കേരളമാണ് മുന്നിലെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവയുടെ അടിസ്ഥാനത്തിൽ അപകടകരമാകുംവിധം അമിത വേഗതയിലും അശ്രദ്ധമായും വാഹനങ്ങൾ ഓടിക്കുന്നവർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അമിതവേഗത നിയന്ത്രിക്കുന്നതിനായി വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹനപരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളിലും അമിതവേഗതയിലും അശ്രദ്ധമായും ഓടിക്കുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ അമിതവേഗത കണ്ടുപിടിക്കുന്നതിനായി ചേർത്തല മുതൽ മണ്ണുത്തിവരെയും ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ, തൃശ്ശൂർ, പാലക്കാട്, കോട്ടയം ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിലും ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. വാളയാർ, വടക്കാഞ്ചേരി റോഡിലും ക്യാമറകൾ സ്ഥാപിക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിതവേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും അശ്രദ്ധമായും മൊബൈലിൽ സംസാരിച്ചുകൊണ്ടും വാഹനം ഓടിക്കുന്നവർക്കെതിരെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അമിതവേഗതയിലും അശ്രദ്ധമായും വാഹനമോടിച്ച് അപകടമുണ്ടാക്കിയ ഡ്രൈവർമാർക്കെതിരെ കെ.എസ്.ആർ.ടി.സി. വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പഴം, പച്ചക്കറി, പാൽ, മുട്ട, മാംസം എന്നിവയുടെ സംഭരണം

1 (4990) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശീതീകരണികളും ശീതീകരണ ശൃംഖലകളും സ്ഥാപിച്ച് പഴം, പച്ചക്കറി, കിഴങ്ങ് വർഗ്ഗങ്ങൾ, പാൽ , മുട്ട, ഇറച്ചി എന്നിവ സംഭരിച്ച് കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പു നൽകുവാൻ മുൻകയ്യെടുക്കുമോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) നിലവിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ-സി) കൃഷി വകുപ്പ് സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികളിലും കോൾഡ് സ്റ്റോറേജ് സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരത്ത് ആനയറ, നെടുമങ്ങാട്, എറണാകുളത്ത് മൂവാറ്റുപുഴ, കോഴിക്കോട്, വേങ്ങേരി, വയനാട്, സുൽത്താൻ ബത്തേരി എന്നീ വിപണികളിൽ കോൾഡ് സ്റ്റോറേജ് പ്രവർത്തനസജ്ജമാണ്. എറണാകുളത്ത് മരട് കാർഷിക മൊത്തവ്യാപാര വിപണിയിൽ കോൾഡ് സ്റ്റോറേജ് നിർമ്മാണം അന്തിമഘട്ടത്തിലാണ്. മറ്റ് സ്ഥലങ്ങളിൽ കോൾഡ് സ്റ്റോറേജ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

നിലവിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തരം കേന്ദ്ര സർക്കാർ പദ്ധതിയിൽ ഉൾപ്പെടുത്തി 28 പായ്ക്ക് ഹൗസുകളും റീഫർ വാൻ, 43 റൈപ്പനിംഗ് ചേമ്പർ എന്നിവയ്ക്ക് ധനസഹായം നൽകി അവ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ ഇവയുടെ പ്രവർത്തനം പൂർണ്ണമായും കാര്യക്ഷമമാണെന്ന് പറയാനാകില്ല. ഇവ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

കൃഷി വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ, ഹോർട്ടികോർപ്പ് ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിൽ പഴം, പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ശീതീകരണ ഗോഡൗൺ, സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. നിലവിൽ വാഴക്കുളം

അഗ്രോ & ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡിന് കേന്ദ്ര സർക്കാർ ഏജൻസിയായ APEDA-യുടെ സാമ്പത്തിക സഹായത്തോടെ സ്ഥാപിച്ചിട്ടുള്ള ശീതീകരണ സംവിധാനം നിലവിലുണ്ട്.

കൃഷി വകുപ്പ് ശീതീകരണികളും ശീതീകരണ ശൃംഖലകളും സ്ഥാപിക്കുന്ന വിഷയം സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. എന്നാൽ കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഹോർട്ടികോർപ്പ് ഇക്കാര്യത്തിൽ പഠനം നടത്തി പദ്ധതി തയ്യാറാക്കിവരുന്നതും കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ഇത് സംബന്ധിച്ച് പ്രാഥമിക പഠനം നടത്തിയിട്ടുള്ളതുമാണ്.

### ടോൾഫ്രീ ടെലഫോൺ അന്വേഷണ വിഭാഗം

2(4991) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയെക്കുറിച്ച് കർഷകർക്കുണ്ടാകുന്ന സംശയ നിവാരണങ്ങൾക്ക് വേണ്ടി ടോൾഫ്രീ ടെലഫോൺ അന്വേഷണവിഭാഗം നിലവിലുണ്ടോ എന്നറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ എല്ലായ്പ്പോഴും പ്രവർത്തനസജ്ജമായ ഒരു ടോൾഫ്രീ ടെലഫോൺ അന്വേഷണ വിഭാഗം ക്രമീകരിക്കുന്നതിന് നിലവിലുള്ള സാങ്കേതിക തടസ്സങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) സമയബന്ധിതമായി ഇത്തരമൊരു ക്രമീകരണം സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. 1800-425-1661 എന്ന ടോൾഫ്രീ നമ്പരിൽ നിന്നും, www.krishi.info എന്ന വെബ്പോർട്ടലിൽ നിന്നും 919447051661 എന്ന വാട്ട്സ്ആപ്പ് നമ്പരിൽ നിന്നും കർഷകർക്കുണ്ടാകുന്ന സംശയങ്ങൾ ദൂരീകരിക്കാവുന്നതാണ്.

കൂടാതെ 1800-180-1551 എന്ന നമ്പരിൽ ബംഗളൂരുവിൽ പ്രവർത്തിക്കുന്ന കേന്ദ്ര സർക്കാരിന്റെ കാൾസെന്ററും കർഷകർക്ക് മലയാളത്തിൽ സംശയങ്ങൾക്ക് മറുപടി നൽകുന്നു. ഈ സംവിധാനം കൂടുതൽ വിപുലീകരിച്ച് നടപ്പിലാക്കുവാനും വ്യാപിപ്പിക്കുവാനും സർക്കാർ നടപടി സ്വീകരിക്കും.

## 'നിറവ്' സമഗ്ര കാർഷിക വികസന പദ്ധതി

3(4992) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് നടപ്പിലാക്കിയ സമഗ്ര കാർഷികവികസന പദ്ധതിയായ 'നിറവ്' നിലവിൽ എത്ര നിയോജകമണ്ഡലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ശേഷിക്കുന്ന നിയോജകമണ്ഡലങ്ങളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2012-13, 2013-14, 2014-15 വർഷങ്ങളിലായി 86 നിയോജകമണ്ഡലങ്ങൾ നിറവ് പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്തിരുന്നു. ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ പദ്ധതിയിൽ ഉദ്ദേശിച്ചിരുന്നതു പോലെ വിവിധ കേന്ദ്ര-സംസ്ഥാന, തദ്ദേശസ്വയംഭരണ പദ്ധതികളുടെ ഏകോപനം സാധ്യമാകാത്തതിനാലും പദ്ധതി പൂർണ്ണമായില്ല.

(ബി) 2016-17-ലെ വാർഷിക പദ്ധതി രേഖയിൽ 'നിറവ്' പദ്ധതി ഉൾപ്പെടുത്തിയിട്ടില്ല.

## വി.എഫ്.പി.സി.കെ. വഴി നടപ്പിലാക്കിയ പദ്ധതികൾ

4(4993) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈസർക്കാർ അധികാരത്തിൽ വന്ന ശേഷം വി.എഫ്.പി.സി.കെ. വഴി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വിഷരഹിത പച്ചക്കറികൾ ശേഖരിച്ച് 'തളിർ' എന്ന ബ്രാൻഡിൽ വിപണിയിൽ എത്തിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വി.എഫ്.പി.സി.കെ. വഴി വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കൗൺസിലിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന വിഷരഹിത പച്ചക്കറികളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും നേരിട്ട് ശേഖരിച്ച് 'തളിർ' എന്ന ബ്രാന്റിൽ വിപണനം ചെയ്യുന്നതിനായി സംസ്ഥാനത്തെ പ്രധാന സ്ഥലങ്ങളിൽ ബ്രാൻഡഡ് രീതിയിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. ഇതിന്റെ ആദ്യത്തെ ഔട്ട്ലെറ്റ് കൊട്ടാരക്കരയിൽ താമസം കൂടാതെ ആരംഭിക്കുന്നതാണ്.

**ജൈവകൃഷി**

5(4994) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ സമ്പൂർണ്ണ ജൈവകൃഷി സംസ്ഥാനമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ;

(ബി) ജൈവകൃഷി വ്യാപനത്തിന് പ്രത്യേകമായി എന്തെങ്കിലും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ നാളിതുവരെ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് പ്രതിവർഷം ആവശ്യമായ പച്ചക്കറികളുടെ എത്ര ശതമാനമാണ് സംസ്ഥാനത്ത് തന്നെ ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ; എങ്കിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികളിൽ ജൈവകൃഷിയിലൂടെയുള്ളവ എത്ര ശതമാനമായി വർദ്ധിച്ചുവെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) തീരുമാനിച്ചിട്ടുണ്ട്. കേരളത്തെ സമ്പൂർണ്ണ ജൈവകൃഷി സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായി ജൈവകൃഷി വ്യാപന പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. ജൈവകൃഷിയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എല്ലാ ജില്ലകളിലും നിയോജകമണ്ഡലാടിസ്ഥാനത്തിൽ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജൈവകൃഷി നടപ്പിലാക്കുന്നതിന് രൂപരേഖ തയ്യാറാക്കി കർഷകർക്ക് പരിശീലനം നൽകിവരുന്നു.

(ബി) പദ്ധതി രൂപീകരിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 10 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്. ആയതിൽ നാളിതുവരെ 35,55,349 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ മൊത്തം ആവശ്യത്തിന്റെ 31.4 ശതമാനം പച്ചക്കറിയാണ് ഇപ്പോൾ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നത്. ഒരു വർഷം ഏകദേശം 20 ലക്ഷം ടൺ പച്ചക്കറികൾ ആവശ്യമുണ്ട്. ഇതിൽ 6.28 ലക്ഷം ടൺ പച്ചക്കറികൾ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. നിലവിലെ കണക്ക് പ്രകാരം ജൈവപച്ചക്കറി ഉൽപ്പാദനം 10 ശതമാനം വർദ്ധിച്ചിട്ടുണ്ട്.

## ജൈവ കർഷകരിൽ നിന്നും കാർഷികോൽപ്പന്നങ്ങൾ ശേഖരിക്കുന്നതിന് പദ്ധതികൾ

6(4995) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി നടത്തുന്ന ചെറുകിട കർഷകരിൽനിന്നും കാർഷികോത്പന്നങ്ങൾ ശേഖരിക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ രീതിയിൽ എത്ര ടൺ പച്ചക്കറി പ്രതിദിനം ശേഖരിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) കേരളം പച്ചക്കറികളുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിച്ചിട്ടുണ്ടോ;വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇക്കോഷോപ്പുകൾ വഴി ജൈവകർഷകരിൽനിന്നും കാർഷികോൽപ്പന്നങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തിവരുന്നു. ഇത്തരം 40 ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജൈവകൃഷി നടത്തുന്ന കർഷകരിൽനിന്നും പച്ചക്കറികൾ സംഭരിച്ച് ഗ്രേഡിംഗ്, പാക്കിംഗ് നടത്തി റെസിഡൻസ് അസോസിയേഷനിൽ വിൽപ്പന നടത്തുന്നതിന് 36 ക്ലസ്റ്ററുകൾക്ക് 3.00 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു.

(ബി) ഇക്കോഷോപ്പുകളിലേയ്ക്ക് പ്രതിദിനം ഏകദേശം 10 ടൺ പച്ചക്കറി സംഭരിക്കുന്നുണ്ട്.

(സി) കേരളം പച്ചക്കറിയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ചിട്ടില്ല. പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി നിലവിൽ പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഈ വർഷം താഴെപ്പറയുന്ന പദ്ധതി ഘടകങ്ങളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്:

1. വീട്ടുവളപ്പിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുക.
2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം.
3. വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറികൃഷി.
4. പച്ചക്കറികൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം.
5. ജില്ലാ ക്ലസ്റ്റർ വികസനം.
6. അവാർഡ് നൽകി മികച്ച കർഷകരെ പ്രോത്സാഹിപ്പിക്കൽ.
7. സൂക്ഷ്മ മൂലകങ്ങൾ ഉപയോഗിച്ചിട്ടുള്ള പ്രദർശനം.
8. എ ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം.
9. ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികൾ.
10. ബ്ലോക്കുതല നഴ്സറികളുടെ വികസനം.
11. മഴമറകൾ സ്ഥാപിക്കൽ.
12. സങ്കര വിത്തിനങ്ങളുടെ പ്രദർശന തോട്ടം.
13. സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും.
14. തരിശുനില കൃഷി, മാധ്യമങ്ങൾ വഴിയുള്ള വിത്തു വിതരണം.
15. എൻ.ജി.ഒ.-കൾ മുഖേന വീട്ടുവളപ്പിൽ കൃഷി.
16. കേരള കാർഷിക സർവ്വകലാശാലയുടെ സേഫ് ടു ഈറ്റ് പ്രോജക്ട്.
17. സ്റ്റാഗേഡ് ക്ലസ്റ്റർ വികസനം.

മുകളിൽ പ്രതിപാദിച്ച പദ്ധതികൾ നടപ്പാക്കുകവഴി 50,000 ഹെക്ടർ കൃഷി സ്ഥലത്ത് പച്ചക്കറികൃഷി നടപ്പിലാക്കാനും തദ്വാര 4.1073 ലക്ഷം മെട്രിക് ടൺ അധിക ഉത്പാദനം കൈവരിക്കാനും കഴിയും.

## വിള ഇൻഷ്വറൻസ്

7(4996) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനസർക്കാർ കർഷകർക്കായി നടപ്പാക്കിയിട്ടുള്ള വിള ഇൻഷ്വറൻസ് ഏതെല്ലാം വിളകൾക്കാണ് ബാധകമാക്കിയിരിക്കുന്നത്;

(ബി) ഇൻഷ്വർ ചെയ്തിട്ടുള്ള വിളകളുടെ നാശവുമായി ബന്ധപ്പെട്ട് ലഭ്യമാക്കുന്ന ഇൻഷ്വറൻസ് തുക എത്രയാണെന്നും ആയതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(സി) ഈ നിരക്കുകൾ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ വിള ഇൻഷ്വറൻസ് തുകകൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് വേണ്ട നടപടിയുണ്ടാകുമോ?

### ഉത്തരം

(എ) 25 കാർഷിക വിളകളായ തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കവുങ്ങ്, ഏലം, കശുമാവ്, കൈതച്ചക്ക, ഇഞ്ചി, മഞ്ഞൾ, മരച്ചീനി, കൊക്കോ, നിലക്കടല, കാപ്പി, തേയില, എള്ള്, പച്ചക്കറി, ജാതി, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, ഗ്രാമ്പൂ, നെല്ല് എന്നിവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു.

(ബി) 25-3-1995-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം എസ്.) നമ്പർ 125/95/അഗ്രി. പ്രകാരമാണ് വിളകൾക്ക് നഷ്ടപരിഹാരത്തുക അനുവദിക്കുന്നത്. ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന വിളകളുടെ നഷ്ടപരിഹാര തോത് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി & ഡി) നെൽകൃഷിക്കുള്ള നഷ്ടപരിഹാരത്തുക ഹെക്ടറിന് 5000 രൂപയിൽനിന്നും 12500 രൂപയായും 45 ദിവസത്തിനകമുള്ള നെൽകൃഷിക്ക് ഹെക്ടറിന് 3000 രൂപയിൽനിന്നും 7500 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. മറ്റ് വിളകൾക്കുള്ള നഷ്ടപരിഹാരത്തുക പുനർനിശ്ചയിക്കുന്നത് പരിഗണനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹരിത കേരളം കൺസോർഷ്യം മിഷൻ

8(4997) ശ്രീ. കെ. ബാബു:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹരിത കേരളം കൺസോർഷ്യം മിഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതിലൂടെ നടപ്പിലാക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത മിഷന്റെ ഘടന എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) യുവജന സംഘടനകൾ, വിദ്യാർത്ഥികൾ, മറ്റു സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ പങ്കാളിത്തം പ്രസ്തുത പദ്ധതിയിൽ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ശുചിത്വം - മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവ സംസ്കരണം എന്നീ മൂന്ന് മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇതിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതോടനുബന്ധിച്ച് 28-9-2016-ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (പി) നമ്പർ 41/2016/ആ.സാ.വ. പ്രകാരം ഹരിത കേരളം പദ്ധതിയിൻ കീഴിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(എ) ശുചിത്വം - മാലിന്യ സംസ്കരണം

1. ഓരോ വീട്ടിലെയും മാലിന്യ സംസ്കരണ രീതി വിലയിരുത്തുക, ജൈവ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് എന്നിവ പ്രായോഗികമാക്കുന്നതിന് വീട്ടുകാരെ സജ്ജമാക്കുക.
2. ചന്തകൾ, അറവുശാലകൾ, കല്യാണമണ്ഡപങ്ങൾ എന്നിവയിലെ മാലിന്യ സംസ്കരണത്തിന് ആവശ്യമായ ക്രമീകരണങ്ങൾ നടപ്പിലാക്കുക.

3. ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് കർശനമായി തടയുകയും ഉറവിട മാലിന്യ സംസ്കരണം സമൂഹത്തിൽ വ്യാപിപ്പിക്കുകയും ചെയ്യുക.

4. ബയോഗ്യാസ് സംവിധാനങ്ങൾ, തുമ്പൂർമുഴി മാതൃകയിലുള്ള വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ബ്ലോക്ക് അടിസ്ഥാനത്തിൽ പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, ആശുപത്രി മാലിന്യങ്ങൾ എന്നിവ സംസ്കരിക്കുന്നതിനുള്ള സങ്കേതങ്ങൾ സജ്ജമാക്കുക.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ ശുചിത്വ-മാലിന്യ സംസ്കരണ മിഷനിലൂടെയാണ് നടപ്പിലാക്കുന്നത്.

(ബി) <u>കൃഷി വികസനം</u>

1. മാലിന്യ സംസ്കരണ സങ്കേതങ്ങൾ ഉപയോഗിച്ച് ജൈവകൃഷിക്ക് അനുയോജ്യമായ പശ്ചാത്തലമൊരുക്കുക, വീട്ടുവളപ്പിൽ കൃഷി വ്യാപിപ്പിക്കുക.

2. പച്ചക്കറിയിലും മറ്റ് അടിസ്ഥാന കൃഷി ഉൽപ്പന്നങ്ങളിലും സ്വയംപര്യാപ്തത നേടാനുതകുന്ന വിധത്തിൽ പൊതുവായ ഇടപെടൽ നടത്തുക.

3. ജില്ലയിൽ തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്കുവേണ്ടി ഉപയോഗപ്പെടുത്താനുള്ള നടപടി സ്വീകരിക്കുക.

4. പ്രാദേശികമായി സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ വ്യാപകമായ പച്ചക്കറി കൃഷി, ഇതര കൃഷി രീതികൾ പ്രാബല്യത്തിൽ കൊണ്ടുവരിക.

5. കാർഷിക ഉൽപ്പന്നങ്ങളെ വിപണിയുമായി ബന്ധിപ്പിക്കുവാനുള്ള സംവിധാനങ്ങൾ ഒരുക്കുക.

6. ജൈവവളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുക.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ കൃഷി വികസന മിഷനിലൂടെയാണ് നടപ്പിലാക്കുന്നത്.

(സി) ജലസംരക്ഷണം

1. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പുവരുത്തുക.

2. പ്രാദേശികതലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തുക.

3. വ്യാപകമായി മരങ്ങൾ വച്ചുപിടിപ്പിക്കുക.

4. ശാസ്ത്രീയ സംയോജിത നീർത്തട വികസനത്തിനനുയോജ്യമായ രീതിയിൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

5. പൊതു ഉടമസ്ഥതയിലുള്ള ജലസ്രോതസ്സുകൾ, കനാലുകൾ, കുളങ്ങൾ തുടങ്ങിയവ ശുചീകരിക്കുന്നതിനും പ്രാദേശിക ജലസേചന - കുടിവെള്ള സ്രോതസ്സുകളായി അവയെ പരിവർത്തനപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുക.

6. കിണറുകളുടെ ശുചീകരണം, മഴവെള്ള റീചാർജ്ജിംഗ്, സംഭരണം എന്നിവ ഉറപ്പാക്കുവാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.

മേൽപ്പറഞ്ഞ കാര്യങ്ങൾ ജലവിഭവ മിഷൻ വഴിയാണ് നടപ്പിലാക്കുന്നത്.

ശുചിത്വ - മാലിന്യ സംസ്കരണ മിഷൻ, കൃഷി വികസന മിഷൻ, ജലവിഭവ മിഷൻ എന്നിവയുടെ ഏകോപിത പ്രവർത്തനമാണ് ഹരിത കേരളം പദ്ധതി വിഭാവന ചെയ്യുന്നത്.

(ബി) സംസ്ഥാനതല ഹരിത കേരളം മിഷന്റെ ഘടന താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| അദ്ധ്യക്ഷൻ | - | മുഖ്യമന്ത്രി |
| സഹ അദ്ധ്യക്ഷൻ | - | മുൻ മന്ത്രി/മുൻ എം.എൽ.എ./ മുൻ എം.പി. |
| ഉപ അദ്ധ്യക്ഷൻ | - | ധനകാര്യം, തദ്ദേശസ്വയം ഭരണം, കൃഷി, ജലവിഭവം, ആരോഗ്യം, വനം മന്ത്രിമാർ, ആസൂത്രണ ബോർഡ് ഉപാധ്യക്ഷൻ |

| | | |
|---|---|---|
| ഉപദേഷ്ടാവ് | - | സീനിയർ നിലവാരത്തിലുള്ള ഒരു ശാസ്ത്രജ്ഞൻ |
| പ്രത്യേക ക്ഷണിതാവ്- | | പ്രതിപക്ഷ നേതാവ് |
| അംഗങ്ങൾ | - | ചീഫ്സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശസ്വയം ഭരണം, ആരോഗ്യം, കൃഷി, ജലവിഭവം,ടൂറിസം, വിദ്യാഭ്യാസം, വനം), സംസ്ഥാനത്തെ മൂന്ന് ടാസ്ക് ഫോഴ്സുകളുടെ ചീഫ് എക്സിക്യൂട്ടീവുകൾ. |
| മിഷൻ സെക്രട്ടറി | - | ആസൂത്രണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി |

(സി) ഓരോ പഞ്ചായത്തിലും അയൽക്കൂട്ടങ്ങൾ, വാർഡ്തല യോഗങ്ങൾ എന്നിവ വിളിച്ചുചേർത്ത് അവരുമായി വിശദമായി ചർച്ച നടത്തി വാർഡുകൾ, പഞ്ചായത്തുതല പ്ലാനുകൾ തയ്യാറാക്കി പൊതുജന പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്.

**കൃഷി വകുപ്പ് മുഖേന നടപ്പാക്കിയിട്ടുള്ള പദ്ധതികൾ**

9(4998) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ 2011-2016 കാലയളവിൽ കൃഷി വകുപ്പ് മുഖേന നടപ്പാക്കിയിട്ടുള്ള പദ്ധതികളും പദ്ധതികൾ ഓരോന്നിന്റെ പുരോഗതിയും വിശദമാക്കാമോ; നിറവ് പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) 2016-2017 വർഷത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2011-16 കാലയളവിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* 2012-13, 2013-14, 2014-15 വർഷങ്ങളിലായി 86 നിയോജകമണ്ഡലങ്ങളിൽ നിറവ് പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്തിരുന്നു. എന്നാൽ ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ ഉദ്ദേശിച്ചപോലെ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞില്ല. 2016-17-ലെ വാർഷിക പദ്ധതി രേഖയിൽ നിറവ് പദ്ധതി ഉൾപ്പെടുത്തിയിട്ടില്ല.

(ബി) 2016-17-ൽ താഴെപ്പറയുന്ന പദ്ധതികൾ കൃഷി വകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിവരുന്നു.

1. കരനെൽ കൃഷി
2. നെൽകൃഷി വികസന പദ്ധതി
3. പച്ചക്കറി വികസന പദ്ധതി
4. കേരഗ്രാമം
5. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ
6. ആത്മ
7. ആർ.കെ.വി.വൈ.
8. സോയിൽ ഹെൽത്ത് മാനേജ്മെന്റ്
9. ചെറുകിട യന്ത്രവൽക്കരണം
10. ദേശീയ ബയോഗ്യാസ് വികസന പദ്ധതി.

## ജാതി കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

10(4999) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജാതി കർഷകർ നേരിടുന്ന ജാതിക്കയുടെ വിലയിടിവ് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജാതി കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വില തകർച്ച ഒഴിവാക്കുന്നതിനും ജാതി തൊണ്ട് ഉപയോഗപ്പെടുത്തികൊണ്ട് കൂടുതൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും വരുമാന വർദ്ധനവിനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പരിശോധിക്കാവുന്നതാണ്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതി പ്രകാരം ദീർഘകാല സുഗന്ധവ്യഞ്ജന വിളകളായ കുരുമുളക്, ജാതി എന്നിവയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് 20,000 രൂപ ധനസഹായം നൽകിവരുന്നുണ്ട്.

**ജൈവ വൈപ്പിൻ പദ്ധതി**

11(5000) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ വൈപ്പിൻ പദ്ധതിയിൽ ഉൾപ്പെട്ട വിവിധ പ്രവൃത്തികൾ നിർത്തിവെയ്ക്കാൻ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയും പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ ഇത്തരത്തിൽ നടപടി സ്വീകരിക്കാനുണ്ടായ സാഹചര്യം എന്തെന്നും പരാതിക്കാർ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) നിർമ്മാണം പുനരാരംഭിക്കുന്നതിനായി അനുമതി ആവശ്യപ്പെട്ടു കൊണ്ട് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ജൈവ വൈപ്പിൻ പദ്ധതിയുടെ ഭാഗമായി വീരൻപുഴ ഉൾപ്പെടെ 10 തോടുകളുടെ എക്കൽ നീക്കം ചെയ്യുന്ന പ്രവൃത്തികൾ ടെണ്ടർ വിളിച്ച് പണികൾ ആരംഭിച്ചു. എന്നാൽ വീരൻപുഴയുടെ എക്കൽ നീക്കം ചെയ്യുന്ന പ്രവൃത്തി പുഴയുടെ പരിസ്ഥിതിക്ക് ദോഷം ചെയ്യുമെന്നുള്ള പരാതിയുടെ അടിസ്ഥാനത്തിൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി പ്രവർത്തികൾ തടഞ്ഞുകൊണ്ട് കടമക്കുടി പഞ്ചായത്ത് സെക്രട്ടറിക്ക് സ്റ്റോപ്പ് മെമ്മോ നൽകിയതിന്റെ അടിസ്ഥാനത്തിൽ പണികൾ ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. ടി പരാതിയുടെ പകർപ്പ് കൃഷി വകുപ്പിൽ ലഭ്യമല്ല.

(ബി) കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്കും പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടർക്കും പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിക്കും നിർമ്മാണം പുനരാരംഭിക്കാനുള്ള അനുമതിക്കായി കത്ത് നൽകിയിട്ടുണ്ട്.

**കൃഷി ഓഫീസർമാരുടെ ഒഴിവുകൾ**

12(5001) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കൃഷി വകുപ്പിൽ ഇപ്പോൾ കൃഷി ഓഫീസർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്;

(ബി) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കൃഷി വകുപ്പിലെ പത്ത് ശതമാനം ജീവനക്കാരെ തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യസിപ്പിക്കുകയുണ്ടായോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ കൃഷി ഓഫീസർമാരുടെ കുറവും ജീവനക്കാരുടെ പുനർവിന്യാസവും വകുപ്പിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമോ;

(ഡി) ഇതു മറികടക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന കൃഷി വകുപ്പിൽ കൃഷി ഓഫീസർമാരുടെ 159 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

(ബി) അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി 197 ക്ലറിക്കൽ വിഭാഗം ജീവനക്കാരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിപ്പിച്ചിട്ടുണ്ട്.

(സി & ഡി) കൃഷി ഓഫീസർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ അഭാവത്തിൽ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നത് വകുപ്പിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാതിരിക്കുവാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിവരുന്നു. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി കൃഷി വകുപ്പിലുള്ള ക്ലറിക്കൽ വിഭാഗം ജീവനക്കാരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിപ്പിച്ചത് വകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. റാങ്ക് ലിസ്റ്റ് അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പി.എസ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**കൃഷി ഓഫീസർമാരുടെ ഒഴിവുകൾ**

13(5002) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ഓഫീസർമാരുടെ എത്ര തസ്തികകളിൽ ഒഴിവുണ്ട്; ആയത് നികത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിലില്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി ഓഫീസർമാരുടെ 159 ഒഴിവുകളുണ്ട്. ഇതിൽ 116 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 43 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കൃഷി ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ 48 കൃഷി ഓഫീസർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള ഒഴിവുകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**കാലടി പാഡി പാർക്ക്**

14(5003) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പാഡി പാർക്ക് എറണാകുളം ജില്ലയിലെ കാലടിയിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പാർക്ക് എന്ന് പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ജില്ലാ കൃഷി ഫാമുകളുടെ സ്ഥലം ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത കാർഷികോൽപ്പന്നങ്ങളുടെ വ്യവസായം പ്രോത്സാഹിപ്പിക്കുവാൻ ചെറുകിട ഇടത്തരം അഗ്രോപാർക്കുകളുടെ ശൃംഖല സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ നെല്ലിനെ അടിസ്ഥാനമാക്കിയുള്ള അഗ്രോ പാർക്കുകൾ ആലപ്പുഴ, എറണാകുളം, പാലക്കാട് ജില്ലകളിലാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. നടപ്പു സാമ്പത്തിക വർഷത്തിൽ അഗ്രോപാർക്കുകൾക്ക് തുടക്കം കുറിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി പ്രത്യേക നിക്ഷേപ നിധിയിൽ നിന്നുള്ള ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തരിശുഭൂമി നെൽകൃഷി ചെയ്യുന്നതിനായി ഏറ്റെടുക്കൽ**

15(5004) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷിക്ക് അനുയോജ്യമായതും തരിശിട്ടിരിക്കുന്നതുമായ നെൽപ്പാടങ്ങൾ കൃഷി ചെയ്യുന്നതിനായി സർക്കാർ ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

കൃഷിഭൂമിയുടെ ഉടമസ്ഥന് സ്വയം കൃഷിയിറക്കാൻ കഴിയാത്ത സാഹചര്യത്തിൽ പാടശേഖര സമിതി/സംയുക്ത കർഷക സംഘങ്ങൾ, കുടുംബശ്രീ/ കർഷകസ്വയം സഹായ സംഘങ്ങൾ എന്നിവ മുഖേന കൃഷി ചെയ്യുന്നതിന് 2008-ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം രൂപീകൃതമായിട്ടുള്ള പ്രാദേശികതല നിരീക്ഷണ സമിതികൾ നടപടികൈക്കൊള്ളുന്നതാണ്. തണ്ണീർത്തട നിയമത്തിലെ വകുപ്പ് 16 പ്രകാരം കൃഷി ചെയ്യുവാൻ നെൽവയലിന്റെ അനുഭവക്കാരൻ പ്രാദേശികതല നിരീക്ഷണ സമിതിക്ക് അനുമതി നൽകുന്ന പക്ഷം സമിതിക്ക് നിർണ്ണയിക്കപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി പഞ്ചായത്തും നെൽ വയലിന്റെ അനുഭവക്കാരനുമായി ഒരു കരാർ ഒപ്പിട്ടുവിച്ചശേഷം ഒരു നിശ്ചിത കാലയളവിലേക്ക് പഞ്ചായത്തിനെ ഏൽപ്പിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനം നേരിട്ട് കൃഷി ചെയ്യുന്നില്ല. എങ്കിൽ അതിനുള്ള അവകാശം പരമാവധി 2 വർഷകാലയളവിലേയ്ക്ക് ലേലം ചെയ്തോ മറ്റ് വിധത്തിലോ ഏൽപ്പിച്ചുകൊടുക്കുന്നതിന് ക്രമീകരണം ചെയ്യാവുന്നതും അപ്രകാരം

ചെയ്യുമ്പോൾ താഴെപ്പറയുന്നപ്രകാരം മുൻഗണനാക്രമം പാലിക്കേണ്ടതുണ്ട്:

1. പാടശേഖര സമിതി/സംയുക്ത കർഷക സംഘങ്ങൾ

2. സ്വയം സഹായ സംഘങ്ങൾ

3. നെൽവയൽ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ കുടുംബശ്രീ യൂണിറ്റുകൾ

ഇപ്രകാരം അവകാശം ലഭിക്കുന്നവർ നെൽവയൽ തിരിച്ചേൽപ്പിക്കുമ്പോൾ അതിന്റെ ഘടനയിൽ മാറ്റം വരുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**നിറവ് പദ്ധതി**

16(5005) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പാക്കി വരുന്ന കാർഷിക വികസന പദ്ധതിയായ നിറവ് ആലത്തൂർ മണ്ഡലത്തിൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) നിറവ് പദ്ധതി നടപ്പിലാക്കാൻ സ്വീകരിക്കേണ്ട നടപടികൾ എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) 2016-17-ലെ വാർഷിക പദ്ധതി ഇനത്തിൽ 'നിറവ്' പദ്ധതി ഉൾപ്പെടുത്തിയിട്ടില്ല. കഴിഞ്ഞ വർഷങ്ങളിൽ ബഡ്ജറ്റിൽ പദ്ധതിക്കായി തുക വകയിരുത്താത്തതിനാൽ ഉദ്ദേശിച്ചിരുന്നതുപോലെ പദ്ധതി പൂർണ്ണമായില്ല.

**അഗ്രോ പാർക്ക്**

17(5006) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും അഗ്രോപാർക്ക് സ്ഥാപിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഒരു ജില്ലയിൽ എത്ര അഗ്രോപാർക്കുകൾ സ്ഥാപിക്കുമെന്നും തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് അഗ്രോപാർക്ക് സ്ഥാപിക്കുന്നതെന്നും ആറ്റിങ്ങലിനെ ഇതിൽ ഉൾപ്പെടുത്തി യിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ബി) അഗ്രോ പാർക്കിന്റെ ഘടനയും പ്രവർത്തനവും ഉദ്ദേശ്യലക്ഷ്യങ്ങളും വ്യക്തമാക്കാമോ; ഇതിനാവശ്യമായ സ്ഥലത്തിന്റെ അളവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സിനോട് ചേർന്നു കിടക്കുന്ന സ്ഥലം ഇതിന് അനുയോജ്യമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ജില്ലാ കാർഷിക ഫാമുകളുടെ സ്ഥലം ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത കാർഷികോൽപ്പന്നങ്ങൾക്കുവേണ്ടിയുള്ള ചെറുകിട, ഇടത്തരം അഗ്രോപാർക്കുകളുടെ ശൃംഖല സ്ഥാപിക്കുന്നതിനായി പ്രത്യേക നിക്ഷേപനിധിയിൽനിന്നും 500 കോടി രൂപ നീക്കിവയ്ക്കുന്നതിനായി 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ജില്ലകളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1. തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ നാളികേര അഗ്രോ പാർക്കുകൾ.
2. പാലക്കാട്, ആലപ്പുഴ, എറണാകുളം ജില്ലകളിൽ നെല്ലിനെ ആസ്പദമാക്കിയുള്ള അഗ്രോ പാർക്കുകൾ.
3. തൃശ്ശൂരിൽ വാഴപ്പഴവും തേനും ആസ്പദമാക്കിയുള്ള അഗ്രോ പാർക്കുകൾ.
4. ഇടുക്കി, വയനാട് ജില്ലകളിൽ സ്പൈസസ് പാർക്കുകൾ.
5. കോട്ടയം, പത്തനംതിട്ട ജില്ലകളിൽ റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കുകൾ.
6. തൃശ്ശൂർ ജില്ലയിലെ മാള കേന്ദ്രീകരിച്ച് ചക്കയ്ക്കുവേണ്ടിയുള്ള അഗ്രോപാർക്ക്.
7. ഇടുക്കി കാന്തല്ലൂരിൽ പച്ചക്കറി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ അഗ്രോ പാർക്കുകൾ.

അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.

(ബി) കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിലൂടെ കർഷകർക്ക് അധിക വരുമാനം ലഭ്യമാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

(സി) ഇത് സംബന്ധിച്ച പരിശോധനകൾ നടത്തിയിട്ടില്ല.

## സമഗ്ര ജൈവപച്ചക്കറി വ്യാപന പദ്ധതി

18(5007) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സമഗ്ര ജൈവപച്ചക്കറി വ്യാപന പദ്ധതി നടപ്പിലാക്കി വിഷമില്ലാത്ത പച്ചക്കറിയും പഴങ്ങളും മുഴുവൻ ആളുകൾക്കും ലഭിക്കുമെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ പദ്ധതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ജൈവപച്ചക്കറി വ്യാപന പദ്ധതി നടപ്പിലാക്കി വിഷമില്ലാത്ത പച്ചക്കറിയും പഴങ്ങളും മുഴുവൻ ആളുകൾക്കും ലഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

സമഗ്ര പച്ചക്കറി മിഷന്റെ ഭാഗമായി കേരളത്തിലെ 50000 ഹെക്ടർ പ്രദേശത്ത് ജൈവപച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് വിശദമായ ഒരു രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് ജൈവകൃഷി നയം പ്രഖ്യാപിച്ചതിന്റെ ഭാഗമായി ഘട്ടംഘട്ടമായി ജൈവകൃഷി വ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

കൂടാതെ, സുരക്ഷിതമായ ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ജി.എ.പി. സാക്ഷ്യപത്രത്തോടെയുള്ള പഴം പച്ചക്കറികളുടെ ഉൽപ്പാദനത്തിനായി പദ്ധതി നടപ്പിലാക്കുന്നു. നല്ല കൃഷി രീതികൾ (ജി.എ.പി.) അവലംബിച്ച് കൃഷി ചെയ്യുന്ന 25 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകൾക്ക് 75,000 രൂപ വീതം നൽകിവരുന്നു. ജൈവകീടനാശിനിയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് ആവശ്യമായ ജൈവവളങ്ങൾ കൃഷിയിടത്തിൽതന്നെ ഉൽപ്പാദിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുമായി ധനസഹായം നൽകുന്നു.

ജൈവകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ പ്രസ്തുത മേഖലയിൽ നിലനിൽക്കുന്നതിന് ജൈവ ഉൽപ്പന്നങ്ങളുടെ സംഭരണവും വിപണനവും ശക്തിപ്പെടുത്തുന്നതിന് 45 ഇക്കോഷോപ്പുകൾ ആരംഭിച്ചു.

നല്ല കൃഷി മുറകൾ (ജി.എ.പി.) പാലിച്ച് ക്ലസ്റ്ററുകളിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പാക്കിംഗ് ലേബലിംഗ് നടത്തി റസിഡന്റ്സ് അസോസിയേഷനുകളിൽ വിൽപ്പന നടത്തുന്നതിന് 18 ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകുന്നു.

കേന്ദ്ര സർക്കാർ പദ്ധതിയായ പരമ്പരാഗത കൃഷിവികാസ് യോജന പദ്ധതിയിൻകീഴിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ പരിശീലനവും അവർക്ക് സാമ്പത്തിക സഹായവും അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കർഷക പങ്കാളിത്ത സാക്ഷ്യപത്രം അഥവാ പി.ജി.എസ്. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനായി എല്ലാ കൃഷി ഭവനുകളും റീജിയണൽ കൗൺസിലായി പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കർഷകരുടെ കൃഷിയിടങ്ങൾക്കാണ് പി.ജി.എസ്. സർട്ടിഫിക്കേഷൻ നൽകുന്നത്. പ്രസ്തുത കൃഷിയിടങ്ങളിലെ ഉൽപ്പന്നങ്ങൾക്ക് പ്രത്യേക ലോഗോയും ബ്രാൻഡും നൽകിയാണ് സർട്ടിഫിക്കേഷൻ നടപ്പിലാക്കുന്നത്.

സംസ്ഥാന സർക്കാരിന്റെ "സേഫ് ടു ഈറ്റ്" എന്ന പദ്ധതി പ്രകാരം വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബ് മുഖേന മാർക്കറ്റിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തി വിവരം പരസ്യപ്പെടുത്തുന്നുണ്ട്. കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റിൽ പരിശോധനാഫലം പരസ്യപ്പെടുത്തുന്നതുവഴി ഉപഭോക്താക്കൾക്ക് ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തെ സംബന്ധിച്ച വിവരം ലഭിക്കും. ഇപ്രകാരമുള്ള പരിശോധനാഫലം 3 മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ആയതിലേയ്ക്ക് 1.25 കോടി രൂപ കൃഷി വകുപ്പ് നൽകിയിട്ടുണ്ട്.

**ശീതകാല പച്ചക്കറികളുടെ ഉൽപ്പാദനവും വിപണനവും**

19(5008) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശീതകാല പച്ചക്കറികളുടെ ഉത്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ പ്രദേശങ്ങളിലാണ് ശീതകാല പച്ചക്കറി കൃഷി നടത്തുന്നതെന്ന് അറിയിക്കുമോ;

(സി) ഇക്കഴിഞ്ഞ ഓണത്തിന് ശീതകാല പച്ചക്കറികൃഷിയിലൂടെ ലഭ്യമായ വിളവ് വിതരണം ചെയ്തിരുന്നോ; എങ്കിൽ ഏത് എജൻസി വഴിയാണ് വിതരണം ചെയ്തതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ശീതകാല പച്ചക്കറികളുടെ ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക സോൺ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇടുക്കി ജില്ലയിൽ 2000 ഹെക്ടർ പ്രദേശത്ത് ശീതകാല പച്ചക്കറികളുടെ കൃഷി വ്യാപിപ്പിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ആലത്തൂരിൽ പ്രവർത്തിക്കുന്ന സീഡ് പ്രോസസ്സിങ് പ്ലാന്റ്, കാസർഗോഡ്, തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹരിത നഗരി യൂണിറ്റ് എന്നിവ വഴി ശീതകാല പച്ചക്കറികളുടെ വിത്തുകളും തൈകളും വിതരണം ചെയ്തുവരുന്നുണ്ട്. രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി 260 ലക്ഷം രൂപയുടെ ഒരു മാർക്കറ്റ് സമുച്ചയം ഇടുക്കി ജില്ലയിലെ വട്ടവട പഞ്ചായത്തിലെ ഊർക്കാട് എന്ന സ്ഥലത്ത് നിർമ്മിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

പച്ചക്കറി കർഷകരെ ക്ലസ്റ്റർ മുഖേനയും ഹോർട്ടികോർപ്പിന്റെ സംഭരണ – വിതരണ ശൃംഖല മുഖേനയും ബന്ധപ്പെടുത്തി ശീതകാല പച്ചക്കറികളുടെ വിപണന സംവിധാനം വിപുലീകരിക്കുന്നതാണ്.

(ബി) ഇടുക്കി ജില്ലയിലെ മൂന്നാർ, വട്ടവട, കാന്തല്ലൂർ, മറയൂർ, ദേവികുളം എന്നീ പ്രദേശങ്ങളിലും വയനാട് ജില്ലയിലെ അമ്പലവയൽ, മുട്ടിൽ, ബത്തേരി, പനമരം, നീർവാരം, നെന്മേനി എന്നിവിടങ്ങളിലുമാണ് ശീതകാല പച്ചക്കറികൾ കൃഷി ചെയ്തുവരുന്നത്.

(സി) ഇക്കഴിഞ്ഞ ഓണക്കാലത്ത് ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ.-യുടെ സ്വാശ്രയ കർഷക സമിതികൾ എന്നിവ വഴി ശീതകാല പച്ചക്കറികൾ ശേഖരിക്കുകയും വിതരണം നടത്തുകയും ചെയ്തു.

**പ്ലാവ്, മാവ് എന്നിവയുടെ കൃഷി**

20(5009) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാവ്, മാവ് എന്നിവയുടെ കൃഷി വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഔഷധഗുണമുള്ള ചക്ക, ഇടിയൻ ചക്ക, മാങ്ങ എന്നിവ സംഭരിച്ച് ഹോർട്ടികോർപ്പ് മുഖേന വില്പന നടത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ വിളവിസ്തൃതി വ്യാപനം/പുതിയ കൃഷിത്തോട്ടങ്ങളുടെ സ്ഥാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി മാവിന്റെ വിളവിസ്തൃതി 50 ഹെക്ടറായി വ്യാപിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ മാവ് കൃഷിക്ക് ഹെക്ടറൊന്നിന് 18,000 രൂപയും മാവിന്റെ അതിസാന്ദ്രതാ കൃഷിക്ക് ഹെക്ടറൊന്നിന് 24,000 രൂപയും ധനസഹായം നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 4 ഹെക്ടർ വരെയാണ് സഹായം നൽകുന്നത്. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MDH) പദ്ധതി പ്രകാരം പ്ലാവ് കൃഷി ചെയ്യുന്നതിന് ധനസഹായം നൽകുന്നില്ല.

(ബി) ചക്ക, ഇടിയൻ ചക്ക, മാങ്ങ എന്നിവ ഹോർട്ടികോർപ്പ് സംഭരിക്കുന്നതാണ്. കൂടാതെ ചക്ക, മാങ്ങ എന്നിവ സംഭരിച്ച് സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി ഹോർട്ടിക്കോർപ്പ് വഴി വിപണനം നടത്തുന്നതിനുള്ള പദ്ധതിയും ലക്ഷ്യമിടുന്നുണ്ട്.

**കരനെൽകൃഷി**

21(5010) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരനെൽകൃഷിയുടെ സാദ്ധ്യതകളെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം വകുപ്പ് തലത്തിൽ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിൽ സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് കരനെൽകൃഷി നടത്തി വരുന്നു എന്നുള്ള വിവരം ജില്ല തിരിച്ച് അറിയിക്കുമോ;

(സി) കരനെൽകൃഷിക്ക് ഉപയുക്തമാക്കാവുന്ന സർക്കാർവക/സ്വകാര്യ തരിശുഭൂമികളുടെ വിസ്തീർണ്ണം ജില്ലാടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് കരനെൽകൃഷി വ്യാപനത്തിനായി നിലവിൽ എന്തെല്ലാം പദ്ധതികളുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കരനെൽകൃഷിയുടെ സാധ്യതകളെ സംബന്ധിച്ച് പ്രത്യേക പഠനം വകുപ്പ് തലത്തിൽ നടത്തിയിട്ടില്ല. എന്നാൽ കേരള കാർഷിക സർവ്വകലാശാല ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിൽ 2663.196 ഹെക്ടർ സ്ഥലത്താണ് കരനെൽകൃഷി നടപ്പിലാക്കിയിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഇല്ല. എന്നാൽ കൃഷിഭവൻ തലത്തിൽ കരനെൽകൃഷി നടപ്പിലാക്കുവാൻ കർഷകരെ തെരഞ്ഞെടുത്ത് സമയബന്ധിതമായി പരിശീലനം നൽകി പരമാവധി കീടനാശിനി, കളനാശിനി എന്നിവയുടെ ഉപയോഗം കുറച്ച് കൂടുതൽ വിസ്തൃതിയിൽ പദ്ധതി നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്ത് കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും 'കരനെൽകൃഷി വികസന പദ്ധതി' നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കൃഷിഭവൻ തലത്തിൽ കരനെൽകൃഷി നടപ്പിലാക്കുന്നതിനായുള്ള കർഷകരെ തെരഞ്ഞെടുത്ത് അവർക്ക് സമയബന്ധിതമായി പരിശീലനം നൽകി, പരമാവധി കീടനാശിനി, കളനാശിനി എന്നിവയുടെ ഉപയോഗം കുറച്ച് മറ്റ് ജൈവ മാർഗ്ഗങ്ങളും അവലംബിച്ച് 2663.196 ഹെക്ടർ കരപ്രദേശത്ത് നെൽകൃഷി പുരോഗമിച്ചുവരുന്നു. 2016-17 വർഷം 2560 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 348.16 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിത്ത്, മറ്റുൽപ്പാദനോപാദികളുടെ ചെലവ്, ഉഴവ് കൂലി എന്നിവയ്ക്കായി ഹെക്ടറിന് 13,600 രൂപ ധനസഹായം നൽകുന്നുണ്ട്. ഈ പദ്ധതി പ്രകാരം കർഷകന്റെ പുരയിടം, സ്കൂൾ, സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ, ദേവാലയങ്ങളുടെ പരിസരം, ജയിൽ പരിസരം തുടങ്ങി കരനെൽകൃഷി ചെയ്യാൻ സൗകര്യമുള്ള എല്ലാ പ്രദേശങ്ങളിലും കൃഷി നടപ്പിലാക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### നാളികേര സംഭരണ കുടിശ്ശിക തുക

22(5011) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാളികേര സംഭരണ കുടിശ്ശിക തുക ഉടൻ കൊടുത്തുതീർക്കുന്നതിനും എല്ലാ പഞ്ചായത്തുകളിലും കൃഷി ഭവൻ മുഖേന പച്ചത്തേങ്ങ സംഭരിക്കുന്നതിനും തേങ്ങയുടെ വില കാലതാമസം കൂടാതെ കർഷകന് ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

സംഭരിച്ച തേങ്ങയുടെ വില നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും സൗകര്യപ്രദവും കുറ്റമറ്റതും കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന രീതിയിലും സംഭരണം നടത്തുന്നതിന്റെ പ്രായോഗികത പരിശോധിച്ച് യുക്തിസഹമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ കൃഷി വകുപ്പ് ഡയറക്ടർ, കേരഫെഡ് മാനേജിംഗ് ഡയറക്ടർ, മാർക്കറ്റ് ഫെഡ് മാനേജിംഗ് ഡയറക്ടർ, നാഫെഡ് ബ്രാഞ്ച് മാനേജർ എന്നിവർ അടങ്ങിയ ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നാളികേര സംഭരണം കൂടുതൽ പഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

### കിസാൻ അഭിയാൻ

23(5012) ശ്രീ. എം. എം. മണി :
ശ്രീ. ആന്റണി ജോൺ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിസാൻ അഭിയാൻ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ;

(ഡി) നിലവിൽ എത്ര കർഷകരാണ് ഈ പദ്ധതിയിൽ അംഗങ്ങളായിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതി പ്രകാരം കർഷകർക്ക് വിവാഹ ധനസഹായം നൽകി വരുന്നുണ്ടോയെന്നും എങ്കിൽ ഒരാൾക്ക് എത്ര രൂപയാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കിസാൻ അഭിയാൻ പദ്ധതി ഇപ്പോൾ നിലവിലില്ല. പകരം ചെറുകിട–നാമമാത്ര കർഷകർക്കുള്ള പെൻഷൻ പദ്ധതി 2011-12-ൽ നിലവിൽ വന്നു.

(ബി) കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ക്ഷേമവും സുരക്ഷയും ലക്ഷ്യമാക്കി 60 വയസ്സ് തികഞ്ഞ നെൽ കർഷകർക്ക് പ്രതിമാസ പെൻഷൻ ഉറപ്പുവരുത്തുകയെന്നതായിരുന്നു ഉദ്ദേശ്യം. ഒരു ഹെക്ടറിൽ കുറയാത്ത കൃഷിഭൂമിയുള്ള മറ്റ് ക്ഷേമപെൻഷനുകൾ ലഭിക്കാത്തവർക്കാണ് ഈ പെൻഷൻ നൽകിയിരുന്നത്.

(സി) പ്രസ്തുത പദ്ധതി പ്രകാരം നൽകിവന്നിരുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു:

1. നെൽകർഷർക്ക് പ്രതിമാസം 300 രൂപ പെൻഷൻ

2. പെൺമക്കളുടെ വിവാഹത്തിന് 25,000 രൂപയുടെ ധനസഹായം.

3. പെൻഷൻ വാങ്ങുന്നയാൾ മരണമടഞ്ഞാൽ പകുതി പെൻഷൻ (150 രൂപ) കുടുംബ പെൻഷൻ.

(ഡി) 13713 കർഷകർ കിസാൻ അഭിയാൻ പദ്ധതിയിൽ ഉണ്ടായിരുന്നു. ഇവരെക്കൂടി പിന്നീട് ചെറുകിട – നാമമാത്ര കർഷകർക്കുള്ള പെൻഷൻ പദ്ധതിയിൽ അംഗങ്ങളാക്കുകയും പെൻഷൻ നൽകിവരുകയും ചെയ്യുന്നു.

(ഇ) പെൺമക്കളുടെ വിവാഹത്തിന് ധനസഹായമായി 25,000 രൂപ നൽകിവന്നിരുന്നു.

**നാളികേര ഉത്പാദനം**

24(5013) ശ്രീ. എൽദോസ് പി.കുന്നപ്പിള്ളിൽ :
ശ്രീ. എ. പി . അനിൽ കുമാർ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാളികേര ഉത്പാദനം ഇപ്പോൾ ഒരു ഹെക്ടറിന് ശരാശരി എത്രയാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളികേര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഏറ്റവുമൊടുവിൽ പ്രസിദ്ധീകരിച്ച 'കാർഷിക സ്ഥിതിവിവരകണക്ക് 2014-15' പ്രകാരം സംസ്ഥാനത്ത് ഒരു ഹെക്ടറിൽ നിന്നും 7491 നാളികേരമാണ് ഉത്പാദിപ്പിക്കുന്നത്.

(ബി) സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2016-17 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. 500 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 30 കേരഗ്രാമങ്ങൾ, 54 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലായാണ് നടപ്പിലാക്കുന്നത്. സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തടം തുറക്കൽ, കളനിയന്ത്രണം, പുതയിടൽ, തൊണ്ടടുക്കൽ, കുമ്മായ വസ്തുക്കൾ, മഗ്നീഷ്യം സൾഫേറ്റ്, ജൈവരാസവളങ്ങൾ, ജീവാണുവളം, സസ്യസംരക്ഷണ വസ്തുക്കൾ ഇവ നൽകുക, ഇടവിള കൃഷി, രോഗബാധിതമായി ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക എന്നീ ഘടകങ്ങൾക്ക് മൊത്തമായി ഹെക്ടറൊന്നിന് 25,000 രൂപ ക്രമത്തിൽ ഒരു കേരഗ്രാമത്തിന് 125 ലക്ഷം രൂപ ധനസഹായം നൽകുന്നു. കർഷകർക്ക് തെങ്ങ് കയറ്റ യന്ത്രങ്ങൾ 2,000 രൂപ സബ്സിഡി നിരക്കിൽ ഒരു കേരഗ്രാമത്തിന് 80

എണ്ണം വരെ നൽകുന്നതിന് 1.6 ലക്ഷം രൂപയും ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടറൊന്നിന് 25,000 രൂപ നിരക്കിൽ ഒരു കേരഗ്രാമത്തിലെ 42 ഹെക്ടറിലേയ്ക്കായി 10.5 ലക്ഷം രൂപയും ജൈവവളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിന് 15 കമ്പോസ്റ്റ് യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് 10,000 രൂപ നിരക്കിൽ ഒരു ഗ്രാമത്തിൽ 15 യൂണിറ്റുകൾക്ക് 1.5 ലക്ഷം രൂപയും ഒരു ഗ്രാമത്തിൽ ഒരു തെങ്ങിൻ തൈ നഴ്സറി സ്ഥാപിക്കുന്നതിന് 50,000 രൂപയും നൽകിവരുന്നു. കൂടാതെ പദ്ധതി നിർവ്വഹണ ഒരുക്കങ്ങൾക്കും ബോധവൽക്കരണത്തിനും സംഘാടന ചിലവുകൾക്കുമായി ഒരു കേരഗ്രാമത്തിന് 10,000 രൂപയും പൊതു ആവശ്യങ്ങൾക്കുള്ള പ്രവർത്തനങ്ങൾ, പ്രോജക്ട് അടിസ്ഥാനത്തിൽ ഏറ്റെടുത്തു കൂട്ടായ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് പഞ്ചായത്തുതല കേരസമിതിക്കായി 10 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

**മറയൂർ ശർക്കര**

25(5014) ശ്രീ. പി. ടി. തോമസ് :

ശ്രീ. റോജി എം. ജോൺ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറയൂർ ശർക്കര ബ്രാൻഡഡ് ഉല്പന്നമായി പൊതുവിപണിയിൽ ലഭ്യമാക്കാൻ ഉദ്ദേശ്യമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ആരെയാണ് ഇതിനായി ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) മറയൂർ ശർക്കരയ്ക്ക് G.I. (Geographiccal Index/ഭൗമസൂചിക) സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനായി കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയെ ചുമതലപ്പെടുത്തുകയും കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി ഇതിനാവശ്യമായ തുടർ നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## തൃശ്ശൂർ ജില്ലയിലെ നാളികേര സംഭരണം

26(5015) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തിൽ നാളികേരം സംഭരിക്കുന്നതിനായി തൃശ്ശൂർ ജില്ലയ്ക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഇനത്തിൽ എത്ര തുക വിതരണം ചെയ്തെന്നും എത്ര തുക കുടിശ്ശികയുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) കുടിശ്ശിക കൊടുത്തു തീർക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം തൃശ്ശൂർ ജില്ലയിൽ നാളികേരം സംഭരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 21.67 കോടി രൂപ അനുവദിച്ചു.

(ബി & സി) പൂർണ്ണമായും വിതരണം ചെയ്തു. കുടിശ്ശികയില്ല.

(ഡി) തൃശ്ശൂർ ജില്ലയിൽ നാളികേര സംഭരണം തുടർന്നുവരുന്നു. കൂടുതൽ കൃഷി ഭവനുകളിൽ സംഭരണം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നാളികേരത്തിന്റെ സംഭരണ വില 25 രൂപയിൽ നിന്നും 27 രൂപ ആക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## റബ്ബർ കർഷകർക്കുള്ള സബ്സിഡി

27(5016) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ റബ്ബർ കർഷകർക്കുള്ള സബ്സിഡി യഥാസമയം വിതരണം ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ സബ്സിഡി യഥാസമയം ലഭിക്കാത്തത് കർഷകർക്ക് പ്രയാസം സൃഷ്ടിക്കുന്നതാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റബ്ബർ ഉത്പാദക സംഘങ്ങളിൽ വൻതോതിൽ ലാറ്റക്സും റബ്ബർഷീറ്റും കെട്ടിക്കിടക്കുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഈ അവസ്ഥയ്ക്ക് കാരണമെന്താണെന്ന് വിശകലനം ചെയ്തിട്ടുണ്ടോ;

(ഡി) റബ്ബർകർഷകരുടെ പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിനും സബ്സിഡി യഥാസമയം വിതരണം ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്.

(സി & ഡി) സ്വാഭാവിക റബ്ബറിന്റെ വിലയിടിവിൽനിന്നും കർഷകർക്ക് ആശ്വാസം നൽകുന്നതിന് 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി' നടപ്പിലാക്കിവരുന്നു. സർക്കാർ ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. 2015-16 സാമ്പത്തിക വർഷം അനുവദിച്ച 300 കോടി രൂപയും വിതരണം നടത്തിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം പദ്ധതിക്കായി 500 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

**സംസ്ഥാന പദ്ധതികൾക്കായി ചെലവാക്കിയ തുക**

28(5017) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിലെ പെരുമാട്ടി, പട്ടഞ്ചേരി, എരുത്തിയാമ്പതി, നല്ലേപ്പിള്ളി, കൊഴിഞ്ഞാമ്പാറ, വടകരപ്പതി, പൊൽപ്പുള്ളി, പെരുവമ്പ്, ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ കൃഷിഭവനുകളിൽ കഴിഞ്ഞ 5 വർഷം സംസ്ഥാന പദ്ധതികൾ, ഗ്രാമപഞ്ചായത്ത് -മുനിസിപ്പൽ പദ്ധതികൾ എന്നിവയ്ക്കായി ചെലവാക്കിയ തുകയെത്രയെന്ന് വ്യക്തമാക്കാമോ;

(ബി) കോട്ടയം, തിരുവനന്തപുരം ജില്ലകളിൽ കഴിഞ്ഞ 5 വർഷം ഓരോ കൃഷിഭവനിലും സംസ്ഥാന പദ്ധതികൾ, ഗ്രാമപഞ്ചായത്ത് -മുനിസിപ്പാലിറ്റി പദ്ധതികൾ എന്നിവയ്ക്കായി ചെലവാക്കിയ തുകയുടെ വിവരം ക്രോഡീകരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## മുണ്ടേരി കൃഷി ഫാം

29(5018) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിന്റെ മുണ്ടേരി കൃഷി ഫാമിൽ ഇരുന്നൂറിലധികം ഹെക്ടർ ഭൂമി തരിശായി കിടക്കുകയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൃഷിയിറക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) നിലമ്പൂർ മണ്ഡലത്തിൽ പ്രധാൻമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ.) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) മുണ്ടേരി (നിലമ്പൂർ മണ്ഡലം) കൃഷി ഫാമിൽ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു; കാഷ്വൽ വർക്കർമാരുടെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദമാക്കാമോ?

### ഉത്തരം

(എ) മുണ്ടേരി കൃഷി ഫാമിനായി കൈമാറി ലഭിച്ചിട്ടുള്ള 505.29 ഹെക്ടർ സ്ഥലത്തിൽ 202 ഹെക്ടർ സ്ഥലം പരിസ്ഥിതി ദുർബ്ബലപ്രദേശമാണ്. ടി സ്ഥലത്ത് കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിന് നിയമപ്രകാരം തടസ്സമുണ്ട്. ബാക്കിയുള്ള 303.29 ഹെക്ടർ സ്ഥലത്ത് 5 ബ്ലോക്കുകളിലായി തെങ്ങ്, കവുങ്ങ്, കശുമാവ് തുടങ്ങിയ വിളകൾ നിലവിൽ കൃഷിചെയ്തുവരുന്നു. മറ്റ് കൃഷിയിറക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(ബി) ഈ പദ്ധതിയുടെ കരട് അംഗീകരിച്ച് അന്തിമമായി പദ്ധതിക്ക് അനുമതി ലഭിക്കുമ്പോൾ മാത്രമേ ഏതൊക്കെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദീകരിക്കുവാൻ സാധിക്കുകയുള്ളൂ. നിലവിൽ ഈ പദ്ധതിയുടെ കരട് പരിശോധിച്ചുവരികയാണ്.

(സി) മുണ്ടേരി കൃഷി ഫാമിൽ താഴെപ്പറയുന്ന തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു:

| | |
|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | - 1 |
| കൃഷി ആഫീസർ | - 1 |
| ഹെഡ് ക്ലാർക്ക് | - 1 |
| ഓവർസീയർ (ഗ്രേഡ് - 1) | - 1 |

| | |
|---|---|
| ഡ്രൈവർ (ഹെവി വെഹിക്കിൾ) | - 1 |
| എൽ.ഡി. ക്ലാർക്ക് | - 1 |
| ട്രാക്ടർ ഡ്രൈവർ | - 3 |
| പാർട്ട് ടൈം സ്വീപ്പർ | - 1 |

പുരുഷന്മാരുടെ 256 ഒഴിവുകളും സ്ത്രീകളുടെ 24 ഒഴിവുകളും ഉൾപ്പെടെ ആകെ സ്ഥിരം തൊഴിലാളികളുടെ 280 ഒഴിവുകളുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കാഷ്വൽ തൊഴിലാളികളായി 175 പുരുഷന്മാരും 8 സ്ത്രീകളും ഉൾപ്പെടെ 183 പേർക്ക് 2015 ഒക്ടോബർ മാസത്തിൽ നിയമനം നൽകുകയും ടി നിയമനം ലഭിച്ചവരിൽ 170 പുരുഷന്മാരും 8 സ്ത്രീകളും ഉൾപ്പെടെ 178 പേർ ഇപ്പോഴും ജോലി ചെയ്തുവരികയാണ്. കാഷ്വൽ തൊഴിലാളികളുടെ തസ്തിക നിലവിലില്ല.

**കാർഷിക വിളകളുടെ ഡാറ്റാ ബാങ്ക്**

30(5019) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വിളകളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) ഡാറ്റാ ബാങ്ക് സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം പ്രദേശങ്ങളിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ട്എന്ന് വിവരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാർഷിക വിളകൾ സംബന്ധിച്ചുള്ള വിവര ശേഖരം സ്റ്റാറ്റിസ്റ്റിക്കൽ രീതികളിലൂടെ ശേഖരിക്കുന്നതിന് സ്ഥിരം സംവിധാനമാണ് ഡിപ്പാർട്ടുമെന്റ് ഓഫ് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന് സംസ്ഥാനത്തുള്ളത്. അപ്രകാരം എല്ലാ കൊല്ലവും കാർഷിക സ്ഥിതിവിവരകണക്ക് തയ്യാറാക്കി വരുന്നുണ്ട്.

(സി) കാർഷിക വിളകൾ സംബന്ധിച്ചുള്ള വിവര ശേഖരം ജില്ലാ അടിസ്ഥാനത്തിൽ സാമ്പത്തിക സ്ഥിതിവിവര വകുപ്പ് 2014-15 വർഷം വരെ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**കാർഷിക കടാശ്വാസ കമ്മീഷൻ മുമ്പാകെ തീർപ്പാകാതെ കിടക്കുന്ന അപേക്ഷകൾ**

31(5020) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ കാർഷിക കടാശ്വാസ കമ്മീഷൻ മുമ്പാകെ കൊയിലാണ്ടി മണ്ഡലത്തിൽ നിന്നുള്ള എത്ര അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടായിരുന്നു; ഇവയിൽ എത്രയെണ്ണം തീർപ്പായെന്നും ഇനിയും തീർപ്പാക്കിയിട്ടില്ലാത്തവ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) തീർപ്പാകാതെ കിടക്കുന്ന അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അപേക്ഷകൾ ജില്ലാടിസ്ഥാനത്തിലാണ് തരംതിരിച്ച് തീർപ്പാക്കി വരുന്നത്. മണ്ഡലാടിസ്ഥാനത്തിൽ അപേക്ഷകൾ തരംതിരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) സംസ്ഥാനത്തെ വിവിധ ജില്ലാ കേന്ദ്രങ്ങളിൽ വച്ച് സിറ്റിംഗുകൾ നടത്തുകയും തീർപ്പാക്കാതെ കിടക്കുന്ന അപേക്ഷകൾ കഴിവതും വേഗം തീർപ്പുകൽപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**കാർഷിക കർമ്മസേന**

32(5021) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകളോടനുബന്ധിച്ച് രൂപീകരിച്ചിട്ടുള്ള കാർഷിക കർമ്മസേനയുടെ ചുമതലകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) കാർഷിക യന്ത്രവല്ക്കരണത്തിന്റെ ഭാഗമായി കാർഷിക കർമ്മസേനകൾ നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(സി) ആധുനിക കൃഷി രീതി പ്രോൽസാഹിപ്പിക്കുന്നതിനും സാധാരണ കർഷകരെ പ്രാപ്തരാക്കുന്നതിനും പര്യാപ്തമായ രീതിയിൽ ഈ സേനയെ വിന്യസിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൃഷിഭവനുകളോടനുബന്ധിച്ച് രൂപീകരിച്ചിട്ടുള്ള കാർഷിക കർമ്മസേനയുടെ ചുമതലകൾ താഴെപ്പറയുന്നു:

1. പരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ നിലവാരമുള്ള സേവനം വേണ്ട സമയത്ത് ന്യായമായ വേതന വ്യവസ്ഥയിൽ കാർഷിക മേഖലയിൽ കർഷകർക്ക് ലഭ്യമാക്കുക.
2. കാർഷിക യന്ത്രവൽക്കരണം നല്ല രീതിയിൽ നടപ്പിലാക്കുക.
3. യന്ത്രോപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക.
4. കർഷക തൊഴിലാളികൾക്ക് തൊഴിൽ മാന്യത ഉറപ്പുവരുത്തുക.

(ബി) നിലമൊരുക്കൽ മുതൽ വിളവെടുപ്പ് വരെയുള്ള എല്ലാ കാർഷിക പ്രവർത്തനങ്ങളും വിവിധ യന്ത്രങ്ങളുടെ സഹായത്തോടുകൂടി കർമ്മസേനകൾ നിർവ്വഹിക്കുന്നു.

(സി) ആധുനിക യന്ത്രങ്ങളിൽ വിദഗ്ധ പരിശീലനം നേടിയ തൊഴിലാളികളാണ് കേരളത്തിലെ കർമ്മസേനകളിലുള്ളത്. ഇവരുടെ സേവനം കർഷകർക്ക് ലഭ്യമാക്കാനും അങ്ങനെ ആധുനിക കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു. അഗ്രോ സർവ്വീസ് സെന്ററുകളുടെയും കാർഷിക കർമ്മസേന എന്നിവയുടെയും പ്രവർത്തനം ഏകോപിപ്പിക്കുവാനും സംസ്ഥാനാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കാർഷിക ഉൽപ്പാദന രംഗത്തെ ഏതുതരം പ്രവൃത്തികളും ഏറ്റെടുക്കുവാനും പ്രാവർത്തികമാക്കുവാനും കഴിയുന്ന ആധുനിക യന്ത്രസംവിധാനങ്ങൾ ഉപയോഗിക്കുവാനും ശാസ്ത്രീയ പരിശീലനം ലഭിച്ച കാർഷിക മേഖലയിലെ കർമ്മസേനയാക്കി മാറ്റാൻ സംസ്ഥാനാടിസ്ഥാനത്തിൽ ഒരു നോഡൽ ഓഫീസറെ നിയോഗിക്കുവാനും സർക്കാർ ഉദ്ദേശിക്കുന്നു.

## രൂക്ഷമായ വരൾച്ചയും കൃഷിനാശവും പ്രതിരോധിക്കുന്നതിനുള്ള മുൻകരുതലുകൾ

33(5022) ശ്രീ.ജോർജ് എം. തോമസ്:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭിക്കേണ്ട മഴയുടെ അളവ് ക്രമാതീതമായി കുറഞ്ഞതിനാൽ ഉണ്ടാകാനിടയുള്ള രൂക്ഷമായ വരൾച്ചയും അതുമൂലമുണ്ടാകുന്ന വൻ കൃഷിനാശവും പ്രതിരോധിക്കുന്നതിനായി എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വരൾച്ചമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് യഥാസമയം നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി നടപ്പ് സാമ്പത്തികവർഷം എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നത്;

(ഡി) പ്രസ്തുത തുക അപര്യാപ്തമാണെങ്കിൽ ഈ ഇനത്തിൽ കൂടുതൽ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മഴക്കുറവ് മൂലമുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി നെൽകർഷർ മൂപ്പുകുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യുവാനും എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മഴയില്ലാതെ വിത്ത് മുളയ്ക്കാത്ത സാഹചര്യത്തിൽ വീണ്ടും വിതയ്ക്കുന്നതിനായി വിത്തിന്റെ കരുതൽ ശേഖരം സംസ്ഥാന വിത്തുവികസന അതോറിറ്റിയിൽ സൂക്ഷിച്ചിട്ടുണ്ട്.

ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വരൾച്ചയുടെ ആഘാതം ലഘൂകരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണം, സാങ്കേതിക മാർഗ്ഗങ്ങളെക്കുറിച്ച് ഉപദേശം എന്നിവ നൽകുന്നുണ്ട്. ഒഴുകിപ്പോകുന്ന ജലം തടഞ്ഞുനിർത്തുന്നതിനായി താൽക്കാലിക തടയണകളും കുളങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കൃഷിനാശം സംബന്ധിച്ച കർഷകരിൽനിന്ന് 10 ദിവസത്തിനകം അപേക്ഷ കൃഷി ഭവനിൽ സ്വീകരിക്കുകയും സമയബന്ധിതമായി ഫീൽഡ് പരിശോധന നടത്തി കൃഷിനാശം തിട്ടപ്പെടുത്തി തുക നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നടപ്പ് സാമ്പത്തിക വർഷം വിളനാശത്തിന് ആശ്വാസ ധനസഹായമായി 17,04,64,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) അധികമായി വേണ്ടിവരുന്ന 50 കോടി രൂപ ഉപധനാഭ്യർത്ഥന വഴി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## കാർഷിക ഉൽപ്പന്നങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് കസ്റ്റമൈസ്ഡ് സ്റ്റാൾ

34(5023) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളും (പി.എസ്.യു.) കാർഷിക സർവ്വകലാശാലയും ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിതവസ്തുക്കളുടെയും കൃഷിയാവശ്യത്തിനായുള്ള വസ്തുക്കളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിലേക്കായി സംസ്ഥാനത്തുടനീളം ഉപഭോക്താക്കളുടെ ആവശ്യത്തിനനുസൃതമായ സ്റ്റാളുകൾ (കസ്റ്റമൈസ്ഡ് സ്റ്റാൾ) തുറക്കുന്ന പദ്ധതി ഏതു ഘട്ടം വരെയായി എന്ന് വിവരിക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി അടിയന്തരമായി നടപ്പാക്കാൻ നടപടിസ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കൃഷി വകുപ്പിനുകീഴിലുള്ള ഫാമുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും കാർഷിക സർവ്വകലാശാലയുടെയും ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ അഗ്രോ ബസാറുകൾ തുടങ്ങുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ആദ്യ ഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലാണ് അഗ്രോ ബസാറുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്. ആദ്യ അഗ്രോ ബസാർ ഈ സാമ്പത്തിക വർഷത്തിൽ തന്നെ തൃശ്ശൂർ ജില്ലയിൽ തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## മെത്രാൻ കായലിൽ നെൽകൃഷി

35(5024) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെത്രാൻ കായലിൽ നെൽകൃഷി ചെയ്യുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് എസ്റ്റിമേറ്റ് തുക എത്രയാണെന്നും എത്ര ടൺ ഉൽപ്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കുമോ;

(സി) മെത്രാൻ കായലിൽ നെൽകൃഷി ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉയർന്നുവന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന്അറിയിക്കുമോ?

### ഉത്തരം

(എ) 2016 പുഞ്ച സീസണിൽ മെത്രാൻ കായൽ പാടശേഖരത്തിൽ നെൽകൃഷി പുനരാരംഭിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അടിസ്ഥാന സൗകര്യ വികസനം ഒരുക്കി കൃഷി ആരംഭിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നുവരുന്നു.

(ബി) മെത്രാൻ കായലിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി (വാച്ചാൽ വൃത്തിയാക്കൽ, ബണ്ട് ബലപ്പെടുത്തൽ, വെള്ളം വറ്റിക്കൽ, മോട്ടോർ പെട്ടി, പറ തെളിക്കൽ, നിലം ഒരുക്കൽ മുതലായവ) 80 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകുകയുണ്ടായി. ഹെക്ടറിന് 6000 കിലോഗ്രാം എന്ന തോതിൽ നെല്ലുൽപ്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(സി) കൃഷി വകുപ്പ് നേരിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. കുമരകം മെത്രാൻ കായൽ നെല്ലുൽപ്പാദക സമിതി എന്ന പേരിൽ രജിസ്റ്റർ ചെയ്ത കർഷക ഗ്രൂപ്പാണ് കൃഷിയിറക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ജില്ലാ കളക്ടർ, കോട്ടയം ചെയർമാനായും പ്രിൻസിപ്പൽ കൃഷി ഓഫീസർ കൺവീനറായും ഒരു ജില്ലാതല എക്സിക്യൂട്ടീവ് കമ്മിറ്റി പദ്ധതി മേൽനോട്ടത്തിനായി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. കുമരകം കൃഷി ഓഫീസറെ പദ്ധതി നടത്തിപ്പിനായി സ്പെഷ്യൽ ഓഫീസറായും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി സംബന്ധിച്ച് രണ്ട് ആക്ഷേപങ്ങൾ ഉയർന്നുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മെത്രാൻ കായലിൽ നെൽകൃഷിക്കായി വെള്ളം വറ്റിക്കുന്നത് മത്സ്യസമ്പത്തിന് ദോഷകരമാണെന്ന ഒരു ആക്ഷേപം ഉയർന്നുവരികയും അതിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഡബ്ല്യു.പി. (സി) നമ്പർ 29740/2016 നമ്പർ കേസ് പ്രകാരം പരിഹാരം ഉണ്ടായിട്ടുള്ളതുമാണ്. മെത്രാൻ കായലിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാകുമ്പോൾ കമ്പനികളുടെ കൈവശമുള്ള നിലം ഉൾപ്പെടെ കൃഷിയിറക്കണമെന്നും അല്ലെങ്കിൽ അത് പ്രയോജനകരമായി വരില്ലെന്ന ഒരു ആക്ഷേപം ജില്ലാതലത്തിൽ ലഭിച്ചിട്ടുള്ളതിനെ തുടർന്ന് കുമരകം പഞ്ചായത്തിലെ പ്രാദേശികതല നിരീക്ഷണ സമിതി പ്രസക്ത പ്രദേശത്ത് ഭൂമി കൈവശമുള്ള 31 കമ്പനികൾക്ക് 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം നോട്ടീസ് നൽകുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്. അതേ സമയം മെത്രാൻ കായലിലെ ഭൂമി കൈവശം വച്ച കമ്പനിയുടെ ഡയറക്ടർമാരുടെ പേരിൽ ഈ കായൽ നികത്തുവാൻ അനുമതി ആവശ്യപ്പെട്ട് കൃഷി ഭവനിൽ അപേക്ഷ നൽകിയിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**പാലക്കാട് ജില്ലയിലെ കൃഷിഭവനുകളിലെ തസ്തികകൾ**

36(5025) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വിവിധ കൃഷിഭവനുകളിൽ ധാരാളം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികകൾ അടിയന്തരമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിലെ വിവിധ കൃഷിഭവനുകളിലായി 31 കൃഷി ഓഫീസർമാരുടെയും ഒരു കൃഷി അസിസ്റ്റന്റിന്റെയും ഒഴിവുകൾ നിലവിലുണ്ട്.

(ബി) കൃഷി ഓഫീസർമാരുടെ 31 ഒഴിവുകളിൽ 11 ഒഴിവുകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയിട്ടുണ്ട്. ബാക്കിയുള്ള ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കൃഷി അസിസ്റ്റന്റിന്റെ ഒരൊഴിവ് പി.എസ്.സി. മുഖേനയും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പാലക്കാട് ജില്ലയിൽ വരൾച്ചമൂലം ദുരിതത്തിലായ നെൽകർഷകർ

37(5026) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴയുടെ അളവ് കുറഞ്ഞ സാഹചര്യത്തിൽ പാലക്കാട് ജില്ലയിൽ നെൽ കർഷകർ ദുരിതത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സാഹചര്യം തരണം ചെയ്യുന്നതിനായി എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചിറ്റൂർപ്പുഴ പദ്ധതി ഉപദേശക സമിതിയും മലമ്പുഴ പദ്ധതി ഉപദേശക സമിതിയും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ യോഗം ചേർന്നു. രണ്ടാം വിളയ്ക്ക് മൂപ്പുകുറഞ്ഞ വിത്ത് ഉപയോഗിക്കുവാനും വാലറ്റ പ്രദേശങ്ങളിൽ നെല്ലിനു പകരം പയറു കൃഷി ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

രണ്ടാം വിള നെൽകൃഷി ഇറക്കുന്നതിനു മുമ്പ് കാർഷിക വികസന സമിതി, പാടശേഖര സമിതി യോഗം കൂടി കർഷകരുടെ അഭിപ്രായം ക്രോഡീകരിച്ച് വിള ഇറക്കേണ്ട സമയവും ജല സംഭരണികളിലെ വെള്ളത്തിന്റെ ലഭ്യതയും ആവശ്യകതയും കൃഷി ഓഫീസർമാർ വിലയിരുത്തുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളെ ഉപയോഗിച്ച് ജലസ്രോതസ്സുകൾ വൃത്തിയാക്കി കൃഷിക്ക് ഉപയുക്തമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

## പച്ചക്കറി ഉൽപ്പന്നങ്ങൾക്കുള്ള വിപണന സൗകര്യം

38(5027) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറി ഉല്പന്നങ്ങൾക്കുള്ള വിപണന സൗകര്യം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇതിനായി കർഷകരുടെ പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിച്ച് വിപണനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ന്യായമായ വിലയ്ക്ക് പച്ചക്കറി ലഭ്യമാക്കുന്നതിനും ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് പരമാവധി ആദായം ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികളിലും കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലേലം ചെയ്ത് വിപണനം നടത്തുന്നതിന് സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇത് കൂടാതെ കൊല്ലം, ആലപ്പുഴ, ഇടുക്കി, കോട്ടയം, തൃശ്ശൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ സംഭരണ കേന്ദ്രങ്ങളിലും കർഷകർക്ക് ഉൽപ്പന്നങ്ങൾ നേരിട്ടെത്തിച്ച് ലേലം ചെയ്ത് മെച്ചപ്പെട്ട വില നേടിയെടുക്കാവുന്നതാണ്. ഈ കേന്ദ്രങ്ങളിൽ ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിന് ദൂരത്തിന്റെ അടിസ്ഥാനത്തിൽ കിലോഗ്രാമിന് 1.50 രൂപ മുതൽ 2.50 രൂപ വരെ ട്രാൻസ്പോർട്ട് സബ്സിഡിയും നൽകുന്നു. സംസ്ഥാനത്ത് കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി ഉൽപ്പന്നങ്ങൾക്കുള്ള വിപണന സൗകര്യം മെച്ചപ്പെടുത്തുന്നതിന് ബ്ലോക്കുതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിനുകീഴിൽ 30 മാർക്കറ്റുകൾ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ 178 എ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകളും പ്രവർത്തിച്ചുവരുന്നു. ഇത്തരം മാർക്കറ്റുകൾ വഴി കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി ഉൽപ്പന്നങ്ങൾക്ക് വിപണന സൗകര്യം മെച്ചപ്പെടുത്തുന്നതിന് സാധിക്കുന്നു.

(ബി) പച്ചക്കറി പ്രൊഡ്യൂസേഴ്സ് കമ്പനികൾക്ക് വിപണന സൗകര്യം ഒരുക്കുന്നതിനുവേണ്ടി 2016-17 ബഡ്ജറ്റിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) കാർഷിക മൊത്ത വ്യാപാര വിപണികളിലൂടെയും ജില്ലാ സംഭരണ കേന്ദ്രങ്ങളിലൂടെയും പരമാവധി കർഷകർക്ക് ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് കാർഷികോൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് പ്രോത്സാഹനം നൽകുകയും ഹോർട്ടികോർപ്പ് മുഖേന കേരളത്തിലെ കർഷകരിൽ നിന്നും നേരിട്ട് കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് പച്ചക്കറി ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ഇക്കഴിഞ്ഞ ഓണക്കാലത്ത് കേരളത്തിലേയ്ക്ക് ആവശ്യമായ 4873 മെട്രിക് ടൺ പച്ചക്കറിയിൽ 3042 മെട്രിക് ടൺ പച്ചക്കറി കേരളത്തിലെ കർഷകർ ഉൽപ്പാദിപ്പിച്ചതാണ്.

**കുറ്റ്യാടി നിയോജകമണ്ഡലത്തിലെ തരിശ് നെൽവയലുകൾ**

39(5028) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ എട്ടു പഞ്ചായത്തുകളിലായി എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തുവരുന്നുണ്ട്; പഞ്ചായത്തിന്റെ പേരും ഓരോ പഞ്ചായത്തിലെയും നെൽകൃഷിയുടെ വിസ്തീർണ്ണവും വ്യക്തമാക്കുമോ;

(ബി) മണ്ഡലത്തിലെ എട്ടു പഞ്ചായത്തുകളിലുള്ള തരിശ് നെൽവയലിന്റെ വിസ്തീർണ്ണമെത്ര; പഞ്ചായത്തിന്റെ പേരും തരിശു നെൽവയലിന്റെ വിസ്തീർണ്ണവും വ്യക്തമാക്കുമോ;

(സി) ഇതിൽ കൃഷിയോഗ്യമാക്കാൻ കഴിയുന്ന തരിശു നെൽവയൽ വിസ്തീർണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകുമോ;

(ഡി) തരിശു ഭൂമി കൃഷിയോഗ്യമാക്കാൻ എന്തൊക്കെ നടപടി കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കുറ്റ്യാടി മണ്ഡലത്തിൽ എട്ടു പഞ്ചായത്തുകളിലായി 485 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തുവരുന്നു.

| നമ്പർ | പഞ്ചായത്ത് | വിസ്തീർണ്ണം (ഹെ.) |
|---|---|---|
| 1 | മണിയൂർ | 100 |
| 2 | ആയഞ്ചേരി | 95 |
| 3 | തിരുവള്ളൂർ | 70 |
| 4 | വില്ല്യാപ്പള്ളി | NIL |
| 5 | വേളം | 160 |
| 6 | കുറ്റ്യാടി | 35 |
| 7 | കുന്നുമ്മൽ | 5 |
| 8 | പുറമേരി | 20 |
| | ആകെ | 485 |

(ബി) മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലുള്ള തരിശ് നെൽവയൽ വിസ്തീർണ്ണം 492 ഹെക്ടർ

| നമ്പർ | പഞ്ചായത്ത് | വിസ്തീർണ്ണം (ഹെ.) |
|---|---|---|
| 1 | മണിയൂർ | 200 |
| 2 | ആയഞ്ചേരി | 120 |
| 3 | തിരുവള്ളൂർ | 146 |
| 4 | വേളം | 20 |
| 5 | കുറ്റ്യാടി | 3 |
| 6 | കുന്നുമ്മൽ | 1 |
| 7 | പുറമേരി | 2 |
| | ആകെ | 492 |

(സി) കൃഷിയോഗ്യമാക്കാൻ കഴിയുന്ന തരിശു നെൽവയൽ 176 ഹെക്ടർ.

| നമ്പർ | പഞ്ചായത്ത് | വിസ്തീർണ്ണം (ഹെ.) |
|---|---|---|
| 1 | മണിയൂർ | 70 |
| 2 | ആയഞ്ചേരി | 70 |
| 3 | തിരുവള്ളൂർ | 10 |
| 4 | വേളം | 20 |
| 5 | കുറ്റ്യാടി | 3 |
| 6 | കുന്നുമ്മൽ | 1 |
| 7 | പുറമേരി | 2 |
| | ആകെ | 176 |

(ഡി) 2016-17 വർഷം ചുവടെപ്പറയുന്ന പഞ്ചായത്തുകളിൽ ആകെ 36.5

ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

| നമ്പർ | പഞ്ചായത്ത് | വിസ്തീർണ്ണം (ഹെ.) |
|---|---|---|
| 1 | ആയഞ്ചേരി | 2 |
| 2 | കുറ്റ്യാടി | 1 |
| 3 | പുറമേരി | 0.5 |
| 4 | വേളം | 1 |
| 5 | തിരുവള്ളൂർ | 10 |
| 6 | മണിയൂർ | 22 |
| | ആകെ | 36.5 |

ശേഷിച്ച തരിശുഭൂമികൾ കൃഷി യോഗ്യമാക്കുന്നതിനായി ജലസേചന വകുപ്പ് പോലെയുള്ള വിവിധ വകുപ്പുകളുമായി യോജിച്ച് സമഗ്ര പദ്ധതി ഘട്ടംഘട്ടമായി നടപ്പാക്കുന്നതാണ്. ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി 850 ലക്ഷം രൂപ ചെലവിൽ കുറ്റ്യാടി-വേളം പഞ്ചായത്തുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതി നടപ്പാക്കിവരുന്നു.

**വീടുകളിൽ പച്ചക്കറി കൃഷി നടത്തുന്നതിന് പദ്ധതി**

40(5029) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പാവപ്പെട്ടവരുടെയും സാധാരണക്കാരന്റെയും വീടുകളിൽ വിഷരഹിത പച്ചക്കറികൃഷി നടത്തുന്നതിന്റെ ഭാഗമായി നിലവിൽ കൃഷിവകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് ഗുണമേന്മയുള്ള പച്ചക്കറിവിത്തുകളും ജൈവ കീടനാശിനികളും മറ്റും ലഭ്യമാക്കാൻ എന്തെല്ലാം സഹായ സഹകരണങ്ങൾ ചെയ്യുവാൻ സാധിക്കുമെന്ന് വിശദമാക്കുമോ;

(സി) കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവ മുഖാന്തിരം കേരളത്തിലുടനീളം ഗുണമേന്മയുള്ള പച്ചക്കറിവിത്തുകളും ജൈവ കീടനാശിനികളും കർഷകർക്ക് നേരിട്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ വീടുകളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാൻ 10 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സ്കൂൾ വിദ്യാർത്ഥികൾക്കും 10 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ വീട്ടമ്മമാർക്കും സൗജന്യമായി നൽകിവരുന്നു. ഇതിനായി പദ്ധതിയിൻ കീഴിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വീടുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ്' പദ്ധതി, പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിതരണം ചെയ്യൽ, നഗരപ്രദേശങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 'ഹരിതനഗരി' എന്നീ പദ്ധതികൾ വി.എഫ്.പി.സി.കെ. വഴിയും നടപ്പിലാക്കിവരുന്നു.

(സി) വാർത്താ മാധ്യമങ്ങളുടെ സഹകരണത്തോടെ 4.8 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും സന്നദ്ധ സംഘടനകൾ മുഖേന 4 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും ഇതിനോടകം വിതരണം നടത്തുകയും ടി പദ്ധതി തുടർന്നുവരികയുമാണ്. ജൈവവളങ്ങൾ, ജൈവകീടനാശിനികൾ, രോഗപ്രതിരോധ ശേഷിയുള്ള വിത്തിനങ്ങൾ എന്നിവ എല്ലാ കൃഷിഭവനുകളിലൂടെയും വി.എഫ്.പി.സി.കെ.-യുടെ സ്വാശ്രയ കർഷക വിപണികൾ, കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ, കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാനകേന്ദ്രങ്ങൾ, ഹോർട്ടികോർപ്പ്, അഗ്രോ ബസാറുകൾ എന്നിവ വഴിയും വിതരണം ചെയ്യുന്നുണ്ട്.

**പച്ചത്തേങ്ങ സംഭരണ കേന്ദ്രങ്ങൾ**

41(5030) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ എത്ര പച്ചത്തേങ്ങ സംഭരണ കേന്ദ്രങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലെയും കേരകൃഷിയുടെ വിസ്തീർണ്ണം എത്ര ഹെക്ടർ വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) ഒരു വർഷം ഓരോ നാളികേര സംഭരണ കേന്ദ്രത്തിലും സംഭരിക്കുന്ന തേങ്ങയുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) സംഭരണ കേന്ദ്രങ്ങളിലെ ഗോഡൗണുകളുടെ ശേഷിക്കുറവും ഫണ്ടിന്റെ അപര്യാപ്തതയും മണ്ഡലത്തിലെ നാളികേര സംഭരണത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 7 എണ്ണം.

| | | | |
|---|---|---|---|
| (ബി) | മണിയൂർ | - | 1500 ഹെക്ടർ |
| | ആയഞ്ചേരി | - | 1900 ഹെക്ടർ |
| | തിരുവള്ളൂർ | - | 2310 ഹെക്ടർ |
| | വില്ല്യാപ്പള്ളി | - | 1740 ഹെക്ടർ |
| | വേളം | - | 1750 ഹെക്ടർ |
| | കുറ്റ്യാടി | - | 1340 ഹെക്ടർ |
| | കുന്നുമ്മൽ | - | 800 ഹെക്ടർ |
| | പുറമേരി | - | 1600 ഹെക്ടർ |

(സി) ബ്ലോക്കത്തിന്റെ അടിസ്ഥാനത്തിലാണ് സംഭരണം നടത്തുന്നത്.

(ഡി) കൂടുതൽ ഗോഡൗൺ സൗകര്യങ്ങൾ കണ്ടെത്താൻ നടപടി സ്വീകരിച്ചുവരുന്നു. സൗകര്യപ്രദവും കുറ്റമറ്റതും കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന രീതിയിലും പച്ചത്തേങ്ങ സംഭരണവും സംസ്കരണവും നടത്തുന്നതിന്റെ പ്രായോഗികത പരിശോധിച്ച് യുക്തിസഹജമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ കൃഷി വകുപ്പ് ഡയറക്ടർ, കേരഫെഡ് മാനേജിംഗ് ഡയറക്ടർ, മാർക്കറ്റ്ഫെഡ് മാനേജിംഗ് ഡയറക്ടർ, നാഫെഡ് ബ്രാഞ്ച് മാനേജർ എന്നിവർ അടങ്ങിയ ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പച്ചത്തേങ്ങ സംഭരണം**

42(5031) <u>ശ്രീ. കെ. വി. വിജയദാസ് :</u>
<u>ശ്രീ. കാരാട്ട് റസാഖ് :</u>
<u>ശ്രീ. വി. അബ്ദുറഹിമാൻ :</u>
<u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പച്ചത്തേങ്ങ സംഭരണം ആരംഭിച്ചിട്ടുണ്ടോ; നാളിതുവരെ എത്ര ടൺ ശേഖരിച്ചിട്ടുണ്ടെന്നതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) എന്തെല്ലാം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാണ് ഇതിലൂടെ ഉത്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പച്ചത്തേങ്ങയുടെ സംഭരണത്തിനായി കൂടുതൽ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സംഭരിക്കുന്ന പച്ചത്തേങ്ങയുടെ വില വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1-1-2013-ൽ ആരംഭിച്ച പച്ചത്തേങ്ങ സംഭരണം തുടർന്നുവരുന്നു. തുടക്കം മുതൽ 15-10-2016 വരെ 149158 ടൺ നാളികേരം സംഭരിച്ചിട്ടുണ്ട്.

(ബി) വെളിച്ചെണ്ണ, കേരജം കേശാമൃതം, നാളികേര പാൽപ്പൊടി, ഡെസിക്കേറ്റഡ് നാളികേരം എന്നിവ ഉൽപ്പാദിപ്പിക്കുന്നു.

(സി) കൂടുതൽ സംഭരണ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പച്ചത്തേങ്ങയുടെ വില കിലോയ്ക്ക് 27 രൂപയായി വർദ്ധിപ്പിക്കുന്നതാണെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ്**

43(5032) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുമെന്ന് പ്രസ്താവിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടി ഏതു ഘട്ടംവരെയായി എന്ന് വിവരിക്കുമോ;

(ബി) ഇതു മൂലം കർഷകർക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.എം.എസ്.എ. (നാഷണൽ മിഷൻ ഓൺ സസ്റ്റൈനബിൾ അഗ്രികൾച്ചർ) എന്ന പദ്ധതിയിൻ കീഴിൽ "സോയിൽ ഹെൽത്ത് കാർഡ് സ്കീം" ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ 1,27,585 മണ്ണ് സാമ്പിളുകൾ പരിശോധിച്ച് സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്ന പദ്ധതി പുരോഗമിച്ചുവരുന്നു.

(ബി) മണ്ണ് സാമ്പിൾ പരിശോധിച്ച് പ്രാഥമിക മൂലകങ്ങളായ എൻ.പി.കെ., ദ്വിതീയ മൂലകമായ സൾഫർ, സൂക്ഷ്മ മൂലകങ്ങൾ, അമ്ലത്വം, ലവണങ്ങളുടെ അളവ് എന്നിവ ഉൾപ്പടെ 11 ഘടകങ്ങളുടെ അളവ് രേഖപ്പെടുത്തിയ കാർഡ് കർഷകന് നൽകുന്നു. ഇതനുസരിച്ച് കൃഷിക്കാരന് സ്വന്തം ഭൂമിയിൽ അടങ്ങിയിരിക്കുന്ന പോഷകങ്ങളുടെ അളവ് അനുസരിച്ച് ചേർക്കേണ്ട കുമ്മായം, ജൈവവളം, രാസവളം എന്നിവയുടെ കൃത്യമായ ശിപാർശയും നൽകുന്നു.

**പച്ചക്കറിക്ക് വിപണി കണ്ടെത്തുന്നതിന് നടപടി**

44(5033) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി ഉത്പാദന വർദ്ധനവിനനുസരിച്ചുള്ള വിപണന സൗകര്യങ്ങൾ ലഭ്യമല്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിപണിയിൽ ഇതരസംസ്ഥാനത്തു നിന്നുള്ള പച്ചക്കറികൾ നിയന്ത്രണമില്ലാതെ വിപണനം ചെയ്യുന്നത് നാടൻ പച്ചക്കറികൾ കെട്ടിക്കിടക്കുന്നതിന് ഇടയാക്കുന്ന സാഹചര്യം സൃഷ്ടിച്ചിട്ടുണ്ടോ;

(സി) ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ.യും ഈ സാഹചര്യം ഒഴിവാക്കുന്നതിന് കാര്യക്ഷമമായി ഇടപെടുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നാടൻ പച്ചക്കറി കെട്ടികിടക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനും സംസ്ഥാനത്തെ പച്ചക്കറി കൃഷി ചെയ്യുന്നവർക്ക് വിപണി കണ്ടെത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഇല്ല. സംസ്ഥാനത്ത് കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പ് ഇടത്തട്ടുകാരെ ഒഴിവാക്കി നേരിട്ടു സംഭരിച്ചു വിപണനം നടത്തിവരുന്നു. വിപണനത്തിനുവേണ്ടിയുള്ള വിളവ് എവിടെയുണ്ടെന്നു അറിയിപ്പുലഭിച്ചാലും അവിടെ നിന്നെല്ലാം ഹോർട്ടികോർപ്പ് പച്ചക്കറികൾ നേരിട്ട് സംഭരിച്ചുവരുന്നു.

(ഡി) ഈ ഓണക്കാലത്ത് കർഷകരോടുള്ള പ്രതിബദ്ധതയുടെ ഭാഗമായി പച്ചക്കറികൾ അമിതമായി ഉൽപ്പാദിപ്പിച്ച പല പ്രദേശങ്ങളിൽനിന്നും ഹോർട്ടികോർപ്പ് അവ സംഭരിച്ചു. ഇതിന്റെ ഫലമായി വിൽപ്പന നടത്താനാവാതെ കെട്ടിക്കിടന്ന അധിക സ്റ്റോക്ക് കേടായി പോവുന്നത് ഒഴിവാക്കാനായി കുറെയൊക്കെ അഗതി മന്ദിരങ്ങളിലും ആതുരാലയങ്ങളിലും സൗജന്യമായി നൽകുകയാണ് ചെയ്തത്. ഇത്തരം സ്ഥിതിവിശേഷം ഭാവിയിൽ ഒഴിവാക്കാനായി ശാസ്ത്രീയ പച്ചക്കറി വിള ആസൂത്രണ കലണ്ടർ (Crop Calender) തയ്യാറാക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ട്. അതുപോലെ വിപണന ശൃംഖലയുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

## കൊരട്ടിച്ചാൽ - കുലയിടം പാടശേഖരം

45(5034) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച കൊരട്ടിച്ചാൽ - കുലയിടം പാടശേഖരത്തിന്റെ കാർഷിക വികസന പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് അറിയിക്കാമോ?

### ഉത്തരം

(എ) കൊരട്ടിച്ചാൽ-കുലയിടം പാടശേഖരത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ബണ്ട് നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ നടന്നുവരുന്നു.

(ബി) കൊരട്ടിച്ചാൽ-കുലയിടം പാടശേഖരത്തിന്റെ വികസനത്തിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്:

1. കുലയിടം - കൊരട്ടിച്ചാൽ തോട് താഴ്ത്തി ഇരുവശങ്ങളിലെ ബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തി.
2. 10 മീറ്റർ വീതിയിലുള്ള സ്ലയീസിന്റെയും ട്രാക്ടർ പാതയുടെയും നിർമ്മാണം.

3. നമ്പർ (1) ട്രാക്ടർ പാതയുടെയും റാമ്പിന്റെയും നിർമ്മാണം.

4. നമ്പർ (2) ട്രാക്ടർ പാതയുടെയും റാമ്പിന്റെയും നിർമ്മാണം.

5. പാടശേഖരത്തിലേയ്ക്കുള്ള നമ്പർ 1 ട്രാക്ടർ റാമ്പിന്റെ നിർമ്മാണം.

6. പാടശേഖരത്തിലേയ്ക്കുള്ള നമ്പർ 3 ട്രാക്ടർ റാമ്പിന്റെ നിർമ്മാണം.

7. നമ്പർ 2 പൈപ്പ് സ്ലൂയിസിന്റെ നിർമ്മാണം.

8. നമ്പർ 3 പൈപ്പ് സ്ലൂയിസിന്റെ നിർമ്മാണം.

9. നമ്പർ 4 പൈപ്പ് സ്ലൂയിസിന്റെ നിർമ്മാണം.

**ഫലവർഗ്ഗങ്ങൾ ഉത്പാദിപ്പിക്കുന്നതിന് നടപടി**

46(5035) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കൂടുതൽ ഫലവർഗ്ഗങ്ങൾ ഉത്പാദിപ്പിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇപ്പോൾ നിലവിലുള്ള പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

സംസ്ഥാനത്ത് കൂടുതൽ ഫലവർഗ്ഗങ്ങൾ ഉത്പാദിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വി.എഫ്.പി.സി.കെ.-യുടെ നേതൃത്വത്തിൽ എറണാകുളം, തിരുവനന്തപുരം, കാസർഗോഡ് എന്നീ ജില്ലകളിൽ കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ജൈവവളങ്ങൾ, ജൈവരോഗ കീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ എന്നിവയും ഇവിടെനിന്നും വിതരണം ചെയ്തുവരുന്നു. കൗൺസിലിന്റെ ആലത്തൂരിലുള്ള ടിഷ്യൂക്കൾച്ചർ ലാബ് വഴി പ്രതിവർഷം 5 ലക്ഷത്തോളം ടിഷ്യൂക്കൾച്ചർ വാഴകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തിവരുന്നു. നടീൽ വസ്തുക്കളുടെ ഉത്പാദനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സ്വകാര്യമേഖലയിൽ ഒരു ഹെക്ടർ വീതമുള്ള രണ്ട് ചെറുകിട നഴ്സറികൾ സ്ഥാപിക്കാൻ

സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ വഴി സഹായം നൽകുന്നു. ഒരു യൂണിറ്റിന് മൊത്തം പദ്ധതി ചെലവിന്റെ പരമാവധി 50 ശതമാനമായ 7.5 ലക്ഷം രൂപയാണ് സഹായമായി നൽകുന്നത്. വിളവിസ്തൃതി വ്യാപനം/പുതിയ കൃഷിത്തോട്ടം സ്ഥാപിക്കൽ എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 10 ഹെക്ടറിൽ പാഷൻഫ്രൂട്ട്, കിവി, മുന്തിരി തുടങ്ങിയ മൂല്യം കൂടിയ വിളകളുടെ സൂക്ഷ്മ ജലസേചന സംവിധാനം, ട്രെല്ലികൾ തുടങ്ങിയ സജ്ജീകരണങ്ങളോട് കൂടിയുള്ള പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് 96,000 രൂപ ധനസഹായം നൽകുന്നു. വാഴ, കൈതച്ചക്ക എന്നിവയുടെ സൂക്ഷ്മ ജലസേചന സംവിധാനമില്ലാത്ത കൃഷിക്കായി ഹെക്ടറൊന്നിന് 26,250 രൂപ ധനസഹായം നൽകുന്നു. ടിഷ്യൂക്കൾച്ചർ വാഴകൃഷിക്ക് ഹെക്ടറൊന്നിന് 37,500 രൂപ ധനസഹായം നൽകുന്നു. മാവിന്റെ വിളവിസ്തൃതി വ്യാപനത്തിനായി ഹെക്ടറൊന്നിന് 18,000 രൂപ ധനസഹായം നൽകുന്നു. മാവ്, പേര, മാതളം തുടങ്ങിയ വിളകളുടെ അതിസാന്ദ്രതാ കൃഷിക്ക് ഹെക്ടറൊന്നിന് 24,000 രൂപയും ധനസഹായം നൽകുന്നു. ഇതിനുപുറമെ കൃഷി വകുപ്പിനുകീഴിലുള്ള ഫാമുകളിലും വട്ടവട, കാന്തല്ലൂർ തുടങ്ങി ഇടുക്കി ജില്ലയിലെ ഫലവർഗ്ഗങ്ങൾ കൃഷി ചെയ്യാൻ കഴിയുന്ന പ്രദേശങ്ങളിലും വൻതോതിൽ ഫലവർഗ്ഗങ്ങൾ ഉത്പാദിപ്പിക്കുവാനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

**കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം**

47(5036) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലാവസ്ഥാ വ്യതിയാനം നിമിത്തവും കഴിഞ്ഞ വർഷങ്ങളിൽ വ്യാപകമായ തോതിലുണ്ടായ കൃഷി നാശംമൂലവും ദുരിതമനുഭവിച്ച കർഷകർക്ക് വിള നാശത്തിനുള്ള നഷ്ട പരിഹാരം വിതരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ സഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഉണ്ട്. 2013-14 വർഷം 36,10,09,267 രൂപയും 2014-15 വർഷം 10,63,33,741 രൂപയും 2015-16 വർഷം 3,89,72,992 രൂപയും ആശ്വാസ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

## കേന്ദ്രപദ്ധതികൾ പ്രകാരം നടപ്പിലാക്കിയ പദ്ധതികൾ

48(5037) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ), നാഷണൽ ഹോർട്ടികൾച്ചർ മിഷൻ, നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷൻ, ജൈവകൃഷി പ്രോത്സാഹന പദ്ധതി, ഡ്രിപ്പ് ഇറിഗേഷൻ എന്നീ പദ്ധതികൾ പ്രകാരം സംസ്ഥാന കൃഷി വകുപ്പ്, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരള (വി.എഫ്.പി.സി.കെ), സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, മണ്ണ് സംരക്ഷണ വകുപ്പ്, ഭൂവിനിയോഗ ബോർഡ്, കേരള കാർഷിക സർവ്വകലാശാല, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയിലൂടെ 2010-16 കാലയളവിൽ നടപ്പിലാക്കിയ പദ്ധതികളുടെ പേരും ചെലവഴിച്ച തുകയും ജില്ല തിരിച്ച് ക്രോഡീകരിച്ച് നൽകാമോ;

(ബി) കേരഗ്രാമം പദ്ധതി പൂർണ്ണമായും തെങ്ങിന് കാറ്റുവീഴ്ച ബാധിച്ച മേഖലയിലും തെങ്ങ് കൃഷി തീരെയില്ലാത്ത ജില്ലകളിലും നടപ്പിലാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൂർണ്ണമായും തെങ്ങ് കൃഷിയുള്ള എല്ലാ പഞ്ചായത്തുകളിലും കേരഗ്രാമം പദ്ധതി നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു ലഭ്യമാക്കുന്നതാണ്.

(ബി) കേരഗ്രാമം തെരഞ്ഞെടുക്കുമ്പോൾ കീടരോഗബാധകൾ കൂടുതലും ഉത്പാദനക്ഷമത തീരെ കുറവുമുള്ള കേരകൃഷി പ്രദേശങ്ങൾക്കാണ് മുൻഗണന നൽകി പദ്ധതി നടപ്പിലാക്കേണ്ടതെന്നുള്ള നിർദ്ദേശമാണ് ജില്ലകൾക്ക് നൽകിയിട്ടുള്ളത്. ചുരുങ്ങിയത് 500 ഹെക്ടർ കേരകൃഷി വിസ്തൃതിയുള്ള പ്രദേശമാണ് കേരഗ്രാമത്തിന്റെ പദ്ധതി പ്രദേശമായി തെരഞ്ഞെടുക്കേണ്ടത്. 500 ഹെക്ടർ കേരകൃഷി വിസ്തൃതിയുള്ള ഒറ്റ പഞ്ചായത്തോ അങ്ങനെ ലഭിക്കാത്ത പക്ഷം സമീപ പഞ്ചായത്തിലെ ചേർന്നു കിടക്കുന്ന പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കേരഗ്രാമമായി പരിഗണിച്ച് പദ്ധതി നടപ്പിലാക്കാവുന്നതാണെന്ന് പദ്ധതി മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം 14 ജില്ലകൾക്കും പ്രാമുഖ്യം നൽകിക്കൊണ്ട് 30 കേരഗ്രാമങ്ങളാണ് 2016-17 വർഷം നടപ്പിലാക്കിവരുന്നത്.

(സി) സമഗ്ര നാളികേര കൃഷി വികസനം ലക്ഷ്യമിട്ടുകൊണ്ടാണ് ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമമെന്ന സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പിലാക്കി

വരുന്നത്. സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും നാളികേര കൃഷി വ്യാപനവുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഗുണഭോക്തൃ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ടി പദ്ധതിയുടെ വിവിധ ഘടകങ്ങൾ നടപ്പിലാക്കുവാൻ ഒരു കേരഗ്രാമത്തിന് 150 ലക്ഷത്തോളം രൂപയുടെ ധനസഹായം നൽകിയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. 2016-17 വർഷം 30 കേരഗ്രാമങ്ങൾ 54 ഗ്രാമപഞ്ചായത്തുകളിലായി നടപ്പിലാക്കിവരുന്നു. ഘട്ടംഘട്ടമായി കൂടുതൽ കേരഗ്രാമങ്ങൾ അനുവദിച്ച് പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

## കാർഷിക വളർച്ചാ കേന്ദ്രങ്ങൾ

49(5038) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക വളർച്ചാ കേന്ദ്രങ്ങൾപോലെ കാർഷിക വളർച്ചാ കേന്ദ്രങ്ങൾ പഞ്ചായത്തുകൾ തോറും നടപ്പിലാക്കാൻ നടപടികൾ ഉണ്ടാകുമോ;

(ബി) യന്ത്രവൽകൃത കൃഷി ഉപകരണങ്ങളും മികച്ച വിത്തുകളും കർഷകർക്ക് ലഭ്യമാക്കാനും കാർഷികോല്പന്നങ്ങൾ നല്ലവില നൽകി സംഭരിക്കാനും ശാശ്വതമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) മികച്ച വിത്തുകൾ നിലവിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ, നഴ്സറികൾ മുഖേന നൽകിവരുന്നു. കൂടാതെ വിവിധ പദ്ധതികളുടെ ഭാഗമായി സബ്സിഡിയോടുകൂടിയും വിൽപ്പനയ്ക്കുമായി കൃഷി ഭവനുകൾ മുഖേന നെല്ല്, പച്ചക്കറി വിത്തുകൾ നൽകിവരുന്നു.

കാർഷിക വികസന കർഷക ക്ഷേമവകുപ്പിന്റെ കീഴിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന 65 അഗ്രോ സർവ്വീസ് സെന്ററുകൾ, 200 കാർഷിക കർമ്മസേനകൾ മുഖേന വിവിധ കൃഷിപ്പണികൾ കാർഷിക യന്ത്രങ്ങൾ ഉപയോഗിച്ച് മിതമായ നിരക്കിൽ പരിശീലനം നേടിയ കർഷക തൊഴിലാളികൾ ചെയ്തുകൊടുക്കുന്നു. കൂടാതെ വിവിധ കാർഷിക വികസന പദ്ധതികളുടെ ഭാഗമായി സ്പ്രേയർ, ജലസേചന പമ്പ് സെറ്റ്, കൊയ്ത്ത്-മെതി യന്ത്രങ്ങൾ, ടില്ലർ, ട്രാക്ടർ, വീഡ് കട്ടർ മുതലായ കാർഷിക യന്ത്രോപകരണങ്ങളും സബ്സിഡി നിരക്കിൽ നൽകിവരുന്നു.

വിളകളുടെ അമിതോൽപ്പാദനമോ മറ്റ് കാരണങ്ങളാലോ വിപണിയിൽ ഒരു കാർഷികോൽപ്പാദനത്തിന് രൂക്ഷമായ വിലയിടിവ് ഉണ്ടാകുന്ന സാഹചര്യത്തിൽ വിപണിയിൽ ഇടപെട്ട് ടി ഉൽപ്പന്നസംഭരണത്തിലൂടെ വിലയിടിവ് തടയുന്നതിന് ഹോർട്ടിക്കോർപ്പ്, വി.എഫ്.പി.സി.കെ. (VFPCK) തുടങ്ങിയ സർക്കാർ ഏജൻസികളെ ചുമതലപ്പെടുത്തി ന്യായമായ വില നൽകി കർഷകരിൽനിന്നും നേരിട്ട് ഇവ സംഭരിച്ച് പൊതുവിപണിയിൽ എത്തിക്കുന്നു.

ഓണം, ക്രിസ്തുമസ്, റംസാൻ പോലുള്ള ഉത്സവ കാലങ്ങളിൽ പൊതു വിപണിയിൽ കാർഷികോൽപ്പന്നങ്ങളുടെ അമിത വില നിരക്കുകൾ കുറയ്ക്കുവാനും കർഷകർക്ക് മതിയായ വില ലഭ്യമാക്കുവാനും ഇത്തരം വിപണിയിലിടപെടാൻ പദ്ധതി നടപ്പിലാക്കിവരുന്നു.

നാളികേരത്തിന്റെ വിലയിടിവ് തടയുന്നതിനായി തെരഞ്ഞെടുത്ത കൃഷി ഭവനുകളിലൂടെ കിലോയ്ക്ക് 25 രൂപ നിരക്കിൽ കേരഫെഡ് പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നു.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കിലോയ്ക്ക് 21.50 രൂപ നിരക്കിൽ നെല്ല് സംഭരണവും സംസ്ഥാനത്തുടനീളം ഊർജ്ജിതമായി നടത്തിവരുന്നു.

റബ്ബറിന്റെ വിലയിടിവ് തടയുന്നതിനായി റബ്ബറിന് കിലോയ്ക്ക് കുറഞ്ഞത് 150 രൂപ ലഭിക്കത്തക്ക തരത്തിൽ റബ്ബർ പ്രൊഡ്യൂസേഴ്സ് ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നു.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള മൊത്ത വ്യാപാര വിപണിയും പ്രാദേശികമായി സംഭരിക്കുന്ന കാർഷികോൽപ്പന്നങ്ങൾ ലേലം നടത്തി മെച്ചപ്പെട്ട വില കർഷകർക്ക് ലഭ്യമാക്കിവരുന്നു.

കൂടാതെ വിപണി ആവശ്യകത പഠന വിധേയമാക്കി ഉൽപ്പാദന പ്ലാൻ തയ്യാറാക്കുവാനും കർഷകരേയും വിപണനമേഖലകളെയും യോജിപ്പിച്ച് ഉൽപ്പാദന വിപണന മേഖല ശക്തിപ്പെടുത്തുവാനും ലക്ഷ്യമിടുന്നു.

**ഹോർട്ടികോർപ്പ് മുഖേന പച്ചക്കറി സംഭരണം**

50(5039) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിച്ച് വിതരണം ചെയ്യാൻ ഹോർട്ടികോർപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) പച്ചക്കറികൾ സംഭരിച്ച് വിതരണം ചെയ്യുന്നതിന് പുതിയ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹോർട്ടികോർപ്പ് സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ., കാർഷിക മൊത്തവ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നും കർഷകർക്ക് ന്യായവില നൽകി ഇടത്തട്ടുകാരെ ഒഴിവാക്കി പച്ചക്കറികൾ നേരിട്ട് സംഭരിക്കുകയും ഹോർട്ടികോർപ്പിന്റെ സ്വന്തം സ്റ്റാളുകളിലൂടെയും ലൈസൻസി സ്റ്റാളുകളിലൂടെയും സഞ്ചരിക്കുന്ന വിൽപ്പന യൂണിറ്റുകളിലൂടെയും വിപണനം നടത്തിവരുകയും ചെയ്യുന്നു. വിപണനത്തിന് വേണ്ടിയുള്ള വിളവ് എവിടെ ഉണ്ടെന്ന് അറിയിപ്പ് ലഭിച്ചാലും അവിടെ നിന്നും പച്ചക്കറികൾ ഹോർട്ടികോർപ്പ് നേരിട്ട് സംഭരിച്ചുവരുന്നു.

(ബി) ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ വിതരണകേന്ദ്രങ്ങൾ ഇല്ലാത്ത വയനാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ സംഭരണ വിതരണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി**

51(5040) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്കാരുടെ ക്ഷേമത്തിനു വേണ്ടി നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ആത്മ (ATMA)യിലെ കരാർ ജീവനക്കാരെ പിരിച്ചു വിടാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെയായി കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പണം പൂർണ്ണമായി ഉപയോഗിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെയാണ് ലാപ്സായത് എന്നറിയിക്കുമോ ?

ഉത്തരം

(എ) കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 30-9-2016-ലെ ഉത്തരവ് പ്രകാരം വകുപ്പിലെ വിവിധ പദ്ധതിയിൽ യാതൊരു നടപടിക്രമങ്ങളും പാലിക്കാതെ നിയമിച്ച താൽക്കാലിക/കരാർ ജീവനക്കാരെ അവരുടെ കോൺട്രാക്ട് കാലയളവ് തീരുന്നതനുസരിച്ച് പിരിച്ചുവിടാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുവാൻ മാധ്യമങ്ങളിൽ കൂടെ പരസ്യം നൽകി ഇന്റർവ്യൂ നടത്തി സുതാര്യമായ രീതിയിൽ നിയമിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. നിശ്ചിത യോഗ്യതയുള്ള പുതിയ ഉദ്യോഗാർത്ഥികൾക്കും നിലവിലുള്ള പരിചയ സമ്പന്നരായവർക്കും തസ്തികകളിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

(ബി) ആത്മ പദ്ധതിക്കായി നാളിതുവരെ അനുവദിച്ച തുക പൂർണ്ണമായി ഉപയോഗിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. തുക ഒന്നും ലാപ്സായിട്ടില്ല.

**തരിശിട്ടിരിക്കുന്ന നെൽപ്പാടങ്ങളിൽ നെൽകൃഷി**

52(5041) ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. വി. എസ്. ശിവകുമാർ:

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിക്ക് അനുയോജ്യമായതും തരിശിട്ടിരിക്കുന്നതുമായ നെൽപ്പാടങ്ങളിൽ നെൽകൃഷി ആരംഭിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നെൽകൃഷി പ്രോത്സാഹനത്തിനും നെൽകൃഷിക്കുള്ള സബ്സിഡി നൽകുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) എന്തെങ്കിലും കാരണവശാൽ ഭൂവുടമയ്ക്ക് കൃഷിചെയ്യാൻ കഴിയുന്നില്ലെങ്കിൽ നെൽവയലുകൾ തരിശിടാതിരിക്കുന്നതിന് ആ ഭൂമിയിൽ നെൽകൃഷി പുനരാരംഭിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കൃഷിയോഗ്യമായ തരിശുഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനും തരിശുനിലങ്ങൾ മാപ്പിംഗ് നടത്തുന്നതിനുമായി 2016-2017 വർഷം 50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിനുപുറമെ തരിശ് കിടക്കുന്ന നിലങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. 1054.77 ഹെക്ടർ തരിശുനിലം കൃഷി യോഗ്യമാക്കിയിട്ടിട്ടുണ്ട്. 1321.17 ഹെക്ടർ തരിശുനിലം കൃഷിയോഗ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷം നെൽകൃഷി വികസന പദ്ധതിക്കായി 35 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നെങ്കിലും നെൽകൃഷിയുടെ പ്രാധാന്യവും തരിശുനിലങ്ങളിൽ നെൽകൃഷി പുനഃരുജ്ജീവിപ്പിക്കേണ്ട ആവശ്യകതയും മുൻനിർത്തി 50 കോടി രൂപ നെൽകൃഷി വികസനത്തിനായി പുതുക്കിയ ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി. 2016-2017-ൽ 15 കോടി രൂപയുടെ അധിക പദ്ധതി വിഹിതം വകയിരുത്തിയിരുന്നെങ്കിലും 17.7382 കോടി രൂപയുടെ ഉപധനാഭ്യർത്ഥനക്കുള്ള പ്രൊപ്പോസൽ വിവിധ പദ്ധതികൾക്കായി കൃഷി വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയും ആയത് 2016-17 ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയ്ക്കായി ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ഹെക്ടറിന് 7500 രൂപ നിരക്കിൽ ധനസഹായം നൽകി 2000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ 2017-2018 വർഷം 10000 ഹെക്ടർ സ്ഥലത്ത് തരിശുനെൽകൃഷി വ്യാപിപ്പിക്കുന്നതിനും 2016-2017 വർഷം നടപ്പിലാക്കുന്ന 3000 ഹെക്ടർ തരിശുനില നെൽകൃഷി നിലനിർത്തുന്നതിനും പദ്ധതികൾ വിഭാവനം ചെയ്തുവരുന്നുണ്ട്.

(ബി) നെൽകൃഷി പ്രോത്സാഹനത്തിനും നെൽകൃഷിക്കുള്ള സബ്സിഡി നൽകുന്നതിനും സംസ്ഥാന സർക്കാർ താഴെ വിവരിച്ചിട്ടുള്ള നെൽകൃഷി വികസന പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു:

1. <u>സുസ്ഥിര നെൽകൃഷി വികസനം:</u>

ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉല്പാദനോപാദികളുടെ ചെലവിനായി 1500 രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേയ്ക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

2. <u>വികസന ഏജൻസികൾക്കുള്ള ഫണ്ട്:</u>

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

3. <u>പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോത്സാഹനം:</u>

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസുമതി) വികസനത്തിനായി ഹെക്ടറിന് 10000 രൂപ സബ്സിഡി നിരക്കിൽ 1500 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

4. <u>പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി:</u>

പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 450 ലക്ഷം രൂപ 1,25,000 ഹെക്ടർ പ്രദേശത്തേയ്ക്ക് വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

5. <u>കരനെൽകൃഷി വികസനം:</u>

സംസ്ഥാനത്ത് കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2560 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600 രൂപ സബ്സിഡി) 348.16 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു. നാളിതുവരെ 2663.196 ഹെക്ടർ പ്രദേശത്ത് പദ്ധതി നടപ്പിലാക്കുകയുണ്ടായി.

6. <u>നെൽകൃഷി ഉൽപ്പാദന ബോണസ് (നോൺ പ്ലാൻ):</u>

നെൽകർഷകർക്ക് ഉൽപ്പാദനബോണസായി ഹെക്ടറിന് 1000 രൂപ ഒരു സീസണിൽ എന്ന കണക്കിന് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി:

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റുവിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചുവരുന്നു. 2016-2017 വർഷം 3443 ലക്ഷം രൂപ ഇതിലേയ്ക്കായി അനുവദിക്കുകയുണ്ടായി.

8. ദേശീയ ഭക്ഷ്യ സുരക്ഷാപദ്ധതി (എൻ.എഫ്.എസ്.എം.):

ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി 243 ലക്ഷം രൂപ അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

9. ആർ.കെ.വി.വൈ. പദ്ധതി:

ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് 7500 രൂപ നിരക്കിൽ ധനസഹായം നൽകി 2000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്.

(സി) കൃഷി ഭൂമിയുടെ ഉടമസ്ഥന് സ്വയം കൃഷിയിറക്കാൻ കഴിയാത്ത സാഹചര്യത്തിൽ പാടശേഖരസമിതി/സംയുക്ത സംഘങ്ങൾ, കുടുംബശ്രീ/കർഷക സ്വയംസഹായ സംഘങ്ങൾ എന്നിവ മുഖേന കൃഷി ചെയ്യുന്നതിന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം രൂപീകൃതമായിട്ടുള്ള പ്രാദേശികതല നിരീക്ഷണ സമിതികൾ മുഖാന്തരം നടപടിയ്ക്ക് വ്യവസ്ഥയുണ്ട്.

## വിദ്യാർത്ഥികളിൽ കാർഷികാഭിമുഖ്യം വർദ്ധിപ്പിക്കുന്നതിന് പദ്ധതി

53 (5042) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികളിൽ കാർഷികാഭിമുഖ്യം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ & ബി) സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ കൃഷിയോട് ആഭിമുഖ്യം വളർത്തുന്നതിനായി സ്കൂൾ പച്ചക്കറിത്തോട്ടം പദ്ധതി നടപ്പിലാക്കിവരുന്നു. വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിനായി 10 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകൾ ഈ

വർഷം വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ആവശ്യമായ സാങ്കേതിക ഉപദേശവും പരിശീലനവും കൃഷി ഭവൻ മുഖേന നൽകി വരുന്നു. കൃഷി സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന വിദ്യാലയം, വിദ്യാർത്ഥി, അദ്ധ്യാപകൻ, പ്രധാന അദ്ധ്യാപകൻ എന്നിവർക്ക് അവാർഡ് നൽകി വരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ഹോർട്ടികോർപ്പ് ലൈസൻസികൾ

54(5043) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പ് ലൈസൻസികളും ഫ്രാഞ്ചൈസികളും പഴവും പച്ചക്കറികളും വിലകൂട്ടി വിൽക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹോർട്ടികോർപ്പ് ലൈസൻസികളും ഫ്രാഞ്ചൈസികളും മാനദണ്ഡങ്ങൾ പാലിച്ച് വിപണനം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) മാനദണ്ഡങ്ങൾ പാലിക്കാതെ വിപണനം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരം ആക്ഷേപങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഹോർട്ടികോർപ്പ് ഉദ്യോഗസ്ഥർ ഹരിതാസ്റ്റാളുകൾ സന്ദർശിക്കുകയും ലൈസൻസികളെല്ലാം നിബന്ധനകൾക്ക് വിധേയമായിട്ടാണോ സ്റ്റാൾ പ്രവർത്തിക്കുന്നതെന്ന് പരിശോധിക്കുകയും ചെയ്യുന്നതാണ്. നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ലൈസൻസികൾക്ക് എതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) മാനദണ്ഡങ്ങൾ പാലിക്കാതെ വിപണനം നടത്തുന്ന ലൈസൻസികൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും പരിശോധിച്ച് ആവശ്യമെങ്കിൽ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹോർട്ടികോർപ്പിന്റെ പ്രവർത്തനം

55(5044) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഹോർട്ടികോർപ്പിന്റെ പ്രവർത്തനം ജനക്ഷേമകരമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) മൊബൈൽ സെയിൽസിനുവേണ്ടി വാങ്ങിയ വാഹനങ്ങൾ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവ എവിടെയെല്ലാമാണ് വിന്യസിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ആയതിന്റെ പ്രവർത്തന നേട്ടം സംബന്ധിച്ച വിശദവിവരം നൽകുമോ;

(സി) പച്ചക്കറികളുടെ ശേഖരണത്തിൽ മൊത്തക്കച്ചവടക്കാരുമായി തെറ്റായ ബന്ധം സ്ഥാപിച്ച് സംസ്ഥാനത്തിനകത്ത് ഉല്പാദിപ്പിച്ച ഗുണമേന്മയില്ലാത്ത പച്ചക്കറികളും തമിഴ്നാട്ടിലെ വിഷലിപ്ത പച്ചക്കറികളും കൂടിയ വിലയ്ക്ക് വാങ്ങി വിപണനം നടത്തി എന്ന പരാതി സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കർഷകർ, കർഷകസംഘങ്ങൾ, വി.എഫ്.പി.സി.കെ., കാർഷിക മൊത്ത വ്യാപാര വിപണികൾ, കൃഷിഭവനുകൾ എന്നിവിടങ്ങളിൽ നിന്നും കർഷകർക്ക് ന്യായവില നൽകി പരമാവധി ഉല്പന്നങ്ങൾ ഇടത്തട്ടുകാരെ ഒഴിവാക്കി ഹോർട്ടികോർപ്പ് നേരിട്ട് സംഭരിച്ച് വിപണനം നടത്തിവരുന്നു. ഈ കഴിഞ്ഞ ഓണക്കാലത്ത് മാർക്കറ്റ് വിലയെക്കാൾ 10% വില കൂട്ടി നൽകിയാണ് കർഷകരിൽ നിന്നും പഴം പച്ചക്കറികൾ സംഭരിച്ചത്. ഇതുമൂലം കർഷകർക്ക് ന്യായവില ഉറപ്പാക്കുവാൻ കഴിഞ്ഞു. ഉപഭോക്താക്കൾക്ക് കേരളത്തിൽ ഉല്പാദിപ്പിച്ച എല്ലാ പച്ചക്കറികൾക്കും 30% സബ്സിഡിയോടുകൂടി മിതമായ നിരക്കിൽ ലഭ്യമാക്കുവാനും ഹോർട്ടികോർപ്പിന് സാധിച്ചു. ഉപഭോക്താക്കൾക്ക് പഴം പച്ചക്കറികൾ ലഭ്യമാക്കുന്നതിന് എല്ലാ ജില്ലകളിലും ഹോർട്ടികോർപ്പിന്റെ വിപണന ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. മൊബൈൽ സെയിൽസിനുവേണ്ടി വാങ്ങിയിട്ടുള്ള വാഹനങ്ങളുടെ പ്രവർത്തനം, തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട്, ഇടുക്കി എന്നീ അഞ്ചു ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്. റസിഡൻസ് അസോസിയേഷനുകൾ, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ചും, നഗര പ്രദേശങ്ങൾ, ഫ്ലാറ്റ് സമുച്ചയങ്ങൾ, ജനവാസം കൂടുതലുള്ള സ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ചും മിതമായ വിലയ്ക്ക് പഴം പച്ചക്കറികൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് ഹോർട്ടികോർപ്പിന് സാധിച്ചുവരുന്നു. മൊബൈൽ വിൽപ്പനശാലകളുടെ പ്രവർത്തനം കൂടുതൽ നഗരപ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) തമിഴ്നാട്ടിൽ നിന്നും ഗുണനിലവാരമില്ലാത്ത പച്ചക്കറി വാങ്ങുന്നതും, പ്രാദേശിക കാർഷികോല്പന്നങ്ങൾ വാങ്ങാതിരിക്കുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നതും ഉൾപ്പെടെ ഗുരുതരമായ പല ക്രമക്കേടുകളും ആനയറ കാർഷിക മൊത്ത വ്യാപാര വിപണിയിലും ഹോർട്ടികൾച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ മൊത്ത വിതരണ കേന്ദ്രത്തിലും നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തി യിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഹോർട്ടികോർപ്പ് മുൻ മാനേജിംഗ് ഡയറക്ടറെ തൽസ്ഥാനത്ത് നിന്നും നീക്കം ചെയ്യുകയും റീജിയണൽ മാനേജരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയുമുണ്ടായി. ഹോർട്ടികോർപ്പിലെ ക്രമക്കേടുകളെക്കുറിച്ച് കൃഷി വകുപ്പിലെ സ്പെഷ്യൽ വിജിലൻസ് സെല്ലും, വിജിലൻസ് ആന്റ് കറപ്ഷൻ ബ്യൂറോയും അന്വേഷിച്ച് വരികയാണ്.

**കൃഷി വകുപ്പിനുകീഴിലുള്ള ഗവേഷണ സ്ഥാപനങ്ങൾ**

56(5045) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u>

<u>ശ്രീ. സി. കെ.നാണു:</u>

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u>

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെയും കാർഷിക സർവ്വകലാശാലയുടെയും കീഴിൽ എത്ര ഗവേഷണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ഈ സ്ഥാപനങ്ങളിൽ വിവിധ തസ്തികകളിൽ എത്ര സ്ഥിരം ജീവനക്കാരും എത്ര താൽക്കാലിക ജീവനക്കാരും ജോലി ചെയ്യുന്നുണ്ട്;

(ബി) ഈ സ്ഥാപനങ്ങളിൽനിന്ന് കഴിഞ്ഞ അഞ്ച് വർഷത്തിൽ പുറത്തുവന്ന, കർഷകർക്ക് ഉപകാരപ്രദമായ ഗവേഷണ ഫലങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ; ഈ ഗവേഷണ ഫലത്തിന്റെ പ്രചരണത്തിനായി കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) കാർഷിക സർവ്വകലാശാലയ്ക്ക് കഴിഞ്ഞ അഞ്ച് വർഷം ലഭ്യമായ മൊത്തം തുകയുടെ എത്ര ശതമാനം വീതം ശമ്പള ഇനത്തിലും അക്കാഡമിക് പ്രവർത്തനത്തിനും ഗവേഷണ പ്രവർത്തനത്തിനും മറ്റ് ഗവേഷണേതര പ്രവർത്തനത്തിനും ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കാർഷിക സർവ്വകലാശാലയുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ 6 പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രങ്ങളും 17 കാർഷിക ഗവേഷണ കേന്ദ്രങ്ങളുമുണ്ട്. ഈ സ്ഥാപനങ്ങളിൽ വിവിധ തസ്തികകളിലെ സ്ഥിരം ജീവനക്കാരുടെ എണ്ണവും താത്ക്കാലികമായി ജോലി ചെയ്യുന്നവരുടെ എണ്ണവും അനുബന്ധം ചേർത്തിട്ടുണ്ട്.*

(ബി) ഈ സ്ഥാപനങ്ങളിൽനിന്നും പുറത്തുവന്ന, കർഷകർക്ക് ഉപകാരപ്രദമായ ഗവേഷണ ഫലങ്ങളിൽ വിളകളുടെ മേന്മയേറിയ ഇനങ്ങൾ ഇറക്കിയിട്ടുണ്ട്. കൂടാതെ കൃഷിപ്പണികൾ ലഘൂകരിക്കുന്നതിനുള്ള യന്ത്രങ്ങൾ, മികച്ച വിള പരിപാലനത്തിനുള്ള കൃഷി രീതികൾ, ജീവാണു വളങ്ങൾ, ജൈവ കീട-കുമിൾ നാശിനികൾ എന്നിവയും വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഗവേഷണ ഫലങ്ങളുടെ ഒരു റിപ്പോർട്ട് ഇതിനോടൊപ്പം അനുബന്ധം 2-ൽ ഉള്ളടക്കം ചെയ്യുന്നു.*

കാർഷിക സർവ്വകലാശാലയിൽ നിന്നും ലഭ്യമാകുന്ന ഗവേഷണ ഫലങ്ങൾ കർഷകരിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി കൃഷി വകുപ്പിന്റെ പ്രചരണ വിഭാഗമായ ഫാം ഇൻഫർമേഷൻ ബ്യൂറോ കേരള കർഷകൻ മാസികയിലൂടെയും പത്രക്കുറിപ്പുകളിലൂടെയും ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയും നൂതന ഗവേഷണ ഫലങ്ങൾ കർഷകരിൽ എത്തിച്ചു വരുന്നു. കൂടാതെ കൃഷി വകുപ്പിന്റെ വീഡിയോ നടപടികളായ "നൂറുമേനി"യിലൂടെയും "കിസാൻ കൃഷിദീപ" ത്തിലൂടെയും ഗവേഷണഫലങ്ങൾ കർഷകരിൽ എത്തിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉദ്യോഗസ്ഥർക്കും കർഷകർക്കും നൽകുന്ന വിവിധ പരിശീലന പരിപാടികളിലൂടെയും സന്ദർശന പരിപാടികളിലൂടെയും ജില്ലകളിൽ സംഘടിപ്പിക്കുന്ന MTA (Monthly Technology Advisories) യോഗങ്ങളിലൂടെ ഗവേഷണ ഫലങ്ങൾ ഗുണഭോക്താക്കളായ കർഷകരിൽ എത്തിക്കുന്നു.

(സി) കാർഷിക സർവ്വകലാശാലയ്ക്ക് കഴിഞ്ഞ അഞ്ചുവർഷം ലഭ്യമായ മൊത്തം തുക വിവിധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധം 3-ൽ ഉള്ളടക്കം ചെയ്യുന്നു.*

(ഡി) കാർഷിക സർവ്വകലാശാലയുടെ സാമ്പത്തിക സ്രോതസ്സുകൾ, കേന്ദ്ര ഗവൺമെന്റിൽ ഐ.സി.എ.ആർ.-ഉം മറ്റ് ഏജൻസികളായ ബയോടെക്നോളജി ഡിപ്പാർട്ട്മെന്റ് (ഡി.ബി.റ്റി.), ശാസ്ത്ര സാങ്കേതിക വകുപ്പ് (ഡി.എസ്.റ്റി.) എന്നിവയും സംസ്ഥാനതലത്തിൽ സംസ്ഥാന സർക്കാരുമാണ്. എന്നാൽ ഗവേഷണത്തിനും അദ്ധ്യാപനത്തിനും ആവശ്യമായ തുകയുടെ ഒരു ഭാഗം മാത്രമേ സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്നുള്ളൂ. കേന്ദ്ര ഏജൻസികളിൽ നിന്നും കിട്ടാവുന്ന സാമ്പത്തിക സഹായം പരമാവധി ലഭ്യമാക്കുന്നതിന് തീവ്രശ്രമങ്ങൾ സർവ്വകലാശാല നടത്തുന്നുണ്ട്.

കേരള കാർഷിക സർവ്വകലാശാലയുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി താഴെച്ചേർക്കുന്ന ചെലവ് ചുരുക്കൽ/വരുമാന വർദ്ധനവ് നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. സർവ്വകലാശാല കൃഷിയിടങ്ങളുമായി ബന്ധപ്പെട്ട ശമ്പളേതര ചെലവുകൾ പ്രധാനമായും ബാഹ്യസഹായ പദ്ധതികളിൽ ഉൾപ്പെടുത്തി പദ്ധതിയേതര ചെലവുകൾ കുറച്ചുവരുന്നു.
2. സൗജന്യ പരിശീലനപരിപാടികൾ ഇപ്പോൾ പ്രോത്സാഹിപ്പിക്കുന്നില്ല.
3. സീഡ് & നഴ്സറി പ്രോഗ്രാമുകൾ ശാക്തീകരിച്ചിട്ടുണ്ട്.
4. വ്യാപാരമൂല്യമുള്ള സാങ്കേതിക വിദ്യകൾ സാമ്പത്തിക അടിസ്ഥാനത്തിൽ കൈമാറ്റം ചെയ്തുവരുന്നു.
5. വിവിധ റിവോൾവിംഗ് ഫണ്ടുകൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.
6. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കു പുറമെ ജൈവവളങ്ങളും ജൈവകീടനാശിനികളും വികസിപ്പിച്ചെടുക്കുകയും പ്രചാരത്തിലാക്കുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇതിനുപുറമെ ബാഹ്യസഹായ പദ്ധതികളും ഫണ്ടും നേരിടുന്നതിന് ശാസ്ത്രജ്ഞന്മാരെ പ്രോത്സാഹിപ്പിക്കുക, കരാറടിസ്ഥാനത്തിലുള്ള ഗവേഷണം ശക്തിപ്പെടുത്തുക, സർവ്വകലാശാലയിലെ പരിശീലന സൗകര്യങ്ങളുടെയും താമസസൗകര്യങ്ങളുടെയും വാടക നിരക്കുകൾ കൂട്ടുക, എല്ലാ പരിശീലന പരിപാടികൾക്കും 20% ഓവർഹെഡ് ചാർജ്ജ് ഏർപ്പെടുത്തുക എന്നീ നടപടികളും ഉദ്ദേശിക്കുന്നു.

**വെറ്ററിനറി സർവ്വകലാശാലയുടെ സ്ഥാപനങ്ങൾ**

57(T*5046) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെറ്ററിനറി സർവ്വകലാശാലയുടെ സ്ഥാപനങ്ങൾ എല്ലാ ജില്ലയിലും പ്രവർത്തിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) സർവ്വകലാശാല ജില്ലാടിസ്ഥാനത്തിൽ എന്തെല്ലാം സേവനങ്ങൾ കർഷകർക്ക് നൽകി വരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) സർവ്വകലാശാലയുടെ കീഴിൽ ഭാവിയിൽ തുടങ്ങാനുദ്ദേശിക്കുന്ന സ്ഥാപനങ്ങൾ/പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ വെറ്ററിനറി സർവ്വകലാശാലയുടെ സ്ഥാപനങ്ങൾ എല്ലാ ജില്ലയിലും പ്രവർത്തിക്കുന്നില്ല.

(ബി) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ കർഷകർക്കുള്ള സെമിനാറുകൾ, ചർച്ചാ ക്ലാസുകൾ, മൃഗസംരക്ഷണ മേഖലയിലും അനുബന്ധ മേഖലയിലുമുള്ള തൊഴിൽ സംരംഭകത്വ വികസന സെമിനാറുകൾ, മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നതിനുള്ള പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ, പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കി നൽകൽ തുടങ്ങിയ സേവനങ്ങളാണ് കർഷകർക്ക് നൽകി വരുന്നത്.

(സി) പാലക്കാട് തിരുവിഴാംകുന്ന് ഒരു പുതിയ വെറ്ററിനറി കോളേജ്, വയനാട്ടിൽ വൈൽഡ് ലൈഫ് കോളേജ്, എല്ലാ ജില്ലയിലും ഗവേഷണ-പരിശീലന-തൊഴിൽ സംരംഭക കേന്ദ്രങ്ങൾ എന്നിവ തുടങ്ങുന്ന വിഷയം ആലോചിക്കും.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## 'ശ്വാന സൗഹൃദ പാലക്കാട്'

58(5047) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ നിയന്ത്രണ പദ്ധതിയായ 'ശ്വാന സൗഹൃദ പാലക്കാട്' എന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ഈ പദ്ധതിയുടെ പ്രവർത്തനം നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ജില്ലയിലെ തെരുവ് നായ ശല്യം പൂർണ്ണമായും കുറയ്ക്കുന്നതിന് കഴിയുമോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ- സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## ഓട നവീകരണ പ്രവൃത്തികൾ

59(5048) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി, റോഡു സംരക്ഷണത്തിന്റെ ഭാഗമായി, ഓട നവീകരണ പ്രവൃത്തികൾ പാലക്കാട് ജില്ലയിൽ നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിലെ പല ജില്ലകളിലും മേൽപ്പറഞ്ഞ പ്രവൃത്തികൾ ഒരു തടസ്സവുമില്ലാതെ നടക്കുമ്പോൾ ചില ജില്ലകളിൽ ഇത്തരം പ്രവൃത്തികൾക്ക് അനുമതി നൽകാത്തത് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണെന്ന് കരുതുന്നുണ്ടോ;

(സി) പാലക്കാട് ജില്ലയിൽ മേൽപ്പറഞ്ഞ പ്രവൃത്തികൾ നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകാൻ സന്നദ്ധമാകുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തികൾ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭയും പദ്ധതികൾക്ക് ഭരണാനുമതി

നൽകുന്നത് പഞ്ചായത്ത് സമിതിയുമാണ്. എന്നാൽ സാങ്കേതികാനുമതി നൽകുന്നത് ഉദ്യോഗസ്ഥർ ഉൾപ്പെട്ട കമ്മിറ്റിയാണ്. പ്രസ്തുത കമ്മിറ്റികൾ ഓട നവീകരണത്തിന് സാങ്കേതികാനുമതി നൽകുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പാലക്കാട് ജില്ലയിൽ ഓട നവീകരണ പ്രവർത്തനങ്ങൾ ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി ഏറ്റെടുക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

**എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ**

60(5049) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് അസംബ്ളി നിയോജകമണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന ചെയ്ത എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ മുഴുവൻ പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണ്;

(ഡി) ഉദ്യോഗസ്ഥൻമാരുടെ കൃത്യ വിലോപവും അലസതയും കാരണമാണ് പ്രവൃത്തി പൂർത്തിയാകാത്തതെങ്കിൽ അത്തരം ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന ചെയ്ത എം.എൽ.എ. ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചതും, പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികൾ, പൂർത്തീകരിക്കാൻ കഴിയാത്ത കാരണം എന്നിവ ഉൾപ്പെട്ട ലിസ്റ്റുകൾ അനുബന്ധമായി ചേർക്കുന്നു*.

(ഡി) സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ജൻ ആഹാർ പദ്ധതി**

61(5050) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുടുംബശ്രീ റെയിൽവേയുമായി സഹകരിച്ച് നടപ്പാക്കുന്ന ജൻ ആഹാർ പദ്ധതിയുടെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

റെയിൽവേ സ്റ്റേഷനുകളിൽ കുടുംബശ്രീ ക്യാന്റീനുകൾ സജ്ജീകരിക്കുക വഴി സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ ശുചിത്വപൂർണ്ണവും സ്വാദിഷ്ടവുമായ ഭക്ഷണം ലഭ്യമാക്കുകയും അതിലൂടെ സാധാരണക്കാരായ കുടുംബശ്രീ വനിതകൾക്ക് ഉപജീവനോപാധി കൂടി കണ്ടെത്തുകയുമാണ് ജൻ ആഹാർ പദ്ധതിയുടെ ലക്ഷ്യം. ഇതുസംബന്ധിച്ച് റെയിൽവേയുമായി ചർച്ച നടത്തുകയും, ആദ്യഘട്ടത്തിൽ ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ പ്രസ്തുത ക്യാന്റീൻ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

**പ്രീ-ഫാബ്രിക്കേറ്റഡ് വീടുകൾ**

62(5051) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷ ബജറ്റിൽ പ്രാദേശിക സർക്കാർ വഴി നടപ്പിലാക്കുന്ന ഭവന നിർമ്മാണ പരിപാടിയുടെ ഭാഗമായി പ്രീ-ഫാബ്രിക്കേറ്റഡ് വീടുകൾ പ്രഖ്യാപിച്ചിരുന്നോ;

(ബി) സംസ്ഥാനത്ത് ഇത്തരം വീടുകളുടെ വിതരണത്തിന് ഏത് ഏജൻസിയേയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) ഇത്തരം വീടുകളുടെ ഈട്, വില, ലഭ്യത എന്നിവ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന ബഡ്ജറ്റ് 2016-2017-ൽ പ്രീ-ഫാബ്രിക്കേറ്റഡ് വീടുകൾ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഭവനനിർമ്മാണ വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) കെട്ടിടനിർമ്മാണത്തിന് നൂതനമായ സാങ്കേതിക വിദ്യകൾ പ്രാവർത്തികമാക്കുന്നതിനാൽ ഈടുനിൽക്കുന്ന വീടുകളാവും ഇവ. നിർമ്മാണ രീതിക്ക് സിമന്റ്, മണൽ, കമ്പി, ചല്ലി എന്നിവയുടെ ഉപയോഗം കുറഞ്ഞ രീതിയിൽ മതിയാകുന്നതാണ്. ചുമരുകൾ സിമന്റ് പൂശേണ്ട ആവശ്യം ഇല്ലാത്തതിനാലും തറയുടെയും സ്ലാബുകളുടെയും നിർമ്മാണത്തിന് GPRG (Glass Fiber Re-inforced Gypsum) പാനലുകൾ ഉപയോഗിക്കുവാൻ സാധിക്കുന്നതിനാൽ കോൺക്രീറ്റ് പരിമിതമായ തോതിൽ മാത്രം മതിയാകുന്നതിനാലും ഇത്തരം വീടുകളുടെ നിർമ്മാണ ചെലവ് വളരെ കുറവാണ്.

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡും, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രയും ഇത്തരം വീടുകൾ നിർമ്മിക്കുന്നു.

**എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് പ്രൊമോഷൻ**

63(5052) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിൽ മിനിസ്റ്റീരിയൽ ജീവനക്കാരിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്ക് പ്രൊമോഷൻ വഴി നിയമനത്തിന് തിരുവനന്തപുരം ജില്ലയിൽ ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത ഒഴിവിലേക്ക് ആരെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത നിയമനത്തിനുവേണ്ടി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മിനിസ്റ്റീരിയൽ വിഭാഗത്തിൽ താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും ഒരാൾക്ക് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിന് നീക്കിവച്ചിട്ടുണ്ട്. ടി പ്രൊമോഷൻ നടത്തേണ്ടത് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ മുഖാന്തരമായതിനാൽ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) പ്രസ്തുത ഒഴിവിലേയ്ക്ക് തിരുവനന്തപുരം ജില്ലയിൽ നിന്നും ആരും തന്നെ അപേക്ഷ സമർപ്പിച്ചിട്ടില്ല.

(സി) ബാധകമല്ല.

## പട്ടി ഇറച്ചി സംഭരണം

64(5053) <u>ശ്രീ .യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ പോത്തിറച്ചിയും മറ്റും കയറ്റി അയയ്ക്കുന്ന മാതൃകയിൽ പട്ടിയിറച്ചി കഴിയ്ക്കുന്ന ജനങ്ങൾ ഉള്ള രാജ്യങ്ങളിലേയ്ക്ക് തെരുവ് നായ്ക്കളുടെ ഇറച്ചി സംഭരിച്ച് കയറ്റി അയ്ക്കാൻ നടപടി സ്വീകരിക്കണം എന്ന ചില സന്നദ്ധ സംഘടനകളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യം ഗൗരവതരമായി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ; സ്വീകരിക്കുമെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

## ക്ഷേമ പെൻഷനുകൾ

65(T5054) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തരത്തിലുള്ള ക്ഷേമ പെൻഷനുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഓരോതരം പെൻഷനും അപേക്ഷ നൽകേണ്ടത് ഏത് വകുപ്പ്/ഏജൻസിക്കാണെന്ന് അറിയിക്കുമോ;

(സി) ഓരോ തരം പെൻഷനും അനുവദിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ;

(ഡി) ഓരോന്നും അനുവദിക്കുന്ന അതോറിറ്റി ഏതാണെന്ന് അറിയിക്കുമോ;

(ഇ) ഓരോന്നിന്റെയും വിതരണ ഏജൻസിയും, വിതരണം ചെയ്യുന്ന രീതിയും, ഓരോന്നും ഏതു മാസം വരെയുള്ളത് വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അനുവദിക്കുന്ന 5 തരത്തിലുള്ള പെൻഷനുകൾ നിലവിലുണ്ട്.

1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ.
2. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ.
3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ.
4. കർഷക തൊഴിലാളി പെൻഷൻ.
5. അൻപത് വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ.

(ബി) മേൽപ്പറഞ്ഞ എല്ലാ പെൻഷനുകൾക്കും പെൻഷൻ ആവശ്യമുള്ള വ്യക്തി താമസിക്കുന്ന സ്ഥലത്തെ ഗ്രാമപഞ്ചായത്ത്/നഗരസഭകളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

(സി)

1. <u>ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ</u>

60 വയസ്സിന് മുകളിൽ പ്രായം, വാർഷിക വരുമാനം ഒരു ലക്ഷത്തിൽ കവിയരുത്. മറ്റ് പെൻഷനുകൾ വാങ്ങുന്നവരാകരുത്. മൂന്നുവർഷമായി കേരളത്തിൽ താമസിക്കുന്നവരാകണം. വൃദ്ധസദനത്തിലോ ശരണാലയത്തിലോ അന്തേവാസിയായിരിക്കരുത്. യാചകവൃത്തി തൊഴിലായി സ്വീകരിച്ചവരാവരുത്.

2. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ (വികലാംഗർ, അംഗവൈകല്യം സംഭവിച്ചവർ, ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്നവർ)

കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്. വൈകല്യം നാൽപ്പത് ശതമാനമോ അതിലധികമോ ഉണ്ടായിരിക്കണം.

3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ (വിധവകൾക്കും വിവാഹമോചിതർക്കും)

കുടുംബവാർഷിക വരുമാനം ഗ്രാമപ്രദേശങ്ങളിൽ എ.പി.എൽ., ബി.പി.എൽ. ഭേദമില്ലാതെ ഒരു ലക്ഷം രൂപയിൽ കവിയരുത്. മറ്റ് പെൻഷനുകൾ വാങ്ങുന്നവരാകരുത്. രണ്ട് വർഷമായി കേരളത്തിൽ താമസിക്കുന്നവരാകണം. യാചകവൃത്തി തൊഴിലായി സ്വീകരിച്ചവരാവരുത്. വിധവ/അഞ്ചുവർഷമായി ഭർത്താവിനെക്കുറിച്ച് വിവരം ലഭ്യമല്ലാത്ത സ്ത്രീയായിരിക്കണം.

4. കർഷക തൊഴിലാളി പെൻഷൻ

കേരളത്തിൽ 10 വർഷമായി സ്ഥിരതാമസമായിരിക്കണം. 60 വയസ്സ് തികഞ്ഞിരിക്കണം. കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്. കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിരുന്ന വ്യക്തിയായിരിക്കണം.

5. അൻപത് വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ

അൻപത് വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിത സ്ത്രീ ആയിരിക്കണം. അവിവാഹിതരായ അമ്മമാർക്കും അർഹതയുണ്ട്. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്. സംസ്ഥാനത്ത് സ്ഥിരതാമസമായിരിക്കണം.

(ഡി) എല്ലാ പെൻഷനുകളും അനുവദിക്കുന്നത് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/നഗരസഭാ കൗൺസിലുകളാണ്.

(ഇ) പെൻഷൻ വിതരണം നടത്തുന്നത് പഞ്ചായത്ത് ഡയറക്ടറാണ്. നിലവിൽ ഗുണഭോക്താക്കൾ തെരഞ്ഞെടുത്തതനുസരിച്ച് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് മുഖേനയും പ്രാഥമിക സഹകരണസംഘം/ബാങ്ക് മുഖേന ഗുണേഭോക്താവിന്റെ വീടുകളിൽ നേരിട്ടുമാണ് പെൻഷൻ വിതരണം നടത്തുന്നത്. 2016 സെപ്റ്റംബർ വരെയുള്ള പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ പുനഃസംഘടന**

66(5055) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പുനഃസംഘടന സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) അർബൻ ലോക്കൽ ബോഡികൾ രൂപീകരിച്ചതിന്റെ ഭാഗമായി, കേരളത്തിലെ പഞ്ചായത്തുകളുടെ എണ്ണം ഗണ്യമായി കുറഞ്ഞതിനാൽ, ആനുപാതികമായി പഞ്ചായത്തുകളുടെ എണ്ണം കൂട്ടുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(സി) പൊതുവായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പുനഃസംഘടന ചെയ്യുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങൾ ആണ് സർക്കാർ സ്വീകരിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) 2015-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിന് മുന്നോടിയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പുനഃസംഘടന പൂർത്തീകരിച്ചതിനാൽ ഇപ്പോൾ പുനഃസംഘടന പരിഗണനയിലില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണവും പുനഃസംഘടനയുമായി ബന്ധപ്പെട്ട് പുതിയ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സർക്കാർ 27-11-2014-ലെ സ.ഉ.(സാധാ.) നമ്പർ 3113/2014/തസ്വഭവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം ഗ്രാമപഞ്ചായത്തുകളുടെ വിഭജനം പരിഗണിക്കുമ്പോൾ ജനസംഖ്യ, ഭൂവിസ്തൃതി, പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, ജനങ്ങൾക്ക് മെച്ചപ്പെട്ട സർവ്വീസ് ഡെലിവറി സൗകര്യം, തനതു വരുമാനം എന്നീ ഘടകങ്ങളാണ് പ്രധാനമായും പരിഗണിക്കുന്നത്.

കേരള മുനിസിപ്പാലിറ്റി ആക്ട് 4(2) പ്രകാരം ഗ്രാമപഞ്ചായത്തുകളെ നഗരസഭകളായും മുനിസിപ്പൽ കൗൺസിലുകളെ മുനിസിപ്പൽ കോർപ്പറേഷനുകളായും സർക്കാരിന് പരിവർത്തനപ്പെടുത്താവുന്നതാണ്. ഗ്രാമ പഞ്ചായത്തുകളെ നഗരസഭകളായി പരിവർത്തനം ചെയ്യുന്നതിന് പ്രധാന മാനദണ്ഡങ്ങളായി സാധാരണ നിലയിൽ പരിഗണിക്കുന്നത് ആ പ്രദേശത്തെ ജനസംഖ്യ, ജനസാന്ദ്രത, വരുമാനം, കാർഷികേതര പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ നിരക്ക് എന്നിവയാണ്. കൂടാതെ ഒരു പ്രദേശത്തെ വികസനസാദ്ധ്യതകൾ, പുതിയ തുറമുഖം, റെയിൽവേ, എയർപോർട്ട് എന്നീ പദ്ധതികൾ ഇൻഡസ്ട്രിയൽ ഏരിയ ഐ.ടി. ഹബ്ബ് തുടങ്ങിയവ, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ്, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ നിലവിലുള്ളതും ഭാവിയിൽ പ്രതീക്ഷിക്കാവുന്നതുമായ വരുമാന സ്രോതസ്സുകൾ, സാറ്റ്ലൈറ്റ് ടൗണായി വികസിപ്പിക്കാനുള്ള സാദ്ധ്യതയുള്ള പ്രദേശം, ശാസ്ത്രീയമായി വികസന സാദ്ധ്യതകൾ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവയുടെ സാന്നിദ്ധ്യം, പ്രദേശങ്ങൾ തമ്മിലുള്ള കണക്ടിവിറ്റി, നഗരത്തിൽ നിന്നും നേരിട്ടല്ലാതെ കിടക്കുന്ന പ്രദേശങ്ങൾ, നഗരസഭയാക്കി മാറ്റിയാൽ കേന്ദ്ര സർക്കാരിൽ നിന്നും എ.ഡി.ബി. പോലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം കിട്ടുന്നതിനുള്ള സാദ്ധ്യതകൾ എന്നിവ കൂടി ഇതിനുള്ള മാനദണ്ഡങ്ങളായി കണക്കാക്കുന്നുണ്ട്.

**ആധുനിക പൊതു ശ്മശാനങ്ങൾ**

67(5056) ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും പൊതു ശ്മശാനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ആധുനിക രീതിയിലുള്ള പൊതു ശ്മശാനങ്ങൾ ഏതെങ്കിലും പഞ്ചായത്തുകളിൽ ലഭ്യമാണോ; ഇല്ലെങ്കിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്നുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് അതത് പഞ്ചായത്തുകൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൊതുശ്മശാനങ്ങൾ നിലവിലില്ല.

(ബി) സംസ്ഥാനത്തെ 30 ഗ്രാമപഞ്ചായത്തുകളിൽ ആധുനിക രീതിയിലുള്ള പൊതുശ്മശാനങ്ങൾ നിലവിലുണ്ട്. 152 ഗ്രാമപഞ്ചായത്തുകൾ ആധുനിക പൊതുശ്മശാനം നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കി വരുന്നു.

(സി) ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചു വരുന്നുണ്ട്. 2016-17 വർഷത്തെ ബഡ്ജറ്റിൽ ശ്മശാന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**രാജീവ് ആവാസ് യോജന**

68(5057) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ നോഡൽ ഏജൻസിയായ ബി.എസ്.യു.പി. പദ്ധതിയുടെ തുടർച്ചയായി വന്ന രാജീവ് ആവാസ് യോജനയിലേക്ക് റിക്രൂട്ട്മെന്റ് നടത്തുന്നതിന് വേണ്ടിയുള്ള കുടുംബശ്രീ Ray-റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഇതിൽ ഡെപ്യൂട്ടി മാനേജർ (സോഷ്യൽ ഡെവലപ്മെന്റ്) തസ്തികയിൽ എത്ര പേർ റാങ്ക് ലിസ്റ്റിൽ ഉണ്ട്; എത്രപേർക്ക് പ്രസ്തുത തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്;

(സി) നിലവിൽ ഈ തസ്തികയിൽ ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഡെപ്യൂട്ടി മാനേജർ (സോഷ്യൽ ഡെവലപ്മെന്റ്)തസ്തികയിൽ 12 പേർ ആണ് റാങ്ക് ലിസ്റ്റിലുള്ളത്. 6 പേർക്ക് പ്രസ്തുത തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

(സി) കൊല്ലം, കോഴിക്കോട് നഗരസഭകളിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ഡി) 2015 ജൂൺ മാസത്തിൽ ആർ.എ.വൈ. പദ്ധതി നിർത്തലാക്കി, നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ പി.എം.എ.വൈ. പദ്ധതിയിലേയ്ക്ക് ലയിപ്പിച്ചുകൊണ്ട് കേന്ദ്രസർക്കാർ ഉത്തരവിറക്കി. പി.എം.എ.വൈ. പദ്ധതിയുടെ Annual Capacity Building Plan കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ അംഗീകരിച്ചുനൽകുന്ന തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കുറവ്**

69(5058) ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആവശ്യത്തിനു ജീവനക്കാരില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടെക്നിക്കൽ സ്റ്റാഫിന്റെ കുറവ് പദ്ധതി നിർവഹണത്തെ ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഒരു ഉദ്യോഗസ്ഥന് പല പദ്ധതികളുടെ അധികചുമതലകൾ നൽകേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തന്മൂലം യഥാർഥത്തിൽ ഒരു പദ്ധതി പോലും യഥാസമയം നടപ്പാക്കാതെ വരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടെക്നിക്കൽ സ്റ്റാഫിന്റെ കുറവ് പദ്ധതി നിർവ്വഹണത്തെ ഭാഗികമായി ബാധിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പദ്ധതി നിർവ്വഹണം തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിൽ വരുന്നതുവരെ നിലവിലുള്ള ഒഴിവുകളിൽ താൽക്കാലികാടിസ്ഥാനത്തിലോ കരാർ അടിസ്ഥാനത്തിലോ ദിവസ വേതനാടിസ്ഥാനത്തിലോ നിയമനങ്ങൾ നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം/അനുമതി നൽകിയിട്ടുണ്ട്.

## പശ്ചിമ കൊച്ചിയിലെ റോഡിന്റെയും പാലത്തിന്റെയും നിർമ്മാണം

70(5059) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമ കൊച്ചിയിലെ പള്ളുരുത്തി എൻ.ഇ.എസ്. ബ്ലോക്ക്, പി.ഗംഗാധരൻ റോഡ്, മധുര കമ്പനി, പഷ്ണിത്തോട്, കണ്ണനാട്ട് പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡിന്റെയും പാലത്തിന്റെയും നിർമ്മാണം കൊച്ചിൻ കോർപ്പറേഷന്റെ പരിഗണനയിലുണ്ടോ;

(ബി) ആയതിന്റെ നിർമ്മാണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) ആയതിനുള്ള സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിരുന്നോ; നിജസ്ഥിതി വിശദമാക്കാമോ;

(ഡി) പ്രസ്തുത റോഡിന്റെ അലൈൻമെന്റിന് അംഗീകാരം നല്കിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) ഉണ്ട്. കണ്ണങ്ങാട്ട് ക്ഷേത്രത്തിന് അടുത്തുവരെ പണി പൂർത്തിയാക്കിയിട്ടുണ്ട്.

(സി) പാലവുമായി ബന്ധിപ്പിക്കുന്ന അപ്രോച്ച് റോഡിനുള്ള പ്രാരംഭ നടപടികൾ ഇന്ദിരാഗാന്ധി റോഡുവരെ സർവ്വെ സ്കെച്ച് മാർക്ക് ചെയ്തിട്ടുണ്ട്.

(ഡി) അംഗീകാരമുണ്ട്. പകർപ്പ് ഈ വകുപ്പിൽ ലഭ്യമല്ല.

### വഴിയോര കച്ചവടക്കാർ

71([T]5060) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വഴിയോര കച്ചവടക്കാരുടെ സർവ്വേ നടത്തിയിട്ടില്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(ബി) വഴിയോര കച്ചവടക്കാർക്ക് തൊഴിലിടം നിശ്ചയിച്ച് നൽകുന്നതിനും ലൈസൻസ് ഏർപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ തെരുവ് കച്ചവടക്കാരുടെ സർവ്വെ എൻ.യു.എൽ.എം. പദ്ധതി നിലവിലുള്ള 14 നഗരസഭകളിൽ 11 നഗരസഭകൾ പൂർത്തിയാക്കിയിട്ടുണ്ട്. മറ്റു നഗരസഭകളിൽ സർവ്വേ നടപടികൾ ഉടൻ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നഗരപ്രദേശത്തെ തെരുവ് കച്ചവടക്കാർക്ക് 'തൊഴിലിടം' നിശ്ചയിച്ച് നൽകുന്നതിനും ലൈസൻസ് ഏർപ്പെടുത്തുന്നതിനും തെരുവ് കച്ചവടക്കാരുടെ സർവ്വെ നഗരസഭകൾ പൂർത്തീകരിക്കേണ്ടതുണ്ട്. തെരുവ് കച്ചവടം അനുവദനീയമല്ലാത്ത മേഖലയിലും (No Vending Zone), നിയന്ത്രിത മേഖലയിലും കച്ചവടം ചെയ്യുന്നവരെ പുനരധിവസിപ്പിക്കുന്നതിന് നഗരസഭകൾ പദ്ധതി തയ്യാറാക്കി 'തെരുവ് കച്ചവടമേഖലകൾ' പ്രഖ്യാപിക്കേണ്ടതും, തുടർന്ന് അതിന് ആവശ്യമായ പശ്ചാത്തലസൗകര്യം ഒരുക്കേണ്ടതുമാണ്. സർവ്വേയിൽ കണ്ടെത്തിയ തെരുവ് കച്ചവടക്കാർക്ക് നഗര കച്ചവട സമിതിയുടെ ശിപാർശ പ്രകാരം നഗരസഭ ലൈസൻസ് അനുവദിക്കുന്നതാണ്.

### മികച്ച മുനിസിപ്പാലിറ്റികൾക്ക് അവാർഡ്

72(5061) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച മുനിസിപ്പാലിറ്റികൾക്ക് സംസ്ഥാന സർക്കാർ അവാർഡ് നൽകാറുണ്ടോ;

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) എങ്കിൽ ഏത് വർഷം വരെ പ്രസ്തുത അവാർഡ് നൽകിയിട്ടുണ്ടെന്നും തുടർ വർഷങ്ങളിൽ ഇത് നൽകാത്തതിന്റെ കാരണവും വ്യക്തമാക്കാമോ;

(സി) അവസാനമായി ഈ അവാർഡ് ലഭിച്ച മുനിസിപ്പാലിറ്റികൾ ഏതെല്ലാമെന്ന് സ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത അവാർഡ് സമയബന്ധിതമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2011-2012 വരെ നൽകിയിട്ടുണ്ട്. തുടർന്ന് ഇത് സംബന്ധിച്ച് സർക്കാർ തീരുമാനമെടുത്തിട്ടില്ല.

(സി) <u>2011-2012</u>

<u>ഒന്നാം സ്ഥാനം</u>

ആറ്റിങ്ങൽ നഗരസഭ - 25,00,000 രൂപ

<u>രണ്ടാം സ്ഥാനം</u>

മലപ്പുറം നഗരസഭ - 15,00,000 രൂപ

<u>മൂന്നാം സ്ഥാനം</u>

കാസർഗോഡ് നഗരസഭ - 10,00,000 രൂപ

(ഡി) പരിശോധിക്കുന്നതാണ്.

**സ്വച്ഛ് ഭാരത് പദ്ധതി**

73(5062) <u>ശ്രീ. സി. കെ. നാണു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് പദ്ധതിയുടെ (നഗരങ്ങൾ) സംസ്ഥാനത്തെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ, ലഭിച്ച തുക, വിനിയോഗിച്ച തുക എന്നിവ സഹിതം ജില്ലാടിസ്ഥാനത്തിൽ വിശദീകരിക്കാമോ;

(ബി) ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തൊക്കെയാണ്; ഈ വർഷത്തെ കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാണെന്നും വ്യക്തമാക്കാമോ?

(എ) സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയുടെ നാളിതുവരെയുള്ള സംസ്ഥാനത്തെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

- സംസ്ഥാനത്തെ എല്ലാ നഗരസഭകൾ/കോർപ്പറേഷനുകൾ 2017 മാർച്ച് 31-ന് സമ്പൂർണ്ണ ഒ.ഡി.എഫ്. (തുറസ്സായ സ്ഥലം വിസ്സർജ്ജന വിമുക്തം) ആയി പ്രഖ്യാപിക്കുന്നതിനുള്ള വ്യക്തിഗത ഗാർഹിക ശൗചാലയ നിർമ്മാണം, ശുചിത്വ ബോധവത്ക്കരണവുമായി ബന്ധപ്പെട്ട വിവര വിജ്ഞാന വ്യാപന പ്രവർത്തനം, ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും, പൊതു പ്രവർത്തകർക്കുമുള്ള ശേഷീ വികസനം എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു.
- നാളിതുവരെ സ്വച്ഛ് ഭാരത് മിഷൻ പദ്ധതി (നഗരം) പ്രകാരം കേന്ദ്ര വിഹിതമായി 3417 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 1638.7 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 5055.7 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.
- നാളിതുവരെ നഗരസഭകൾ 456.67 ലക്ഷം രൂപയും സംസ്ഥാന ശുചിത്വ മിഷൻ 40.07 ലക്ഷം രൂപയും ജില്ലാ ശുചിത്വമിഷൻ മുഖേന 16.51 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 513.25 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള ധനവിനിയോഗ റിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 1. സ്വച്ഛ് ഭാരത് മിഷൻ പദ്ധതി (നഗരം) - 2017 മാർച്ച് 31-ന് സമ്പൂർണ്ണ ഒ.ഡി.എഫ്. പ്രഖ്യാപനം നടത്തുന്നതിലേക്ക് വ്യക്തിഗത ഗാർഹിക കക്കൂസ്, കമ്മ്യൂണിറ്റി ടോയ്‌ലറ്റ്, പൊതുശൗചാലയം, യൂറിനൽ നിർമ്മാണം.

2. വിവര വിജ്ഞാപന വ്യാപന പ്രവർത്തനം

3. ശേഷീ വികസനം

4. ഖരമാലിന്യ പരിപാലനം - പദ്ധതി രേഖ തയ്യാറാക്കലും പ്രോജക്ട് നിർവ്വഹണവും.

5. സിറ്റി സാനിറ്റേഷൻ പ്ലാൻ തയ്യാറാക്കൽ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2017-18 വർഷം പ്രതീക്ഷിക്കുന്ന

| | | |
|---|---|---|
| കേന്ദ്ര വിഹിതം | - | 108.21 കോടി രൂപ |
| സംസ്ഥാന വിഹിതം | - | 72.14 കോടി രൂപ. |

**സ്വച്ഛ് ഭാരത് ഗ്രാമീണ പദ്ധതി**

74(5063) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത്(ഗ്രാമീൺ)പദ്ധതിയുടെ നാളിതുവരെയുള്ള സംസ്ഥാനത്തെ പ്രവർത്തനങ്ങൾ, ലഭിച്ച തുക, വിനിയോഗിച്ച തുക എന്നിവ സഹിതം ജില്ലാടിസ്ഥാനത്തിൽ വിശദീകരിക്കാമോ;

(ബി) ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ഈ വർഷത്തെ കേന്ദ്ര -സംസ്ഥാന വിഹിതം എത്രയെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി, നിലവിലുണ്ടായിരുന്ന സമ്പൂർണ്ണ ശുചിത്വ പദ്ധതി/നിർമ്മൽ ഭാരത് അഭിയാൻ പദ്ധതികളുടെ തുടർച്ചയായി പ്രഖ്യാപിക്കപ്പെട്ട പദ്ധതിയാണ്. നാളിതുവരെ 1285413 ഗാർഹിക കക്കൂസുകൾ, 5445 കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സുകൾ, 4996 സ്കൂൾ ടോയ്‌ലറ്റ്, 5249 അങ്കണവാടി ടോയ്‌ലറ്റ്, 370 ഗ്രാമപഞ്ചായത്തുകൾക്ക് ഖരമാലിന്യ പരിപാലനത്തിന് സാമ്പത്തിക സഹായം, വിവര-വിജ്ഞാന-വ്യാപനം എന്നീ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. 1999 ഏപ്രിൽ മാസം മുതൽ 2016 സെപ്റ്റംബർ മാസം വരെയുള്ള ധനവിനിയോഗ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ വർഷം ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ.

1. വ്യക്തിഗത ഗാർഹിക ശൗചാലയങ്ങൾ
2. പൊതു ശുചിത്വ സമുച്ചയങ്ങൾ
3. ഖര-ദ്രവ മാലിന്യ സംസ്കരണം
4. വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ.

(സി) സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) 2016-2017 വാർഷിക നിർവ്വഹണ പദ്ധതി പ്രകാരം കേന്ദ്ര വിഹിതം 19650.71 ലക്ഷം രൂപയും, സംസ്ഥാന വിഹിതം 13060.47 ലക്ഷം രൂപയുമാണ്.

**ഗ്രാമീണ സഡക് യോജന**

75(5064) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ സഡക്ക് യോജന പ്രകാരം സംസ്ഥാനത്തിന് നാളിതുവരെ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഏതൊക്കെ ജില്ലകളിൽ എത്ര കിലോമീറ്റർ റോഡ് പൂർത്തിയാക്കിയിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(സി) നിലവിൽ ഏതൊക്കെ ജില്ലകളിൽ എത്ര കിലോമീറ്റർ റോഡ് പൂർത്തിയാക്കാൻ കേന്ദ്രസർക്കാരിന് അപേക്ഷയോ, പ്രോജക്റ്റോ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1021.43 കോടി രൂപ.

(ബി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | നീളം (കി.മീ.) |
|---|---|
| ആലപ്പുഴ | 72.46 |
| എറണാകുളം | 107.73 |
| ഇടുക്കി | 291.96 |
| കണ്ണൂർ | 315.78 |
| കാസർഗോഡ് | 228.12 |
| കൊല്ലം | 143.15 |
| കോട്ടയം | 92.79 |
| കോഴിക്കോട് | 258.43 |
| മലപ്പുറം | 324.01 |
| പാലക്കാട് | 156.37 |
| പത്തനംതിട്ട | 131.69 |
| തിരുവനന്തപുരം | 215.08 |
| തൃശ്ശൂർ | 187.45 |
| വയനാട് | 88.46 |
| ആകെ | 2613.39 |

(സി) പി.എം.ജി.എസ്.വൈ. II-ൽ ഉൾപ്പെടുത്തി 324 കി.മീ. ദൈർഘ്യവും 276.97 കോടി രൂപ അടങ്കൽ തുകയും വരുന്ന 85 റോഡുകൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

| ജില്ല | എണ്ണം | നീളം (കി.മീ.) |
|---|---|---|
| (1) | (2) | (3) |
| ആലപ്പുഴ | 5 | 6.739 |
| എറണാകുളം | 7 | 25.694 |
| ഇടുക്കി | 10 | 47.032 |
| കണ്ണൂർ | 5 | 30.261 |
| കാസർഗോഡ് | 3 | 16.278 |

| (1) | (2) | (3) |
|---|---|---|
| കൊല്ലം | 7 | 29.267 |
| കോട്ടയം | 6 | 18.146 |
| കോഴിക്കോട് | 5 | 16.791 |
| മലപ്പുറം | 0 | 0 |
| പാലക്കാട് | 13 | 49.352 |
| പത്തനംതിട്ട | 4 | 9.577 |
| തിരുവനന്തപുരം | 9 | 31.938 |
| തൃശ്ശൂർ | 8 | 22.541 |
| വയനാട് | 3 | 20.324 |
| ആകെ | 85 | 324.00 |

**ശുചിത്വ മിഷൻ പദ്ധതികൾ**

76(5065) ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. സി. കെ. ഹരീന്ദ്രൻ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ശുചിത്വ മിഷന്റെ കീഴിലുള്ള പ്രധാനപ്പെട്ട പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതുവഴി പൊതുജനാരോഗ്യം, പരിസ്ഥിതി സംരക്ഷണം എന്നിവ ഉറപ്പുവരുത്തുന്നതിനായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ഒരു ശുചിത്വ സംസ്കാരം വാർത്തെടുക്കുന്നതിനും ശുചിത്വ മിഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശുചിത്വകേരളം (നഗരം, ഗ്രാമം) കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ഛ് ഭാരത് മിഷൻ (നഗരം), ഇന്റഗ്രേറ്റഡ് ലോ കോസ്റ്റ് സാനിട്ടേഷൻ (ILCS) മുതലായവയാണ് ശുചിത്വമിഷന്റെ കീഴിലുള്ള പ്രധാന പദ്ധതികൾ.

(ബി) മാലിന്യമുക്ത കേരളം എന്ന ബൃഹത്തായ കർമ്മപദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട സാങ്കേതിക-ഭാഗിക സാമ്പത്തിക സഹായം നൽകുന്നതിനും ഗ്രാമ-നഗര വ്യത്യാസമില്ലാതെ വിവിധ ശുചിത്വ ഘടകങ്ങൾ സാങ്കേതിക മേന്മയോടെ നടപ്പാക്കി സംസ്ഥാനത്തിന്റെ ആരോഗ്യ-പരിസ്ഥിതി നേട്ടം മെച്ചപ്പെടുത്തുന്നതിനുമാണ് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ശുചിത്വമിഷൻ രൂപീകരിച്ചിട്ടുള്ളത്. മിഷന്റെ സേവനങ്ങൾ താഴെപ്പറയുന്നവയാണ്:

1. ഗ്രാമീണ മേഖലയിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവർക്കുള്ള വ്യക്തിഗത കക്കൂസ്, സാമൂഹ്യശുചിത്വ സമുച്ചയങ്ങൾ, റൂറൽ സാനിട്ടറി മാർട്ടുകൾ, സ്വയംസഹായ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട്, ഖര-ദ്രവ മാലിന്യ പ്രോജക്ടുകൾ എന്നിവയ്ക്കുള്ള സാമ്പത്തിക സഹായം നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് പരിപാടിയുടെ നടത്തിപ്പ്.

2. ഖരമാലിന്യ സംസ്കരണമുൾപ്പെടെയുള്ള ശുചിത്വ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള വിദഗ്ദ്ധ സാങ്കേതിക സഹായവും സാമ്പത്തിക സഹായവും നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കൽ.

3. ശുചിത്വ പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതിക അഭിപ്രായം/ അനുമതി നൽകൽ.

4. കേന്ദ്രാവിഷ്കൃത പദ്ധതികൾ വഴി സാമ്പത്തിക സഹായം ലഭ്യമാക്കാൻ കഴിയാത്ത നഗരപ്രദേശങ്ങളിലെ ഖരമാലിന്യ പദ്ധതികൾക്ക് സംസ്ഥാന ബഡ്ജറ്റിൽ നിന്നും ആനുപാതികമായി സാമ്പത്തിക വിഹിതം നൽകൽ.

5. ആധുനിക അറവുശാലകൾ ഉണ്ടാക്കാനുള്ള സാങ്കേതിക സഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കൽ.

6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉണ്ടാക്കാനുള്ള സാങ്കേതിക-ഭാഗിക സാമ്പത്തിക സഹായം ലഭ്യമാക്കൽ.

7. മനുഷ്യവിസർജ്ജ്യത്തിന്റെ നിർമ്മാർജ്ജനം, ഖരമാലിന്യ പരിപാലനം, ദ്രവ മാലിന്യ പരിപാലനം, കുടിവെള്ള സുരക്ഷാ ഗാർഹിക ശുചിത്വം, വ്യക്തിശുചിത്വം, പൊതുപരിസര ശുചിത്വം ഇവ ഉറപ്പാക്കുന്നതിനുള്ള വിപുലമായ പ്രചരണ-പരിശീലന പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ.

8. ശുചിത്വ മേഖലയുമായി ബന്ധപ്പെട്ട ഇതര സ്ഥാപനങ്ങളുമായി/ വകുപ്പുകളുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂട്ടിയോജിപ്പിക്കൽ.

9. ശുചിത്വ പ്രോജക്ടുകളുടെ ഇവാല്യുവേഷൻ പഠനവും റിപ്പോർട്ടിംഗും.

10. ഉറവിട മാലിന്യസംസ്കരണത്തിന് പ്രോത്സാഹനവും പ്രേരണയും സാമ്പത്തിക സഹായവും ലഭ്യമാക്കുക.

11. ജില്ലാതലത്തിൽ സെപ്റ്റേജ് മാനേജ്മെന്റ് യൂണിറ്റുകൾ സ്ഥാപിക്കുക.

(സി) അജൈവ മാലിന്യ മേഖലയിൽ അവ ശേഖരിച്ച് പുനഃചംക്രമണത്തിനായി കൈമാറുന്ന പ്രവർത്തനം ശുചിത്വമിഷൻ സ്വീകരിച്ചുവരുന്നുണ്ട്. അജൈവമാലിന്യം ശേഖരിച്ച് താൽക്കാലികമായി സംഭരിക്കപ്പെടുന്നതിനും പുനഃചംക്രമണത്തിനായി കൈമാറുന്നതിനുമായുള്ള പശ്ചാത്തല സൗകര്യമായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികൾ/റിസോഴ്സ് റിക്കവറി സെന്ററുകൾ സ്ഥാപിക്കുന്നതിന് വേണ്ട പ്രോത്സാഹനവും നൽകുന്നുണ്ട്. ഇതുമൂലം പൊതുസ്ഥലത്ത് അജൈവ മാലിന്യം കുന്നുകൂടുന്നത് തടയുവാൻ കഴിയുന്നുണ്ട്.

പ്രധാനപ്പെട്ട പൊതുപരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപടിക്രമം സ്വീകരിച്ചുകൊണ്ട് നടപ്പിലാക്കുന്നതിനുവേണ്ട സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ ശുചിത്വ മിഷൻ രൂപം നൽകുകയും ഇക്കഴിഞ്ഞ നാഷണൽ ഗെയിംസ്, സ്കൂൾ യുവജനോത്സവം, സ്കൂൾ ദേശീയ കായികമേള തുടങ്ങിയ പരിപാടികളിൽ വിജയകരമായി നടപ്പിലാക്കുകയും ഇതിന്റെ മാതൃകയിൽ സംസ്ഥാനത്താകെ ഉത്സവങ്ങളിലും മറ്റു മേളകളിലും (ഉദാ. ശബരിമല, ആറ്റുകാൽ

പൊങ്കാല, എടപ്പാൾ അതിരാത്രം) ഈ പ്രവർത്തനം നടപ്പിലാക്കുന്നു. അതുപോലെ സംസ്ഥാനത്തെ പ്രധാന സർക്കാർ സ്ഥാപനങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ശാസ്ത്രീയമായി ജൈവമാലിന്യം സംസ്കരിക്കാൻ വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. മനോഭാവ മാറ്റത്തിനുവേണ്ട പരിശീലനവും നടത്തിവരുന്നു (ഉദാ. കേരള നിയമസഭാ സെക്രട്ടേറിയറ്റ്, സ്വരാജ് ഭവൻ, സംസ്ഥാന സെക്രട്ടേറിയറ്റ്, രാജ് ഭവൻ) ഈ പ്രവർത്തനം ക്രമേണ വ്യാപിപ്പിക്കും. ഫ്രീഡം ഫ്രം വേസ്റ്റ് ക്യാമ്പയിന്റെ ഭാഗമായി പൊതുജനങ്ങളിൽ ആരോഗ്യസുരക്ഷ-പരിസ്ഥിതി സുരക്ഷാ ബോധം ഉറപ്പാക്കുന്നതിനും അനുകൂല മനോഭാവ രൂപീകരണത്തിനുമായി ബൃഹത്തായ വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങളും നടത്തിവരുന്നു. മുൻപറഞ്ഞ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ മാലിന്യ പ്രശ്നം ശാസ്ത്രീയമായി പരിഹരിക്കുന്ന നടപടികളെടുക്കുകയും മാലിന്യമുക്ത കേരളം എന്ന ലക്ഷ്യത്തിലേയ്ക്ക് നീങ്ങുകയും ചെയ്യുകയാണ്.

## സാൻഡ് ഓഡിറ്റ്

77(5066) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം പമ്പ, അച്ചൻകോവിൽ, മണിമല എന്നീ നദികളിലെ സാൻഡ് ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ടോ ; എങ്കിൽ മൂന്നു നദികളിലേയും ഓഡിറ്റിന്റെ വിശദാംശങ്ങൾ പ്രത്യേകം ലഭ്യമാക്കാമോ; പൂർത്തീകരിച്ചില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; ഓഡിറ്റിംഗ് എന്നു പൂർത്തീകരിക്കും എന്ന് അറിയിക്കാമോ ;

(ബി) മണൽ ഖനനവുമായി ബന്ധപ്പെട്ട് കടവ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; മുകളിൽ സൂചിപ്പിച്ചിരിക്കുന്ന നദികളിലെ മണൽ ഖനനം നിർത്തിവച്ചിരിക്കുന്നത് എന്നു മുതലാണെന്ന് അറിയിക്കാമോ;

(സി) കെട്ടിട നിർമ്മാണത്തിനും മറ്റും നദിയിലെ മണൽ അധികമായി ഖനനം ചെയ്യുന്നതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) കോട്ടയം ജില്ലയിലെ മണിമലയാറിന്റെ സാൻഡ് ഓഡിറ്റ് നടത്തി റിപ്പോർട്ട് കോട്ടയം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ ആര്യങ്കാവ്, പിറവന്തൂർ ഗ്രാമപഞ്ചായത്തുകളിലൂടെയാണ് അച്ചൻ കോവിലാർ ഒഴുകുന്നത്. ആര്യങ്കാവ് ഗ്രാമപഞ്ചായത്തിൽ മണൽ കടവുകളൊന്നും നിലവിലില്ലാത്തതും പിറവന്തൂർ ഗ്രാമപഞ്ചായത്തിൽ 2011-ന് ശേഷം അച്ചൻ കോവിലാറിൽനിന്നും മണൽ ഖനനം നടത്തിയിട്ടില്ലാത്തതുമാണ്. പത്തനംതിട്ട ജില്ലയിൽ പമ്പ, മണിമല, അച്ചൻകോവിൽ എന്നീ നദികൾ ഒഴുകുന്ന ഗ്രാമപഞ്ചായത്തുകളിലെ സാന്റ് ഓഡിറ്റ് 2013 വരെ പൂർത്തീകരിച്ചിട്ടുണ്ട്. പമ്പ നദിയിലെ സാൻഡ് ഓഡിറ്റിന്റെ റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ട്. മണിമലയാറിലെ സാൻഡ് ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്. അച്ചൻകോവിലാറിന്റെ സാൻഡ് ഓഡിറ്റിന്റെ ഒന്നാംഭാഗം പൂർത്തിയായിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിൽ ബാധകമായ ഗ്രാമപഞ്ചായത്തുകളിൽ കടവ് കമ്മിറ്റികൾ ഉണ്ട്. കൊല്ലം ജില്ലയിൽ 1-6-2015 മുതൽ മണൽ ഖനനം നിർത്തിവെച്ചിരിക്കുന്നു. പത്തനംതിട്ട ജില്ലയിൽ ബാധകമായ ഗ്രാമപഞ്ചായത്തുകളിൽ മണൽ ഖനനം നിരോധിച്ചിട്ടുള്ളതിനാൽ കടവ് കമ്മിറ്റികൾ നിലവിലില്ല. ബഹു. ഹൈക്കോടതിയുടെ ഡബ്ല്യു.പി.സി. 37940/2010/F നമ്പർ ഉത്തരവ് പ്രകാരം 21-12-2010 മുതൽ പത്തനംതിട്ട ജില്ലയിൽ മണൽ ഖനനം നിർത്തിവെച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ ബാധകമായ ഗ്രാമപഞ്ചായത്തുകളിൽ കടവ് കമ്മിറ്റികൾ നിലവിലില്ല. ജില്ലയിൽ 2002-നുശേഷം കടവുകൾ പ്രവർത്തിക്കുന്നില്ല. പന്തളം നഗരസഭയിൽ കടവ് കമ്മിറ്റി നിലവിലുണ്ട്. 2011 മുതൽ മണൽ വാരൽ ടി കടവിൽ നിർത്തിവെച്ചിട്ടുള്ളതാണ്.

(സി) നിലവിൽ മണൽ ഖനനം നടത്തുന്നതിന് അനുമതി നൽകുന്നില്ല. അനധികൃത മണൽ വാരൽ നിയന്ത്രിക്കുന്നതിന് കടവുകളിൽ റവന്യൂ, പോലീസ് വിഭാഗത്തിന്റെ സഹായത്തോടെ നിരന്തര പരിശോധന നടത്തുകയും കടവുകളിൽ വാഹനങ്ങൾ പ്രവേശിക്കുന്നത് തടയാൻ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## വെളിയിട വിസർജ്ജന മുക്ത മണ്ഡലം

78(5067) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങലിനെ സമ്പൂർണ്ണ വെളിയിട വിസർജ്ജന മുക്ത മണ്ഡലമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ആറ്റിങ്ങൽ മണ്ഡലത്തിലെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിൽ പൂർണ്ണത കൈവരിച്ചിട്ടുണ്ടെന്നും, ഇനി ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ നേട്ടം കൈവരിക്കാനുണ്ടെന്നും നേട്ടം കൈവരിക്കാത്ത സ്ഥാപനങ്ങൾ എന്നത്തേക്ക് സമ്പൂർണ്ണ വെളിയിട വിസർജ്ജന മുക്ത സ്ഥാപനമാക്കാൻ തീരുമാനമെടുത്തിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) ജില്ലയിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആറ്റിങ്ങൽ മുനിസിപ്പിലാറ്റി പരിധിയിലെ 204 കുടുംബങ്ങൾക്ക് ഗാർഹിക ശൗചാലയം നിർമ്മിക്കുന്നതിന് 1,087,932 രൂപ സംസ്ഥാന ശുചിത്വമിഷനിൽനിന്ന് അനുവദിച്ചിട്ടുണ്ട്. 84 ഗുണഭോക്താക്കൾക്ക് ആദ്യഗഡുവായ 5000 രൂപ വീതം മുനിസിപ്പാലിറ്റി അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) വക്കം, കരവാരം, നഗരൂർ, പഴയകുന്നമ്മേൽ, പുളിമാത്ത്, മണമ്പൂർ, ഒറ്റൂർ, കിളിമാനൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ പൂർണ്ണമായും വെളിയിട വിസർജ്ജന മുക്തമായി സ്വയം പ്രഖ്യാപിച്ചിട്ടുണ്ട്. ബാക്കിയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ മാസത്തിനകം ഈ നേട്ടം കൈവരിക്കാനുള്ള തീവ്രശ്രമത്തിലാണ്.

(സി) ജില്ലാ കളക്ടർ.

## വെളിയിട വിസർജ്ജന മുക്ത പരിപാടി

79(5068) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെളിയിട വിസർജ്ജന മുക്ത പരിപാടി പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിൽ എത്ര വീടുകൾക്ക് കക്കൂസുകൾ നിർമ്മിച്ചു കൊടുത്തു;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പൊതുസ്ഥലങ്ങളിൽ കക്കൂസുകൾ നിർമ്മിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന നെല്ലനാട്, വാമനപുരം, കല്ലറ, പാങ്ങോട്, പെരിങ്ങമല, നന്ദിയോട്, പനവൂർ, പുല്ലമ്പാറ, ആനാട് എന്നീ ഗ്രാമപഞ്ചായത്തുകളിലായി 2339 വീടുകൾക്ക് കക്കൂസുകൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്.

(ബി) ഇല്ല.

## മാലിന്യവസ്തുക്കളുടെ പുനരുല്പാദനം

80(5069) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യവസ്തുക്കളുടെ പുനരുൽപ്പാദനം സാധ്യമാക്കുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം പദ്ധതികൾ വിജയകരമാണെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത രംഗത്ത് പുതിയ ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇവ മേഖലാ അടിസ്ഥാനത്തിൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യങ്ങളും ഇലക്ട്രോണിക് മാലിന്യങ്ങളും പരിസ്ഥിതിക്ക് കോട്ടം വരാത്ത നിലയിൽ സംസ്കരിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ക്ലീൻ കേരള കമ്പനി രൂപീകരിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനി മുഖേന 268 ടൺ ഇ-മാലിന്യങ്ങൾ ഇതേവരെ സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽനിന്നും ശേഖരിക്കുകയും ശാസ്ത്രീയമായ സംസ്കരണത്തിനും പുനഃചംക്രമണത്തിനും വിധേയമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി & സി) മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് ചുവടെ പറയുന്ന മാർഗ്ഗങ്ങൾ അവലംബിക്കാനാണുദ്ദേശിക്കുന്നത് :

1. ഉറവിട മാലിന്യസംസ്കരണ സംവിധാനം വീടുകളിലും, പൊതു-സ്വകാര്യ സ്ഥാപനങ്ങളിലും കമ്മ്യൂണിറ്റി തലത്തിലും ഉറപ്പാക്കൽ.
2. അഴുകാത്ത മാലിന്യങ്ങൾ സമാഹരിക്കാനും സംസ്കരിക്കാനും പുനഃചംക്രമണത്തിന് കൈമാറുന്നതിന് നടപടി ആരംഭിക്കൽ.
3. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കൽ.

4. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ റോഡുകളുടെ ടാറിംഗിന് പ്ലാസ്റ്റിക് മാലിന്യം ഉപയോഗിക്കുക.

5. വീടുകളിലും സ്ഥാപനങ്ങളിലും അഴുകാത്ത മാലിന്യങ്ങൾ തരംതിരിച്ച് വൃത്തിയാക്കി സൂക്ഷിക്കുന്നതിനുള്ള പരിശീലനങ്ങൾ.

6. ബൃഹത്തായ 'ഹരിത കേരളം' ക്യാമ്പയിൻ.

7. പുനരുപയോഗ സാധ്യമായ സാധനങ്ങൾ പരമാവധി ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നതിനും, പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാനുമുള്ള ക്യാമ്പയിൻ, ബദൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കൽ, ബദൽ ഉത്പന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ.

8. ഗ്രീൻ പ്രോട്ടോകോൾ സ്ഥാപനങ്ങൾക്ക് ബാധകമാക്കാനുള്ള നടപടികൾ, പരിശീലനങ്ങൾ, സംവിധാനങ്ങൾ സൃഷ്ടിക്കൽ, പരിശോധനാ സംവിധാനം സൃഷ്ടിക്കൽ.

9. ദ്രവ മാലിന്യ സംസ്കരണ രീതികൾ ആവിഷ്കരിക്കൽ.

10. സ്ഥാപനങ്ങളിൽ ഉറവിട (onsite) ദ്രവമാലിന്യ സംസ്കരണ സംവിധാനം.

11. പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനങ്ങൾ.

12. സ്ലോട്ടർ ഹൗസ്, ക്രിമറ്റോറിയം സ്ഥാപിക്കുന്നതിനുള്ള ആസൂത്രണവും നിർവ്വഹണവും.

13. ഓരോ പങ്കാളികൾക്കും വേണ്ടി വെവ്വേറെ ശേഷീ വികസന പരിശീലന പ്രവർത്തനങ്ങൾ.

14. വിവരവിജ്ഞാന വ്യാപന പരിപാടികൾ.

(ഡി) പൊതുജന പങ്കാളിത്തത്തോടെ ഉറവിട മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകി വ്യാപകമാക്കുകയെന്ന ലക്ഷ്യത്തോടെ ബൃഹത്തായ 'ഹരിത കേരളം' ക്യാമ്പയിൻ നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**മാലിന്യ നിർമ്മാർജ്ജന നടപടികൾ**

81(5070) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് തദ്ദേശഭരണ വകുപ്പ് സ്വീകരിച്ചു വരുന്നത്;

(ബി) ജനസംഖ്യാനുപാതികമായി വർദ്ധിച്ചു വരുന്ന മാലിന്യ നിർമ്മാർജ്ജനം ശാശ്വതമായി പരിഹരിക്കാൻ സമഗ്ര മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിനും മാലിന്യങ്ങൾ കുന്നുകൂടുന്ന പ്രവണത ഇല്ലാതാക്കുന്നതിനും പകർച്ചവ്യാധികൾ ഇല്ലാതാക്കുന്നതിനും ശുചിത്വമിഷന്റെ പിന്തുണയോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. ഉറവിട മാലിന്യസംസ്കരണ സംവിധാനം വീടുകളിലും, സ്ഥാപനങ്ങളിലും, കമ്മ്യൂണിറ്റി തലത്തിലും.
2. നിലവിലുള്ള പൊതുപ്ലാന്റുകളുടെ അറ്റകുറ്റപ്പണികളും അപ്ഗ്രഡേഷനും.
3. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി.
4. സ്ലോട്ടർ ഹൗസ്, ക്രിമറ്റോറിയം.
5. മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ.
6. എല്ലാ വീടുകൾക്കും കക്കൂസ് സൗകര്യം, വൃത്തിയും വെടിപ്പുമുള്ള പൊതു ടോയ്ലറ്റ്.
7. പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനങ്ങൾ.
8. പുനരുപയോഗ സാധ്യമായ സാധനങ്ങൾ പരമാവധി ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നതിനും, പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാനുമുള്ള ക്യാമ്പയിൻ, ബദൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കൽ, ബദൽ ഉത്പന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ.
9. വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ.
10. ശേഷീവികസന പരിപാടികൾ.

(ബി) ഉണ്ട്. സംസ്ഥാനത്തെ മാലിന്യപ്രശ്നം സ്ഥായിയായി പരിഹരിക്കുന്നതിന് ഊന്നൽ നൽകുന്ന ബൃഹത്തായ 'ഹരിത കേരളം' പദ്ധതി 2016 നവംബർ 1 മുതൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## എറണാകുളം റോയൽ മാർക്കറ്റിംഗ് ആന്റ് ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ പ്രവർത്തനം

82(5071) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി കോർപ്പറേഷന്റെ പരിധിയിൽ റോയൽ മാർക്കറ്റിംഗ് & ഡിസ്ട്രിബ്യൂട്ടേഴ്സ്, DCA ഫോർ റിലയൻസ് ഇൻഡസ്ട്രിയൽ ലിമിറ്റഡ്, ഫസ്റ്റ് ഫ്ളോർ, സെബാസ്റ്റ്യൻ റോഡ്, കലൂർ, എറണാകുളം എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ കോർപ്പറേഷന്റെ റിക്കാർഡുകൾ പ്രകാരം എന്നാണ് പ്രസ്തുത സ്ഥാപനം ആരംഭിച്ചതെന്ന് വെളിപ്പെടുത്തുമോ; ഇതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) കോർപ്പറേഷനിൽനിന്നും പ്രസ്തുത സ്ഥാപനത്തിന് ഏതെങ്കിലും തരത്തിലുള്ള ലൈസൻസുകളോ പെർമിറ്റുകളോ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തി കോപ്പികൾ ലഭ്യമാക്കുമോ;

(സി) കൊച്ചി കോർപ്പറേഷനിലേക്ക് നാളിതുവരെ ബിൽഡിംഗ് ടാക്സോ മറ്റു ഫീസുകളോ ഈ സ്ഥാപനം ഒടുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിവരങ്ങളും കോപ്പികളും ലഭ്യമാക്കുമോ;

(ഡി) കോർപ്പറേഷനിലെ റിക്കാർഡുകൾ പ്രകാരം പ്രസ്തുത സ്ഥാപനത്തിന്റെ പാർട്ട്നേഴ്സ് ആരൊക്കെയാണ്; വിശദമാക്കുമോ; ഇവരുടെ പൂർണ്ണമേൽവിലാസവും ലഭ്യമാക്കുമോ;

(ഇ) ഈ സ്ഥാപനം എന്ത് ബിസ്സിനസ്സാണ് നടത്തുന്നതെന്ന വിവരം വിശദമാക്കുമോ;

(എഫ്) മുൻമന്ത്രി പാലാ കരിങ്ങോഴയ്ക്കൽ കെ.എം.മാണിയുടെ മകൻ ജോസ് കെ.മാണിയുടെ ഭാര്യ നിഷാ ജോസ് ഈ കമ്പനിയിൽ പാർട്ട്ണർ ആണെന്നുള്ളത് സംബന്ധിച്ച രേഖകൾ കോർപ്പറേഷനിൽ ഉണ്ടോ; വിവരിക്കുമോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ?

### ഉത്തരം

(എ&ബി) ഉണ്ട്. 27-2-2016-ലാണ് ഇതിന് രജിസ്ട്രേഷൻ നൽകിയിട്ടുള്ളത്. പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കൊച്ചി കോർപ്പറേഷനിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം കലൂർ സെബാസ്റ്റ്യൻ റോഡിലുള്ള 36/1899 ഡി2 (65/1093) നമ്പർ ഫസ്റ്റ് ഫ്ലോർ കെട്ടിടം ഷമാസ് എൻ.എ. എന്ന വ്യക്തിയുടെ ഉടമസ്ഥതയിലാണ്. ടി കെട്ടിടത്തിന്റെ വസ്തുനികുതി 2013-14, 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിൽ രസീത് നമ്പർ 9020, തീയതി 8-6-2014, 40316 തീയതി 25-11-2014 ഓഫീസ് കളക്ഷൻ തീയതി 9-6-2015 പ്രകാരം അടച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. കോപ്പികൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഡി) ഡോ. സേവ്യർ മാത്യു,

36/1899 ഡി2

കാസിം ബിൽഡിംഗ്

സെബാസ്റ്റ്യൻ റോഡ്, കലൂർ.

(ഇ) ഓഫീസ് ഫോർ പോളിമർ ഏജൻസി.

(എഫ്) ഇത് സംബന്ധിച്ച രേഖകൾ കൊച്ചി കോർപ്പറേഷനിൽ ഇല്ല.

**സമിതി യോഗനടപടികൾ ഡിജിറ്റൽ സംവിധാനത്തിൽ മാറ്റുന്നതിന് പദ്ധതി**

83(5072) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി.ആർ. സുനിൽ കുമാർ:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സമിതിയോഗ നടപടികൾ ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറ്റുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഡിജിറ്റലൈസ്ഡ് മീറ്റിംഗ് മാനേജ്മെന്റ് സംവിധാനത്തിന്റെ ഗുണവിശേഷങ്ങളും സവിശേഷതകളും വ്യക്തമാക്കുമോ;

(സി) ഏത് ജില്ലയിലാണ് ഈ സംവിധാനം നടപ്പാക്കിയതെന്നും ഏത് സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കിയതെന്നും വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഉണ്ട്.

(ബി) ഡിജിറ്റലൈസ്ഡ് മീറ്റിംഗ് മാനേജ്മെന്റ് സംവിധാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ യോഗത്തിനുള്ള അജണ്ടയും നോട്ടീസും തയ്യാറാക്കൽ, കുറിപ്പ് രേഖപ്പെടുത്തൽ തുടങ്ങി ഭരണസമിതി യോഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഡിജിറ്റൽ സംവിധാനത്തിലേയ്ക്ക് മാറുന്നു. യോഗം സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്. ആയും ഇ-മെയിൽ ആയും അറിയിക്കുന്നതിനും യോഗത്തിൽ പങ്കെടുത്തവരുടെ ഹാജരും, മിനിറ്റ്സും തയ്യാറാക്കി മിനിറ്റ്സിന്റെ പകർപ്പ് ബന്ധപ്പെട്ട എല്ലാവർക്കും ഓൺലൈൻ ആയി നൽകുന്നതിനും ഇതിൽ സംവിധാനമുണ്ട്. കൂടാതെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ രേഖപ്പെടുത്തുന്നതിനും പഴയ തീരുമാനങ്ങൾ പരിശോധിക്കുന്നതിനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നു.

(സി) കാസർഗോഡ് ജില്ലയിൽ ഈ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ 'സകർമ്മ' എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**പെൻഷൻ വിതരണം**

84(5073) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് വിവിധ പെൻഷനുകളുടെ വിതരണം മുടങ്ങിക്കിടന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെൻഷൻ വിതരണം കാര്യക്ഷമമാക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) എല്ലാ സാമൂഹ്യക്ഷേമ പെൻഷനുകളും കുടിശ്ശിക സഹിതം വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ടോ;

(ഡി) കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്യാൻ കഴിയാതെ പോയ സാഹചര്യം വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പെൻഷൻ വിതരണം കാര്യക്ഷമമാക്കുന്നതിന് നിലവിലുള്ള ഗുണഭോക്താക്കളുടെ വിവരങ്ങളും അവർ ആവശ്യപ്പെടുന്ന വിതരണമാർഗ്ഗങ്ങളും ശേഖരിക്കുന്നതിന് കുടുംബശ്രീ മുഖേന സർവ്വേ നടത്തുകയും പെൻഷൻ വീടുകളിൽ ലഭിക്കണമെന്ന് ആവശ്യപ്പെട്ടവർക്കും പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തെരഞ്ഞെടുത്തവർക്കും പ്രാഥമിക സഹകരണ ബാങ്കുകൾ മുഖേന നേരിട്ട് വീടുകളിൽ എത്തിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്യാൻ കഴിയാതെ പോയ സാഹചര്യമുണ്ടായിട്ടില്ല.

**ഹരിത കേരളം പദ്ധതി**

85(5074) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും സഹകരണത്തോടെ ഹരിതകേരളം പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ പ്രവർത്തികൾക്കാണ് പദ്ധതിയിൽ പ്രാമുഖ്യം നൽകുകയെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ നിർവ്വഹണത്തിന് കർമ്മസമതികൾ രൂപീകരിക്കുമോ;

(ഡി) പദ്ധതി എന്നത്തേയ്ക്ക് പ്രവർത്തനസജ്ജമാക്കും; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ശുചിത്വം-മാലിന്യസംസ്കരണം, കൃഷി വികസനം, ജലസംരക്ഷണം എന്നീ മൂന്ന് മേഖലയിൽ ഊന്നൽ നൽകുന്ന ഹരിതകേരളം പദ്ധതി ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) രൂപീകരിച്ചുവരുന്നു.

(ഡി) കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി ഹരിതകേരളം പദ്ധതി നവംബർ മാസത്തോടെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

## നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ്

86(5075) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നായ്ക്കളെ വളർത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് വേണമെന്ന് വ്യവസ്ഥ നിലവിലുണ്ടോ;

(ബി) എങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലൈസൻസ് കരസ്ഥമാക്കി മാത്രമേ നായ്ക്കളെ വളർത്തുന്നുള്ളൂ എന്ന് ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ;

(സി) വളർത്തുനായ്ക്കൾ പ്രായാധിക്യത്താലും, രോഗങ്ങൾ വന്നും അവശരാകുമ്പോൾ അവയെ സംരക്ഷിക്കാൻ തയ്യാറാകാതെ ദൂരസ്ഥലങ്ങളിൽ കൊണ്ടുപോയി ഉപേക്ഷിക്കുന്നത് തടയുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുബന്ധമല്ലാതെയും യാതൊരാളും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിശ്ചിത തീയതി മുതൽ പട്ടികളെ വളർത്തുവാനോ സൂക്ഷിക്കുവാനോ പാടില്ലായെന്ന് ഒരു ഗ്രാമപഞ്ചായത്തിന് പ്രമേയംമൂലം നിശ്ചയിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും വളർത്തുനായകൾക്ക് ലൈസൻസ് ഏർപ്പെടുത്തണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നായകൾക്ക് എല്ലാ വർഷവും ലൈസൻസ് പുതുക്കുകയും അവയ്ക്ക് പ്രത്യേകമായി കോളറും ടോക്കണും അനുവദിച്ച് നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 437 പ്രകാരം മുനിസിപ്പൽ പ്രദേശങ്ങളിൽ ലൈസൻസ് നൽകുന്ന രീതി നിലവിലുണ്ട്.

(സി) ലൈസൻസ് അനുവദിക്കപ്പെട്ട നായയെ ഉടമസ്ഥൻ തന്റെ പരിസരത്ത് തന്നെ വളർത്തേണ്ടതും അലഞ്ഞുതിരിയാൻ അനുവദിക്കാൻ പാടില്ലാത്തതും അപ്രകാരം ലൈസൻസിൽ വ്യവസ്ഥ ചെയ്യേണ്ടതുമാണ്. ലൈസൻസ് നൽകുന്നതോടെ അതിന്റെ സൂചനയ്ക്കായി മുദ്രണം ചെയ്ത ഒരു മെറ്റൽ ടോക്കൺ സെക്രട്ടറി മൃഗത്തിന്റെ ഉടമസ്ഥന് നൽകേണ്ടതും അത് നായയുടെ കഴുത്തിൽ കെട്ടി സൂക്ഷിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ്**

87(5076) ശ്രീ. വി. എസ്. ശിവകുമാർ:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. കെ. എസ്. ശബരീനാഥൻ:

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് നിർബന്ധമാക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ലൈസൻസ് ഫീസ് എത്രയായാണ് നിശ്ചയിച്ചിട്ടുള്ളത്;

(ബി) ലൈസൻസ് ഉള്ള നായ്ക്കളെ തെരുവിൽ ഉപേക്ഷിക്കുന്ന സാഹചര്യത്തിൽ ഉടമയിൽനിന്ന് ഉയർന്ന നിരക്കിലുള്ള ഫൈൻ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 437 പ്രകാരവും 1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരവും വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടി നിർബന്ധമാക്കിയിട്ടുണ്ട്. നഗരപ്രദേശങ്ങളിൽ ഏകീകൃത ലൈസൻസ് ഫീസ് നിശ്ചയിച്ചിട്ടില്ല. ഗ്രാമപ്രദേശങ്ങളിൽ ലൈസൻസ് ഫീസ് 10 രൂപയാണ്.

(ബി) 1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും

ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും യാതൊരാളും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിശ്ചിത തീയതി മുതൽ നായ്ക്കളെ വളർത്തുവാനോ സൂക്ഷിക്കുവാനോ പാടില്ലെന്ന് ഒരു ഗ്രാമപഞ്ചായത്തിന് പ്രമേയംമൂലം നിശ്ചയിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. 1998-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം 5 പ്രകാരം ലൈസൻസ് ഇല്ലാതെയോ ലൈസൻസ് ഉണ്ടെങ്കിൽ അതിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ അലഞ്ഞുതിരിയാൻ അനുവദിച്ചുകൊണ്ട് നായയെ വളർത്തുന്ന ഏതൊരാൾക്കും കുറ്റസ്ഥാപനത്തിന്മേൽ 250 രൂപ വരെ പിഴ ചുമത്താം. കുറ്റകൃത്യം തുടരുന്ന സംഗതിയിൽ ഓരോ ദിവസത്തേയ്ക്കും 50 രൂപ വരെ പിഴ ചുമത്താവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**കേരളോത്സവം**

88(T*5077) ശ്രീ. വി. ടി. ബൽറാം:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം 'കേരളോത്സവം' സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കേരളോത്സവം സംഘടിപ്പിക്കുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണം വിശദമാക്കുമോ;

(സി) കേരളോത്സവം സംഘടിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിലവിൽ അനുവദിക്കുന്ന ഫണ്ട് സംബന്ധിച്ച വിവരം വ്യക്തമാക്കുമോ; ഇത് കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് 2016-17-ൽ കേരളോത്സവം പദ്ധതി സംഘടിപ്പിക്കുന്നതിനായി 22-9-2016-ലെ സ.ഉ.(സാധാ.) നമ്പർ 201/16/കാ.യു.വ. പ്രകാരം 4,20,00,000 രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

കേരളോത്സവം നടത്തിപ്പ് സംബന്ധിച്ച് തയ്യാറാക്കിയ മാർഗ്ഗരേഖയും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഫണ്ട് റിലീസിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| | | |
|---|---|---|
| (സി) ഗ്രാമപഞ്ചായത്ത് | - | 15,000 രൂപ |
| ബ്ലോക്ക് പഞ്ചായത്ത് | - | 30,000 രൂപ |
| മുനിസിപ്പാലിറ്റി | - | 30,000 രൂപ |
| കോർപ്പറേഷൻ | - | 30,000 രൂപ |
| ജില്ലാ പഞ്ചായത്ത് | - | 2,00,000 രൂപ |

ഇത് കാലോചിതമായി പരിഷ്കരിക്കുന്നതിന് നിലവിൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

## തോപ്പുംപടി-ഇടക്കൊച്ചി റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ

89(5078) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമകൊച്ചിയിലെ തോപ്പുംപടി - ഇടക്കൊച്ചി പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് മൂന്നു ദശാബ്ദങ്ങൾക്ക് മുൻപ് തുടക്കം കുറിച്ചതും ഈ പ്രദേശങ്ങളിലെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരവുമായി നിർദ്ദേശിക്കപ്പെട്ട 40 അടി റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) ഇതിന്റെ സ്ഥലമെടുപ്പ് നടപടികൾ എവിടെ വരെയായി ; ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഈ റോഡിനായി മരവിപ്പിച്ച ഭൂമിയുടെ ഉടമസ്ഥരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ റോഡിന്റെ നിർമ്മാണത്തിനായി തുക വകയിരുത്തിയിട്ടുണ്ടോ;

(ഇ) ഈ റോഡിന്റെ അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) തോപ്പുംപടി മുതൽ എം.എൽ.എ. റോഡ് പടിഞ്ഞാറേ അറ്റം വരെ പണി പൂർത്തിയാക്കിയിട്ടുള്ളതാണ്.

(ബി) കോണം വി.വി.എൽ.പി. സ്കൂൾ വരെ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഓരോ വർഷത്തെയും പ്ലാൻ ഫണ്ടിലാണ് തുക വകയിരുത്തിയിരുന്നത്.

(ഇ) അലൈൻമെന്റിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. പകർപ്പ് തദ്ദേശസ്വയംഭരണ വകുപ്പിൽ ലഭ്യമല്ല.

**അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി**

90(5079) <u>ശ്രീ. എ. പ്രദീപ്കുമാർ:</u>
<u>ശ്രീ. ആന്റണി ജോൺ:</u>
<u>ശ്രീ. എ. എൻ. ഷംസീർ:</u>
<u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഈ സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നഗരസഭകളിൽ വസിക്കുന്ന അവിദഗ്ദ്ധ കായികാദ്ധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് നൂറുദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിതസുരക്ഷ ഉറപ്പാക്കുകയുമാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി)

1. ജലസംരക്ഷണവും ജലകൊയ്ത്തും.

2. വരൾച്ച തടയൽ(വൃക്ഷങ്ങൾ നടീൽ, വനവത്കരണ പ്രവർത്തനങ്ങളടക്കം)

3. മൈക്രോ ഇറിഗേഷൻ പ്രവൃത്തികൾ

4. എസ്.സി./എസ്.റ്റി./കേന്ദ്രാവിഷ്കൃത പദ്ധതികൾ

5. കുടുംബങ്ങളുടെ ഭൂമിയിൽ ജലസേചന സൗകര്യമൊരുക്കൽ, കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനഃനിർമ്മാണം, ഭൂവികസനം, വെള്ളക്കെട്ട് ഉൾപ്പെടെയുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും കുളസംരക്ഷണ പ്രവർത്തനങ്ങളും.

6. BSUP/IHSDP/KSUDP/SJSRY/RAY തുടങ്ങിയ പദ്ധതികളുടെ ഭാഗമായി ഏറ്റെടുക്കാവുന്ന ചേരി/ക്ലസ്റ്റർ വികസന പദ്ധതിയുടെ അനുപൂരക പ്രവർത്തനങ്ങളും ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന ഭവനങ്ങളുടെ വാനം വെട്ടുന്നതിനും അടിസ്ഥാനം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികളും.

7. കോളനി നവീകരണ പ്രവൃത്തികൾ

8. സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ മഴക്കുഴി നിർമ്മാണം, കിണർ റീചാർജ്ജിംഗ്, 3 മീറ്റർ വീതി വരെയുള്ള റോഡുകളിൽ ഇന്റർലോക്ക് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ, ക്ഷീരകർഷകർക്ക് കന്നുകാലി തൊഴുത്ത് നിർമ്മിക്കുന്നതിന് വാനം വെട്ടുക മുതലായ പ്രവൃത്തികൾ അയ്യങ്കാളി പദ്ധതിയിൻ കീഴിൽ ഏറ്റെടുക്കാവുന്നതാണെന്ന് പത്താമത് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ അംഗീകരിച്ചിട്ടുള്ളതും അതിൻപ്രകാരം നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഇപ്രകാരമുള്ള പ്രവൃത്തികൾ നഗരസഭകളിൽ ഏറ്റെടുത്ത് ചെയ്യുന്നതിനുവേണ്ടി 2016-17 സാമ്പത്തിക വർഷം നഗരസഭകൾ സമർപ്പിച്ച ആക്ഷൻ പ്ലാനിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പെൻഡൗൺ സമരം**

91(5080) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഫറോക്ക് മുനിസിപ്പാലിറ്റിയിൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു വിഭാഗം ജീവനക്കാർ നടത്തിയ പെൻഡൗൺ സമരം കാരണം പൊതുജനങ്ങൾക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓഫീസ് നോട്ടീസ് ബോർഡിൽ പെൻഡൗൺ സമരം പ്രഖ്യാപിച്ച് സെക്രട്ടറി പതിച്ച നോട്ടീസ് സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ നോട്ടീസ് പതിക്കാൻ സെക്രട്ടറിക്ക് അധികാരം ഉണ്ടോ;

(സി) സ്വയം പെൻഡൗൺ സമരം പ്രഖ്യാപിക്കുകയും മറ്റു ജീവനക്കാരെ അതിനു പ്രേരിപ്പിക്കുകയും ചെയ്ത മുനിസിപ്പാലിറ്റി സെക്രട്ടറിക്കെതിരെ 1960 -ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടത്തിലെ 3, 86 എന്നീ വകുപ്പുകൾ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) ഇക്കാര്യത്തിൽ അന്വേഷണത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**വേക്കൻസി റമിഷൻ**

92(5081) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടങ്ങൾക്ക് വേക്കൻസി റമിഷൻ അനുവദിക്കുന്നതിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം മാത്രം എത്ര കോടി രൂപ നഷ്ടം വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വേക്കൻസി റമിഷൻ അനുവദിക്കുന്നത് നിർത്തൽ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറിമാരുടെ ഒഴിവുള്ള തസ്തികകൾ

93(5082) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറിമാരുടെ ഒഴിവുള്ള തസ്തികകളിൽ പൂർണ്ണമായും ഉദ്യോഗസ്ഥരെ നിയമിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) ഇതിനായുള്ള പ്രൊമോഷൻ ലിസ്റ്റ് നിലവിലുണ്ടോ; ഇല്ലെങ്കിൽ സമയബന്ധിതമായി ആയത് തയ്യാറാക്കി ഉടൻതന്നെ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറിമാരുടെ ഒഴിവുള്ള തസ്തികകളിൽ പൂർണ്ണമായും ഉദ്യോഗസ്ഥരെ നിയമിക്കുവാൻ കഴിഞ്ഞിട്ടില്ല.

(ബി) പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ നിലവിലുണ്ടായിരുന്ന 2010, 2014-ലെ സീനിയോറിറ്റി ലിസ്റ്റുകൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ബഹു. കേരള ഹൈക്കോടതിയും റദ്ദാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹു. സുപ്രീം കോടതി മുമ്പാകെയുള്ള എസ്.എൽ.പി.-കളിൽ 13-5-2016 തീയതിയിലെ ഉത്തരവിൻ പ്രകാരം തൽസ്ഥിതി തുടരുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

പ്രസ്തുത എസ്.എൽ.പി.-കളിലെ അന്തിമവിധിക്കുവിധേയമായി സെക്രട്ടറി/അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളിലെ ഒഴിവുകൾ നികത്തുവാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## വഴിവിളക്ക് സ്ഥാപിക്കുന്നതിന് നടപടി

94(5083) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയുടെ ഇടവക്കോട് വാർഡിൽ ശ്രീകാര്യം ജംഗ്ഷനിലെ കെ.എസ്.എഫ്.ഇ.-ക്ക് സമീപവും, ത്രിവേണി സ്റ്റോറിന് സമീപമുള്ള പാട്ടത്തിൽ ലൈനിലും വഴിവിളക്ക് സ്ഥാപിക്കുന്നതു സംബന്ധിച്ച് 23-9-2015-ൽ അന്നത്തെ വർക്സ് കമ്മിറ്റി ചെയർമാന് ശ്രീകാര്യം റസിഡൻസ് അസ്സോസിയേഷൻ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ ബി എസ്റ്റിമേറ്റ് തയ്യാറാക്കി നല്കിയിട്ടുണ്ടെങ്കിൽ, എന്നാണ് നൽകിയതെന്നും ഇതു സംബന്ധിച്ച് നഗരസഭ തീരുമാനം എടുത്തിട്ടുണ്ടോയെന്നും ഇല്ലായെങ്കിൽ കാരണം എന്തെന്നും വ്യക്തമാക്കാമോ;

(ബി) ബാറിന്റെ സമീപമുള്ള ഈ റോഡുകളിൽ രാത്രി കാലങ്ങളിൽ സാമൂഹ്യ വിരുദ്ധ ശല്യം ഉള്ളതിനാൽ വഴിവിളക്ക് സ്ഥാപിക്കുന്നതിന് നഗരസഭ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നഗരസഭയിൽ കത്തോ എസ്റ്റിമേറ്റോ ലഭ്യമായിട്ടില്ല. ആയതിനാൽ നഗരസഭ തീരുമാനമെടുത്തിട്ടില്ല.

(ബി) നഗരസഭയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

**കേരളോത്സവം**

95(T5084) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളോൽസവം വിപുലീകരിക്കുവാനും ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും ജനശ്രദ്ധ ആകർഷിക്കുന്ന പരിപാടിയാണ് കേരളോത്സവം. നഗര വാസികൾക്കൊപ്പംതന്നെ ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്കും തങ്ങളുടെ കലാകായിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അവസരമൊരുക്കുക എന്ന മഹത്തായ ലക്ഷ്യമാണ് ഇതിനുള്ളത്. കേരളോത്സവം പ്രാഥമികതല മത്സരങ്ങൾ ഗ്രാമ/മുനിസിപ്പൽ/കോർപ്പറേഷൻ തലത്തിലും രണ്ടാംഘട്ടം ബ്ലോക്ക് തലത്തിലും മൂന്നാം ഘട്ടം ജില്ലാതലത്തിലും സംഘടിപ്പിക്കുന്നു. ജില്ലാതല മത്സരങ്ങളിൽ വിജയിച്ചവർ സംസ്ഥാനതല കേരളോത്സവത്തിൽ പങ്കെടുക്കുന്നു.

**സമ്പൂർണ്ണ ശൗചാലയ പദ്ധതി**

96(5085) <u>ശ്രീ. പാറക്കൽ അബ്ദുല്ല:</u>
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u>
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u>
<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ശൗചാലയ പദ്ധതി പ്രഖ്യാപിത തീയതിക്കകം പൂർത്തിയാക്കാനാവുമെന്ന് കരുതുന്നുണ്ടോ;

(ബി) എങ്കിൽ പദ്ധതി ലക്ഷ്യത്തിലെത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) നിശ്ചിത തീയതിക്കകം പൂർത്തിയാക്കാനായില്ലെങ്കിൽ, പൂർത്തിയാവാൻ എത്രകാലം കൂടി വേണ്ടിവരുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സമ്പൂർണ്ണ ശൗചാലയ പദ്ധതി ലക്ഷ്യത്തിലെത്താൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

- വ്യക്തിഗത ഗാർഹിക ശൗചാലയ നിർമ്മാണത്തിന് കേന്ദ്ര സർക്കാർ വിഹിതമടക്കം (സ്വച്ഛ് ഭാരത് മിഷൻ) ആകെ 15,400 രൂപയാണ് യൂണിറ്റ് കോസ്റ്റ്. ഗ്രാമപ്രദേശങ്ങളിൽ ടോയ്‌ലറ്റ് പണിയുന്നതിനുള്ള കേന്ദ്രസഹായം ലഭ്യമാകുന്നതിന് കാലതാമസം വന്ന സാഹചര്യത്തിൽ എല്ലാ കുടുംബങ്ങൾക്കും ശൗചാലയ സൗകര്യം ഉറപ്പാക്കുന്നതിനുള്ള ധനം ഗ്രാമപഞ്ചായത്തുകൾ തങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നോ തനതുഫണ്ടിൽ നിന്നോ വകയിരുത്തി വ്യക്തിഗത ഗാർഹിക ശൗചാലയം പണിയുന്നതിനുള്ള സർക്കാർ ഉത്തരവുകൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ എല്ലാ പഞ്ചായത്തുകളും പ്രോജക്ട് വച്ച് പദ്ധതി ഏറ്റെടുത്തു.
- മുനിസിപ്പൽ കോർപ്പറേഷനുകൾക്കും നഗരസഭകൾക്കും സ്വച്ഛ് ഭാരത് മിഷൻ (അർബൻ) ഫണ്ട് ലഭ്യമാക്കി. പ്ലാൻ ഫണ്ട് വകയിരുത്തി പ്രോജക്ട് രൂപീകരിക്കാൻ സർക്കാർ നിർദ്ദേശം നൽകി.
- ദുർഘട ഗ്രാമപ്രദേശങ്ങളിൽ പണിയേണ്ടുന്ന 39120 ടോയ്‌ലറ്റുകൾക്ക് അധികം ആവശ്യമായി വരുന്ന 99 കോടി രൂപ പഞ്ചായത്തുകൾക്ക് സംസ്ഥാന സർക്കാർ പ്രത്യേക സഹായമായി അനുവദിച്ചുകൊണ്ടും അതിൻപ്രകാരം പ്രോജക്ട് തയ്യാറാക്കുവാൻ അനുമതി നൽകിയും ഉത്തരവായിട്ടുണ്ട്.
- ജലനിധി പ്രോജക്ട് പ്രദേശമായ 115 ഗ്രാമപഞ്ചായത്തുകളിൽ ജലനിധി മുഖേന ഗാർഹിക ശൗചാലയ നിർമ്മാണ പ്രോജക്ട് ഏറ്റെടുത്തു.

- ഉപേക്ഷിക്കപ്പെട്ട സ്വകാര്യ എസ്റ്റേറ്റ് ലയങ്ങളിൽ ഗാർഹിക ശൗചാലയങ്ങളും സാനിട്ടറി കോംപ്ലക്സും പണിയുന്നതിന് സർക്കാർ അനുമതി നൽകി.

- സർക്കാർ-സ്വകാര്യ സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ടിൽ നിന്ന് ബുദ്ധിമുട്ടേറിയ പ്രദേശങ്ങളിൽ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് അധിക തുക കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തി.

- കുടുംബശ്രീ, കൊമേഴ്സ്യൽ ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ മുഖേന ഗുണഭോക്താക്കൾക്ക് വായ്പ ലഭ്യമാക്കുന്നതിന് പ്രാദേശികമായി സൗകര്യങ്ങൾ ഉറപ്പാക്കി.

- കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ സേവനവും റിസോഴ്സ് പേഴ്സൺമാരുടെ സേവനവും, കമ്മ്യൂണിറ്റി മൊബിലൈസേഷൻ പ്രവർത്തനങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുണ്ട്.

- World Bank, UNICEF എന്നീ സ്ഥാപനങ്ങളുടെ പിന്തുണയോടുകൂടി റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനം നൽകി. പ്രാദേശികമായി അനുയോജ്യമായ സാങ്കേതിക വിദ്യകൾ കണ്ടെത്തി ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ചെലവ് പരിമിതപ്പെടുത്തിയ നിർമ്മാണ സാങ്കേതിക രീതികളിൽ COSTFORD-ന്റെ നേതൃത്വത്തിൽ മേസൺ പലിശീലനങ്ങൾ നടത്തിയിട്ടുണ്ട്. ജലദൗർലഭ്യ പ്രദേശങ്ങളിൽ എക്കോസാൻ ടോയ്‌ലറ്റുകൾ ഗുണഭോക്താക്കളെ പരിചയപ്പെടുത്തി വരുന്നു.

- MSW വിദ്യാർത്ഥികൾ, എഞ്ചിനീയറിംഗ് കോളേജുകളിലെ നാഷണൽ സർവ്വീസ് സ്കീം വോളന്റിയേഴ്സ് എന്നിവരുടെ സേവനം ബോധവത്കരണം, കക്കൂസ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തി വരുന്നു.

- മുഖ്യമന്ത്രി, വകുപ്പുമന്ത്രി തലങ്ങളിൽ സംസ്ഥാനത്തെ പുരോഗതി നിരന്തരം അവലോകനം നടത്തിവരുന്നു. ഓരോ ജില്ലയിലെയും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് മന്ത്രിമാരെ ചുമതലപ്പെടുത്തി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്. മന്ത്രിമാർ ജില്ലാതല റിവ്യൂ നടത്തിവരുന്നു. മന്ത്രിമാരെ സഹായിക്കുന്നതിന് അതാത് വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറിമാരെ ചുമതലപ്പെടുത്തി.

- ചീഫ് സെക്രട്ടറിയും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ജില്ലാ കളക്ടർമാരുമായുള്ള പ്രതിവാര വീഡിയോ കോൺഫറൻസ് സംഘടിപ്പിച്ച് പുരോഗതി അവലോകനം ചെയ്തുവരുന്നു.

(സി) 2016 നവംബർ 1-ന് ഗ്രാമപഞ്ചായത്തുകളിൽ പൂർത്തിയാക്കാനും, 2017 മാർച്ച് 31-ന് നഗരപ്രദേശങ്ങളിൽ പൂർത്തിയാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഓണക്കാലത്ത് ഉത്സവബത്ത**

97(5086) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് 100 ദിവസം പൂർത്തിയാക്കിയ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഓണക്കാലത്ത് ഏതെങ്കിലും തരത്തിലുള്ള ഉത്സവബത്ത അനുവദിച്ചിരുന്നോയെന്ന് വിശദമാക്കാമോ ;

(ബി) ഈ വർഷം തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഓണത്തിന് ഏതെങ്കിലും തരത്തിലുള്ള ഉത്സവബത്ത നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നൽകുവാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 2012-13 വർഷം 100 ദിവസം പണിയെടുത്ത എല്ലാ സ്ത്രീ തൊഴിലാളികൾക്കും 400 രൂപയിൽ അധികരിക്കാത്ത തുകയ്ക്കുള്ള ഓണക്കോടി വിതരണം ചെയ്തിരുന്നു.

(ബി) നൽകിയിട്ടില്ല. ഇപ്പോൾ പരിഗണനയിലില്ല.

**ജനകീയാസൂത്രണ പദ്ധതി**

98(5087) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ ജില്ലകളിൽ ജനകീയാസൂത്രണ പദ്ധതിപ്രകാരം കൃഷി, റോഡുകൾ, കെട്ടിടങ്ങൾ, ജലസേചന കനാലുകൾ എന്നിവയ്ക്കായി 2010-2016 കാലയളവിൽ ചെലവാക്കിയ തുക ക്രോഡീകരിച്ച് ലഭ്യമാക്കാമോ;

(ബി) കൃഷിയ്ക്ക് ഏറ്റവും കൂടുതൽ തുക മാറ്റിവച്ച ഗ്രാമപഞ്ചായത്തുകളുടെ പേരും അവിടെ നടപ്പിലാക്കിയ പദ്ധതികളുടെ പേരും (2010-2016 കാലയളവിൽ) ജില്ല തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വിവരം ശേഖരിച്ചുനൽകുന്നതാണ്.

**പ്ലാസ്റ്റിക് - ഇലക്ട്രോണിക് മാലിന്യങ്ങൾ**

99(5088) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എം. ഉമ്മർ:
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിൽ തദ്ദേശീയമായുള്ളതിനു പുറമെ നഗരങ്ങളിലെ ജൈവ മാലിന്യങ്ങളോടൊപ്പം പ്ലാസ്റ്റിക്, ഇലക്ട്രോണിക് മാലിന്യങ്ങളും ധാരാളമായി നാട്ടിൻപുറങ്ങളിൽ നിക്ഷേപിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവണത ഗ്രാമങ്ങളിലെ പാരിസ്ഥിതിക സന്തുലനത്തെയും കൃഷിയെയും പ്രതികൂലമായി ബാധിക്കുമെന്നതു കണക്കിലെടുത്ത് ആവശ്യമായ നടപടികൾക്ക് രൂപം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും ഗ്രാമപഞ്ചായത്ത് തലത്തിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ശുചിത്വ മിഷൻ മുഖേന സ്വീകരിച്ചുവരുന്നുണ്ട്. ഇ-മാലിന്യങ്ങൾ ഒരു നിശ്ചിത തുകയ്ക്ക് ക്ലീൻ കേരള കമ്പനി മുഖേന സ്വീകരിക്കുകയും അവ പുനഃചംക്രമണം നടത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർശന നടപടി എടുക്കേണ്ടത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ശാസ്ത്രീയ മാലിന്യസംസ്കരണം ഫലപ്രദമായി നടപ്പിലാക്കുവാനും വീടുകളിൽ കൃഷി വ്യാപിപ്പിക്കുവാനും സർക്കാർ ലക്ഷ്യമിടുന്നുണ്ട്.

## സ്റ്റാർട്ട് അപ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം

100(5089) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എല്ലാ ജില്ലകളിലും ഒരു ബ്ലോക്ക് പഞ്ചായത്തിലും ഒരു നഗര തദ്ദേശ സർക്കാരിലും 'സ്റ്റാർട്ട് അപ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം 'ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നെന്നും ജില്ലയിലെ ശേഷിക്കുന്ന ഭാഗത്തിന് ഇതൊരു റിസ്സോഴ്സ് ക്ലസ്റ്ററായി തീരുകയും ചെയ്യുമെന്ന് 24-6-2016-ലെ നിയമസഭയിൽ ബഹു. ഗവർണർ പ്രസ്ഥാവിച്ച പ്രകാരം ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വിവരിക്കുമോ?

ഉത്തരം

'സ്റ്റാർട്ട് അപ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം' സംബന്ധിച്ച് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി

101(5090) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബശ്രീ മുഖേന നഗര പ്രദേശത്തെ ഭവനരഹിതർക്കായി പ്രധാനമന്ത്രി ആവാസ് യോജന എന്ന പദ്ധതി നടപ്പാക്കുന്നതിന് പദ്ധതിയുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇവ വിശദമാക്കുമോ;

(ബി) വരുമാന നികുതി നൽകുന്ന സർക്കാർ ഉദ്യോഗസ്ഥരെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) എങ്കിൽ ആയതിന്റെ ഗുണഭോക്താക്കളായ സർക്കാർ ഉദ്യോഗസ്ഥരെ എങ്ങനെയാണ് തെരഞ്ഞെടുക്കുന്നത്; എത്ര രൂപ വരെയാണ് സർക്കാർ ജീവനക്കാർക്ക് വായ്പയായി നൽകുന്നത്; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. നഗരപ്രദേശത്തെ എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പ്രധാനമന്ത്രി ആവാസ് യോജന (നഗരം) പദ്ധതി സംസ്ഥാനത്ത് കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്നു. നഗരപ്രദേശത്തെ EWS (മൂന്നുലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾ), LIG (മൂന്നു ലക്ഷത്തിനും ആറ് ലക്ഷത്തിനും ഇടയിൽ വരുന്ന കുടുംബങ്ങൾ) വിഭാഗത്തിൽപ്പെട്ട മുഴുവൻ ഭവനരഹിതർക്കും 2022-ഓടെ വാസയോഗ്യമായ വീട് ലഭ്യമാക്കുകയാണ് പദ്ധതി ലക്ഷ്യം.

പദ്ധതി പ്രഖ്യാപിച്ച 2015 ജൂൺ മാസത്തിൽ നഗരപ്രദേശത്ത് കുറഞ്ഞത് മൂന്ന് വർഷമായി താമസിക്കുന്ന EWS, LIG വിഭാഗത്തിൽപ്പെട്ടവരും രാജ്യത്തൊരിടത്തും സ്വന്തമായി വാസയോഗ്യമായ വീടില്ലാത്തവരുമായ എല്ലാ കുടുംബങ്ങളും പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരാണ്.

(ബി) EWS (മൂന്നുലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾ), LIG (മൂന്നു ലക്ഷത്തിനും ആറ് ലക്ഷത്തിനും ഇടയിൽ വരുന്ന കുടുംബങ്ങൾ) വിഭാഗത്തിൽപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥരെ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. EWS വിഭാഗത്തിൽപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥർ ഗുണഭോക്തൃ കേന്ദ്രീകൃത ഭവനനിർമ്മാണം/വിപുലീകരണം, അഫോർഡബിൾ ഹൗസിംഗ് ത്രൂ പാർട്ണർഷിപ്പ്, ചേരിവികസനം എന്നീ പദ്ധതി ഘടകങ്ങളിൽപ്പെടുന്നതാണ്. LIG വിഭാഗത്തിൽപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം എന്ന പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തി ഭവനങ്ങൾ നിർമ്മിക്കുന്നതിന്/വാങ്ങുന്നതിന് പരമാവധി ആറ് ലക്ഷം രൂപയ്ക്ക് 15 വർഷ കാലയളവിലേയ്ക്ക് 6.5% നിരക്കിൽ പലിശയിളവ് നൽകി വായ്പ നൽകുന്നതാണ്.

(സി) 6 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള, നഗരപ്രദേശത്ത് താമസിക്കുന്ന സ്വന്തമായി വാസയോഗ്യമായ ഭവനമില്ലാത്ത സർക്കാർ ഉദ്യോഗസ്ഥർ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീമിന്റെ ഗുണഭോക്താക്കളാണ്. ഭവനങ്ങൾ നിർമ്മിക്കുന്നതിന്/വാങ്ങുന്നതിന് പരമാവധി 6 ലക്ഷം രൂപയ്ക്ക് 15 വർഷ കാലയളവിലേയ്ക്ക് 6.5% നിരക്കിൽ പലിശയിളവ് നൽകി ബാങ്കുകളിൽ നിന്ന് വായ്പ നൽകുന്നതാണ്. ആവശ്യമെങ്കിൽ 6 ലക്ഷം രൂപയ്ക്ക് മുകളിൽ മാർക്കറ്റ് നിരക്കിലുള്ള പലിശ ഈടാക്കി, ആവശ്യമായ തുകയുടെ നിശ്ചിത ശതമാനം (50 മുതൽ 80 ശതമാനം വരെ) വായ്പയായി നൽകുന്നതാണ്.

### മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

102(5091) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ 2016-17 സാമ്പത്തിക വർഷത്തിൽ നാളിതുവരെ എത്ര തൊഴിലാളികൾക്കാണ് 100 ദിവസം തൊഴിൽ നൽകിയിട്ടുള്ളതെന്നറിയിക്കുമോ; ഇതിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എത്ര പേർ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള മുഴുവൻ തൊഴിലാളികൾക്കും 100 ദിവസത്തെ തൊഴിൽ അനുവദിക്കുന്നതിന് സർക്കാർ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്നറിയിക്കുമോ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ 2016-17 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 43 പേർക്ക് 100 ദിവസം തൊഴിൽ നൽകിയിട്ടുണ്ട്. ഇതിൽ പട്ടികജാതിയിൽപ്പെട്ട മൂന്നുപേരും പട്ടികവർഗ്ഗത്തിൽപ്പെട്ട 19 പേരും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) തൊഴിൽ ആവശ്യപ്പെടുന്ന മുഴുവൻ തൊഴിലാളികൾക്കും 100 ദിവസത്തെ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ പദ്ധതികൾ Shelf of Project-ൽ ഉൾപ്പെടുത്താൻ ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം

103(5092) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ പുതുതായി രൂപീകരിച്ച കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; കെട്ടിട നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

കണ്ണൂർ ജില്ലയിൽ പുതുതായി രൂപീകരിച്ച കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് 2 കോടി രൂപ ചെലവിൽ ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആസ്ഥാന മന്ദിരം, താവം വ്യവസായ എസ്റ്റേറ്റിൽ നിർമ്മിക്കാനുള്ള ബ്ലോക്കിന്റെ അപേക്ഷയിന്മേൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ക്ഷേമപെൻഷൻ**

104(5093) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമപെൻഷൻ വാങ്ങുന്ന എത്ര പേർ ഉണ്ട്;

(ബി) 2016-ലെ തിരുവോണദിനത്തിനുമുമ്പ് എത്രപേർക്ക് ക്ഷേമപെൻഷൻ നൽകുവാൻ സാധിച്ചു?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ക്ഷേമ പെൻഷൻ വാങ്ങുന്ന 3677830 ഗുണഭോക്താക്കളുണ്ട്.

(ബി) തിരുവോണദിനത്തിനുമുമ്പ് 3677830 ഗുണഭോക്താക്കൾക്കുമുള്ള തുക ബാങ്ക് അക്കൗണ്ടുകളിലേയ്ക്കും പ്രാഥമിക സഹകരണ സംഘങ്ങളിലേയ്ക്കും നൽകിയിട്ടുണ്ട്.

**മാലിന്യ സംസ്കരണ നയം**

105(5094) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കുറ്റമറ്റ ഒരു മാലിന്യസംസ്കരണ നയം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(ബി) ഒരു ജനകീയ പ്രസ്ഥാനം രൂപീകരിച്ച് സമഗ്രമായ പ്രചാരണവും ജനകീയമായ ഒരു കർമ്മ പദ്ധതിയും തയ്യാറാക്കി മാലിന്യസംസ്കരണവും മാനേജ്മെന്റും സംബന്ധിച്ച് സംസ്കാരവും അവബോധവും ജനങ്ങളിൽ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ മാലിന്യ പ്രശ്നം സ്ഥായിയായി പരിഹരിക്കുന്നതിന്റെ ഊന്നൽ നൽകുന്ന ബൃഹത്തായ ഹരിതകേരളം പദ്ധതി 2016 നവംബർ ഒന്നുമുതൽ ആരംഭിക്കുന്നതിന് 25-9-2016 ലെ സ.ഉ.(പി)നമ്പർ41/2016/ ആ.സാ.വ പ്രകാരം ഉത്തരവായിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിലവിലുള്ള സംവിധാനത്തിന്റെ അപര്യാപ്തത**

106(5095) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സമർപ്പിക്കപ്പെടുന്ന വിവിധയിനം അപേക്ഷകളിന്മേൽ യഥാസമയം നടപടി എടുക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) നിലവിലുള്ള സംവിധാനം അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) എന്തെല്ലാം പരിഷ്കാരങ്ങൾ ഇക്കാര്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതിന് സേവനാവകാശ നിയമം നിലവിലുണ്ട്. സേവനം യഥാസമയം ലഭിക്കാത്തത് സംബന്ധിച്ച് പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തി ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാകുന്ന സേവനങ്ങളിൽ അതൃപ്തി ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഒരു Online Public Grievance Redressal Module സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി & സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമാകുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിച്ച് സേവനങ്ങൾ നൽകുന്നതിന് സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ട്. പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികൾക്ക് സമയബന്ധിതമായി പരിഹാരം കാണുന്നതിന് ഓൺലൈൻ പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാസ്റ്റർ പ്ലാൻ**

107(5096) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ നടപടികൾ വിശദീകരിക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാസ്റ്റർ പ്ലാൻ ആവിഷ്കരിക്കുന്ന കാര്യത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ) 2016-ൽ നിലവിൽ വന്ന കേരള നഗര ഗ്രാമാസൂത്രണ നിയമപ്രകാരം മാസ്റ്റർ പ്ലാൻ ഒരു പങ്കാളിത്ത പ്രക്രിയയിലൂടെ തയ്യാറാക്കേണ്ടതും അത് തദ്ദേശാസൂത്രണ പ്രദേശത്തിന്റെയോ അതിന്റെ ഭാഗത്തിന്റെയോ വികസനം ഏത് രീതിയിലാണ് നിർവ്വഹിക്കേണ്ടതെന്നും ഭൂമിയുടെ ഉപയോഗം ഏതു രീതിയിലാണ് നിയന്ത്രിക്കേണ്ടതെന്നും സാമാന്യമായി സൂചിപ്പിക്കേണ്ടതാണെന്നും അനുശാസിക്കുന്നു. 74-ാം ഭരണഘടനാ ഭേദഗതി, കേരളാ മുനിസിപ്പാലിറ്റി ആക്ട്, 1994 എന്നിവ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്കാണ് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്തം. ഇതിനായുള്ള സാങ്കേതിക സഹായമാണ് നഗരാസൂത്രണ വകുപ്പ് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്നത്.

മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് ഓരോ നഗരത്തിനും/പട്ടണത്തിനും നഗരസഭാ ചെയർപേഴ്സൺ, സെക്രട്ടറി, എഞ്ചിനീയറിംഗ് വിംഗിന്റെ തലവൻ, ഓരോ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രതിനിധി, ജില്ലാ ടൗൺപ്ലാനർ, റിസോഴ്സ് പേഴ്സൺ എന്നിവർ അംഗങ്ങളായുള്ള Spatial Integration Committee (SIC)

രൂപീകരിക്കുന്നു. കൂടാതെ ജില്ലാ നഗരാസൂത്രണ കാര്യാലയത്തിൽ Deputy Town Planner/Assistant Town Planner, മറ്റ് സാങ്കേതിക ജീവനക്കാർ എന്നിവരടങ്ങുന്ന പ്ലാനിംഗ് ടീം രൂപീകരിക്കുന്നു. ചീഫ് ടൗൺപ്ലാനറുടെ മേൽനോട്ടത്തിലും മാർഗ്ഗ നിർദ്ദേശങ്ങളിലും നിലവിലെ മറ്റ് ആക്ടുകൾ, കോഡുകൾ, കൈപ്പുസ്തകങ്ങൾ മുതലായവയെ അടിസ്ഥാനമാക്കിയാണ് മാസ്റ്റർപ്ലാനിന് സാങ്കേതിക അടിത്തറ നൽകുന്നത്. വിവിധ ഘട്ടങ്ങളിൽ നഗര/പട്ടണത്തിന്റെ വിവിധ തലങ്ങളിൽ നടത്തുന്ന ശില്പശാലകൾ, ചർച്ചകൾ, വിവരശേഖരണങ്ങൾ എന്നിവയിലൂടെ ഉരുത്തിരിഞ്ഞുവരുന്ന പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും അഭിപ്രായങ്ങളെയും നിർദ്ദേശങ്ങളെയും അടിസ്ഥാനമാക്കിയാണ് മാസ്റ്റർപ്ലാനിന് രൂപം നൽകുന്നത്. മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് പ്രധാനപ്പെട്ട നാലുഘട്ടങ്ങളാണുള്ളത്.

1. <u>വിവരശേഖരണവും ഏകോപനവും</u>:

ഇതിൽ പ്രാഥമിക വിവരശേഖരണവും ദ്വിതീയ വിവരശേഖരണവും ഉൾപ്പെടുന്നു. പ്രാഥമിക വിവരശേഖരണത്തിൽ ഭൂവിനിയോഗ സർവ്വേ, സാമൂഹിക സാമ്പത്തിക സർവ്വേ, ട്രാഫിക് സർവ്വേ എന്നിവ ഉൾപ്പെടുന്നു. ഇത് നഗര ഗ്രാമാസൂത്രണ വകുപ്പിലെ ഉദ്യോഗസ്ഥർ നേരിട്ടോ, നഗരസഭ തെരഞ്ഞെടുക്കുന്ന സർവ്വേയർ ട്രയിനീസിന് നഗര ഗ്രാമാസൂത്രണ വകുപ്പ് പരിശീലനം നൽകി അവരെക്കൊണ്ട് നടത്തിക്കുകയോ, പൂർണ്ണമായും ഔട്ട്സോഴ്സ് ചെയ്തുകൊണ്ടോ നടത്താവുന്നതാണ്. പ്രാഥമിക വിവരശേഖരണം ജില്ലാ ടൗൺ പ്ലാനർമാരുടെ ഉത്തരവാദിത്തത്തിലാണ് നടത്തുന്നത്. ഓരോ സെക്ടറുകൾ സംബന്ധിച്ചുള്ള ദ്വിതീയ വിവരശേഖരണവും വർക്കിംഗ് ഗ്രൂപ്പുകൾ മുഖേന SIC ആണ് നടത്തുന്നത്.

2. <u>വിശകലനം</u>:

ഇതിൽ പ്രാദേശിക വിശകലനം, സ്ഥലപര വിശകലനം എന്നിവ ഉൾപ്പെടുന്നു. ഓരോ സെക്ടറുകളിലെയും വികസന സാധ്യതകൾ, ബുദ്ധിമുട്ടുകൾ, ജനങ്ങളുടെ പ്രതീക്ഷകൾ എന്നിവ പ്രാദേശിക വിശകലനത്തിലൂടെ കണ്ടെത്തുന്നു. ഇതിന്റെ ഉത്തരവാദിത്വം SIC യ്ക്കാണ്. ഇതിനായി വികസന സെമിനാറുകളും സംഘടിപ്പിക്കുന്നു. ജില്ലാ ടൗൺപ്ലാനറുടെ ഉത്തരവാദിത്തത്തിലാണ് സ്ഥലപര വിശകലനം നടത്തുന്നത്. മാസ്റ്റർപ്ലാൻ ഏരിയായിലെ ജനസംഖ്യാ പഠനം, പ്രവർത്തന ശൃംഖലകളുടെ പഠനം, ഭൂവിനിയോഗം, പശ്ചാത്തല സൗകര്യങ്ങൾ മുതലായവയുടെ പഠനം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

3. വികസന സങ്കൽപ്പ രൂപീകരണം

പഠനങ്ങളുടേയും വിശകലനങ്ങളുടേയും അടിസ്ഥാനത്തിൽ അടുത്ത 15-20 വർഷത്തേയ്ക്കുള്ള നഗരവികസന സങ്കൽപ്പം രൂപീകരണം, ഇതിനായുള്ള Goals, Objectives, Development concept, Policies, Strategies എന്നിവ രൂപീകരിക്കുന്നു.

4. ഡീറ്റേയ് ലിംഗ്

ഓരോ സെക്ടറുകളിലെയും ഭാവി ആവശ്യങ്ങൾ കണക്കാക്കുകയും വികസന നിർദ്ദേശങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നു. Proposed land use Plan, മേഖലാ നിയന്ത്രണങ്ങൾ എന്നിവയും തയ്യാറാക്കുന്നു. SIC നഗരാസൂത്രണ വകുപ്പ് എന്നിവ കൂട്ടായാണ് ഈ പ്രക്രിയ നടത്തുന്നത്.

മേൽപ്പറഞ്ഞ രീതിയിൽ തയ്യാറാക്കുന്ന കരട് മാസ്റ്റർപ്ലാൻ കൗൺസിൽ അംഗീകരിക്കുന്നതിനെ തുടർന്ന് കേരള നഗര-ഗ്രാമാസൂത്രണ നിയമം 2016 സെക്ഷൻ 36 അനുശാസിക്കുന്ന രീതിയിൽ സർക്കാർ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

(ബി) കോഴിക്കോട് ജില്ലയിലെ എല്ലാ നഗര പ്രദേശങ്ങൾക്കും മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നുണ്ട്. ഇതിൽ കോഴിക്കോട് അർബൻ ഏരിയായുടെ മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റുള്ള നഗരസഭകളുടെ മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരുന്നു.

**കുടുംബശ്രീയിൽ ഒഴിവുകൾ**

108(5097) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കൺസൾട്ടന്റ് എന്നീ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത നടപടികൾ എന്ന് പൂർത്തിയാക്കാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ജില്ലാ അടിസ്ഥാനത്തിലുള്ള ഒഴിവുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. *

(ബി) ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, അസി.ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എന്നീ ഡെപ്യൂട്ടേഷൻ മുഖേനയുള്ള തസ്തികകൾക്ക് നോട്ടിഫിക്കേഷൻ നൽകുകയും അനുയോജ്യമായ ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിനുള്ള എഴുത്തുപരീക്ഷയും അഭിമുഖവും നടത്തുകയും ചെയ്തു. കരാർ അടിസ്ഥാനത്തിൽ നിയമിക്കേണ്ട കൺസൽട്ടന്റുമാരുടെ ഒഴിവുള്ള തസ്തികകളിലേയ്ക്ക് നോട്ടിഫിക്കേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) എത്രയും പെട്ടന്ന് പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ തസ്തികകൾ**

109(5098) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) സെക്രട്ടറി തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) മുഴുവൻ സെക്രട്ടറി തസ്തികകളും നികത്തുന്നതിന് സർക്കാർ പ്രതീക്ഷിക്കുന്ന കാലപരിധി വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പഞ്ചായത്ത് വകുപ്പിലെ സെക്രട്ടറി തസ്തികയിലെ ജില്ല തിരിച്ചുള്ള ഒഴിവ് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 0 |
| കൊല്ലം | 0 |
| പത്തനംതിട്ട | 17 |
| ആലപ്പുഴ | 13 |
| കോട്ടയം | 26 |
| ഇടുക്കി | 7 |
| എറണാകുളം | 13 |
| തൃശ്ശൂർ | 21 |
| പാലക്കാട് | 21 |
| മലപ്പുറം | 28 |
| കോഴിക്കോട് | 7 |
| വയനാട് | 3 |
| കണ്ണൂർ | 17 |
| കാസർഗോഡ് | 11 |
| ആകെ | 184 |

(സി) പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ നിലവിലുണ്ടായിരുന്ന 2010, 2014- ലെ സീനിയോരിറ്റി ലിസ്റ്റുകൾ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയും റദ്ദാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെയുള്ള എസ്.എൽ.പി.-കളിൽ 13-5-2016 തീയതിയിലെ ഉത്തരവിൻപ്രകാരം തൽസ്ഥിതി തുടരുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

പ്രസ്തുത എസ്.എൽ.പി.കളിലെ അന്തിമ വിധിക്കു വിധേയമായി സെക്രട്ടറി തസ്തികകളിലെ ഒഴിവുകൾ താൽക്കാലികമായി നികത്തുന്നതിന്റെ നിയമ വശങ്ങൾ പരിശോധിച്ചുവരുന്നു.

(ഡി) ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെയുള്ള എസ്.എൽ.പി.-കളിലെ അന്തിമ വിധി വരുന്ന മുറയ്ക്ക് സെക്രട്ടറി തസ്തികകൾ നികത്തുന്നതിനുള്ള അടിയന്തര തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**പഞ്ചായത്തുകളിൽ സെക്രട്ടറി തസ്തിക**

110(5099) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരവധി പഞ്ചായത്തുകളിൽ സെക്രട്ടറി അടക്കമുള്ള വിവിധ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഞ്ചായത്തുകളിൽ ഒഴിവുള്ള മുഴുവൻ തസ്തികകളിലും നിയമനം നടത്തുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പഞ്ചായത്ത് വകുപ്പിലെ എല്ലാ വിഭാഗത്തിലും ഉൾപ്പെട്ട ജീവനക്കാരുടെ 2010-ൽ പ്രസിദ്ധീകരിച്ചിരുന്ന സീനിയോരിറ്റി ലിസ്റ്റുകൾ 2014-ൽ റദ്ദാക്കുകയും പുതിയ സീനിയോരിറ്റി ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ഇതുസംബന്ധിച്ച ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിരുന്ന അപേക്ഷകളിൽ 2010-ലെയും 2014-ലെയും ലിസ്റ്റുകൾ റദ്ദാക്കിയിരുന്നു. തുടർന്ന് ഒ.പി.(120/2015), ഒ.പി.(കെ..എ.റ്റി) 144/15, 145/15 നമ്പർ ഹർജികളിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 11-3-2016 - ലെ വിധിന്യായത്തിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് അംഗീകരിച്ചിരുന്നു. ഈ വിധിന്യായത്തിനെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ ഫയൽ ചെയ്യപ്പെട്ട 13785-13786/2016 തുടങ്ങിയ എസ്.എൽ.പി.-കളിലെ 13-5-2016 തീയതിയിലെ ഇടക്കാല ഉത്തരവിൽ നിലവിലെ സ്ഥിതി തുടരുവാൻ ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശിച്ചിരിക്കുകയാണ്.

ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെയുള്ള എസ്.എൽ.പി.കളിലെ അന്തിമവിധി വരുന്ന മുറയ്ക്ക് തസ്തികകൾ നികത്തുന്നതിനുള്ള അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കെട്ടിടനിർമ്മാണ ചട്ടത്തിൽ ഇളവ്

111(5100) ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. എൽദോസ് പി.കുന്നപ്പിള്ളിൽ:

ശ്രീ. അനിൽ അക്കര:

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതു ആവശ്യത്തിനുവേണ്ടി സൗജന്യമായി സ്ഥലം നൽകുന്നവർക്ക് ശേഷിക്കുന്ന സ്ഥലത്ത് കെട്ടിടം പണിയുന്നതിനായി നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് അനുവദിക്കാറുണ്ടോ; ഇല്ലെങ്കിൽ ഇളവ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഉണ്ട്. റോഡുവികസനത്തിന് വേണ്ടി ഭൂമി സൗജന്യമായി നൽകുന്നവർക്ക് ബാക്കിവരുന്ന പ്ലോട്ടിൽ നിർമ്മാണം നടത്തുന്നതിനുള്ള ലഘൂകൃത വ്യവസ്ഥകൾ കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XI, കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XI എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായുള്ള നിബന്ധനകൾ അനുവദനീയമായ വ്യവസ്ഥകൾ, നടപടിക്രമങ്ങൾ എന്നിവ ടി അദ്ധ്യായങ്ങളിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. കൂടാതെ കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3 സി കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3 സി എന്നിവ പ്രകാരം സർക്കാരിനോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ സർക്കാർ ഏജൻസികൾക്കോ പൊതു ആവശ്യത്തിനായി ഭൂമി സറണ്ടർ ചെയ്യുന്നവർക്ക് കേരളാ മുനിസിപ്പാലിറ്റി/ പഞ്ചായത്ത് രാജ് ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായും ചീഫ് ടൗൺപ്ലാനറുമായി കൂടിയാലോചിച്ചും ഒഴിവാക്കൽ (exemption) നൽകാൻ സർക്കാരിന് അധികാരമുണ്ട്. സറണ്ടർ ചെയ്ത ഭൂമിക്ക് സമാനമായ അനുപാതത്തിലായിരിക്കണം ഇത്തരം ഒഴിവാക്കൽ (exemption) എന്നും ടി ചട്ടത്തിൽ പ്രതിപാദിക്കുന്നുണ്ട്.

## സോഫ്റ്റ് വെയറുകൾ യൂസർഫ്രണ്ട്‌ലി ആക്കുന്നതിന് നടപടികൾ

112(5101) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷൻ വഴി പഞ്ചായത്തുകളിൽ വിന്യസിച്ച സോഫ്റ്റ്‌വെയറുകൾ യൂസർഫ്രണ്ട്‌ലി ആക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) പഴയ ഫോർമാറ്റുകൾ മാറ്റി ധനകാര്യ വകുപ്പ്, ഏ.ജി.ഓഫീസ് എന്നിവിടങ്ങളിലേക്ക് നേരിട്ട് വിവര ശേഖരണം നടത്താനുതകുന്ന സംവിധാനം ഒരുക്കുന്നതിന് ഐ.കെ.എം.- ന് നിർദ്ദേശം നൽകുമോ?

### ഉത്തരം

(എ) നിലവിൽ ഇൻഫർമേഷൻ കേരള മിഷന്റെ സോഫ്റ്റ് വെയറുകൾ യൂസർ ഫ്രണ്ട്‌ലി ആണ്. കൂടുതൽ യൂസർഫ്രണ്ട്‌ലി ആക്കുന്നതിനുവേണ്ടി നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണ പദ്ധതി

113(5102) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൊത്തം ഉല്പാദിപ്പിക്കുന്ന മാലിന്യത്തിന്റെ എൺപത് ശതമാനത്തിന്റെ ഉറവിടം വീടുകളാണെന്ന കാര്യം ശ്രദ്ധയിലുണ്ടോ;

(ബി) എങ്കിൽ മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കാൻ വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്ക് ഊന്നൽ നൽകുമോ;

(സി) മാലിന്യസംസ്കരണത്തിനാവശ്യമായ സംവിധാനമുണ്ടെങ്കിൽ മാത്രം കെട്ടിടനിർമ്മാണത്തിന് അനുമതി നൽകിയാൽ മതിയെന്ന ശിപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ഉറവിട മാലിന്യ സൗകര്യം ഏർപ്പെടുത്താനാകാത്ത ചേരി നിവാസികളുടെയും, മറ്റ് കുടിൽവാസികളുടെയും കാര്യത്തിൽ എന്ത് ഉത്തരവാദിത്തമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കമ്മ്യൂണിറ്റിതലത്തിലുള്ള വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കുന്നുണ്ട്.

**കേന്ദ്രാവിഷ്കൃത പദ്ധതിയായ ഹൃദയ് (HRIDAY)**

114(5103) <u>ശ്രീ. സി. കെ. നാണു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഹൃദയ് (HRIDAY) പദ്ധതിയുടെ സംസ്ഥാനത്തെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ, ലഭിച്ച തുക, വിനിയോഗിച്ച തുക എന്നിവ സഹിതം ജില്ലാ അടിസ്ഥാനത്തിൽ വിശദീകരിക്കാമോ;

(ബി) ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തൊക്കെയാണെന്നും ഈ വർഷത്തെ കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) HRIDAY (National Heritage City Development and Augmentation Yojana) പദ്ധതി ഇന്ത്യയിലെ പ്രധാനപ്പെട്ട പൈതൃക സ്ഥലങ്ങളിലാണ് നടപ്പിലാക്കുന്നത്. കേരളത്തിലെ പൈതൃക കേന്ദ്രങ്ങളൊന്നും ടി പദ്ധതിയിൽ ഉൾപ്പെടുന്നില്ല.

(ബി) ബാധകമല്ല.

**കെട്ടിട നികുതി പുതുക്കി നിശ്ചയിക്കുന്നതിന് നടപടി**

115(5104) ശ്രീ. വി. ടി.ബൽറാം:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നികുതി പുതുക്കി നിശ്ചയിക്കുന്നതിന് നൽകിയിരിക്കുന്ന ഫോറം പൂരിപ്പിക്കുന്നതിന് സാധാരണക്കാർ ബുദ്ധിമുട്ട് നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫോറം പൂരിപ്പിക്കുന്നതിന് പൊതുജനങ്ങളെ സഹായിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഹെൽപ് ഡെസ്കുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നികുതിദായകർക്ക് മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്തി നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്. ആയതിനാൽ വസ്തു നികുതി നിർണ്ണയ ഫോറം പൂരിപ്പിച്ച് നൽകുന്നതിന് നികുതിദായകരെ സഹായിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹെൽപ് ഡെസ്കുകൾ ഏർപ്പെടുത്തുന്നതിന് പ്രത്യേക തടസ്സങ്ങളൊന്നുമില്ല.

**ODF ആയി പ്രഖ്യാപിക്കുന്നതിനുള്ള നടപടി**

116(5105) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്തെ ഓപ്പൺ ഡെഫിക്കേഷൻ ഫ്രീ ആയി പ്രഖ്യാപിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന് മുന്നോടിയായി എത്ര കുടുംബങ്ങൾക്ക് ശൗചാലയങ്ങൾ നിർമ്മിച്ച് നൽകിയെന്നും ഇതിനായി ചെലവായ തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാനത്തെ ഓപ്പൺ ഡെഫിക്കേഷൻ ഫ്രീ ആയി പ്രഖ്യാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ കൊടുക്കുന്നു:

1. വ്യക്തിഗത ഗാർഹിക ശൗചാലയ നിർമ്മാണത്തിന് കേന്ദ്ര സർക്കാർ വിഹിതമടക്കം (സ്വച്ഛ് ഭാരത് മിഷൻ) ആകെ 15400 രൂപയാണ് യൂണിറ്റ് കോസ്റ്റ്. ഗ്രാമ പ്രദേശങ്ങളിൽ ടോയ്‌ലറ്റ് പണിയുന്നതിനുള്ള കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് കാലതാമസം വന്ന സാഹചര്യത്തിൽ എല്ലാ കുടുംബങ്ങൾക്കും ശൗചാലയ സൗകര്യം ഉറപ്പാക്കുന്നതിനുള്ള ധനം ഗ്രാമപഞ്ചായത്തുകൾ തങ്ങളുടെ പ്ലാൻ ഫണ്ടിൽനിന്നോ തനതുഫണ്ടിൽനിന്നോ വകയിരുത്തി വ്യക്തിഗത ഗാർഹിക ശൗചാലയം പണിയുന്നതിനുള്ള സർക്കാർ ഉത്തരവുകൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ എല്ലാ പഞ്ചായത്തുകളും പ്രോജക്ട് വച്ച് പദ്ധതി ഏറ്റെടുത്തു.

2. മുനിസിപ്പൽ കോർപ്പറേഷനുകൾക്കും നഗരസഭകൾക്കും സ്വച്ഛ് ഭാരത് മിഷൻ (അർബൻ) ഫണ്ട് ലഭ്യമാക്കി. അധിക തുക പ്ലാൻ ഫണ്ടിൽനിന്നും വകയിരുത്തി പ്രോജക്ട് രൂപീകരിക്കാൻ സർക്കാർ നിർദ്ദേശം നൽകി.

3. ദുർഘട ഗ്രാമ പ്രദേശങ്ങളിൽ പണിയേണ്ടുന്ന 39120 ടോയ്‌ലറ്റുകൾക്ക് അധികം ആവശ്യമായി വരുന്ന 99 കോടി രൂപ പഞ്ചായത്തുകൾക്ക് സംസ്ഥാന സർക്കാർ പ്രത്യേക സഹായമായി അനുവദിച്ചുകൊണ്ടും അതിൻപ്രകാരം പ്രോജക്ട് തയ്യാറാക്കുവാൻ അനുമതി നൽകിയും സർക്കാർ ഉത്തരവായിട്ടുണ്ട്.

4. ജലനിധി പ്രോജക്ട് പ്രദേശമായ 115 ഗ്രാമ പഞ്ചായത്തുകളിൽ ജലനിധി മുഖേന ഗാർഹിക ശൗചാലയ നിർമ്മാണ പ്രോജക്ട് ഏറ്റെടുത്തു.

5. ഉപേക്ഷിക്കപ്പെട്ട സ്വകാര്യ എസ്റ്റേറ്റ് ലയങ്ങളിൽ ഗാർഹിക ശൗചാലയങ്ങളും സാനിട്ടറി കോംപ്ലക്സും പണിയുന്നതിനുള്ള സർക്കാർ അനുമതി നൽകി.

6. സർക്കാർ-സ്വകാര്യ സ്ഥാപനങ്ങളുടെ സി.എസ്.ആർ ഫണ്ടിൽനിന്ന് ബുദ്ധിമുട്ടേറിയ പ്രദേശങ്ങളിൽ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് അധിക തുക കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തി.

7. കുടുംബശ്രീ, കൊമേഴ്സ്യൽ ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ മുഖേന ഗുണഭോക്താക്കൾക്ക് വായ്പ ലഭ്യമാക്കുന്നതിന് പ്രാദേശികമായി സൗകര്യങ്ങൾ ഉറപ്പാക്കി.

8. കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ സേവനവും റിസോഴ്സ് പേഴ്സൺമാരുടെ സേവനവും കമ്മ്യൂണിറ്റി മൊബിലൈസേഷൻ പ്രവർത്തനങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുണ്ട്.

9. World Bank, UNICEF എന്നീ സ്ഥാപനങ്ങളുടെ പിന്തുണയോടുകൂടി റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനം നൽകി. പ്രാദേശികമായി അനുയോജ്യമായ സാങ്കേതിക വിദ്യകൾ കണ്ടെത്തി ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ചെലവ് പരിമിതപ്പെടുത്തിയ നിർമ്മാണ സാങ്കേതിക രീതികളിൽ COSTFORD- ന്റെ നേതൃത്വത്തിൽ മേസൺ പരിശീലനങ്ങൾ നടത്തിയിട്ടുണ്ട്. ജലദൗർലഭ്യ പ്രദേശങ്ങളിൽ എക്കോസാൻ ടോയ്‌ലറ്റുകൾ ഗുണഭോക്താക്കളെ പരിചയപ്പെടുത്തി വരുന്നു.

10. MSW വിദ്യാർത്ഥികൾ, എഞ്ചിനീയറിംഗ് കോളേജുകളിലെ നാഷണൽ സർവ്വീസ് സ്കീം വോളന്റിയേഴ്സ് എന്നിവരുടെ സേവനം ബോധവൽക്കരണം, കക്കൂസ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തിവരുന്നു.

11. മുഖ്യമന്ത്രി, വകുപ്പുമന്ത്രി തലങ്ങളിൽ സംസ്ഥാനത്തെ പുരോഗതി നിരന്തരം അവലോകനം നടത്തിവരുന്നു. ഓരോ ജില്ലയിലെയും പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് മന്ത്രിമാരെ ചുമതലപ്പെടുത്തി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്. മന്ത്രിമാർ ജില്ലാതല റിവ്യൂ നടത്തിവരുന്നു. മന്ത്രിമാരെ സഹായിക്കുന്നതിന് അതാത് വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറിമാരെ ചുമതലപ്പെടുത്തി.

12. ചീഫ് സെക്രട്ടറിയും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ജില്ലാ കളക്ടർമാരുമായുള്ള പ്രതിവാര വീഡിയോ കോൺഫറൻസ് സംഘടിപ്പിച്ച് പുരോഗതി അവലോകനം ചെയ്തുവരുന്നു.

(ബി) സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിൽ 24-10-2016 വരെ 174196 ശൗചാലയങ്ങൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഇതിനായി സ്വച്ഛ് ഭാരത്

മിഷൻ വിഹിതം 20,903.52 ലക്ഷം രൂപയാണ് ചെലവഴിക്കേണ്ടത്. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ട് ലഭ്യമാകുന്നതിന് കാലതാമസം വന്നതിനാൽ ഗ്രാമപഞ്ചായത്ത് പ്ലാൻ ഫണ്ടിൽനിന്നും ജലനിധി ഫണ്ടിൽനിന്നും മുൻകൂറായി വഹിച്ചുവരുന്നുണ്ട്. സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയിൽ പണി തുടങ്ങിയ 7291 ടോയ്ലറ്റിൽ 1687 ടോയ്ലറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി സ്വച്ഛ് ഭാരത് മിഷൻ (അർബൻ) ഫണ്ടിൽ നിന്നും 381.60 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

### എൻ.ആർ.എൽ.എം. ഫണ്ട്

117(5106) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ National Rural Livelihoods Mission (എൻ.ആർ.എൽ.എം.) അനുസരിച്ച് ഏതെല്ലാം പദ്ധതികൾക്കാണ്/ഘടകങ്ങൾക്കാണ് ഫണ്ട് വിനിയോഗിക്കുന്നതെന്നറിയിക്കാമോ;

(ബി) 1-4-2011 മുതൽ 31-3-2016 വരെ എൻ.ആർ.എൽ.എം. അനുസരിച്ച് സംസ്ഥാനത്തിന് എത്ര തുകയാണ് കേന്ദ്രസഹായമായി ലഭിച്ചതെന്ന് അറിയിക്കുമോ;

(സി) മേൽക്കാലയളവിൽ എൻ.ആർ.എൽ.എം. പദ്ധതികൾക്ക് സംസ്ഥാന വിഹിതമായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

(ഡി) മേൽപ്രകാരം അനുവദിച്ച കേന്ദ്രസഹായവും സംസ്ഥാന വിഹിതവും ചേർന്നുള്ള തുകയിൽ എത്ര തുകയാണ് സംസ്ഥാനം വിനിയോഗിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഇ) മേൽപ്രകാരം വിനിയോഗിച്ച തുകയിൽ ഓരോ ഘടകത്തിനും എത്ര തുക വീതമാണ് വിനിയോഗിച്ചതെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.ആർ.എൽ.എം. (National Rural Livelihood Mission) അനുസരിച്ച് ഹ്യൂമൺ റിസോഴ്സ് ഡെവലപ്മെന്റ്, അഡ്മിനിസ്ട്രേഷൻ & ഓഫീസ് എക്സ്പെൻസ്, കപ്പാസിറ്റി ബിൽഡിംഗ് സപ്പോർട്ട്, ഇൻസ്റ്റിറ്റ്യൂഷണൽ

ബിൽഡിംഗ്& കപ്പാസിറ്റി ബിൽഡിംഗ്, കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട്, ഇൻഫ്രാസ്ട്രക്ച്ചർ & മാർക്കറ്റിംഗ് എന്നീ ഘടകങ്ങൾക്കാണ് ഫണ്ട് വിനിയോഗിക്കുന്നത്.

(ബി) 2012-13 സാമ്പത്തിക വർഷം മുതലാണ് എൻ.ആർ.എൽ.എം. പദ്ധതികൾക്കായി കുടുംബശ്രീക്ക് ഫണ്ട് ലഭിച്ചുതുടങ്ങിയത്. 2012-13 സാമ്പത്തിക വർഷം 1969 ലക്ഷം രൂപയും 2013-14 സാമ്പത്തിക വർഷം 2620.9 ലക്ഷം രൂപയും 2014-15 സാമ്പത്തിക വർഷം 1413.5 ലക്ഷം രൂപയും 2015-16 സാമ്പത്തിക വർഷം 621.44 ലക്ഷം രൂപയുമാണ് കേന്ദ്ര സഹായമായി ലഭിച്ചത്.

(സി) 2012-13 -ൽ സംസ്ഥാന വിഹിതം ലഭിച്ചിട്ടില്ല. 2013-14 സാമ്പത്തിക വർഷം 656 ലക്ഷം രൂപയും 2014-15 സാമ്പത്തിക വർഷം 471 ലക്ഷം രൂപയും 2015-16 സാമ്പത്തിക വർഷം 541.6466 ലക്ഷം രൂപയുമാണ് എൻ.ആർ.എൽ.എം. പദ്ധതികൾക്കായി സംസ്ഥാന വിഹിതമായി അനുവദിച്ചിട്ടുള്ളത്.

(ഡി) 2012-13 സാമ്പത്തിക വർഷം 1868.96 ലക്ഷം രൂപയും 2013-14 സാമ്പത്തിക വർഷം 3036.13 ലക്ഷം രൂപയും 2014-15 സാമ്പത്തിക വർഷം 2257.7 ലക്ഷം രൂപയും 2015-16 സാമ്പത്തിക വർഷം 1388.81 ലക്ഷം രൂപയുമാണ് കേന്ദ്ര-സംസ്ഥാന വിഹിതത്തിൽനിന്നും വിനിയോഗിച്ചിട്ടുള്ളത്.

(ഇ) വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## പി.എം.ജി.എസ്.വൈ. പ്രകാരമുള്ള പദ്ധതികൾ

118(5107) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ - II nd പദ്ധതിയുടെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ;

(ബി) പി.എം.ജി.എസ്.വൈ - II nd-ൽ എത്ര പദ്ധതികൾക്കാണ് ഈ വർഷം അനുമതി ലഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതിൽ കാസർഗോഡ് ജില്ലയിൽ കാറഡുക്ക, കാഞ്ഞങ്ങാട് ബ്ലോക്കുകളിലെ എത്ര പദ്ധതികളാണുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 324 കിലോമീറ്റർ ദൈർഘ്യവും 276.97 കോടി രൂപ അടങ്കൽ തുകയും വരുന്ന 85 റോഡുകൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) പി.എം.ജി.എസ്.വൈ. II-ൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് കേന്ദ്ര സർക്കാരിൽനിന്നും അന്തിമ അനുമതി ലഭിച്ചിട്ടില്ല.

(സി) കാറഡുക്ക, കാഞ്ഞങ്ങാട് എന്നീ ബ്ലോക്കുകളിലെ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടില്ല.

**മീയ്യണ്ണൂർ-നാൽക്കവല-കോളമത്ത് റോഡ് നവീകരണം**

119(5108) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം മീയ്യണ്ണൂർ-നാൽക്കവല-കോളമത്ത് റോഡ് നവീകരണം പൂർത്തിയാക്കുന്നതിനായി ടെണ്ടർ എക്സസ് നൽകി പണി ആരംഭിക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നവീകരണം പൂർത്തിയാക്കുന്നതിന് ഇനിയും തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് എന്താണെന്നും റോഡ് പണി ആരംഭിക്കുവാൻ നടപടി ഉണ്ടാകുമോയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) 4-8-2016 -ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ 2010-ലെ SOR പ്രകാരം 114.95% അധിക നിരക്കിൽ പണി പൂർത്തിയാക്കുന്നതിന് അംഗീകാരം നൽകുകയും ആയതിനുള്ള ഉത്തരവ് നൽകുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലുമാണ്.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

120(5109) <u>ശ്രീ. സി. കെ. നാണു</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാനത്തെ കഴിഞ്ഞ അഞ്ച് വർഷത്തെ പ്രവർത്തനങ്ങൾ, ലഭിച്ചതുക, വിനിയോഗിച്ച തുക എന്നിവ സഹിതം ജില്ലാടിസ്ഥാനത്തിൽ വിശദീകരിക്കാമോ; ഈ വർഷം ലഭിച്ച തുകയും വിനിയോഗിച്ച തുകയും (സംസ്ഥാനവിഹിതം ഉൾപ്പെടെ) ഇനി നടപ്പിലാക്കാൻ പോകുന്ന പദ്ധതികളും ജില്ലാ അടിസ്ഥാനത്തിൽ നൽകുമോ?

<u>ഉത്തരം</u>

കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാനത്തെ കഴിഞ്ഞ അഞ്ച് വർഷക്കാലം ആകെ ലഭിച്ച തുകയും വിനിയോഗിച്ച തുകയും ജില്ല തിരിച്ച് അനുബന്ധം 1 ആയി ചേർക്കുന്നു.* 2016-17 സാമ്പത്തിക വർഷത്തിൽ കേന്ദ്ര ഫണ്ടിനത്തിൽ 123350.31674 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 1809.14 ലക്ഷം രൂപയും ചേർത്ത് ആകെ 145867.32 ലക്ഷം രൂപ ലഭിച്ചതിൽ നിന്നും 131954.62 ലക്ഷം രൂപ ഇതുവരെ വിനിയോഗിച്ചിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിൽ ഏറ്റെടുത്ത പ്രവൃത്തികൾ ചെലവഴിച്ച തുക, സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം - 2 ആയി ചേർക്കുന്നു.* വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികൾ തൊഴിൽ ആവശ്യകത അനുസരിച്ച് മുൻഗണനാ ക്രമത്തിൽ ഗ്രാമപഞ്ചായത്തുകളിൽ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

## നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയിൽ വീടുകൾ പണിയുന്നതിന് അനുമതി

121(5110) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി പുരയിടമായി കിടക്കുന്നതും വർഷങ്ങൾ പഴക്കമുള്ള വൃക്ഷങ്ങൾ നിൽക്കുന്നതുമായ ഭൂമി നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ നിലവിലുള്ള വീടുകൾ പുതുക്കി പണിയുന്നതിനും പുതിയ വീടുകൾ പണിയുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുമതി നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽ വിഷയം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്.

(ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിനുമുമ്പ് നികത്തപ്പെട്ട നെൽവയലുകളിൽ വീട് വയ്ക്കുന്നതിന് അനുമതി നൽകുന്നതിന് സഹായകരമായ രീതിയിൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനായി സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമപ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 10 സെന്റ് വസ്തുവും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ 5 സെന്റ് വസ്തുവും ബി.റ്റി.ആർ.-ൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലത്ത് നെൽവയൽ രൂപാന്തരപ്പെടുത്തി ഗാർഹിക കെട്ടിടങ്ങൾ പണിയുവാൻ അനുമതി നൽകുന്നുണ്ട്. ഇതിന് അപേക്ഷകൻ ഫാറം നമ്പർ 1-ൽ പ്രാദേശികതല നിരീക്ഷണ സമിതി മുമ്പാകെ അപേക്ഷ നൽകുകയും അവിടെനിന്ന് ജില്ലാതല നിരീക്ഷണ സമിതിയിൽ അനുമതിക്ക് നൽകുകയും ചെയ്യണം. ജില്ലാതല നിരീക്ഷണ സമിതിയാണ് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നത്. അനുമതി ലഭിക്കുന്നതിന് ആവശ്യക്കാരന്റെ ഉടമസ്ഥതയിൽ വേറെ വസ്തുക്കളൊന്നും ഉണ്ടായിരിക്കാൻ പാടില്ല.

**എം.എൽ.എ. ഹോസ്റ്റലിന് സമീപമുള്ള ബാസ്കറ്റ്ബോൾ കോർട്ട് പണി**

122(5111) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ഹോസ്റ്റലിന് സമീപമുള്ള ഫ്ളൈ ഓവറിനോട് ചേർത്ത് മേൽക്കൂര പണി നടക്കുന്ന ബാസ്കറ്റ് ബോൾ കോർട്ട് പണിയുന്നതിന് മുനിസിപ്പൽ ആക്ട് പ്രകാരം നൽകിയ അനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) അനുമതിയില്ലാതെയാണ് പ്രസ്തുത കോർട്ടിന്റെ മേൽക്കൂര പണിയുന്നതെങ്കിൽ പ്രസ്തുത നിർമ്മിതി പൊളിച്ചുമാറ്റാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്ഥലത്തോടനുബന്ധിച്ച് ഒരു സ്വിമ്മിംഗ് പൂൾ പണിയുന്നതിന് കോർപ്പറേഷൻ അനുമതി നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) അനുമതി നല്കിയിട്ടില്ലെങ്കിൽ ഇത്തരം അനധികൃത നിർമ്മാണം

സർക്കാർ സ്ഥലത്ത് നടത്തിയതിന്റെ പേരിൽ എന്തു തുക ചെലവായി എന്നും അതിനുത്തരവാദികളായവർ ആരൊക്കെ എന്നുമുള്ളതിന്റെ വിശദ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) അനുമതിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സ്വിമ്മിംഗ്പൂൾ പണിയുന്നതിന് കോർപ്പറേഷൻ അനുമതി നൽകിയിട്ടില്ല.

(ഡി) തദ്ദേശസ്വയംഭരണ വകുപ്പിൽ ലഭ്യമല്ല.

**അനധികൃത കെട്ടിട നിർമ്മാണം**

123(5112) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത കെട്ടിടനിർമ്മാണം സംബന്ധിച്ച് 14-ാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1163-ന് നൽകിയ മറുപടി പ്രകാരം തിരുവനന്തപുരം ആറ്റിപ്ര സോണൽ ഓഫീസിൽനിന്നും ആറ്റിപ്ര വില്ലേജ് Sy.No.362/10-ൽ ഉൾപ്പെട്ട 3 ആർ സ്ഥലത്ത് 7-12-2012-ലെ പെർമിറ്റ് നമ്പർ ZA3/13A/282-A/12, പ്രകാരം നിർമ്മിച്ച കെട്ടിടത്തിന്റെ ആധാര നമ്പർ, വർഷം, സബ് രജിസ്ട്രാർ ഓഫീസ് എന്നിവ വ്യക്തമാക്കുമോ;

(ബി) അനധികൃതമായി നിർമ്മാണം നടത്തിയതിനാൽ ടി.സി.നമ്പർ നൽകാതിരുന്ന പ്രസ്തുത കെട്ടിടത്തിന് അതിനോട് ചേർന്നു കിടക്കുന്ന 1.02 ആർ സ്ഥലം കൂടി വാങ്ങി ചേർത്ത്, നിർമ്മാണം കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസിന് വിധേയമാക്കിയതിനാൽ ആണ് നിർമ്മാണം ക്രമവൽക്കരിച്ച്, തിരുവനന്തപുരം നഗരസഭ ടി.സി. നമ്പർ നൽകിയതെന്ന് പറയപ്പെടുന്നതു പ്രകാരം പുതിയതായി വാങ്ങി ചേർത്ത വസ്തുവിന്റെ ആധാര നമ്പരും വർഷവും ആധാരം രജിസ്റ്റർ ചെയ്ത സബ് രജിസ്ട്രാർ ഓഫീസും വിശദമാക്കുമോ;

(സി) അനധികൃത കെട്ടിട നിർമ്മാണം നടത്തിയശേഷം ക്രമവൽക്കരിച്ച

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രസ്തുത കെട്ടിടത്തിന് എന്നാണ് ടി.സി. നമ്പർ നൽകിയത്; ടി.സി. നമ്പർ എത്രയാണ്; വിശദമാക്കുമോ; പ്രസ്തുത ബിൽഡിംഗിന്റെയും വസ്തുക്കളുടേയും പ്ലാൻ ലഭ്യമാക്കുമോ;

(ഡി) ചീഫ് ടൗൺപ്ലാനറുടെ (വിജിലൻസ്) റിപ്പോർട്ടു പ്രകാരം കെട്ടിട നിർമ്മാണം നടത്തിയത് ക്രമക്കേടുകൾ നടത്തിയാണ് എന്നിരിക്കെ ഇതിന് ടി.സി. നമ്പർ അനുവദിച്ചപ്പോൾ ചീഫ് ടൗൺ പ്ലാനറുടെ (വിജിലൻസ്) അനുവാദം വാങ്ങിയിരുന്നോ; വിശദമാക്കുമോ; കോപ്പി ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത കെട്ടിട ഉടമസ്ഥന്റെ സ്വാധീനത്താലാണ് ഈ അനധികൃത കെട്ടിട നിർമ്മാണം നടത്തിയതെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ആറ്റിപ്ര വില്ലേജിലുള്ള സർവ്വേ നമ്പർ 362/10-ലെ 3.00 ആർ വസ്തുവിലാണ് ZAE/BA/282-A/12 നമ്പർ പ്രകാരം പെർമിറ്റ് നൽകിയിരുന്നത്. ടി വസ്തുവിന്റെ ആധാര നമ്പർ 1455 -ഉം തീയതി 20-4-1978 ഉം ആണ്. കഴക്കൂട്ടം സബ് രജിസ്റ്റാർ ഓഫീസിലാണ് ആധാരം രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ബി) ക്രമവൽക്കരണത്തിനായി പുതിയതായി കൂടുതലായി കൂട്ടിച്ചേർത്ത വസ്തു ആറ്റിപ്ര വില്ലേജിൽ റീസർവ്വേ നമ്പർ 362/9-2 -ൽ 1.02 ആർ ആണ്. കഴക്കൂട്ടം സബ് രജിസ്ട്രാർ ഓഫീസിൽ 2-12-2015 ന് 3819-ാം നമ്പരായി രജിസ്റ്റർ ചെയ്ത ആധാര പ്രകാരമുള്ളതാണ് ടി സ്ഥലം.

(സി) ZAE-3216/13 dated 15-2-2016 നമ്പർ പ്രകാരം ഒക്കുപ്പൻസി നൽകിയിട്ടുള്ളതാണ്. തുടർന്ന് 99/3287(1), 99/3287(2), 99/3287(3) പ്രകാരം 20-2-2016-ൽ കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളതാണ്. പ്ലാനിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(ഡി) കെട്ടിട നമ്പർ നൽകുന്നതിനായി ക്രമവൽക്കരിച്ച് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ചപ്പോൾ ചീഫ് ടൗൺ പ്ലാനർ വിജിലൻസിന്റെ അനുവാദം വാങ്ങിയിരുന്നില്ല. സർവ്വേ നമ്പർ 362/9-2 നമ്പരായുള്ള 1.02 ആർ വസ്തു കൂട്ടിച്ചേർത്തും ചീഫ് ടൗൺ പ്ലാനർ വിജിലൻസ് ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിച്ചും ലഭിച്ച ക്രമവൽക്കരണ അപേക്ഷ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റൂൾ 1999 റൂൾ 143 -ന് വിധേയമാകയാൽ ഒക്കുപ്പൻസി അനുവദിച്ച് കെട്ടിട നമ്പർ നൽകിയിട്ടുള്ളതാണ്.

(ഇ) കെട്ടിട ഉടമയുടെ സ്വാധീനത്താൽ അനധികൃത നിർമ്മാണം നടത്തിയതായി മനസ്സിലാക്കിയിട്ടില്ല. എന്നാൽ പെർമിറ്റ് നൽകിയതിൽ അപാകത കണ്ടെത്തിയതിനെത്തുടർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നു.

**എം.എസ്.ഡി.പി. പദ്ധതി**

124(5113) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എസ്.ഡി.പി. പദ്ധതി പ്രകാരം കൊയിലാണ്ടി മണ്ഡലത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) കൊയിലാണ്ടി മണ്ഡലത്തിലെ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് ഐ.ഡി.എം.ഐ. ഗ്രാന്റ് ലഭിച്ചിട്ടുള്ളത് എന്നുള്ള വിവരം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) കൊയിലാണ്ടി മണ്ഡലത്തിൽ എം.എസ്.ഡി.പി. പദ്ധതി നിലവിലില്ല.

(ബി) കൊയിലാണ്ടി മണ്ഡലത്തിലെ ഇലാഹിയ എച്ച്.എസ്സ്.എസ്സ്. കാപ്പാടിന് 2012 വർഷം ഐ.ഡി.എം.ഐ. ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്.

**ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

125(5114) <u>ശ്രീ. രാജു എബ്രഹാം:</u>
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:</u>
<u>ശ്രീ. കെ. ആൻസലൻ:</u>
<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന നൂതന പദ്ധതികൾ

ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതികൾ പ്രകാരം വീടുകൾ ലഭിയ്ക്കുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; ഇതിനായി അപേക്ഷ നൽകേണ്ടത് എവിടെയാണെന്നും, അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(ഡി) ഏതൊക്കെ ന്യൂനപക്ഷ വിഭാഗങ്ങൾക്കാണ് ഇതിൻപ്രകാരം വീട് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇതിനായി അപേക്ഷ നൽകേണ്ട അവസാന തീയതി എന്നാണെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതി പ്രകാരം ഒരു വീടിന് എത്ര രൂപയാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി)

1. സി.എച്ച്.മുഹമ്മദ്കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് പദ്ധതി.
2. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്കുവേണ്ടിയുള്ള സി.എ./ ഐ.സി.ഡബ്ല്യൂ.എ/സി.എസ്.സ്കോളർഷിപ്പ്.
3. നിർധനരായ ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾ / വിവാഹ ബന്ധം വേർപെടുത്തിയവർ എന്നിവർക്കുള്ള ഭവന നിർമ്മാണ പദ്ധതി.
4. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്കുവേണ്ടിയുള്ള കരിയർ ഗൈഡൻസ് പ്രോഗ്രാം.
5. ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന, അംഗീകാരമുള്ള പ്രൈവറ്റ് ഐ.റ്റി.ഐ.കളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ഫീ-റീ-ഇമ്പേഴ്സ്മെന്റ് സ്കീം.
6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി.
7. കേന്ദ്ര സർക്കാരിന്റെ ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി.)-യിൽ വിദ്യാഭ്യാസ ആരോഗ്യ കുടിവെള്ള പദ്ധതി.

ടി പദ്ധതികൾക്ക് പുറമെ 2016-17 സാമ്പത്തിക വർഷത്തിൽ വകുപ്പ് ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അവാർഡ് എന്ന പദ്ധതികൂടി നടപ്പിലാക്കുന്നുണ്ട്.

(സി) ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിധവ/വിവാഹബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട എന്നീ സ്ത്രീകൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയാണ് വകുപ്പ് നടപ്പിലാക്കി വരുന്നത്. ഇതിനായി താഴെപ്പറയുന്ന മാനദണ്ഡങ്ങളാണ് പാലിച്ചുവരുന്നത്.

- അപേക്ഷ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിധവ/ വിവാഹബന്ധം വേർപെടുത്തിയ/ഭർത്താവ് ഉപേക്ഷിച്ച വിഭാഗങ്ങളിൽപ്പെട്ടവരായിരിക്കണം.
- സ്വന്തം പേരിൽ കരം ഒടുക്കുന്ന ഏറ്റവും കുറഞ്ഞത് രണ്ട് സെന്റ് ഭൂമിയെങ്കിലും ഉണ്ടായിരിക്കണം.
- അപേക്ഷക സർക്കാരിന്റെയോ സർക്കാർ ഏജൻസികളുടെയോ ഭവന ധനസഹായ പദ്ധതികളൊന്നും മുൻപ് നേടിയിട്ടുണ്ടാവരുത്.
- അപേക്ഷക കുടുംബത്തിന്റെ ഏക വരുമാനദായകയായിരിക്കണം.
- സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ സ്ഥിരവരുമാനമുള്ള ജോലിയുള്ള ആൺമക്കളുള്ള/മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ടവർക്ക് അർഹതയുണ്ടായിരിക്കില്ല.
- അപേക്ഷക ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ആളായിരിക്കണം.
- താഴെപ്പറയുന്ന വിഭാഗങ്ങളിൽപ്പെട്ടവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
- അപേക്ഷകയോ, അപേക്ഷകയുടെ മക്കളോ മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവരാണെങ്കിൽ
- അപേക്ഷകയ്ക്ക് മൈനറായ മക്കളുണ്ടെങ്കിൽ
- അപേക്ഷകയ്ക്ക് പെൺകുട്ടികൾ മാത്രമാണെങ്കിൽ
- അപേക്ഷക 40-55 പ്രായത്തിനിടയിലുള്ളവരെങ്കിൽ
- അപേക്ഷക ക്യാൻസർ, കിഡ്നി പ്രശ്നം, ലിവർ സിറോസിസ്, തളർവാതം തുടങ്ങിയ അസുഖങ്ങളുമുള്ളവരാണെങ്കിൽ
- അപേക്ഷകയുടെ മക്കൾക്ക് ടി പ്രകാരമുള്ള അസുഖങ്ങളുള്ളവരാണെങ്കിൽ.

പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകൾ സഹിതം അതാത് ജില്ലാ കളക്ടറേറ്റിലെ ന്യൂനപക്ഷ ക്ഷേമ സെക്ഷനിൽ നേരിട്ടോ, ഡെപ്യൂട്ടി കളക്ടർ (ജനറൽ), ജില്ലാ ന്യൂനപക്ഷ ക്ഷേമ സെക്ഷൻ, ജില്ലാ കളക്ടറേറ്റ് എന്ന വിലാസത്തിൽ അതാത് ജില്ലാ കളക്ടറേറ്റിലേയ്ക്ക് തപാൽ മുഖാന്തിരവും അപേക്ഷിക്കാം.

<u>അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ താഴെപ്പറയുന്നവയാണ്:</u>

1. റേഷൻ കാർഡിന്റെ പകർപ്പ്
2. 2016-17 സാമ്പത്തിക വർഷത്തിൽ സ്വന്തം പേരിലുള്ള വസ്തുവിന്റെ കരം ഒടുക്കിയ രസീതിന്റെ പകർപ്പ്
3. തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നും ലഭിച്ച സ്ഥിര താമസ സർട്ടിഫിക്കറ്റ്
4. വിധവയാണെങ്കിൽ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ്
5. വിവാഹ മോചിതയാണെങ്കിൽ ആയത് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ്
6. ഉപേക്ഷിക്കപ്പെട്ടവരാണെങ്കിൽ ആയത് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ്
7. അപേക്ഷകയ്ക്കോ/ അവരുടെ മക്കൾക്കോ മാനസിക-ശാരീരിക വെല്ലുവിളികൾ/മറ്റ് അസുഖങ്ങൾ ഉണ്ടെങ്കിൽ ആയത് തെളിയിക്കുന്ന രേഖകളുടെ പകർപ്പ്
8. മറ്റ് വകുപ്പുകളിൽനിന്നോ സമാന ഏജൻസികളിൽനിന്നോ അപേക്ഷകയ്ക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
9. റേഷൻകാർഡിലെ പേരും അപേക്ഷയിലെ പേരും തമ്മിൽ വ്യത്യാസമുണ്ടെങ്കിൽ രണ്ടും ഒന്നാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.

(ഡി) മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈനർ എന്നീ ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്നവർക്കാണ് ഭവന നിർമ്മാണ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്.

(ഇ) 2016 ഒക്ടോബർ 31 വരെയാണ് ഭവന നിർമ്മാണ പദ്ധതിക്കായി അപേക്ഷ സമർപ്പിക്കേണ്ടത്. പ്രസ്തുത പദ്ധതിക്ക് 2.5 ലക്ഷം രൂപയാണ് ധനസഹായമായി നൽകുന്നത്.

## ന്യൂനപക്ഷ കേന്ദ്രീകൃത വാസ പ്രദേശങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ

126(5115) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമം ലക്ഷ്യമാക്കി ന്യൂനപക്ഷ കേന്ദ്രീകൃത വാസ പ്രദേശങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാനസൗകര്യ വികസനത്തിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

സംസ്ഥാനത്ത് ന്യൂനപക്ഷ കേന്ദ്രീകൃത വാസപ്രദേശങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് വയനാട് ജില്ലയിലെ നാല് ബ്ലോക്കുകളായ സുൽത്താൻ ബത്തേരി, മാനന്തവാടി, പനമരം, കൽപ്പറ്റ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ വിദ്യാഭ്യാസ-ആരോഗ്യ-കുടിവെള്ള മേഖലകളിലായി കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.എസ്.ഡി.പി പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ, വിധവകൾ, വിവാഹബന്ധം വേർപെടുത്തപ്പെട്ടവർ, ഉപേക്ഷിക്കപ്പെട്ടവർ എന്നിവർക്കുള്ള ഭവന പദ്ധതി, ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിലെ കുടിവെള്ള വിതരണ പദ്ധതി എന്നിവ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു.

## ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിൽ വിദ്യാഭ്യാസ മേഖലയിൽ പുതിയ പദ്ധതികൾ

127(5116) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ വിദ്യാഭ്യാസമേഖലയിൽ പുതിയ പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) നടപ്പുസാമ്പത്തിക വർഷം പ്രസ്തുത വകുപ്പിനു കീഴിൽ വിദ്യാഭ്യാസ മേഖലയിൽ പുതിയതായി നടപ്പിലാക്കിയ കാര്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) (1) ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിലുള്ള 16 കോച്ചിംഗ് സെന്ററുകളിൽ വരുംവർഷം NET/SET/JRF എന്നിവയ്ക്ക് കോച്ചിംഗ് നൽകുവാൻ ഉദ്ദേശിക്കുന്നു.

(2) കണ്ണൂർ, വയനാട്, കോട്ടയം ജില്ലകളിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്കായി സിവിൽ സർവീസ് കോച്ചിംഗ് സെന്ററുകളും മലപ്പുറം കേന്ദ്രമാക്കി മൈനോറിറ്റി റിസർച്ച് ഗൈഡൻസ് ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് ന്യൂനപക്ഷ മതവിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. SSLC, +2, വി.എച്ച്.എസ്.ഇ. തുടങ്ങിയ പൊതു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A*ഗ്രേഡ് (90% ന് മുകളിൽ) മാർക്ക് നേടുന്ന വിദ്യാർത്ഥികൾക്ക് 10,000 രൂപയും ബിരുദത്തിന് 80%-ഉം ബിരുദാനന്തര ബിരുദത്തിന് 75% മാർക്കും നേടുന്ന കുട്ടികൾക്ക് 15,000 രൂപയുമാണ് നൽകുന്നത്.

**ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

128(5117) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ ഈ സാമ്പത്തിക വർഷത്തിൽ എന്തൊക്കെ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ വകുപ്പിന്റെ കീഴിൽ പ്രമോട്ടർമാരെ നിശ്ചയിച്ചിട്ടുണ്ടോ; നിലവിലുള്ളവരെ എന്നാണ് നിയമിച്ചിട്ടുള്ളതെന്നും ഇവരുടെ കാലാവധി എത്ര വരെയാണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് ഈ സാമ്പത്തിക വർഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു:

1. സി.എച്ച്.മുഹമ്മദ്കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് പദ്ധതി.

2. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്കുവേണ്ടിയുള്ള സി.എ./ ഐ.സി.ഡബ്ല്യു.എ./സി.എസ്.സ്കോളർഷിപ്പ്

3. നിർധനരായ ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾ / വിവാഹ ബന്ധം വേർപെടുത്തിയവർ എന്നിവർക്കുള്ള ഭവന നിർമ്മാണ പദ്ധതി.

4. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്കുവേണ്ടിയുള്ള കരിയർ ഗൈഡൻസ് പ്രോഗ്രാം.

5. ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന, അംഗീകാരമുള്ള പ്രൈവറ്റ് ഐ.റ്റി.ഐ.കളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ഫീ-റീഇമ്പേഴ്സ്മെന്റ് സ്കീം.

6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി

7. കേന്ദ്ര സർക്കാരിന്റെ ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി.)യിൽപ്പെടുത്തി വിദ്യാഭ്യാസ ആരോഗ്യ കുടിവെള്ള പദ്ധതി.

8. സമർഥരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അവാർഡ്.

9. എസ്.എസ്.എൽ.സി, +2 പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ*ലഭിച്ച മദ്രാസ്സദ്ധ്യാപക ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കുള്ള ക്യാഷ് അവാർഡ്.

10. ഉറുദു ഒന്നാം ഭാഷയായി തെരഞ്ഞെടുത്ത് എസ്.എസ്.എൽ.സി-ക്ക് എല്ലാ വിഷയങ്ങൾക്കും എ*നേടിയ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്.

11. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗത്വമുള്ള അദ്ധ്യാപകർക്ക്/ അവരുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി.

(ബി) നിലവിൽ വകുപ്പിന് കീഴിൽ ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയമിച്ചിട്ടില്ല.

## വഖഫ് ബോർഡ്

129(5118) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത എത്ര പള്ളികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്യാത്ത എത്ര പള്ളികളുണ്ടെന്നും എല്ലാ പള്ളികളും വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്യണമെന്നുണ്ടോയെന്നും വിശദമാക്കാമോ;

(സി) വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തും ചെയ്യാതെയും പ്രവർത്തിക്കുന്ന പള്ളികൾ തമ്മിൽ നിയമപരമായി എന്ത് വ്യത്യാസമാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) വഖഫ് ബോർഡിൽനിന്നും പള്ളികൾക്കും മദ്രസ്സകൾക്കും ജീവനക്കാർക്കും ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) കേരള സ്റ്റേറ്റ് വഖഫ് ബോർഡിൽ ആകെ 9104 വഖഫ് സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) വഖഫ് നിയമപ്രകാരമുള്ള സർവ്വേ പൂർത്തിയായാൽ മാത്രമേ യഥാർത്ഥ സ്ഥിതിവിവര കണക്കുകൾ ലഭിക്കുകയുള്ളൂ. വഖഫ് നിയമം വകുപ്പ് 36 പ്രകാരം എല്ലാ വഖഫുകളും ബോർഡ് മുമ്പാകെ രജിസ്റ്റർ ചെയ്യേണ്ടതാണ്.

(സി) എല്ലാ വഖഫുകളും ബോർഡിൽ രജിസ്റ്റർ ചെയ്യേണ്ടതും രജിസ്റ്റർ ചെയ്യാത്ത വഖഫുകളുടെ മുതവല്ലിമാരെ വഖഫ് നിയമം 61 പ്രകാരം പ്രോസിക്യൂട്ട് ചെയ്യാവുന്നതുമാണ്. ബോർഡിന്റെ നിർദ്ദേശം പാലിക്കാതെ രജിസ്റ്റർ ചെയ്യാതിരുന്നാൽ 6 മാസം തടവും 10,000 രൂപ പിഴയും ചുമത്താവുന്ന കുറ്റവുമാണ്. വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വഖഫുകൾക്ക്, വഖഫ് നിയമപ്രകാരമുള്ള പരിരക്ഷ ലഭിക്കുകയും വഖഫ് ബോർഡിൽനിന്നും സർക്കാരിൽനിന്നുമുള്ള ആനുകൂല്യങ്ങൾ ലഭിക്കുകയും ചെയ്യുന്നു.

(ഡി) വഖഫ് ബോർഡിൽനിന്നും മദ്രസ്സയ്ക്കും പള്ളികൾക്കും പ്രത്യേകം ആനുകൂല്യം ഇല്ല. എന്നാൽ പള്ളി, മദ്രസ ജീവനക്കാർക്കുള്ള പ്രതിമാസ ധനസഹായം വഖഫ് ബോർഡ് സാമൂഹ്യക്ഷേമ (കേരള) പദ്ധതി മുഖേന നൽകുന്നുണ്ട്. ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വഖഫ് സ്ഥാപനങ്ങളിൽ ജോലി ചെയ്തിട്ടുള്ളവർക്കും 10 വർഷക്കാല സേവനം അനുഷ്ഠിച്ചിട്ടുള്ളവരും 60 വയസ്സിന് മുകളിൽ പ്രായമുള്ളവരും 50,000 രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളവരും ആയിട്ടുള്ള അപേക്ഷകർക്കാണ് ടി ആനുകൂല്യം ലഭിക്കുന്നത്.

**ഹജ്ജ് തീർത്ഥാടകർക്കുള്ള സൗകര്യം സംസ്ഥാനത്തെ തെക്കൻ ജില്ലകളിലും ലഭ്യമാക്കാൻ നടപടി**

130(5119) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തെക്കൻ ജില്ലകളിലുള്ള ഇസ്ലാം മതവിശ്വാസികൾക്ക് ഹജ്ജ് തീർത്ഥാടനത്തിന് ശരിയായ രീതിയിലുള്ള സൗകര്യം ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഹജ്ജിന് പോകാനാഗ്രഹിക്കുന്നവർക്ക് നിയമപരമായും സാമ്പത്തികവുമായും ലഭ്യമാകുന്ന സർക്കാർ സഹായങ്ങളെക്കുറിച്ച് ഇസ്ലാം മതവിശ്വാസികളെ ബോധ്യപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) തെക്കൻ ജില്ലകളിലുള്ളവർക്ക് ഹജ്ജ് തീർത്ഥാടനത്തിന് കൂടുതൽ സൗകര്യമൊരുക്കാൻ ഹജ്ജ് തീർത്ഥാടന കാലത്ത് കോഴിക്കോട് ഹജ്ജ് ഹൗസിന്റെ ഒരു സബ് സെന്റർ താൽക്കാലികമായെങ്കിലും തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കേരളത്തിൽ എല്ലായിടത്തും ഒരേപോലെയുള്ള സേവനങ്ങളാണ് സംസ്ഥാന ഹജ്ജ് കമ്മിറ്റി നൽകിവരുന്നത്. തെക്കൻ ജില്ലകളിൽ നിന്നുള്ളവർക്ക് എന്തെങ്കിലും പ്രത്യേക അസൗകര്യങ്ങൾ അനുഭവപ്പെട്ടതായി ഇതുവരെ യാതൊരു പരാതിയും ലഭിച്ചിട്ടില്ല.

(സി) അപേക്ഷയുടെ കൂടെ നിയമപരവും സാമ്പത്തികവുമായ വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന ലഘുലേഖ ഓരോ അപേക്ഷകനും നൽകുന്നുണ്ട്. കൂടാതെ കേരളത്തിലുടനീളം അപേക്ഷകരുടെ എണ്ണമനുസരിച്ച് ഹജ്ജ് ട്രെയിനർമാരെ നിയമിച്ചിട്ടുണ്ട്. ഹാജിമാർക്കാവശ്യമായ എല്ലാ നിർദ്ദേശങ്ങളും യഥാസമയം ട്രെയിനർമാർ മുഖേന അറിയിച്ചു കൊടുക്കുന്നുമുണ്ട്. ഇതിനുപുറമെ ഹജ്ജ് കമ്മിറ്റി നേരിട്ട് ജില്ലാ അടിസ്ഥാനത്തിൽ വിവിധ ഘട്ടങ്ങളിലായി മൂന്ന് ക്ലാസ്സുകൾ വീതം നടത്തുന്നുണ്ട്.

(ഡി) 2014 വരെ കേരളത്തിൽ ഹജ്ജ് എമ്പാർക്കേഷൻ പോയിന്റ് കോഴിക്കോടായിരുന്നു. ചില സാങ്കേതിക കാരണങ്ങളാൽ 2015, 2016 വർഷങ്ങളിൽ ഹജ്ജ് എമ്പാർക്കേഷൻ പോയിന്റ് എറണാകുളത്തേയ്ക്ക് മാറ്റിയിരുന്നു. അടുത്തവർഷം ഹജ്ജ് എമ്പാർക്കേഷൻ പോയിന്റ് കോഴിക്കോട്ടേയ്ക്ക് മാറ്റുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ആയതിനാൽ നിലവിൽ മറ്റൊരു എമ്പാർക്കേഷൻ പോയിന്റും സബ് സെന്ററും പരിഗണനയിലില്ല.

## വഖഫിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സുരക്ഷ

131(5120) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫിന്റെ ഉടമസ്ഥതയിൽ മട്ടാഞ്ചേരിയിലുള്ള കെട്ടിടങ്ങളുടെ സുരക്ഷയ്ക്കായി എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വഖഫ് റിസീവർമാർക്ക് (മുതവല്ലി) ഇക്കാര്യത്തിൽ എന്തെല്ലാം അധികാരങ്ങൾ ഉണ്ട്;

(സി) നിലവിലുള്ള കെട്ടിടങ്ങൾ പലതും നാശോന്മുഖമായി കൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

### ഉത്തരം

(എ&ബി) വഖഫ് സ്ഥാപനങ്ങളുടെ ഭരണം നടത്തുന്നത് അതാത് മുതവല്ലിമാരാണ്. കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തേണ്ടതും മുതവല്ലിമാരാണ്.

(സി) മട്ടാഞ്ചേരിയിലുള്ള കെട്ടിടങ്ങൾ നാശോന്മുഖമായതായി മുതവല്ലിമാരിൽ നിന്നും പരാതികളോ അറിയിപ്പുകളോ ലഭിച്ചിട്ടില്ലാത്തതാണ്.

## തുറമുഖംവഴി കണ്ടെയ്നറുകളിൽ കൂടിയുള്ള ചരക്ക് നീക്കം

132(5121) ശ്രീ. ഹൈബി ഈഡൻ:

ശ്രീ. വി. ഡി. സതീശൻ:

ശ്രീ. എം. വിൻസെന്റ്:

ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങൾ വഴി കണ്ടെയ്നറുകളിൽ കൂടിയുള്ള ചരക്ക് നീക്കം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഏതൊക്കെ തുറമുഖങ്ങളാണ് ഇതിനുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനുവേണ്ടി എന്തെല്ലാം അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ ഈ തുറമുഖങ്ങളിൽ ചെയ്തിട്ടുണ്ടെന്ന് വിവരിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ തെരഞ്ഞെടുത്ത ചെറുകിട തുറമുഖങ്ങൾവഴി കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) വിഴിഞ്ഞം, കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിലൂടെയാണ് കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നത്.

(സി) കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ട്മെന്റിന് ഇ.ഡി.ഐ. സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ സീവേഡ് വാർഫിന്റെ നീളം കൂട്ടൽ, ബേപ്പൂർ തുറമുഖത്തെ ബെർത്തിന്റെ നീളം കൂട്ടൽ എന്നിവ വിവിധ ഘട്ടത്തിലാണ്. കൂടാതെ അഴീക്കൽ തുറമുഖ വികസനത്തിനായി 381 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

**'സാഗമാല' പദ്ധതി**

133(5122) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'സാഗർമാല' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം തുറമുഖങ്ങളുടെ വികസനമാണ് പ്രസ്തുത പദ്ധതികൾമൂലം ലക്ഷ്യമിടുന്നത്;

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിക്കായി സംസ്ഥാന വിഹിതമായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ തുറമുഖങ്ങളുടെയും മത്സ്യബന്ധന മേഖലയുടെയും വികസനവും കണക്ടിവിറ്റിയും സാധ്യമാക്കുന്ന പദ്ധതിയാണ് സാഗർമാല പദ്ധതി. നിലവിൽ അഴീക്കൽ, ആലപ്പുഴ എന്നീ തുറമുഖങ്ങളുടെ വികസനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) ഇല്ല.

(ഡി) " 5051-02-200-69-02 സാഗർമാല (സ്റ്റേറ്റ് ഷെയർ)" എന്ന ശീർഷകത്തിൽ 2016-17 സാമ്പത്തിക വർഷം ടോക്കൺ പ്രൊവിഷനായി ഒരുലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**വിഴിഞ്ഞം തുറമുഖ പദ്ധതി**

134(T*5123) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പണി വളരെ

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

മന്ദഗതിയിലാണ് നടക്കുന്നതെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) എത്ര ദിവസം കൊണ്ട് പണി പൂർത്തീകരിയ്ക്കുമെന്നാണ് അദാനി ഗ്രൂപ്പ് കോൺട്രാക്ടിംഗ് കമ്പനി സർക്കാരിന് ഉറപ്പ് നൽകിയിരിയ്ക്കുന്നത്;

(സി) വിഴിഞ്ഞം തുറമുഖ പദ്ധതി നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. കൺസഷൻ കരാർ നിഷ്കർഷിക്കുന്നത് പ്രകാരം പദ്ധതിയുടെ സമയബന്ധിതമായ നിർമ്മാണച്ചുമതല കൺസഷനയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിനാണ്. ഇത് ഉറപ്പുവരുത്തുന്നതിനായി കൺസഷൻ കാരറിൽ നാല് നിർമ്മാണ നാഴികക്കല്ലുകൾ നിഷ്കർഷിച്ചിട്ടുണ്ട് (Milestones). ഇതുപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ ഇന്റിപെന്റന്റ് എഞ്ചിനീയർ വിലയിരുത്തുന്നതാണ്. ആദ്യ നാഴികക്കല്ലായ 2016 ഡിസംബർ 4-ാം തീയതി (നിർമ്മാണം തുടങ്ങി ഒരു വർഷം പൂർത്തിയാകുന്ന ദിവസം) ഇതുസംബന്ധിച്ചുള്ള കരാർ പ്രകാരമുള്ള വിലയിരുത്തൽ നടത്തുന്നതായിരിക്കും.

(ബി) കരാർ പ്രകാരം പണി പൂർത്തിയാക്കി വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ തുടങ്ങാൻ അനുവദിച്ചിട്ടുള്ള കാലയളവ് നാല് വർഷമാണ് (1465 ദിവസം). അതനുസരിച്ച് 2019 ഡിസംബർ 5-ാം തീയതി പദ്ധതിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം തുടങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കരാർ പ്രകാരം നാലുവർഷത്തെ സമയം ഉണ്ടെന്നിരിക്കെ സംസ്ഥാന സർക്കാരും കൺസഷനയറും 1000 ദിന കർമ്മ പരിപാടി പദ്ധതിയുടെ പൂർത്തീകരണത്തിനായി ആവിഷ്കരിച്ചിട്ടുണ്ട്. ഇത് പ്രാവർത്തികമായാൽ 2018 ആഗസ്റ്റ് 31-ന് പദ്ധതിയുടെ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പദ്ധതിയുടെ സമയബന്ധിതമായ നടത്തിപ്പിന് കൺസഷൻ കരാർ അനുശാസിക്കുന്ന എല്ലാ നടപടികളും സർക്കാരും സർക്കാരിന്റെ നിർവ്വഹണ ഏജൻസിയായ വിഴിഞ്ഞം തുറമുഖകമ്പനിയും കൈകൊള്ളുന്നുണ്ട്. കൺസഷൻ കരാർ നിഷ്കർഷിക്കുന്നത് പ്രകാരം പദ്ധതിയുടെ സമയബന്ധിതമായ നിർമ്മാണച്ചുമതല കൺസഷനയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ്

ലിമിറ്റഡിനാണ്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലേയ്ക്കായി പദ്ധതിക്കാവശ്യമായ മൊത്തം ഭൂമിയുടെ 90% കൈമാറൽ, കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽനിന്നുള്ള അനുമതി നേടിയെടുക്കൽ, നിർമ്മാണത്തിന് ആവശ്യമായുള്ള വൈദ്യുതി, ജലം എന്നിവയുടെ ലഭ്യത ഉറപ്പാക്കൽ എന്നീ കാര്യങ്ങൾ ഇതിനകം നിർവ്വഹിച്ചിട്ടുണ്ട്. എല്ലാ ബുധനാഴ്ചയും പദ്ധതിയുടെ പുരോഗതിയും നേരിടുന്ന പ്രശ്നങ്ങളും പ്രശ്നപരിഹാര മാർഗ്ഗങ്ങളും ചർച്ച ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്.

**വിഴിഞ്ഞം തുറമുഖ പദ്ധതി**

135(5124) <u>ശ്രീമതി ഇ. എസ്. ബിജിമോൾ:</u>

<u>ശ്രീ. ജി. എസ്. ജയലാൽ :</u>

<u>ശ്രീ. ആർ. രാമചന്ദ്രൻ :</u>

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് ലഭ്യമാകാത്ത എന്തെങ്കിലും കേന്ദ്ര ആനുകൂല്യം കുളച്ചൽ പദ്ധതിക്ക് ലഭ്യമായതായി വിവരം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

കേന്ദ്ര സർക്കാറിന്റെ പ്രസ് ഇൻഫർമേഷൻ ബ്യൂറോ 2016 ജൂലൈ 5-ാം തീയതി പുറത്തിറക്കിയ കേന്ദ്രമന്ത്രിസഭാ തീരുമാനം വിശദമാക്കിയിട്ടുള്ള പത്രക്കുറിപ്പ് പ്രകാരം ഇനയം (കുളച്ചൽ) തുറമുഖ പദ്ധതിക്ക് കേന്ദ്രമന്ത്രിസഭയുടെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിഴിഞ്ഞത്തിൽനിന്ന് വ്യത്യസ്തമായി കുളച്ചൽ ഒരു കേന്ദ്ര പദ്ധതിയായിരിക്കും. ഇതിനായി കേന്ദ്രം ഒരു പ്രത്യേക ഉദ്ദേശ്യ കമ്പനി രൂപീകരിക്കുമെന്നും ആ കമ്പനിയിൽ മേജർ തുറമുഖങ്ങളായ ചെന്നൈ പോർട്ട് ട്രസ്റ്റ്, വി.ഒ.സി പോർട്ട് ട്രസ്റ്റ് (തൂത്തുക്കുടി), കാമരാജർ പോർട്ട് ലിമിറ്റഡ് (എണ്ണൂർ) എന്നിവയുടെ ഓഹരി പങ്കാളിത്തം ഉണ്ടാകുമെന്നും കുറിപ്പിൽ സൂചിപ്പിച്ചിട്ടുണ്ട്.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി**

136(5125) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയിൽ 19-5-2016 വരെ എത്ര ശതമാനം പണിയാണ് പൂർത്തിയാക്കിയത്;

(ബി) ഈ സർക്കാർ നിലിവൽ വന്നതിന്ന ശേഷം 26-9-2016 വരെ എത്ര ശതമാനം പണി പൂർത്തിയായി; വിശദമാക്കാമോ;

(സി) വിഴിഞ്ഞം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പുതിയ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ?

ഉത്തരം

(എ&ബി) കൺസഷൻ കരാർ നിഷ്കർഷിക്കുന്നത് പ്രകാരം പദ്ധതിയുടെ സമയബന്ധിതമായ നിർമ്മാണം ഉറപ്പുവരുത്തുന്നതിനായി നാല് നിർമ്മാണ നാഴികക്കല്ലുകൾ നിഷ്കർഷിച്ചിട്ടുണ്ട് (Milestones). സാധാരണയായി ഇത്തരം വൻകിട നിർമ്മാണ പദ്ധതികളിൽ ആദ്യ മാസങ്ങളിൽ എഞ്ചിനീയറിംഗ് ഡിസൈൻ, മൊബിലൈസേഷൻ എന്നീ പ്രവൃത്തികളാണ് നടക്കുന്നത്. അതിനാൽത്തന്നെ ശതമാന കണക്കിലുള്ള വിലയിരുത്തൽ നടത്തിയിട്ടില്ല. എന്നിരുന്നാലും 19-5-2016 വരെയുള്ള കാലയളവിൽ മണ്ണുപരിശോധന, സർവ്വെ, ബ്രേക്ക് വാട്ടറിലേയ്ക്കുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം, ഒന്നാംഘട്ട പര്യവേഷണ ഡ്രെഡ്ജിംഗ് എന്നിവ പൂർത്തിയാക്കി. കൂടാതെ ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു. കരാർ പ്രകാരം ആദ്യ നാഴികക്കല്ലായ 2016 ഡിസംബർ 4-ാം തീയതി (നിർമ്മാണം തുടങ്ങി ഒരു വർഷം പൂർത്തിയാകുന്ന ദിവസം) 10% നിർമ്മാണ പുരോഗതി കൈവരിച്ചിരിക്കണം. ആദ്യ നാഴികക്കല്ല് എത്തുന്നമുറയ്ക്ക് ഇതുസംബന്ധിച്ചുള്ള വിലയിരുത്തൽ നടത്തുന്നതായിരിക്കും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26-9-2016 വരെ 400 മീറ്റർ നീളത്തിലുള്ള ബ്രേക്ക് വാട്ടറിന്റെ കോർ നിർമ്മാണം നടത്തിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പദ്ധതിയുടെ സമയബന്ധിതമായ നടത്തിപ്പിനായി താഴെപ്പറയുന്ന നടപടികൾ കൈക്കൊള്ളുകയുണ്ടായി:

1. നിർമ്മാണ നിർവ്വഹണ മേൽനോട്ടത്തിനായി ഇൻ്റിപെൻ്റന്റ് എഞ്ചിനീയറെ നിയമിച്ചു.

2. പരിസ്ഥിതി സംബന്ധിച്ച് ദേശീയ ഹരിത ട്രൈബ്യൂണലിൽ നിലനിന്നിരുന്ന കേസുകളിൽ പദ്ധതിക്ക് അനുകൂലമായ വിധി നേടിയെടുത്തു.

3. ശേഷിക്കുന്ന ഭൂമിയേറ്റെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തി.

**തുറമുഖംവഴിയുള്ള ഗതാഗതത്തിനും ചരക്കുനീക്കത്തിനുമുള്ള പ്രാധാന്യം**

137(5126) ശ്രീ. എം. വിൻസെന്റ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുറമുഖങ്ങൾ വഴിയുള്ള ഗതാഗതത്തിനും ചരക്ക് നീക്കത്തിനും ഉള്ള പ്രാധാന്യം തിരിച്ചറിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ലക്ഷ്യം നേടുന്നതിന് മുൻ സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തുറമുഖങ്ങൾവഴി കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതും യാത്രാ സൗകര്യങ്ങൾ ഒരുക്കുന്നതും തുറമുഖങ്ങൾ വഴിയുള്ള ഗതാഗതത്തിനും ചരക്കുനീക്കത്തിനുമുള്ള പ്രാധാന്യം കണക്കിലെടുത്തു കൊണ്ടാണ്.

(ബി) കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ

കൈകാര്യം ചെയ്യുന്നതിനായി ക്രയിൻ, റീച്ച് സ്റ്റാക്കർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ട്മെന്റിന് ഇ.ഡി.ഐ. സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ സീവേഡ് വാർഫിന്റെ നീളം കൂട്ടൽ, കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനൽ നിർമ്മാണം, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ, കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം എന്നിവ വിവിധ ഘട്ടത്തിലാണ്. കോട്ടയം ജില്ലയിലെ നാട്ടകം തുറമുഖം സ്വകാര്യ തുറമുഖമായാണ് വികസിപ്പിച്ചത്. 46 കോടി രൂപ മുതൽമുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മലബാർ പോർട്സ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പദ്ധതി അനുസരിച്ച് 736 കോടി രൂപ ചെലവിൽ പൊന്നാനിയിൽ തുറമുഖ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. ആലപ്പുഴ തുറമുഖം മറീനയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. അഴീക്കൽ തുറമുഖ വികസനത്തിനായി 381 കോടി രൂപയുടെ പദ്ധതി രൂപരേഖയും തയ്യാറാക്കിയിട്ടുണ്ട്.

(സി) വിഴിഞ്ഞം തുറമുഖത്ത് ട്രാൻസിറ്റ് ഷെഡിന്റെ നിർമ്മാണം പൂർത്തീകരിച്ചു. സീ വേർഡ് വാർഫ് ദീർഘിപ്പിക്കുന്നതിന് 10.35 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കപ്പലുകൾ അടുക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനുവേണ്ടി ആഴം കൂട്ടുന്നതിനായി ഡ്രഡ്ജിംഗ് നടപ്പിലാക്കി. ഗുജറാത്ത്-കൊല്ലം-കൊച്ചി റൂട്ടിൽ സ്ഥിരം ചരക്ക് ഗതാഗതം നടത്തുന്നതിനുള്ള മാതൃക കാട്ടുന്നതിനായി ഒരു കണ്ടെയ്നർ ചരക്ക്കപ്പൽ കേരള മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന ചാർട്ടർ ചെയ്തു. കൊല്ലം, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ ആധുനിക സംവിധാനത്തോടു കൂടിയ പുതിയ 2 ടഗ്ഗുകൾ വാങ്ങി. കൊല്ലം പാസഞ്ചർ ടെർമിലിനായി 21 കോടി രൂപയുടെ അനുമതി നൽകി.

**തുറമുഖങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് കർമ്മ പദ്ധതി**

138(5127) ശ്രീ.എം. വിൻസെന്റ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ്

ഒരുക്കേണ്ടതെന്ന് വിശദമാക്കുമോ;

(സി) ഇതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിരിക്കുന്നത്; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയിൻ വാങ്ങൽ, റീച്ച് സ്റ്റാക്കർ വാങ്ങൽ, ബർത്തിന്റെ നീളം കൂട്ടൽ, ബേസിന്റെ ആഴം കൂട്ടൽ, ടഗ്ഗ് വാങ്ങൽ, സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ, പാസഞ്ചർ ടെർമ്മിനൽ നിർമ്മാണം എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ട്മെന്റിനു ഇ.ഡി.ഐ. സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ സീവേഡ് വാർഫിന്റെ നീളം കൂട്ടൽ, കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനൽ നിർമ്മാണം, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ, കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം എന്നിവ വിവിധ ഘട്ടത്തിലാണ്. കോട്ടയം ജില്ലയിലെ നാട്ടകം തുറമുഖം സ്വകാര്യ തുറമുഖമായാണ് വികസിപ്പിച്ചത്. 46 കോടി രൂപ മുതൽ മുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പദ്ധതി അനുസരിച്ച് 736 കോടി രൂപ ചെലവിൽ പൊന്നാനിയിൽ തുറമുഖ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. ആലപ്പുഴ തുറമുഖം മറീനയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. അഴീക്കൽ തുറമുഖ വികസനത്തിനായി 381 കോടി രൂപയുടെ പദ്ധതി രൂപരേഖയും തയ്യാറാക്കിയിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ 108 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ അഴീക്കൽ തുറമുഖ വികസനത്തിനായി 500 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. കൂടാതെ പൊന്നാനി, നാട്ടകം എന്നീ തുറമുഖങ്ങൾ പി.പി.പി മോഡലിൽ വികസിപ്പിക്കുന്നു. നബാർഡിന്റെ RIDF സ്കീം, കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (KIIFB) ധനസഹായം എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലുകളും നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ തുറമുഖവികസന പദ്ധതിയായ സാഗർമാല/ഭാരത്മാലാ എന്നീ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്.

**തുറമുഖവകുപ്പിന് കീഴിലുള്ള കടവുകളിൽ മണൽഖനനവും വിപണനവും**

139(5128) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തുറമുഖവകുപ്പിന് കീഴിലുള്ള കടവുകളിൽ നിന്ന് മണൽഖനനവും വിപണനവും നടത്തുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ മണൽഖനനത്തിനും വിപണനത്തിനും നിലവിൽ ആർക്കൊക്കെയാണ് അനുമതിയുള്ളത്; വിവരിക്കുമോ;

(സി) അനുമതിയുള്ള സൊസൈറ്റികൾ യഥാർത്ഥ മണൽവാരൽ തൊഴിലാളികളെ ഉൾപ്പെടുത്തിയല്ല രൂപീകരിച്ചിട്ടുള്ളതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) എങ്കിൽ വിശദപരിശോധന നടത്തി നിലവിൽ മണൽമാഫിയ ബന്ധമുള്ള സൊസൈറ്റികളെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ തുറമുഖ വകുപ്പിന് കീഴിൽ മഞ്ചേശ്വരം, കാസർഗോഡ്, ചെറുവത്തൂർ എന്നിവിടങ്ങളിലായി 12 കടവുകളിൽ മണൽ ഖനനവും വിൽപ്പനയും നടന്നുവരുന്നുണ്ട്. ഇതുവഴി കാസർഗോഡ് ജില്ലയിൽ തുറമുഖ വകുപ്പിന് മാത്രമായി ഒരു കോടിയോളം രൂപ വരുമാനമുണ്ട്.

(ബി) ഗവൺമെന്റ് ഉത്തരവുകളുടെയും ടെണ്ടർ നോട്ടിഫിക്കേഷന്റെയും അടിസ്ഥാനത്തിൽ 1969- ലെ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങളിൽനിന്നും ടെണ്ടർവഴി തെരഞ്ഞെടുക്കപ്പെട്ടവർക്കാണ് അനുമതി നൽകിയിട്ടുള്ളത്. സൊസൈറ്റികളുടെ പേര് അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. പരാതികളും ആക്ഷേപങ്ങളും ലഭിച്ചിട്ടുണ്ട്.

(ഡി) മണൽ മാഫിയ ബന്ധമുള്ള സൊസൈറ്റികൾ ഉണ്ടെങ്കിൽ അവ പരിശോധിച്ച് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മണൽ ഖനനവുമായി ബന്ധപ്പെട്ട നയരൂപീകരണം സർക്കാർ ആലോചിച്ചുവരുന്നു.

**ദൂരപരിധിയെക്കുറിച്ചുള്ള അടയാള ബോർഡുകൾ**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

140(5129) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷ്ണപുരം കൊട്ടാരം, കായംകുളം കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക ദേശീയ കാർട്ടൂൺ മ്യൂസിയം എന്നിവയുടെ ദൂരപരിധിയെക്കുറിച്ചുള്ള അടയാള ബോർഡുകൾ ദേശീയപാതയിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി എന്ത് എന്ന് വിശദമാക്കാമോ?

ഉത്തരം

കായംകുളം കൃഷ്ണപുരം കൊട്ടാരം, കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക മ്യൂസിയം എന്നിവയുടെ ദൂരപരിധി രേഖപ്പെടുത്തിയ അടയാള ബോർഡുകൾ ദേശീയപാതയോരത്ത് പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ (റോഡ്സ് ആന്റ് ബ്രിഡ്ജസ്), വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ എന്നിവർക്ക് പുരാവസ്തു വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**തുറമുഖങ്ങളുടെയും അനുബന്ധ സൗകര്യങ്ങളുടെയും ഏകീകരണ വികസനം**

141(5130) ശ്രീ. ഹൈബി ഈഡൻ:
ശ്രീ. എം. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെയും അനുബന്ധ സൗകര്യങ്ങളുടെയും ഏകീകരണ വികസനത്തിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി മുൻ സർക്കാർ നിയമനിർമ്മാണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ നിയമം നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിവരിക്കുമോ?

ഉത്തരം

(എ) കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ട്മെന്റിന് ഇ.ഡി.ഐ. സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ സീവേഡ് വാർഫിന്റെ നീളം കൂട്ടൽ, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ, കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം എന്നിവ വിവിധ ഘട്ടത്തിലാണ്. കോട്ടയം ജില്ലയിലെ നാട്ടകം തുറമുഖം സ്വകാര്യ തുറമുഖമായാണ് വികസിപ്പിച്ചത്. 46 കോടി രൂപ മുതൽ മുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പദ്ധതി അനുസരിച്ച് 763 കോടി രൂപ ചെലവിൽ പൊന്നാനിയിൽ തുറമുഖ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. ആലപ്പുഴ തുറമുഖം മറീനയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. അഴീക്കൽ തുറമുഖ വികസനത്തിനായി 381 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെയും വിനോദ സഞ്ചാര മേഖലയുടെയും വികസനവുമായി ബന്ധപ്പെട്ട് തീരദേശ യാത്രാ കപ്പൽ ഗതാഗതം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

വിഴിഞ്ഞം-കൊച്ചി, കൊച്ചി-കോഴിക്കോട് മേഖലകളെ ബന്ധിപ്പിച്ചു കൊണ്ടാണ് പദ്ധതി ആരംഭിക്കുന്നത്. ഇതിന്റെ ആദ്യഘട്ടം കൊച്ചി-കോഴിക്കോട് മേഖലകളിലാണ് ആരംഭിക്കുന്നത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് മെസേഴ്സ് സേഫ് ബോട്ട് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി എന്ന സ്വകാര്യ സംരംഭകരുമായി ചേർന്നുകൊണ്ട് തുറമുഖ വകുപ്പ് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

ആലപ്പുഴ തുറമുഖത്ത് ടൂറിസം വികസനത്തിന്റെ ഭാഗമായി തീരദേശ-ഉൾനാടൻ ജലഗതാഗതങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് "മറീന" പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായുള്ള പാരിസ്ഥിതിക പഠനം നടന്നുവരികയാണ്.

കൊല്ലം തുറമുഖത്ത് വിനോദസഞ്ചാര മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് 21 കോടി രൂപ ചെലവിൽ ഒരു പാസഞ്ചർ ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) മേൽപ്പറഞ്ഞവയുമായി ബന്ധപ്പെട്ട് നിയമനിർമ്മാണങ്ങളൊന്നും നടത്തിയിട്ടില്ല. മുൻസർക്കാർ തുറമുഖ വികസനത്തിന്റെ ഭാഗമായി മാരിടൈം ബോർഡ് ബിൽ സഭയിൽ അവതരിപ്പിച്ചിരുന്നു. സഭ പാസ്സാക്കിയ ബിൽ അംഗീകാരത്തിനായി നിയമ വകുപ്പിൽനിന്നും ബഹുമാനപ്പെട്ട പ്രസിഡന്റിന് വീണ്ടും അയച്ചിരിക്കുകയാണ്.

ഒരു തവണ അപാകതകൾ കാണിച്ച് തിരിച്ചുവരികയും വീണ്ടും

അപാകതകൾ പരിഹരിച്ച് നിയമ വകുപ്പുമുഖേന ബഹുമാനപ്പെട്ട പ്രസിഡന്റിന് അയച്ചിട്ടുള്ളതാണ്.

**'പഴശ്ശിരാജയുടെ കൊട്ടാരം'**

142(5131) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'പഴശിരാജയുടെ കൊട്ടാരം' സംരക്ഷിക്കുന്നതിന് എന്ത് പദ്ധതിയാണ് നിലവിലുള്ളത്; പ്രസ്തുത കൊട്ടാരം ഇപ്പോൾ ആരുടെ കൈവശമാണുള്ളത്; വ്യക്തമാക്കാമോ;

(ബി) കൊട്ടാരം വിൽക്കുന്നതിനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സർക്കാർ ഏറ്റെടുത്ത് സംരക്ഷിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ പഴശ്ശി വില്ലേജിൽ സ്ഥിതിചെയ്യുന്ന പഴശ്ശി കോവിലകം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമല്ല. പ്രസ്തുത കോവിലകം 1968 -ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം സംരക്ഷിക്കേണ്ടതാണോ എന്ന വിഷയം പരിശോധിച്ചുവരുന്നു. പ്രസ്തുത കോവിലകത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച ആധികാരിക രേഖകൾ വകുപ്പിന്റെ പക്കൽ ലഭ്യമല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഴശ്ശി കോവിലകം 1968- ലെ നിയമപ്രകാരം സംരക്ഷിക്കപ്പെടേണ്ടതാണോയെന്ന് പരിശോധിച്ച ശേഷം ഇക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

**പുരാവസ്തു മ്യൂസിയം**

143(5132) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തെ ആസ്പദമാക്കി ശാസ്ത്രീയവും വിപുലവുമായ ഒരു പുരാവസ്തു മ്യൂസിയം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

ഉത്തരം

കേരളത്തെ ആസ്പദമാക്കി ശാസ്ത്രീയവും വിപുലവുമായ ഒരു പുരാവസ്തു മ്യൂസിയം സ്ഥാപിക്കുന്നതിന് പുരാവസ്തു വകുപ്പിന് നിലവിൽ പദ്ധതികൾ ഒന്നുംതന്നെ ഇല്ല.

**ചരിത്രപ്രാധാന്യമുള്ള കെട്ടിടങ്ങളുടെ സംരക്ഷണം**

144(5133) ഡോ. എൻ. ജയരാജ് :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യവ്യക്തികളുടെ കൈവശമുള്ള ചരിത്രപരമായി വളരെ പ്രാധാന്യമുള്ള വസ്തുവകകൾ സർക്കാർ ഏറ്റെടുത്ത് സംരക്ഷിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) നാടിന്റെ ചരിത്രവും പൗരാണികതയും നശിച്ചുപോകാതെ സംരക്ഷിക്കുന്നതിനായി ഇത്തരം നിർമ്മിതികളുടെയും ഗ്രന്ഥങ്ങളുടെയും താളിയോലകളുടെയും ഡാറ്റാബേസ് തയാറാക്കുമോ?

ഉത്തരം

(എ) 1968 -ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട്, ട്രഷർ ട്രോവ് ആക്ട് എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് ചരിത്ര പ്രാധാന്യമുള്ള വസ്തുവകകൾ ഏറ്റെടുത്ത് സംരക്ഷിച്ചുവരുന്നു. കൂടാതെ ചരിത്രമൂല്യമുള്ള പുരാരേഖകൾ സംരക്ഷിക്കുന്നതിനായി കമ്മ്യൂണിറ്റി ആർക്കൈവ്സ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ സ്വകാര്യ വ്യക്തികളുടെ രേഖാശേഖരങ്ങൾ ഏറ്റെടുത്ത് സംരക്ഷിച്ച് ടി വ്യക്തികൾക്ക് നൽകുകയും അവയുടെ ഡിജിറ്റൽ പകർപ്പ് വകുപ്പിൽ സൂക്ഷിക്കുകയും ചെയ്യുന്നു.

(ബി) 1968-ലെ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ച സ്മാരകങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി കാലാകാലങ്ങളിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നു. പുരാവസ്തുക്കളെ, രാസസംരക്ഷണ പ്രക്രിയകളെ, പുരാതന നിർമ്മിതികളെ ഘടനാസംരക്ഷണ പ്രക്രിയകൾ വഴിയും സംരക്ഷിക്കുന്നു. ചരിത്രപ്രാധാന്യമുള്ള പുരാരേഖകളായ ഗ്രന്ഥങ്ങളുടെയും താളിയോലകളുടെയും ഡാറ്റാബേസ് തയ്യാറാക്കുന്നത് സംബന്ധിച്ച പദ്ധതി ആവിഷ്കരിച്ചുവരുന്നു.

**പുരാരേഖകളുടെ സംരക്ഷണം**

145(5134) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുരാരേഖകൾ സംരക്ഷിക്കുന്നതിന് എന്ത് പദ്ധതിയാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സ്വകാര്യവ്യക്തികളുടെ കൈവശമുള്ള പുരാരേഖകൾ സംരക്ഷിക്കുന്നതിന് ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പുരാരേഖകൾ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന് കെമിക്കൽ കൺസർവേഷൻ, ഡിജിറ്റൈസേഷൻ എന്നീ പദ്ധതികൾ നടത്തിവരുന്നു. കെമിക്കൽ കൺസർവേഷന്റെ ഭാഗമായിട്ടുള്ള പേജിനേഷൻ, ഡി-അസിഡിഫിക്കേഷൻ, മെന്റിംഗ്, ഗാർഡിംഗ്, ബയിന്റിംഗ് എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി പുരാരേഖാ വകുപ്പിൽ ഒരു കൺസർവേഷൻ വിഭാഗം പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ "പൈതൃക പഠന കേന്ദ്രം" , "നാഷണൽ റിസർച്ച് ലബോറട്ടറീസ് ഫോർ കൺസർവേഷൻ ഓഫ് കൾച്ചറൽ പ്രോപ്പർട്ടി" തുടങ്ങിയ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തി രേഖകളുടെ ശാസ്ത്രീയ സംരക്ഷണ പദ്ധതി നടത്തിവരുന്നു. സി-ഡിറ്റിന്റെ സഹായത്തോടെ പുരാരേഖകളുടെ ഡിജിറ്റൈസേഷൻ പദ്ധതിയും നടത്തിവരുന്നുണ്ട്.

(ബി & സി) സ്വകാര്യ വ്യക്തികൾ ചരിത്ര മൂല്യമുള്ള പുരാരേഖകൾ വകുപ്പിന് കൈമാറുവാൻ സന്നദ്ധമാണെങ്കിൽ അവ ഏറ്റെടുത്ത് സംരക്ഷിക്കുകയും അല്ലാത്ത പക്ഷം ടി റിക്കോർഡുകൾ വില കൊടുത്ത് വാങ്ങി വകുപ്പ് സംരക്ഷിക്കുകയും ചെയ്തുവരുന്നു. കൂടാതെ സ്വകാര്യ രേഖാശേഖരങ്ങൾ, സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള രേഖകൾ എന്നിവ സംരക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാന ആർക്ക്വൈസ് വകുപ്പ് "കമ്മ്യൂണിറ്റി ആർക്ക്വൈസ്" എന്ന പദ്ധതിക്കു രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ സ്വകാര്യ വ്യക്തികളുടെ രേഖാ ശേഖരങ്ങൾ ഏറ്റെടുത്ത് സംരക്ഷിച്ച് സ്വകാര്യ വ്യക്തികൾക്ക് നൽകുകയും അവയുടെ ഡിജിറ്റൽ പകർപ്പ് വകുപ്പ് സൂക്ഷിക്കുകയും ചെയ്യുന്നു.

**സ്പെയർ പാർട്ടുകൾ വാങ്ങിയതിലെ ക്രമക്കേടുകൾ**

146(5135) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-ക്ക് വേണ്ടി ടയറുകൾ,സ്പെയർ പാർട്ടുകൾ, പെയിന്റ് എന്നിവ വാങ്ങിയതിൽ ക്രമക്കേടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഗുണനിലവാരമില്ലാത്തതും, അനാവശ്യമായതുമായ സ്പെയർ പാർട്ടുകളും ടയറുകളും പെയിന്റും വാങ്ങിയതുകാരണം കെ.എസ്.ആർ.ടി.സി.-ക്ക് എത്ര നഷ്ടമുണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഈ നഷ്ടം വരുത്തിയതിന് ഉത്തരവാദികളായവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പെയിന്റ് വാങ്ങിയതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടന്നുവരുന്നു. എന്നാൽ ടയർ, സ്പെയർ പാർട്സ് എന്നിവ വാങ്ങിയതിൽ ക്രമക്കേടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി& സി) സ്പെയർ പാർട്സുകളും ടയറുകളും വാങ്ങിയതുമായി ബന്ധപ്പെട്ട് നഷ്ടമുണ്ടായതായി കാണുന്നില്ല. പെയിന്റ് വാങ്ങിയതിനെ സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ലോഫ്ളോർ ബസ്സുകൾ**

147(5136) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.യു.ആർ.ടി.സി.യുടെ എത്ര പുതിയ ലോഫ്ലോർ ബസ്സുകൾ പെർമിറ്റ് ലഭിക്കാത്ത കാരണത്താൽ നിരത്തിലിറക്കാൻ കഴിയാതെ വന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പെർമിറ്റ് ലഭിക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബസ്സുകൾക്ക് പെർമിറ്റ് ലഭിക്കാൻ വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ജൻറം പദ്ധതി പ്രകാരം ലഭിച്ച 38 പുതിയ ലോഫ്ളോർ ബസ്സുകൾ പെർമിറ്റ് ലഭിക്കാത്ത കാരണത്താൽ നിരത്തിലിറക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

(ബി & സി) 1989- ലെ കേരളാ മോട്ടോർ വാഹന ചട്ടങ്ങൾ പ്രകാരം ഈ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുവാൻ കഴിയുകയില്ല. പ്രസ്തുത ചട്ടങ്ങളിൽ ഇളവ് നൽകിയതിനുശേഷം ഈ വാഹനങ്ങൾ രജിസ്റ്റർ ചെയ്ത് നിരത്തിലിറക്കുന്നതാണ്. ഇക്കാര്യത്തിൽ ഇളവ് അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**കെ.എസ്.ആർ.ടി.സി. പുനഃസംഘടന**

148(5137) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ. എസ്. ആർ. ടി. സി. പുനഃസംഘടിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഏത് രീതിയിൽ പുനഃസംഘടന നടത്തുന്നതിനാണ് ആലോചിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണം ലക്ഷ്യമിട്ട് സർക്കാർ ഒരു രക്ഷാപാക്കേജിന് രൂപം നൽകിവരികയാണ്. ടി രക്ഷാപാക്കേജ് തയ്യാറാക്കുന്നതിലേയ്ക്ക് പഠനം നടത്തുവാൻ കൊൽക്കത്ത ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ സർക്കാർ ഉത്തരവ് നമ്പർ G.O.(Rt)367/2016/Trans തീയതി 24-9-2016 പ്രകാരം കൺസൾട്ടന്റായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ.

**കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

149(5138) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിലെ ഓരോ കെ. എസ്.ആർ. ടി. സി. ഡിപ്പോയിൽ നിന്നും പ്രതിദിനം നടത്തുന്ന സർവ്വീസുകൾ ഏതൊക്കെയെന്നും ഓരോ ഡിപ്പോയിലും പ്രതിദിനം ലഭിക്കുന്ന ശരാശരി വരുമാനം എത്രയാണെന്നും വിശദമാക്കുമോ?

ഉത്തരം

ആലപ്പുഴ ജില്ലയിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ സർവ്വീസുകളും ആയതിന്റെ പ്രതിദിന വരുമാനവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ നടപടി**

150(5139) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. നിരത്തിലിറക്കിയ സ്കാനിയ ബസ്സുകൾ ലാഭകരമായാണോ സർവ്വീസ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യെ നവീകരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് വരികയാണ്. വരുമാനക്കുറവുള്ള സർവ്വീസുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സിസ്റ്റം പരിഷ്കരിച്ച് മാൻപവർ യൂട്ടിലൈസേഷൻ കൂട്ടുന്നതിനുമുള്ള നടപടികൾ നടന്നുവരികയാണ്. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലേയ്ക്കുള്ള അന്തർ സംസ്ഥാന സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി പുതിയ അന്തർ സംസ്ഥാന കരാറുകളിൽ എത്തിച്ചേരുന്നതിനുള്ള നടപടികളും നടന്നുവരികയാണ്. അന്തർ സംസ്ഥാന സർവ്വീസുകളിലേയ്ക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിലേയ്ക്കായി തിരക്കില്ലാത്ത ദിവസങ്ങളിൽ യഥാർത്ഥ നിരക്കിൽനിന്നും 15 ശതമാനം ഇളവ് ഇപ്പോൾ അനുവദിച്ച് വരുന്നുണ്ട്. അതോടൊപ്പം റെയിൽവെ മാതൃകയിൽ തൽക്കാൽ സംവിധാനവും കഴിഞ്ഞ ഓണക്കാലം മുതൽ കെ.എസ്.ആർ.ടി.സി. ഏർപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി. ബസുകളിൽ ജി.പി.എസ്./വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VTS) നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. യാത്രക്കാർക്ക് ഇന്റർനെറ്റ് ഉപയോഗിക്കുന്നതിനുവേണ്ടി വൈഫൈ സംവിധാനം പരീക്ഷണ അടിസ്ഥാനത്തിൽ എറണാകുളം-ബാംഗ്ലൂർ സർവ്വീസ് നടത്തുന്ന രണ്ട് മൾട്ടി ആക്സിൽ വോൾവോ ബസുകളിലും കെ.യു.ആർ.ടി.സി.-യുടെ രണ്ട് ലോഫ്ളോർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എ.സി.വോൾവോ ബസുകളിലും ഘടിപ്പിക്കുകയുണ്ടായി. ടി സംവിധാനം മറ്റ് പ്രധാന സൂപ്പർക്ലാസ് സർവ്വീസുകളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ബസ് സ്റ്റേഷനുകളിലെ സ്റ്റാളുകൾ, ക്യാന്റീൻ, ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ എന്നിവ ലേലം/ടെണ്ടർ മുഖേന വാടകയ്ക്ക് നൽകിയും കെ.എസ്.ആർ.ടി.സി. ബസുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പതിക്കുന്നത് ടെണ്ടർ മുഖേന ലൈസൻസിയെ കണ്ടെത്തി നൽകിയത് വഴിയും, കോഫീവെൻഡിംഗ് മെഷീൻ, എ.ടി.എം. എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുവാൻ സ്ഥലം വാടകയ്ക്ക് നൽകുന്നതിലൂടെയും കൊറിയർ സർവ്വീസ് നടത്തിയും കെ.എസ്.ആർ.ടി.സി.-ക്ക് ടിക്കറ്റേതര വരുമാനം ലഭിച്ചുവരികയാണ്.

കെ.എസ്.ആർ.ടി.സി. ബസുകളിൽ കംപ്രസ്ഡ് നാച്വറൽ ഗ്യാസ് (CNG) ഉപയോഗിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യുടെ 1000 പുതിയ സി.എൻ.ജി. ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. സി.എൻ.ജി. ബസിലേയ്ക്ക് മാറുമ്പോൾ കെ.എസ്.ആർ.ടി.സി.യുടെ ചെലവ് കുറയ്ക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അഞ്ചുവർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേയ്ക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്.

കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ സമഗ്രമായ പഠനത്തിനും പുനഃസംഘടനയ്ക്കുമായി 24-9-2016 -ലെ G.O.(Rt)No.367/2016/Tran പ്രകാരം കൊൽക്കത്ത ഐ.ഐ.എം.-ലെ പ്രൊഫ.സുശീൽ ഖന്നയെ കൺസൽട്ടന്റ് ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നവീകരണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. ആധുനിക രീതിയിലുള്ള 18 സ്കാനിയ ബസുകൾ നിരത്തിലിറക്കിയിട്ടുണ്ട്. ഇവ പ്രധാനമായും അന്തർ സംസ്ഥാന ദീർഘദൂര റൂട്ടുകളിലാണ് സർവ്വീസ് നടത്തിവരുന്നത്. യാത്രക്കാർക്ക് മെച്ചപ്പെട്ട സേവനങ്ങളാണ് ഈ സർവ്വീസുകൾ വഴി നൽകിവരുന്നതെങ്കിലും ടി സർവ്വീസുകൾ പൂർണ്ണമായും ലാഭകരമാണെന്ന് പറയുവാൻ കഴിയുകയില്ല.

**കെ.എസ്.ആർ.ടി.സി.**

151(5140) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യുടെ ജീവനക്കാർക്ക് യഥാസമയം ശമ്പളം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

കെ.എസ്.ആർ.ടി.സി.യുടെ വരുമാനവും ചെലവും തമ്മിൽ പൊരുത്തപ്പെടാനാവാത്ത തരത്തിലുള്ള അന്തരമുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ ദൈനംദിന വരുമാനത്തിൽനിന്ന് വായ്പകൾക്കുള്ള തിരിച്ചടവും ഡീസലിന്റെ ചെലവും മാത്രമേ നിർവ്വഹിക്കാൻ സാധിക്കുന്നുള്ളൂ. ചെലവുകൾ വരുമാനത്തെക്കാൾ അധികരിക്കുന്നതിനാലും പ്രതിദിന ടിക്കറ്റ് വരുമാനത്തിൽ കുറവുണ്ടായി കൊണ്ടിരിക്കുന്നതിനാലും പുതിയ വായ്പകൾ എടുക്കാതെ ശമ്പളം നൽകാനാവാത്ത സാഹചര്യം നിലവിലുണ്ട്. എന്നിരുന്നാലും കെ.എസ്.ആർ.ടി.സി.-യെ മെച്ചപ്പെടുത്തുവാൻ സമഗ്രമായ ഒരു രക്ഷാപാക്കേജിന് സർക്കാർ രൂപം കൊടുത്തുവരുന്നുണ്ട്. രക്ഷാപാക്കേജ് നടപ്പിൽ വരുത്തി പുനരുദ്ധാരണം നടത്തിയാൽ കൃത്യസമയത്ത് ശമ്പളം കൊടുക്കുവാൻ കഴിയുമെന്ന് കരുതുന്നു.

**കെ.എസ്.ആർ.ടി.സി.-യെ കരകയറ്റുന്നതിന് നടപടി**

152(5141) ശ്രീ. കെ. മുരളീധരൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് സെപ്റ്റംബർ മാസത്തെ ശമ്പളം എന്നാണ് നൽകിയത്;

(ബി) ശമ്പളം ലഭിക്കാത്തതിനാൽ ജീവനക്കാർ പണിമുടക്കുകയുണ്ടായോ; ഉണ്ടെങ്കിൽ എത്ര ഷെഡ്യൂളുകളാണ് ക്യാൻസൽ ചെയ്യേണ്ടി വന്നത്;

(സി) കെ.എസ്.ആർ.ടി.സി. യുടെ സെപ്റ്റംബർ മാസത്തെ വരുമാനം എത്രയായിരുന്നു. ശമ്പളം, പെൻഷൻ എന്നീയിനത്തിൽ ബാധ്യത എത്രയാണ്; വിശദമാക്കുമോ?

ഉത്തരം

(എ) 5-10-2016-ന്

(ബി) ഉണ്ട്. ജീവനക്കാർ ഹാജരാകാതിരുന്നതിനാൽ 5-10-2016-ൽ ഫസ്റ്റ് സ്പെല്ലിലും സെക്കന്റ് സ്പെല്ലിലും ജൻറം ഉൾപ്പെട്ട 1886 സർവ്വീസുകൾ അയയ്ക്കാൻ സാധിച്ചില്ല.

(സി) സെപ്റ്റംബർ മാസത്തെ വരുമാനം 168.73 കോടി രൂപ ആയിരുന്നു.

ശമ്പള ഇനത്തിൽ 85.75 കോടി രൂപയും പെൻഷൻ ഇനത്തിൽ 55.00 കോടി രൂപയുമാണ് ബാധ്യത.

## കെ.എസ്.ആർ.ടി.സി.-യുടെ ആകെ ആസ്തി

153(5142) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ആകെ ആസ്തി തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

2014-ൽ ഏർപ്പെടുത്തിയ പുനരുദ്ധാരണ പാക്കേജിലെ [G.O(MS)No. 06/2014/Trans തീയതി 1-2-2014] വ്യവസ്ഥ അനുസരിച്ച് കെ.എസ്.ആർ.ടി.സി.-യുടെ ആസ്തി മൂല്യം പുനർനിർണ്ണയം നടത്തുവാൻ M/s. വർമ്മ & വർമ്മ എന്ന ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനത്തെ ഏൽപ്പിച്ചതിൻ പ്രകാരം ടി സ്ഥാപനം ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് വാല്യൂർസ് [Institution of Valuers]-ന്റെ സഹായത്തോടെ കെ.എസ്.ആർ.ടി.സി.യുടെ ആസ്തി മൂല്യം പുനർനിർണ്ണയം നടത്തി. അതിൻ പ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ ആകെ ആസ്തി 1-1-2015-ൽ 3670.42 കോടി രൂപയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.യുടെ മൊത്തം കടം

154(5143) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-1-2011-ലെ കണക്ക് പ്രകാരം കെ.എസ്.ആർ.ടി.സി. യുടെ മൊത്തം കടം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) 1-1-2016-ലെ കണക്ക് പ്രകാരം കെ.എസ്.ആർ.ടി.സി. യുടെ ബാധ്യത എത്ര;

(സി) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 1-1-2011-ലെ കണക്ക് പ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ മൊത്തം കടം 1245.93 കോടി രൂപയാണ്.

(ബി) 1-1-2016-ലെ കണക്ക് പ്രകാരം 3052.36 കോടി രൂപയാണ് കെ.എസ്.ആർ.ടി.സി.യുടെ ബാധ്യത. ഇതിൽ സർക്കാരിന്റെ വായ്പാ തുകയിൽ 1090.75 കോടി രൂപ 20-8-2015-ലെ സ.ഉ(കൈ) നമ്പർ 46/15/ഗതാഗതം ഉത്തരവ് പ്രകാരം സർക്കാർ ഓഹരിയാക്കുകയും ശേഷിച്ച തുക 548.11 കോടി രൂപ കൂടി മേൽ സൂചിപ്പിച്ച ബാധ്യത തുകയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാകുന്നു.

(സി) നിലവിലെ സ്ഥിതി സംബന്ധിച്ച് പൊതുവായ അവലോകനം നടത്തിയിട്ടുണ്ട്. വിശദമായ അവലോകനം നടത്തി കെ.എസ്.ആർ.ടി.സി.യിൽ ഇപ്പോൾ നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും സാമൂഹ്യ പ്രതിബദ്ധതയും സാമ്പത്തിക സ്വയംപര്യാപ്തതയുമുള്ള ഒരു സ്ഥാപനമാക്കി മാറ്റുന്നതിലേക്കും സമഗ്രമായ പുനരുദ്ധാരണം ലക്ഷ്യമിട്ട് പഠനം നടത്തുന്നതിനായി കൊൽക്കട്ടയിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ സർക്കാർ കൺസൾട്ടന്റായി നിയോഗിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ വിശദാംശം ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ.

**കെ.എസ്.ആർ.ടി.സി. മുഖേന കൊറിയർ സർവ്വീസ്**

155(5144) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. പി. കെ. ശശി:
ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി കൊറിയർ സർവ്വീസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇൻഡ്യൻ തപാൽ വകുപ്പ് തപാൽ നിരക്കുകളും പാഴ്സൽ നിരക്കുകളും

കത്തനെ കൂട്ടുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ കൊറിയർ സർവ്വീസുകാർ ഇതിൻെറ പ്രയോജനം മുതലെടുക്കാൻ സാധ്യതയുള്ളതിനാൽ അതിന് മുമ്പായി ഓഫീസ് കെട്ടിട സൗകര്യങ്ങളും ജീവനക്കാരുടെ സേവനവും ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി.-യുടെ കീഴിൽ കൊറിയർ-പാഴ്സൽ സർവ്വീസുകൾ ആരംഭിച്ച് ലാഭകരമാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുന്നതിനോടൊപ്പം കെ.എസ്.ആർ.ടി.സി.-ക്ക് ടിക്കറ്റ് വരുമാനത്തിനുപുറമെ, ബസ് സ്റ്റേഷനുകളിലെ സ്റ്റാളുകൾ, ക്യാന്റീൻ, ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ എന്നിവ ലേലം/ടെണ്ടർ മുഖേന വാടകയ്ക്ക് നൽകിയും കെ.എസ്.ആർ.ടി.സി. ബസുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പതിക്കുന്നതിന് ടെണ്ടർ മുഖേന ലൈസൻസിയെ കണ്ടെത്തി നൽകിയതുവഴിയും കോഫീ വെൻഡിംഗ് മെഷീൻ, എ.ടി.എം. എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുവാൻ സ്ഥലം വാടകയ്ക്ക് നൽകുന്നതിലൂടെയും കൊറിയർ സർവീസ് നടത്തിയും കെ.എസ്.ആർ.ടി.സി.ക്ക് ടിക്കറ്റിതര വരുമാനം ലഭിച്ചു വരികയാണ്. കെ.എസ്.ആർ.ടി.സി. ബസുകൾ കംപ്രസ്ഡ് നാച്വറൽ ഗ്യാസ്-(CNG)ലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-യുടെ 1000 പുതിയ സി.എൻ.ജി ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. സി.എൻ.ജി ബസിലേക്ക് മാറുമ്പോൾ കെ.എസ്.ആർ.ടി.സി.യുടെ ചെലവ് കുറക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. കടഭാരം കുറയ്ക്കുന്നതിന് ധനകാര്യ പുനഃസംഘടന ഉണ്ടാക്കുന്നതാണ്. ബസ് സ്റ്റാൻഡുകളെ ആധുനികവത്ക്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദനക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്.

(ബി) കൊറിയർ സർവ്വീസ് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

(സി) നിലവിൽ ട്രാക്കോൺ കൊറിയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി ലാഭവിഹിതം പങ്ക് വയ്ക്കുന്ന തരത്തിൽ അഞ്ചു വർഷ കാലത്തേക്ക് കൊറിയർ സർവ്വീസ് നടത്തുവാൻ കരാർ ഉണ്ടാക്കിയിട്ടുണ്ട്. ആയതിനാൽ കെ.എസ്.ആർ.ടി.സി.-ക്ക് തൽക്കാലം പ്രത്യേക കൊറിയർ സർവ്വീസ് നടത്തുവാൻ സാധിക്കുകയില്ല. നിലവിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ ടി കമ്പനിക്ക് വരുമാനം വർദ്ധിക്കുന്നതിന് ആനുപാതികമായി കെ.എസ്.ആർ.ടി.സി.-ക്കും അധിക വരുമാനം ലഭിക്കും.

**കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

156(5145) ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തകർന്നു കിടന്നിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാന്റുകളിൽ മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വിഭാവനം ചെയ്ത് നിർമ്മാണ പ്രവർത്തനം ആരംഭിച്ച ബസ്സ് ടെർമിനലുകളും ഷോപ്പിംഗ് കോംപ്ലക്സുകളും ഇന്നും പൂർണ്ണതോതിൽ പ്രവർത്തനം നടത്താൻ കഴിയാത്തത് ഗൗരവമായി കാണുന്നുണ്ടോ;

(ബി) ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികളും ഓഫീസ് സ്പേസും ഒഴിഞ്ഞു കിടക്കുന്നതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന നഷ്ടം കണക്കിലെടുത്ത് തടസ്സങ്ങൾ നീക്കി സമയബന്ധിതമായി ഇവ ലേലം ചെയ്തു കൊടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ബസ്സ് ടെർമിനലുകളിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനായി പുനഃക്രമീകരണം നടത്തുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ&ബി) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി. നേരിട്ട് നടപ്പിലാക്കിയ ബസ്സ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആരംഭിച്ച് ബി.ഒ.ടി. വ്യവസ്ഥയിൽ കെ.റ്റി.ഡി.എഫ്.സി. പണി പൂർത്തീകരിച്ച അങ്കമാലി, തിരുവനന്തപുരം (തമ്പാനൂർ), കോഴിക്കോട്, തിരുവല്ല എന്നീ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകളിലെ ബസ് ടെർമിനലുകളുടെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിച്ചിട്ടുണ്ട്. ഷോപ്പിംഗ് കോംപ്ലക്സുകളിലെ വാണിജ്യ സ്ഥലങ്ങൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നു.

കെ.റ്റി.ഡി.എഫ്.സി., ബി.ഒ.ടി. വ്യവസ്ഥയിൽ നിർമ്മിച്ചിട്ടുള്ള അങ്കമാലി, തിരുവല്ല, തിരുവനന്തപുരം (തമ്പാനൂർ) എന്നിവിടങ്ങളിലെ ബസ് ടെർമിനൽ കം. ഷോപ്പിംഗ് കോംപ്ലക്സുകളിലെ ഒഴിഞ്ഞ് കിടക്കുന്ന മുറികളും ഓഫീസ് സ്പെയ്സും പല തവണ ടെൻഡർ നടപടികളിലൂടെ ലേലം ചെയ്തുവെങ്കിലും പൂർണ്ണമായി വാടകയ്ക്ക് പോയിട്ടില്ല. കോഴിക്കോട് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകാനുള്ള നടപടികളും നടന്നു വരുന്നു.

(സി) പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

**കെ.എസ്.ആർ.ടി.സി. ബസുകളുടെ ബോഡി നിർമ്മാണം**

157(5146) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസ്സുകൾ നിരത്തിലിറക്കിയെന്ന് അറിയിക്കുമോ;

(ബി) ഈ ബസുകളുടെ ബോഡി നിർമ്മിച്ചത് എവിടെയാണെന്ന് അറിയിക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.യുടെ സ്വന്തം ബോഡി നിർമ്മാണ ശാലകളുടെ സേവനം ഇതിലേക്കായി പൂർണ്ണമായി പ്രയോജനപ്പെടുത്താത്തതിന്റെ കാരണം അറിയിക്കുമോ;

(ഡി) ഇതിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് നഷ്ടം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കുമോ;

(ഇ) ഈ നഷ്ടത്തിന് ഉത്തരവാദികളായവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ജൻറം പദ്ധതി പ്രകാരം ലഭിച്ച 391 ബസുകൾ ഉൾപ്പടെ 2,367 ബസുകൾ നിരത്തിലിറക്കിയിട്ടുണ്ട്.

(ബി) 2367 ബസുകളിൽ ജൻറം പദ്ധതി പ്രകാരം ലഭിച്ച 391 ബസുകളും 10 വോൾവോ മൾട്ടി ആക്സിൽ ബസുകളും 18 സ്കാനിയ മൾട്ടി ആക്സിൽ ബസുകളും പൂർണ്ണ നിർമ്മിത ബസുകളായാണ് വാങ്ങിയിട്ടുള്ളത്. ശേഷിച്ച 1948 ബസുകളുടെ ബോഡി നിർമ്മിച്ചത് കെ.എസ്.ആർ.ടി.സി.-യുടെ അഞ്ച് വർക്ക് ഷോപ്പുകളിലാണ്.

(സി-ഇ) സേവനം പൂർണ്ണമായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ഇന്ധനക്ഷമത**

158(5147) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ;

(ബി) ഇന്ധനക്ഷമത കൂട്ടുന്നതിനും പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി ബസുകളുടെ ഇന്ധന ക്ഷമത വർദ്ധിപ്പിക്കുന്നതിന് ചീഫ് ഓഫീസ് തലത്തിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും അതിന് താഴെ എട്ട് അസിസ്റ്റന്റ് വർക്സ് മാനേജർമാർക്ക് കീഴിൽ ഫ്യൂവൽ ബാച്ചുകൾ പ്രവർത്തിച്ചു വരികയും ചെയ്യുന്നു. കേരളത്തിലെ മുഴുവൻ യൂണിറ്റുകളിലേയും ബസ്സുകളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനും പരിശോധനയ്ക്കും മേൽ സംവിധാനം പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ ഡ്രൈവർമാർ, മെക്കാനിക്കുകൾ എന്നിവർക്ക് ട്രെയിനിംഗ്, ബോധവൽക്കരണ ക്ലാസ്സുകൾ, കൗൺസിലിംഗ് എന്നിവ തനതു സംവിധാനം വഴിയും വാഹന നിർമ്മാതാക്കൾ വഴിയും പെട്രോളിയം കൺസർവേഷൻ റിസർച്ച് അസോസിയേഷൻ (PCRA) വഴിയും നടത്തിവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ തൊട്ടിൽപാലം ഡിപ്പോയിൽ 10-9-2016 മുതൽ ബയോ ഡീസൽ ഉപയോഗിച്ചാണ് ബസുകൾ ഓട്ടുന്നത്. കോഴിക്കോട്, തലശ്ശേരി, കണ്ണൂർ, പയ്യന്നൂർ എന്നീ ഡിപ്പോകളിൽ ബയോഡീസൽ ഉപയോഗിച്ച് ബസുകൾ ഓടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കെ.എസ്.ആർ.ടി.സി. കംപ്രസ്ഡ് നാച്വറൽ ഗ്യാസ്(CNG)-ലേക്ക് മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യുടെ 1000 പുതിയ സി.എൻ.ജി. ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഇന്ധനക്ഷമത കൂട്ടാനും പരിസ്ഥിതി മലിനീകരണം കുറയ്ക്കാനും കഴിയും.

## കെ.എസ്.ആർ.ടി.സി.-യെ സാമ്പത്തിക പരാധീനതകളിൽനിന്നും രക്ഷപ്പെടുത്താൻ നടപടി

159(5148) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യെ സാമ്പത്തിക പരാധീനതകളിൽ നിന്നും രക്ഷപെടുത്താൻ എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. കൊറിയർ സർവ്വീസ് ആരംഭിച്ചത് വിജയകരമായി പ്രവർത്തിക്കുന്നുണ്ടോ;വിശദമാക്കുമോ;കൊറിയർ സർവ്വീസ് എല്ലാ ഡിപ്പോയിൽനിന്നും നടത്തുന്നുണ്ടോ;ഇല്ലെങ്കിൽ എല്ലാ ഡിപ്പോകളെയും ബന്ധിപ്പിച്ചുകൊണ്ട് കൊറിയർ സർവ്വീസ് നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സ്വകാര്യ പങ്കാളിത്തത്തോടെ ഹോം ഡെലിവറി സംവിധാനം കൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യെ നവീകരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് വരികയാണ്. വരുമാനക്കുറവുള്ള സർവ്വീസുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സിസ്റ്റം പരിഷ്കരിച്ച് മാൻ പവർ യൂട്ടിലൈസേഷൻ കൂട്ടുന്നതിനുമുള്ള നടപടികൾ നടന്നു വരികയാണ്. തമിഴ്നാട്,

കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലേക്കുള്ള അന്തർ സംസ്ഥാന സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലേക്കായി പുതിയ അന്തർ സംസ്ഥാന കരാറുകളിൽ എത്തിച്ചേരുന്നതിനുള്ള നടപടികളും നടന്നുവരികയാണ്. അന്തർ സംസ്ഥാന സർവ്വീസുകളിലേക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിലേക്കായി തിരക്കില്ലാത്ത ദിവസങ്ങളിൽ യഥാർത്ഥ നിരക്കിൽ നിന്നും 15 ശതമാനം ഇളവ് ഇപ്പോൾ അനുവദിച്ചുവരുന്നുണ്ട്. അതോടൊപ്പം റെയിൽവേ മാതൃകയിൽ തൽക്കാൽ സംവിധാനവും കഴിഞ്ഞ ഓണക്കാലം മുതൽ കെ.എസ്.ആർ.ടി.സി. ഏർപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി. ബസുകളിൽ ജി.പി.എസ്/ വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VTS) നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. യാത്രക്കാർക്ക് ഇന്റർനെറ്റ് ഉപയോഗിക്കുന്നതിനുവേണ്ടി വൈഫൈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ എറണാകുളം-ബാംഗ്ലൂർ സർവ്വീസ് നടത്തുന്ന രണ്ട് മൾട്ടി ആക്സിൽ വോൾവോ ബസുകളിലും കെ.യു.ആർ.ടി.സി.-യുടെ രണ്ട് ലോ ഫ്ലോർ എ.സി. വോൾവോ ബസുകളിലും ഘടിപ്പിക്കുകയുണ്ടായി. ടി സംവിധാനം മറ്റ് പ്രധാന സൂപ്പർക്ലാസ് സർവ്വീസുകളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കെ.എസ്.ആർ.ടി.സി.ക്ക് ടിക്കറ്റ് വരുമാനത്തിനു പുറമേ ബസ് സ്റ്റേഷനുകളിലെ സ്റ്റാളുകൾ, ക്യാന്റീൻ, ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ എന്നിവ ലേലം/ടെണ്ടർ മുഖേന വാടകയ്ക്ക് നൽകിയും കെ.എസ്.ആർ.ടി.സി. ബസുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പതിക്കുന്നതിന് ടെണ്ടർ മുഖേന ലൈസൻസിയെ കണ്ടെത്തി നൽകിയത് വഴിയും കോഫീവെൻഡിംഗ് മെഷീൻ, എ.ടി.എം എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുവാൻ സ്ഥലം വാടകയ്ക്ക് നൽകുന്നതിലൂടെയും കൊറിയർ സർവ്വീസ് നടത്തിയും കെ.എസ്.ആർ.ടി.സി.-ക്ക് ടിക്കറ്റേതര വരുമാനം ലഭിച്ചു വരികയാണ്.

കെ.എസ്.ആർ.ടി.സി. ബസുകളെ കംപ്രസ്ഡ് നാച്ചറൽ ഗ്യാസ് (CNG)-ലേക്ക് മാറ്റുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യുടെ 1000 പുതിയ സി.എൻ.ജി ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. സി.എൻ.ജി. ബസിലേക്ക് മാറുമ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ ചെലവ് കുറയ്ക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അഞ്ചു വർഷംകൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്.

കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ സമഗ്രമായ പഠനത്തിനും പുനഃസംഘടനയ്ക്കുമായി 24-9-2016 -ലെ G.O. (Rt.) No.367/2016/Tran പ്രകാരം ഐ.ഐ.എം.-ലെ പ്രൊഫ. സുശീൽ ഖന്നയെ കൺസൾട്ടന്റായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവത്ക്കരിക്കുകയും വരുമാന ദായകമാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദനക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്.

(ബി) കെ.എസ്.ആർ.ടി.സി. ടാക്കോൺ കൊറിയേഴ്സ് പ്രൈവറ്റ് ലിമിറ്റഡുമായി ലാഭം പങ്ക് വയ്ക്കുന്ന രീതിയിൽ ആരംഭിച്ചിട്ടുള്ള കൊറിയർ സർവ്വീസ് വിജയകരമായി പ്രവർത്തിച്ചു വരുന്നു. സ്ഥല സൗകര്യം ലഭ്യമായ പ്രധാന ബസ് സ്റ്റേഷനുകളിലെല്ലാം ടാക്കോൺ കൊറിയേഴ്സ് ഓഫീസ് പ്രവർത്തിച്ചു വരുന്നു.

(സി) നിലവിൽ ടാക്കോൺ കമ്പനിയുമായി അഞ്ചു വർഷത്തേക്ക് കരാറിൽ ഏർപ്പെട്ടതിൽ ഹോം ഡെലിവറിയ്ക്ക് വ്യവസ്ഥയില്ല.

**കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിക്കൽ**

160(5149) ശ്രീ. സി. ദിവാകരൻ:
ശ്രീ. ആർ. രാമചന്ദ്രൻ::
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിൽ നിന്നുള്ള ദിവസ വരുമാനം 7 കോടി രൂപ വരെ ഉയർന്നത് പിന്നീട് കുറഞ്ഞതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) വരുമാനം കുറഞ്ഞ സർവ്വീസുകൾ നിർത്തലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ടിക്കറ്റ് വരുമാനത്തിൽ വർദ്ധനവുണ്ടാക്കുന്നതിന് മറ്റെന്തൊക്കെ നടപടികളാണ് ആലോചിച്ചു വരുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. പ്രതിദിന വരുമാനം 7 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിനായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നുണ്ടെങ്കിലും ചുരുക്കം ചില ദിവസങ്ങളിലും യാത്രക്കാർ കൂടുതൽ വരുന്ന ചില ഉത്സവ ദിനങ്ങളിലും മാത്രമാണ് ദിവസവരുമാനം 7 കോടി രൂപയാകുന്നത്. അല്ലാത്ത ദിവസങ്ങളിൽ ശരാശരി 5.5 കോടി രൂപ മാത്രമാണ് പ്രതിദിന വരുമാനം. ആഗസ്റ്റ് 2016-ലെ കണക്കനുസരിച്ച് ആകെയുള്ള 5840 ഷെഡ്യൂളുകളിൽ 3012 എണ്ണം 10,000 രൂപയ്ക്ക് താഴെ വരുമാനം ലഭ്യമാക്കുന്നവയാണ്. ഇതിൽ 2866 എണ്ണം ഓർഡിനറി വിഭാഗത്തിൽപ്പെട്ടു ന്നവയാണ്. 2016 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ആകെ വിതരണം ചെയ്തിട്ടുള്ള കൺസഷൻ ടിക്കറ്റുകളുടെ എണ്ണം 2,89,969 ആകുന്നു. ഇത്രയും വിദ്യാർത്ഥികൾ ഈ ഓർഡിനറി സർവ്വീസുകളിലാണ് യാത്ര ചെയ്തുവരുന്നത്. പ്ലസ് ടു തലംവരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിച്ചതിനാൽ ഈ സൗകര്യം ഉപയോഗിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. ബസുകളിൽ വിദ്യാർത്ഥികളുടെ തിരക്ക് കാരണം മറ്റ് യാത്രക്കാർ ഓർഡിനറി ബസുകളെ കൂടുതലായി ആശ്രയിക്കുന്നില്ല. മാത്രവുമല്ല, ഇത്തരം സർവ്വീസുകൾ ഗ്രാമപ്രദേശങ്ങൾ, മലയോര പ്രദേശങ്ങൾ, തീരപ്രദേശങ്ങൾ തുടങ്ങിയ മേഖലകളിലാണ് സർവ്വീസ് നടത്തിവരുന്നത്. ആയതിനാൽ രാവിലേയും വൈകുന്നേരവും മാത്രമാണ് യാത്രക്കാരുടെ സാന്ദ്രത കൂടുതലായും കണ്ടുവരുന്നത്. ജനപ്രതിനിധികളുടെ നിർദ്ദേശവും സാമൂഹിക പ്രതിബദ്ധതയും മാനിച്ചാണ് ഇവയിൽ പല സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യേണ്ടി വരുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ ഓർഡിനറി സർവ്വീസുകളിൽ ഒരു രൂപ കുറച്ചതും സെസ് ഏർപ്പെടുത്തിയതും കളക്ഷൻ കുറയുന്നതിന് കാരണമായിട്ടുണ്ട്. സെസ് ഏർപ്പെടുത്തിയത് കാരണം യാത്രക്കാർ കൂടുതലായും സ്വകാര്യ ബസ്സുകളെയാണ് ആശ്രയിക്കുന്നത്. സൂപ്പർ ക്ലാസ് സർവ്വീസുകളായ 219 ടേക്ക് ഓവർ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. ഏറ്റെടുത്ത് സർവ്വീസ് നടത്തുന്നുണ്ടെങ്കിലും പ്രൈവറ്റ് ബസുകൾ ദൂരപരിധി നിശ്ചയിക്കാതെ എൽ.എസ്. ഓർഡിനറിയായി സർവ്വീസ് നടത്തുന്നതുകൊണ്ട് കെ.എസ്.ആർ.ടി.സി. സർവ്വീസുകളിൽ വരുമാനം കുറയുവാൻ കാരണമായിട്ടുണ്ട്.

(ബി) വരുമാനക്കുറവുള്ള സർവ്വീസുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വരുമാന ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ വരുന്നപക്ഷം അത്തരം ഷെഡ്യൂളുകൾ നിർത്തലാക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യെ നവീകരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചുവരികയാണ്. വരുമാനക്കുറവുള്ള സർവ്വീസുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും നടന്നു വരികയാണ്. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലേയ്ക്കുള്ള അന്തർ സംസ്ഥാന സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി പുതിയ അന്തർ സംസ്ഥാന കരാറുകളിൽ എത്തിച്ചേരുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. അന്തർ സംസ്ഥാന സർവ്വീസുകളിലേക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിലേയ്ക്കായി തിരക്കില്ലാത്ത ദിവസങ്ങളിൽ യഥാർത്ഥ നിരക്കിൽ നിന്നും 15 ശതമാനം ഇളവ് ഇപ്പോൾ അനുവദിച്ചുവരുന്നുണ്ട്. അതോടൊപ്പം റെയിൽവേ മാതൃകയിൽ തൽക്കാൽ സംവിധാനവും കഴിഞ്ഞ ഓണക്കാലം മുതൽ കെ.എസ്.ആർ.ടി.സി. ഏർപ്പെടുത്തിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ സ്ഥിരപെർമിറ്റ്

161(5150) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോശ്രീപാലം വഴി വൈപ്പിനിലേക്കും തിരിച്ച് എറണാകുളം നഗരത്തിലേക്കും കെ.എസ്.ആർ.ടി.സി.യുടെ എത്ര സ്ഥിരപെർമിറ്റാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ ഈ പെർമിറ്റുകളിലെല്ലാം കെ.എസ്.ആർ.ടി.സി സർവ്വീസ് നടത്തുന്നുണ്ടോ;ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഗോശ്രീപാലംവഴി വൈപ്പിനിലേക്കും തിരിച്ച് എറണാകുളം നഗരത്തിലേക്കും കെ.എസ്.ആർ.ടി.സി. സർവ്വീസുകളൊന്നും നടത്തുന്നില്ല. എന്നാൽ എറണാകുളം നഗരത്തിൽ നിന്നും ഗോശ്രീപാലംവഴി വൈപ്പിൻകരവഴിവരെ 23 സ്ഥിരം പെർമിറ്റുകളും 2 താൽക്കാലിക പെർമിറ്റുകളും അനുവദിച്ചിട്ടുണ്ട്.

(ബി) ടി പെർമിറ്റുകളിൽ 20 സർവ്വീസുകൾ സ്ഥിരമായും 5 സർവ്വീസുകൾ ബസ്സിന്റേയും ജീവനക്കാരുടേയും ലഭ്യതയ്ക്കനുസരിച്ചും സർവ്വീസ് നടത്തുന്നുണ്ട്.

## കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാരുടെ കുറവ്

162(5151) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ സർവ്വീസുകൾ കൃത്യമായി നടത്തുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണത്തിൽ സാരമായ കുറവ് നിലനിൽക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഉണ്ടെങ്കിൽ, കണ്ടക്ടർമാരടക്കമുള്ള ജീവനക്കാരെ അടിയന്തരമായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ചാലക്കുടി ഡിപ്പോയിൽ കുറവുള്ള ജീവനക്കാരെ അടിയന്തരമായി നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ സർവ്വീസുകൾ കൃത്യമായി നടത്തുന്നതിന് ആവശ്യമായ ജീവനക്കാരുടെ എണ്ണത്തിൽ സാരമായ കുറവ് നിലനിൽക്കുന്നില്ല.

(ബി) എണ്ണത്തിൽ സാരമായ കുറവില്ലെങ്കിലും കണ്ടക്ടർമാരുടേത് അടക്കമുള്ള ഉദ്യോഗാർത്ഥികളുടെ അഡ്വൈസ് ലിസ്റ്റ് പി.എസ്.സി.യിൽ നിന്നും ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്.

(സി) നടപടികൾ സ്വീകരിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യിൽ ബ്ലാക്ക് സ്മിത്ത് തസ്തിക

163(5152) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ബ്ലാക്ക്സ്മിത്ത് തസ്തിക നിലവിൽ എത്ര എണ്ണം ഉണ്ട്; ആയതിൽ ഒഴിവുള്ളവ എത്ര; വ്യക്തമാക്കുമോ;

(ബി) ബ്ലാക്ക് സ്മിത്ത് സ്ട്രെങ്ത് അവസാനമായി റിവൈസ് ചെയ്തത് എന്നാണ്; വിശദമാക്കുമോ;

(സി) ബ്ലാക്ക് സ്മിത്ത് സ്ട്രെങ്ത് റിവൈസ് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ കാലാവധി തീരുന്നതിനുമുൻപ് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ ബ്ലാക്ക്സ്മിത്ത് തസ്തിക 800 എണ്ണമുണ്ട്. ആയതിൽ 2 NJD ഒഴിവുകളുണ്ട്.

(ബി) 1-4-2010-ൽ

(സി) പുതുതായി ബസ്സുകൾ നിരത്തിലിറക്കുന്നതനുസരിച്ച് ബ്ലാക്ക്സ്മിത്ത് സ്ട്രെങ്ത് റിവൈസ് ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ഒഴിവുണ്ടാകുന്നതനുസരിച്ച് കാലാവധി തീരുന്നതിന് മുൻപ് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട്**

164(5153) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് വിനിയോഗിച്ച് 2015 ഏപ്രിൽ ഒന്നിന് ശേഷം തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്നും എന്ത് തുക വീതമാണ് ഓരോ പദ്ധതി അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുവാൻ എന്ത് നടപടി സ്വീകരിച്ചുവെന്നും ആത്മഹത്യ തടയുവാൻ പൂവമ്പാറ പാലത്തിൽ നെറ്റ് സ്ഥാപിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ?

ഉത്തരം

(എ) 2015 ഏപ്രിലിനുശേഷം കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് വിനിയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) തിരുവനന്തപുരം, കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനായി പ്രൊപ്പോസലുകളൊന്നും അതോറിറ്റിക്ക് ലഭിച്ചിട്ടില്ല.

തിരുവനന്തപുരം ആറ്റിങ്ങൽ പൂവമ്പാറ പാലത്തിൽ ആത്മഹത്യ തടയുന്നത് സംബന്ധിച്ചുള്ള നടപടികൾ കൈകൊള്ളുന്നതിന് തിരുവനന്തപുരം ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ ചെയർമാനായിട്ടുള്ള ജില്ലാ കളക്ടറോട് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി അതോറിറ്റിയിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**റോഡ് സുരക്ഷാ അതോറിറ്റി**

165(5154) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് സുരക്ഷാ അതോറിറ്റി പ്രവർത്തിച്ചു വരുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) റോഡപകടങ്ങൾ കുറയ്ക്കാനും റോഡ് സുരക്ഷ ഉറപ്പാക്കാനും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നത്; വിവരിക്കുമോ;

(സി) റോഡ് സുരക്ഷയ്ക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2007 ഏപ്രിൽ 13-ലെ വിജ്ഞാപനം നമ്പർ 2622/ലെഗ്.യൂണി 2/07/നിയമം പ്രകാരവും 19-4-2007-ലെ G.O.(P) No. 20/07/Tran ഉത്തരവ് പ്രകാരവുമാണ് കേരള റോഡ് സുരക്ഷാ അതോറിറ്റി നിലവിൽ വന്നിട്ടുള്ളത്.

(ബി) റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലും അതോറിറ്റിയിലെ അനുബന്ധസ്ഥാപനങ്ങൾവഴി നടത്തിയിട്ടുള്ളതും നടത്തിവരുന്നതുമായ വിവിധ പദ്ധതികളെ സംബന്ധിച്ചുള്ള വിവരം ചേർക്കുന്നു.

ദൃശ്യ-ശ്രാവ്യ അച്ചടി മാധ്യമങ്ങളുടെ സാധ്യത ഉപയോഗിച്ച് റോഡ് സുരക്ഷയെ പറ്റി പൊതുജനങ്ങളെ ബോധവൽക്കരണം നടത്തി അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്കാരം രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

ടിപ്പർലോറി/ചരക്കുവാഹനം എന്നിവയുടെ ഡ്രൈവർമാർക്ക് നാറ്റ്പാക്ക്, മോട്ടോർ വാഹന വകുപ്പ് എന്നിവവഴി റോഡുസുരക്ഷ പരിശീലനം നൽകുന്നതിനായി സമ്പത്തിക സഹായം നൽകിയിട്ടുണ്ട്. റോഡ് സുരക്ഷാ ബോധവൽക്കരണം വ്യാപകമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സാധ്യമാകുന്ന എല്ലാ സിനിമാതിയേറ്ററുകളിലൂടേയും റോഡ് സുരക്ഷയുമായി

ബന്ധപ്പെട്ട ഹ്രസ്വ ചിത്രങ്ങൾ സംപ്രേക്ഷണം ചെയ്യുന്നതിനായി പോലീസ് (ട്രാഫിക്) വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് തിയേറ്ററുകളിൽ പ്രദർശിപ്പിച്ചുവരുന്നു.

രാത്രകാല എയർപോട്ടർ യാത്ര അപകടങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി രാത്രികാല സവാരി നടത്തുന്ന ഡ്രൈവർമാരേയും യാത്രക്കാരേയും ബോധവൽക്കരിക്കുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച ലീഫ് ലെറ്റുകൾ കേരളത്തിലെ മൂന്ന് അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ പരിധിയിൽ വരുന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ രാത്രികാലങ്ങളിൽ വിതരണം ചെയ്തു വരുന്നു.

വാഹനഡ്രൈവർമാരെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച ' റോഡ് റെഗുലേഷൻസ് '_ എന്ന ലീഫ് ലെറ്റുകൾ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മുഖേന എല്ലാ ജില്ലകളിലും വിതരണം ചെയ്തു വരുന്നു.

നാറ്റ്പാക്ക് തയ്യാറാക്കിയ ' സ്കൂളിലേക്ക് ഒരു സുരക്ഷിത പാത' എന്ന പുസ്തകത്തിന്റേയും' അധ്യാപക പഠന സഹായി' എന്ന പുസ്തകത്തിന്റേയും ഇംഗ്ലീഷ്, മലയാളം വാല്യങ്ങളുടെ കോപ്പികൾ അച്ചടിച്ച് സ്കൂൾ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പുസ്തകങ്ങൾ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ മുഖേന കേരളത്തിലെ സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്.

സ്കൂൾ വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷാ ബോധവൽക്കരണം നൽകുന്നതിന്റെ ഭാഗമായി നാറ്റ്പാക്ക് തയ്യാറാക്കിയ അഞ്ച് റോഡ് സുരക്ഷാ ഹ്രസ്വ ചിത്രങ്ങൾ കേരളത്തിലെ സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. റോഡ് സുരക്ഷയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധമുണ്ടാക്കുവാനും റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുവാനും കേരളത്തിലെ ചില സ്കൂൾ/ കോളേജുകളിൽ റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബ്ബുകൾ കേരളത്തിലെ എല്ലാ സ്കൂൾ/ കോളേജുകളിലും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

റോഡ് സുരക്ഷാ എൻഫോഴ്സ്മെന്റ്:

1. ബോധവൽക്കരണ പരിപാടികൾ കൂടാതെ പോലീസ്, മോട്ടോർ വാഹന വകുപ്പുകൾ നിരന്തരമായി വാഹന പരിശോധന നടത്തുന്നുണ്ട്. ട്രാഫിക് നിയമം തെറ്റിക്കൽ, മദ്യപിച്ച് വാഹനം ഓടിക്കൽ, അമിത വേഗത മുതലായവ കണ്ടെത്തി കുറ്റക്കാരെ ശിക്ഷിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി പോലീസ്-മോട്ടോർ വാഹന വകുപ്പുകൾക്ക് റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നിരീക്ഷണ ക്യാമറകൾ, ആൽക്കോമീറ്ററുകൾ, ഇന്റർസെപ്റ്റർ വാഹനങ്ങൾ മുതലായവ വാങ്ങിയിട്ടുണ്ട്. കൂടാതെ അപകട സാദ്ധ്യത കൂടുതലുള്ള ബ്ലാക്ക്സ്പോട്ടുകൾ കണ്ടെത്തുകയും അത് പരിഹരിക്കുവാനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ്വഴി സ്വീകരിച്ചിട്ടുമുണ്ട്. പുതിയ ബ്ലാക്ക്സ്പോട്ടുകൾ കണ്ടെത്തുന്നതിന് പോലീസ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലാതലത്തിൽ റോഡ് സുരക്ഷ കാര്യക്ഷമമാക്കുന്നതിനുവേണ്ടി എല്ലാ ജില്ലകളിലേയും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് തുക നൽകി വരുന്നു. അപകട കാരണങ്ങൾ പരിശോധിച്ച്, ആയവ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ആക്സിഡന്റ് റിവ്യൂ കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂളുകൾക്കു സമീപം ഉണ്ടാകുന്ന അപകടങ്ങൾ ലഘൂകരിക്കുവാൻ പൊതുമരാമത്ത് വകുപ്പ് മുഖാന്തരം സ്കൂൾ സേഫ്സോൺ നിർമ്മിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പോലീസ് വകുപ്പുവഴി പോലീസ് ഉദ്യോഗസ്ഥർക്ക് ട്രാഫിക്ക് ട്രെയിനിംഗ് നൽകുവാനും രണ്ട് ഡിജിറ്റലൈസ്ഡ് ട്രാഫിക്ക് എഡ്യൂക്കേഷൻ വാഹനങ്ങൾ തയ്യാറാക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും ട്രാഫിക്ക് ട്രെയിനിംഗ് പാർക്ക് നിർമ്മിക്കുവാനും ഹൈവേയിലേക്ക് ചെറിയ വഴികൾ പ്രവേശിക്കുന്ന സ്ഥലത്ത് " നിൽക്കൂ, നോക്കൂ, നീങ്ങൂ" എന്ന സൈൻബോർഡ് സ്ഥാപിക്കുവാനും ആരോഗ്യ വകുപ്പുവഴി ട്രോമാകെയർ യൂണിറ്റുകൾ ശക്തിപ്പെടുത്തുവാനും പൊതുമരാമത്ത് വകുപ്പുവഴി ക്രാഷ് ബാരിയറുകൾ നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ട്രോമാകെയർ യൂണിറ്റുകൾ താലൂക്ക് തലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് കൈക്കൊണ്ടുവരുന്നു. പോലീസ് വകുപ്പിന് ശുഭയാത്ര എന്ന ട്രാഫിക് ബോധവൽക്കരണ പരിപാടി നടത്തുന്നതിന് അതോറിറ്റിയിൽനിന്ന് ഫണ്ട് നൽകിയിട്ടുണ്ട്.

(സി) കേരള റോഡ് സുരക്ഷാ അതോറിറ്റിയും പോലീസ്, മോട്ടോർ വാഹനം, ആരോഗ്യം, വിദ്യാഭ്യാസം, പൊതുമരാമത്ത് എന്നീ വകുപ്പുകളും നാറ്റ്പാക്, കെൽട്രോൺ എന്നീ സ്ഥാപനങ്ങളും നൽകുന്ന പ്രൊപ്പോസലുകൾ അതോറിറ്റി/ എക്സിക്യൂട്ടീവ് യോഗങ്ങളുടെ അംഗീകാരത്തോടെ പദ്ധതി നടത്തിപ്പിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് നൽകിവരുന്നു.

**റോഡ് സുരക്ഷാ ഫണ്ട്**

166(5155) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷാ ഫണ്ട് അനുവദിക്കുന്നതും ചെലവഴിക്കുന്നതും ഏത് മാനദണ്ഡങ്ങൾ അനുസരിച്ചാണെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷം റോഡ് സുരക്ഷാ ഫണ്ടിൽനിന്നും അനുവദിച്ച തുക എത്രയാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) കഴിഞ്ഞ അഞ്ച് വർഷം റോഡ് സുരക്ഷാ ഫണ്ടിൽനിന്നും കാസർഗോഡ് ജില്ലയ്ക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക ഏതെല്ലാം കാര്യങ്ങൾക്കാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് വകുപ്പ് 13 പ്രകാരം താഴെപ്പറയുന്ന ആവശ്യങ്ങൾക്കായാണ് റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിക്കുന്നത്:

വകുപ്പ് :-13

1. റോഡ് സുരക്ഷാ പരിപാടികൾക്ക്
2. റോഡ് സുരക്ഷ സംബന്ധിച്ച ബോധവൽക്കരണത്തിന്
3. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ വാങ്ങലുകൾക്ക്
4. റോഡ് സുരക്ഷ സംബന്ധിച്ച് പദ്ധതികളിന്മേലുള്ള അംഗീകൃത പഠനങ്ങൾക്കും ഗവേഷണത്തിനുമുള്ള ചെലവിന്
5. ട്രോമാകെയർ പരിപാടികൾക്കും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും.
6. അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾക്ക്

7. അതോറിറ്റിക്ക് യുക്തമെന്ന് തോന്നുന്ന റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ള ചെലവിന്

8. നിർണ്ണയിച്ചേക്കാവുന്ന മറ്റേതെങ്കിലും ആവശ്യത്തിനും

കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അനുബന്ധ വകുപ്പുകളായ പോലീസ്, മോട്ടോർ വാഹന വകുപ്പ്, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസം എന്നീ വകുപ്പുകളും നാറ്റ്പാക്ക്, കെൽട്രോൺ തുടങ്ങിയ സ്ഥാപനങ്ങളും റോഡ് സുരക്ഷാ പ്രവർത്തനം സംബന്ധിച്ച് നൽകുന്ന പ്രൊപ്പോസലുകൾ ബഹു. ഗതാഗത വകുപ്പ് മന്ത്രി ചെയർമാനായിട്ടുള്ള അതോറിറ്റി യോഗത്തിലും ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളിലുംസമർപ്പിക്കുകയും അതോറിറ്റി യോഗം അംഗീകരിക്കുന്ന പദ്ധതികൾക്ക് ഫണ്ട് അനുവദിക്കുകയും ചെയ്യുന്നു.

(ബി-സി) കഴിഞ്ഞ അഞ്ച് വർഷം റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നൽകിയ ഫണ്ട് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

**ശബരിമല തീർത്ഥാടനത്തിന് ഗതാഗതസൗകര്യങ്ങൾ**

167(5156) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അനിൽ അക്കര:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുന്ന മണ്ഡല കാലത്ത് ശബരിമല തീർത്ഥാടനത്തിന് എന്തെല്ലാം ഗതാഗത സൗകര്യങ്ങളാണ് കെ.എസ്.ആർ.ടി.സി.ഒരുക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ഡിപ്പോകളിൽനിന്നുമാണ് ശബരിമലയ്ക്ക് ബസ്സ് സർവ്വീസ് നടത്താനുദ്ദേശിക്കുന്നത്; വിശദീകരിക്കുമോ;

(സി) തീർത്ഥാടകർക്ക് വേണ്ടി ചെയിൻ സർവ്വീസ് ആവശ്യമുള്ള സ്ഥലങ്ങളിൽ പ്രസ്തുത സർവ്വീസ് നടത്താൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ശബരിമല തീർത്ഥാടനത്തിന് മുൻകാലങ്ങളിൽ നടപ്പിലാക്കിയതു പോലെ തന്നെ എല്ലാ ക്രമീകരണങ്ങളും ചെയ്യുന്നതാണ്. തീർത്ഥാടനത്തിന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഏറ്റവും കൂടുതൽ ഭക്തജനങ്ങൾ എത്തുന്ന ചെങ്ങന്നൂർ, കുമിളി, പത്തനംതിട്ട, കോട്ടയം, എറണാകുളം, കൊട്ടാരക്കര, തിരുവനന്തപുരം സെൻട്രൽ, എരുമേലി എന്നീ ഡിപ്പോകളിൽനിന്നും ആവശ്യത്തിനു സർവ്വീസ് നടത്തുന്നതിന് അധിക ബസ് നൽകാനും ജീവനക്കാരെ നിയമിക്കുന്നതിനും നടപടി എടുത്തിട്ടുണ്ട്. കൂടാതെ പമ്പ-നിലയ്ക്കൽ ചെയിൻ സർവ്വീസ് നടത്തുന്നതിന് 130 ബസുകൾ ഘട്ടം ഘട്ടമായി നൽകുന്നതാണ്. ദീർഘദൂര സർവ്വീസുകൾ നടത്തുന്നതിനുവേണ്ടി പമ്പയിലേക്ക് ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലേക്കുള്ള ബസുകൾ അനുവദിക്കുന്നതാണ്. ഇതിനാവശ്യമായ ജീവനക്കാരെയും മറ്റ് അനുബന്ധ ഘടകങ്ങളും പമ്പയിൽ ഒരുക്കുന്നതാണ്. ഓൺലൈനിലൂടെ സീറ്റുകൾ മുൻകൂട്ടി റിസർവ് ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഗ്രൂപ്പ് ബുക്കിംഗിനും ഗ്രൂപ്പുകൾക്ക് മാത്രമായി പ്രത്യേക പാക്കേജുകളും തയ്യാറാക്കിയിട്ടുണ്ട്.

**നിയമസഭാസാമാജികർക്കുള്ള യാത്രാ സൗജന്യങ്ങൾ**

168 (5157) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ സാമാജികർക്ക് യാത്രാ സൗജന്യങ്ങൾ ഏതെല്ലാം കെ.എസ്.ആർ.ടി.സി ബസുകളിൽ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) കെ.യു.ആർ.ടി.സി.- യുടെ എ.സി ലോഫ്ലോർ ബസുകളിൽ നിയമസഭാ സാമാജികർക്ക് യാത്രാസൗജന്യം ഉണ്ടോ ;വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ബസുകളിൽ എന്തു കൊണ്ട് നിയമസഭാ സാമാജികർക്ക് യാത്രാ സൗജന്യമില്ല എന്ന് വ്യക്തമാക്കുമോ;

(ഡി) കെ.യു.ആർ.ടി.സി.- യുടെ എ.സി ലോഫ്ലോർ ബസുകളിൽ നിയമസഭാ സാമാജികർക്ക് യാത്രാ സൗജന്യം ഭാവിയിൽ ഏർപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടോ ;വിശദമാക്കുമോ?

ഉത്തരം

(എ) സൂപ്പർ ഡീലക്സ്, സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ് വരെയുള്ള കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ ബസുകളിലും സൗജന്യ പാസ് അനുവദിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി&ഡി) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെയുള്ള പ്രത്യേക ഗതാഗത പദ്ധതിയായ കെ.യു.ആർ.ടി.സി.യിൽ ആർക്കുംതന്നെ യാത്രാ സൗജന്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇപ്രകാരമുള്ള യാത്രാ സൗജന്യം നിലവിൽ ആലോചിക്കുന്നില്ല.

**ലക്കിടി കൂട്ടുപാതയിൽ ട്രാഫിക് സിഗ്നൽ സംവിധാനം**

169(5158) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ലക്കിടി കൂട്ടുപാതയിൽ ട്രാഫിക് സിഗ്നൽ സംവിധാനം ഏർപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) ധാരാളം അപകടങ്ങൾ സംഭവിക്കുന്ന ജംഗ്ഷനാണ് ലക്കിടി കൂട്ടുപാത എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ&ബി) തൽക്കാലം പരിഗണനയിലില്ല.

(സി) ഉണ്ട്. കൂട്ടുപാതയ്ക്ക് സമീപം മംഗലം എന്ന സ്ഥലത്ത് അപകടങ്ങൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അപകടം കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് വാഹന പരിശോധനകൾ നടത്തി വരുന്നു.

**ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിന് പുതിയ പദ്ധതി**

170(5159) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയിൽ വീർപ്പുമുട്ടുന്ന കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ പ്രായം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യിലെ ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിന് പുതിയ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) നയപരമായ കാര്യമായതിനാൽ ഇപ്പോൾ ഈ പ്രശ്നം ആലോചനയിലില്ല.

(ബി) കെ.എസ്.ആർ.ടി.സി.-യിലെ ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിന് പുതിയ പദ്ധതി ആവിഷ്കരിക്കുന്നത് ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

കെ.എസ്.ആർ.ടി.സി.-യിൽ ഇപ്പോൾ നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും സാമൂഹ്യ പ്രതിബദ്ധതയും സാമ്പത്തിക സ്വയം പര്യാപ്തതയുമുള്ള ഒരു സ്ഥാപനമാക്കി മാറ്റുന്നതിലേക്കും സമഗ്രമായ പുനരുദ്ധാരണം ലക്ഷ്യമിട്ട് പഠനം നടത്തുന്നതിനായി കൊൽക്കട്ടയിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ സർക്കാർ കൺസൾട്ടന്റായി നിയോഗിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**സ്വകാര്യ ബസുകൾക്ക് സർവ്വീസ്**

171(5160) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി നഗരത്തിലെ ബി.ടി.എച്ച്. ജംഗ്ഷൻ വരെയുള്ള റോഡുകൾ (3 കി.മീ.) (മേനക, ഷൺമുഖം റോഡ്, ജെട്ടി, ഹോസ്പിറ്റൽ റോഡ്, ജോസ് ജങ്ഷൻ) വഴി സ്വകാര്യ ബസുകൾക്ക് സർവ്വീസ് നടത്തുന്നതിനുള്ള അനുമതി സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവ്, ഹൈക്കോടതി, സുപ്രീംകോടതി ഉത്തരവുകളുടെ പകർപ്പുകൾ എന്നിവ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

14-7-2009-ലെ സ.ഉ. (പി) നമ്പർ 42/2009/ഗതാ. നമ്പർ സർക്കാർ ഉത്തരവിലെ അനുബന്ധത്തിലെ സീരിയൽ നമ്പർ 6 – തിരുവനന്തപുരം-പാലക്കാട്, സീരിയൽ നമ്പർ 7 – തിരുവനന്തപുരം-കണ്ണൂർ, സീരിയൽ നമ്പർ 14 – എറണാകുളം-തേക്കടി, സീരിയൽ നമ്പർ 18- എറണാകുളം-തൃശ്ശൂർ, സീരിയൽ നമ്പർ 19 - എറണാകുളം-പാലക്കാട്, സീരിയൽ നമ്പർ 20 എറണാകുളം-ഗുരുവായൂർ, സീരിയൽ നമ്പർ 21 -എറണാകുളം-പയ്യന്നൂർ എന്നിവ

കൊച്ചി നഗരത്തിലൂടെ കടന്നുപോകുന്ന കൊച്ചി നഗരത്തിലെ ബി.ടി.എച്ച്. ജംഗ്ഷൻ വരെയുള്ള റോഡുകൾ ( 3 കി.മീ.)( മേനക, ഷൺമുഖം റോഡ്, ജെട്ടി, ഹോസ്പിറ്റൽ റോഡ്, ജോസ് ജംഗ്ഷൻ) ഉൾപ്പെടുന്ന വിവിധ ദേശസാൽകൃത റൂട്ടുകളാണ്. ടി സർക്കാർ ഉത്തരവ് ലംഘിച്ച് ഈ റൂട്ടുകളിൽ പെർമിറ്റ് അനുവദിക്കാവുന്നതല്ല. വിവിധ കേസ്സുകളിലായി ബഹു. ഹൈക്കോടതിയും ബഹു. സുപ്രീം കോടതിയും ഈ ഭാഗങ്ങൾ ഉൾപ്പെടുന്ന റൂട്ടുകളിൽ പെർമിറ്റ് അനുവദിക്കരുതെന്ന് വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ചോദ്യത്തിൽ സൂചിപ്പിച്ച റോഡുകൾ മാത്രം പരാമർശിച്ച കോടതി ഉത്തരവുകൾ നിലവിലില്ല. 14-7-2009-ലെ സ.ഉ. (പി)നമ്പർ 42/2009/ഗതാ. നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

## പാസഞ്ചർ ഇതര ഔദ്യോഗിക വാഹനമോടിക്കുന്നവരെ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡങ്ങൾ

172(5161) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഭവനിലെ പാസഞ്ചർ ഇതര ഔദ്യോഗിക വാഹനമോടിക്കുന്നവരെ തെരഞ്ഞെടുക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങളൊന്നു മില്ലാത്തതിനാൽ ഒരേ ആൾക്കാർതന്നെ വർഷങ്ങളോളം ആ തസ്തികയിൽ ജോലി ചെയ്യുന്നതുകൊണ്ട് മറ്റാർക്കും അവസരം കിട്ടാത്ത അവസ്ഥ ഉണ്ടാകുന്നുണ്ടെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(ബി) വിവേചനം ഉണ്ടാകുന്ന അവസ്ഥ ഒഴിവാക്കാൻ നിയമനത്തിന് ഉചിതമായ മാനദണ്ഡവും പരമാവധി കാലപരിധിയും നിശ്ചയിച്ച് അർഹരായ താല്പര്യമുള്ള മറ്റ് കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർക്കും അവസരം നൽകാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെടുന്നപക്ഷം നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**നഗരങ്ങളിലെ ഗതാഗത തിരക്ക് ഒഴിവാക്കുന്നതിന് പദ്ധതികൾ**

173(5162) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നഗരത്തിൽ ഗതാഗതക്കുരുക്കുമൂലം ജനം വീർപ്പുമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗതാഗത തിരക്ക് ഒഴിവാക്കുന്നതിനുള്ള പദ്ധതിയിൽ കാസർഗോഡ് നഗരത്തെ ഉൾപ്പെടുത്തുന്നതിനുനടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഈ പദ്ധതിയിൽ കാസർഗോഡ് നഗരത്തെ ഉൾപ്പെടുത്തുമോ;

(ഡി) കാസർഗോഡ് നഗരത്തിലെ ഗതാഗതക്കുരുക്കിനുശാശ്വത പരിഹാരം കാണുന്നതിനെക്കുറിച്ചാലോചിക്കുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം വിളിക്കാൻ മുൻകയ്യെടുക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) ബാധകമല്ല.

(ഡി) 3-10-2016-ന് കാസർഗോഡ് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ റോഡ് സേഫ്റ്റി കൗൺസിൽ യോഗം ചേരുകയും മുനിസിപ്പാലിറ്റി തലത്തിലും പഞ്ചായത്ത് തലത്തിലും ട്രാഫിക് ക്രമീകരണ സമിതികൾ ചേർന്ന് ഗതാഗത പ്രശ്നത്തിൽ ശാശ്വത പരിഹാരം കാണുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. തിരക്കേറിയ ജംഗ്ഷനുകളിൽ കാൽനടയാത്രക്കാർക്ക് റോഡ് മുറിച്ച് നടക്കുന്നതിനായി Foot Over Bridge സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ അയച്ചുതരുവാൻ കളക്ടറോട് (ചെയർമാൻ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ) ആവശ്യപ്പെട്ടിട്ടുണ്ട്.

**പുനലൂരിൽ നിന്നും കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ്**

174(5163) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂരിൽനിന്നും പത്തനംതിട്ട-റാന്നി-എരുമേലി വഴി പൊൻകുന്നത്തേയ്ക്കും മുണ്ടക്കയത്തേക്കും കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ് ആരംഭിച്ചത് എന്നു മുതലാണ്; ആരംഭ ഘട്ടത്തിൽ എത്ര സർവ്വീസ് ഉണ്ടായിരുന്നു;

(ബി) ഇപ്പോൾ ഇതേ റൂട്ടിൽ ദിവസേന എത്ര സർവ്വീസ് നടത്തുന്നുണ്ട്; ലാഭകരമായ സർവ്വീസുകൾ വെട്ടിക്കുറയ്ക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; ഇതുമൂലം പൊതുജനങ്ങൾക്ക് ഉണ്ടായ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വെട്ടിക്കുറച്ച സർവ്വീസുകൾ പുനഃസ്ഥാപിച്ച് ചെയിൻ സർവ്വീസ് കാര്യക്ഷമമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) 25-9-2008-ലാണ് പുനലൂർ-പത്തനംതിട്ട-റാന്നി-എരുമേലി-മുണ്ടക്കയം ചെയിൻ സർവ്വീസ് ആരംഭിച്ചത്. ആരംഭഘട്ടത്തിൽ 7 സർവ്വീസുകൾ ഉണ്ടായിരുന്നു. പുനലൂരിൽ നിന്നും പത്തനംതിട്ട-റാന്നി-എരുമേലി വഴി പൊൻകുന്നത്തേക്ക് ചെയിൻ സർവ്വീസ് ഒന്നും തന്നെ ആരംഭിച്ചിട്ടില്ല.

(ബി) ഇപ്പോൾ ഇതേ റൂട്ടിൽ ദിവസേന പത്തനംതിട്ടയിൽ നിന്നുള്ള 6 സർവ്വീസുകളും പൊൻകുന്നത്തുനിന്നുള്ള 4 സർവ്വീസുകളും പുനലൂരിൽ നിന്നുള്ള 4 സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ഓർഡിനറി ബസ്സുകളുടെ ലഭ്യതക്കുറവ് മൂലമാണ് സർവ്വീസുകൾ വെട്ടിക്കുറയ്ക്കേണ്ട സാഹചര്യമുണ്ടായത്. ടി സർവ്വീസുകൾ റദ്ദ് ചെയ്യുന്നതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പുതിയ ബസുകൾ ലഭ്യമാകുന്നതിനനുസൃതമായി വെട്ടിക്കുറച്ച ചെയിൻ സർവ്വീസുകൾ കാര്യക്ഷമമായി ഓപ്പറേറ്റ് ചെയ്യുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസുകളുടെ പാർക്കിംഗ്

175(5164) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് മുൻവശമുള്ള പൊതുമരാമത്ത് റോഡിൽ രാത്രികാലങ്ങളിൽ കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകൾ പാർക്കു ചെയ്യുന്നത് അപകടം വരുത്തിവെക്കുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബസ്സുകൾ റോഡിൽ പാർക്കു ചെയ്യുന്നതുകൊണ്ട് എതിർദിശയിൽ നിന്ന് വരുന്ന വാഹനങ്ങൾ കാണാത്തതിനാൽ വാഹനമോടിക്കുന്നവർക്കുള്ള പ്രയാസം ആരെങ്കിലും ഇതിനുമുമ്പ് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(സി) കാസർകോഡ് ജില്ലാ വികസന സമിതിയിൽ ഈ പ്രശ്നം ആരെങ്കിലും ഉന്നയിച്ചിരുന്നോ; എങ്കിൽ ആര്, എപ്പോൾ ഉന്നയിച്ചുവെന്നും അതിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്നും വ്യക്തമാക്കുമോ;

(ഡി) വാഹനമോടിക്കുന്നവർക്കു പ്രയാസം സൃഷ്ടിക്കുന്ന അപകട സാധ്യത ഏറെയുള്ള കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകളുടെ പാർക്കിംഗ് നിർത്തലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് മുൻവശമുള്ള പൊതുമരാമത്ത് റോഡിൽ രാത്രികാലങ്ങളിൽ കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകൾ പാർക്കു ചെയ്യുന്നതുമൂലം ഇതുവരേയും അപകടം ഉണ്ടായിട്ടില്ല.

(ബി&സി) കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് മുൻവശത്ത് രാത്രികാലങ്ങളിൽ അന്യ വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് അപകടങ്ങൾ ഉണ്ടാക്കുന്നുണ്ടെന്നും ഇതു പരിശോധിച്ച് നടപടികൾ സ്വീകരിക്കണമെന്നും ബഹു. എം.എൽ.എ ശ്രീ. എൻ.എ. നെല്ലിക്കുന്ന് 25-4-2015-ൽ കളക്ടേറ്റ് മിനി കോൺഫറൻസ് ഹാളിൽ നടന്ന കാസർഗോഡ് ജില്ലാ വികസന സമിതിയോഗത്തിൽ ഉന്നയിക്കുകയും മേൽ പറഞ്ഞ കാര്യങ്ങൾ വ്യക്തമാക്കി അദ്ദേഹത്തിന് മറുപടി നൽകിയിട്ടുള്ളതുമാണ്.

(ഡി) രാത്രി 10 മണിമുതൽ രാവിലെ 5.45 മണിവരെയാണ് പ്രസ്തുത ബസുകൾ പാർക്ക് ചെയ്യുന്നത്. ഒരു അപകടവും ഇതുവരെ ഉണ്ടായിട്ടില്ല. കാസർഗോഡ് കെ.എസ്.ആർ.ടി.സി ഡിപ്പോയ്ക്ക് അകത്തെ സ്ഥലപരിമിതി മൂലമാണ് ഇത്തരത്തിൽ പാർക്ക് ചെയ്യേണ്ടിവരുന്നത്.

## നിലമ്പൂർ ഡിപ്പോയിലെ അടിസ്ഥാന സൗകര്യം

176(5165) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മാതൃകാ ഡിപ്പോ ആയ നിലമ്പൂർ ഡിപ്പോയിൽ അടിസ്ഥാന സൗകര്യങ്ങളും, ബസും, ജീവനക്കാരും കുറവാണ് എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുജനങ്ങൾ കൂടുതൽ സഞ്ചരിക്കുന്ന വഴിക്കടവ്-കോഴിക്കോട് റൂട്ടിൽ ഏഴോളം ബസുകൾ ദിവസവും ക്യാൻസൽ ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലമ്പൂർ ഡിപ്പോയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി ആധുനിക രീതിയിലുള്ള ബസ്സ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പുരോഗതിയിലാണ്.

ബസുകളുടെ കുറവ് നിലവിലില്ല. നിലമ്പൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ 5 നോൺ എ.സി. ജൻറം ഉൾപ്പെടെ 62 ഷെഡ്യൂളുകളാണ് ഉണ്ടായിരുന്നത്. സ്ഥിരമായി ഓപ്പറേറ്റ് ചെയ്യാത്ത ഷെഡ്യൂളുകൾ ഒഴിവാക്കുകയും അതനുസരിച്ച് രണ്ട് ടേക്ക് ഓവർ സർവ്വീസ് ഉൾപ്പെടെ 41 ആർ.ടി.സി ഷെഡ്യൂളുകളും 5 ജൻറം ഷെഡ്യൂളുകളുമാണ് നിലവിലുള്ളത്. പ്രസ്തുത ആർ.ടി.സി ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ഉൾപ്പെടെ 45 ബസുകളാണ് ആവശ്യമായിട്ടുള്ളത്. 51 ആർ.ടി.സി. ബസുകളും 5 ജൻറം ബസുകൾ ഉൾപ്പെടെ ബസുകൾ നിലവിലുണ്ട്.

ജീവനക്കാരുടെ എണ്ണത്തിൽ കുറവ് ഉണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പുതിയ ബസ്സുകൾ നിരത്തിലിറങ്ങുന്ന മുറയ്ക്ക് ടി പ്രശ്നം പരിഹരിക്കുന്നതാണ്.

## മുതിർന്ന പൗരന്മാർക്ക് സൂപ്പർ ഫാസ്റ്റ് ബസ്സുകളിൽ പ്രത്യേക റിസർവ്വേഷൻ

177(5166) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതിർന്ന പൗരന്മാർക്ക് സൂപ്പർ ഫാസ്റ്റ് ബസ്സുകളിൽ പ്രത്യേക റിസർവ്വേഷൻ അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) മുൻകൂട്ടി റിസർവ് ചെയ്ത് യാത്ര ചെയ്യേണ്ട ബസ്സുകളിൽ മുതിർന്ന പൗരന്മാർ, സ്ത്രീകൾ, വികലാംഗർ എന്നിവർക്ക് പ്രത്യേകമായി സീറ്റ് അനുവദിച്ചിട്ടുണ്ടോ; റിസർവ്വേഷൻ കൗണ്ടറിൽ റിസർവ് ചെയ്യാതെ തന്നെ അവർക്ക്മാറ്റി വച്ച സീറ്റുകൾ അനുവദിക്കുമോ എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ മുതിർന്ന പൗരന്മാർക്ക് സൂപ്പർ ഫാസ്റ്റ് ബസുകളിൽ റിസർവ്വേഷൻ അനുവദിച്ചിട്ടുണ്ട്.

(ബി) മുൻകൂട്ടി റിസർവ് ചെയ്ത് യാത്ര ചെയ്യേണ്ട ബസ്സുകളിൽ സ്ത്രീകൾക്ക് മാത്രം 1 മുതൽ 3 വരെയുള്ള സീറ്റുകൾ പ്രത്യേകമായി അനുവദിച്ചിട്ടുണ്ട്. മറ്റുള്ള സീറ്റുകളിൽ സംവരണം ഏർപ്പെടുത്തിയിട്ടില്ല. റിസർവ് ചെയ്യാതെ തന്നെ അവർക്കുവേണ്ടി സീറ്റ് മാറ്റിവയ്ക്കുവാൻ സാധിക്കുകയില്ല. അത്തരത്തിലുള്ള സംവരണം, സീറ്റുകൾ ഒഴിഞ്ഞു കിടക്കുവാൻ ഇടവരുന്ന സാഹചര്യത്തിൽ കൂടുതൽ നഷ്ടം സംഭവിക്കുമെന്നുള്ളതിനാൽ ഇതര വിഭാഗങ്ങൾക്ക് റിസർവ് ചെയ്ത് യാത്ര ചെയ്യുന്ന ബസ്സുകളിൽ സംവരണം ഏർപ്പെടുത്തുവാൻ സാധിക്കുകയില്ല.

## കർണ്ണാടക സുള്ള്യയിലേയ്ക്ക് കെ.എസ്.ആർ.ടി.സി.യുടെ ബസ്സുകൾ

178(5167) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മലയോര പ്രദേശമായ ബന്തടുക്ക വഴി കർണ്ണാടകത്തിലെ സുള്ള്യയിലേക്ക് കെ.എസ്.ആർ.ടി.സി.യുടെ ബസ്സുകൾ സർവ്വീസ് തുടങ്ങുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇതു സംബന്ധിച്ച് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള അന്തർ സംസ്ഥാന കരാറിൽ ടി റൂട്ട് ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാനാവില്ല.

(ബി)നിവേദനം ലഭിക്കുകയും പ്രസ്തുത റൂട്ടിനെ സാദ്ധ്യതാ പഠനത്തിന് വിധേയമാക്കുകയും ചെയ്തു. വീതി കുറഞ്ഞ റോഡായതിനാൽ എതിരെ വരുന്ന വാഹനങ്ങൾക്ക് സൈഡ് കൊടുക്കുവാൻ സാധിക്കാത്ത സാഹചര്യമാണ്. റോഡിന് വീതികൂട്ടുന്ന മുറയ്ക്ക് അന്തർ സംസ്ഥാന കരാറിൽ ഉൾപ്പെടുത്തി സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## യാത്രപ്പടി, മീറ്റിംഗ് ചെലവുകൾ, വാഹന വാടക എന്നീ ഇനത്തിൽ ചെലവഴിച്ച തുക

179 (5168) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ സി.എം.ഡി. ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർ 2015 ജനുവരി 1 മുതൽ 2016 മേയ് 31 വരെയുള്ള കാലയളവിൽ യാത്രപ്പടി, മീറ്റിംഗ് ചെലവുകൾ, വാഹന വാടക എന്നീ ഇനത്തിൽ ചെലവഴിച്ച തുക തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തിന് പുറത്ത് എത്ര മീറ്റിംഗുകൾ കെ.എസ്.ആർ.ടി.സി. അധികൃതർ നടത്തിയിരുന്നു; മീറ്റിംഗിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സ്വീകരിച്ച തുടർ നടപടികളും വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

## ഗുരുവായൂർ-വേളാങ്കണ്ണി ബസ് റൂട്ട്

180(5169) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ, വേളാങ്കണ്ണി തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു പുതിയ കെ.എസ്.ആർ.ടി.സി. ബസ് റൂട്ട് അനുവദിക്കുന്നതിലേക്കായി മണലൂർ എം.എൽ.എ. മുഖാന്തരം നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ലഭിച്ചിട്ടുണ്ട്.

(ബി) അന്തർ സംസ്ഥാന കരാർ പ്രകാരമാണ് കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന പ്രദേശങ്ങളിൽ സർവ്വീസുകൾ നടത്തുന്നത്. തമിഴ്നാടുമായി പുതിയ അന്തർ സംസ്ഥാന കരാറിൽ ഏർപ്പെടുന്നതിനായി കെ.എസ്.ആർ.ടി.സി.-യും എസ്.ഇ.റ്റി.സി.-യും തമ്മിൽ റൂട്ടുകൾ തീരുമാനിച്ച് 3-3-2015-ൽ കരാർ ഒപ്പിട്ടിട്ടുള്ളതാണ്. ആയത് ഇപ്പോൾ തമിഴ്നാട് സർക്കാരിന്റെ പരിഗണനയിലാണ്. ടി കരാറിൽ ഗുരുവായൂർ-വേളാങ്കണ്ണി റൂട്ട് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ നിവേദനത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

**നഷ്ടത്തിലായ കെ.എസ്.ആർ.ടി.സി.**

181(5170) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കെ. എസ്. ആർ. ടി. സി. നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്;

(ബി) കെ. എസ്. ആർ. ടി. സി. തൊഴിലാളികൾക്ക് മാസ വേതനം മുടങ്ങുന്നത് പരിഗണിച്ച് ഇവരെ കഷ്ടത്തിലാക്കാതെ രക്ഷിക്കാൻ എന്തൊക്കെ പുതിയ സംവിധാനങ്ങൾ ചെയ്യുവാൻ പോകുന്നു എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യെ നവീകരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് വരികയാണ്. വരുമാനക്കുറവുള്ള സർവ്വീസുകൾ പുന:ക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സിസ്റ്റം പരിഷ്കരിച്ച് മാൻപവർ യൂട്ടിലേസൈഷൻ കൂട്ടുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലേക്കുള്ള അന്തർ സംസ്ഥാന സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലേക്കായി പുതിയ അന്തർ സംസ്ഥാന കരാറുകളിൽ എത്തിച്ചേരുന്നതിനുള്ള നടപടികളും നടന്നു വരികയാണ്. അന്തർ സംസ്ഥാന സർവ്വീസുകളിലേക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിലേക്കായി തിരക്കില്ലാത്ത ദിവസങ്ങളിൽ യഥാർത്ഥ നിരക്കിൽ നിന്നും 15 ശതമാനം ഇളവ് ഇപ്പോൾ അനുവദിച്ച് വരുന്നുണ്ട്. അതോടൊപ്പം റെയിൽവേ മാതൃകയിൽ തൽക്കാൽ സംവിധാനവും കഴിഞ്ഞ ഓണക്കാലം മുതൽ കെ.എസ്.ആർ.ടി.സി ഏർപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്. യാത്രക്കാർക്ക് മെച്ചപ്പെട്ട

സേവനം ലഭ്യമാക്കി യാത്രക്കാരെ ആകർഷിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. ബസുകളിൽ ജി.പി.എസ്./വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VTS) നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. യാത്രക്കാർക്ക് ഇന്റർനെറ്റ് ഉപയോഗിക്കുന്നതിനുവേണ്ടി വൈഫൈ സംവിധാനം പരീക്ഷണ അടിസ്ഥാനത്തിൽ എറണാകുളം-ബാംഗ്ലൂർ സർവ്വീസ് നടത്തുന്ന രണ്ട് മൾട്ടി ആക്സിൽ വോൾവോ ബസുകളിലും കെ.യു.ആർ.ടി.സി.-യുടെ രണ്ട് ലോ ഫ്ളോർ എ.സി. വോൾവോ ബസുകളിലും ഘടിപ്പിക്കുകയുണ്ടായി. ടി സംവിധാനം മറ്റ് പ്രധാന സൂപ്പർക്ലാസ് സർവ്വീസുകളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി വാണിജ്യ സാധ്യതയുള്ള തെരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇത്തരത്തിൽ സ്വരൂപിക്കുന്ന വരുമാനംകൊണ്ട് തൊഴിലാളികളുടെ മാസവേതനം മുടങ്ങുന്നതുൾപ്പെടെയുള്ള പ്രതിസന്ധി പരിഹരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

### സ്വകാര്യ ബസ് സർവീസ്

182(5171) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിലെ ബി.ടി.എച്ച്. ജങ്ഷൻ വരെയുള്ള റോഡുകൾ (3 കി.മി) (മേനക, ഷൺമുഖം റോഡ്, ജെട്ടി, ഹോസ്പിറ്റൽ റോഡ്, ജോസ് ജങ്ഷൻ) വഴി സ്വകാര്യബസ്സുകൾ നിലവിൽ സർവ്വീസ് നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം റൂട്ടിൽ എത്ര സർവീസുകളാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സർവീസുകളിൽ അവസാനമായി അനുമതി നൽകിയത് ആർക്കെന്നും എത്രനാളായെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റൂട്ടിൽ സർവീസ് നടത്തുന്നതിന് എറണാകുളം ആർ.ടി. ഓഫീസിൽ നിന്നും 329 പെർമിറ്റുകൾ സ്വകാര്യ ബസ്സുകൾക്ക് നൽകിയിട്ടുണ്ട്. വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

ശ്രീ രമേഷ് കുമാർ, സ്മൃതി, ഇടപ്പള്ളി നോർത്ത്, എറണാകുളം എന്നയാൾക്കാണ് 10 വർഷം മുൻപ് 6-6-2006-ൽ അവസാനമായി അനുമതി നൽകിയത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**സർക്കാർ വാഹനങ്ങൾ പുറന്തള്ളുന്ന പുക**

183(5172) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസുകൾ ഉൾപ്പെടെയുള്ള സർക്കാർ വാഹനങ്ങൾ പുറംതള്ളുന്ന പുക നിയന്ത്രിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്;

(ബി) പുക നിയന്ത്രണം ഫലപ്രദമാണെന്ന് പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണുള്ളത്;

(സി) സർക്കാർ വാഹനങ്ങളുടെ പുക നിയന്ത്രണം ഉറപ്പുവരുത്താൻ കർശന നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ബസുകൾക്ക് പെർമിറ്റ് നൽകുമ്പോഴും ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകുമ്പോഴും പ്രസ്തുത ബസ്സുകൾക്ക് സാധുവായിട്ടുള്ള പുക പരിശോധനാ സർട്ടിഫിക്കറ്റ് ഉണ്ടോയെന്ന് പരിശോധിച്ച് പുക മലിനീകരണം നിയന്ത്രിച്ച് നിർത്തുന്നുണ്ട്. കൂടാതെ സർക്കാർ വാഹനങ്ങൾ ഉൾപ്പെടെയുള്ള മറ്റ് വാഹനങ്ങൾക്ക് ആദ്യത്തെ ഒരു വർഷത്തിനുശേഷം 6 മാസത്തിലൊരിക്കൽ പുക പരിശോധനാ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്.

(ബി&സി) നിയന്ത്രണം ഫലപ്രദമാകുന്നതിന് "സർവർ" അധിഷ്ഠിതമായിട്ടുള്ള കമ്പ്യൂട്ടർവൽകൃത ടെസ്റ്റിംഗിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സംസ്ഥാനത്തെ റോഡപകടങ്ങൾ**

184(5173) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ റോഡിന്റെ നിലവാരം വർദ്ധിച്ചപ്പോൾ അപകടങ്ങളും വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കി സംസ്ഥാനത്തെ റോഡപകടങ്ങൾ കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് വകുപ്പ് 4 പ്രകാരമാണ് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ നടത്തുന്നത്:

(എ) റോഡ് സുരക്ഷാ നയങ്ങളിന്മേൽ സർക്കാരിനെ ഉപദേശിക്കുക

(ബി) റോഡ് സുരക്ഷാ നിലവാരവും നടപടിക്രമങ്ങളും നിർണ്ണയിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

(സി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികളും പ്രോജക്ടുകളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുക.

(ഡി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കർത്തവ്യ നിർവ്വഹണം നടത്തുന്ന എല്ലാ ഏജൻസികളുടെയും സർക്കാർ വകുപ്പുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുക;

(ഇ) റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക;

(എഫ്) ഫണ്ടിന്റെ നടത്തിപ്പ്;

(ജി) റോഡ് സുരക്ഷാ പദ്ധതികളും പരിപാടികളും നടപ്പിൽ വരുത്തുന്നതിനുള്ള ചെലവ് അനുവദിക്കുക;

(എച്ച്) റോഡ് സുരക്ഷാ പ്രോജക്ടുകൾക്കുവേണ്ടിയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും വേണ്ടിയും ചെലവ് അനുവദിക്കുക;

(ഐ) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സംഗതികളിൽ പഠനങ്ങളും പ്രോജക്ടുകളും ഗവേഷണവും നടത്തുന്നതിന് ചെലവ് അനുവദിക്കുക;

(ജെ) ട്രോമ-കെയർ പരിപാടികൾക്കോ പ്രവർത്തനങ്ങൾക്കോ ഉള്ള ചെലവ് അനുവദിക്കുക;

(കെ) അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾ അനുവദിക്കുക;

(എൽ) റോഡ് സുരക്ഷാ നടപടികളുമായി ബന്ധപ്പെട്ട സംഗതികൾക്കുള്ള ചെലവ് അനുവദിക്കുക;

(എം) അതോറിറ്റിയുടെ നേതൃത്വത്തിൽ അപകട സ്ഥലത്തെ രക്ഷാപ്രവർത്തനങ്ങൾക്കായി സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുക;

(എൻ) ഈ ആക്ടിന്റെ ഉദ്ദേശ്യങ്ങൾ പരിഗണിച്ചുകൊണ്ട് നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള സ്വയം ചുമതലകൾ നിർവ്വഹിക്കുക.

അതോറിറ്റി നിലവിൽ വന്ന നാളിതുവരെ വിവിധ വകുപ്പുകൾ വഴി അതോറിറ്റി നടപ്പാക്കിയതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികൾ സംബന്ധിച്ചിട്ടുള്ള വിവരം ചുവടെ ചേർക്കുന്നു:

1. ദൃശ്യ-ശ്രാവ്യ അച്ചടി മാധ്യമങ്ങളുടെ സാധ്യത ഉപയോഗിച്ച് റോഡ് സുരക്ഷയ Z പ്പറ്റി പൊതുജനങ്ങളെ ബോധവൽക്കരണം നടത്തി അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്കാരം രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

2. ടിപ്പർലോറി/ചരക്കുവാഹനം എന്നിവയുടെ ഡ്രൈവർമാർക്ക് നാറ്റ്പാക്ക്, മോട്ടോർ വാഹന വകുപ്പ് എന്നിവ വഴി റോഡുസുരക്ഷാ പരിശീലനം നൽകുന്നതിനായി സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. റോഡ് സുരക്ഷാ ബോധവൽക്കരണം വ്യാപകമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സാധ്യമാകുന്ന എല്ലാ സിനിമാതിയേറ്ററുകളിലൂടെയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഹ്രസ്വചിത്രങ്ങൾ സംപ്രേക്ഷണം ചെയ്യുന്നതിനായി പോലീസ് (ട്രാഫിക്) വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് തിയേറ്ററുകളിൽ പ്രദർശിപ്പിച്ചു വരുന്നു.

3. രാത്രികാല എയർപോർട്ട് യാത്ര അപകടങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി രാത്രികാല സവാരി നടത്തുന്ന ഡ്രൈവർമാരെയും യാത്രക്കാരെയും ബോധവൽക്കരിക്കുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച ലീഫ് ലെറ്റുകൾ കേരളത്തിലെ മൂന്ന് അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ പരിധിയിൽ വരുന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ രാത്രികാലങ്ങളിൽ വിതരണം ചെയ്തു വരുന്നു.

4. വാഹന ഡ്രൈവർമാരെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച "റോഡ് റെഗുലേഷൻസ്" എന്ന ലീഫ് ലെറ്റുകൾ റീജിണൽ ട്രാൻസ്പോർട്ട് ഓഫീസർ മുഖേന എല്ലാ ജില്ലകളിലും വിതരണം ചെയ്തു വരുന്നു.

5. നാറ്റ്പാക്ക് തയ്യാറാക്കിയ 'സ്കൂളിലേക്ക് ഒരു സുരക്ഷിത പാത' എന്ന പുസ്തകത്തിന്റേയും "അദ്ധ്യാപക പഠന സഹായി" എന്ന പുസ്തകത്തിന്റേയും ഇംഗ്ലീഷ്, മലയാളം വാല്യങ്ങളുടെ കോപ്പികൾ അച്ചടിച്ച് സ്കൂൾ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പുസ്തകങ്ങൾ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ മുഖേന കേരളത്തിലെ സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്.

6. സ്കൂൾ വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷാ ബോധവൽകരണം നൽകുന്നതിന്റെ ഭാഗമായി നാറ്റ്പാക്ക് തയ്യാറാക്കിയ അഞ്ച് റോഡ് സുരക്ഷാ ഹ്രസ്വചിത്രങ്ങൾ കേരളത്തിലെ സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

7. റോഡ് സുരക്ഷയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധമുണ്ടാക്കുവാനും റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുവാനും കേരളത്തിലെ സ്കൂൾ/കോളേജുകളിൽ റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബ്ബുകൾ കേരളത്തിലെ എല്ലാ സ്കൂൾ-കോളേജുകളിലും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

<u>റോഡ് സുരക്ഷാ എൻഫോഴ്സ്മെന്റ്</u>

ബോധവൽക്കരണ പരിപാടികൾ കൂടാതെ പോലീസ്, മോട്ടോർ വാഹന വകുപ്പുകൾ നിരന്തരമായി വാഹന പരിശോധന നടത്തുന്നുണ്ട്. ട്രാഫിക് നിയമം തെറ്റിക്കൽ, മദ്യപിച്ച് വാഹനം ഓടിക്കൽ, അമിത വേഗത മുതലായവ കണ്ടെത്തി കുറ്റക്കാരെ ശിക്ഷിക്കുവാൻ വേണ്ട നടപികൾ സ്വീകരിച്ച് വരുന്നു. പോലീസ്-മോട്ടോർ വാഹന വകുപ്പുകൾക്ക് റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നിരീക്ഷണ ക്യാമറകൾ, ആൽക്കോമീറ്ററുകൾ, ഇന്റർസെപ്റ്റർ വാഹനങ്ങൾ മുതലായവ വാങ്ങിയിട്ടുണ്ട്. കൂടാതെ അപകട സാധ്യത കൂടുതലുള്ള ബ്ലാക്ക്സ്പോട്ടുകൾ

കണ്ടെത്തുകയും അത് പരിഹരിക്കുവാനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പുവഴി സ്വീകരിച്ചിട്ടുമുണ്ട്. പുതിയ ബ്ലാക്ക്സ്പോട്ടുകൾ കണ്ടെത്തുന്നതിന് പോലീസ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലാതലത്തിൽ റോഡ് സുരക്ഷാ കാര്യക്ഷമമാക്കുന്നതിനുവേണ്ടി എല്ലാ ജില്ലകളിലേയും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് തുക നൽകി വരുന്നു. അപകടകാരണങ്ങൾ പരിശോധിച്ച്, ആയവ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ആക്സിഡന്റ് റിവ്യൂ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂളുകൾക്കു സമീപം ഉണ്ടാകുന്ന അപകടങ്ങൾ ലഘൂകരിക്കുവാൻ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം സ്കൂൾ സേഫ്സോൺ നിർമ്മിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പോലീസ് വകുപ്പുവഴി പോലീസ് ഉദ്യോഗസ്ഥർക്ക് ട്രാഫിക് ട്രെയിനിംഗ് നൽകുവാനും രണ്ട് ഡിജിറ്റലൈസ്ഡ് ട്രാഫിക്ക് എഡ്യൂക്കേഷൻ വാഹനങ്ങൾ തയ്യാറാക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും ട്രാഫിക് ട്രെയിനിംഗ് പാർക്ക് നിർമ്മിക്കുവാനും ഹൈവേയിലേക്ക് ചെറിയ വഴികൾ പ്രവേശിക്കുന്ന സ്ഥലത്ത് "നിൽക്കു, നോക്കു, നീങ്ങു" എന്ന സൈൻബോർഡ് സ്ഥാപിക്കുവാനും ആരോഗ്യവകുപ്പുവഴി ട്രോമാകെയർ യൂണിറ്റുകൾ ശക്തിപ്പെടുത്തുവാനും പൊതുമരാമത്ത് വകുപ്പുവഴി ക്രാഷ് ബാരിയറുകൾ നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ട്രോമാകെയർ യൂണിറ്റുകൾ താലൂക്ക് തലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് കൈക്കൊണ്ടു വരുന്നു. പോലീസ് വകുപ്പിന് ശുഭയാത്ര എന്ന ട്രാഫിക് ബോധവൽക്കരണ പരിപാടി നടത്തുന്നതിന് അതോറിറ്റിയിൽ നിന്ന് ഫണ്ട് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 2007-ലാണ് കേരള റോഡ് സുരക്ഷാ അതോറിറ്റി നിലവിൽ വന്നത്. നാളിതുവരെ അതോറിറ്റിയിലെ അനുബന്ധവകുപ്പുകളായ മോട്ടോർ വാഹനം, പോലീസ്, ആരോഗ്യം, വിദ്യാഭ്യാസം, പൊതുമരാമത്ത് വകുപ്പുകളും നാറ്റ്പാക്ക്, കെൽട്രോൺ തുടങ്ങിയ സ്ഥാപനങ്ങളും വഴി റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തി വരുന്നു. മേൽ വകുപ്പുകൾ നൽകുന്ന പ്രൊപ്പോസലുകളിൽ അതോറിറ്റി/ എക്സിക്യൂട്ടീവ് യോഗ തീരുമാന പ്രകാരം ഫണ്ട് നൽകി വരുന്നു.

## തിരുവനന്തപുരം ജില്ലയിലെ കെ.എസ്.ആർ.ടി.സി. ജീവനക്കാർ

185(5174) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കെ.എസ്.ആർ.ടി.സി.യിലെ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന, കോഴിക്കോട് ജില്ലയിലെ താമസക്കാരായ/ കോഴിക്കോട് ജില്ലക്കാരായ എത്ര ജീവനക്കാർ ഉണ്ട് എന്നത് വിശദമാക്കുമോ;

(ബി) അന്യജില്ലയിൽ ജോലി ചെയ്യേണ്ടിവരുന്ന പ്രസ്തുത ജീവനക്കാർക്ക് കോഴിക്കോട് ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കാൻ സമയബന്ധിത നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) 197 ജീവനക്കാരുണ്ട്.

(ബി) സ്ഥലം മാറ്റത്തിനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നിലവിലെ ചട്ടങ്ങൾക്ക് വിധേയമായി സ്ഥലം മാറ്റം അനുവദിക്കുന്നതാണ്.

## വാഹനാപകടങ്ങളിലെ വർദ്ധനവ്

186(5175) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. പി.വി. അൻവർ:
ശ്രീ.പി.കെ. ശശി:
ശ്രീ. ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാഹനാപകടങ്ങളിൽ മുഖ്യമായൊരു പങ്ക് സ്വകാര്യ ബസ്സുകളുടെ മത്സരയോട്ടം കൊണ്ടാണ് എന്നതിനാൽ അതു നിയന്ത്രിക്കാനായി എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(ബി) കുറച്ചുകാലമായി കെ.എസ്.ആർ.ടി.സി. ബസുകൾ ഉൾപ്പെടുന്ന അപകടങ്ങൾ വർദ്ധിച്ചുവരുന്നത് പരിശോധിച്ചിരുന്നോ; ഡ്രൈവർമാരുടെ പരിചയക്കുറവും അശ്രദ്ധയും അശാസ്ത്രീയമായ ഷെഡ്യൂളുകളും ആണോ ഇതിന് കാരണമാകുന്നതെന്നും അപകടങ്ങൾ ഒഴിവാക്കാനായി എന്തു മാർഗ്ഗമാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) രാജ്യത്തെ ഏറ്റവും മോശമായ ഡ്രൈവിംഗ് സംസ്കാരം പുലർത്തുന്നവരാണ് സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലെന്ന ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ എന്തു തിരുത്തൽ നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ബസുകളുടെ മത്സര ഓട്ടം നിയന്ത്രിക്കുവാനും അപകടങ്ങൾ ഒഴിവാക്കുന്നതിനുമായി സമയക്രമ ഉത്തരവ് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ആർ & ഡി ടീമിനോട് ആവശ്യപ്പെടുകയും ടി റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി&സി) കെ.എസ്.ആർ.ടി.സി. ബസ് അപകടങ്ങൾ സംബന്ധിച്ചും ഡ്രൈവർമാരുടെ അശ്രദ്ധ സംബന്ധിച്ചും നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. അനിയന്ത്രിതമായ വാഹനപ്പെരുപ്പം റോഡുകളുടെ ശോചനീയാവസ്ഥ എന്നിവയും ഗതാഗതനിയമം ലംഘിച്ചുകൊണ്ട് ഓടിക്കുന്ന മറ്റ് വാഹന ഉപയോക്താക്കളുടെ നടപടികളും അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്. അപകടങ്ങൾ ഒഴിവാക്കുന്നതിനായി "സുരക്ഷിത ഗതാഗതവും ഉയർന്ന ഇന്ധനക്ഷമതയും കെ.എസ്.ആർ.ടി.സി.-യിൽ " എന്ന പരിശീലന പരിപാടി 2012 ആഗസ്റ്റ് മാസം മുതൽ ആവിഷ്കരിച്ച് കെ.എസ്.ആർ.ടി.സി.-യിലെ മുഴുവൻ ഡ്രൈവർമാർക്കും പ്രസ്തുത പരിശീലനം നൽകി വരികയും ചെയ്യുന്നു. അപകടങ്ങൾ ഒഴിവാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി മോട്ടോർ വെഹിക്കിൾ, ആരോഗ്യം, പോലീസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെ "അപകട രഹിത ഡ്രൈവിംഗ്" എന്ന തീവ്ര പരിശീലന പരിപാടി 2016 ആഗസ്റ്റ് മാസം മുതൽ കെ.എസ്.ആർ.ടി.സി.-യുടെ വിവിധ പരിശീലന കേന്ദ്രങ്ങളിൽ വച്ച് നടത്തി വരുന്നു. കൂടാതെ അപകടത്തിൽപ്പെടുന്ന ഡ്രൈവർമാർക്ക് "തിരുത്തൽ പരിശീലന പരിപാടി" ഒരു തുടർ നടപടിയായും നൽകി വരുന്നു. സ്കാനിയ, വോൾവോ തുടങ്ങിയ ആധുനിക ബസുകളിൽ നിയോഗിക്കുന്ന ഡ്രൈവർമാർക്കും അശോക് ലൈലാന്റ്, ടാറ്റാ മോട്ടോഴ്സ്, വി.ഇ. കൊമേഴ്സ്യൽ വെഹിക്കിൾസ് എന്നീ വാഹന നിർമ്മാതാക്കളും ഡ്രൈവർ പരിശീലന കേന്ദ്രങ്ങളിൽ വച്ച് പരിശീലനം നൽകിയ ശേഷമാണ് നിയോഗിക്കുന്നത്. സമയബന്ധിതമായും റിഫ്രഷർ ട്രെയിനിംഗ് നൽകിയും സ്പീഡ് ഗവേണർ സംവിധാനം ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയും വരുന്നു.

## എം.പി., എം.എൽ.എ., പി.ടി.എ. ഫണ്ടുകൾ മുഖേന വാങ്ങിയ സ്കൂൾ വാഹനങ്ങൾ

187(5176) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ സ്കൂളുകളിൽ എം.പി., എം.എൽ.എ., പി.ടി.എ. ഫണ്ടുകൾ ഉപയോഗപ്പെടുത്തി വാങ്ങിയിട്ടുള്ള സ്കൂൾ വാഹനങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നിലവിൽ റോഡ് ടാക്സ് നൽകേണ്ടതില്ലാത്ത വാഹനങ്ങളെ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) മേൽ സൂചിപ്പിച്ച സർക്കാർ സ്കൂളുകളുടെ വാഹനങ്ങൾക്കുള്ള റോഡ് ടാക്സ് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പ് പഠനം നടത്തിയിട്ടില്ല.

(ബി) നിലവിൽ SRO 877/75, SRO 878/75, SRO 273/94, SRO 301/98, SRO 296/2016 എന്നീ SRO കൾ പ്രകാരമാണ് വാഹനങ്ങളെ നികുതി അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**മോട്ടോർ വാഹന നിയമലംഘനം**

188(5177) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന നിയമലംഘനം തടയുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) മോട്ടോർ വാഹന നിയമലംഘനവുമായി ബന്ധപ്പെട്ട് മോശം ഡ്രൈവിംഗ് നടത്തിയിട്ടുള്ള എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കുമോ; എത് ജില്ലയിലാണ് ഇത്തരത്തിലുള്ള കേസുകൾ കൂടുതലുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തെ നല്ല ഡ്രൈവർമാരുള്ള മാതൃകാ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) മോട്ടോർ വാഹന നിയമലംഘനം തടയുന്നതിനായി വകുപ്പിലെ

എൻഫോഴ്സ്മെന്റ് വിഭാഗം വാഹന പരിശോധനകൾ ശക്തമായി നടത്തുന്നുണ്ട്. ഇതിനായി എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. ക്യാമറ ഘടിപ്പിച്ച ഇന്റർസെപ്റ്റർ വാഹനങ്ങൾ, സ്പീഡ് ട്രേസർ വാഹനങ്ങൾ തുടങ്ങിയവ ഉപയോഗിച്ച് വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ നാഷണൽ ഹൈവേയിൽ ചേർത്തല മുതൽ മഞ്ചേശ്വരം വരെയുള്ള പ്രദേശങ്ങളിലും കണ്ണൂർ, തൃശ്ശൂർ, പാലക്കാട്, എറണാകുളം, കോട്ടയം, കൊല്ലം ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിലും ക്യാമറകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവഴി നിയമലംഘനങ്ങൾ കണ്ടെത്തുകയും ശക്തമായ ശിക്ഷാ നടപടികളും ബോധവൽക്കരണ പരിപാടികളും വകുപ്പ് കൈക്കൊള്ളുന്നുണ്ട്.

(ബി) 8473 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് കാസർഗോഡ് ജില്ലയിലാണ്. (1531 കേസുകൾ)

(സി) നല്ല ഡ്രൈവർമാരുള്ള മാതൃകാ സംസ്ഥാനമാക്കുവാൻ വേണ്ടി വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ച വരുന്നു. ലൈസൻസ് അനുവദിക്കുന്നതിന് മുൻപായി പ്രീലേണേഴ്സ് ഡ്രൈവിംഗ് ക്ലാസ് നടത്തുന്നുണ്ട്. 2011-2020 റോഡ് സുരക്ഷാ ദശകത്തിന്റെ ഭാഗമായി എല്ലാ വിഭാഗത്തിൽപ്പെട്ട ഡ്രൈവർമാർക്കും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. വിദ്യാർത്ഥികളിൽ റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണക്ലാസ്സുകൾ നടത്തി വരുന്നുണ്ട്. കൂടാതെ റോഡ് സുരക്ഷയെ പാഠ്യവിഷയത്തിൽ ഉൾപ്പെടുത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**മോട്ടോർ വാഹന നിയമം**

189(5178) <u>ശ്രീ. ജോൺ ഫെർണാണ്ടസ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പുതുതായി പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ള മോട്ടോർ വാഹന നിയമം കേരളത്തെ ഏതെല്ലാം വിധത്തിൽ ബാധിക്കുമെന്ന് സർക്കാർ പഠിച്ചിട്ടുണ്ടോ;വിശദമാക്കുമോ ;

(ബി) കേരളത്തിന് ദ്രോഹകരമായ വകുപ്പുകൾ കേന്ദ്ര നിയമത്തിൽ ഉൾപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. സംസ്ഥാനത്തിനും പൊതുജനങ്ങൾക്കും ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന രീതിയിലുള്ള പ്രൊവിഷനുകൾക്കെതിരെ ഒബ്ജക്ഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് നടപടി**

190(5179) <u>ശ്രീ. അടൂർ പ്രകാശ് :</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :</u>

<u>ശ്രീ. സണ്ണി ജോസഫ് :</u>

<u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് നടപടികൾ ശക്തമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഉപയോഗിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) മോട്ടോർ വാഹന നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; 2016 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ എൻഫോഴ്സ്മെന്റ് വകുപ്പ് എടുത്ത കേസുകൾ എത്രയാണ്; ഈ ഇനത്തിൽ ഈടാക്കിയ തുക എത്രയാണ്?

<u>ഉത്തരം</u>

(എ&ബി) വകുപ്പിൽ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനായി ആധുനിക ഉപകരണങ്ങളായ ഇന്റർസെപ്റ്ററുകൾ, റഡാറുകൾ, ആൽക്കോമീറ്ററുകൾ, ക്യാമറകൾ, രാത്രികാല ചെക്കിംഗ് ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. നാഷണൽ ഹൈവേയിൽ ചേർത്തല മുതൽ മഞ്ചേശ്വരം വരെയും കണ്ണൂർ, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കോട്ടയം, കൊല്ലം ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) 1,50,645 കേസുകളും 13,89,62,902 രൂപ പിഴയായും ഈടാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഡ്രൈവിംഗ് ലൈസൻസ് സ്മാർട്ട് കാർഡ്**

191(5180) ശ്രീ. പി. ടി. തോമസ്

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൽകുന്ന ഡ്രൈവിംഗ് ലൈസൻസ് കാർഡുകൾ മറ്റു സംസ്ഥാനങ്ങളിലേതിനെ അപേക്ഷിച്ച് ഗുണനിലവാരം കുറഞ്ഞതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് ലൈസൻസ് ഉടമയുടെ പൂർണ്ണ വിവരങ്ങളടങ്ങിയ സ്മാർട്ട് കാർഡ് രൂപത്തിലുള്ള ലൈസൻസുകൾ നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

**സംസ്ഥാനത്ത് ഓടുന്ന അന്യസംസ്ഥാന ലോറികൾ**

192 (5181) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓടുന്ന അന്യ സംസ്ഥാന ലോറികളെ സംബന്ധിച്ച് വ്യക്തമായ വിവരം ചെക്ക് പോസ്റ്റുകളിൽ ലഭ്യമാകുമോ;

(ബി) അന്യ സംസ്ഥാന ലോറികൾ ഇവിടെ ലോക്കൽ ട്രിപ്പുകൾ നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഇവിടെ വരുന്ന വാഹനങ്ങൾ തിരിച്ചു സംസ്ഥാനം വിട്ടു പോകുന്ന കാര്യം പരിശോധിക്കുവാൻ സംവിധാനം ഉണ്ടാക്കുമോ; ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

## ഉത്തരം

(എ) അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ചരക്കു വാഹനങ്ങൾ കേരളത്തിലേക്കു പ്രവേശിക്കുന്നത് വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിൽ അനുമതി പത്രങ്ങൾ കാണിച്ച് ബോധ്യപ്പെടുത്തിയതിനുശേഷമാണ്. അതിനാൽ ഇവ സംബന്ധിച്ച വിവരങ്ങൾ വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിൽ ലഭ്യമാണ്.

(ബി) അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ചരക്കു വാഹനങ്ങൾ കേരളത്തിലെത്തി ഇവിടെ ലോക്കൽ ട്രിപ്പുകൾ (അതായത് കേരളത്തിലെ ഒരു പ്രദേശത്തു നിന്നും ചരക്കുകൾ കയറ്റി കേരളത്തിനുള്ളിൽ തന്നെ ഇറക്കുന്ന രീതി) നടത്താൻ നിയമം അനുവദിക്കുന്നില്ല. കാരണം, ആയത് കേരളത്തിലെ ലോറി വ്യവസായത്തെ സാരമായി ബാധിക്കും. ആയതിനാൽ ഇത്തരം വാഹനങ്ങളുടെ ലോക്കൽ ട്രിപ്പുകൾക്കെതിരെ വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) അന്യ സംസ്ഥാനത്തുനിന്ന് പരിമിതകാലത്തേക്ക് പെർമിറ്റ് സമ്പാദിച്ച് കേരളത്തിലെത്തുന്ന ട്രാൻസ്പോർട്ട് വാഹനങ്ങൾ പെർമിറ്റ് കാലാവധിക്കുള്ളിൽ സംസ്ഥാനം വിട്ടുപോകുന്നുണ്ട് എന്നത് ഉറപ്പാക്കാൻ നിലവിൽ മോട്ടോർ വാഹന വകുപ്പ് പരിശോധനകൾ നടത്തി വരുന്നു. ഇത്തരം വാഹനങ്ങൾ മടങ്ങി പോകുമ്പോൾ ചെക്ക് പോസ്റ്റുകളിൽ ഇവയെ പരിശോധനയ്ക്കു വിധേയമാക്കാറുണ്ട്.

## യാത്രക്കാരെ വഴിക്ക് ഇറക്കിവിടുന്ന ഓട്ടോറിക്ഷക്കാർക്കെതിരെയുള്ള പരാതികൾ

193(5182) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രക്കാരെ അവരാവശ്യപ്പെടുന്ന സ്ഥലത്തല്ലാതെ വഴിക്ക് ഇറക്കിവിടുന്ന ഓട്ടോറിക്ഷക്കാർക്കെതിരെയുള്ള പരാതികളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാറുള്ളത്;

(ബി) യാത്രക്കാർ കയറിയശേഷം ചെറിയ ദൂരമായാൽ ഇറക്കിവിടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ ഇറക്കി വിടുന്ന ഓട്ടോറിക്ഷക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; തിരുവനന്തപുരം സിറ്റിയിൽ എം.എൽ.എ. മാരെ പോലും ഇറക്കിവിട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പലപ്പോഴും സിറ്റികളിൽ ട്രാഫിക് സംവിധാനം പോലും തകരാറിലാക്കുന്ന ഇത്തരം ഓട്ടോറിക്ഷകൾക്കെതിരെ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഗതാഗത തടസ്സം ഉണ്ടാക്കുന്ന ഇത്തരം ഓട്ടോറിക്ഷക്കാർക്കെതിരെയുള്ള നടപടികൾ സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഡ്രൈവറുടെ ലൈസൻസ് റദ്ദാക്കൽ, വാഹനത്തിന്റെ പെർമിറ്റ് റദ്ദാക്കൽ അല്ലെങ്കിൽ അതിനുപകരമായി പിഴ ഈടാക്കൽ എന്നീ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) ഉണ്ട്. അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഡ്രൈവറുടെ ലൈസൻസ് റദ്ദാക്കൽ, വാഹനത്തിന്റെ പെർമിറ്റ് റദ്ദാക്കൽ അല്ലെങ്കിൽ അതിനുപകരമായി പിഴ ഈടാക്കൽ എന്നീ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ബഹുമാനപ്പെട്ട വൈക്കം എം.എൽ.എ.യെ ഇറക്കിവിട്ടു എന്നത് സംബന്ധിച്ച പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് നടത്തിയ അന്വേഷണത്തിൽ മേൽ കുറ്റകൃത്യത്തിൽ ഏർപ്പെട്ട KL-01/BL 4031 നമ്പർ ഓട്ടോറിക്ഷയുടെ ഡ്രൈവർക്കും ഉടമസ്ഥനുമെതിരെ ഫോർട്ട് പോലീസ് സ്റ്റേഷനിൽ 2516/2016 എന്ന നമ്പറായി ഐ.പി.സി. 506(1) വകുപ്പു പ്രകാരം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുള്ളതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഡ്രൈവറായി ചുമതല വഹിച്ചിരുന്ന ശ്രീ. വിനോദ് എന്നയാൾ യാത്രക്കാരോട് അപമര്യാദയായി പെരുമാറിയതായും ടിയാൾക്ക് സാധുതയുള്ള ലൈസൻസ് ഇല്ലായിരുന്നെന്നും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 86(എ) പ്രകാരം വാഹനത്തിന്റെ പെർമിറ്റ് 11-10-2016 മുതൽ 10-4-2017 വരെ സസ്പെൻഡ് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. പെർമിറ്റ് റദ്ദാക്കാതിരിക്കുവാൻ മതിയായ കാരണം കാണിക്കുന്നതിനായി വാഹനത്തിന്റെ ഉടമസ്ഥൻ ശ്രീ. സന്തോഷ് കുമാർ വി.ടി എന്നയാളിനോട് കുറ്റക്കാരനായ ഡ്രൈവറേയും കൂട്ടി 15 ദിവസത്തിനകം തിരുവനന്തപുരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ ഓഫീസിൽ ഹാജരാകുവാൻ നോട്ടീസ് നൽകിയിരിക്കുകയാണ്. വാഹനം ഓടിക്കാൻ സാധുതയുള്ള ലൈസൻസില്ലാത്ത വ്യക്തിക്ക് വാഹനം ഓടിക്കാൻ നൽകിയതിന് 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമം സെക്ഷൻ 180 പ്രകാരം പിഴ ഒടുക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിക്കും.

(ഡി) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഡ്രൈവറുടെ ലൈസൻസ് റദ്ദാക്കൽ, വാഹനത്തിന്റെ പെർമിറ്റ് റദ്ദാക്കൽ അല്ലെങ്കിൽ അതിനുപകരമായി പിഴ ഈടാക്കൽ എന്നീ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## സ്വകാര്യ ബസ്സ് പെർമിറ്റുകൾ

194(5183) <u>ശ്രീ. മുല്ലക്കര രത്നാകരൻ :</u>

<u>ശ്രീമതി ഇ.എസ്.ബിജിമോൾ :</u>

<u>ശ്രീ. ഇ. കെ. വിജയൻ :</u>

<u>ശ്രീമതി സി.കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യബസ്സുകൾക്ക് ഫാസ്റ്റ്പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് റൂട്ടുകളിൽ ഓടുന്നതിന് നിലവിൽ അനുമതിയുണ്ടോ; വ്യക്തമാക്കുമോ;

(ബി) സ്വകാര്യ ബസ്സുകൾക്ക് ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് പെർമിറ്റുകൾ മാത്രമേ നൽകാവൂ എന്നും മറ്റ് ഉയർന്ന സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.-ക്ക് മാത്രമായി പരിമിതപ്പെടുത്തണമെന്നും സുപ്രീം കോടതി ഉത്തരവുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത സുപ്രീംകോടതി വിധി വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. യുടെ ടിക്കറ്റ് വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) 16-7-2013 -ലെ ജി.ഒ. (പി) 73/13 ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് മാത്രമേ ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് തുടങ്ങിയ സർവ്വീസുകൾ നടത്തുവാൻ അനുമതിയുള്ളൂ.

(ബി) ഉത്തരവില്ല. എന്നാൽ ടി സർക്കാർ ഉത്തരവിനെതിരെ സ്വകാര്യ ബസ്സുടമകൾ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകളിലും അപ്പീലുകളിലും ടി സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്കീം നിലനിർത്തിയിട്ടുണ്ട്. ഇതിനെതിരെ ബഹു.സുപ്രീംകോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്തിരുന്നെങ്കിലും ആയത് തള്ളി ഉത്തരവായിട്ടുള്ളതാണ്.

(സി) വർദ്ധനവ് ഉണ്ടായിട്ടില്ല. സ്വകാര്യ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-യുടെ സൂപ്പർ ക്ലാസ്സ് സർവ്വീസുകൾക്ക് ഒപ്പം തന്നെ ഓർഡിനറി സർവ്വീസുകളായി ഓപ്പറേറ്റ് ചെയ്തുവരുന്നതിനാലാണ് കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിക്കാതിരിക്കുന്നത്.

**സ്വകാര്യ ബസ്സപകടങ്ങൾ**

195(5184) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൈവറ്റ് ബസുകൾ നിരന്തരം അപകടം ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) നിരന്തരം അപകടം ഉണ്ടാക്കുന്ന പ്രൈവറ്റ് ബസ്സുകളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; ഇവർക്ക് മോട്ടോർ വാഹന വകുപ്പിൽ നിന്നും ഷോക്കോസ് നോട്ടീസ് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) നിരന്തരം അപകടം ഉണ്ടാക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് റദ്ദ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ജനങ്ങൾ റോഡ് മുറിച്ചുകടക്കുന്ന സീബ്ര ലൈനിൽ വാഹനങ്ങൾ കയറ്റി നിർത്തുന്നത് സംബന്ധിച്ച് എത്ര പരാതികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 14-10-2016 മുതൽ 22-10-2016 വരെ ബസ്സുകളുടെ കുറ്റകൃത്യങ്ങൾക്ക് മാത്രം പ്രാധാന്യം നൽകി വാഹന പരിശോധനയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അപകടങ്ങൾ ഒഴിവാക്കാനുള്ള മുൻകരുതലുകളും ബോധവൽക്കരണവും തുടർച്ചയായ പരിശോധനയും നടത്തി വരുന്നുണ്ട്. അപകടങ്ങൾ ഉണ്ടായാൽ ഗൗരവം കണക്കിലെടുത്ത് ലൈസൻസ് സസ്പെൻഷൻ/ റദ്ദാക്കൽ, പെർമിറ്റ് റദ്ദാക്കൽ തുടങ്ങിയ ശിക്ഷാ നടപടികളും കൈക്കൊള്ളുന്നുണ്ട്.

(ബി) ഉണ്ട്. ഇവർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുന്നുണ്ട്.

(സി) നിരന്തരം അപകടം ഉണ്ടാക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് റദ്ദാക്കലുകൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

**ഗതാഗതക്കുരുക്കുകളും അപകടങ്ങളും പരിസ്ഥിതി മലിനീകരണവും കുറയ്ക്കുന്നതിന് നടപടി**

196 (5185) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ഗതാഗതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്വകാര്യ വാഹനങ്ങളുടെ പെരുപ്പംകൊണ്ടുണ്ടാകുന്ന ഗതാഗതക്കുരുക്കുകളും അപകടങ്ങളും പരിസ്ഥിതി മലിനീകരണവും ഗണ്യമായ തോതിൽ കുറയ്ക്കുന്നതിനും എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വൈദ്യുതി/ബാറ്ററികൊണ്ട് ഓടുന്ന വാഹനങ്ങൾ, സി. എൻ. ജി. ബസ്സുകൾ തുടങ്ങിയ പരിസ്ഥിതി സൗഹൃദ ഗതാഗത മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പൊതു ഗതാഗതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്വകാര്യ വാഹനങ്ങളുടെ പെരുപ്പംകൊണ്ടുണ്ടാകുന്ന ഗതാഗതക്കുരുക്കുകളും അപകടങ്ങളും കുറയ്ക്കുന്നതിനുമായി സംസ്ഥാന സർക്കാറും കേരള പോലീസുമായി ചേർന്ന് ശുഭയാത്ര എന്ന പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പൊതു ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനും സ്വകാര്യ വാഹനങ്ങളുടെ പെരുപ്പം നിയന്ത്രിക്കുന്നതിനുമായി കെ.എസ്.ആർ.ടി.സി. ജൻറം പദ്ധതിയിൽ ഉൾക്കൊള്ളിച്ച് രണ്ടു ഘട്ടങ്ങളിലായി 720 ബസുകൾക്ക് പർച്ചേസ് ഓർഡർ നൽകുകയും 616 ബസുകൾ നിരത്തിലിറങ്ങുകയും ചെയ്തിട്ടുണ്ട്. പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ തൊട്ടിൽപ്പാലം ഡിപ്പോയിൽ 10-9-2016 മുതൽ ബയോ ഡീസൽ ഉപയോഗിച്ചാണ് ബസുകൾ ഓടുന്നത്. കോഴിക്കോട്, തലശ്ശേരി, കണ്ണൂർ, പയ്യന്നൂർ ഡിപ്പോകളിൽ ബയോ ഡീസൽ ഉപയോഗിച്ച് ബസുകൾ ഓടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കെ.എസ്.ആർ.ടി.സി. ബസുകളെ കംപ്രസ്ഡ് നാച്വറൽ ഗ്യാസിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വൈദ്യുതി/ബാറ്ററി കൊണ്ടോടുന്ന വാഹനങ്ങളുടെ സാധ്യതയും പരിശോധിക്കുന്നതാണ്.

**സ്പെയർപാർട്ടുകളുടെ അഭാവം**

197(5186) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെയർപാർട്ടുകളുടെ അഭാവംമൂലം ശരാശരി എത്ര കെ.യു.ആർ.ടി.സി. ബസുകൾ ദിനം പ്രതി കട്ടപ്പുറത്താകുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തൻമൂലം ശരാശരി വരുമാനത്തിൽ എത്ര രൂപയുടെ കുറവ് ദിനംപ്രതി കോർപ്പറേഷന് ഉണ്ടാകുന്നുണ്ട്;

(സി) പ്രസ്തുത ബസ്സുകൾ അറ്റകുറ്റപ്പണി നടത്തി നിരത്തിലിറക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശരാശരി 151 കെ.യു.ആർ.ടി.സി ബസുകൾ ദിനംപ്രതി ഓഫ്-റോഡാണ്.

(ബി) കെ.യു.ആർ.ടി.സി.-ക്ക് നിലവിൽ 163 എ.സി. ഷെഡ്യൂളുകളും 389 നോൺ എ.സി. ഷെഡ്യൂളുകളുമാണുള്ളത്. ബസ്സുകൾ ഓഫ് റോഡായ കാരണം ശരാശരി 7 എ.സി ഷെഡ്യൂളുകളും 81 നോൺ എ.സി. ഷെഡ്യൂളുകളും ദിനംപ്രതി ഓടിക്കാൻ കഴിഞ്ഞില്ല. 10-10-2016 മുതൽ 20-10-2016 വരെ കാലയളവിൽ എ.സി. ഷെഡ്യൂളുകളുടെ ശരാശരി വരുമാനം 15867 രൂപയും നോൺ എ.സി. ഷെഡ്യൂളുകളുടെ ശരാശരി വരുമാനം 8873 രൂപയും ആയിരുന്നു. സർവ്വീസുകൾ നടത്താൻ സാധിക്കാത്തതു കാരണം എ.സി. സർവ്വീസുകൾക്ക് 1,11,069 രൂപയും നോൺ എ.സി. സർവ്വീസുകൾക്ക് 7,18,715 രൂപയും അടക്കം ആകെ 8,29,782 രൂപയുടെ കുറവ് വരുമാനത്തിൽ കോർപ്പറേഷന് ഉണ്ടായിട്ടുണ്ട്.

(സി) ഈ ബസുകൾ എത്രയും പെട്ടെന്ന് അറ്റകുറ്റപ്പണികൾ തീർത്ത് നിരത്തിലിറക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

**സർവ്വീസ് ബോട്ടുകളുടെ അറ്റകുറ്റപണികൾ**

198(5187) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ തടാകങ്ങളിലും, കായലുകളിലും സർവ്വീസ് നടത്തുന്ന ജലഗതാഗത വകുപ്പിന്റെ ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ; പരാതികൾ പരിശോധിക്കുന്ന സംവിധാനം എങ്ങനെയാണെന്ന് വിശദമാക്കുമോ;

(ബി) ഇത്തരം ബോട്ടുകളിൽ ആവശ്യത്തിന് ലൈഫ് ഗാർഡുകളോ, ലൈഫ് ജാക്കറ്റുകളോ ഇല്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളെടുക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ എത്ര ബോട്ട് സർവ്വീസുകൾ ജലഗതാഗത വകുപ്പ് നടത്തുന്നുണ്ട്;

(ഡി) ബോട്ടപകടം ഒഴിവാക്കുവാൻ നിരന്തര പരിശോധനാ സംവിധാനമടക്കം ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വകുപ്പുവക ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നതിന് ഫലപ്രദമായി ഒരു യാർഡും അനുബന്ധ സൗകര്യങ്ങളും ഇല്ലെന്നതായിരുന്നു മുൻകാലങ്ങളിൽ വകുപ്പ് നേരിട്ടുകൊണ്ടിരുന്ന സുപ്രധാന വെല്ലുവിളികളിൽ ഒന്ന്. ഇത്തരത്തിലുള്ള പരാതികൾ പരിഹരിക്കുന്നതിന്റെ ഭാഗമായി വകുപ്പിനുവേണ്ടി സ്വന്തമായി ആലപ്പുഴയിലെ പോഞ്ഞിക്കരയിൽ 4 ബോട്ടുകൾ ഒരേ സമയം മേജർ റിപ്പയർ ചെയ്യാവുന്ന വിധത്തിലുള്ള ഡ്രൈഡോക്കും നാല് ബോട്ടുകൾ കയറ്റാവുന്ന സ്ലിപ്പ് വേയും നിർമ്മിക്കുകയുണ്ടായി. ടി യാർഡുകളിൽ നിലവിൽ വകുപ്പു ബോട്ടുകളുടെ റിപ്പയർ ജോലികൾ കാര്യക്ഷമമായി നടത്തി വരുന്നു. വകുപ്പിന്റെ എറണാകുളം തേവരയിൽ മൈനർ റിപ്പയർ യാർഡും ഇതോടൊപ്പം പ്രവർത്തിച്ചു വരുന്നു. പയ്യന്നൂർ മേഖലയിൽ ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സ്വന്തമായി ഒരു സ്ലിപ്പ്‌വേയും നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. സ്വന്തം നിലയിൽ ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് വകുപ്പ് പ്രാപ്തമാകുന്നതോടെ പരാതികൾ പരിഹരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമായി സർവ്വീസുകൾ നടത്തുന്നതിനും വകുപ്പിന് സാധിക്കുന്നതാണ്.

(ബി) വകുപ്പ് ബോട്ടുകളിൽ യാത്രക്കാരുടെയും ജീവനക്കാരുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായി പാസഞ്ചർ കപ്പാസിറ്റിക്ക് അനുസൃതമായി ലൈഫ്

ജാക്കറ്റുകൾ ബോട്ടുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ സുരക്ഷാ ഉപകരണങ്ങളായ ലൈഫ് ബോയ, ബോയന്റ് അപ്പാരറ്റസ്, ഫയർ എക്സ്റ്റിംഗ്വിഷർ എന്നിവ എല്ലാ ബോട്ടുകളിലും സൂക്ഷിച്ചിട്ടുള്ളതുമാണ്. ഗാർഡ് എന്ന നിലയിൽ തസ്തികകൾ വകുപ്പിൽ നിലവിലില്ല. എന്നാൽ ബോട്ടുകളിലെ രണ്ട് ലാസ്കർമാർ അടിയന്തിര സാഹചര്യങ്ങളെ നേരിടുന്നതിനുൾപ്പെടെയുള്ള പരിശീലനം ലഭിച്ചിട്ടുള്ളവരും സർവ്വീസുകളിൽ ലൈഫ് ഗാർഡുകളുടേതിനു സമാനമായി ജോലി ചെയ്തു വരുന്നവരുമാണ്.

(സി) ആലപ്പുഴ-കൊല്ലം, കൊല്ലം-ആലപ്പുഴ, സീ -കുട്ടനാട് എന്നിങ്ങനെ മൂന്ന് ടൂറിസ്റ്റ് ബോട്ട് സർവ്വീസുകൾ വകുപ്പ് നിലവിൽ വിജയകരമായി നടത്തി വരുന്നു.

(ഡി) ബോട്ടപകടങ്ങൾ ഒഴിവാക്കുന്നതിനും സുരക്ഷ ഉറപ്പു വരുത്തുന്നതിലേക്കുമായി കേരളാ ഇൻലാന്റ് വെസൽ റൂൾ 2010 അനുശാസിക്കുന്ന എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും വകുപ്പ് ബോട്ടുകൾ പാലിച്ചു വരുന്നു. യാത്രക്കാർക്കും ജീവനക്കാർക്കുമായി ജീവൻരക്ഷാ ഉപകരണങ്ങളായ ലൈഫ് ജാക്കറ്റുകൾ, ലൈഫ് ബോയ, ബോയന്റ് അപ്പാരറ്റസ്, ഫയർ എക്സ്റ്റിംഗ്വിഷർ എന്നിവ എല്ലാ ബോട്ടുകളിലും സജ്ജീകരിച്ചിട്ടുണ്ട്. കേരള തുറമുഖവകുപ്പിന്റെ ഫിറ്റ്നസ് പരിശോധനയ്ക്കും അതുവഴി ലഭിക്കുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾക്കും വിധേയമായി മാത്രമാണ് വകുപ്പ് ബോട്ടുകൾ സർവ്വീസ് നടത്തി വരുന്നത്. സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി ബോട്ടുകൾ യഥാസമയം പരിശോധനകൾ നടത്തുന്നതിനും റിപ്പയർ ചെയ്യുന്നതിനുമായി വകുപ്പിന്റെ മെക്കാനിക്കൽ വിഭാഗത്തിന്റെയും യാർഡുകളുടെയും സേവനം വകുപ്പ് പ്രയോജനപ്പെടുത്തി വരുന്നു. ബോട്ടുകളിൽ സി.യു.ജി. ഫോൺ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. ബോട്ടുകളുടെ സുരക്ഷ വിലയിരുത്തുന്നതിനായി സ്റ്റേഷൻമാസ്റ്റർമാരുടെ മേൽനോട്ടത്തിൽ സ്റ്റേഷനുകളിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റികളുടെ റിപ്പോർട്ടുകൾ പഠിച്ച് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും സുരക്ഷ മെച്ചപ്പെടുത്തുന്നതിനും വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുന്നു.

## ജലഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ

199(5188) ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ലക്ഷ്യം കൈവരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നത്; വിശദമാക്കുമോ;

(സി) എന്തെല്ലാം പുതിയ പദ്ധതികളാണ് ഇതിനായി ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിവരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ജലഗതാഗത വകുപ്പ് കേരളത്തിൽ ആലപ്പുഴ, കൊല്ലം, എറണാകുളം, കോട്ടയം, കണ്ണൂർ, കാസർഗോഡ് എന്നീ ആറ് ജില്ലകളിലായി 14 സ്റ്റേഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് 51 ഷെഡ്യൂളുകൾ നിലവിൽ നടത്തി വരുന്നു. പൊതുഗതാഗത രംഗത്ത് കൂടുതൽ കാര്യക്ഷമമായ സംവിധാനങ്ങൾ ഏർപ്പെടുത്തുകവഴി മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് നൽകുന്നതിന് വകുപ്പ് ശ്രദ്ധ കേന്ദ്രീകരിച്ചു വരുന്നു. ജലഗതാഗത സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ നവീകരണം, കാര്യക്ഷമമായ റിപ്പയർ, കൂടുതൽ ആകർഷകമായ ടൂറിസ്റ്റ് സർവ്വീസുകൾ, സുരക്ഷിതമായ യാത്ര ഉറപ്പാക്കുന്നതിന്റെ ഭാഗമായുള്ള ആധുനിക സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജീവനക്കാർക്കുള്ള പരിശീലനം എന്നിവ നിലവിൽ വകുപ്പ് ഇതിനായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചിട്ടുള്ള മേഖലകളാണ്. കൂടുതൽ മെച്ചപ്പെട്ട ജലഗതാഗത സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനായി ഈ വിധത്തിൽ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) മെച്ചപ്പെട്ട സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനുള്ള പദ്ധതികളുടെ ഭാഗമായി കാലപ്പഴക്കം ചെന്ന തടി ബോട്ടുകൾ കാലക്രമേണ പിൻവലിച്ച് ആധുനിക രീതിയിലുള്ള സ്റ്റീൽ ബോട്ടുകളാക്കി പുനർവിന്യസിച്ച് വരുന്നു. ഇത്തരത്തിൽ 45 സ്റ്റീൽ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന് വകുപ്പിന് സാധിച്ചിട്ടുണ്ട്. ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ആലപ്പുഴ-കൊല്ലം, കൊല്ലം-ആലപ്പുഴ, സീ-കുട്ടനാട് എന്നീങ്ങനെ മൂന്ന് ടൂറിസ്റ്റ് സർവ്വീസുകൾ വകുപ്പ് വിജയകരമായി നടത്തി വരുന്നു. ഇതിനുപുറമേ പുതുതായി വൈക്കം-എറണാകുളം, ആലപ്പുഴ-കുമരകം-കോട്ടയം എന്നീ രണ്ട് റൂട്ടുകളിൽ അതിവേഗ സർവ്വീസുകൾ ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. വൈറ്റില-കാക്കനാട്, എറണാകുളം-വരാപ്പുഴ, പറശ്ശിനിക്കടവ് എന്നിവിടങ്ങളിലും പുതുതായി ആരംഭിച്ച വകുപ്പ് സർവ്വീസുകൾ കാര്യക്ഷമമായി നടത്തി വരുന്നു. ആറ് പാസഞ്ചർ-കം-വെഹിക്കിൾ കാരിയർ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുക വഴി ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുവാൻ വകുപ്പിന് സാധിച്ചിട്ടുണ്ട്. ആലപ്പുഴയിലെ പോഞ്ഞിക്കരയിൽ വകുപ്പിനുവേണ്ടി നിർമ്മാണം പൂർത്തിയായി പ്രവർത്തിച്ചു വരുന്ന ഡ്രൈഡോക്ക്, സ്ലിപ് വേ എന്നിവ പ്രയോജനപ്പെടുത്തി കാര്യക്ഷമമായി ബോട്ടുകൾ റിപ്പയർ ചെയ്യുന്നതിനും സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സുരക്ഷ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനിക സുരക്ഷാ ഉപകരണങ്ങൾ വകുപ്പ് സർവ്വീസുകളിൽ ഉൾപ്പെടുത്തുന്നതിനും പ്രധാനപ്പെട്ട സ്റ്റേഷനുകളിൽ സി.സി.ടി.വി സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പുതിയ റൂട്ടുകളിൽ സർവ്വീസുകൾ ആരംഭിക്കുന്നതിനും ടൂറിസം രംഗത്ത് കൂടുതൽ ഊന്നൽ നൽകി സർവ്വീസുകൾ നടത്തുന്നതിനും വകുപ്പ് ശ്രദ്ധ പതിപ്പിച്ചു വരുന്നു. ഇതിനായി പുതിയ രണ്ട് ബോട്ടുകൾ വൈക്കം-എറണാകുളം, ആലപ്പുഴ-കുമരകം-കോട്ടയും എന്നീ രണ്ട് റൂട്ടുകളിൽ സർവ്വീസ് ആരംഭിക്കുന്നതിലേക്കായി നിർമ്മിച്ചു വരികയാണ്. ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിന്റേയും ഇന്ധന ചെലവ് കുറയ്ക്കുന്നതിന്റെയും ഭാഗമായി പുതുതായി ഒരു സോളാർ ബോട്ട് വകുപ്പിനുവേണ്ടി നിർമ്മാണം പൂർത്തിയായി വരികയാണ്. സുരക്ഷാ ഉപകരണങ്ങളുടെ

ഉപയോഗം, ജലമലിനീകരണം എന്നിവ സംബന്ധിച്ച ബോധവത്കരണം ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ബോട്ടുകളിൽ വീഡിയോ സ്ക്രീൻ സംവിധാനം ഏർപ്പെടുത്തുന്നതിനും പ്രധാന സ്റ്റേഷനുകളിൽ സി.സി.ടി.വി സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. അഞ്ച് പ്രധാന സ്റ്റേഷനുകളിൽ സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി റെസ്ക്യൂ ബോട്ടുകൾ വാങ്ങുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. അയിറ്റിയിൽ വകുപ്പിനുവേണ്ടി പുതുതായി ഒരു സ്ലിപ്‌വേ നിർമ്മാണം പൂർത്തിയായി വരികയാണ്.

**ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി**

200(5189) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കായലിൽ ഡി.റ്റി.പി.സി അമിനിറ്റി സെൻറർ മുതൽ അമൃതാനന്ദമയി മഠം, പല്ലന -കുമാരകോടി എന്നിവിടങ്ങളിലേക്ക് ടൂറിസ്റ്റുകൾക്കായി ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനുള്ള പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

**കായലുകളും കനാലുകളും ഉപയോഗപ്പെടുത്തി സമാന്തര ജലഗതാഗത പദ്ധതികൾ**

201(5190) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. സ്വരാജ് :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായലുകളും കനാലുകളും ഉപയോഗപ്പെടുത്തി സമാന്തര ജലഗതാഗത പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിനായി എന്തെങ്കിലും പഠനം നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കായലുകളും കനാലുകളും ഉപയോഗപ്പെടുത്തിയാണ് നിലവിൽ വകുപ്പ് സർവ്വീസുകൾ നടത്തി വരുന്നത്. റോഡു ഗതാഗതത്തിന് സമാന്തരമായി ജലമാർഗംവഴി ദൂരം കുറവുള്ള റൂട്ടുകൾ കേന്ദ്രീകരിച്ച് വകുപ്പ് ഫെറി, സർക്കുലർ സർവ്വീസുകൾ നടത്തി വരുന്നു. വകുപ്പിന്റെ വൈക്കം-തവണക്കടവ്, ഫോർട്ട്കൊച്ചി-മട്ടാഞ്ചേരി, വൈറ്റില-കാക്കനാട് എന്നീ സർവ്വീസുകൾ ഇതിന് ഉദാഹരണങ്ങളാണ്. കരമാർഗം ഏകദേശം 15 കിലോമീറ്റർ സഞ്ചരിക്കേണ്ട വൈക്കം-തവണക്കടവ് റൂട്ടിൽ ജലമാർഗ്ഗേന 3 കിലോമീറ്റർ മാത്രം ദൈർഘ്യമുള്ള ഫെറി സർവ്വീസായി 3 ഷെഡ്യൂളുകൾ വകുപ്പ് നടത്തിവരുന്നു. ഫോർട്ട് കൊച്ചി-വൈപ്പിൻ-മട്ടാഞ്ചേരി എന്നിവിടങ്ങളിലെ ജനങ്ങൾക്ക് റോഡ് മാർഗ്ഗമുള്ള യാത്രാക്ലേശം ഒഴിവാക്കി എറണാകുളം സിറ്റിയുമായി അതിവേഗം ബന്ധപ്പെടുന്നതിന് വകുപ്പിന്റെ 4 ഷെഡ്യൂൾ സർവ്വീസ് മുഖേന സാധിക്കുന്നു. വകുപ്പിന്റെ വൈറ്റില-കാക്കനാട് സർവ്വീസ് മുഖേന ഏകദേശം 20 മിനിറ്റുകൊണ്ട് കരമാർഗ്ഗമുള്ള ഗതാഗതത്തിരക്ക് മറികടന്ന് കാക്കനാട്, ഇൻഫോപാർക്ക് എന്നിവിടങ്ങളിൽ എത്തിച്ചേരുന്നതിന് എട്ട് ബൈക്കുകൾ കയറ്റാവുന്ന പാസഞ്ചർ-കം-വെഹിക്കിൾ കാരിയർ ബോട്ടുകൾ സർവ്വീസ് നടത്തുന്നു. നിരത്തുകളിലെ തിരക്ക് കുറയ്ക്കുന്നതിന് സഹായിക്കാൻ ഉതകുന്ന തരത്തിലാണ് വകുപ്പിന്റെ ടി സർവ്വീസുകളെ എല്ലാംതന്നെ. പുതുതായി വൈക്കം-എറണാകുളം, ആലപ്പുഴ-കുമരകം-കോട്ടയം എന്നീ രണ്ട് റൂട്ടുകളിൽക്കൂടി അതിവേഗ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ബോട്ടുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

(ബി)-(സി) ജലഗതാഗത വകുപ്പിൽ പുതിയ റൂട്ടുകൾ സംബന്ധിച്ച പഠനങ്ങൾ നടത്തുന്നുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 am]

## II തിരുത്തിയ ഉത്തരം

### നക്ഷത്രചിഹ്നമിട്ട 273-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ : പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 19-7-2016-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 273-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്ക് മേശപ്പുറത്തുവയ്ക്കാവുന്നതാണ്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) : സർ, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 19-7-2016-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 273-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള മറുപടി സഭയുടെ അറിവിലേയ്ക്കായി ഞാൻ സമർപ്പിക്കുന്നു. (മേശപ്പുറത്ത് വച്ചു.) *

മി. സ്പീക്കർ: മെമ്പർമാർക്ക് ഉപചോദ്യം ചോദിക്കാവുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, 19-7-2016 ലെ നക്ഷത്രചിഹ്നമിട്ട 273-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിലാണ് തിരുത്ത് വന്നത്. മെമ്പർമാർക്ക് ഉപചോദ്യം ചോദിക്കാനുള്ള അവസരം തിങ്കളാഴ്ച (31-10-2016) കൊടുക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ഇന്ന് ചോദ്യം ഉന്നയിക്കാൻ സാധിക്കില്ലല്ലോ; ഉത്തരം എന്താണെന്ന് അറിയണ്ടേ?

മി. സ്പീക്കർ: ശരി.

## III അടിയന്തരപ്രമേയം

### തെരുവുനായ്ക്കളുടെ ആക്രമണം

മി. സ്പീക്കർ : സംസ്ഥാനത്തൊട്ടാകെ തെരുവുനായ്ക്കളുടെ ആക്രമണം വ്യാപകമാവുകയും ആക്രമണങ്ങൾക്കിരയായി കഴിഞ്ഞ നാല് മാസത്തിനുള്ളിൽ നാലുപേർ മരണമടയുകയും മറ്റനേകായിരങ്ങൾ പരിക്കേറ്റ് ചികിൽസയിലാകുകയും

---

* അനുബന്ധം - 1 ആയി ചേർക്കുന്നു.

ചെയ്തു. 26-10-2016-ന് വർക്കലയിലെ വീട്ടിൽ കിടന്നുറങ്ങുകയായിരുന്ന രാഘവൻ എന്നയാൾ തെരുവുനായ്ക്കളുടെ കൂട്ടായ ആക്രമണത്തിൽ പരിക്കേറ്റ് മരണമടഞ്ഞു. സർക്കാരിന്റെ തെരുവുനായ നിയന്ത്രണ നടപടികളാകെ പരാജയപ്പെട്ടതും, തെരുവുനായ ആക്രമണങ്ങൾ ദിനംപ്രതി രൂക്ഷമായി ജീവഹാനി സംഭവിക്കുന്നതുമായ റിപ്പോർട്ടുകൾ ജനങ്ങളിലാകെ സൃഷ്ടിച്ചിട്ടുള്ള ഭീതിയും അരക്ഷിതാവസ്ഥയുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. പി.കെ. ബഷീർ, പി. ടി. തോമസ്, എൽദോസ് കുന്നപ്പിള്ളി, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ.കെ.ടി.ജലീൽ): സർ, നമ്മുടെ സംസ്ഥാനത്ത് സമീപ കാലത്തായി തെരുവുനായ്ക്കളുടെ ആക്രമണം വർദ്ധിച്ചിരിക്കുകയാണ്. കഴിഞ്ഞ നാലുമാസത്തിനുള്ളിൽ നാലുപേർ stray dogs-ന്റെ കടിയേറ്റ് ദാരുണമായി മരണപ്പെടുകയുണ്ടായി. ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ മാത്രം റിപ്പോർട്ട് ചെയ്തിട്ടുള്ള കണക്കനുസരിച്ച് കഴിഞ്ഞ നാലുവർഷങ്ങളിൽ ആന്റീ റാബീസ് വാക്സിനേഷന് വിധേയമായവരുടെ എണ്ണം ക്രമാതീതമായി ഉയർന്നു വരികയാണ്. 2013-ൽ 88,172 പേരും 2014-ൽ 1,19,191 പേരും 2015-ൽ 47856 പേരും 2016-ൽ ഇതുവരെയായി 53000 പേരും മെഡിക്കൽ കോളേജുകളിൽ നിന്നുമാത്രം ആന്റീ റാബീസ് വാക്സിൻ ഇഞ്ചക്ഷൻ എടുത്തിട്ടുണ്ട്. കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ 175 കുട്ടികൾ ഉൾപ്പെടെ 701 പേരാണ് തെരുവുനായ്ക്കളുടെ കടിയേറ്റ് വിവിധ ആശുപത്രികളിൽ ചികിത്സയ്ക്കായി എത്തിയത്. ഇതുമൂലം കേരളത്തിലെ ജനങ്ങൾക്കുണ്ടായിട്ടുള്ള പ്രയാസവും ബുദ്ധിമുട്ടും പരിഗണിച്ചുകൊണ്ട് 22-8-2016-ന് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുതല ഉദ്യോഗസ്ഥരുടെ അടിയന്തരയോഗം കൂടുകയും ചില തീരുമാനങ്ങളെടുക്കുകയും ചെയ്തു. ആ തീരുമാനങ്ങൾ പ്രാവർത്തികമാക്കാനുള്ള തീവ്ര ശ്രമത്തിലാണ് തദ്ദേശഭരണ സ്ഥാപനങ്ങളും മറ്റ് ഡിപ്പാർട്ട്മെന്റുകളും. സർക്കാർ എടുക്കുന്ന നടപടികൾ ഒരു ദിവസമോ ഒരാഴ്ചയോ ഒരു മാസമോകൊണ്ട് പൂർത്തീകരിക്കാൻ കഴിയുന്നതല്ല. സമയബന്ധിതമായി മാത്രമേ അത് പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് ധാരാളം തടസ്സങ്ങൾ

നിലനിൽക്കുന്നുണ്ട്. Stray dogs-നെ കൊല്ലാൻ പാടില്ല എന്നതുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ നാല് കേസ്സുകളാണ് നിലനിൽക്കുന്നത്. ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യ ഒരു സ്പെഷ്യൽ ലീവ് പെറ്റീഷൻ സുപ്രീംകോടതിയിൽ സമർപ്പിക്കുകയുണ്ടായി. അതുകഴിഞ്ഞ് അനുപമ ത്രിപാഠി ഒരു റിട്ട് പെറ്റീഷൻ സമർപ്പിച്ചു. മൂന്നാമത്തെ റിട്ട് പെറ്റീഷൻ ആലുവ ജനസേവ ശിശുഭവന്റേതും നാലാമത്തേത് സംസ്ഥാന സർക്കാരിന്റേതുമാണ്. രണ്ട് അഫിഡവിറ്റുകൾ നൽകിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു അഫിഡവിറ്റ് നൽകി. ഈ സർക്കാരിന്റെ കാലത്ത് മറ്റൊരു അഫിഡവിറ്റ് സുപ്രീംകോടതി ചോദിച്ചതനുസരിച്ച് നൽകുകയുണ്ടായി. ഏതാണ്ട് രണ്ടോ മൂന്നോ വർഷം കൊണ്ടുമാത്രമേ stray dogs-ന്റെ ശല്യം കുറച്ചുകൊണ്ടുവരാൻ കഴിയുകയുള്ളൂ. സ്റ്റെറിലൈസേഷന് വിധേയമാക്കലാണ് നിയമപരമായി നമ്മുടെ മുന്നിലുള്ള മാർഗ്ഗം. തെരുവുനായ്ക്കളെ സ്റ്റെറിലൈസേഷന് വിധേയമാക്കാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മൂന്നര ലക്ഷത്തോളം തെരുവുനായ്ക്കൾ നമ്മുടെ സംസ്ഥാനത്തുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ പശ്ചാത്തലത്തിൽ 941 പഞ്ചായത്തുകളുള്ളതിൽ 514 പഞ്ചായത്തുകളിൽ ഇതിനായി മോണിറ്ററിംഗ് കമ്മിറ്റികൾ നിലവിൽ വന്നുകഴിഞ്ഞു. 901 പഞ്ചായത്തുകളിൽ തെരുവിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. 835 പഞ്ചായത്തുകളിൽ എ.ബി.സി. പ്രോജക്ടുകൾക്ക് 13.55 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. എ.ബി.സി. പ്രോജക്ടുകൾക്ക് നിർദ്ദേശം നൽകാത്ത, അത് പദ്ധതികളിൽ ഉൾപ്പെടുത്താത്ത പഞ്ചായത്തുകളുടെ പദ്ധതികൾ അംഗീകരിക്കേണ്ടെന്ന് ബന്ധപ്പെട്ട ഡി.പി.സി.കൾക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. പതിമൂന്നരക്കോടി രൂപയിൽ 88.86 ലക്ഷം രൂപ ഇതിനകം ചെലവഴിച്ചു. ഗ്രാമീണമേഖലയിൽ 3574 തെരുവുനായ്ക്കളെ സ്റ്റെറിലൈസ് ചെയ്തതായിട്ടാണ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന കണക്ക്. സ്ട്രേ ഡോഗ്സുമായി ബന്ധപ്പെട്ട് ഒരു ഇനം തന്നെ നമ്മുടെ വെബ്സൈറ്റിൽ ചേർക്കുകയുണ്ടായിട്ടുണ്ട്. 835 പഞ്ചായത്തുകളിലായി 53174 വളർത്തുനായ്ക്കൾക്ക് വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ ലൈസൻസ് നൽകിക്കഴിഞ്ഞു. എ.ബി.സി. പ്രോജക്ടുകൾ നിരീക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിലും മോണിറ്ററിംഗ് കമ്മിറ്റികൾ നിലവിൽവന്നു. 71 നഗരപ്രദേശങ്ങളിലും ഈ കമ്മിറ്റികൾ നിലവിൽ വന്നിരിക്കുകയാണ്. മൃഗസ്നേഹികളുടെ രജിസ്ട്രേഷൻ നടത്തണമെന്ന് ആ കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് ആറ് മൃഗസ്നേഹികളുടെ സംഘടനകളാണ് രജിസ്ട്രേഷന് വന്നിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് മൊത്തം 8274 തെരുവുനായ്ക്കളെയാണ് സ്റ്റെറിലൈസേഷന് വിധേയമാക്കിയിരിക്കുന്നത്.

പണ്ടുകാലത്തും ഈ പ്രശ്നങ്ങളുണ്ടായിരുന്നു. അന്നൊക്കെ പരിഹരിക്കപ്പെട്ടിരുന്നത് ഡോഗ് ക്യാച്ചേഴ്സിനെ കൊണ്ടുവന്ന് കൂട്ടമായി തെരുവുനായ്ക്കളെ പിടികൂടി നശിപ്പിക്കുക എന്നതായിരുന്നു. എന്നാൽ ഇപ്പോൾ നമുക്ക് അതിന് കഴിയാത്ത സ്ഥിതിയുണ്ട്. നിലവിൽ പഞ്ചായത്ത് രാജ് ആക്ടിൽ dangerous-ഉം ferocious-ഉം ആയ തെരുവുനായ്ക്കളെ കൈകാര്യം ചെയ്യുന്നതിന് അനുവാദമുണ്ട്. പക്ഷേ സുപ്രീംകോടതിയുടെ ഇടപെടലിനെത്തുടർന്ന് അത്തരമൊരു നടപടി പാടില്ലെന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ നീങ്ങിയിട്ടുണ്ട്. പക്ഷേ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ ഗുരുതരമായിട്ടുള്ള ഒരു പ്രശ്നം ഉയർന്നുവന്നിട്ടുണ്ട്. അതിന് സ്റ്റെറിലൈസേഷന് stray dogs-നെ വിധേയമാക്കുക എന്നുള്ളതാണ് നിയമാനുസൃതമായിട്ടുള്ള ഒരുപോംവഴി. അതിനുവേണ്ട എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിച്ചുവരുന്നുണ്ട്. വിവിധ ജില്ലാ പഞ്ചായത്തുകളും കോർപ്പറേഷനുകളും എ.ബി.സി പ്രോഗ്രാമിനുവേണ്ടി 15½ കോടി രൂപയുടെ പ്രോജക്ടാണ് സംസ്ഥാന സർക്കാരിനുമുന്നിൽ സമർപ്പിച്ചിരിക്കുന്നത്. ഇക്കാര്യം ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുമായി ഇന്നലെ സംസാരിച്ചു. എ.ബി.സി പ്രോജക്ടുകൾക്ക് ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എത്ര എമൗണ്ടാണ് പ്രോജക്ടായി നൽകുന്നതെങ്കിലും മുഴുവൻ തുകയും അനുവദിക്കാമെന്ന് അദ്ദേഹം സമ്മതിച്ചിട്ടുണ്ട്. എ.ബി.സി. പ്രോജക്ടിനായി വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ..... (ബഹളം).......

<u>മി. സ്പീക്കർ</u>: അവിടെ ഇരിക്കൂ....അദ്ദേഹം പറഞ്ഞുകഴിയട്ടെ. ശ്രീ. എം. വിൻസെന്റ്, അദ്ദേഹം പറഞ്ഞുകഴിയട്ടെ. മിനിസ്റ്റർ, അങ്ങ് ചെയറിനെ നോക്കി സംസാരിച്ചാൽ മതി.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ശരിയായിട്ടുള്ള കാര്യം തന്നെയാണ് പറയുന്നത്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഇതിനകം പ്ലാൻ ഫണ്ട് നീക്കിവച്ചിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങൾ അവരുടെ പ്ലാൻ ഫണ്ടിൽ പണം നീക്കിവച്ചിട്ടുള്ളതിനുപുറമെയാണ് ജില്ലാ പഞ്ചായത്തുകളും കോർപ്പറേഷനുകളും പ്രത്യേകമായി എ.ബി.സി പ്രോഗ്രാമുകൾ നടപ്പാക്കുന്നതിനായി 15 ½ കോടി രൂപ ആവശ്യപ്പെട്ടിരിക്കുന്നത്. ആ 15 ½ കോടി രൂപയാണ് ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രിയുമായി ഇന്നലെ സംസാരിച്ചപ്പോൾ നൽകാമെന്നുപറഞ്ഞത്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നമ്മൾ നൽകേണ്ട കാര്യമില്ല. എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും അവരുടെ പ്ലാൻ ഫണ്ടിൽ ഇതുൾപ്പെടുത്തി നൽകിയിട്ടുണ്ട്. ഒരു പക്ഷേ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്ലാൻ ഫണ്ടിൽനിന്നും വകയിരുത്താതെ

ABC പദ്ധതികൾക്ക് പണം നൽകുമെന്ന് പറഞ്ഞതുകൊണ്ടാവാം അങ്ങനെ പറഞ്ഞിട്ടുണ്ടാവുക. പക്ഷേ അങ്ങനെയല്ല. കോർപ്പറേഷനുകളും ജില്ലാപഞ്ചായത്തുകളും എ.ബി.സി പ്രോഗ്രാമിന് 15 ½ കോടി രൂപയുടെ പ്രോജക്ട് നൽകിയിട്ടുണ്ട്. ആ പണവും സർക്കാർ അനുവദിക്കും. ഈ പ്രശ്നം നേരിടുന്നതിന് കഴിയാവുന്ന എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. ഇതിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ല. കേന്ദ്ര മന്ത്രിയായ ശ്രീമതി മേനകാഗാന്ധി ഇതുമായി ബന്ധപ്പെട്ട് ചില പ്രസ്താവനകളൊക്കെ നടത്തുകയുണ്ടായി. അതിനെക്കുറിച്ച് പിന്നീട് പറയാവുന്നതാണ്. എല്ലാ രാഷ്ട്രീയ പാർട്ടികളും ഇക്കാര്യത്തിൽ ഒരേ വികാരമാണ് പങ്കുവയ്ക്കുന്നത്. ഡോഗ് ക്യാച്ചേഴ്സിനെ കേരളത്തിൽ കിട്ടാനില്ലെന്നുള്ളത് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. 56 ഡോഗ് ക്യാച്ചേഴ്സിനെയാണ് ഇതിനകം നമുക്ക് ലഭിച്ചിരിക്കുന്നത്. ഇതര സംസ്ഥാന തൊഴിലാളികളെ പ്രയോജനപ്പെടുത്തി ഡോഗ് ക്യാച്ചേഴ്സിന്റെ എണ്ണം വർദ്ധിപ്പിക്കാൻ കഴിയുമോ എന്നുള്ളത് പരിശോധിക്കുന്നുണ്ട്. കുടുംബശ്രീ മുഖേന ഡോഗ് ക്യാച്ചേഴ്സിനെ ട്രെയിൻ ചെയ്യുന്നതിന് പദ്ധതികളും പരിപാടികളും ആവിഷ്കരിച്ചുവരുന്നു.

മി. സ്പീക്കർ: പട്ടിപിടുത്തക്കാർ എന്നുതന്നെ പറയുന്നതാണ് നല്ലത്. കടിക്കാൻ വരുന്ന നായ്ക്കളെ എന്താണ് ചെയ്യാൻ പോകുന്നതെന്ന് അറിയാൻ ജനങ്ങൾ കാത്തിരിക്കുകയാണ്. അതുകൊണ്ട് പച്ചമലയാളത്തിൽത്തന്നെ പറയുന്നതായിരിക്കും നല്ലത്. എന്താണ് ചെയ്യാൻ പോകുന്നതെന്ന് ജനങ്ങളാകെ പ്രതീക്ഷിച്ചിരിക്കുകയാണ്. എല്ലാവർക്കും മനസ്സിലായിക്കൊള്ളട്ടെ.

ഡോ. കെ. ടി. ജലീൽ: സർ, പച്ചമലയാളത്തിൽ തന്നെ പറഞ്ഞ് സഭയുടെ മനസ്സിനെ അലോസരപ്പെടുത്തേണ്ട എന്നുകരുതിയാണ് പറയാത്തത്. പട്ടിപിടുത്തക്കാരുടെ എണ്ണം കുറവാണ്. ഏതായാലും വളരെ ഗൗരവതരമായ ഒരു വിഷയം തന്നെയാണിത്. അതേ ഗൗരവത്തിൽതന്നെ സർക്കാർ നിലപാടുകൾ സ്വീകരിച്ച് മുന്നോട്ടുപോവുകയാണ്. അതുകൊണ്ടുതന്നെ സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നുള്ള കാര്യം അറിയിക്കുകയാണ്.

ശ്രീ. പി. കെ. ബഷീർ: സർ, നമ്മുടെ സംസ്ഥാനത്തെ മൂന്നരക്കോടി ജനങ്ങൾക്ക് ഇന്ന് സമാധാനപരമായി ജീവിക്കാൻ കഴിയാത്ത അവസ്ഥയും നായ്ക്കൾക്ക് സുഖകരമായി ജീവിക്കാവുന്ന ഒരവസ്ഥയുമാണുള്ളത്. ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി 'ഗോഡ്സ് ഓൺ കൺട്രി' എന്നുപറഞ്ഞു. മുമ്പിലും പുറകിലും പോലീസ് എസ്കോർട്ട് ആയതുകൊണ്ട് അദ്ദേഹത്തിന് അതിനെപ്പറ്റി അറിയില്ലായിരുന്നു. അല്ലെങ്കിൽ അദ്ദേഹം 'ഡോഗ്സ് ഓൺ കൺട്രി' എന്ന് പറയുമായിരുന്നു. അതുകൊണ്ടാണ് അത് പറയാതെ പോയത്. നായ കടിച്ചത് മൂന്നുലക്ഷം ആളുകളെയാണ്. 20 പേരെ മാത്രമാണ് നായ കടിച്ചതെന്നാണ് ജസ്റ്റിസ് സിരിജഗൻ കമ്മീഷൻ പറഞ്ഞത്. എന്താണ് നമ്മുടെ സ്ഥിതി; തെരുവുനായ വിഷയത്തിൽ ഒരു വിഭാഗം

തെരുവുനായ്ക്കളെ ഉന്മൂലനം ചെയ്യണം/കൊല്ലണം എന്ന് അഭിപ്രായമുള്ളവരാണ്. ഞാൻ ആ വിഭാഗത്തിൽപ്പെട്ടതാണ്. വേറൊരു വിഭാഗം വന്ധ്യംകരണം നടത്തണമെന്നാണ് പറയുന്നത്. മറ്റൊരു വിഭാഗക്കാർ പറയുന്നത് പേവിഷബാധ പ്രതിരോധിക്കണമെന്നാണ്. മൃഗങ്ങളുടെ അവകാശങ്ങൾ ഉയർത്തുന്ന തോടൊപ്പംതന്നെ മനുഷ്യരുടെ അവകാശങ്ങൾ ഉയർത്താൻ മനുഷ്യനിർമ്മിതമായ ഒരു നിയമനിർമ്മാണസഭ ഇവിടെയുണ്ട്, പാർലമെന്റുമുണ്ട്. അവിടെയൊക്കെ നിയമ നിർമ്മാണം നടത്തുമ്പോൾ നമ്മുടെയൊക്കെ ജനപ്രതിനിധികൾക്ക് പറ്റിയ പാളിച്ചയുടെ ഒരു ദുരിതമാണ് ഇന്ന് നമ്മളെല്ലാവരും അനുഭവിച്ചു കൊണ്ടിരിക്കുന്നത്. നിയമനിർമ്മാണം നടത്തുമ്പോൾ ഞാനടക്കമുള്ള സാമാജികർ സഭ ബഹിഷ്കരിക്കുന്ന പരിപാടി നിർത്തിയാൽ മാത്രമേ ഇതിന്റെ ന്യൂനതകൾ പരിഹരിക്കാൻ കഴിയുകയുള്ളൂ. പാർലമെന്റിൽ ഈ ബിൽ വന്നപ്പോൾ എല്ലാവരും സഭ ബഹിഷ്കരിച്ചു. ഉദ്യോഗസ്ഥർ എഴുതിക്കൊടുത്തത് പാസ്സാക്കി. ഞാനൊരു കാര്യം സീരിയസ്സായാണ് പറയുന്നത്.

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ, അങ്ങ് ചെയറിനോട് സംസാരിക്കൂ.

ശ്രീ. പി. കെ. ബഷീർ: സർ, ഇക്കാര്യത്തിൽ ഞാൻ പറയുന്നത്, Prevention of Cruelty to Animals Act എന്നൊരു നിയമമുണ്ടാക്കി. നിയമപ്രകാരം ബുദ്ധിമുട്ടുണ്ടെന്ന് ഇവിടെ മന്ത്രി പറഞ്ഞു. നിയമപ്രകാരം ഒരു ബുദ്ധിമുട്ടുമില്ല. ഡെയ്ഞ്ചറസായിട്ടുള്ള നായ്ക്കളെ വേദനിപ്പിക്കാതെ കൊല്ലാമെന്ന് ആക്ടിൽ 9(F)11/3(b)- വകുപ്പുപ്രകാരം പറയുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി സിയാലിനടുത്ത് ഒന്ന് പോകണം. നമ്മുടെ ഉദ്യോഗസ്ഥർക്ക് ബുദ്ധിയില്ലാത്തതുകൊണ്ടല്ല, കാര്യങ്ങൾ നടത്താൻ അറിയാത്തതുകൊണ്ടുമല്ല. സിയാലിന് അടുത്ത് പോയാൽ ഏതെങ്കിലുമൊരു നായയെ അവിടെ കാണാൻ കഴിയുമോ; എന്താണ്; അവിടെ കൊന്നിട്ടില്ലേ; കൊല്ലണം. അതിനുമുണ്ടൊരു നയം. ആലോചിച്ചുനോക്കൂ. നിങ്ങൾ നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ പരിസരത്ത് എവിടെയെങ്കിലും പോയാൽ തെരുവുനായ്ക്കളെ കാണുകയില്ല. അതിനുമുണ്ട് ഒരുബുദ്ധി. നായ്ക്കളെ കൊന്നേ മതിയാകൂ. ഇത് കൊട്ടിഘോഷിക്കേണ്ട കാര്യമൊന്നുമല്ല. ആർക്കെങ്കിലും കൊല്ലണമെന്നുണ്ടെങ്കിൽ രാത്രിയിൽ കുറച്ച് ഇറച്ചിക്കഷണത്തിൽ എന്തെങ്കിലും വിഷം വച്ചാൽ അത് തിന്നിട്ട് ചത്തോളും. പിറ്റേന്ന് രാവിലെ അതിനെ മറവുചെയ്താൽ പോരേ; ഇങ്ങനെ ചെയ്തുകൂടേ; ഇപ്പോൾ നമ്മുടെ മക്കളെ വീടിന് പുറത്തേയ്ക്കിറക്കാൻ സാധിക്കുന്നുണ്ടോ; കുട്ടികളെ സ്കൂളിൽ അയയ്ക്കുന്ന രക്ഷിതാക്കൾക്ക് മനഃസമാധാനമുണ്ടോ; എത്ര കുട്ടികളെയാണ് നായ കടിച്ചത്; നായ കടിക്കുമ്പോൾ ആദ്യം മുഖത്താണ് കടിക്കുന്നത്. ഏറ്റവും സോഫ്റ്റായ സ്ഥലം നോക്കിയാണ് കടിക്കുന്നത്. വന്ധ്യംകരണം നടത്തണമെന്ന്

പറയുന്നുണ്ട്. വന്ധ്യംകരണം നടത്തുകയല്ല വേണ്ടത്. ആദ്യം അതിന്റെ തൊള്ളയ്ക്ക് പൂട്ടിടാൻ പറ്റുമോ എന്ന് നോക്കണം. കാരണം അത് കടിക്കുന്നത് വായ് കൊണ്ടാണ്. ഞാൻ ചോദിക്കട്ടെ. ശ്രീമതി മേനകാ ഗാന്ധിയുടെ വിചാരമെന്താണ്; നമ്മുടെ മുഖ്യമന്ത്രിയെയും, ഡി.ജി.പി.-യെയും നിയന്ത്രിക്കാൻ അവർ ആരാണ്; -ബി.ജെ.പി.-യുടെ സമ്മേളനം വിളിച്ച്, അവിടെവച്ച് ഡി.ജി.പി. ലോക്നാഥ് ബെഹ്റയെ ശാസിക്കുകയാണ്. പത്രക്കാർ അതിന്റെ ഫോട്ടോയും കൊടുക്കുകയാണ്. ഇന്നലത്തെ ഒരു സ്റ്റേറ്റ്മെന്റുണ്ട്. 'നായ്ക്കളെ കൊന്നാൽ കാപ്പ ചുമത്തണം.' അതിന്റെ കൂട്ടത്തിൽ എന്താണ് പറഞ്ഞിരിക്കുന്നതെന്ന് അറിയാമോ; 'ഇതിൽ ഡി.ജി.പി. നടപടിയെടുക്കണം. ഇക്കാര്യത്തിൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മൗനം വെടിയണം.' ശ്രീമതി മേനകാ ഗാന്ധി പറഞ്ഞാൽ നമ്മുടെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പേടിക്കുമോ; കാപ്പ ചുമത്തണമെന്നാണ് പറയുന്നത്. നമ്മുടെ മുഖ്യമന്ത്രിയെ നിയന്ത്രിക്കാൻ ഇവർ ആരാണ്; നിങ്ങൾ ഒന്ന് ആലോചിക്കണം. നമ്മുടെ അഭിമാനത്തിന് ക്ഷതമേൽക്കുന്ന മാതിരിയല്ലേ; അവരുടെ വകുപ്പെന്താണ്; സ്ത്രീകളുടെയും കുട്ടികളുടെയും കാര്യം നോക്കാനാണ്, മൃഗങ്ങളുടെ കാര്യം നോക്കാൻ അവരോട് ആരും പറഞ്ഞിട്ടില്ല. എല്ലാവർക്കും പത്രം വായിച്ച് അറിയാവുന്നതാണല്ലോ; അവനവന്റെ കുട്ടികളെ ഇനി ശരിക്ക് നോക്കിയാൽ മതി. എല്ലാവർക്കും ഭ്രാന്തൻമാരാകാൻ പറ്റുമോ; കോട്ടയത്ത് Society for Prevention of Cruelty to Animals (SPCA) എന്ന ഒരു സംഘടന പ്രവർത്തിക്കുന്നുണ്ട്. അവരുടെ സാമ്പത്തിക സ്രോതസ്സ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷിക്കണം. ഏതെങ്കിലും ഒരു കാളപൂട്ട് നടക്കുമ്പോൾ അതിന്റെ ഫോട്ടോയോ അല്ലെങ്കിൽ ആരെങ്കിലും ഒരു നായയെ അടിച്ചുകൊന്നാൽ അതിന്റെ ഫോട്ടോയെടുത്ത് ചെന്നൈയിലെയോ ഡൽഹിയിലെയോ ഓഫീസിലേയ്ക്ക് അയച്ച് പണം വാങ്ങി സൽക്കാരം നടത്തുകയാണ്. ഇവരുടെ കേസിന് സുപ്രീംകോടതിയിൽ ഹാജരായ സീനിയർ അഡ്വക്കേറ്റ് ശ്രീ. നാഗറാവുവിന് രണ്ട് ലക്ഷവും മൂന്ന് ലക്ഷവുമാണ് ഫീസ്. ഇവർക്ക് ഇതിനൊക്കെയുള്ള വരുമാനം എവിടെനിന്നാണ്. ഇവർക്ക് ലഭിക്കുന്ന പണം എങ്ങനെ ചെലവഴിക്കുന്നുവെന്നുള്ളതും പ്രധാനമാണ്. ഒരു നായയുടെ കടിയേറ്റാൽ എത്ര രൂപയാണ് ചെലവാകുന്നത്. 40,000 രൂപയാണ് മരുന്നിന്റെ വില. റാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ കുത്തിവയ്പ് നിർബന്ധമാണ്. അത് വളർത്തുമൃഗങ്ങൾക്കും വേണം. ഈ സഭയിലെ ഒരംഗമായ ബഹുമാന്യനായ ഇ. കെ. വിജയന്റെ ഭാര്യയെ കഴിഞ്ഞ ദിവസം നായ കടിച്ചു. അന്ന് ഈ സഭ വികാരപരമായി ഈ കാര്യം ചർച്ച ചെയ്തതാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. മാത്യു ടി. തോമസിന്റെ മകളെയും നായ കടിച്ചു. ജൂൺ-ജൂലൈ മാസത്തിൽ ഗൾഫിൽനിന്ന് ഫാമിലിയായി കുട്ടികൾ വന്നാൽ ഫ്ലാറ്റിലാണ് താമസിക്കുന്നത്. കുട്ടികളെ അവനവന്റെ വീട്ടുമുറ്റത്തേയ്ക്കിറങ്ങാൻ വീട്ടുകാർ സമ്മതിക്കുന്നില്ല.

അത്രത്തോളം ഭീകരമായ ഒരു അവസ്ഥയാണുള്ളത്. ഈ 40,000 രൂപയുടെ മരുന്ന് എവിടെനിന്നാണ് വരുന്നത്; ഇവിടത്തെ ഉന്നതരായ ഐ.എ.എസ്./ ഐ.പി.എസ്. ഉദ്യോഗസ്ഥരാണ് വാക്സിൻ ലോബിയെ സഹായിക്കുന്നത്. പട്ടി വിഷയത്തിൽ മരുന്നുലോബിയുടെ സ്വാധീനത്തിന്റെ കുറച്ച് ഉദാഹരണങ്ങൾ ഞാൻ വായിക്കാം. മുൻ ഡി.ജി.പി. ശ്രീ. ടി. പി. സെൻകുമാർ പട്ടികളെ കൊല്ലുന്നവരുടെ പേരിൽ കേസ് എടുക്കാൻ സർക്കുലർ ഇറക്കി. മുൻ ചീഫ് സെക്രട്ടറി ശ്രീ. ജിജി തോംസൺ പട്ടിയെ കൊല്ലാൻ പാടില്ലെന്ന് പല സ്ഥലത്തും പ്രസംഗിച്ചു, ലേഖനം എഴുതി. അത് നിങ്ങളുടെ കാലത്തല്ലേയെന്ന് പറയണ്ട, ഇത് എല്ലാവർക്കും ബാധകമാണ്. പട്ടിയെ ഉപദ്രവിക്കുന്നതുകൊണ്ടാണ് അവ മനുഷ്യരെ ഉപദ്രവിക്കുന്നതെന്ന് ഐ.ജി. ശ്രീമതി ബി. സന്ധ്യ പ്രഖ്യാപിച്ചു. ഇവരാരും പൊതുനിരത്തിലൂടെ നടക്കുന്നവരല്ല. മുന്നിലും പിന്നിലും പോലീസുമായി നടക്കുന്നവരാണ്. റോഡിലൂടെ നടക്കുന്നില്ലല്ലോ; മന്ത്രിക്ക് പേടിയുണ്ട്, മന്ത്രിയെ അങ്ങനെ മോശമാക്കി പറയാൻ പാടില്ല. തൃശ്ശൂർ ജില്ലയിലെ മാളയിൽ 1200 കോഴിക്കുഞ്ഞുങ്ങളാണ് ചത്തത്. കോഴക്കൂട്ടിലും ആട്ടിൻകൂട്ടിലുമൊക്കെ കയറി ആടുകളെ കടിച്ചുകൊല്ലുകയാണ്. ഇറച്ചിയൊക്കെ തിന്നതിനുശേഷം അക്രമകാരി കളാകുകയാണ്. ഈ പ്രശ്നം വളരെ ഗൗരവമായിത്തന്നെ സർക്കാർ എടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതിൽ കക്ഷിരാഷ്ട്രീയമൊന്നുമില്ല. 1250 നായപിടുത്തക്കാരെ ഇറക്കിയാലും ഇതൊന്നും നടക്കുകയില്ല. ഞാനും നിങ്ങളുമൊക്കെ പഞ്ചായത്തിലും ജില്ലാ പഞ്ചായത്തിലുമൊക്കെഅംഗങ്ങളാകുകയും പഞ്ചായത്ത് പ്രസിഡന്റ് ആകുകയുമൊക്കെ ചെയ്തിട്ടുണ്ട്. അന്നൊക്കെ നായയെ പിടിച്ച് കൊല്ലുന്നതിന് 5 രൂപ നായപിടുത്തക്കാരന് കൊടുക്കും. അതാണ് നിയമം. പക്ഷെ അതിന് ആളെ കിട്ടുകയില്ല. ഒരു നായയെ കൊന്ന് 4 നായയെ കൊന്നതിന്റെ വൗച്ചർ എഴുതി പഞ്ചായത്ത് മെമ്പർമാർ ഒപ്പിട്ടുകൊടുക്കുകയാണ് ചെയ്യുന്നത്. അക്കാലത്ത് അങ്ങനെയാണ് നടക്കുന്നത്. ഇതൊക്കെ നാട്ടിൽ നടക്കുന്നതാണ്. എല്ലാം നിയമം നോക്കി വള്ളിപുള്ളി വിടാതെ ചെയ്താൽ ഇതൊന്നും നടക്കില്ല. ഇക്കാര്യത്തിൽ ശാശ്വത പരിഹാരമുണ്ടാകണം. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്, അങ്ങ് ഇതിന് മുൻകയ്യെടുത്ത് ഇവിടെ അലഞ്ഞുതിരിഞ്ഞ് അപകടകാരികളായി നടക്കുന്ന നായ്ക്കളെ ഉന്മൂലനം ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

<u>മി. സ്പീക്കർ:</u> യെസ്...... പ്ലീസ്.....

<u>ശ്രീ. പി. കെ. ബഷീർ:</u> സർ, മന്ത്രി പത്ത് മിനിട്ട് പറഞ്ഞു. ഞാൻ ഇത് എല്ലാവർക്കുംവേണ്ടി പറയുകയാണ്. നമ്മുടെ മുഖ്യമന്ത്രി പോയി ശ്രീമതി മേനകാ ഗാന്ധിയെ കാണേണ്ടതില്ല. നിങ്ങളെന്തിനാ മുഖ്യമന്ത്രിയുടെ നിലവാരം

കുറയ്ക്കുന്നത്. നമ്മുടെ മുഖ്യമന്ത്രിയെന്നുപറഞ്ഞാൽ ഒരു വിലയും വെയ്റ്റുമൊക്കെ വേണ്ടേ; ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ കണ്ട് ഇതിനൊരു തീരുമാനമുണ്ടാക്കണം. എനിക്ക് പത്രക്കാരോട് പറയാനുള്ളത്, ആരെങ്കിലും പത്തോ ഇരുപതോ നായ്ക്കളെ കൊന്നാൽ നിങ്ങൾ അതിന് പബ്ലിസിറ്റി കൊടുക്കേണ്ട. അതൊക്കെ നമ്മുടെ നാട്ടുകാർക്കും കുട്ടികൾക്കുംവേണ്ടിയാണ് ചെയ്യുന്നത്. നിങ്ങൾ ഇങ്ങനെ പബ്ലിസിറ്റി കൊടുത്ത് അപ്പുറത്തുള്ള മൃഗസ്നേഹികൾക്ക് വളം വച്ചുകൊടുക്കുന്നതെന്തിനാണ്. കൊല്ലാൻ പോകുന്നതിന് പബ്ലിസിറ്റി കൊടുക്കേണ്ട. അത് അങ്ങനെ നടക്കട്ടെ. അതേ നടക്കുകയുള്ളൂ. വിഷം പുരട്ടിയ ഇറച്ചി ഇട്ടുകൊടുത്താൽ എന്ത് എളുപ്പമാണ് കാര്യങ്ങൾ. എന്തിനാണ് നിങ്ങൾ പട്ടിയെക്കുറിച്ച് ആലോചിക്കുന്നത്.

<u>മി. സ്പീക്കർ:</u> അത് നല്ല ആശയമാണ്.

<u>ശ്രീ. പി. കെ. ബഷീർ:</u> സർ, കുറച്ച് കോമൺ സെൻസ് ഉണ്ടായാൽ പോരേ. അത് ഇല്ലാത്തതാണ് ഇതിന്റെയൊക്കെ തകരാറ്. വളരെ ഗൗരവമായ ഇടപെടൽ ഉണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രി വകുപ്പുകളെപ്പറ്റി ഒന്ന് പഠിക്കണം. വെറും പ്രസംഗം മാത്രം പോരാ. എന്റെ സുഹൃത്തെ, നമ്മൾ ഒരുമിച്ച് ജില്ലാ പഞ്ചായത്തിൽ ഉണ്ടായിരുന്നതാണ്. നമ്മുടെ പാർട്ടിയുടെ യൂത്ത് ലീഗിന്റെ ജനറൽ സെക്രട്ടറിയായിരുന്ന ആളാണ് അങ്ങ്. അങ്ങേയ്ക്ക് ഇപ്പോൾ ആ സ്ഥാനം കിട്ടിയതിൽ സന്തോഷമുണ്ട്. ഒരാളെങ്കിലും നന്നായല്ലോ; അതിൽ സന്തോഷം. അങ്ങ് ഈ പതിനാലാം കേരള നിയമസഭയിൽ ശ്രീ. എം. വിൻസെന്റിന്റെ 1103-ാം നമ്പർ ചോദ്യത്തിനും ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ 1100-ാം നമ്പർ ചോദ്യത്തിനും എന്താണ് മറുപടി പറഞ്ഞത്; അതാണ് നിങ്ങൾ വകുപ്പിനെക്കുറിച്ച് പഠിക്കണമെന്ന് പറഞ്ഞത്. കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ എത്ര പേർക്ക് തെരുവുനായ്ക്കളുടെ കടിയേറ്റുവെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് നൽകാമോയെന്ന ചോദ്യത്തിന് വിവരം ശേഖരിച്ചുവരുന്നുവെന്നാണ് മറുപടി. നായയുടെ കടിയേറ്റ് ആരെങ്കിലും മരിച്ചിട്ടുണ്ടോയെന്ന ചോദ്യത്തിനും വിവരം ശേഖരിച്ചുവരുന്നുവെന്നായിരുന്നു മറുപടി. പേവിഷബാധയേറ്റ മൃഗങ്ങൾ സംസ്ഥാനത്തുണ്ടോയെന്ന ചോദ്യത്തിനും വിവരം ശേഖരിച്ചുവരുന്നു എന്നായിരുന്നു മറുപടി. ഇങ്ങനെ മറുപടി നൽകുന്നതിന് നിങ്ങൾ അവിടെ ഇരിക്കേണ്ടതുണ്ടോ; 1978-ൽ കച്ചവടത്തിലേയ്ക്ക് എന്നെ ആദ്യമിറക്കിയപ്പോൾ എന്റെ ബാപ്പ എന്നോട് ഫോറസ്റ്റ് ഓഫീസിൽ പോയി ഒരു കടലാസ് വാങ്ങിക്കൊണ്ടുവരാൻ പറഞ്ഞു. ജില്ലാ ഫോറസ്റ്റ് ഓഫീസിൽ പോയപ്പോൾ കടലാസ് കിട്ടിയില്ല. ബാപ്പ അസംബ്ലികഴിഞ്ഞ് വന്നപ്പോൾ എന്തായിയെന്ന് എന്നോട് ചോദിച്ചു. അതിന് എന്തൊക്കെയോ ബുദ്ധിമുട്ടുണ്ടെന്ന് പറഞ്ഞു. അത് വാങ്ങാനാണെങ്കിൽ നിന്റെ

ഉമ്മയെ പറഞ്ഞയച്ചാൽ പോരെ, നിന്നെ പറഞ്ഞയക്കേണ്ട ആവശ്യമുണ്ടായിരുന്നോ എന്നാണ് ചോദിച്ചത്. ഡോ. കെ. ടി. ജലീലിനോട് പറയാനുള്ളത്, മന്ത്രിയെന്നു പറഞ്ഞാൽ ശേഖരിക്കലല്ല. അത് ഇംപ്ലിമെന്റ് ചെയ്യാനുള്ള നട്ടെല്ലും കപ്പാസിറ്റിയും ഉണ്ടാകണം. അതിനാണ് ബഹുമാനപ്പെട്ട പിണറായി വിജയൻ മൂന്ന് മന്ത്രിമാരുടെ വകുപ്പ് ഒന്നാക്കി നിങ്ങളുടെ തലയിൽ വച്ചുതന്നത്. അതുകൂടി മനസ്സിലാക്കണം. മൂന്ന് മന്ത്രിമാർ കൈകാര്യം ചെയ്തിരുന്ന വകുപ്പുകളാണ്. നിങ്ങൾ പോകുമോയെന്നൊരു പേടി അദ്ദേഹത്തിനുണ്ടായിരുന്നു. പ്രതീക്ഷകളൊക്കെ നിലനിർത്തിക്കൊണ്ടുപോകണം. തെരുവുനായ വിഷയം നമ്മുടെ സംസ്ഥാനത്ത് വളരെയധികം ആളുകൾക്ക് പ്രയാസങ്ങളും വിഷമങ്ങളും ഉണ്ടാക്കുന്നുണ്ട്. അതുകൊണ്ട് സർക്കാർ യാഥാർത്ഥ്യ ബോധമുൾക്കൊണ്ട് അടിയന്തരമായി നടപടി സ്വീകരിക്കണം. സംസ്ഥാനത്താകെയുള്ള ജനങ്ങളിൽ ആധി നിറയ്ക്കുന്ന ഈ പ്രശ്നം ഗൗരവത്തിലെടുത്ത് സഭ നിർത്തിവച്ച് ചർച്ച ചെയ്യണം. പ്രായോഗിക പരിഹാര നടപടികളെക്കുറിച്ച് തീരുമാനമെടുക്കണം. സമയബന്ധിതമായി അത് നടപ്പിലാക്കണം. എങ്കിൽമാത്രമേ ജനങ്ങളുടെ മനസ്സിലെ ഭീതി മാറുകയുള്ളൂ. നിസ്സഹായാവസ്ഥയിൽനിന്ന് ജനങ്ങളെ മോചിപ്പിക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം. സഭ നിർത്തിവച്ച് ഈ പ്രശ്നം ചർച്ച ചെയ്യണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നാട്ടിലെ ജനങ്ങൾക്കുവേണ്ടി ഇക്കാര്യത്തിൽ ഇടപെടണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഈ ദാരുണമായ സംഭവമുണ്ടായത് ശ്രീ. വി. ജോയിയുടെ മണ്ഡലത്തിലാണ്. അദ്ദേഹത്തിന് ഒരു മിനിട്ട് സംസാരിക്കാം.

ശ്രീ. വി. ജോയി: സർ, കഴിഞ്ഞ 26-10-2016-നാണ് വർക്കലയിൽ ഈ ദാരുണമായ സംഭവമുണ്ടായത്. 90 വയസ്സായ ഒരാൾ വീടിന്റെ വരാന്തയിലാണ് സാധാരണ അന്തിയുറങ്ങാറുള്ളത്. പട്ടിയുടെ കടിയേൽക്കുന്ന ദിവസവും അദ്ദേഹം വരാന്തയിലാണ് കിടന്നുറങ്ങിയത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, മീഡിയയിലും സോഷ്യൽ മീഡിയയിലുമെല്ലാം അദ്ദേഹത്തിന്റെ പടം വന്നിട്ടുണ്ട്. ആ പാവപ്പെട്ട മനുഷ്യന്റെ മൂക്കും കവിളും പൂർണ്ണമായും തെരുവുനായ്ക്കൾ കടിച്ചെടുത്തുകളഞ്ഞു. ശരീരത്തിൽ ഏകദേശം 70 കടിയാണ് ഏറ്റിട്ടുള്ളത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു കുടുംബമാണ്. വീട് കണ്ടാൽ അവരുടെ സ്ഥിതി മനസ്സിലാകും. വീടിന് വാതിൽ ഇല്ല. വാതിൽ വയ്ക്കാൻ നിവൃത്തിയില്ല. ജനാലകൾ ചാക്കുവച്ച് മറച്ചിരിക്കുകയാണ്. വളരെ ദയനീയമായ ഒരു സ്ഥിതിവിശേഷമാണുള്ളത്. അദ്ദേഹത്തിന്റെ കുടുംബത്തെ സഹായിക്കാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ്, അങ്ങേയ്ക്ക് ഒരു മിനിട്ട് സംസാരിക്കാവുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, തെരുവുനായ്ക്കളെ കൊല്ലരുതെന്നുപറഞ്ഞ് ഒരു കോടതി വിധിയും നിലവിലില്ല. ശ്രീ. പി. കെ. ബഷീർ ചൂണ്ടിക്കാണിച്ചതുപോലെ, ഇവിടെ നിയമം നിലവിലുണ്ട്. തെരുവുനായ്ക്കളെ കൊല്ലാനുള്ള നടപടി സ്വീകരിക്കുകയാണ് അടിയന്തരമായി ചെയ്യേണ്ടത്. എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കുന്നതോടൊപ്പം മാലിന്യ നിർമ്മാർജ്ജനത്തിന് പ്രോജക്ട് ഉണ്ടാക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾക്ക് അംഗീകാരം കൊടുക്കില്ലെന്ന ഒരു നിയമമുണ്ടാക്കണം. അറവുശാലകൾക്ക് ലൈസൻസ് കൊടുക്കുമ്പോൾ അവരുടെ മാലിന്യ നിർമ്മാർജ്ജനത്തിനുവേണ്ടിയുള്ള സാധ്യതകൂടി പരിശോധിക്കണം. ഒരു നായയെ കൊല്ലാൻ ശ്രമിച്ചാലുടൻ പോലീസ് ഓടിവരും. ഒരു കൊലപാതകം നടന്നാലോ കവർച്ച നടന്നാലോ മണിക്കൂറുകൾക്കുശേഷം വരുന്ന പോലീസ് ഇക്കാര്യത്തിൽ ഓൺ ദി സ്പോട്ടിൽ അവിടെ എത്തുകയാണ്. പോലീസുംകൂടി ഇടപെട്ടുകൊണ്ടാണ് ഈ ദുരന്തനിവാരണ നടപടി തകർക്കുന്നത്. പോലീസ് ഇത്രയ്ക്ക് ശുഷ്കാന്തി കാണിക്കുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല.

മി. സ്പീക്കർ: പ്ലീസ്..... അങ്ങയുടെ മണ്ഡലത്തിലെ കാര്യം പറയൂ.

ശ്രീ. എം. വിൻസെന്റ്: ഏത് നിയമമാണ് പോലീസ് പ്രയോഗിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. എന്റെ മണ്ഡലത്തിലെ ശീലുവമ്മയെന്ന 60 വയസ്സായ ഒരമ്മ ഇതുപോലെ കൊല്ലപ്പെട്ടു. അതുപോലെതന്നെ കഴിഞ്ഞ മാസമാണ് കോവളം ജംഗ്ഷനിൽ താമസിക്കുന്ന 14 വയസ്സുള്ള വിദ്യാർത്ഥിനി നായയുടെ കടിയേറ്റ് പേയിളകി മരിച്ചത്. വളരെ ഭീതിജനകമായ അന്തരീക്ഷമാണ്. പത്തോളം പേർക്ക് നായയുടെ കടിയേറ്റിരിക്കുന്നതായി ഇന്നത്തെ പത്രത്തിലും വാർത്തയുണ്ട്. വളരെ ഭീതിജനകമായ ഈ സാഹചര്യം ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടിയുള്ള യാതൊരു നടപടിയും മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്ന് ഖേദപൂർവ്വം പറയുകയാണ്.

10.00 am]

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഈ വിഷയം രാഷ്ട്രീയമായ ഒരു പ്രശ്നമോ തർക്കവിതർക്കങ്ങൾക്ക് വിധേയമാകുന്നതോ അല്ല. ഇന്നത്തെ ഒരു പ്രമുഖ ദിനപ്പത്രം ഇതുമായി ബന്ധപ്പെട്ട് ഒരു എഡിറ്റോറിയൽ എഴുതിയിട്ടുണ്ട്. അതിന്റെ ആദ്യത്തെ വാചകം തന്നെ തുടങ്ങുന്നത് കേരളത്തിൽ നായയുടെ കടിയേറ്റ് പത്ത് മാസത്തിനുള്ളിൽ പത്ത് മരണമാണുണ്ടായിരിക്കുന്നതെന്നാണ്. ഇതുമായി ബന്ധപ്പെട്ട് നമ്മൾ ഓരോരുത്തരും ഒട്ടേറെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും

അനുഭവിക്കുന്നുണ്ട്. ഇതിനെതിരെ ആവശ്യമായ നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സ്വീകരിച്ചുവരികയാണ്. എല്ലാ രാഷ്ട്രീയ കക്ഷിയിൽപ്പെട്ട നവർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുണ്ട്. ബഹുമാന്യനായ പ്രമേയ അവതാരകൻ ശ്രീ. പി. കെ. ബഷീറിന്റെ ഭാര്യതന്നെ ഒരു പഞ്ചായത്തിന്റെ പ്രസിഡന്റാണ്. നമ്മുടെ പാർട്ടികളിലും ബന്ധുക്കളിലുമുൾപ്പെട്ട ആളുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലപ്പത്തുണ്ട്. നമ്മൾ ഓരോരുത്തരും ഇക്കാര്യത്തിൽ ശ്രദ്ധ്ധാന്തി കാണിച്ചാൽമാത്രമേ ഈ പദ്ധതി വിജയിപ്പിക്കാനാവുകയുള്ളൂ. വേസ്റ്റ് മാനേജ്മെന്റിനായി ഓരോ തദ്ദേശഭരണ സ്ഥാപനവും അവരുടെ പദ്ധതി വിഹിതത്തിൽനിന്ന് 10 ശതമാനം നീക്കിവയ്ക്കണമെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്ങനെ 10 ശതമാനം നീക്കിവയ്ക്കാത്ത പഞ്ചായത്തുകളുടെ പദ്ധതികൾ അംഗീകരിക്കേണ്ടെന്ന് ഡി.പി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. തോമസ് ചാണ്ടി: സർ, ഒരു ദിവസം ഈ സംസ്ഥാനത്ത് പതിനായിരക്കണക്കിന് ആടിനെ കൊന്ന് നമ്മൾ ഇറച്ചി കഴിക്കുന്നു. പോത്ത്, എരുമ, കാള, പശു എന്നിവയെ കൊല്ലുന്നു. അതിനാൽ സംസ്ഥാനത്ത് മനുഷ്യനെ ഉപദ്രവിക്കുന്ന പട്ടിയെ കൊല്ലാൻ നിങ്ങളുടെ ഡിപ്പാർട്ടുമെന്റിന് കഴിയണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കർഷകന്റെ കന്നുകാലിയെ പിടിച്ച കടുവയെ വെടിവച്ചുകൊന്ന ചരിത്രം ഈ സംസ്ഥാനത്തുണ്ട്. പത്ത് മനുഷ്യ ജീവനുകൾ എടുത്തിട്ടും പട്ടിയെ കൊല്ലാൻ പറ്റുന്നില്ല. ഒറ്റ ചോദ്യമേയുള്ളൂ, ആരാണ് ഈ മേനകാ ഗാന്ധി; What is her authority? നമ്മളവരെ ഭയപ്പെടുന്നതെന്തിനാണ്; ഇന്നലെ ശ്രീ. വി. ജോയി, എം.എൽ.എ. അവിടെ ചെന്നില്ലെങ്കിൽ രണ്ടുപേരെ അറസ്റ്റ് ചെയ്തുകൊണ്ട് പോകുമായിരുന്നു. ശ്രീമതി മേനകാ ഗാന്ധി മന്ത്രിയാണ്, പക്ഷേ അവരുടെ വകുപ്പ് ഇതല്ല. കടുവയെ വെടിവച്ച് കൊന്നിട്ടുണ്ട്. അത് മനുഷ്യനെ കൊന്നിട്ടല്ല. പശുക്കളെ പിടിച്ചതിന്റെ പേരിൽ മയക്കിയിട്ട കടുവയെ വെടിവച്ച് കൊന്നിട്ട് ഇവിടെ കേസില്ല. അപ്പോൾ മനുഷ്യനെ കൊല്ലുന്ന ഈ ജീവിയെ കൊല്ലാൻ നമ്മൾ ആരെയാണ് ഭയപ്പെടുന്നത്; ശ്രീമതി മേനകാ ഗാന്ധിയെ പേടിച്ച് പോലീസ് ഉദ്യോഗസ്ഥർ പറന്നെത്തുകയാണ്. ഇവിടെ ശ്രീ. പി. കെ. ബഷീർ പറഞ്ഞൊരു കാര്യമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതറിയണം. ഇടുക്കി ജില്ലയിലെ എസ്.ഡി.പി.സി. എന്ന സംഘടന നായ്ക്കളെ വന്ധ്യംകരണം ചെയ്യതിന് 20 ലക്ഷം രൂപ എഴുതി എടുത്തിട്ടുണ്ടെന്ന് വിവരാവകാശ നിയമ പ്രകാരം കിട്ടിയ കടലാസ് എന്റെ കൈയ്യിലുണ്ട്. ഞാനത് അങ്ങേയ്ക്ക് തരാം. അതിൽ അന്നത്തെ ജില്ലാ കളക്ടറും ഒപ്പിട്ടു കൊടുത്തിട്ടുണ്ട്. 120

നായ്ക്കളെ സർക്കാർ മൃഗാശുപത്രിയിൽ വന്ധ്യംകരണം ചെയ്തതിന് 20 ലക്ഷം എഴുതിയെടുത്ത ആളുകളാണ് ഈ പാർട്ടികൾ. ഇവരാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് പറയുന്നത്. കേസ് പറയാൻ പോകുമ്പോൾ നമ്മൾ പറയുന്നത് പഞ്ചായത്ത് ചട്ടങ്ങളെയും നിയമങ്ങളേയും കുറിച്ചാണ്. പക്ഷേ മാധ്യമങ്ങളിലും മറ്റും വരുന്ന ദൃശ്യങ്ങൾ ഡൗൺലോഡ് ചെയ്തുകൊണ്ടുപോയി ബഹുമാനപ്പെട്ട കോടതി മുൻപാകെ ഹാജരാക്കുകയാണ് ഇവർ ചെയ്യുന്നത്. നമ്മുടെ വക്കീലൻമാർ എഴുന്നേറ്റുനിന്ന് ന്യായം പറയും. 90 വയസ്സായ വൃദ്ധനെയും വീട്ടമ്മയെയും കൊന്നതിന്റെ ഫോട്ടോയോ വീഡിയോ ദൃശ്യങ്ങളോ നമ്മുടെ വക്കീലൻമാർ കോടതിയിൽ ഹാജരാക്കാറില്ല. അതുകാരണം ഇത് കാണുമ്പോൾ വൺസൈഡഡ് ആയിപ്പോകും. പട്ടികളെ മൃഗീയമായി കൊന്ന് കുഴിച്ചുമൂടുന്നു, കുട്ടിയിടുന്നു. പഞ്ചായത്ത് മെമ്പർമാരും കൗൺസിലർമാരും പ്രസംഗിക്കുന്നു. ഇതിന്റെയെല്ലാം വീഡിയോ എടുത്ത് അവിടെ കൊണ്ടുപോയി കാണിക്കുകയാണ്. നമ്മുടെ വക്കീൽ എണീറ്റ് പഞ്ചായത്ത് റൂളും ചട്ടവും പറയും. മറിച്ച് ഈ 90 വയസ്സായ വൃദ്ധനെ കടിച്ചു കൊന്നതിന്റെ ഭീകരദൃശ്യം, കോഴിക്കോടുകാരനായ ഒരാളുടെ മൂക്കും വായും കടിച്ചുപറിച്ച് കൃത്രിമ മുഖവുമായി നടക്കുന്ന ആ മനുഷ്യന്റെ യഥാർത്ഥ ചിത്രം എന്നിവയെല്ലാം ബഹുമാനപ്പെട്ട കോടതിയുടെ മുൻപിൽ ഹാജരാക്കിയാൽ മനുഷ്യജീവന് വിലയുണ്ടോയെന്ന് കോടതി തീരുമാനമെടുക്കും. അതാണ് വിഷയം. ചവറു സംസ്കരണമല്ല ഇവിടത്തെ വിഷയം. ചവറു സംസ്കരിക്കാത്തതിനാൽ പട്ടികൾക്ക് തിന്നാൻ ആഹാരമുള്ളതുകൊണ്ട് ജീവിക്കുന്നു. അതൊക്കെ ശരിതന്നെ. ഇതെല്ലാം അനുബന്ധമായ കാര്യങ്ങളാണ്. പക്ഷേ ഈ വക തെറ്റുകൾ അഴിമതിക്കാരായ, കൊള്ളക്കാരായ എസ്.ഡി.പി.സി. പോലുള്ള സംഘടനകൾ കൊള്ള ചെയ്തതിന്റെ രേഖ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻ ഉടൻതരാം. ഞാൻ വിവരാവകാശനിയമ പ്രകാരം ചോദിച്ചു വാങ്ങിവച്ച കടലാസാണ്. ഇവിടത്തെ മുൻ ജില്ലാ കളക്ടർ ശ്രീ. ബിജു പ്രഭാകർ പറഞ്ഞത്, മരുന്ന് കമ്പനിക്കാരുടെ ലോബി പ്രവർത്തിക്കുന്ന കള്ളപ്പണമാണ് നമ്മുടെ നാട്ടിലെ മനുഷ്യന്റെ ജീവനെടുക്കുന്നതെന്ന്. ഇതിന് പരിഹാരം കണ്ടേപറ്റൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ഇക്കാര്യത്തിൽ നടപടി എടുക്കണം.

ഡോ. കെ. ടി. ജലീൽ: സർ, സർക്കാരിന് കഴിയാവുന്നതെല്ലാം ചെയ്തുകൊണ്ടിരിക്കുകയാണ്. തദ്ദേശ സ്ഥാപനങ്ങളും അതിൽ വളരെ ശക്തമായി പങ്കാളിത്തം വഹിച്ചുകൊണ്ടിരിക്കുകയാണ്. ചില ബുദ്ധിമുട്ടുകളും തടസ്സങ്ങളും ഇവിടെയുണ്ടാകുന്നതിനെ കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. നായ്ക്കളെ കൊല്ലുന്നവർക്കെതിരെ KAPPA (Kerala Anti-Social Activities (Prevention) Act) ചുമത്തണമെന്ന് കേന്ദ്ര മന്ത്രി ശ്രീമതി മേനകാ ഗാന്ധി ഒരു പ്രസ്താവന നടത്തി. നിലവിൽത്തന്നെ അങ്ങനെയൊരു കുറ്റം ചെയ്താൽ എന്താണ് ശിക്ഷ നൽകേണ്ടതെന്നത് സംബന്ധിച്ച് വ്യക്തമായ നിയമം നിലനിൽക്കെയാണ് ആ

നിയമത്തിനപ്പുറം മറ്റൊരു നിയമം ചുമത്തണമെന്ന് ഒരു കേന്ദ്ര മന്ത്രി പറഞ്ഞിരിക്കുന്നത്. UAPA (Unlawful Activities (Prevention) Act). ചുമത്തണമെന്ന് അവർ പറയാത്തത് ഭാഗ്യമെന്നേ പറയാനുള്ളൂ. വളരെ നിരുത്തരവാദപരമായ സമീപനമാണ് അവരുടെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്നത്. ബഹുമാന്യനായ ശ്രീ. ഒ. രാജഗോപാൽ സംസ്ഥാനത്ത് പ്രകടിപ്പിക്കപ്പെട്ട വികാരത്തോട് പൂർണ്ണമായിട്ടും യോജിക്കും എന്നുതന്നെയാണ് ഞാൻ കരുതുന്നത്. ശ്രീമതി മേനകാ ഗാന്ധിയുടെ പ്രസ്താവന നിരുത്തരവാദപരവും നമ്മുടെ രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തിന് എതിരുമാണ്.

ശ്രീ. ഒ. രാജഗോപാൽ: സർ, നായ്ക്കളുടെ ശല്യംകൊണ്ട് ഇവിടെ പല ആളുകളും അനുഭവിക്കുന്ന കഷ്ടപ്പാടിനെക്കുറിച്ച് പത്രങ്ങളിൽ ധാരാളം വിവരം വന്നിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിൽ കടലോരത്ത് ഒരു മത്സ്യത്തൊഴിലാളി സ്ത്രീ ലാട്രിനിലിരിക്കുന്ന സമയത്ത് നായ കടിച്ചു കൊന്നിരിക്കുന്നു. അതും വാർത്ത വന്നിട്ടുള്ളതാണ്. ഈ കാര്യത്തിൽ ആക്ഷൻ വേണമെന്നുള്ളത് എല്ലാവരും സമ്മതിക്കുന്നു. എന്തുകൊണ്ട് ആക്ഷനെടുക്കുന്നില്ല എന്നുള്ളതാണ് പ്രശ്നം. കേന്ദ്രത്തിലെ ഏതെങ്കിലുമൊരു മന്ത്രി അവരുടെ വ്യക്തിപരമായ അഭിപ്രായം പറഞ്ഞാൽ അതിനെ പിടിച്ചുകൊണ്ട് തടയേണ്ട വല്ല കാര്യവുമുണ്ടോ; ഇതുസംബന്ധിച്ച് ആക്ഷനെടുക്കുന്നതിന് ഏതെങ്കിലും നിയമ തടസ്സമുണ്ടോ എന്നറിയാൻ ആഗ്രഹിക്കുന്നു.

ഡോ. കെ. ടി. ജലീൽ: സർ, ഒരു സംസ്ഥാനത്തിന്റെ ഏറ്റവും നീറുന്ന പ്രശ്നത്തിന്മേൽ ഇങ്ങനെ നിരുത്തരവാദപരമായി അഭിപ്രായം പറയുന്ന മന്ത്രിക്കെതിരായി പ്രധാനമന്ത്രി എന്തെങ്കിലുമൊരു പരാമർശം നടത്തണം. അത് നടത്തിക്കാൻ ബഹുമാനപ്പെട്ട അങ്ങ് ശ്രമിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയിലും ഇതുസംബന്ധമായി പല കേസുകളും നിലനിൽക്കുന്നു. ഫെറോഷ്യസും ഡെയ്ഞ്ചറസുമായിട്ടുള്ള സ്ട്രേ ഡോഗ്സിനെ കൊല്ലാൻ നിലവിൽ നിയമം അനുവദിക്കുന്നുണ്ട്. അത്തരത്തിലുള്ള നിയമം നിലനിൽക്കുന്നു എന്നുള്ളതുകൊണ്ടുതന്നെയാണ് പല സ്ഥലങ്ങളിലും അത്തരത്തിലുള്ള നടപടികൾ ചില ആളുകളുടെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. ഈ പ്രശ്നത്തെ രാഷ്ട്രീയത്തിനതീതമായി കണ്ട് പരിഹാരമുണ്ടാക്കാൻ നമുക്ക് കഴിയണം. അതിന് എല്ലാവരുടേയും സഹായ സഹകരണങ്ങൾ ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഇക്കാര്യത്തിൽ ശുഷ്കാന്തി കാണിക്കണം. ഇവിടെ പ്രകടിപ്പിക്കപ്പെട്ട എല്ലാ വികാരങ്ങളോടും യോജിക്കുകയാണ്. അത് നമ്മുടെ സംസ്ഥാനത്തെ ജനങ്ങളുടെ വികാരമാണ് എന്ന് സർക്കാർ മനസ്സിലാക്കുന്നു. അത്രയും ഗൗരവത്തോടുകൂടി ഇതിനെ കാണുന്നു എന്നുള്ളതുകൊണ്ടാണ് നിയമപരമായി എന്തൊക്കെയാണ് ഇതിന് ചെയ്യാനാവുക, എത്ര പണമാണ് വേണ്ടി വരിക, അത്രയും പണം നീക്കി വയ്ക്കണമെന്ന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരിക്കുന്നത്. തദ്ദേശഭരണ

സ്ഥാപനങ്ങൾ അവരുടെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. ഈ പ്രശ്നത്തെ അതിന്റെ എല്ലാ ഗൗരവത്തോടുകൂടിത്തന്നെ കണ്ട് സർക്കാർ മുന്നോട്ട് പോവുകയാണ്. ബഹുമാന്യനായ പ്രമേയാവതാരകൻ തന്നെ അക്കാര്യം ഇവിടെ സൂചിപ്പിച്ച പശ്ചാത്തലത്തിൽ സഭ നിർത്തിവച്ച് ഈ പ്രശ്നം ചർച്ച ചെയ്യേണ്ടതില്ലെന്നുള്ള അഭിപ്രായം രേഖപ്പെടുത്തി ഞാൻ അവസാനിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഇക്കാര്യത്തിൽ രാഷ്ട്രീയമില്ല. സഭയുടെ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന ആളുകൾ യോജിക്കുന്ന ഒരു കാര്യമാണ്. കേരളം ഇന്ന് ഭീതിയുടെയും, ആശങ്കയുടെയും മുൾമുനയിലാണ്. കഴിഞ്ഞ 10 മാസത്തിനിടയിൽ 10 പേരെയാണ് പട്ടി കടിച്ചു കൊന്നത്. ഇവിടെ ബഹുമാന്യനായ വി. ജോയി ഇന്നലെ വർക്കലയിൽ നടന്ന കാര്യവും ശ്രീ. എം. വിൻസെന്റ് കോവളത്ത് നടന്ന കാര്യവും പറഞ്ഞു. വർക്കലയിലെ രാഘവനും, പുല്ലുവിളയിലെ ശീലുവമ്മയ്ക്കും ഉണ്ടായ അനുഭവം കേരളത്തിൽ നാളെ ആർക്കുമുണ്ടാകാൻ പാടില്ല. നൂറുകണക്കിന് ആളുകളെയാണ് തെരുവുപട്ടികൾ കടിക്കുന്നത്. അക്രമികളായ നായ്ക്കളെ കൊല്ലുന്നവർക്കെതിരെ 'KAAPA' ചുമത്തണമെന്നുള്ള കേന്ദ്ര മന്ത്രി ശ്രീമതി മേനകാ ഗാന്ധിയുടെ സമീപനം ഒട്ടും ന്യായീകരിക്കാൻ കഴിയുന്നതല്ല. 'KAAPA' പ്രകാരം അതിനുള്ള വ്യവസ്ഥയില്ല എന്നുള്ളത് വേറെ കാര്യം. അത്തരമൊരു പ്രസ്താവന നടത്തിയ ശ്രീമതി മേനകാ ഗാന്ധി അത് പിൻവലിക്കാൻ തയ്യാറാകണം. പാർലമെന്റ് അംഗമായിരുന്ന കാലത്ത് എനിക്കവരെ പരിചയമുണ്ടായിരുന്നു. പുരാണങ്ങളിൽ പുത്രസ്നേഹംകൊണ്ട് അന്ധരായ ആളുകളെക്കുറിച്ച് നമ്മൾ കേട്ടിട്ടുണ്ട്. പട്ടി സ്നേഹം കൊണ്ട് അന്ധയായ ആളാണ് ശ്രീമതി മേനകാ ഗാന്ധി എന്നുള്ളത് അത്ഭുതമുളവാക്കുന്ന ഒരു കാര്യമാണ്. സംസ്ഥാനത്ത് ഒരു വർഷം ഒരു ലക്ഷത്തോളം പേരെയാണ് നായ്ക്കൾ കടിക്കുന്നത്. കഴിഞ്ഞ വർഷം 1,22,286 പേരെ നായ്ക്കൾ കടിക്കുകയുണ്ടായി, ഞെട്ടിപ്പിക്കുന്ന കണക്കുകളാണ് പുറത്ത് വന്നുകൊണ്ടിരിക്കുന്നത്. കേരളത്തിലെ തെരുവ്നായ പ്രശ്നം പഠിക്കുന്നതിനായി ബഹുമാനപ്പെട്ട സുപ്രീം കോടതി നിയോഗിച്ച ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയുടെ റിപ്പോർട്ട് വളരെ ശ്രദ്ധേയമാണ്, തെരുവ് നായ്ക്കളുടെ പ്രശ്നത്തിൽ അടിയന്തരപരിഹാരം ഉണ്ടായില്ലെങ്കിൽ കേരളത്തിലെ ജനങ്ങൾ നിയമം കയ്യിലെടുക്കുമെന്നാണ് ജസ്റ്റിസ് സിരിജഗൻ സുപ്രീം കോടതിയിൽ നൽകിയ റിപ്പോർട്ടിൽ പറയുന്നത്. ഇന്നലെ വർക്കലയിൽ ഉണ്ടായതും അതുതന്നെയാണ്. ജനങ്ങളെ കുറ്റപ്പെടുത്തിയിട്ട് യാതൊരു കാര്യവുമില്ല. അത്യന്തം ഭീകരമായ ഒരു അവസ്ഥയാണ്. വന്ധ്യംകരണം കൊണ്ടുമാത്രം ഇതു നടക്കുകയില്ല,

വന്ധ്യംകരണം വേണ്ട എന്ന അഭിപ്രായം എനിക്കില്ല. പെൺപട്ടികളെ വന്ധ്യംകരണം ചെയ്യുന്നതുകൊണ്ട് തെറ്റില്ല, അത് ഒരു മാർഗ്ഗമാണ്. പിടി കൂടുന്ന നായ്ക്കളെ അതേ സ്ഥലത്ത് തന്നെ വന്ധ്യംകരിച്ച് കൊണ്ടു വിടണം എന്നു പറയുന്നതിനോട് നമുക്ക് യോജിക്കാൻ കഴിയുകയില്ല. ശ്രീ. പി. കെ. ബഷീർ ഇവിടെ ചൂണ്ടിക്കാണിച്ച, വാക്സിൻ മാഫിയയുടെ പ്രവർത്തനം ഇതിന്റെ പിന്നിൽ നടക്കുന്നുണ്ടോ എന്നുള്ളത് ഗൗരവമായി നാം കാണേണ്ട കാര്യമാണ്. 200 കോടി രൂപയുടെ പേവിഷ വാക്സിനാണ് നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ളത്. രാജ്യത്ത് ആകെ 2500 കോടി രൂപയുടെ വാക്സിൻ വേണമെന്നാണ് കണക്ക്. സാധാരണയായി ഒരു പട്ടിയുടെ കടിയേറ്റാൽ 300 രൂപയുടെ ആന്റിറാബീസ് വാക്സിനാണ് എടുക്കുന്നത്. എന്നാൽ ഗുരുതരമായ കടിയേറ്റാൽ ആന്റിറാബീസ് ഇമ്യൂണോഗ്ലോബുലിൻ ഇൻജക്ഷൻ ആറ് തവണയെടുക്കണം. അതിന് ഓരോ ഡോസിനും 6500 മുതൽ 7000 രൂപവരെ വേണം. എ.ബി.സി. ആക്ടിന്റെ കാര്യം മന്ത്രി ഇവിടെ പറഞ്ഞു, പട്ടികളെ കൊല്ലാൻ പാടില്ലെന്നാണ് എ.ബി.സി. നിയമത്തിൽ പറയുന്നത്. എന്നാൽ മൃഗങ്ങൾക്കെതിരായ ക്രൂരത തടയുന്നതിനുള്ള നിയമത്തിലെ 11-ാം വകുപ്പിൽ മനുഷ്യ ജീവന് ഭീഷണിയുണ്ടാകുന്ന ഏത് മൃഗത്തേയും കൊല്ലാമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. കപട ജന്തുസ്നേഹികളാണ് പട്ടികൾക്കുവേണ്ടി മുറവിളി കൂട്ടുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ കടുവകളെ വെടിവച്ച് കൊല്ലാം, അക്രമകാരികളായ മൃഗങ്ങളെ കൊല്ലാം, പട്ടികളെ കൊല്ലരുതെന്ന് പറയുന്നതിന് യാതൊരു ന്യായീകരണവുമില്ല. സംസ്ഥാന സർക്കാർ ഇവിടെ ചില പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. തെരുവ് നായ ശല്യം നിയന്ത്രിക്കാൻ ഡോഗ് പാർക്ക്, ജില്ലാ പഞ്ചായത്തുകളിൽ പുനരധിവാസ കേന്ദ്രങ്ങൾ തുടങ്ങിയവയെക്കുറിച്ച് മന്ത്രി ഇവിടെ പറഞ്ഞത് സ്വാഗതാർഹമായ കാര്യമാണ്. പക്ഷേ ഈ പദ്ധതി നടപ്പാകുന്നുണ്ടോ, എന്ന് ബഹുമാന്യനായ മന്ത്രി ശ്രദ്ധിക്കണം. ഡോഗ് പാർക്കുകളുടെ കാര്യം അങ്ങ് പ്രഖ്യാപിച്ചു, ജില്ലാപഞ്ചായത്തുകളെക്കൊണ്ടും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ക്കൊണ്ടും ഈ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിച്ചു, പക്ഷേ അത് നടക്കുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ജില്ലാ പഞ്ചായത്തുകളും, ബ്ലോക്ക് പഞ്ചായത്തുകളും, ഗ്രാമ പഞ്ചായത്തുകളും ഈ പദ്ധതികൾ നടപ്പാക്കാത്തതുമൂലം അക്രമകാരികളായ നായ്ക്കളുടെ എണ്ണം വർദ്ധിച്ചുവരികയാണ്,ആളുകൾ ഭീതിയിലാണ്. ഇത് ഒരു രാഷ്ട്രീയ പ്രശ്നമല്ല, നമ്മളെല്ലാവരും കൂട്ടായി ചേർന്നുകൊണ്ട് ഈ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാക്കണം, ജനങ്ങളുടെ ഭീതിയും ആശങ്കയും അകറ്റണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തെ ആസ്പദമാക്കിയാണ് ഞാൻ ഈ നോട്ടീസ് നൽകിയിട്ടുള്ളത്. കേരളത്തിലെ ഏകദേശം രണ്ടരലക്ഷത്തോളം വരുന്ന തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയാണ് കശുവണ്ടി മേഖല. ഇന്ന് ഏകദേശം 800-ഓളം സ്വകാര്യ മുതലാളിമാരുടെ ഫാക്ടറികൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്നുണ്ട്. അവയിൽ 250 ഫാക്ടറികൾ ഇപ്പോൾ പൂർണ്ണമായും അടഞ്ഞു കിടക്കുകയാണ്. തൊഴിലാളികൾക്ക് തൊഴിലില്ലാത്തതുമൂലം അവരുടെ ഇ.എസ്.ഐ. ആനുകൂല്യം ഇപ്പോൾ കിട്ടുന്നില്ല. അങ്ങനെ വളരെ ദുരിതപൂർണ്ണമായ അവസ്ഥയിലേയ്ക്ക് പോയ്ക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ 95 ശതമാനത്തോളം വരുന്ന അമ്മമാരും, സഹോദരിമാരും പണിയെടുക്കുന്ന വലിയൊരു വ്യവസായ ശൃംഖലയാണ് കാഷ്യൂ മേഖല. അവർക്ക് പ്രോവിഡന്റ് ഫണ്ട് കൃത്യമായി കിട്ടുന്നില്ല. ചില ഫാക്ടറികളിൽ കാർഡ് കൊടുക്കുന്നില്ല. ഉദാഹരണമായി വി.എൽ.സി.-യുടെ 25 ഫാക്ടറികൾ അടഞ്ഞു കിടക്കുകയാണ്, ചിലരാണെങ്കിൽ ബോധപൂർവ്വം ഫാക്ടറികൾ അടച്ചിടുകയാണ്. തൊഴിലാളികളോട് എന്തും കാണിക്കാമെന്നുള്ള നിഷേധ നിലപാടുകൾ പലപ്പോഴും സ്വകാര്യ മുതലാളിമാർ എടുക്കുകയാണ്. ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് എന്നിങ്ങനെ മൂന്ന് തരത്തിലാണ് കശുവണ്ടി മേഖല പ്രവർത്തിക്കുന്നത്. സ്വകാര്യ മുതലാളിമാർ നടത്തുന്ന ഫാക്ടറികളിൽ വനിതകൾക്ക് തുണി മാറുന്നതിനും ടോയ്‌ലറ്റ് സംവിധാനവും ഉച്ചയ്ക്ക് ഭക്ഷണം കഴിക്കുന്നതിനും യാതൊരു സൗകര്യവുമില്ല. വൃത്തിഹീനമായ തരത്തിലാണ് ചില സ്വകാര്യ ഫാക്ടറികൾ പ്രവർത്തിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, കേരളത്തിലെ 40 കശുവണ്ടി ഫാക്ടറികൾ തുറന്നു എന്നത് വളരെ അഭിമാനത്തോടുകൂടി പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാപ്പെക്സിന്റെ 10 ഫാക്ടറികൾ, കശുവണ്ടി വികസന കോർപ്പറേഷന്റെ കൊല്ലത്തുള്ള 24 ഫാക്ടറികൾ, ആലപ്പുഴയിലുള്ള 3, തിരുവനന്തപുരത്ത് 1, തൃശ്ശൂരിൽ 1, കണ്ണൂരിൽ 1 അങ്ങനെ 40 ഫാക്ടറികളും മറ്റു സ്വകാര്യ ഫാക്ടറികളും തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ ഇച്ഛാശക്തികൊണ്ടാണ്. ഫാക്ടറികൾ നടത്തുന്നതിന് ചിലർക്ക് വൈഷമ്യമുണ്ട്, അവർ പറയുന്നത് സെൻട്രൽ ഗവൺമെന്റ് ഒരു ചാക്ക് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് വലിയ നികുതിയാണ്

ചുമത്തിയിരിക്കുന്നതെന്നാണ്. നികുതി വർദ്ധിപ്പിച്ചതിന്റെ ഫലമായി കേരളത്തിലേയ്ക്ക് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നില്ല. അങ്ങനെ ഇറക്കുമതി ചെയ്യാത്തതുകൊണ്ട് പല ഫാക്ടറികളും ഇപ്പോൾ അടഞ്ഞു കിടക്കുകയാണ്. വളരെ മോശപ്പെട്ട രീതിയിലാണ് സ്വകാര്യ മുതലാളിമാർ നടത്തുന്ന ഫാക്ടറികൾ പ്രവർത്തിക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം നടത്തിയിട്ടുള്ള മോഡേണൈസേഷന്റെ ഭാഗമായി കാപ്പെക്സിന്റെയും കാഷ്യൂ വികസന കോർപ്പറേഷന്റെയും ഫാക്ടറികളിൽ ടൈൽസും ഫാനുമുൾപ്പെടെ ആധുനിക സജ്ജീകരണത്തോടുകൂടി നല്ല രീതിയിലാണ് പ്രവർത്തിക്കുന്നത്. അക്കാര്യത്തിൽ ഞാൻ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. മുതലാളിമാർ തോന്നിയ കൂലിയാണ് തൊഴിലാളികൾക്ക് പലപ്പോഴും കൊടുക്കുന്നത്, അത് കൃത്യമായി അവരുടെ കൈകളിൽ കിട്ടുന്നില്ല. കശുവണ്ടി ലഭ്യതക്കുറവുണ്ടെന്നുള്ളത് സമ്മതിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 10 ദിവസംമാത്രം ജോലി ഉണ്ടായിരുന്നപ്പോൾ 2 കോടി രൂപയാണ് നഷ്ടം. അങ്ങനെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 100 ദിവസം കൊണ്ട് 20 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം അടഞ്ഞു കിടക്കുന്ന ഫാക്ടറികൾക്കും തുറന്ന് പ്രവർത്തിക്കുന്ന ഫാക്ടറികൾക്കും ഐ.ആർ.സി.-യും ഗവൺമെന്റും 8500 രൂപ ബോണസ്സ് കൊടുക്കാൻ തീരുമാനിച്ചു. പല മുതലാളിമാരും 1000-2000 രൂപയാണ് ബോണസ്സ് കൊടുക്കുന്നത്. 1000 രൂപ ബോണസ്സ് കിട്ടിയാൽ അവർ എന്തു ചെയ്യും; വളരെ ബുദ്ധിമുട്ടിലും പ്രയാസത്തിലുമാണ് കശുവണ്ടി മേഖല ഇന്ന് പ്രവർത്തിക്കുന്നത്. ഐ.ആർ.സി. പ്രഖ്യാപിച്ച തുക പോലും കൊടുക്കാൻ പല മുതലാളിമാരും തയ്യാറാകുന്നില്ല. ആഫ്രിക്കൻ നാടുകളിൽ നിന്നാണ് തോട്ടണ്ടി ഇവിടെ ഇറക്കുമതി ചെയ്യുന്നത്. തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം 10 ശതമാനമായി കുറഞ്ഞതുകൊണ്ട് തോട്ടണ്ടി സുലഭമായി ലഭിക്കുന്നില്ല, അങ്ങനെ പണി നഷ്ടപ്പെടുന്നതിനാൽ പട്ടിണിയിലാണ്. അവരുടെ വീടുകളിൽ അടുക്കള പുകയുന്നില്ല. അവർ അത്രമാത്രം ബുദ്ധിമുട്ടുകയാണ്. കശുമാവ് കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടിയുണ്ടാകണം. കാസർഗോഡിലും കണ്ണൂരിലും കശുവണ്ടി ഉൽപ്പാദിപ്പിക്കുന്നുണ്ട്. അത് മംഗലാപുരം വഴി അയൽ സംസ്ഥാനങ്ങളിലേയ്ക്ക് പോകുകയണ്. അത് ഇവിടെ സംഭരിക്കാനുള്ള സംവിധാനമുണ്ടാകണം. ഇവിടത്തെ ഫാക്ടറികളിൽ അത്തരം കശുവണ്ടി ലഭിച്ചെങ്കിൽ മാത്രമേ തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ സാധിക്കുകയുള്ളു. തൊഴിലാളികൾക്ക് 2010 മുതലുള്ള ഗ്രാറ്റുവിറ്റി നൽകാനുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: 6 മിനിട്ട് കഴിഞ്ഞു.......

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. മൂവായിരം തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി ലഭിക്കാനുണ്ട്. അതിൽ 200 തൊഴിലാളികൾ മരിച്ചു. ബാക്കിയുള്ളവർക്ക് 2010 മുതൽ 56 കോടി രൂപ ആവശ്യമായിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഗ്രാറ്റുവിറ്റി നൽകുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ എടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. വിവിധ തൊഴിലാളികളുടെ 6 കോടി രൂപ പ്രൊവിഡൻറ് ഫണ്ടിലേയ്ക്ക് അടയ്ക്കാനുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റ് വളരെ ഇച്ഛാശക്തിയോടുകൂടി ഇടപെടണം. കൊല്ലം ജില്ലയിൽ ഏറ്റവും കൂടുതൽ കശുവണ്ടി ഫാക്ടറികളുള്ള ഒരു മണ്ഡലമാണ് കുന്നത്തൂർ നിയോജകമണ്ഡലം. ഏകദേശം നൂറ്റിയിരുപത്തഞ്ചോളം കശുവണ്ടി ഫാക്ടറികൾ മാത്രമുള്ള ഒരു മണ്ഡലമാണത്. ഈ മേഖലയെ ആശ്രയിച്ചാണ് കുന്നത്തൂർ മണ്ഡലത്തിലെ ധാരാളം ആളുകൾ കഴിയുന്നത്. ബോധപൂർവ്വം അടച്ചിട്ടിരിക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാനായി മന്ത്രി വിളിച്ചു ചേർത്ത മീറ്റിംഗ് പലരും ബഹിഷ്കരിക്കുകയാണ്. മന്ത്രി പറയുന്നത് അവർ കേൾക്കുന്നില്ല. മുതലാളിമാർക്ക് എന്തും കാണിക്കാമെന്ന ധിക്കാരപരമായിട്ടുള്ള സമീപനമാണ് സ്വീകരിക്കുന്നത്. 1967-ൽ ഇ.എം.എസ്. ഗവൺമെന്റ് അത്തരം നിഷേധാത്മകമായ നിലപാടുകൾ സ്വീകരിച്ച പല ഫാക്ടറികളും ഏറ്റെടുത്തു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.......

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഗവൺമെന്റിന് ചില സാമ്പത്തിക ബാധ്യതയുണ്ടെങ്കിൽ പോലും ഈ മേഖലയെ നിലനിർത്താനായി അങ്ങനെയുള്ള ഫാക്ടറികൾ ഏറ്റെടുക്കണം. പരമ്പരാഗത വ്യവസായത്തിലെ ഏറ്റവും വലിയ മേഖലയായ കശുവണ്ടി വ്യവസായ മേഖല നിലനിർത്തുന്നതിനാവശ്യമായ നടപടികളുണ്ടാകണം. മുതലാളിമാരുമായി ഒരു റൗണ്ട് ചർച്ച കൂടി നടത്തിക്കൊണ്ട് അടച്ചിട്ടിരിക്കുന്ന മുഴുവൻ ഫാക്ടറികളും തുറന്ന് പ്രവർത്തിപ്പിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ നല്ല ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: 8 മിനിട്ട് കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.......

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഒക്ടോബർ 2-ാം തീയതി, കേരളത്തിലെ കശുവണ്ടി ഫാക്ടറികളിലെല്ലാം ശുചീകരണ പ്രവർത്തനം നടത്തി. ഞാനും ഒരു

കശുവണ്ടി ഫാക്ടറിയിൽ പോയി തൊഴിലാളികളോടൊപ്പം ശുചീകരണ പ്രവർത്തനം നടത്തിയ കാര്യം വളരെ അഭിമാനത്തോടുകൂടി പറയുകയാണ്. കേരളത്തിൽ പണ്ട് ഇങ്ങനെയുണ്ടായിട്ടുണ്ടോ? സ്വകാര്യ മുതലാളിമാരുടെ ഫാക്ടറിയിലായാലും കാപ്പെക്സിന്റേതായാലും കോർപ്പറേഷന്റേതായാലും നല്ല നിലയിൽ നടത്തി പോകണമെന്ന് ആഗ്രഹിച്ചാണ് ജനപ്രതിനിധികൾ അക്കാര്യത്തിൽ ഇടപെട്ടത്. തീർച്ചയായും ഇത് വളരെ ഗൗരവമായി ഉൾക്കൊണ്ടുകൊണ്ട് ശാശ്വതമായ പരിഹാരം കാണണം. മുഴുവൻ കശുവണ്ടി ഫാക്ടറികളും തുറന്ന് പ്രവർത്തിപ്പിച്ചുകൊണ്ട് ജോലി സ്ഥിരത ഉറപ്പുവരുത്തണമെന്ന് ആവശ്യപ്പെടുകയാണ്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, പരമ്പരാഗത വ്യവസായ മേഖലയിൽ ഏറ്റവും കൂടുതൽ പേർക്ക് തൊഴിൽ നൽകുന്ന മേഖലയാണ് കശുവണ്ടി വ്യവസായം. 98 ശതമാനം സ്ത്രീകളുൾപ്പെടെ ഏകദേശം 3 ലക്ഷം തൊഴിലാളികൾ ഈ മേഖലയിൽ ജോലി ചെയ്യുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഭൂരിഭാഗം കശുവണ്ടി ഫാക്ടറികളും അടഞ്ഞ് കിടക്കുകയായിരുന്നു. ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ അടിയന്തര ഇടപെടൽ നടത്തി വരികയാണ്. ഹ്രസ്വകാല-ദീർഘകാല പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്തുവരുന്നത്. അസംസ്കൃത തോട്ടണ്ടിയുടെ അഭാവം, ഫാക്ടറി പ്രവർത്തിക്കുന്നതിന് വേണ്ടിവരുന്ന ചെലവ്, വ്യവസായങ്ങൾക്ക് ബാങ്കുകൾ നൽകി വന്ന ധനസഹായം നൽകാതിരിക്കൽ, അവർ തുടരുന്ന റിക്കവറി നടപടികൾ മുതലായവ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധികൾക്ക് കാരണമാണ്. സ്വകാര്യ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി വ്യവസായികളുമായും ബാങ്ക് പ്രതിനിധികളുമായും വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രത്യേകം ചർച്ച നടത്തി കാര്യങ്ങൾ വിലയിരുത്തിയിരുന്നു. കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ തോട്ടണ്ടി കൈവശമുള്ളവർ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചിരുന്നു. പൂട്ടിക്കിടക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറക്കുന്നതിനായി സർക്കാർ രൂപീകരിച്ച ബാങ്ക് പ്രതിനിധികളും സർക്കാർ പ്രതിനിധികളും അടങ്ങിയ എംപവേർഡ് കമ്മിറ്റി 3-8-2016-ൽ രണ്ടാമതും യോഗം ചേർന്ന് പ്രവർത്തന ശേഷിയുള്ള ഫാക്ടറികളെ കണ്ടെത്താനും ആർ.ബി.ഐ. മാനദണ്ഡപ്രകാരം ആദ്യ ഘട്ടത്തിൽ കുറെയേറെ സ്വകാര്യ ഫാക്ടറികൾ പുനരുദ്ധരിക്കാനും

തീരുമാനിച്ചിട്ടുണ്ട്. കശുവണ്ടി ഉൽപ്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ലഭ്യമാക്കുന്നതിന് എസ്.പി.വി. രൂപീകരിക്കുന്ന കാര്യവും പരിഗണനയിലാണ്. കൂടാതെ സ്വകാര്യ വ്യവസായങ്ങളുടെ നിലവിലുള്ള ബാങ്ക് വായ്പാ കുടിശ്ശിക പുന:ക്രമീകരിക്കുന്നതും പുതിയ വായ്പ അനുവദിക്കുന്നതും അർഹമായ കേസ്സുകളിൽ വായ്പക്ക് മോറട്ടോറിയം ഏർപ്പെടുത്തുന്നതും തോട്ടണ്ടി ലഭ്യമാക്കുന്നതിന് സർക്കാർ/ബാങ്ക് വ്യവസായ പ്രതിനിധികളടങ്ങിയ കൺസോർഷ്യം രൂപീകരിക്കുന്നതും സംബന്ധിച്ച് ആലോചിക്കുന്നതിന് ഉടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം വീണ്ടും വിളിച്ചുകൂട്ടാനിരിക്കുകയാണ്. കാഷ്യു കോർപ്പറേഷന്റെയും കാപ്പെക്സിന്റേയും കീഴിലുള്ള 40 ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിച്ചതും അവയുടെ പ്രവർത്തനത്തിനായി തോട്ടണ്ടി ലഭ്യമാക്കിയതും സ്വകാര്യ ഫാക്ടറി ഉടമകളെ ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് പ്രേരിപ്പിച്ചിട്ടുള്ള ഘടകങ്ങളാണ്. സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി ഏതാണ്ട് 497 സ്വകാര്യ ഫാക്ടറികൾ സെപ്റ്റംബറിലെ കണക്ക് പ്രകാരം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൊല്ലം ജോയിന്റ് ലേബർ കമ്മീഷണറുടെ അധികാര പരിധിയിൽ ഇനിയും നിരവധി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാനുണ്ട്. ആറ് ഫാക്ടറികൾ ഓക്ടോബർ മാസത്തിൽ തന്നെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ബാക്കി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി ബന്ധപ്പെട്ടവരുമായി ചർച്ച നടന്നുവരുന്നു. സംസ്ഥാന കാഷ്യു കൾട്ടിവേഷൻ ഏജൻസീസ് സ്പെഷ്യൽ ഓഫീസറുടെ പദവിയുള്ള ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ തോട്ടണ്ടിയുണ്ടായിട്ടും തുറന്ന് പ്രവർത്തിപ്പിക്കാതിരിക്കുന്ന ഫാക്ടറികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ നിയമപരമായി സ്വീകരിക്കാൻ കഴിയുന്ന നടപടികൾ സ്വീകരിച്ചുവരികയാണ്. തദ്ദേശീയമായ തോട്ടണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ദീർഘകാല പദ്ധതിയെന്ന നിലയിൽ കൃഷി, വനം, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളുടെ സംയുക്ത നേതൃത്വത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരികയാണ്. കഴിഞ്ഞ ആഴ്ചയാണ് യോഗം ചേർന്നത്. തദ്ദേശീയമായി ലഭ്യമാകുന്ന തോട്ടണ്ടി പൊതുമേഖലാ സ്ഥാപനങ്ങൾ വാങ്ങണമെന്ന് അങ്ങ് ഇവിടെ സൂചിപ്പിച്ചു. കൃഷി വകുപ്പുമന്ത്രിയടക്കമുള്ളവരുമായി ചേർന്നുകൊണ്ട് ഈ ഫെബ്രുവരിയിൽ സീസണാകുമ്പോൾ കാഷ്യു പ്ലാന്റേഷനും മറ്റും തോട്ടണ്ടി നേരിട്ട് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് തരണമെന്ന് തീരുമാനമെടുത്തിട്ടുണ്ട്. കേരളത്തിൽ ലഭ്യമായ തോട്ടണ്ടി പൊതുമേഖലാസ്ഥാപനങ്ങൾക്ക് ഉറപ്പാക്കാൻ നടപടി

സ്വീകരിക്കുകയാണ്. ഇന്നലെ കശുവണ്ടി വികസന കോർപ്പറേഷനുമായി ബന്ധപ്പെട്ട കാര്യം ബഹുമാന്യനായ വി. ഡി. സതീശൻ ഇവിട ഉന്നയിച്ച് ഒരു തെറ്റിദ്ധാരണ പരത്തിയിട്ടുണ്ട്. ഗവൺമെന്റ് ഉത്തരവ് എന്ന് അദ്ദേഹമിവിടെ പറഞ്ഞു. ഗവൺമെന്റിന് നേരിട്ട് തോട്ടണ്ടി വാങ്ങാൻ കഴിയില്ല, കോർപ്പറേഷനാണ് വാങ്ങുന്നത്. ഗവൺമെന്റ് ഉത്തരവ് എന്ന് പറഞ്ഞ് അദ്ദേഹം ഇവിടെ വളരെ സൂപ്പറായി സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ് ചെയ്തത്. ഷോർട്ട് ടെണ്ടർ വച്ച് തോട്ടണ്ടി വാങ്ങാൻ സാങ്ഷൻ നൽകുന്നതിനാണ് ജി.ഒ. വന്നിട്ടുള്ളത്. ജൂലൈ മാസത്തിലെ ഇ-ടെണ്ടറിൽ ഒരൊറ്റ ടെണ്ടറേ കിട്ടിയിട്ടുള്ളൂ. ഒരെണ്ണം വന്നതിനാൽ നമുക്ക് സ്വീകരിക്കാൻ സാധിക്കില്ല. ആ ഒരു ടെണ്ടറിലെ വിലയാണ് അവിടെ ക്വാട്ട് ചെയ്തിരിക്കുന്നത്. വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്യുമ്പോഴാണ് യു.എസ്. ഡോളർ വച്ച് അത് ക്വാട്ട് ചെയ്യുന്നത്. നമ്മൾ വാങ്ങിയത് അതല്ല. അദ്ദേഹം വളരെ തന്ത്രപൂർവ്വം ഗവൺമെന്റ് ഇറക്കിയ ഉത്തരവിനെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ടാണ് ഇന്നലെ ഒരു തെറ്റിദ്ധാരണ പരത്താൻ ശ്രമിച്ചത്. സെൽഫ് സർട്ടിഫിക്കേഷനാകാമെന്ന് ഗവൺമെന്റ് പറഞ്ഞുവെന്ന് ശ്രീ വി.ഡി. സതീശനിവിടെ പറഞ്ഞു. അതും വളരെ തന്ത്രപൂർവ്വമാണ് ഒരു തെറ്റിദ്ധാരണ പരത്തിയത്. അതേ ഉത്തരവിൽ......

ശ്രീ. പി. ടി. തോമസ്: സർ, ശ്രദ്ധ ക്ഷണക്കലിന് മറുപടി പറയുമ്പോൾ രേഖാമൂലം അതിൽ എഴുതിതന്ന വിഷയത്തെ സംബന്ധിച്ച് പറയണം.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അതിൽ ഒരു തർക്കത്തിലേയ്ക്ക് പോകേണ്ട കാര്യമില്ല. ഇവിടെ തർക്കമില്ലല്ലോ. ഇതിന്റെ ഭാഗമായിട്ടുള്ള വിശദീകരണമേയുള്ളൂ.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇപ്പോൾ ശ്രദ്ധ ക്ഷണിക്കലിന്റെ സമയമാണ്. .....(മൈക്ക് ഓഫ്)......

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അതിലെനിക്ക് തർക്കമില്ല. അങ്ങനെയൊരു ഡിബേറ്റിന് ഞാൻ തയ്യാറാണ്. ഏത് ഡിബേറ്റിനും തയ്യാറാണ്. തർക്കമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ് യെസ്........

ശ്രീ. പി. ടി. തോമസ്: സർ, ഒരു സ്പെഷ്യൽ പ്രസ്താവന നടത്തി ഇക്കാര്യത്തെക്കുറിച്ച് പറയണം. ശ്രദ്ധ ക്ഷണിക്കലിനെ മറയാക്കി ഇത് പറയരുത്.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ആകാം. ഞാൻ അത് എഗ്രി ചെയ്തു.

അത് ഞാൻ അംഗീകരിച്ചു. ഒരു സ്പെഷ്യൽ പ്രസ്താവന നടത്താൻ ബഹുമാനപ്പെട്ട ചെയർ അനുമതി തരണം. ഞാൻ എഴുതി നൽകാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശരി. ഇപ്പോൾ സബ്ജക്ടിൽ ഒതുങ്ങി നിന്ന് മറുപടി പറയണം. അത് പ്രത്യേകമായി പറയുകയാണ്.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അത് ഞാൻ അംഗീകരിച്ചു. തെറ്റിദ്ധാരണ പരത്തുന്ന ഒരു കാര്യം അദ്ദേഹത്തെ പോലൊരു അംഗം സഭയിൽ പറയാൻ പാടില്ല. അതിനെ സംബന്ധിച്ച് ഒരു സ്പെഷ്യൽ പ്രസ്താവന നടത്തണമെന്നുള്ളത് ഞാൻ എഗ്രി ചെയ്യുന്നു. ഗവൺമെന്റിന് സാധ്യമാകുന്ന സുതാര്യമായ നടപടികളാണ് തോട്ടണ്ടി വാങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ളത്. അങ്ങ് ഗ്രാറ്റുവിറ്റിയുടെ പ്രശ്നം പറഞ്ഞു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 9 വർഷത്തെ ഗ്രാറ്റുവിറ്റിയാണ് കൊടുത്തത്. നിർഭാഗ്യവശാൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു വർഷത്തേത് പോലും കൊടുത്തില്ല. ആ കുടിശ്ശികയാണുള്ളത്. അത് കൊടുക്കാൻ ഞങ്ങൾ സന്നദ്ധമാണ്. പി.എഫ്. കുടിശ്ശിക ആറര കോടി രൂപയെക്കുറിച്ച് അദ്ദേഹം പറഞ്ഞു. കാഷ്യൂ ഫാക്ടറി പ്രവർത്തിപ്പിച്ച് കൊടിയ നഷ്ടം വരുത്തിയിട്ട് പി.എഫ്. പോലും അടച്ചിരുന്നില്ല. അത് ഇപ്പോൾ ഈ ഗവൺമെന്റ് അടച്ചു. അത് അങ്ങ് അറിയാത്തതാണ്. പി.എഫ്.-ൽ ബാക്കി അടച്ചിട്ടില്ലായെങ്കിൽ തൊഴിലാളികൾക്ക് വിടുതൽ സർട്ടിഫിക്കറ്റ് ലഭിക്കാനും അവരുടെ പെൻഷൻ ലഭിക്കാനും തടസ്സമാകും. ഈ ഗവൺമെന്റ് അധികാരത്തിൽവന്നിട്ട് അഞ്ച് മാസമേ ആയുള്ളൂവെങ്കിലും ആറര കോടി രൂപ കുടിശ്ശിക അടച്ചുകഴിഞ്ഞു. ഇ.എസ്.ഐ. കുടിശ്ശികയുണ്ടായിരുന്നു, ചികിത്സ തടസ്സമാകുന്നതിനാൽ അത് അടച്ചുകഴിഞ്ഞു. ഈ ഗവൺമെന്റിന് സാധ്യമായതെല്ലാം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഇനിയും ഗ്രാറ്റുവിറ്റിയുടെ കുടിശ്ശികയുണ്ട് അത് ഈ വരുന്ന കാലയളവിൽ നൽകും. അതുകൊണ്ട് കുറഞ്ഞ സമയത്തിനുള്ളിൽ പരമാവധി കാര്യങ്ങൾ ചെയ്യുവാനും പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിച്ച് തൊഴിലാളികൾക്ക് തുടർച്ചയായി ജോലി നൽകാനും അതിന്റെ ഭാഗമായി സ്വകാര്യ മേഖലയിൽ നാന്നൂറ്റി ചില്വാനം ഫാക്ടറികൾ അവരെ സമ്മർദ്ദത്തിലാക്കി തുറക്കാനും കഴിഞ്ഞിട്ടുണ്ട്. ബാങ്കിൽ വലിയ ലയബിലിറ്റിയുള്ള സ്ഥാപനങ്ങളുടെ കാര്യങ്ങൾ മുഖ്യമന്ത്രിയുമായി ചർച്ച ചെയ്യാൻ ഞങ്ങൾ ഡേറ്റ് എടുത്തിട്ടുണ്ട്. കേരളത്തിലുള്ള വി.എൽ.സി. പോലെയുള്ള പ്രധാനപ്പെട്ട

മാനേജ്മെന്റിന്റെ പത്ത് ഫാക്ടറികളും അടഞ്ഞ് കിടക്കുകയാണ്. ആ ഫാക്ടറികൾ എന്തുകൊണ്ട് അടഞ്ഞു കിടക്കുന്നു എന്ന് ചോദിച്ച് നോട്ടീസ് നൽകാനും, ലൈസൻസുള്ള ഫാക്ടറി തോട്ടണ്ടി ലഭ്യമായിട്ടും പ്രവർത്തിക്കാതിരിക്കുന്നത് നിയമപരമായി ശരിയല്ല. അവർക്ക് നോട്ടീസ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഗവൺമെന്റിന് സാധ്യമാകുന്നതെല്ലാം ചെയ്യും.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, അങ്ങ് പറഞ്ഞ നല്ല കാര്യങ്ങളോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. അങ്ങ് ഈ മേഖലയിലെ ട്രേഡ് യൂണിയൻ രംഗത്ത് ഏറെ വർഷക്കാലം സജീവമായി നേതൃത്വം നൽകിയ ആളാണ്. കശുവണ്ടി മേഖലയെ സംബന്ധിച്ച കാര്യങ്ങൾ അങ്ങ് വളരെ നന്നായി പ്രസന്റ് ചെയ്തിട്ടുണ്ട്. എന്റെ ഒരു ചോദ്യം, ലേബർ ആക്ട് പ്രകാരം ഇത്ര ദിവസം തൊഴിലെടുത്തെങ്കിൽ മാത്രമേ ഒരു തൊഴിലാളിക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുകയുള്ളൂ. അത് ഇവിടെ ലംഘിക്കപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഫാക്ടറികളൊന്നും തുറന്നു പ്രവർത്തിക്കാത്തതുകൊണ്ട് തൊഴിലാളികൾക്കുള്ള ഇ.എസ്.ഐ. ആനുകൂല്യം നിഷേധിച്ചു. ഇ.എസ്.ഐ. ഹോസ്പിറ്റലിൽ പോയാൽ അവർക്ക് മരുന്നും മറ്റ് ആനുകൂല്യങ്ങളും കിട്ടുന്നില്ല. പ്രസവാനുകൂല്യംപോലും കിട്ടുന്നില്ല. സ്ത്രീകൾക്ക് പ്രസവിക്കാനുള്ള സ്വാതന്ത്ര്യം പോലും നിഷേധിച്ച ഒരു ഗവൺമെന്റാണ് യു.ഡി.എഫ്. ഗവൺമെന്റ്. അതുകൊണ്ട് വെട്ടിക്കുറച്ച ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള ആറു മാസവും തുടർന്നുള്ള ആറു മാസത്തിൽ 79 പ്രവൃത്തിദിവസങ്ങളും ഉള്ളവർക്കുമാത്രമാണ് ഇ.എസ്.ഐ. ആനുകൂല്യത്തിന് അർഹതയുള്ളത്. അങ്ങ് പറഞ്ഞതുപോലെ പല സ്വകാര്യ ഫാക്ടറികളും തുടർച്ചയായി എട്ടും ഒമ്പതും മാസം അടഞ്ഞു കിടന്നാൽ ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കില്ല. എന്നാൽ നമുക്ക് നിയമമനുസരിച്ചേ കാര്യങ്ങൾ നടക്കുകയുള്ളൂ. ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമല്ലാത്ത സ്ഥിതികൂടി ഇപ്പോൾ വരുന്നു എന്നത് ഗൗരവതരമായ പ്രശ്നമാണ്. അതുകൊണ്ടുതന്നെയാണ് സ്വകാര്യ മുതലാളിമാർ കഴിയുന്നത്ര വേഗം ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കണമെന്ന സമ്മർദ്ദം ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുണ്ടാകുന്നത്.

## (2) ഹജ്ജ് എംബാർക്കേഷൻ പോയിന്റ് പുനഃസ്ഥാപിക്കൽ

ശ്രീ. ടി.വി. ഇബ്രാഹിം: സർ, കേരളത്തിൽ നിന്നുള്ള മുസ്ലീങ്ങൾ വളരെക്കാലം മുമ്പ് കപ്പലിലും മറ്റുമൊക്കെയായിരുന്നു ഹജ്ജിന് പോയിരുന്നത്. വിമാന സൗകര്യം വന്നതിനുശേഷം 1996 വരെ കേരളത്തിൽ നിന്നുള്ള ഹാജിമാർ ചെന്നൈയിൽ നിന്നും അതുപോലെ ബോംബെ എയർപോർട്ട് വഴിയുമായിരുന്നു ഹജ്ജിന് പോയിരുന്നത്. 1996-നു ശേഷം നെടുമ്പാശ്ശേരി എയർപോർട്ടിൽ നിന്നാണ് ഹജ്ജിന് പോയിരുന്നത്. എന്നാൽ 2001 മുതൽ കാലിക്കറ്റ് എയർപോർട്ട് വന്നതോടെ കേരളത്തിലെ ഹാജിമാർ പരിശുദ്ധ ഹജ്ജ് കർമ്മത്തിനുവേണ്ടി പോയിരുന്നത് കോഴിക്കോട് എയർപോർട്ടിൽ നിന്നായിരുന്നു. അങ്ങനെ കോഴിക്കോട് എയർപോർട്ട് ഹജ്ജ് എംബാർക്കേഷൻ പോയിന്റായി വികസിപ്പിക്കപ്പെട്ടു. അതിനുവേണ്ടി വിപുലമായ സൗകര്യങ്ങൾ സർക്കാരിന്റെ നേതൃത്വത്തിൽ അവിടെ ലഭ്യമാക്കുകയും വളരെ വിശാലമായ 60000 സ്ക്വയർഫീറ്റ് വിസ്തൃതിയുള്ള ഹജ്ജ് ഹൗസ് ഇതിനുവേണ്ടി സർക്കാർ ഉടമസ്ഥതയിൽ പണിയുകയും ചെയ്തു. 2001 മുതൽ 2015 വരെ കാലിക്കറ്റ് എയർപോർട്ടിൽ നിന്നാണ് കേരളത്തിലെ ഹാജിമാരെല്ലാം ഹജ്ജിന് പോയിരുന്നത്. എന്നാൽ 2015 മേയ് മാസത്തിൽ കാലിക്കറ്റ് എയർപോർട്ട് റീ-കാർപ്പറ്റിംഗിനുവേണ്ടി ഭാഗികമായി അടച്ചിടുകയും വലിയ വിമാനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തുകയും ചെയ്തതോടുകൂടി ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കാലിക്കറ്റ് എയർപോർട്ടിൽ നിന്ന് താൽക്കാലികമായി 2015, 2016 വർഷങ്ങളിൽ നെടുമ്പാശ്ശേരി എയർപോർട്ടിലേയ്ക്ക് മാറ്റി സ്ഥാപിച്ചു. നെടുമ്പാശ്ശേരി എയർപോർട്ടിൽ നിന്ന് ഹജ്ജിനു പോകുകയെന്നത് കേരളത്തിൽ നിന്നുള്ള ഹാജിമാർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഇപ്പോൾ കാലിക്കറ്റ് എയർപോർട്ട് ഭാഗികമായാണ് അടച്ചിട്ടിരിക്കുന്നത്. എയർപോർട്ടിന്റെ റി സ്ട്രെങ്ത്തനിംഗ് പ്രവൃത്തി പൂർണ്ണമായും ഇപ്പോൾ പൂർത്തിയായിരിക്കുകയാണ്. ഡിസംബറോടുകൂടി ഔദ്യോഗികമായി എയർപോർട്ട് അതോറിറ്റി അത് പ്രഖ്യാപിക്കുകയും ചെയ്യും. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയായ സാഹചര്യത്തിൽ കേരളത്തിലെ ഹാജിമാർക്ക് കാലിക്കറ്റ് എയർപോർട്ടിൽ നിന്നുതന്നെ ഹജ്ജിന് പോകാനുള്ള സൗകര്യമേർപ്പെടുത്തണമെന്നാണ് എന്റെ അഭ്യർത്ഥന. 2015-ൽ കേരളത്തിൽ നിന്ന് ആകെ 6224 ഹാജിമാർ ഹജ്ജിന് പോയതിൽ 5146 പേരും മലബാറിലെ ആറ് ജില്ലകളിൽ നിന്നാണ്. അതായത് 82.86 ശതമാനം ഹാജിമാരാണ്. 2016-ലെ കണക്കെടുത്താൽ ആകെ 10267 ഹാജിമാർ ഹജ്ജിന് പോയതിൽ 8514 പേരും മലബാറിലെ അഞ്ചു ജില്ലകളിൽ നിന്നുള്ളവരാണ്. അതായത് 82.9 ശതമാനം ഹാജിമാർ. ഈ 83 ശതമാനത്തോളം വരുന്ന ഹാജിമാർക്ക് ഏറ്റവും സൗകര്യപ്രദമായ എയർപോർട്ട് എന്ന നിലയ്ക്ക് മാത്രമല്ല ഹജ്ജ് ഹൗസടക്കം വിപുലമായ സൗകര്യങ്ങളുള്ള കാലിക്കറ്റ് എയർപോർട്ടിലേയ്ക്ക് ഹജ്ജ്

എംബാർക്കേഷൻ പോയിന്റ് മാറ്റി സ്ഥാപിക്കണമെന്ന ഹാജിമാരുടെ ആവശ്യം ഈ സർക്കാരിന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽ കൊണ്ടു വരുന്നതിനാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. എത്രയും പെട്ടെന്ന്, അടുത്ത വർഷം മുതൽ റീ-കാർപ്പെറ്റിംഗ് പൂർത്തിയാകുന്നതോടുകൂടി കാലിക്കറ്റ് എയർപോർട്ടിലേയ്ക്ക് ഹജ്ജ് എംബാർക്കേഷൻ പോയിന്റ് മാറ്റി സ്ഥാപിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 2015 സെപ്റ്റംബർ മാസത്തോടെയാണ് കരിപ്പൂർ എയർപോർട്ടിൽ റൺവേ റീ-കാർപ്പെറ്റിംഗ് നടത്തുന്നതുമായി ബന്ധപ്പെട്ട് ഹജ്ജ് എംബാർക്കേഷൻ പോയിന്റ് താൽക്കാലികമായി കരിപ്പൂർ വിമാനത്താവളത്തിൽനിന്നും നെടുമ്പാശ്ശേരി വിമാനത്താവളത്തിലേയ്ക്ക് മാറ്റിയത്. റീ-കാർപ്പെറ്റിംഗ് പൂർത്തിയായതായും ഡിസംബർ മാസത്തോടുകൂടി മറ്റെല്ലാ പേപ്പർ വർക്കുകളും പൂർത്തീകരിക്കാൻ കഴിയുമെന്നും ഔദ്യോഗികമായി വിവരം ലഭിച്ചിട്ടുണ്ട്. റൺവേ നീളം കൂട്ടാത്തതിനാൽ ഹജ്ജ് സർവ്വീസ്സിന് അനുയോജ്യമായ വലിയ വിമാനങ്ങൾ കരിപ്പൂരിൽ സർവ്വീസ് നടത്തുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ടെന്നാണ് വ്യോമയാന മന്ത്രാലയം അറിയിച്ചിട്ടുള്ളതെന്ന് ഹജ്ജ് കമ്മിറ്റിയുടെ അസിസ്റ്റന്റ് സെക്രട്ടറി വിവരം നൽകിയിട്ടുണ്ട്. ഹജ്ജ് യാത്രികരിൽ ഭൂരിഭാഗവും മലപ്പുറം, കോഴിക്കോട് ജില്ലകളിൽ നിന്നുള്ളവരായതിനാൽ എംബാർക്കേഷൻ പോയിന്റ് കരിപ്പൂരിൽതന്നെ നിലനിർത്തണമെന്നുള്ള കാര്യത്തിൽ സർക്കാരിന് മറ്റൊരഭിപ്രായമില്ല. ബഹുമാന്യനായ മുഖ്യമന്ത്രി ഇക്കാര്യത്തിൽ വ്യോമയാന മന്ത്രിയുമായി എഴുത്തുകുത്തുകൾ നടത്തിയിട്ടുണ്ട്. വലിയ വിമാനങ്ങൾ അവിടെയിറക്കാൻ സാങ്കേതിക ബുദ്ധിമുട്ടുകളുണ്ടെന്നാണ് അവസാനമായി ബഹുമാന്യനായ മുഖ്യമന്ത്രിക്ക് ലഭിച്ച മറുപടി. വരുന്ന ഹജ്ജ് സീസണിൽ ഹജ്ജ് എംബാർക്കേഷൻ കരിപ്പൂർ വിമാനത്താവളത്തിലേയ്ക്ക് മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രി സിവിൽ ഏവിയേഷൻ മിനിസ്റ്റർക്കും പ്രധാനമന്ത്രിക്കും ഉടനെ കത്തെഴുതാമെന്നും അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും വ്യോമയാന മന്ത്രാലയത്തിന്റെ ഭാഗത്തുനിന്നും അനുകൂലമായ നിലപാട് ഉണ്ടാകേണ്ടതായിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ മഹാഭൂരിഭാഗം ഹാജിമാരും മലബാർ മേഖലയിൽ നിന്നുള്ളവരാണ്. കോടിക്കണക്കിന് രൂപ ചെലവിട്ടുകൊണ്ട് അവിടെ സംസ്ഥാന സർക്കാർ ഒരു ഹജ്ജ് ഹൗസും പണിതിട്ടുണ്ട്. എന്നാൽ ഈ രണ്ടു ഹജ്ജ് സീസണുകളിലായി നെടുമ്പാശ്ശേരിയിൽ നിന്നാണ് ഹാജിമാർ യാത്രയായത്. ഇത് അവർക്കുണ്ടാക്കിയിട്ടുള്ള ബുദ്ധിമുട്ട് ചെറുതല്ലെന്ന് ഗവൺമെന്റ് കാണുന്നു.

റൺവേയുടെ വികസനവും വിമാനത്താവളത്തിന്റെ വികസനവും പ്രദേശവാസികൾക്ക് താല്പര്യമില്ലെന്നുള്ളതാണ് ഏറ്റവും അവസാനം സിവിൽ ഏവിയേഷൻ മിനിസ്ട്രിയിൽ നിന്നും ലഭിച്ച കത്തിൽ പറയുന്നത്. സ്ഥലം വിട്ടുകൊടുത്തുകൊണ്ട് ഇതിനോട് സഹകരിക്കണമെന്ന് വീണ്ടും അവരോട് അഭ്യർത്ഥിച്ചിട്ടുണ്ട്. നമുക്ക് ഈ കാര്യം ആവശ്യപ്പെടുന്നതോടൊപ്പം വിമാനത്താവളത്തിന്റെ വികസനത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകുന്നതിനുള്ള നടപടികളും ആരംഭിക്കേണ്ടതായിട്ടുണ്ട്. അതിന് നാട്ടുകാരുടെ സഹായ സഹകരണങ്ങൾ വളരെ അനിവാര്യമാണ്. അത്തരത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഒരു ശ്രമം നടന്നപ്പോൾ ബഹുമാന്യനായ ടി. വി. ഇബ്രാഹിം എല്ലാ സഹായസഹകരണങ്ങളും ചെയ്തിരുന്ന എന്നുള്ള കാര്യവും ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നു. കൂട്ടായ ശ്രമത്തിലൂടെ മാത്രമേ നമുക്ക് കരിപ്പൂർ വിമാനത്താവളത്തെ രക്ഷിച്ചെടുക്കാൻ കഴിയുകയുള്ളൂ. ഒരുപാട് ലോബികൾ ആ വിമാനത്താവളത്തിനെതിരായി നിൽക്കുന്നു എന്നുള്ളത് മനസ്സിലാക്കി അതിന്റെ വികസനത്തിനാവശ്യമായ സ്ഥലമേറ്റെടുപ്പ് നമുക്ക് ആരംഭിക്കേണ്ടതായിട്ടുണ്ട്. ഹജ്ജ് എംബാർക്കേഷൻ കരിപ്പൂരിലേയ്ക്ക് മാറ്റണമെന്ന ആവശ്യം ഉന്നയിക്കുമ്പോൾ ഈ കാര്യവുംകൂടി ബന്ധപ്പെട്ട മന്ത്രാലയത്തിന്റെ മുന്നിൽ ശക്തമായി വയ്ക്കാൻ കഴിയണം. അതിനുള്ള ഒരു സാഹചര്യം കൂടി ഒരുക്കേണ്ടതുണ്ട്. അതിന് എല്ലാവരുടെയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി സ്വാഗതാർഹമാണ്. കാലിക്കറ്റ് എയർപോർട്ട് വികസിപ്പിക്കുന്ന കാര്യത്തിൽ തദ്ദേശവാസികൾക്ക് താൽപ്പര്യമില്ലെന്നുപറയുന്നത് ശരിയല്ല എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. അതുമൂലം ഭൂമി നഷ്ടപ്പെടുന്നവർക്ക് മാത്രമാണ് ഇക്കാര്യത്തിൽ ആശങ്കയുള്ളത്. കാലിക്കറ്റ് എയർപോർട്ടിനായി ഭൂമി അക്വയർ ചെയ്ത് വിപുലപ്പെടുത്തുന്നതിനോട് പ്രദേശവാസികൾ മാത്രമല്ല, മലബാറിലെ മൊത്തം യാത്രക്കാരും വളരെയധികം താൽപ്പര്യം പ്രകടിപ്പിക്കുകയുണ്ടായി. രാഷ്ട്രീയകക്ഷി ഭേദമന്യേ എല്ലാവരും അതിനോട് സഹകരിക്കാൻ തയ്യാറാണ്. അവിടെയുള്ള രണ്ട് എം.എൽ.എ.-മാർ എന്നുള്ള നിലയ്ക്ക് എല്ലാ പിന്തുണയും ഈ ഗവൺമെന്റിന് അകമഴിഞ്ഞ് നൽകാൻ ഞങ്ങൾ തയ്യാറാണെന്നുള്ള കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ബന്ധപ്പെട്ട മന്ത്രിയെയും അറിയിക്കുകയുണ്ടായി. ഭൂമി നഷ്ടപ്പെടുന്നവർക്ക് ഏറ്റവും നല്ല പാക്കേജ് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചതിൽ മുഖ്യമന്ത്രി ചെറിയൊരു തിരുത്തൽ വരുത്തിയെങ്കിലും ആ നടപടിക്രമങ്ങൾ ഇപ്പോൾ കുറച്ച് മെല്ലെപ്പോകുന്നൊരു സ്ഥിതിയുണ്ട്. ഇതേക്കുറിച്ച് മുഖ്യമന്ത്രി കളക്ടർക്ക് വ്യക്തമായ നിർദ്ദേശം കൊടുത്ത് അതിനെ expedite ചെയ്യാനുള്ള നടപടി സ്വീകരിച്ചാൽ കാര്യങ്ങൾ വളരെ എളുപ്പത്തിൽ നീങ്ങുമെന്നാണ് എന്റെ വിശ്വാസം.

കാലിക്കറ്റ് എയർപോർട്ട് കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്ക് മാറ്റിസ്ഥാപിക്കാൻ എത്രയും പെട്ടെന്ന് ഭൂമി ഏറ്റെടുക്കണമെന്നാണ് ഗവൺമെന്റിന്റെയും താൽപ്പര്യം എന്നുപറഞ്ഞു. വലിയ വിമാനങ്ങൾ ഇറങ്ങിയില്ലെങ്കിലും സൗദി എയർലൈൻസിന്റെ എസ്.വി.-യുടെ ചെറിയ വിമാനങ്ങൾ ഉപയോഗിച്ചെങ്കിലും ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കാലിക്കറ്റ് എയർപോർട്ടിലേയ്ക്ക് മാറ്റിസ്ഥാപിക്കുന്നതിന് വേറെ എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടോ എന്നുള്ളതാണ് എനിക്ക് അറിയേണ്ടത്.

ഡോ. കെ. ടി. ജലീൽ: സർ, തദ്ദേശവാസികൾക്ക് എയർപോർട്ടിന്റെ വികസനത്തിൽ താൽപ്പര്യമില്ലെന്ന് പറഞ്ഞത് എന്റെ അഭിപ്രായമോ, സർക്കാരിന്റെ അഭിപ്രായമോ അല്ല. സിവിൽ ഏവിയേഷൻ മന്ത്രാലയത്തിൽനിന്നും സർക്കാരിന് അറിയിപ്പ് ലഭിച്ചിട്ടുള്ളത് അവർക്ക് താൽപ്പര്യമില്ല എന്നുള്ള നിലയിലാണ്. അതിന്റെ വികസന പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്ക് മാറ്റേണ്ടതുമുണ്ട്. Simultaneous ആയി ഈ പ്രോസസ്സ് ആരംഭിക്കുന്നതിനാവശ്യമായ നിലപാടുകളാണ് അവിടെ ഉരുത്തിരിഞ്ഞ് വരേണ്ടത്. അതിന് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹായം ഉണ്ടായിട്ടുണ്ട്. ഭാവിയിലും അത് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകം താൽപ്പര്യമെടുക്കുകയും ചെയ്തിട്ടുണ്ട്. ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ പുന:സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് കത്തയയ്ക്കുകയും ഹജ്ജ് ക്യാമ്പിന്റെ ഉദ്ഘാടനച്ചടങ്ങിൽ അത് വ്യക്തമാക്കുകയും ചെയ്തിരുന്നു. ആ ശ്രമം തീർച്ചയായും സർക്കാർ തുടരും. അടുത്ത ഹജ്ജ് സീസണോടുകൂടി ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ പുന:സ്ഥാപിക്കുന്നതിനായിരിക്കും ഗവൺമെന്റ് മുന്തിയ പരിഗണന നൽകുക.

## V സബ്മിഷൻ

### (1) വിജിലൻസ് ഡയറക്ടർക്കെതിരെ നൽകിയ പരാതി

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സംസ്ഥാന ഗവൺമെന്റിൽ ഉന്നത ഉദ്യോഗസ്ഥർ തമ്മിലുള്ള കിടമത്സരവും പ്രതികാരനടപടികളും മൂലം ഭരണസിരാകേന്ദ്രം ആകെ സ്തംഭിച്ചിരിക്കുകയാണ്. സെക്രട്ടേറിയറ്റിലും മറ്റുവകുപ്പുകളിലും ഇതുമൂലം കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല. ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളും പരസ്പര പഴിചാരലും വർദ്ധിച്ചുവരികയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആദ്യം ഡി.ജി.പി. ആയിരുന്ന ഡോ. ടി.പി. സെൻകുമാർ അവധിയിൽ പോകുകയുണ്ടായി. ഡി.ജി.പി. ആയ ശ്രീ. ശങ്കർ റെഡ്ഡി ഹൈക്കോടതിയിൽ വിജിലൻസിനെതിരെ പരാതി

കൊടുക്കുകയുണ്ടായി. തന്റെ ഫോൺ ചോർത്തുന്നുവെന്ന പരാതി ഡോ. ജേക്കബ് തോമസ് മുഖ്യമന്ത്രിക്കും ഡി.ജി.പി.ക്കും നൽകുകയുണ്ടായി. ഐ.എ.എസ്. ഓഫീസർമാർ മുഖ്യമന്ത്രിയെക്കണ്ട് പരാതി പറയുന്നു. തന്നെ ഭയപ്പെടുത്തുന്നുവെന്ന് പറഞ്ഞ് അഡീഷണൽ ചീഫ് സെക്രട്ടറി (ഫൈനാൻസ്) മുഖ്യമന്ത്രിക്ക് പരാതി നൽകുന്നു. ഡോ. കെ. എം. എബ്രഹാം അഡീഷണൽ ചീഫ് സെക്രട്ടറി (ഫൈനാൻസ്) മുഖ്യമന്ത്രിക്ക് നൽകിയ കത്താണ് എന്റെ കയ്യിലുള്ളത്. അതിലെ ചില പ്രസക്തഭാഗങ്ങൾ ഞാൻ വായിക്കാം - "From the manner in which the search was authorised 'on orders from above' even prior to taking preliminary statement from me, I have genuine apprehensions that Dr. Jacob Thomas, Director of Vigilance Investigation was attempting to intimidate me and officers of the Finance Inspection Wing from completing the report and was thereby attempting thwart the process of a fair and impartial enquiry." അദ്ദേഹം കത്തിന്റെ അവസാനഭാഗത്ത് പറയുന്നു - "The action of ordering the search even before meeting me and taking a preliminary statement from me and the unconventional manner in which the search was carried out also makes me believe that Dr. Jacob Thomas was acting vengefully against me in retaliation for having recommended disciplinary action against him in the Finance Inspection report for the irregularities committed by him and causing loss to the public exchequer." ബോധപൂർവ്വമായി ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ റിപ്പോർട്ട് തയ്യാറാകുന്നതിന് മുമ്പ് ആ നടപടിക്ക് മുതിർന്നതിന്റെ ഫലമായി എന്നിൽനിന്നും മൊഴി എടുക്കാതെ, പ്രാഥമിക അന്വേഷണം നടത്താതെ എന്റെ വീട് സർച്ച് ചെയ്ത നടപടി അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. എന്നെ ഭയപ്പെടുത്താൻ വേണ്ടി ചെയ്തിട്ടുള്ളതാണെന്നാണ് ഫൈനാൻസ് ഡിപ്പാർട്ട്മെന്റിന്റെ ചുമതല വഹിക്കുന്ന അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. കെ. എം. എബ്രഹാം തന്റെ കത്തിലൂടെ ഇന്നലെ മുഖ്യമന്ത്രിയെ അറിയിച്ചിട്ടുള്ളത്. സംസ്ഥാനത്ത് അഴിമതിക്കാരായ ആളുകളെ നിലയ്ക്ക് നിർത്തുന്നതിൽ, അവരുടെ പേരിൽ നടപടി സ്വീകരിക്കുന്നതിൽ ആർക്കും പരാതി ഉണ്ടാകില്ല. പക്ഷെ അതിന് നിയമപരമായ നടപടി ഉണ്ടാകണം. അഴിമതിക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനെ ഞങ്ങളും സ്വാഗതം ചെയ്യുന്നു. അതിൽ പ്രതികാരമുണ്ടാകാൻ പാടില്ല, മന:പൂർവ്വമായി ഒരു കിടമത്സരത്തിന്റെ അടിസ്ഥാനത്തിലാകാൻ പാടില്ല. സർച്ച് വാറന്റ് ഇല്ലാതെ

എ.സി.എസ്. (ഫൈനാൻസ്)-ന്റെ വീട് എങ്ങനെ സെർച്ച് ചെയ്യും? ഞാനും വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ചുമതല വഹിച്ചിട്ടുള്ള ഒരു മന്ത്രിയായിരുന്നു. സാധാരണഗതിയിൽ ഒരു ഉദ്യോഗസ്ഥന്റെയോ അല്ലെങ്കിൽ പൊതു പ്രവർത്തകരുടെയോ വീട് സെർച്ച് ചെയ്യണമെങ്കിൽ കോടതിയിൽനിന്നും അനുവാദം വാങ്ങുകയും സെർച്ച് വാറന്റ് ഉണ്ടാകുകയും വേണം. ആ നടപടിക്രമങ്ങൾ പാലിക്കുകയാണ് വേണ്ടത്. അഡീഷണൽ ചീഫ് സെക്രട്ടറി (ഫൈനാൻസ്)-യുടെ പരാതി മുഖ്യമന്ത്രിക്ക് നൽകിയത് ധനകാര്യ വകുപ്പുമന്ത്രിയുടെ അനുവാദത്തോടുകൂടിയാണോയെന്നുള്ളത് ഞങ്ങൾക്ക് അറിയാൻ താൽപ്പര്യമുണ്ട്. ഐ.എ.എസ്. ഉദ്യോഗസ്ഥർ എല്ലാവരും ചേർന്ന് ചീഫ് സെക്രട്ടറിയെ കാണുകയും പരാതി പറയുകയും ചെയ്തുവെന്നും മുഖ്യമന്ത്രിയെ നേരത്തെ പോയി കണ്ടുവെന്നും പറയുന്നു. സാധാരണരീതിയിൽ സിവിൽ സർവ്വീസിൽ ഉണ്ടാകാൻ പാടില്ലാത്തൊരു കാര്യമാണ് ഇവിടെയുണ്ടായത്. വളരെ അപൂർവ്വമായ സന്ദർഭങ്ങളിലാണ് ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർ, തങ്ങളുടെ പരാതി ബോധിപ്പിക്കാൻ മുഖ്യമന്ത്രിയെയോ ബ്യൂറോക്രസിയുടെ തലവനായ, സിവിൽ സർവ്വീസിന്റെ തലവനായ ചീഫ് സെക്രട്ടറിയെയോ കാണുന്നത്. അസാധാരണമായ സന്ദർഭങ്ങളിൽ മാത്രമാണ് അങ്ങനെ ചെയ്യാറുള്ളത്. സാധാരണ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ട ഉദ്യോഗസ്ഥർ, ലക്ഷക്കണക്കിന് രൂപ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥർ, ഇന്നലെ മുഖ്യമന്ത്രി പറഞ്ഞതുപോലെ, പബ്ലിസിറ്റി മാനിയയ്ക്കുവേണ്ടിയാണോ ഇതെല്ലാം ചെയ്യുന്നത്; ഇവർക്കൊക്കെ പബ്ലിസിറ്റി മാനിയ വന്നിട്ടുണ്ടോ; ഇവർ പരസ്പരം തല്ലുന്നു; ഇതുകൊണ്ട് ജനങ്ങൾക്ക് എന്തുപ്രയോജനമാണുള്ളത്? ഇവർ തമ്മിലുള്ള മത്സരം കാരണം സാധാരണക്കാരായ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുന്നില്ല. കേരളത്തിലെ ഭരണസംവിധാനം നാഥനില്ലാ കളരിയായി മാറിയിരിക്കുന്നു; ഇതിൽ മുഖ്യമന്ത്രിക്ക് നിയന്ത്രണ മില്ലാതായിരിക്കുന്നു; ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർ തമ്മിലടിക്കുന്നു; മുതിർന്ന ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർ തമ്മിൽ ശീതസമരം നടത്തുന്നു. ഈ വിഷയം സർക്കാർ ഗൗരവമായി എടുത്തില്ലെങ്കിൽ ഇതിന്റെ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ജനങ്ങളാണ്. അതുകൊണ്ടാണ് ഞാൻ ഈ വിഷയം സബ്മിഷനായി അവതരിപ്പിച്ചത്. കേരളത്തിൽ ഒരു ഭരണസ്തംഭനം നിലനിൽക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ഉന്നത ഉദ്യോഗസ്ഥർ തമ്മിൽ കിടമത്സരം നടക്കുന്നുവെന്ന് പറയുന്നത് ശരിയല്ല. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ച കാര്യങ്ങളിൽ കുറേഭാഗം വസ്തുതയുള്ളതാണ്. അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. കെ. എം. എബ്രഹാം 27-10-2016-ൽ വിജിലൻസ് ഡയറക്ടർക്കെതിരെ രേഖാമൂലം പരാതി നൽകിയിട്ടുണ്ട്. ആ പരാതിയുടെ പകർപ്പ് അദ്ദേഹത്തിന്റെ കയ്യിലുണ്ട്. അതിന്റെ ചില ഭാഗങ്ങളാണ് ഇവിടെ പരാമർശിച്ചത്. വരവിൽക്കവിഞ്ഞ സ്വത്ത് സമ്പാദിച്ചുവെന്ന് ആരോപിച്ചുകൊണ്ട് ഡോ. കെ. എം. എബ്രഹാമിനെതിരെ ശ്രീ. ജോമോൻ പുത്തൻപുരയ്ക്കൽ 30-11-2015-ൽ അന്നത്തെ ചീഫ് സെക്രട്ടറിയായ ശ്രീ. ജിജി തോംസണ് പരാതി നൽകുകയുണ്ടായി. അതിൽ ഡോ. കെ. എം. എബ്രഹാം നൽകിയ വിശദീകരണം തൃപ്തികരമായതിനാൽ വിജിലൻസ് അന്വേഷണം നടത്തുന്നതിനും പ്രോസിക്യൂട്ട് ചെയ്യുന്നതിനുമുള്ള അനുമതിക്കായി ശ്രീ. ജോമോൻ പുത്തൻപുരയ്ക്കൽ സമർപ്പിച്ച അപേക്ഷകൾ പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് 2-3-2016-ൽ അറിയിക്കുകയാണുണ്ടായത്. അതേസമയം ശ്രീ. ജോമോൻ പുത്തൻപുരയ്ക്കൽ തൃശ്ശൂർ വിജിലൻസ് കോടതിയിൽ ഫയൽ ചെയ്ത പരാതിയിൽ കോടതി ക്രിമിനൽ എം.പി. നം. 62/2016 ആയി പരിഗണിച്ച കേസ്സിൽ അധികാരപരിധിയില്ലെന്ന കാരണത്താൽ തള്ളുകയും ചെയ്തു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

എന്നാൽ ബഹുമാനപ്പെട്ട തിരുവനന്തപുരം എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതി മുമ്പാകെ ക്രിമിനൽ എം.പി. നമ്പർ 298/16-ാം നമ്പറായി 15-10-2016-ന് ശ്രീ. ജോമോൻ പുത്തൻപുരയ്ക്കൽ ഡോ. കെ. എം. എബ്രഹാമിനെതിരെ വീണ്ടുംഅന്വേഷണം നടത്തുന്നതിലേയ്ക്കായി സമർപ്പിച്ച പരാതിയിന്മേൽ കോടതി അന്വേഷണത്തിന് ഉത്തരവിടുകയും 07.11.2016-ൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. പ്രസ്തുത കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം തിരുവനന്തപുരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ സെൽ പോലീസ് സൂപ്രണ്ട് ക്യൂ.വി. 25/2016/എസ്.സി.ടി ആയി ഒരു ത്വരിതാന്വേഷണം നടത്തിവരുന്നു. അന്വേഷണത്തിലിരിക്കുന്ന വിഷയത്തെക്കുറിച്ച് കൂടുതലായി പറയുന്നത് ഉചിതമല്ലാത്തതിനാൽ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ അന്വേഷണത്തിന്റെ ഭാഗമായി അദ്ദേഹത്തിന്റെ വസതിയിൽ നടത്തിയ പരിശോധനയെക്കുറിച്ചാണ് ഇപ്പോൾ ഡോ. കെ. എം. എബ്രഹാം പരാതി നൽകിയിരിക്കുന്നത്. ഡോ. കെ. എം. എബ്രഹാമിനെപ്പോലുള്ള ഒരാൾ

പരാതി ഉന്നയിക്കുമ്പോൾ അത് ഗൗരവമായിത്തന്നെ പരിഗണിക്കപ്പെടും. പരാതിയിൽ പറയുന്ന കാര്യങ്ങളിൽ പരിശോധന നടത്തും. നടപടിക്രമങ്ങൾ ശരിയായ രീതിയിൽ പാലിച്ചിട്ടുണ്ടോയെന്ന കാര്യവും പരിശോധിക്കുന്നതാണ്. പരാതി സംബന്ധിച്ച് പരിശോധന നടത്തുമെന്ന് പറയുമ്പോൾ എനിക്ക് ലഭിച്ചിട്ടുള്ള വിവരങ്ങൾ ഇപ്പോൾ പറയുന്നത് ശരിയല്ല. അതുകൊണ്ട് ഞാൻ പറയുന്നില്ല. ഇക്കാര്യങ്ങളിൽ ചുമതല വഹിച്ച് പ്രവർത്തിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽനിന്നും ഇതിനകംതന്നെ വിശദീകരണമാവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തുണ്ടായ ചില പ്രത്യേകതകൾ കാരണം ഒട്ടേറെ ഉദ്യോഗസ്ഥർക്ക് പ്രത്യേകമായ സാഹചര്യം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഡി.ജി.പി. ആയിരുന്ന ഡോ. ടി. പി. സെൻകുമാർ അവധിയിലാണെന്ന് നേരത്തെ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന് കൊടുത്ത ചുമതല നിർവ്വഹിക്കാൻ തയ്യാറല്ലാത്തതിനാലാണ് അദ്ദേഹം അവധിയിൽ പോയത്. അല്ലാതെ സർക്കാരിന്റെ എന്തെങ്കിലും പ്രത്യേകമായ നിലപാടിന്റെ ഫലമായല്ല. ഡി.ജി.പി. സ്ഥാനത്തും സംസ്ഥാന പോലീസ് ചീഫ് പദവിയിലും അദ്ദേഹത്തെ നിയമിക്കാൻ സാധിക്കില്ലെന്ന നിലപാട് ഗവൺമെന്റ് സ്വീകരിച്ചു. എന്നാൽ അദ്ദേഹത്തിന്റെ എല്ലാ അവകാശങ്ങളും അംഗീകരിച്ചുകൊണ്ടുതന്നെ മറ്റൊരു സ്ഥാനത്ത് അദ്ദേഹത്തെ നിയോഗിക്കുകയും ചെയ്തു. അദ്ദേഹമത് ഏറ്റെടുക്കാൻ തയ്യാറാകാതെ ലീവിൽ പോയതാണ്. അങ്ങ് ശ്രീ. ആർ. ശങ്കർ റെഡ്ഡിയുടെ കാര്യം പറയുകയുണ്ടായി. അദ്ദേഹത്തിന്റെതന്നെ മുൻകാല ചെയ്തികളുടെ ഭാഗമായാണ് കോടതിയെ സമീപിക്കേണ്ടിവന്നത്. സർക്കാരിന്റെ ഏതെങ്കിലും തരത്തിലുള്ള പങ്കാളിത്തത്തിന്റെ ഭാഗമായി വന്നതല്ല. ഡോ. ജേക്കബ് തോമസിന്റെ ഫോൺ ചോർത്തലുമായി ബന്ധപ്പെട്ട വിഷയം നമ്മൾ വിശദമായി ചർച്ച ചെയ്തതാണ്. ഞാൻ അത് ആവർത്തിക്കുന്നില്ല. അതൊരു പത്രവാർത്തയെ അടിസ്ഥാനപ്പെടുത്തി അദ്ദേഹം ഉന്നയിച്ച കാര്യമായിരുന്നു. ഇവിടെയുണ്ടാകുന്ന പ്രശ്നം, അഴിമതി വലിയ തോതിൽ ഉയർന്നുവരുന്നു എന്നതാണ്. അഴിമതി കാണിച്ചവരുണ്ടാകാം, ചിലരെ ക്രൂശിക്കുന്നതിനുവേണ്ടി അഴിമതിയാരോപണങ്ങൾ ഉന്നയിക്കുന്നുമുണ്ടാകാം. പക്ഷേ ആരോപണം വന്നാൽ അതുമായി ബന്ധപ്പെട്ടുള്ള നടപടികൾ സ്വാഭാവികമായും ബന്ധപ്പെട്ട ഏജൻസികൾ സ്വീകരിക്കുന്നു. ആ ഏജൻസിയുടെ തലപ്പത്ത് ആരാണോ ഇരിക്കുന്നത് അതിന്റേതായ പ്രശ്നങ്ങൾ അദ്ദേഹത്തിന് നേരിടേണ്ടിവരുന്നു. ഇങ്ങനെയൊരു കാര്യം ഇവിടെ സംഭവിക്കുന്നുണ്ടെന്നത് നമ്മൾ മറക്കാൻ പാടില്ല. എന്നാൽ പ്രധാന ഉദ്യോഗസ്ഥരുടെ കാര്യത്തിൽ പരാതികൾ ഒട്ടേറെ നിലനിൽക്കുന്നതുകൊണ്ട് ആ പരാതികൾ എങ്ങനെ കൈകാര്യം ചെയ്യണമെന്നതുസംബന്ധിച്ച് ചില കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഒരു പ്രാഥമിക പരിശോധന നടത്തണം. ഒരു പരാതി ലഭിച്ചാൽ ആ പരാതിയുടെ നിജസ്ഥിതി എന്താണെന്ന്

അറിയുന്നതിനുള്ള പ്രാഥമിക പരിശോധന വിജിലൻസ് തന്നെ നടത്തണം. അതോടൊപ്പം പരാതിയിൽ ഉന്നയിച്ച കാര്യങ്ങൾ ശരിയാണോ എന്നത് പരിശോധിക്കാനുള്ള ഒരു ഫാക്ച്വൽ ചെക്കിംഗിലേയ്ക്കും കടക്കേണ്ടതായിട്ടുണ്ട്. അപ്പോഴാണ് കാര്യങ്ങൾ വസ്തുതാപരമാണോയെന്ന് മനസ്സിലാകുന്നത്. അതോടൊപ്പം ഇത് നിലനിൽക്കുന്നതാണോ എന്ന ലീഗൽ ചെക്കിംഗും നടത്തണം. ഇത്തരമൊരു പരാതിയുണ്ടാകാനുള്ള സാഹചര്യചെക്കിംഗും നടത്തേണ്ടതായിട്ടുണ്ട്. ഇത്രയൊക്കെ നടത്തിയാൽ ഒരു ഉദ്യോഗസ്ഥനെതിരെ വെറുതെ പരാതി വന്നതാണെങ്കിൽ അന്വേഷണം തുടങ്ങുന്നതിനുമുമ്പുതന്നെ വിജിലൻസിന് മനസ്സിലാക്കാൻ സാധിക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് ഇത് ഒരു പുതിയ കാര്യമായാണ് ഇവിടെ അവതരിപ്പിക്കുന്നത്. എന്നാൽ വിജിലൻസ് മാന്വൽ അനുസരിച്ച് ഇത്തരം കേസ്സുകൾ വന്നാൽ പ്രാഥമികമായ അന്വേഷണം നടത്തി മാത്രമേ മുന്നോട്ടുപോകാവൂ എന്ന വ്യവസ്ഥയുണ്ട്. ഇതുമായി ബന്ധപ്പെട്ട് സിറാജുദീൻ Vs സ്റ്റേറ്റ് ഓഫ് മദ്രാസ് എന്ന സുപ്രീം കോടതി വിധി തന്നെയുണ്ട്. പ്രാഥമിക അന്വേഷണം നടത്തണമെന്നത് ആരും പാലിക്കാറില്ല.

ശ്രീ. പിണറായി വിജയൻ: സർ, ഇപ്പോൾ നടന്നുവരുന്ന പ്രാഥമിക അന്വേഷണം നിങ്ങൾ നേരത്തെ പറഞ്ഞ ക്യു.വി.-യിൽ ഉൾപ്പെട്ടതാണ്. പ്രാഥമിക അന്വേഷണത്തിലേയ്ക്ക് നേരിട്ട് കടക്കുകയാണ്. ആ അന്വേഷണമല്ല ഞാൻ പറഞ്ഞത്. വിജിലൻസിന്റെ അന്വേഷണം ആരംഭിക്കുന്നതിനുമുമ്പുതന്നെ ലഭിച്ച പരാതിയുടെ നിജസ്ഥിതി എന്താണെന്ന് പരിശോധിക്കാൻ മേൽപ്പറഞ്ഞ മൂന്ന് നാല് കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, അഴിമതി അന്വേഷിക്കേണ്ട വിജിലൻസ് വകുപ്പിന്റെ തലപ്പത്തുള്ള ഉദ്യോഗസ്ഥനെതിരായിത്തന്നെ ഫിനാൻസിന്റെ ഇൻസ്പെക്ഷൻ വിംഗിന്റെ അഴിമതിയാരോപണം സംബന്ധിച്ച റിപ്പോർട്ടുകൾ, അദ്ദേഹത്തിനെതിരായി സി.ബി.ഐ. അന്വേഷിക്കാനുള്ള തീരുമാനങ്ങൾ, അതിനെതിരെ അദ്ദേഹത്തിനുവേണ്ടി എ.ജി. ഹാജരാകുന്നതായ വാർത്തകൾ ഇവയെല്ലാം വിജിലൻസിന്റെ ക്രെഡിബിലിറ്റിയെ ബാധിക്കുന്നില്ലേ?

ശ്രീ. പിണറായി വിജയൻ: സർ, വിജിലൻസിനെ പ്രതികൂലമായി ബാധിക്കുന്ന ഒരു കാര്യവും ഇപ്പോഴുണ്ടായിട്ടില്ല. അങ്ങ് ഉന്നയിച്ച ആദ്യ ഭാഗത്തിന്റെ മെരിറ്റിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പക്ഷേ ഡോ. ജേക്കബ് തോമസ് എന്ന വിജിലൻസ് ഡയറക്ടർ വിജിലൻസിന് നേതൃത്വം കൊടുക്കാൻ പറ്റിയ ഒരു ഉദ്യോഗസ്ഥൻ തന്നെയാണ്. അതുമായി ബന്ധപ്പെട്ട് അദ്ദേഹം നടത്തുന്ന പ്രവർത്തനങ്ങളിൽ ഏതെങ്കിലും തരത്തിൽ

ഒരു വിജിലൻസ് ഡയറക്ടർക്ക് ചേരാത്ത രീതികളുണ്ടെന്ന് ഗവൺമെന്റിന് ഇതുവരെ ബോധ്യമായിട്ടില്ല. എന്നാൽ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് സ്വാഭാവികമായും ബന്ധപ്പെട്ടവർക്ക് പരാതിയുണ്ടാകും. ചില കാര്യങ്ങൾ അങ്ങനെയാണോ വേണ്ടത് എന്നതിനെക്കുറിച്ച് സ്വാഭാവികമായും ആക്ഷേപമുണ്ടാകും. അത്തരം കാര്യങ്ങൾ ഗവൺമെന്റിന് പരിശോധിക്കേണ്ടിയും വരും. അങ്ങ് അഡ്വക്കേറ്റ് ജനറൽ ഹാജരാകുന്ന കാര്യമാണ് രണ്ടാമത് പറഞ്ഞത്. കോടതിയിൽ നിലനിൽക്കുന്ന ഒരു ഹർജിയിൽ ചരിത്രത്തിലാദ്യമായിട്ടാകും യാതൊന്നും കേൾക്കാതെ സി.ബി.ഐ.-ക്കുവേണ്ടി ഞങ്ങളിത് ഏറ്റെടുക്കാൻ തയ്യാറാണെന്ന് അങ്ങോട്ട് കയറി പറയുന്നത്. അത് സ്വാഭാവികമായി വന്നതാണ് എന്നാണോ പറയുന്നത്; നമുക്ക് ഇത്തരത്തിലുള്ള ധാരാളം അനുഭവങ്ങളുണ്ടല്ലോ. ശ്രീ. ജേക്കബ് തോമസ് ആ സ്ഥാനത്തിരിക്കാൻ പാടില്ലെന്ന് കരുതുന്ന വലിയൊരു ശക്തി നമ്മുടെ നാട്ടിലുണ്ട്. ആ ശക്തിയുടെ ഏത് ഭാഗമാണ് അതിന്റെ പിന്നിൽ പ്രവർത്തിച്ചതെന്ന് എനിക്ക് പറയാനാവില്ല. ഏതായാലും സർക്കാർ അർപ്പിക്കുന്ന വിശ്വാസം വച്ചുകൊണ്ടുതന്നെയാണ് അഡ്വക്കേറ്റ് ജനറൽ അദ്ദേഹത്തിനുവേണ്ടി ഹൈക്കോടതിയിൽ ഹാജരാകുന്നത്. ഞങ്ങളെ നയിക്കുന്നത് ഒരു കാര്യം മാത്രമേയുള്ളൂ, വിജിലൻസിന്റെ കാര്യങ്ങൾ കൃത്യമായി പോകണം. അക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ദുസ്വാധീനങ്ങൾക്ക് വഴങ്ങിപ്പോകുന്ന അവസ്ഥയുണ്ടാകരുത്.

11.00 am]

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, വിജിലൻസിന്റെ ഭാഗം സുഗമമായി മുമ്പോട്ടുപോകണമെന്ന് പറയുന്നതിനോട് പ്രതിപക്ഷം പൂർണ്ണമായും യോജിക്കുകയാണ്. വിജിലൻസ് കോടതിയുടെ അന്വേഷണ ഉത്തരവ് വന്നപ്പോൾത്തന്നെ അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. കെ. എം. എബ്രഹാം ആ സ്ഥാനം ഒഴിയാൻ തയ്യാറായിയെന്നും അങ്ങും ധനകാര്യവകുപ്പുമന്ത്രിയും പറഞ്ഞതനുസരിച്ച് തുടരുന്നുവെന്നുമാണ് ഞങ്ങൾ മാധ്യമങ്ങളിൽക്കൂടി മനസ്സിലാക്കുന്നത്. അന്വേഷണമാകാം, അദ്ദേഹത്തെ അപമാനിക്കുന്ന ഒരു സാഹചര്യം ഒഴിവാക്കാനുള്ള ഉത്തരവാദിത്വം മുഖ്യമന്ത്രിക്കും ധനകാര്യ വകുപ്പുമന്ത്രിക്കും ഇല്ലേ എന്ന് സംശയിക്കുകയാണ്. ഡോ. കെ. എം. എബ്രഹാം കേരളത്തിൽ മാത്രമല്ല ഇൻഡ്യയിൽത്തന്നെ ചരിത്രം സൃഷ്ടിച്ച ഒരാളാണ്. 24,000 കോടി രൂപയാണ് സഹാറ കേസിൽ രാജ്യത്തിന് നേടിക്കൊടുത്തത്. ഈ രാജ്യത്തെ ഏറ്റവും വലിയ ഒരു തീരുമാനമാണ് SEBI-യുടെ ഡയറക്ടറായിരുന്നപ്പോൾ അദ്ദേഹം എടുത്തിട്ടുള്ളത്. അന്ന് ഇൻഡ്യ മുഴുവൻ അതിനെ പ്രശംസിച്ചതാണ്. അങ്ങനെയൊരു ഉദ്യോഗസ്ഥനെതിരെ

അന്വേഷണമാകാം ഒരു തെറ്റും ആരും പറയുകയില്ല, പക്ഷെ അദ്ദേഹം ഇല്ലാത്ത സമയത്ത്, സ്ത്രീകൾ മാത്രമുള്ള സമയത്ത് സ്ത്രീ പോലീസ് പോലുമില്ലാതെ ഒരു റെയ്ഡ് നടത്തി അപമാനിക്കുന്ന സാഹചര്യം ശരിയായിരുന്നോ; അതിലങ്ങ് ഇടപെടേണ്ടതല്ലായിരുന്നോ?

ശ്രീ. പിണറായി വിജയൻ: സർ, ഡോ. കെ. എം. എബ്രഹാമിനെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ പൂർണ്ണമായും ശരിയാണ്. അദ്ദേഹം നമ്മുടെ സംസ്ഥാനത്തിലെ സിവിൽ സർവ്വീസിൽ മികവുറ്റ സംഭാവനകൾ നൽകുന്ന ഒരുദ്യോഗസ്ഥൻ തന്നെയാണ്. അക്കാര്യത്തിൽ യാതൊരു സംശയവും സർക്കാരിനില്ല. അതുകൊണ്ടുതന്നെയാണല്ലോ അദ്ദേഹം ഫിനാൻസ് വകുപ്പിന്റെ സെക്രട്ടറിയായിരിക്കുന്നത്. ആ കൃത്യം അദ്ദേഹം ഭംഗിയായി നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ഞാനൊരു കാര്യം പറഞ്ഞത് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടാകും. പരാതിയിൽ പറയുന്ന സംഗതിയിൽ പരിശോധന നടത്തുന്നതാണ്. അതോടൊപ്പം നടപടിക്രമങ്ങൾ ശരിയായ രീതിയിൽ പാലിച്ചിട്ടുണ്ടോ എന്ന കാര്യവും പരിശോധിക്കുന്നതാണ്. ഡോ. കെ. എം. എബ്രഹാമിന്റെ വീട് കയറി പരിശോധിച്ചുവെന്ന സംഭവം തന്നെയാണ് പരാമർശിക്കുന്നത്. നടപടിക്രമങ്ങൾ ശരിയായ രീതിയിൽ പരിശോധിച്ചിട്ടുണ്ട്. അവസാനം ഞാനൊരു വാചകം പറഞ്ഞു, ഞാനത് വെളിപ്പെടുത്തുന്നില്ലായെന്നും നേരത്തെ പറഞ്ഞു. ഇപ്പോഴും ഞാൻ അങ്ങയുടെ ചോദ്യത്തിന്റെ ഭാഗമായും വെളിപ്പെടുത്തുന്നില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽനിന്നും ഇതിനകംതന്നെ വിശദീകരണമാവശ്യപ്പെട്ടിട്ടുണ്ട്. അത് ഡോ. കെ. എം. എബ്രഹാമിന്റെ വീട് പരിശോധനയുമായി ബന്ധപ്പെട്ട കാര്യത്തിൽതന്നെയാണ്. അതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥനുണ്ട്. അതിനപ്പുറം ഞാൻ പറയുന്നില്ല, വിശദീകരണം ഇപ്പോൾത്തന്നെചോദിച്ചുകഴിഞ്ഞിട്ടുണ്ട്. ഡോ. കെ. എം. എബ്രഹാമിന്റെ നിലപാട് ശരിയാണെന്ന് സംസ്ഥാന സർക്കാരിന് ബോധ്യമുണ്ട്. അതേസമയം ഇതിനകത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ഭാഗത്ത് ചില വീഴ്ചകൾ പറ്റിയിട്ടുണ്ടെന്നാണ് കാണുന്നത്. അത്രത്തോളം ഞാൻ പറയാം. അതിന്റെ ഭാഗമായിട്ടാണ് വിശദീകരണം ചോദിച്ചിരിക്കുന്നത്. അത് ഗൗരവമായിത്തന്നെയാണ് കാണുന്നത്. അതും ഞാൻ പറഞ്ഞ ഡോ. ജേക്കബ് തോമസിന്റെ കാര്യവും രണ്ടും വ്യത്യസ്തമാണ്. ഡോ. ജേക്കബ് തോമസിനെ പുകച്ച് പുറത്തുചാടിക്കാനുള്ള ശക്തമായ ചില നീക്കങ്ങൾ സംസ്ഥാനത്തിനകത്ത് നടക്കുന്നുണ്ട്. അതിലാണ് അഡ്വക്കേറ്റ് ജനറൽ ഹൈക്കോടതിയിൽ ഹാജരായി എന്താണ് സംഭവിക്കുന്നതെന്ന് പറയാനുദ്ദേശിക്കുന്നത്. ഇക്കാര്യങ്ങളൊന്നും ഭരണരംഗത്ത് ഒരു സ്തംഭനവുമുണ്ടാക്കിയിട്ടില്ല. അതിനായുള്ള ഇടപെടൽ ആര് നടത്തിയാലും അതൊന്നും വിലപ്പോകുകയുമില്ല.

## (2) വ്യാജ സർട്ടിഫിക്കറ്റുകൾ

ശ്രീ. ജെയിംസ് മാത്യു: സർ, സംസ്ഥാനത്ത് വ്യാജ സർട്ടിഫിക്കറ്റ് നിർമ്മാണ കേന്ദ്രങ്ങൾ പോലീസ് റെയ്ഡ് ചെയ്യുന്നതിന്റെയും ആയിരക്കണക്കിന് വ്യാജ സർട്ടിഫിക്കറ്റുകൾ കണ്ടെടുക്കുന്നതിന്റെ പേരിൽ നിരവധി കേസുകൾ രജിസ്റ്റർ ചെയ്യുന്നതിന്റെയുമെല്ലാം വാർത്തകൾ പലപ്പോഴായി പത്രങ്ങളിൽ വന്നു കൊണ്ടിരിക്കുകയാണ്. എന്നാൽ ഒരിക്കൽപ്പോലും ഇത്തരം വ്യാജ സർട്ടിഫിക്കറ്റുകൾ ഉന്നത വിദ്യാഭ്യാസ യോഗ്യതയ്ക്കുവേണ്ടിയോ ജോലി ലഭിക്കുന്നതിനുവേണ്ടിയോ ഉപയോഗപ്പെടുത്തുന്നതായി കണ്ടെത്തിയിട്ടുമില്ല. ശരിയായ രീതിയിലുള്ള പരിശോധന നടക്കാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്നാണ് മനസ്സിലാകുന്നത്. എന്നാൽ ആയിരക്കണക്കിനാളുകൾ ഇത്തരം സർട്ടിഫിക്കറ്റുകളുപയോഗിച്ച് സംസ്ഥാനത്തിനകത്തും പുറത്തും വിദേശത്തും തൊഴിൽ തേടുന്നതായിട്ടാണ് അറിയാൻ കഴിയുന്നത്. പലപ്പോഴും തൊഴിലിടങ്ങളിൽ കാര്യമായ സർട്ടിഫിക്കറ്റ് പരിശോധന നടക്കുന്നില്ലെന്നത് ഇതിന് കാരണമാകുന്നു. അഭിഭാഷകരിലെ വ്യാജന്മാരെ തടയുന്നതുമായി ബന്ധപ്പെട്ട ഒരു കേസിൽ സുപ്രീംകോടതി മുമ്പാകെ തമിഴ്നാട്-പോണ്ടിച്ചേരി ബാർ കൗൺസിൽ സമർപ്പിച്ച വിശദീകരണത്തിൽ പറയുന്നത് 3853 വ്യാജന്മാർ ആ മേഖലയിലുണ്ടെന്നാണ്. നമ്മുടെ സംസ്ഥാനത്തും തൊഴിലിടങ്ങളിൽ ഇത്തരം വ്യാജ സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് വ്യാജന്മാർ ജോലി നേടുന്നുണ്ട്. ഇതുകാരണം ഉയർന്ന അക്കാഡമിക് യോഗ്യതയും അർഹതയുമുള്ള നിരവധി പേർക്ക് തൊഴിൽ കിട്ടാത്ത ഒരു സാഹചര്യമുണ്ട്. ഇക്കാര്യം ഒരു പ്രത്യേക കേസായി പരിഗണിച്ച് അന്വേഷണം നടത്താനും വ്യാജ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി ഉന്നത വിദ്യാഭ്യാസവും തൊഴിലും നേടുന്ന ആളുകളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പേരിൽ തയ്യാറാക്കിയ വ്യാജ സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ചതായി ചില കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഇതിനായി പ്രത്യേക പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ സർവ്വകലാശാലകളിലും സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് വിശ്വാസ്യത ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ട്. സർട്ടിഫിക്കറ്റുകളിൽ ഹോളോഗ്രാം പതിപ്പിച്ചും മറ്റ് സുരക്ഷാ

മാനദണ്ഡങ്ങൾ അനുശാസിച്ചും വ്യാജ സർട്ടിഫിക്കറ്റുകൾ പ്രചരിപ്പിക്കുന്നത് തടയുന്നതിനുള്ള നടപടി സർവ്വകലാശാലകൾ സ്വീകരിച്ചിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നടത്തുന്ന എല്ലാ നിയമനങ്ങൾക്കും കമ്മീഷന്റെ അസ്സൽ പ്രമാണ പരിശോധനയ്ക്കുപുറമെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ മുഖാന്തിരം പരിശോധന നടത്തിവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് തലശ്ശേരി, ചെർപ്പുളശ്ശേരി, കോഴിക്കോട് സിറ്റി, കളമശ്ശേരി പോലീസ് സ്റ്റേഷനുകളിൽ വ്യാജ സർട്ടിഫിക്കറ്റുകൾ നിർമ്മിച്ചതിന്റേയും വ്യാജ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ജോലി സമ്പാദിച്ചതിന്റേയും പേരിൽ രജിസ്റ്റർ ചെയ്ത 4 കേസ്സുകളിലായി ഇതിനകം 9 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. വ്യാജ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്ന കാര്യവും പരിശോധിക്കുന്നതാണ്.

### (3) ട്രാഫിക് വാർഡന്മാരുടെ നിയമനം

ശ്രീ. പി. ടി. തോമസ്: സർ, നമ്മുടെ സംസ്ഥാനത്ത് നൂറുകണക്കിന് വിദ്യാലയങ്ങളുടെ മുമ്പിൽ കുട്ടികൾക്ക് റോഡ് മുറിച്ചുകടക്കാനോ വണ്ടിയിൽ കയറാനോ സഹായം നൽകുന്ന ട്രാഫിക് വാർഡന്മാരുടെ എണ്ണം കുറഞ്ഞുവന്നിരിക്കുകയാണ്. ട്രാഫിക് വാർഡന്മാരായി ഹോം ഗാർഡുകളെയാണ് നിയമിക്കുന്നത്. 3000 ഹോം ഗാർഡുകളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. അതിൽ ഏകദേശം 500 ഒഴിവുകളുമുണ്ട്. ആവശ്യത്തിന് ട്രാഫിക് വാർഡന്മാരെ നിയമിക്കേണ്ടതും സമഗ്രമായ ട്രാഫിക് പരിഷ്കരണവും അനിവാര്യമാണ്. ഉദാഹരണത്തിന്, ഇപ്പോൾ 8.00 മണി മുതൽ രണ്ട് ഷിഫ്റ്റാണ് ട്രാഫിക് വാർഡന്മാർക്കുള്ളത്. പട്ടണങ്ങളിലൊക്കെ ആറുമണിക്കും ആറരമണിക്കുമൊക്കെ ക്ലാസ്സുകൾ തുടങ്ങുന്നതുകൊണ്ട് കുട്ടികൾ ആ സമയത്ത് ട്യൂഷന് പോകുന്നുണ്ട്. അതുപോലെ തമിഴ്നാട്ടിൽനിന്നും വരുന്ന വണ്ടികളൊക്കെ അതിരാവിലെ വലിയ സ്പീഡിലാണ് വരുന്നത്. അതുകൊണ്ട് ആറ് മണി മുതൽ ട്രാഫിക് വാർഡന്മാരെ ഡ്യൂട്ടിക്ക് നിയമിച്ച് അപകടങ്ങൾ കുറയ്ക്കുന്നതിനും സമഗ്രമായ ട്രാഫിക് പരിഷ്കരണം നടത്തുന്നതിനും നടപടി സ്വീകരിക്കണം. വാഹനങ്ങളുടെ സ്പീഡ് നിയന്ത്രിക്കാൻ നമ്മുടെ സംസ്ഥാനത്ത് ശക്തമായ ഒരു നിയമമില്ല. 1996-ൽ ഇറങ്ങിയ 196-ാം നമ്പർ ഗസറ്റ് വിജ്ഞാപനം മാത്രമാണുള്ളത്. അതുതന്നെ സമഗ്രമാണെന്ന് പറയാൻ കഴിയില്ല. 4180-ഓളം റോഡപകടങ്ങൾ നടന്നതിൽ 1622 എണ്ണം കാൽനടയാത്രക്കാർക്കുണ്ടായ അപകടങ്ങളാണ്. കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ വരുന്ന 70 ശതമാനത്തോളവും കേസുകൾ ട്രാഫിക് അപകടങ്ങളുമായി ബന്ധപ്പെട്ടതാണ്. എന്നാൽ ട്രാഫിക്കിനെ സംബന്ധിച്ചോ ട്രാഫിക് നിയമങ്ങളെ

സംബന്ധിച്ചോ കാര്യമായ പരിശീലനം നമ്മുടെ പോലീസ് ഉദ്യോഗസ്ഥർക്ക് നൽകുന്നില്ല. ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർക്കു പോലും ഒരു പിരീഡ് മാത്രമാണ് ട്രാഫിക്കിനെ സംബന്ധിച്ച ക്ലാസ്സുള്ളത്. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ എന്ന പോസ്റ്റ് ജോയിന്റ് കമ്മീഷണർ വരെയാകുന്ന പോസ്റ്റാണ്. അതിന്റെ ക്വാളിഫിക്കേഷൻ 10-ാം ക്ലാസ്സാണ്. ബി.ടെക്-ഉം മെക്കാനിക്കൽ എഞ്ചിനീയറിംഗും പാസ്സായി ധാരാളം കുട്ടികൾ വരുന്ന ഇക്കാലത്ത് അത്തരത്തിലുള്ള ഒരു സമഗ്ര പരിഷ്കരണമുണ്ടാകണം. ട്രാഫിക് വാർഡന്മാരുടെ എണ്ണം വർദ്ധിപ്പിച്ച് കുട്ടികളെ ദാരുണമായ മരണത്തിൽനിന്നും രക്ഷിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാനത്തെ റോഡ് സുരക്ഷ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി ലോക്കൽ പോലീസ്, ഹൈവേ പോലീസ്, ട്രാഫിക് പോലീസ് ഉൾപ്പെടെയുള്ള സേനാവിഭാഗങ്ങളെ വിന്യസിച്ച് പോലീസ് വകുപ്പ് നടപടി സ്വീകരിച്ചുവരുന്നുണ്ട്. പോലീസ് വകുപ്പിൽ ലഭ്യമായിട്ടുള്ള അൽക്കോ മീറ്ററുകൾ, സ്പീഡ് റഡാറുകൾ, ട്രാഫിക് എൻഫോഴ്സ്മെന്റ് വാഹനങ്ങൾ, സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ തുടങ്ങിയ അത്യാധുനിക ഡിജിറ്റൽ ഉപകരണങ്ങളുപയോഗിച്ച് പോലീസ് മൊബൈൽ പട്രോളിംഗ്, ബൈക്ക് പട്രോളിംഗ്, ഹൈവേ പട്രോളിംഗ് തുടങ്ങിയ വാഹന പരിശോധനകൾ കാര്യക്ഷമമായി നടത്തി റോഡപകടങ്ങൾ പരമാവധി കുറച്ച് റോഡിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. സ്കൂളുകൾ, കോളേജുകൾ, വ്യാപാര വ്യവസായ സ്ഥാപനങ്ങൾ, എയർപോർട്ടുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ട്രാഫിക് വാർഡന്മാരുടെ ആവശ്യകതയ്ക്കനുസരിച്ച് സ്പോൺസർമാരുള്ള ഇടങ്ങളിൽ ട്രാഫിക് വാർഡന്മാരെ നിയമിക്കാറുണ്ട്. കൂടുതൽ വാർഡൻമാരെ നിയമിക്കുന്ന കാര്യവും ട്രാഫിക് പരിഷ്കരണം സംബന്ധിച്ച് ബഹുമാന്യനായ അംഗം ഉന്നയിച്ച കാര്യങ്ങളും പരിശോധിക്കുന്നതാണ്.

## (4) ഇൻഡസ്ട്രിയൽ പാർക്ക്

ശ്രീ. മുഹമ്മദ് മുഹസിൻ. പി : സർ, പട്ടാമ്പി മണ്ഡലത്തിൽ ഏറ്റവും കൂടുതൽ ജനങ്ങൾ താമസിക്കുന്ന ഒരു പഞ്ചായത്താണ് ഓങ്ങല്ലൂർ പഞ്ചായത്ത്. ഒരുപക്ഷെ കേരളത്തിൽ ഏറ്റവും കൂടുതൽ ആക്രി വ്യവസായം നടക്കുന്ന ഒരു പ്രദേശം കൂടിയാണത്. എനിക്ക് കൃത്യമായ കണക്ക് കിട്ടിയിട്ടില്ലാത്തതുകൊണ്ടാണ് ഒരുപക്ഷെ എന്നുപറഞ്ഞത്. എന്നിരുന്നാലും ഈ പഞ്ചായത്തിലെ മിക്കവാറും

കുടുംബങ്ങളുടെ വരുമാനമാർഗ്ഗം ഈ വ്യവസായമാണ്. ലൈസൻസുള്ളതും ഇല്ലാത്തതുമായ 350-ലധികം സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. തൊണ്ണൂറോളം ഗോഡൗണുകളുണ്ട്. അന്യസംസ്ഥാന തൊഴിലാളികളടക്കം ആയിരത്തിലധികം പേർ ഈ മേഖലയിൽ ജോലി ചെയ്യുന്നുണ്ട്. നൂറുകണക്കിന് വാഹനങ്ങളിൽ ഒരു ദിവസം ഈ പ്രദേശത്തേയ്ക്ക് സ്ക്രാപ്പ് ശേഖരിച്ചു കൊണ്ടുവരുന്നുണ്ട്. വിദേശ രാജ്യങ്ങളിൽനിന്നുള്ള വേസ്റ്റുകൾ പോലും ഇങ്ങോട്ട് എത്തുന്നുണ്ട്. പലതരത്തിലുള്ള ഫെറസ് ആന്റ് നോൺഫെറസ് മെറ്റൽസ്, വിവിധ ക്വാളിറ്റിയിലുള്ള പ്ലാസ്റ്റിക്ക് വേസ്റ്റുകൾ, ഇ-വേസ്റ്റുകളായ ബാറ്ററി, ഇലക്ട്രോണിക് വേസ്റ്റുകൾ, റെഫ്രിജറേറ്ററിന്റെയും എ.സി.യുടെയും വേസ്റ്റുകൾ, ഗ്ലാസ്, കുപ്പി തുടങ്ങിയ വിവിധ തരത്തിലുള്ള വേസ്റ്റുകൾ അവിടെ വരുന്നുണ്ട്. ഇതെല്ലാം പ്രോസസ് ചെയ്ത് ഡൽഹി, ഗുജറാത്ത്, ചെന്നൈ തുടങ്ങിയ സ്ഥലങ്ങളിലേയ്ക്കൊക്കെ അയയ്ക്കുകയാണ് പതിവ്. ഈ ഇനത്തിൽ ലക്ഷക്കണക്കിന് രൂപ ടാക്സ് കൊടുക്കുന്നുണ്ടെന്നാണ് ഞാൻ അറിഞ്ഞത്. ഒരു നിലയ്ക്ക് നോക്കിയാൽ പരിസ്ഥിതിപരമായി വളരെ പ്രാധാന്യമുള്ള ഒരു ജോലിയാണ്, ആളുകളുടെ ഉപജീവനമാർഗ്ഗവുമാണ്. പക്ഷെ, മറ്റൊരു നിലയ്ക്ക് നോക്കിയാൽ അത് പ്രകൃതിക്ക് വളരെയേറെ ദോഷം ചെയ്യുന്നുണ്ട്. വളരെ potentially harmful and toxic ആയിട്ടുള്ള substances ആണ് ഇ-വേസ്റ്റിൽനിന്ന് പലപ്പോഴും വരുന്നത്. അത് പ്രോസസ് ചെയ്യാൻ വേണ്ട പ്രൊട്ടക്റ്റീവ് എക്യുപ്മെന്റ്സോ ട്രെയിനിംഗോ ഒന്നും ഈ ആളുകൾക്ക് കിട്ടുന്നില്ല. അതുമാത്രമല്ല, ഈ പഞ്ചായത്തിലാണ് ഏറ്റവും കൂടുതൽ കിഡ്നി, ക്യാൻസർ രോഗികളുള്ളത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഏറ്റവും കൂടുതൽ അപേക്ഷ ലഭിക്കുന്നത് ഈ പ്രദേശത്തുനിന്നാണ്. അതുസംബന്ധിച്ച് ഒരു സ്റ്റഡി നടത്തേണ്ട ആവശ്യമുണ്ട്. ഇവിടെ ഇത്രയും dangerous ആയിട്ടുള്ള സ്ക്രാപ് ബിസിനസ് നടത്തുന്നത് ശരിയല്ല. പാരിസ്ഥിതികമായി വളരെ പ്രാധാന്യമുള്ള ഒരു ജോലിയാണ്. അതൊഴിവാക്കാൻ കഴിയുന്നൊരു സാഹചര്യം അവിടത്തെ നാട്ടുകാർക്കില്ലാത്തതുകൊണ്ട് ജനവാസ കേന്ദ്രത്തിൽനിന്ന് മാറ്റി ഒരു പ്രത്യേക പ്രദേശത്ത് പുതിയ ടെക്നോളജി ഉപയോഗിച്ചുകൊണ്ട് ഇൻഡസ്ട്രിയൽ പാർക്കാക്കി മാറ്റി എങ്ങനെ വേസ്റ്റ് പ്രോസസ് ചെയ്ത് റീ-യൂസും റീ-സൈക്ലിംഗും ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച് വിവിധ തരത്തിലുള്ള പഠനം നടന്നിട്ടുണ്ട്. ഡൽഹിയിൽ കഴിഞ്ഞ ജനുവരി മാസം ഇതുസംബന്ധിച്ച് ഒരു സ്റ്റഡി നടന്നു. അതുപോലെ വിദേശ രാജ്യങ്ങളിലൊക്കെയുണ്ട്. ഓങ്ങല്ലൂർ പഞ്ചായത്തിലെ ആളുകളെ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി പാർപ്പിച്ചുകൊണ്ട് ബിസിനസ് നടത്താനുള്ള

രീതിയിൽ ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. ഇതിനുമുമ്പ് ഇതുപോലെയൊരു പ്ലാനുണ്ടായിരുന്നത് ജനങ്ങൾ എതിർത്തതുകൊണ്ട് ഒഴിവായി. അവിടത്തെ റിയൽ എസ്റ്റേറ്റ് ഉടമകളുടെ താല്പര്യത്തിനനുസരിച്ച് സ്ഥലം നോക്കിയതിന്റെ ഭാഗമായിട്ടാണ് അതൊഴിവായത്. അതുകൂടി കണക്കിലെടുത്തുകൊണ്ട് ഇത് റീപ്ലെയ്സ് ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, പട്ടാമ്പി മണ്ഡലത്തിലെ ഓങ്ങല്ലൂർ പഞ്ചായത്തിൽ ഇൻഡസ്ട്രിയൽ പാർക്ക് സർക്കാർ തലത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരുന്നു. പക്ഷെ പരിസരവാസികളുടെ എതിർപ്പിനെത്തുടർന്ന് തുടർനടപടികൾ സ്വീകരിക്കുവാൻ സാധിച്ചില്ല. ഇതിന്റെ ഭാഗമായി 2016 ജനുവരി 7-ാം തീയതി അന്നത്തെ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ സൈറ്റ് സെലക്ഷൻ കമ്മിറ്റി കൂടുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും മേൽപ്പറഞ്ഞ കാരണത്താൽ കമ്മിറ്റി കൂടുന്നതിനോ തുടർ നടപടികൾ കൈക്കൊള്ളുന്നതിനോ സാധിച്ചില്ല. ജനവികാരം കണക്കിലെടുത്ത് പട്ടാമ്പി മണ്ഡലത്തിൽ പാർക്ക് സ്ഥാപിക്കാൻ കഴിയാത്ത സാഹചര്യമാണ് നേരത്തെയുണ്ടായിരുന്നത്. ഇവിടത്തെ ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് അവരുടെ സഹകരണത്തോടെ ഒരു സംവിധാനം ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കാവുന്നതാണ്. ബഹുമാന്യനായ എം.എൽ.എ. തന്നെ അതിന് മുൻകയ്യെടുത്ത് ആവശ്യമായ നിർദ്ദേശം കൊണ്ടുവന്നാൽ നമുക്ക് ഇക്കാര്യം ഗൗരവമായിത്തന്നെ പരിഗണിക്കാം.

## (5) പോലീസ് സ്റ്റേഷൻ

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : സർ, എന്റെ നിയോജകമണ്ഡലത്തിലെ കർണ്ണാടക അതിർത്തി പ്രദേശങ്ങളിൽ ക്രിമിനൽ സംഘങ്ങളുടെ അക്രമങ്ങൾ വർദ്ധിച്ചുവരുന്നതിനാൽ ജനങ്ങൾ വലിയ ഭീതിയിലാണ്. ആളുകളെ തട്ടികൊണ്ടുപോകൽ, തോക്ക് ചൂണ്ടി ഭീഷണിപ്പെടുത്തൽ, പണം തട്ടിയെടുക്കൽ, കൊള്ള തുടങ്ങിയ നിരവധി സംഭവങ്ങളാണ് അവിടെ പട്ടാപ്പകൽ നടക്കുന്നത്. ആയുധങ്ങളും പരിവാരങ്ങളുമായി അധോലോക സംഘങ്ങളെപ്പോലെയാണ് ഇവർ പ്രവർത്തിക്കുന്നത്. ഇവർ ശക്തരായതിനാൽ ഇവർക്കെതിരെ പരാതി നൽകാൻ പോലും ആളുകൾ മുന്നോട്ടുവരുന്നില്ല. സമയബന്ധിതമായി പോലീസിന് എത്തിപ്പെടാൻ സാധിക്കാത്ത ഒരു അതിർത്തി പ്രദേശമായതിനാൽ ക്രിമിനൽ സംഘങ്ങൾ അതിർത്തി കടന്നുവന്ന് അക്രമം നടത്തിയിട്ട് രക്ഷപ്പെടുകയാണ്.

ഈ അക്രമികളെക്കുറിച്ച് പത്രങ്ങളിൽവന്ന ചില വാർത്തകൾ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയിട്ടുണ്ട്. പോലീസിന് എത്രയുംപെട്ടെന്ന് എത്തിപ്പെടാൻ കഴിയുന്ന രീതിയിൽ ഉപ്പള കേന്ദ്രീകരിച്ച് ഒരു പോലീസ് സ്റ്റേഷൻ ഇല്ലാത്തതുകൊണ്ടാണ് ഇങ്ങനെയുള്ള അക്രമം നടക്കുന്നത്. എട്ട് പഞ്ചായത്തുകൾ ഉൾപ്പെടുന്ന എന്റെ മണ്ഡലത്തിൽ അഞ്ച് പഞ്ചായത്തുകൾ കർണ്ണാടക സംസ്ഥാന അതിർത്തി പ്രദേശമാണ്. ഇപ്പോൾ നിലവിൽ മഞ്ചേശ്വരത്തും കുമ്പളയിലുമാണ് പോലീസ് സ്റ്റേഷനുള്ളത്. അവിടെനിന്നും അതിർത്തി പ്രദേശത്തേയ്ക്കെത്താൻ രണ്ട് മണിക്കൂറെടുക്കും. ക്രിമിനലുകൾ അതിർത്തി കടന്നുവന്ന് കൃത്യം നടത്തി തിരിച്ചുപോകുന്ന അവസ്ഥയാണുള്ളത്. അതുകൊണ്ട് പോലീസിന് പെട്ടെന്ന് എത്തിപ്പെടാൻ സാധിക്കുന്ന രീതിയിൽ ഉപ്പള കേന്ദ്രീകരിച്ച് ഒരു പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് പ്രത്യേക പരിഗണന നൽകണമെന്നും ക്രിമിനലുകളെ അടിച്ചമർത്താൻ ശക്തമായ നടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ക്രിമിനലുകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റൗഡി ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കുക, സി.ആർ.പി.സി. 107 അനുസരിച്ചുള്ള നടപടികൾ എന്നിങ്ങനെയുള്ള വിവിധ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം മൊബൈൽ പട്രോളിംഗും ശക്തമാക്കുന്നുണ്ട്. ഇവിടെ ബഹുമാന്യനായ അംഗം ഉന്നയിച്ച ഉപ്പള ആസ്ഥാനമാക്കി ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം നേരത്തെ തന്നെ ഉയർന്നിട്ടുള്ളതാണ്. കുമ്പള പോലീസ് സർക്കിളിന്റെ പരിധിയിൽ ഉപ്പള പോലീസ് സ്റ്റേഷൻ രൂപീകരിക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (6) നദികൾ ഒഴിവാക്കപ്പെട്ടത് സംബന്ധിച്ച്

ശ്രീമതി വീണാ ജോർജ്ജ്: സർ, കേരളത്തിൽ 44 നദികളുണ്ട്. പക്ഷേ കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വിഭാഗത്തിന്റെ ഡാറ്റ അനുസരിച്ച് കേരളത്തിൽ രണ്ട് നദികളേയുള്ളൂ. Indian Meteorological Department പ്രസിദ്ധീകരിച്ചിരിക്കുന്ന ഭൂപടത്തിൽ പമ്പയും അച്ചൻകോവിലാറും മാത്രമേയുള്ളൂ. ബാക്കി 42 നദികളും അപ്രത്യക്ഷമായിരിക്കുകയാണ്. മാത്രമല്ല, പമ്പയും വൈപ്പാറും ഒറ്റ റിവർ ബെയ്സിനായിട്ടാണ് കാണിച്ചിരിക്കുന്നത്. കേരളത്തിലെ ഈ നദികൾ ജലദൗർലഭ്യമില്ലാത്ത നദികളായും അതേസമയം തമിഴ്നാട്ടിലെയും മറ്റും

നദികളൊക്കെ ജലദൗർലഭ്യമുള്ള നദികളായും ചിത്രീകരിച്ചിരിക്കുന്നു. വാസ്തവത്തിൽ ഇത് ഭാവിയിൽ ശാസ്ത്രീയമായ ഡാറ്റയായി സ്ഥാപിക്കപ്പെടുകയും ഇതിന്റെ അടിസ്ഥാനത്തിൽ ആസൂത്രണങ്ങൾ നടത്തപ്പെടുകയും ചെയ്തേക്കാം. പ്രത്യേകിച്ച്, പമ്പ-വൈപ്പാർ സംയോജന പദ്ധതി വേണമെന്ന നിലപാട് തമിഴ്നാട് സ്വീകരിക്കുന്ന സാഹചര്യത്തിൽ വളരെ ആശങ്കാജനകമായ സ്ഥിതിയാണിത്. ഇതിൽ അലംഭാവമുണ്ടാകാൻ പാടില്ല. എന്തുകൊണ്ട് 42 നദികൾ അപ്രത്യക്ഷമായി, എന്തുകൊണ്ട് പമ്പയും വൈപ്പാറും ഒറ്റ റിവർ ബെയ്സിനായി ചിത്രീകരിക്കപ്പെടുന്നു? ഈ ഡേറ്റാ Indian Meteorological Department തിരുത്തണമെന്ന സംസ്ഥാനത്തിന്റെ ആശങ്ക വളരെ ശക്തമായി അറിയിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>): സർ, രണ്ട് ഭൂപടങ്ങളാണുള്ളത്. സെൻട്രൽ വാട്ടർ കമ്മീഷൻ തയ്യാറാക്കിയ ഭൂപട പ്രകാരം രാജ്യത്താകെ 20 പ്രധാന നദീതടങ്ങളാണുള്ളത്. സെൻട്രൽ വാട്ടർ കമ്മീഷന്റെ ബെയ്സിൻ കോഡ് 15 പ്രകാരം കേരളത്തിൽ പടിഞ്ഞാറോട്ട് ഒഴുകി അറബിക്കടലിൽ പതിക്കുന്ന 44 നദികളെ തപ്തി മുതൽ കന്യാകുമാരി വരെ പടിഞ്ഞാറോട്ടൊഴുകുന്ന നദീതടത്തിലും കബനി, ഭവാനി, പാമ്പാർ മുതലായ കേരളത്തിലെ കിഴക്കോട്ടൊഴുകുന്ന 3 നദികൾ കാവേരി നദീതടത്തിലുമാണ്. സി.ഡബ്ല്യു.സി. പ്രസിദ്ധീകരിച്ച ഭൂപടപ്രകാരമാണിത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ഭാരതീയ കാലാവസ്ഥാ വിഭാഗം പ്രസിദ്ധീകരിച്ച ഭൂപടത്തിൽ ഭാരതത്തിലെ കാലവർഷത്തിലെയും തുലാവർഷത്തിലെയും മഴലഭ്യതയാണ് പരാമർശിക്കുന്നത്. ഇതിൽ കേരളത്തിലെയും സമീപ സംസ്ഥാനങ്ങളിലെയും ഒട്ടുമിക്ക നദികളെയും പ്രത്യേകം അടയാളപ്പെടുത്തിയിട്ടില്ല. രാജ്യത്തിന്റെ വലിയ ഭൂപ്രദേശം ഉൾക്കൊള്ളുന്ന നദീതടങ്ങളെ മാത്രമേ ഉൾക്കൊള്ളിച്ചിട്ടുള്ളൂ. പമ്പാനദി കേരളത്തിലൂടെ മാത്രം ഒഴുകുന്നതും വൃഷ്ടി പ്രദേശം പൂർണ്ണമായും സംസ്ഥാനത്തിൽ ഉൾപ്പെട്ടതുമാണ്. വൈപ്പാർ പൂർണ്ണമായും തമിഴ്നാടിലൂടെ ഒഴുകുന്ന നദിയാണ്. പമ്പ ഒഴികെ കേരളത്തിലെ ബാക്കി 43 നദികളൊന്നുംതന്നെ ഇതിൽ രേഖപ്പെടുത്തിയിട്ടില്ല. ഭാരതീയ കാലാവസ്ഥാ നിരീക്ഷണ വിഭാഗത്തിന്റെ നദീതട അടിസ്ഥാനത്തിലുള്ള മഴലഭ്യതയുടെ ഭൂപടത്തിൽ തപ്തി മുതൽ കന്യാകുമാരി വരെയുള്ള പശ്ചിമഘട്ടത്തിൽ നിന്ന് പടിഞ്ഞാറോട്ടൊഴുകുന്ന നദികളെയെല്ലാം ഒറ്റ വൻ നദീതടമായിട്ടാണ് കാണിച്ചിരിക്കുന്നത്. ഇതിലാണ് പമ്പയടക്കമുള്ള പടിഞ്ഞാറോട്ടൊഴുകുന്ന കേരളത്തിലെ 41 നദികളും ഉൾപ്പെടുന്നത്. കിഴക്കോട്ടൊഴുകുന്ന കേരളത്തിലെ മൂന്ന് നദികൾ കാവേരി നദീതടത്തിലാണ്

ഉൾപ്പെടുന്നത്. വൈപ്പാർ പൂർണ്ണമായും കിഴക്കോട്ടൊഴുകുന്ന തമിഴ്നാട്ടിലെ നദിയാണ്. അതേസമയം കേരളത്തിലെ വർഷമാപിനികൾ നദീതടം അടിസ്ഥാനത്തിൽ വേർതിരിച്ചിട്ടുമുണ്ട്. കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വിഭാഗത്തിന്റെ ഭൂപടത്തിൽ പമ്പ, വൈപ്പാർ ബെയ്സിനും കേരളമുൾപ്പെടുന്ന വെസ്റ്റ് ഫ്ലോയിംഗ് റിവർ ബെയ്സിനും മഴയുടെ തീവ്രതയനുസരിച്ച് ഒരേ നിറത്തിലാണ് അടയാളപ്പെടുത്തിയിരിക്കുന്നത്. കേരളത്തിന്റെ ഭൂവിഭാഗങ്ങൾ ഉൾപ്പെടാത്ത പ്രദേശത്തെ പമ്പ-വൈപ്പാർ ബെയ്സിൻ എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്. പമ്പയും വൈപ്പാറും ഒറ്റ നദീതടമായി രേഖപ്പെടുത്തിയതിൽ വൈരുദ്ധ്യമുണ്ട്. അത് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചു. ഇത് തിരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് തിരുവനന്തപുരത്തെ ഭാരതീയ കാലാവസ്ഥാ നിരീക്ഷണ വിഭാഗം ഡയറക്ടർ രേഖാമൂലം അറിയിച്ചിട്ടുണ്ട്. എന്നാലും കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വിഭാഗത്തിന്റെ ഭൂപടത്തിൽ വേണ്ട മാറ്റം വരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. പമ്പ-വൈപ്പാർ സംയോജനത്തെ സംബന്ധിച്ച ആശങ്ക ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചു. ജൂലൈ മാസത്തിൽ ഡൽഹിയിൽ വച്ച് നടന്ന നാഷണൽ വാട്ടർ ഡെവലപ്മെന്റ് ഏജൻസിയുടെ യോഗത്തിൽ ഞാൻ തന്നെ ഈ വിഷയം ഉന്നയിച്ചിരുന്നു. കേന്ദ്രമന്ത്രി ശ്രീമതി ഉമാഭാരതിയിൽ നിന്നും സുവ്യക്തമായ ഉറപ്പ് കിട്ടിയിട്ടുണ്ട്. ഒരു കാരണവശാലും കേരളത്തിന്റെ അനുവാദമില്ലാതെ ആ സംയോജന പദ്ധതിയുമായി മുന്നോട്ടുപോകില്ലെന്നുള്ള കാര്യം യോഗത്തിന്റെ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആ മിനിറ്റ്സും ലഭ്യമായിട്ടുണ്ട്.

### (7) ജനറിക് പേര് നിർദ്ദേശിക്കൽ

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, മലയാളികൾ സമ്പാദ്യത്തിന്റെ ഒരു വിഹിതം ഇപ്പോൾ മരുന്നുകൾക്കുവേണ്ടിയാണ് നീക്കിവയ്ക്കുന്നത്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ പറയുന്നത് ഡോക്ടർമാർ മരുന്നുകൾ ജനറിക് പേരുകളിൽ പ്രിസ്ക്രൈബ് ചെയ്യണമെന്നാണ്. അങ്ങനെ വരുമ്പോൾ കൊളസ്ട്രോളിന് ഉപയോഗിക്കുന്ന മരുന്നിന്റെ പേര് Statin എന്നാണ്, പ്രഷറിന് ഉപയോഗിക്കുന്ന മരുന്ന് Losartan Potassium ആണ്. ഷുഗറിന് ഉപയോഗിക്കുന്ന മരുന്നിനെ Metformin എന്നാണ് പറയുക. പക്ഷേ ജനറിക് നെയിമുകൾ പലപ്പോഴും ഡോക്ടർമാർ എഴുതുന്നില്ല, കമ്പനി പേരുകളാണ് എഴുതുന്നത്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ വളരെ കൃത്യമായി പറയുന്നത് വായിക്കാൻ സാധിക്കത്തക്കവിധത്തിൽ ക്യാപിറ്റൽ ലെറ്റേഴ്സിൽ ഡോക്ടർമാർ പ്രിസ്ക്രൈബ് ചെയ്യണമെന്നാണ്. ഇതും ഇപ്പോൾ നടക്കുന്നില്ല. മെഡിക്കൽ കൗൺസിൽ ഓഫ്

ഇന്ത്യയുടെ ഈ ഡയറക്ഷൻ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ അംഗീകരിക്കുന്നില്ലെന്നാണ് മനസ്സിലാക്കുന്നത്. ഒരു confrontation strategy സ്വീകരിക്കണമെന്നല്ല, മറിച്ച് ഗവൺമെന്റും ഐ.എം.എ.-യുമായി ചർച്ച നടത്തണം. ഇവിടെ വലിയ അഴിമതി നടക്കുന്നുണ്ട്. ഡോക്ടർമാർക്ക് പല യാത്രകളും സംഘടിപ്പിക്കാൻ സാധിക്കുന്നു. മരുന്നു കമ്പനികൾ ഡോക്ടർമാരുടെ ചില പ്രോഗ്രാമുകൾ സ്പോൺസർ ചെയ്യുന്നു. അതിന്റെ ഭാഗമായി പലചരക്കു കടയിൽ സാധനം വാങ്ങുന്നതുപോലെ ഡോക്ടർമാർ മരുന്ന് കുറിച്ചു കൊടുക്കുകയാണ്. ഒരസുഖത്തിന് ഡോക്ടറെ കാണാൻ പോയാൽ പത്തും പതിനഞ്ചും മരുന്നാണ് കുറിക്കുന്നത്. മരുന്നിന്റെ ഉപയോഗം കൂട്ടുന്നു. ജനറിക് മരുന്നുകളിലേയ്ക്ക് മാറണമെന്ന മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ഡയറക്ഷൻ ഒരു ഭാഗത്തുണ്ട്. ജനറിക് മരുന്നുകൾ നൽകുമ്പോൾ അതിന്റെ ക്വാളിറ്റി ഉറപ്പാക്കാൻ കഴിയണം. കെ.എസ്.ഡി.പി. മുഖാന്തിരം ഏറ്റവും ക്വാളിറ്റിയുള്ള മരുന്നുകൾ ഉല്പാദിപ്പിക്കാൻ സംസ്ഥാന സർക്കാരിന് സാധിക്കണം. സംസ്ഥാന സർക്കാർ ഈ വിഷയത്തിൽ ഗൗരവമായി ഇടപെടണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 1940-ലെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് സെക്ഷൻ 33(പി) യുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് 2012 ഒക്ടോബർ 1 മുതൽ മരുന്നുകളുടെ ജനറിക് നാമത്തിൽ മാത്രമേ നിർമ്മാണ ലൈസൻസ് നൽകുകയുള്ളൂ എന്ന് നിർദ്ദേശം നൽകിയിരുന്നു. അതിൻപ്രകാരം രാജ്യത്ത് നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് മരുന്നുകൾക്ക് ജനറിക് പേരുകളിലാണ് ലൈസൻസ് നൽകിവരുന്നത്. എന്നാൽ മരുന്നുകമ്പനിയുടെ നിർമ്മാതാക്കൾക്ക് ബ്രാൻഡ് നെയിം എന്ന പേരിൽ മരുന്ന് നിർമ്മാണം നടത്തുന്നതിൽ വിലക്കുമില്ല. ഇത് രണ്ടും ഒരേ സമയത്ത് തുടർന്നുപോകുകയാണ്. മരുന്നുകളുടെ രാസനാമം കുറിപ്പടിയിൽ എഴുതാൻ പരമാവധി ശ്രദ്ധിക്കണമെന്ന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുണ്ട്. ഡോക്ടർമാർ കഴിയുന്നതും മരുന്നുകളുടെ ജനറിക് പേര് മാത്രമേ എഴുതാൻ പാടുള്ളൂവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മരുന്നുകളുടെ ജനറിക് നെയിം ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ എഴുതണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശം അനുസരിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ '.... as far as possible generic names of drugs and chemicals should be written legibly, preferably in capital letters to avoid false dispensing of drugs' എന്നാണ് പറഞ്ഞിരിക്കുന്നത്. Preferably അതുപോലെ as far as possible

എന്നൊക്കെയേ എഴുതാൻ പറ്റുന്നുള്ളൂ. കർശനമായിട്ട് പറയാൻ സാധിക്കുന്നില്ല എന്നുള്ള ഒരു കാര്യം ഇതിനകത്തുണ്ട്. ഈ പറയുന്ന പോരായ്മകൾ വരുന്നത് ബ്രാൻഡ് നെയിമിൽ മരുന്ന് കുറിച്ച് കൊടുക്കുന്നതിനാലാണ്. ചില പ്രത്യേക കമ്പനികളുടെ താല്പര്യമനുസരിച്ച് ബ്രാൻഡ് നെയിം ഡോക്ടർമാർ കുറിച്ചുകൊടുക്കുന്നു എന്നുള്ള പരാതി വ്യാപകമായി ഉയരുന്ന സ്ഥിതിക്ക് അത് നിയന്ത്രിക്കുന്നതിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശമനുസരിച്ച് 2014-ൽ ഗവൺമെന്റ് ഇറക്കിയ ഉത്തരവുംപ്രകാരം ജനറിക് നെയിം തന്നെ കുറിപ്പടിയിൽ എഴുതണമെന്നും ലെജിബിളായിരിക്കണമെന്നും ക്യാപിറ്റൽ ലെറ്ററിൽ എഴുതണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്പോൾ ജില്ലാതലത്തിൽ ഡി.എം.ഒ. വിളിച്ചുചേർക്കുന്ന മീറ്റിംഗുകളിൽ ഇക്കാര്യം പറയണമെന്ന് പ്രത്യേകിച്ച് നിർദ്ദേശിച്ചിട്ടുണ്ട്. ആ നിർദ്ദേശം നൽകിവരികയാണ്. പക്ഷേ ഇത് പൂർണ്ണമായും നടപ്പിലാക്കുന്നില്ലെന്നുള്ളത് വസ്തുതയാണ്. അതുകൊണ്ട് ഇത് നടപ്പിലാക്കുന്നുണ്ടോ എന്ന് സ്ഥാപന സന്ദർശനം നടത്തുന്ന ഉദ്യോഗസ്ഥന്മാർ പരിശോധിക്കണമെന്ന വ്യവസ്ഥ കർശനമാക്കാൻ നിർദ്ദേശം നൽകും. സ്ഥാപന മേധാവികളും ഇക്കാര്യം ഉറപ്പുവരുത്താൻ ശ്രമിക്കേണ്ടതാണ്. വിവിധ അവലോകനയോഗങ്ങളിൽ ഇക്കാര്യം ചർച്ച ചെയ്യുകയും ഉത്തരവ് പാലിക്കാത്ത ഡോക്ടർമാർക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്തുവരികയാണ്. ആശുപത്രികൾ നവീകരിക്കുന്നതിന്റെ ഭാഗമായി ഇലക്ട്രോണിക് സംവിധാനം വരുന്നതോടുകൂടി കുറിപ്പടി കടലാസിൽ എഴുതുന്ന ഏർപ്പാട് നിർത്തലാക്കാൻ സാധിക്കും. അപ്പോൾ ലെജിബിളായി എഴുതണമെന്നുള്ള നിർദ്ദേശം കൊടുക്കേണ്ടി വരില്ല. ഇലക്ട്രോണിക് സംവിധാനത്തിലൂടെ മരുന്നിന് കുറിപ്പടി തയ്യാറാക്കുന്ന രീതികൂടി സ്വീകരിച്ചുവരികയാണ്. ഇതെല്ലാം ചേരുമ്പോൾ ഈ പറയുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ കഴിയും. ഏതായാലും ജനറിക് നെയിം എഴുതണമെന്നുള്ള കാര്യത്തിൽ സർക്കാർ കർശനമായ നിർദ്ദേശം നൽകുന്നതാണ്.

## (8) ഡോക്ടർമാരുടെ നിയമനം

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഇരിട്ടി, പേരാവൂർ താലൂക്ക് ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരില്ല. 14 ഡോക്ടർമാർ ആവശ്യമുള്ള പേരാവൂർ താലൂക്ക് ആശുപത്രിയിൽ അഞ്ച് ഡോക്ടർമാരും 14 ഡോക്ടർമാർ ആവശ്യമുള്ള ഇരിട്ടി ആശുപത്രിയിൽ ഏഴ് ഡോക്ടർമാരുമാണുള്ളത്. ശ്രീ. കെ. സി. ജോസഫിന്റെ നിയോജകമണ്ഡലത്തിലെ പൊറേൽ പി.എച്ച്.സി.-യിൽ ഒരു ഡോക്ടർ മാത്രമാണുള്ളത്. ഇവിടെയൊക്കെ ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ആറളം ഫാമിൽ നിന്നും ധാരാളം ആദിവാസികൾ പേരാവൂരിലേയ്ക്കാണ് വരുന്നത്. അവിടെ അഞ്ച്

ഡോക്ടർമാരുള്ളതിൽ ഒരു ഡോക്ടർ ഭരണ വിഭാഗത്തിലായിരിക്കും. ഒരാൾ കോൺഫറൻസിന് പോകുകയോ അല്ലെങ്കിൽ ലീവെടുക്കുകയോ ചെയ്താൽ രണ്ടുമൂന്ന ഡോക്ടർമാർ മാത്രമേ കാണുകയുള്ളൂ. ഒരു ദിവസം 500 മുതൽ 700 രോഗികൾ വരെ ഒ.പി.യിൽ വരുന്നുണ്ട്. കൂടുതലായി ഡോക്ടർമാരെ നിയമിക്കുന്ന കാര്യത്തിൽ മുഖ്യ പരിഗണന പേരാവൂർ, ഇരിട്ടി താലൂക്കാശുപത്രികൾക്ക് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ കാര്യം എനിക്കുകൂടി നാണക്കേട് ഉണ്ടാക്കുന്നത് തന്നെയാണ്. വളരെ ഗൗരവമായി പരിഹരിക്കേണ്ട വിഷയമാണ്. പക്ഷെ, കുറേക്കാലമായി ഈ ആശുപത്രിയുടെ സ്ഥിതി ഇങ്ങനെ തുടരുകയാണ്. ഞാൻ ഈ സബ്മിഷനുകൾക്ക് മറുപടി പറയുമ്പോൾ പൊതുവായി പറയുന്ന വിഷയം ഈ ആശുപത്രികൾക്കും ബാധകമാണ്. ഞാൻ അവിടെ എം.എൽ.എ.-യും ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ ആരോഗ്യ വകുപ്പുമന്ത്രി യുമായിരുന്നകാലത്താണ് ഇരിട്ടി, പേരാവൂർ ആശുപത്രികളെ താലൂക്കാശുപത്രികളാക്കി മാറ്റിയത്. ആ സമയത്ത് എൻ.ആർ.എച്ച്.എം.-ന്റെ സ്റ്റാഫിനെ കൂടുതലായി നിയമിക്കാൻ കഴിഞ്ഞിരുന്നു. ഒരു ഘട്ടത്തിൽ ഇരിട്ടി ആശുപത്രിയിൽ 12 ഡോക്ടർമാർ വരെയുണ്ടായിരുന്നു. അപ്പോൾ ഭംഗിയായി കാര്യങ്ങൾ നടന്നിരുന്നു. പേരാവൂരിൽ 11 ഡോക്ടർമാർ വരെയുണ്ടായിരുന്ന സമയമുണ്ടായിരുന്നു. അപ്പോഴും നന്നായി കാര്യങ്ങൾ നടന്നിരുന്നു. അവിടെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ളതല്ല, അതിന് വെളിയിൽ നിന്ന് എൻ.ആർ.എച്ച്.എം.-ലെ ഡോക്ടർമാരെയാണ് നിശ്ചയിച്ചിരുന്നത്. ഇപ്പോൾ ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്കടക്കം അറിയുന്നതുപോലെ എൻ.ആർ.എച്ച്.എം.-ന്റെ ഫണ്ടും അതിന്റെ സാധ്യതകളും കേന്ദ്ര ഗവൺമെന്റ് കുറച്ചിരിക്കുകയാണ്. 60:40 എന്ന അനുപാതത്തിലാണ് വരുന്നത്. പണ്ട് നിയമിച്ചിരുന്നതുപോലെ എൻ.ആർ.എച്ച്.എം.-ൽ നിന്ന് കൂടുതൽ ആളുകളെ നിയമിക്കാൻ കഴിയുന്നില്ല. അതിന്റെ പോരായ്മ ഇപ്പോൾ നിലനിൽക്കുകയാണ്. ഇതൊക്കെ പറഞ്ഞാലും ഈ പ്രശ്നം പരിഹരിച്ചേ മതിയാകൂ. പേരാവൂർ ആശുപത്രിയിൽ ഒഴിവുള്ള ജൂനിയർ കൺസൾട്ടന്റ് തസ്തിക നികത്താൻ അടിയന്തരമായി അഡ്ഹോക്ക് നിയമനത്തിലൂടെ ഡോക്ടർമാരെ നിശ്ചയിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ഏതായാലും പരിഗണിച്ചോ, പക്ഷെ പക്ഷപാതപരമായ പരിഗണന വേണ്ട.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇവിടെ പക്ഷപാതം പറയാൻ പാടില്ലല്ലോ. എല്ലാ ആശുപത്രിയും എനിക്ക് ഒരുപോലെയാണ്. എന്റെ

നാടായതുകൊണ്ടാണ് എം.എൽ.എ. അങ്ങനെ പറയുന്നത്. ഞാൻ ജനിച്ചുവളർന്ന നാടാണ് ഇരിട്ടി. ആദിവാസികൾ ആശ്രയിക്കുന്ന ആശുപത്രിയാണ്. ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ള രണ്ട് കാര്യങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ.യെ അറിയിക്കുകയാണ്. എൻ.ആർ.എച്ച്.എം.-ൽ നിന്ന് രണ്ട് പേരെ അടിയന്തരമായി പോസ്റ്റ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്, നാളെയോ മറ്റെന്നാളോ ഡോക്ടർമാർ അവിടെയെത്തും. എന്നാലും തികയില്ല. ഈ പരിസരത്തുനിന്ന് ആളെ കിട്ടുമെങ്കിൽ ഈ ആശുപത്രികളിലേയ്ക്ക് മാത്രമായി വാക്ക്-ഇൻ-ഇന്റർവ്യൂ നടത്താൻ സാധിക്കുമോയെന്ന് ഡി.എച്ച്.എസ്. നോട് ആരാഞ്ഞിട്ടുണ്ട്. 350-ലേറെ ഡോക്ടർമാരെ പി.എസ്.സി.ലിസ്റ്റിൽ നിന്ന് നിയമിച്ചു. കഷ്ടകാലത്തിന് ഇരിട്ടിയിലും പേരാവൂരിലും പോയി ജോലി ചെയ്യാൻ സന്നദ്ധരായിട്ടുള്ള ആളുകളെ കിട്ടിയില്ലെന്നുള്ളതാണ് വാസ്തവം. മലയോര മേഖലയിലേയ്ക്ക് പോകാൻ സന്നദ്ധതയുള്ള ഡോക്ടർമാരെ കിട്ടുന്നില്ലെന്നുള്ള പ്രയാസം ഇക്കാര്യത്തിലുണ്ട്. അടിയന്തരമായി ഇരിട്ടി, പേരാവൂർ ആശുപത്രികളുടെ പ്രശ്നം പരിഹരിക്കുന്നതാണെന്ന് അറിയിക്കുകയാണ്.

## (9) എച്ച്.എസ്.എസ്.ടി. തസ്തികയിലെ നിയമനം

ശ്രീ. ഐ. ബി. സതീഷ് : സർ, ഗാന്ധി ഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിലെ എം.എ. ഡിഗ്രി ഇൻ ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് സ്റ്റഡീസ് ബിരുദം കേരള പബ്ലിക് സർവ്വീസ് കമ്മീഷനും സർക്കാരും അംഗീകരിച്ചിട്ടുള്ളതാണ്. കഴിഞ്ഞ പത്തുവർഷമായി ഹയർ സെക്കന്ററി സ്കൂളിലേയ്ക്കുള്ള കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ടീച്ചർ തസ്തികയിൽ നിയമനം നടക്കുന്നില്ല. ഹയർ സെക്കന്ററി കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, വൊക്കേഷണൽ ടീച്ചർ ഇൻ സെറികൾച്ചർ എന്നിവയ്ക്ക് യു.ജി.സി. അംഗീകരിച്ച പി.ജി. ബിരുദം നേടിയവർ യോഗ്യരാണെന്ന് പി.എസ്.സി. ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. വി.എച്ച്.എസ്.ഇ.-ലെ സെറികൾച്ചർ വൊക്കേഷണൽ ടീച്ചറുടെ കാര്യത്തിൽ മാത്രം ഗവൺമെന്റ് അനുകൂല തീരുമാനം എടുത്തു. കേരളത്തിലെ ഒരു സർവ്വകലാശാലയും എം.എ. ഡിഗ്രി ഇൻ ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് സ്റ്റഡീസ് കോഴ്സ് നടത്തുന്നില്ല. ഈ പശ്ചാത്തലത്തിൽ ഗാന്ധി ഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും എം.എ. ഡിഗ്രി ഇൻ ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് സ്റ്റഡീസ് ബിരുദം നേടിയവരെ നിയമിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സംസ്ഥാനത്തെ എച്ച്.എസ്.എസ്.ടി. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് തസ്തികയിലേയ്ക്കുള്ള

നിയമനത്തിന് 2001-ലെ സ്പെഷ്യൽ റൂൾസ് നിഷ്കർഷിക്കുന്ന അടിസ്ഥാന യോഗ്യത ബന്ധപ്പെട്ട വിഷയത്തിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്ന് 50 ശതമാനം മാർക്കിൽ കുറയാതെ നേടിയ ബിരുദാനന്തര ബിരുദമോ അല്ലെങ്കിൽ അതിന് തുല്യമെന്ന് കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ച ബിരുദാനന്തര ബിരുദമോ ആണ്. കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബിരുദാനന്തര ബിരുദ കോഴ്സ് നടത്തുന്നുണ്ട്. എന്നാൽ കേരളത്തിലെ സർവ്വകലാശാലകളിലൊന്നും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ കോഴ്സ് നടത്തുന്നില്ല. ഈ കാരണത്താൽ കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളുടെ കോഴ്സുകളിലൂടെ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദം നേടിയവർക്ക് തുല്യതാ സർട്ടിഫിക്കറ്റ് നൽകാൻ കേരളത്തിലെ സർവ്വകലാശാലകൾക്ക് കഴിയുന്നില്ല. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എച്ച്.എസ്.എസ്.ടി. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് തസ്തികയുടെ അടിസ്ഥാന യോഗ്യത 50 ശതമാനം മാർക്കിൽ കുറയാതെ യു.ജി.സി. അംഗീകരിച്ച ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്ന് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ നേടിയ ബിരുദാനന്തര ബിരുദമെന്ന് ഭേദഗതി വരുത്തുന്നത് കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരികയാണ്.

## (10) സ്വാശ്രയ കോളേജുകളിൽ പുതിയ കോഴ്സുകൾ

ശ്രീ. റോജി എം. ജോൺ: സർ, ഉന്നത വിദ്യാഭ്യാസ രംഗത്ത് പുതിയ സ്വാശ്രയ കോഴ്സുകളും ബാച്ചുകളും ആരംഭിക്കുന്ന കീഴ്വഴക്കം കഴിഞ്ഞ കുറേ വർഷങ്ങളായി അനുവർത്തിച്ച് വന്നിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ഈ വർഷവും നൂറുകണക്കിന് കോളേജുകൾ വിവിധ യൂണിവേഴ്സിറ്റികളുടെ കീഴിലായി പുതിയ കോഴ്സുകളും ബാച്ചുകളും ആരംഭിക്കുന്നതിന് അപേക്ഷ നൽകുകയും അതിന് എൻ.ഒ.സി.-ക്കായി സർക്കാരിനെ സമീപിക്കുകയുമുണ്ടായി. 22-8-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം പുതിയ കോഴ്സുകളും ബാച്ചുകളും സ്വാശ്രയ രംഗത്ത് ആരംഭിക്കേണ്ടതില്ലെന്നാണ് സർക്കാരിന്റെ നയമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് കോളേജുകൾ ഹൈക്കോടതിയെ സമീപിച്ചപ്പോൾ സർക്കാരിന്റെ നിലപാട് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ആവർത്തിക്കുകയുണ്ടായി. എന്നാൽ ഇതിൽ നിന്ന് വ്യത്യസ്തമായി കൊടകരയിലുള്ള ഒരു കോളേജിന് മാത്രം സ്വാശ്രയ മേഖലയിൽ മൂന്ന് കോഴ്സുകൾ അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ കീഴിൽ 84 കോളേജുകളുടെ അപേക്ഷയുണ്ടായിരുന്നതിൽ 83

അപേക്ഷയും നിരസിച്ചുകൊണ്ടാണ് കൊടകരയിലുള്ള ഒരു കോളേജിന് മാത്രം മൂന്ന് കോഴ്സുകൾ അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. കാലിക്കട്ട് യൂണിവേഴ്സിറ്റി അഫിലിയേഷൻ കൊടുത്തിരിക്കുന്നത് 07-10-2016-ലാണ്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള ഒരു ക്രമക്കേടുണ്ടെങ്കിൽ അത് തിരുത്താൻ സർക്കാർ തയ്യാറാകുമോ? അതുപോലെ ഉന്നതവിദ്യാഭ്യാസ രംഗത്ത് പ്രത്യേകിച്ച് സ്വാശ്രയ മേഖലയിൽ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് കേരളത്തിൽ പഠിക്കാനുള്ള സാഹചര്യം നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നതിനാൽ അവർ ഇതര സംസ്ഥാനങ്ങളിലേയ്ക്ക് പോകുവാനുള്ള സാഹചര്യം നിലനിൽക്കുകയാണ്. അതുകൊണ്ട് ഈ വിദ്യാർത്ഥികൾക്ക് കേരളത്തിൽത്തന്നെപഠിക്കാനുള്ള സാഹചര്യം സൃഷ്ടിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> ): സർ, പുതിയ സ്വാശ്രയ കോളേജുകളും കോഴ്സുകളും അനുവദിക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്ന് 22-8-2016-ലെ സർക്കാർ ഉത്തരവ് 178/2016 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് അൺ എയ്ഡഡ് സെൽഫ് ഫിനാൻസിംഗ് മേഖലയിൽ പുതിയ കോളേജുകൾ തുടങ്ങാൻ അനുമതി നൽകേണ്ടതില്ല എന്നതാണ് സർക്കാരിന്റെ നയം. അതുപോലെ എയ്ഡഡ് കോളേജുകളിൽ പുതിയ അൺ-എയ്ഡഡ് സ്വാശ്രയ കോഴ്സുകൾ തുടങ്ങേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖല സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമാണ് സർക്കാർ ഊന്നൽ നൽകുന്നത്. എന്നാൽ ഈ അദ്ധ്യയന വർഷം ഡിഗ്രി പ്രവേശനം ലഭിക്കാതെ വിദ്യാർത്ഥികൾ പ്രയാസപ്പെടുന്നത് ഒഴിവാക്കാൻ നിലവിലുള്ള അൺ-എയ്ഡഡ് സ്വാശ്രയ കോഴ്സുകളിൽ 2015-16 അദ്ധ്യയന വർഷം സർവ്വകലാശാലകൾ ശിപാർശ ചെയ്ത കോഴ്സുകൾക്ക് മാത്രം അനുമതി നൽകുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിക്കുകയും മേൽ മാർഗ്ഗനിർദ്ദേശങ്ങളിൽ അതിനനുസരിച്ച് വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിൻ പ്രകാരമാണ് സഹൃദയ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിന് മൂന്ന് കോഴ്സുകൾ നൽകിയിട്ടുള്ളത്. സഹൃദയ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിന് മാത്രമല്ല 2015-16-ൽ അനുമതി നൽകിയിട്ടുള്ളത്. കോഴിക്കോട് ജില്ലയിലെ എ.വി. അബ്ദുൾ റഹിമാൻ ഹാജി ആർട്സ് ആന്റ് സയൻസ് കോളേജ്, സലഫിയ അറബിക് കോളേജ്, തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണഗുരു കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, തരണനെല്ലൂർ ആർട്സ് ആന്റ് സയൻസ് കോളേജ് തുടങ്ങിയ സ്വാശ്രയ കേളേജുകൾക്കും ഇത്തരത്തിലുള്ള കോഴ്സുകൾ തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ട്.

ഈ വർഷം കുട്ടികൾക്ക് സീറ്റ് കിട്ടാത്ത അവസ്ഥ വന്നപ്പോഴാണ് 2015-16-ൽ അപേക്ഷിച്ച് 2016-17-ൽ കോഴ്സ് തുടങ്ങാൻ നേരത്തെ അനുമതി ലഭിച്ച് സർക്കാരിന്റെ അനുവാദം മാത്രം മതിയെന്നുള്ളവർക്ക് അത് പരിശോധിച്ച് അനുമതി നൽകിയത്. അത് മാത്രമേ കൊടുത്തിട്ടുള്ളൂ. അതാണ് വേറൊന്നും കൊടുത്തിട്ടില്ലെന്ന് പറഞ്ഞത്. ഈ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണ് ഇത്തരം കോളേജുകളിൽ പുതിയ കോഴ്സുകൾക്ക് അനുമതി കൊടുത്തത്.

## VI മേശപ്പുറത്തുവച്ച കടലാസ്സുകൾ

ചട്ടം 47 (2) പ്രകാരമുള്ളത്

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 3304, 3307, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2360, 2372 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

## VII റിപ്പോർട്ട് സമർപ്പണം

സബ്ജക്ട് കമ്മിറ്റി IX-ന്റെ 2015-16 സാമ്പത്തിക വർഷത്തെ

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത്

റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ വിഷയ നിർണ്ണയ സമിതിയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VIII വ്യക്തിപരമായ വിശദീകരണം

മി. സ്പീക്കർ: ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ, അങ്ങേയ്ക്ക് ചട്ടം 258 പ്രകാരം വ്യക്തിപരമായ വിശദീകരണം നൽകാവുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ എം.എൽ. എ. പരാമർശിച്ച ജി.ഒ. സംബന്ധിച്ച്

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഇന്നലെ ശ്രീ. വി. ഡി. സതീശൻ ഗവൺമെന്റ് ഉത്തരവ് കാണിച്ചുകൊണ്ട് തെറ്റിദ്ധാരണപരത്തുന്ന ഒരു കാര്യം ഇവിടെ പരാമർശിച്ചു. സാധാരണ തോട്ടണ്ടി വാങ്ങുന്നത് സർക്കാർ അല്ല. കോർപ്പറേഷനും കാപ്പെക്സുമാണ്. ഗവൺമെന്റ് വില പ്രഖ്യാപിച്ചു എന്നാണ് അദ്ദേഹം പറഞ്ഞത്. അതെന്താണെന്ന് എനിക്ക് അപ്പോൾ മനസ്സിലായില്ല. ഗവൺമെന്റ് എന്താണ് ചെയ്തത്, കോർപ്പറേഷനും കാപ്പെക്സും എന്താണ് ചെയ്തത് എന്നുള്ള വിശദീകരണമാണ് നൽകിയത്. 22-7-2016-ൽ ഗവൺമെന്റ് ഇറക്കിയ ജി.ഒ. ആണ് അദ്ദേഹം വായിച്ചത്. ടെണ്ടറിൽ പങ്കെടുക്കാനുള്ള നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതാണ് ആ ഗവൺമെന്റ് ഓർഡർ. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കാഷ്യൂ ഫാക്ടറികൾ അടഞ്ഞുകിടക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മൂന്ന് ടെണ്ടർ വിളിച്ചിട്ട് ആരും പങ്കെടുത്തിരുന്നില്ല. ഈ ഗവൺമെന്റ് വന്നിട്ടും രണ്ട് ടെണ്ടർ വിളിച്ചു. അതിലും ആരും പങ്കെടുക്കാത്തതുകൊണ്ട് ഇ-ടെണ്ടർ തന്നെ വേണമെന്ന സാഹചര്യത്തിൽ 25-6-2016-ൽ ഒരു ഉത്തരവ് ഇറക്കിയിരുന്നു. എന്നിട്ടും ആരും പങ്കെടുത്തില്ല. ടെണ്ടർ വ്യവസ്ഥ കുറച്ചുകൂടി ക്ലാരിഫൈ ചെയ്തുകൊണ്ട് 2-7-2016-ൽ വീണ്ടും ഒരു ജി.ഒ. ഇറക്കി. അതിൽ ഒരാൾ മാത്രം പങ്കെടുത്തു. ഇ-ടെണ്ടറിൽ ഒരാൾ മാത്രം പങ്കെടുത്താൽ അത് കൊടുക്കാൻ കഴിയില്ല. ഒരാൾ മാത്രമേ പങ്കെടുത്തുള്ളൂ എന്നുപറഞ്ഞുകൊണ്ട് അന്നത്തെ എം.ഡി.യായിരുന്ന, ഇപ്പോഴത്തെ കാസർഗോഡ് കളക്ടർ ശ്രീ. ജീവൻ ഗവൺമെന്റിന് ഒരു റിപ്പോർട്ട് തന്നു. മെസ്സേഴ്സ് എക്സെൽ സയന്റിഫിക് കമ്പനിയാണ് ഒരു ടെണ്ടർ ക്വാട്ട് ചെയ്തിട്ടുള്ളത്. അത് ഹൈവറി കോസ്റ്റ്, ആഗോള ടെണ്ടർ ആയതുകൊണ്ട് യു.എസ്.ഡി. റേറ്റിലാണ് വരുന്നത്. 1689 മെട്രിക് ടൺ 47 ഔട്ട്ടേൺ. അന്നത്തെ പ്രൈസിൽ ഇങ്ങനെ ക്വാട്ട് ചെയ്യുമ്പോൾ അതിന് 1500-ൽ താഴെയേ വരുന്നുള്ളൂ. അതിനകത്ത് ഒരു ടെണ്ടർ മാത്രമേയുള്ളൂ. രണ്ട്, വലിയ പ്രൈസ്. അതുകൊണ്ട് വാങ്ങാൻ കഴിയില്ല. അതുകൊണ്ട് ലോക്കൽ പർച്ചേസിന് അനുമതി കൊടുക്കണമെന്ന് പറഞ്ഞ് എഴുതിയ ഒരു കത്തിന്റെ ഭാഗമാണ് അദ്ദേഹം ഗവൺമെന്റ് ജി.ഒ.

ആണെന്നുപറഞ്ഞ് ഇവിടെ വായിച്ചത്. അദ്ദേഹത്തെ ആരോ തെറ്റിദ്ധരിപ്പിച്ചതാണെന്നാണ് എനിക്ക് തോന്നുന്നത്. അല്ലെങ്കിൽ അദ്ദേഹം അങ്ങനെ പറയേണ്ട കാര്യമില്ല. ഇതിനെ ക്വാട്ട് ചെയ്തിട്ടാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. ലോക്കൽ പർച്ചേസ് ആകാമെന്ന് പറഞ്ഞുകൊണ്ട് ഞങ്ങൾ 22-7-2016-ൽ ഉത്തരവിറക്കുകയും ലോക്കൽ പർച്ചേസ് ആകുമ്പോൾ എങ്ങനെവേണമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് 1-8-2016-ൽ വീണ്ടും ജി.ഒ. ഇറക്കുകയും ചെയ്തു. ഈ ഗവൺമെന്റ് വന്നിട്ട് നാല് ജി.ഒ. ഇറക്കിയതിനുശേഷമാണ് തോട്ടണ്ടി കിട്ടുന്നത്. 1-8-2016-ലെ ജി.ഒ. യിൽ കൃത്യമായ പതിനൊന്ന് വ്യവസ്ഥകൾ പറഞ്ഞു. ആ പതിനൊന്ന് വ്യവസ്ഥയിൽ ഒന്നാണ് " The bidder has to upload the certificate of origin or a self certified declaration to prove origin of raw nuts. The bidder will be responsible to supply the same material. ഇംപോർട്ട് ചെയ്യുമ്പോൾ ഇംപോർട്ട് ചെയ്യുന്ന രാജ്യത്തിന്റെ സർട്ടിഫിക്കറ്റ് അതിൽ വരും. ലോക്കൽ പർച്ചേസിൽ വാങ്ങുമ്പോൾ ഏത് രാജ്യത്തെ കശുവണ്ടിയാണെന്ന് തരുന്ന ആൾ ഉറപ്പ് പറയണം. പറയുന്ന രാജ്യത്തെ കശുവണ്ടി അല്ലാതെ വേറെ ഏതെങ്കിലും കൊണ്ടുവന്നാൽ വിലയിൽ മാറ്റം വരും. അതുകൊണ്ടാണ് ഏത് രാജ്യത്തേതാണെന്ന certificate of origin വേണമെന്ന് പറഞ്ഞത്. ഐവറി കോസ്റ്റിൽ നിന്നാണ് വരുന്നത് അല്ലെങ്കിൽ ഗിനി ബിസോയിൽ നിന്നാണ് വരുന്നത് എന്ന origin പറയണമെന്ന വ്യവസ്ഥ വച്ചത് അതിന്റെ ക്വാളിറ്റി അഷ്വർ ചെയ്യാൻവേണ്ടിയാണെന്ന് അതിൽത്തന്നെ വീണ്ടും പറയുന്നുണ്ട്, " The quality conditions will be same as at present and its penalties will be applied........."

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മന്ത്രി പ്രസംഗമാണ് നടത്തുന്നത്. അതുകൊണ്ട് ശ്രീ. വി. ഡി. സതീശനും സംസാരിക്കാൻ അവസരം കൊടുക്കണം.

മി. സ്പീക്കർ: അദ്ദേഹം എഴുതിത്തന്നാൽ അവസരം കൊടുക്കാം.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, പ്രതിപക്ഷ നേതാവേ, ഒന്ന് സഹകരിക്കൂ. ഞാൻ പ്രസംഗിക്കുകയല്ല. വസ്തുതകൾ മാത്രമാണ് പറയുന്നത്. പ്രതിപക്ഷ നേതാവ് അസ്വസ്ഥനാകരുത്. ഞാൻ വസ്തുതകൾ മാത്രമേ പറയുന്നുള്ളൂ. ഒരു വാക്കുപോലും വേറെ പറയുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, ശ്രീ. വി. ഡി. സതീശൻ എഴുതിത്തന്നാൽ അദ്ദേഹത്തിന് അവസരം കൊടുക്കാം.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, വസ്തുത അറിയാതെ പ്രതിപക്ഷ നേതാവും ഇന്നലെ അന്വേഷണം ആവശ്യപ്പെട്ടതാണ്. അതുകൊണ്ട് അങ്ങ് സഹകരിക്കണം. സഭയിൽ ഉത്തരവാദിത്വമുള്ളവരല്ലേ ഇരിക്കുന്നത്. വസ്തുത മനസ്സിലാകണ്ടേ. തെറ്റിദ്ധാരണ പരത്തുന്ന തരത്തിൽ കാര്യങ്ങൾ പോകാൻ പാടുണ്ടോ?

" The surveyor for quantity certification and quality test for the procurement under this Government Order will be RBS Maritime Agencies, considering their credibility and good track record" . ആർ.ബി.എസ്.-നെക്കൊണ്ട് മാത്രമേ ഈ പറയുന്ന ക്വാളിറ്റി അഷ്വർ ചെയ്യിക്കാൻ പാടുള്ളൂ എന്ന് അതേ ഉത്തരവിന്റെ താഴെ പറയുന്നുണ്ട്. ഒറിജിൻ എന്നു പറഞ്ഞതിനെ തെറ്റിദ്ധരിപ്പിച്ച്, ക്വാളിറ്റി ടെസ്റ്റ് എന്ന് പറഞ്ഞാൽ ഒറിജിൻ ആണെന്നും ആർ.ബി.എസ്. എന്ന് പറയുന്നതിനെ മറച്ചുവച്ചും തെറ്റിദ്ധാരണ ജനിപ്പിക്കുന്ന തരത്തിൽ അദ്ദേഹം പറയാനിടയായതിന് കാരണം അദ്ദേഹത്തെ ആരോ തെറ്റിദ്ധരിപ്പിച്ചതുകൊണ്ടാണ് എന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ടാണ് ഇതുപോലെ തെറ്റിദ്ധാരണ പരത്തുന്ന വർത്തമാനം ഇവിടെ പറയാനിടയായത്. അക്കാര്യമാണ് ഞാൻ ക്ലാരിഫൈ ചെയ്യുന്നത്. ഈ ഗവൺമെന്റ് ചെയ്തതെല്ലാം സുതാര്യമായിട്ടാണ്. ഡോളർ റേറ്റിൽ ഗവൺമെന്റിന് കച്ചവടം ചെയ്യേണ്ട കാര്യമില്ല. കോർപ്പറേഷനും കാപ്പക്സുമാണ് അത് ചെയ്യേണ്ടത്. അവർ ചെയ്തത് എന്താണെന്ന് ഇന്നലെ ഞാൻ വിശദീകരിച്ചതുകൊണ്ട് അതിലേയ്ക്ക് കടക്കുന്നില്ല. ജി.ഒ. ആണെന്നുംപറഞ്ഞ് ഒന്നെടുത്ത് രണ്ട് കയ്യും ഉയർത്തി കാണിച്ച് ആളെ പറ്റിക്കുന്ന പണിയുംകൊണ്ട് വന്നതുകൊണ്ട് ക്ലാരിറ്റിക്ക് വേണ്ടി ഞാനിത് പറഞ്ഞുവെന്നേയുള്ളൂ.

## IX അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

1. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് :

മി. സ്പീക്കർ: ശ്രീ. എ. എം. ആരിഫ്, അങ്ങേയ്ക്ക് അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

<u>അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്</u>

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u>: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(2) <u>സാമാന്യമായി പൊതുതാൽപര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ:</u>

<u>മി. സ്പീക്കർ</u>: ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അധികാരപ്പെടുത്തിയ പ്രകാരം ശ്രീ. മുല്ലക്കര രത്നാകരന് പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

<u>വരൾച്ച നേരിടുന്നതിന് കേരളത്തിന് പ്രത്യേക പാക്കേജ്</u>

ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർക്കുവേണ്ടി <u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, " മുൻ വർഷങ്ങളിലെ മഴക്കുറവുമൂലം സംസ്ഥാനം കടുത്ത വരൾച്ചയെ നേരിടുകയാണ്. സംസ്ഥാനത്ത് വ്യാപകമായ കൃഷിനാശവും, കടുത്ത കുടിവെള്ള ക്ഷാമവും, വൈദ്യുതിയുല്പാദനത്തിൽ കാര്യമായ കുറവും നേരിടുന്നു. മഴക്കുറവുമൂലം കാർഷികോല്പന്നങ്ങളുടെ ഉല്പാദനം കുറയുന്നതിനാൽ കടുത്ത വിലക്കയറ്റം ഉണ്ടാകുന്നതിനും സാദ്ധ്യതയുണ്ട്. വരുംദിവസങ്ങളിൽ വരൾച്ച കൂടുതൽ രൂക്ഷമാകാനുള്ള സാദ്ധ്യതയാണ് കാണുന്നത്. ഈ പ്രതിസന്ധിയെ അതിജീവിക്കുന്നതിന് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ പാക്കേജിൽ ഉൾപ്പെടുത്തി കേരളത്തിന് ഒരു പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഒരു പ്രതിസന്ധിക്ക് മുമ്പിലാണ് കേരളം നിൽക്കുന്നത്. കഴിഞ്ഞ വർഷത്തേക്കാൾ പ്രതിസന്ധി രൂക്ഷമായി. ഒരുപക്ഷേ കഴിഞ്ഞ പത്ത് വർഷത്തിനുള്ളിലെ ഏറ്റവും വലിയ മഴക്കുറവാണ് കേരളത്തിൽ ഉണ്ടായിട്ടുള്ളത്. സാധാരണ മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ കേരളത്തിൽ വേനൽ മഴ കിട്ടാറുണ്ട്. അതൊരു വലിയ ആശ്വാസമാണ്. എന്നാൽ ഈ വർഷം ആ മഴയിലും

18 ശതമാനം കുറവുണ്ടായി. ജൂൺ ഒന്ന് മുതൽ സെപ്റ്റംബർ 30 വരെയാണ് കാലവർഷം . അതാണ് കേരളത്തിൽ ഏറ്റവും കൂടുതൽ ജലം കിട്ടുന്നതും പരക്കെ കിട്ടുന്ന മഴയും. 2039.7 മില്ലീമീറ്റർ മഴയാണ് പ്രതീക്ഷിച്ചത്. നമുക്ക് ലഭിച്ചത് 1352.3 മില്ലീമീറ്റർ മഴയാണ്. ഇത് പരിഹരിക്കാവുന്ന തരത്തിലുള്ള മുന്നൊരുക്കങ്ങൾ നടത്താവുന്നതാണ്. മൊത്തത്തിൽ പരിഹരിക്കാനൊന്നും കഴിയുകയില്ല. ഒരു സംസ്ഥാന ഗവൺമെന്റിന് വേണമെങ്കിൽ ധാരാളം തരത്തിലുള്ള മുന്നൊരുക്കങ്ങൾ നടത്താം. ഈ കിട്ടുന്ന മഴവെള്ളം എത്രത്തോളം ശേഖരിക്കാൻ കഴിയുമെന്നും അതിന് കുളങ്ങളെയും മറ്റ് ജലസംഭരണ സംവിധാനങ്ങളെയും എങ്ങനെ ഉപയോഗിക്കാൻ കഴിയുമെന്നും നമുക്കുണ്ടായിരുന്ന വയലുകൾ എത്രത്തോളം വീണ്ടെടുക്കാൻ കഴിയുമെന്നും അതെല്ലാം ജലം ശേഖരിച്ചുവയ്ക്കാവുന്ന ഭൂമിയുടെ പാത്രങ്ങളായി എങ്ങനെ ഉപയോഗിക്കാൻ കഴിയുമെന്നും നദികളെ അതിന്റെ സ്വാഭാവിക വിശുദ്ധിയോടെ എങ്ങനെ വീണ്ടെടുക്കാൻ കഴിയുമെന്നുമാണ് പരിശോധിക്കേണ്ടത്. സത്യത്തിൽ കുറച്ച് കാലമായി ജലസമ്പന്നതകൊണ്ട് ജലത്തിന്റെ വിലയറിയാതെപോയ ഒരു സംസ്ഥാനമാണ് കേരളം.

<u>ശ്രീ. ആർ. രാജേഷ്:</u> സർ, ഞങ്ങളുടെ നിയോജക മണ്ഡലത്തിൽ കൂടി ഒഴുകുന്ന അച്ചൻ കോവിലാർ ഇനി 19 വർഷം കൂടിയേ ഉണ്ടാകൂ എന്നാണ് കഴിഞ്ഞ ദിവസം വന്ന ഒരു പഠന റിപ്പോർട്ടിൽ പറയുന്നത്. കേരളത്തിലെ നദികളെല്ലാം മരിക്കുന്നുവെന്നാണ് അങ്ങ് പറഞ്ഞുവരുന്നത്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ:</u> സർ, നമ്മൾ നന്നായി ശ്രദ്ധിച്ചില്ലെങ്കിൽ പത്തിരുപത് വർഷങ്ങൾക്കകം കേരളത്തിലെ 44 നദികളിൽ പലതും ഇല്ലാതാകും. നിരവധി നദികൾ ശുദ്ധജലമില്ലാതെ അങ്ങുമിങ്ങും വെള്ളം കെട്ടിക്കിടക്കുന്ന, മലിനജലം വഹിക്കുന്ന ഇടങ്ങളായി തീരും. കേരളത്തിലെ കാർഷിക മേഖല മുഴുവൻ തകർന്നു തരിപ്പണമാകും. നമ്മുടെ ജീവിതത്തിന്റെ എല്ലാ ക്വാളിറ്റിയും നഷ്ടപ്പെടും. കേരളത്തിലെ ജീവിതത്തിന് യൂറോപ്പിനോളം ക്വാളിറ്റിയുണ്ടെന്ന് പറയുന്നതുതന്നെ രണ്ടുനേരം കുളിക്കുന്നതുകൊണ്ടും വെള്ളം കിട്ടുന്നതുകൊണ്ടുമാണ്. ആ ജീവിതത്തിന്റെ ക്വാളിറ്റി മുഴുവൻ നഷ്ടമാകും. നമ്മൾ ഉണ്ടാക്കിയ സാംസ്കാരിക ഉയർച്ച മുഴുവൻ തകർന്നുവീഴും. ഇതെല്ലാം പൊതുവെ ശ്രദ്ധിക്കേണ്ടതുണ്ട്. നമ്മുടെ ഭൂവിനിയോഗവും ജലസംരക്ഷണവും ഈ വർഷമുണ്ടാകുന്ന കാർഷിക തകർച്ചയും സംബന്ധിച്ച് ശ്രദ്ധിച്ചുപഠിക്കണം. മഴയുടെ ലഭ്യത കുറഞ്ഞാൽ കാലാവസ്ഥയെ പ്രതിരോധിക്കാൻ കഴിയുന്ന കൃഷിരീതികൾ വേണ്ടിവരും; കുറച്ച് വെള്ളം

കൊണ്ടുമാത്രം വളരുന്ന ചെടികൾ വേണ്ടിവരും; അതിൽനിന്നുള്ള ഫലങ്ങൾ ഉപയോഗിച്ച് മാത്രം ജീവിക്കുന്ന ഒരു സാംസ്കാരിക ജീവിതം സൃഷ്ടിക്കേണ്ടി വരും; ഞാൻ കണക്കുകൾ അധികം പറഞ്ഞുപോകുന്നില്ല. ഇതിനെല്ലാം കേന്ദ്ര സർക്കാരിന്റെ സഹായമില്ലാതെ സംസ്ഥാന ഗവൺമെന്റിനെക്കൊണ്ട് മാത്രം പറ്റുകയില്ല. നമുക്ക് മാത്രം നേരിടാൻ സാധിക്കാത്ത ഒരു ദുരന്തമാണ് ഈ വർഷം കേരളത്തിലുണ്ടായതെന്ന് കേന്ദ്ര ഗവൺമെന്റ് മനസ്സിലാക്കി ആ ദുരന്തം നേരിടുന്നതിന് കാർഷികമേഖലയ്ക്ക് നഷ്ടപരിഹാരം നൽകണം. കേരളത്തിലാണ് മൺസൂൺ ആദ്യം വരുന്നത്. ഇൻഡ്യയിൽ മൺസൂൺ വ്യാപിപ്പിക്കുന്ന വഴി കേരളത്തിലൂടെയാണ് കടന്നുപോകുന്നത്. കേരളത്തിന് എല്ലാ ടെക്നോളജിയുമുപയോഗിച്ചുകൊണ്ട് പ്രവചനം നടത്താവുന്ന ലോകനിലവാരത്തിലുള്ള ഒരു കാലാവസ്ഥാ നിരീക്ഷണ പ്രവചനകേന്ദ്രം വേണം. അതോടൊപ്പം ഈ വെല്ലുവിളിയെ അതിജീവിക്കാനും സാധിക്കണം. വെള്ളം വെളിച്ചമാണെന്ന് ഈ വർഷം നമ്മൾ മനസ്സിലാക്കുകയാണ്. കാരണം വെള്ളത്തിൽ നിന്നാണ് വൈദ്യുതിയുണ്ടാകുന്നത്. ജലം ജീവിതമാണെന്നും ജലം കൃഷിയാണെന്നും ജലം സംസ്കാരമാണെന്നും അതിൽ സാക്ഷരതയില്ലാതെ പോയാൽ ഒന്നും ഉണ്ടാകുകയില്ലെന്നും കേരളം തിരിച്ചറിയുകയാണ്. അതിന്റെ അടിസ്ഥാനത്തിലുള്ള ഒരു പദ്ധതി സംസ്ഥാനം സൃഷ്ടിക്കുകയും ആ പദ്ധതിക്ക് കേന്ദ്രം അംഗീകാരം നൽകുകയും വേണം. കേരളത്തെ ദുരന്തമേഖലയായി പ്രഖ്യാപിച്ച് ഒരു പാക്കേജ് അനുവദിക്കുമ്പോഴാണ് കേരളത്തിൽ കടമെടുത്തവർക്ക് മോറട്ടോറിയം പ്രഖ്യാപിക്കാനും നഷ്ടം വരുന്നവർക്കെല്ലാം സഹായം കൊടുക്കാനും കഴിയുന്നത്. കുടിവെള്ള പദ്ധതിക്ക്, കേരളത്തിൽ സഹസ്ര സരോവർ പോലുള്ള പദ്ധതികളുണ്ട്. അതുകൊണ്ടുമാത്രം ഈ വർഷത്തെ വരൾച്ചയെയും കേരളത്തിന്റെ ഭാവികാല ജലസംരക്ഷണ സംവിധാനത്തെയും ശാസ്ത്രീയമായും വിജയകരമായും നേരിടാൻ സാധിക്കുകയില്ല. വൈദ്യുതി ഉല്പാദനത്തിന് ജലം കിട്ടുന്നത് കുറഞ്ഞാൽ വൈദ്യുതി വകുപ്പിന് നഷ്ടപരിഹാരം ആവശ്യപ്പെടാം. ആവശ്യമായ വൈദ്യുതി കേന്ദ്രപൂളിൽ നിന്ന് ലഭിക്കണമെങ്കിൽ വലിയ വില കൊടുക്കണം. കാർഷികമേഖല തകർന്നുപോയാൽ അരി ഉൽപ്പാദനം മാത്രമല്ല, നമ്മൾ 6 ലക്ഷം ടൺ അരി മാത്രമേ ഉല്പാദിപ്പിക്കുന്നുള്ളൂ എങ്കിലും കേന്ദ്രത്തിന്റെ ഭക്ഷ്യ സുരക്ഷാപദ്ധതിയിൽ അതിപ്പോൾ 'ഭക്ഷ്യ ഭദ്രതാ' പദ്ധതിയാണ്, അതിൽനിന്ന് കേരളത്തിന് കൂടുതൽ സഹായം കിട്ടണം, വില കുറച്ച് കിട്ടണം. കേരളത്തിന് മറ്റ് കാര്യങ്ങളിൽ-മറ്റു കാര്യങ്ങൾ എന്നുപറയുമ്പോൾ നമുക്ക് അസാധാരണമായ രോഗങ്ങൾ വരാം. അപ്പോൾ പ്രതിരോധത്തിനും ആരോഗ്യത്തിനും ആവശ്യമായ തരത്തിലുള്ള അംഗീകാരവും സഹായവും അതിനുവേണ്ട പഠനവും വേണം. ഇതിന്റെ

പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്ന് കൃത്യമായി പറയാൻ പറ്റുകയില്ല. വയനാട്ടിൽ മണ്ണിര നശിച്ചുവെന്ന് പറയുന്നത് ഒരു അപായസൂചനയാണ്. വയനാട്ടിലാണ് ഏറ്റവും കുറഞ്ഞ മഴ ലഭിച്ചത്. അവിടെ 59 ശതമാനം മഴയാണ് കുറഞ്ഞത്. അക്ഷരാർത്ഥത്തിൽ, വയനാട്ടിലെ കാർഷികമേഖലയേയും ജീവിത മേഖലയേയും രക്ഷിക്കാനുള്ള ഒരു പാക്കേജ് കേന്ദ്രസർക്കാർ തന്നില്ലെങ്കിൽ വയനാടിന്റെ ജീവിതം വല്ലാത്ത പ്രതിസന്ധിയിലാകും; കണ്ണുനീരിലാണ്ടുപോകും. ഇടുക്കിയിലെയും പ്രശ്നമിതാണ്. വയനാട് കഴിഞ്ഞാൽ മഴ ഏറ്റവും കുറച്ച് ലഭിക്കുന്ന ജില്ല തൃശ്ശൂരാണ്. തൃശ്ശൂർ ജലസമ്പന്നമായ ഒരു ജില്ലയാണ്. ആ ജില്ലയിൽപ്പോലും കൃഷിയെയും ജീവിതത്തെയുമെല്ലാം ദോഷമായി ബാധിക്കുന്നുണ്ട്. കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ മഴ കിട്ടിയ ആലപ്പുഴ ജില്ലയിൽപ്പോലും ഈ വർഷം 25 ശതമാനം മഴ കുറവായിരുന്നു. കേരളത്തിലെ മിക്ക നദികളും വറ്റിവരണ്ടു കൊണ്ടിരിക്കുകയാണ്. ഇപ്പോഴത്തെ കണക്കനുസരിച്ചാണ് പമ്പയിൽ ജലം കുറയുന്നതെങ്കിൽ വൃശ്ചികമാസത്തിലും മകരമാസത്തിലുമുള്ള ശബരിമല തീർത്ഥാടനംപോലും പ്രതിസന്ധിയിലാകും. ഈ പ്രതിസന്ധി നേരിടുന്നതിന് കേന്ദ്ര സഹായത്തോടെയുള്ള സമഗ്രമായ ഒരു പരിരക്ഷ പാക്കേജ് ഉണ്ടാക്കണം. ഇതുവരെയുള്ള പഠനമനുസരിച്ച് കേരളത്തിലെ ഭൂഗർഭ ജലനിരപ്പ് താഴ്ന്നു കൊണ്ടിരിക്കുകയാണ്. സാധാരണ കാലവർഷം കഴിയുമ്പോൾ ഭൂഗർഭ ജലനിരപ്പ് ഉയരേണ്ടതാണ്. ഞാൻ ഓരോ ജില്ലയിലെയും കണക്ക് പറയുന്നില്ല. കേരളം ഇത്തരമൊരു സാഹചര്യം നേരിടുമ്പോൾ കേന്ദ്രസർക്കാർ ഒരു പ്രത്യേക പാക്കേജ് അനുവദിച്ച് കേരളത്തിലെ പ്രതിസന്ധി പരിഹരിക്കണം. അതിനുവേണ്ടി കേരളത്തിലെ വൈദ്യുതി, കൃഷി, സാമൂഹ്യക്ഷേമം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി എല്ലാ വകുപ്പുകളും ചേർന്ന് ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ കേന്ദ്രസർക്കാരിലേയ്ക്ക് ആ പാക്കേജിനുവേണ്ടിയുള്ള ഒരു പ്രോജക്ട് സമർപ്പിക്കണം.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

"കേരളത്തിന് ഒരു പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് " എന്നീ വാക്കുകൾക്കു പകരം "പ്രത്യേക പാക്കേജ് അനുവദിക്കണമെന്നും ഇതിനായി ഡൽഹിയിൽ യുദ്ധകാലാടിസ്ഥാനത്തിൽ ഒരു ഉന്നതതലയോഗം വിളിച്ചുകൂട്ടുവാൻ നടപടി സ്വീകരിക്കണമെന്നും"എന്ന് ചേർക്കുക.

ഈ കാലഘട്ടത്തിൽ ഏറ്റവും സുപ്രധാനമായ പ്രമേയമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞാൻ അതിനോട് നൂറുശതമാനവും യോജിക്കുകയാണ്.

കാലാവസ്ഥാ വ്യതിയാനം, സ്രോതസ്സുകൾ വറ്റിവരളുന്നത്, കുളങ്ങൾ, കിണറുകൾ എന്നിവ മലിനമാകുന്നത്, മഴവെള്ള സംഭരണിയുടെ അഭാവം, ഭൂഗർഭജലം വഴിമാറി പോകുന്നത്, അനിയന്ത്രിതമായ കുഴൽകിണർ നിർമ്മാണം ഇതെല്ലാമാണ് നമ്മുടെ സംസ്ഥാനം നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം. ഈ വസ്തുതകളാണ് കേരളത്തെ വരൾച്ചയിലേയ്ക്ക് നയിക്കുന്നത്. കാലാവസ്ഥാ വ്യതിയാനം നമ്മുടെ കൈകളിൽ നിൽക്കുന്നതല്ലെങ്കിലും തുടർച്ചയായുള്ള ചില പ്രവർത്തനങ്ങൾ അതിന് കാരണമാകുന്നുണ്ട്.സ്രോതസ്സുകൾ വറ്റിവരളുന്നുവെന്നുള്ളത് ഏറ്റവും ഗൗരവതരമായി കാണേണ്ടതാണ്. ദാഹജലത്തിനുവേണ്ടി വേഴാമ്പലുകളെപ്പോലെ കാത്തിരിക്കുന്നു എന്നത് നമ്മുടെ പൊതുവേദിയിലെ പ്രസംഗത്തിലെ ഒരു ഉദാഹരണമാണെങ്കിൽ ഇന്ന് കേരളം അങ്ങനെ കാത്തിരിക്കേണ്ട ഒരു കാലഘട്ടത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. സ്രോതസ്സുകളെ സംരക്ഷിച്ചു കൊണ്ട് മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുകയുള്ളൂ. അതിനുള്ള ഏറ്റവും നല്ല നിർദ്ദേശമായിരുന്നു ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്. എന്നാൽ നിർഭാഗ്യകരമെന്ന് പറയട്ടെ, കേരളത്തിലെ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളെല്ലാം ഒറ്റക്കെട്ടായി നിന്ന് അതിനെ ചെറുത്ത് പരാജയപ്പെടുത്തുകയാണുണ്ടായത്. ഒരു ചർച്ച പോലും നടത്താൻ സമ്മതിച്ചില്ല.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, അങ്ങയുടെ പാർട്ടിയുടെ സമയമുപയോഗിച്ച് സംസാരിക്കുമ്പോൾ അങ്ങയുടെ പാർട്ടിയുടെ അഭിപ്രായമാണോ പറയുന്നത്?

12.00 noon]

<u>ശ്രീ. പി. ടി. തോമസ്</u>: കോൺഗ്രസ് പാർട്ടിയുടെ ഏറ്റവും വലിയൊരു പ്രത്യേകത കോൺഗ്രസ് പാർട്ടിയിൽ നിൽക്കുമ്പോൾത്തന്നെ വ്യക്തിപരമായ അഭിപ്രായങ്ങൾക്ക് പ്രാധാന്യമുണ്ട് എന്നതാണ്. പണ്ടൊക്കെ സി.പി.ഐ (എം)-ലൊക്കെ xxxxx* ആ പരിപാടിയൊന്നും ഞങ്ങളുടെ പാർട്ടിയിൽ ഇല്ല.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, പോയിന്റ് ഓഫ് ഓർഡർ... സത്യവിരുദ്ധമായ കാര്യം സഭയിൽ പറയുകയാണ്. സി.പി.ഐ (എം) ഒരു പാർട്ടിയെന്ന നിലയിൽ xxxxx* ചർച്ച ചെയ്ത് തീരുമാനിക്കുന്നൊരു പതിവില്ല. അത് അവാസ്തവമാണ്. അവാസ്തവമായി പറയുന്നത് രേഖയിൽ ഉണ്ടാകാൻ പാടില്ല.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ബഹുമാന്യരായ xxxxx*

<u>ശ്രീ. സി. എഫ്. തോമസ്</u>: സർ, ഇത്രയും പ്രധാനപ്പെട്ട ഒരു വിഷയം ഇവിടെ

*ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

അവതരിപ്പിക്കുമ്പോൾ കേരളത്തിലെ ജനങ്ങളുടെ ഒരു ചിന്തയുണ്ട്. ഗാഡ്ഗിൽ, കസ്തൂരിരംഗൻ, പരിസ്ഥിതിലോല പ്രദേശങ്ങൾ, ജനപാർപ്പിട കേന്ദ്രങ്ങൾ കൃഷിയിടങ്ങൾ തുടങ്ങിയവ സംബന്ധിച്ച് ഈ സഭ ചില വികാരങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. ആർ. രാജേഷ്: സർ, പോയിന്റ് ഓഫ് ഓർഡർ... അദ്ദേഹത്തിന്റെ പരാമർശം അവാസ്തവമാണ്. XXXXX * പറയുന്നത് രേഖയിൽ ഉണ്ടാകാൻ പാടില്ല. അത് രേഖയിൽ നിന്നും നീക്കം ചെയ്യണം. ജനാധിപത്യ പ്രസ്ഥാനമാണിത്.

മി. സ്പീക്കർ: അത് രേഖയിൽ ഉണ്ടാകില്ല.

ശ്രീ. മാത്യു ടി. തോമസ്: വളരെ മോശപ്പെട്ട കാര്യമാണ്. സഭയിലെ ഒരംഗത്തിന്റെ പേര് പറഞ്ഞ് നടത്തിയ പരാമർശം രേഖയിൽ ഉണ്ടാകാൻ പാടില്ല. അത് ശരിയല്ല.

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട മന്ത്രി അങ്ങനെ തെറ്റിദ്ധരിപ്പിക്കരുത്. ഞാൻ XXXXX* പാർട്ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണെന്നേ പറഞ്ഞുള്ളൂ. XXXXX* അവർ നല്ല നിലയിൽ കഴിയുകയാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ശ്രീ. പി. ടി. തോമസും ശ്രീ. കെ. സുരേഷ് കുറുപ്പും ഏതാണ്ട് സമകാലികരായി വിദ്യാർത്ഥി പ്രസ്ഥാനത്തിലുണ്ടായിരുന്നവരാണ്. രണ്ടും രണ്ടു ഭാഗത്താണെന്ന് മാത്രം. XXXXX* അക്കാലത്തെ ഏറ്റവും മനോഹരമായ ഒരു പ്രണയ സാഫല്യവും കൂടിയായിരുന്നു അത്.

മി. സ്പീക്കർ: അദ്ദേഹത്തിന്റെ തെറ്റായ ധാരണയായിരുന്നു. അത് നിങ്ങൾ തിരുത്തി. അത് അംഗീകരിച്ചു.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട സി. എഫ്. തോമസ് സഭയിലെ ഏറ്റവും മുതിർന്ന അംഗങ്ങളിൽ ഒരാളാണ്. അദ്ദേഹം കൃഷിക്കാരുടെ കാര്യം പറഞ്ഞു. ഗാഡ്ഗിൽ കമ്മിറ്റി കൃഷിക്കാർക്കെതിരാണെന്നത് തെറ്റിദ്ധാരണ മാത്രമാണ്. കൃഷിക്കാരെ സംരക്ഷിക്കാനുള്ളതാണ്. അത് വായിച്ചു നോക്കാൻപോലും തയ്യാറാകാതെ കാള പെറ്റുവെന്ന് കേട്ടപ്പോൾ കാള പ്രസവിക്കുമോയെന്നുപോലും നോക്കാതെ കാളയ്ക്ക് ഗർഭം ധരിക്കാനുള്ള ശക്തിയുണ്ടോയെന്നുപോലും ശ്രദ്ധിക്കാതെ കയർ എടുത്ത നടപടിയാണുണ്ടായത്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കിയിരുന്നുവെങ്കിൽ നമ്മുടെ സംസ്ഥാനത്തെ പശ്ചിമഘട്ടം ഉൾപ്പെടുന്ന പ്രദേശങ്ങൾ സംരക്ഷിക്കാനും

---

*ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

ഇപ്പോഴത്തെ ഗുരുതരമായ വരൾച്ച തടയാനും കഴിയുമായിരുന്നു. നമ്മൾ അത് ചെയ്തില്ല. വളരെ വ്യക്തമായി രണ്ടുമൂന്നു കാര്യങ്ങൾ സൂചിപ്പിക്കുകയാണ്. അങ്ങ് പുരോഗമന കലാ സംഘടന എന്നു പറയുന്ന സി.പി.ഐ. (എം)-ന്റെ സംഘടനയുൾപ്പെടെ അന്ന് എം.പി.യായിരുന്ന എനിക്കെതിര ജാഥ നടത്തി. വ്യക്തിപരമായിട്ടല്ല, ഞാൻ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെ സപ്പോർട്ട് ചെയ്തുവെന്നതിന്റെ പേരിൽ പത്തുശതമാനത്തോളം വരുന്ന നല്ലവരായ വൈദികരുടെ നേതൃത്വത്തിൽ എന്റെ ശവഘോഷം നടത്തി. ആകെ അതിലുണ്ടായൊരു നേട്ടം ജീവിച്ചിരിക്കെ മരണപ്പെട്ടാലെങ്ങനെയാണ് എന്ന് മനസ്സിലാക്കാൻ എനിക്ക് ഭാഗ്യം ലഭിച്ചുവെന്നത് മാത്രമാണ്.

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്, അങ്ങ് വ്യത്യസ്ത അഭിപ്രായം പറഞ്ഞത് നല്ലതാണ്. പക്ഷെ പ്രസക്തമല്ലാത്ത കാര്യങ്ങൾ പറയരുത്.

ശ്രീ. പി. ടി. തോമസ്: സർ, ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ വെള്ളം ചേർത്ത് കസ്തൂരിരംഗനെന്നും ഉമ്മൻ വി ഉമ്മനെന്നും അത് കഴിഞ്ഞ് ഇതൊന്നും പറ്റില്ലെന്നൊക്കെ പറഞ്ഞുനടക്കുന്ന രാഷ്ട്രീയപരമായ താൽക്കാലിക വോട്ട് ബാങ്കിനുവേണ്ടിയുള്ള ശ്രമം കേരളത്തെ ദുരന്തപൂർണ്ണമായ വരൾച്ചയിലേയ്ക്ക് നയിക്കുമെന്ന് മുന്നറിയിപ്പ് നൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: പ്ലീസ്... കൺക്ലൂഡ്

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. വരൾച്ച പരിഹരിക്കണമെന്ന് ആത്മാർത്ഥമായ ആഗ്രഹമുണ്ടെങ്കിൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ഒന്നിച്ചാലോചിക്കണം. കാലാവസ്ഥാ വ്യതിയാനത്തിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ മുൻകൂട്ടി കാണണം. സ്രോതസ്സുകൾ ശക്തിപ്പെടുത്തണം. കുളങ്ങളിലെയും കിണറുകളിലെയും മലിനീകരണം അവസാനിപ്പിക്കണം. അനിയന്ത്രിതമായി കുഴൽകിണർ കുഴിക്കുന്നതിന് നിയന്ത്രണം വേണം. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ മഴവെള്ള സംഭരണി കർക്കശമായ ഒരു വ്യവസ്ഥയായി ഉൾപ്പെടുത്തണം എന്നീ കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്.

ശ്രീമതി സി. കെ. ആശ: സർ, ദാഹിച്ചു വലഞ്ഞുവരുന്ന ഒരു മൃഗത്തിന് വെള്ളം കൊടുക്കുന്നതും ഒരു ചെടിയോ വൃക്ഷമോ നട്ട് വെള്ളമൊഴിച്ചുവളർത്തുന്നതും ഒരു പ്രാർത്ഥനയാണെന്ന് വിശ്വസാഹിത്യകാരൻ വൈക്കം മുഹമ്മദ് ബഷീർ പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ പ്രാർത്ഥനയ്ക്ക് വരുംകാലങ്ങളിൽ നമുക്ക്

സാധിക്കുമോ? ഇല്ലായെന്നതന്നെയാണ് ഇപ്പോൾ കാലാവസ്ഥ നമ്മെ പഠിപ്പിക്കുന്നത്. കേരള വികസനത്തിന്റെ താക്കോൽപദം ഏതാണെന്ന ചോദിച്ചാൽ ജലം എന്ന പദം നമുക്ക് പറയാനാകും. കിണറും കുളവും തോടും പുഴയും കായലും കടലും അടങ്ങുന്ന ജലം, അതില്ലെങ്കിൽ കൃഷിയും ഭക്ഷണവും ജീവിതവും പുരോഗതിയുമില്ല. കേരളത്തിന്റെ ജലസമ്പത്ത് നമ്മുടെ കൺമുൻപിൽ നാശോന്മുഖമാകുമ്പോൾ അത് മനസ്സിലാക്കാതെ ചിലർ പറയുന്ന സുസ്ഥിര വികസനം അസ്ഥിരമായ ഭാവിയിലേയ്ക്കാകും നമ്മെ നയിക്കുക. കേരളത്തിന്റെ സുസ്ഥിര വികസനത്തിന് പശ്ചിമഘട്ട സംരക്ഷണം നിർണ്ണായകമാണ്. കേരളത്തിലെ 44 നദികളുടെയും ഉറവിടം അവിടെയാണെന്ന സത്യം മറന്നുകൊണ്ട് നമുക്ക് മുന്നോട്ടുപോകാനാവില്ല. കേരളം നേരിടുന്ന വലിയൊരു ഭീഷണിയാണ് മുൻപെങ്ങും അനുഭവിക്കാനാവാത്ത വിധമുള്ള വരൾച്ചയും ചൂടും. കേരളത്തിൽ പെയ്യുന്ന മഴയുടെ അളവ് ഓരോ വർഷവും ശരാശരി 2.4 മി.ലിറ്ററോളം കുറഞ്ഞുവരുന്നതായി പഠനങ്ങൾ പറയുന്നു. 2020-ാമാണ്ട് ആകുമ്പോഴേയ്ക്ക് ശുദ്ധമായ കുടിവെള്ളം ഒരുതുള്ളിപോലും കിട്ടാത്ത സ്ഥിതി വന്നേയ്ക്കാമെന്നാണ് ഐക്യരാഷ്ട്ര സഭയുടെ പരിസ്ഥിതി പഠനകേന്ദ്രവും പറയുന്നത്. ഭൂമിയുടെ 70 ശതമാനത്തോളവും ഉപ്പുരസമുള്ള സമുദ്രങ്ങളാണ്. ശുദ്ധജലം 2.5 ശതമാനം മാത്രമേയുള്ളൂ. മഞ്ഞുപാളികളായും മറ്റും ഇത് സ്ഥിതി ചെയ്യുന്നു. ഈ ജലം നമുക്ക് ലഭ്യവുമല്ല. കുടിക്കാൻ കിട്ടുന്ന ജലം ആകെ ഒരു ശതമാനം മാത്രമേയുള്ളൂവെന്നത് പേടിപ്പെടുത്തുന്ന യാഥാർത്ഥ്യമാണ്. കേരളത്തിലെ മഴക്കുറവും കാലാവസ്ഥയിലെ മാറ്റവും പൊടുന്നനെ ഉണ്ടായതല്ല. ഇത് ഏറെ കാലത്തെ ഏറെ ഘടകങ്ങളുടെ ദീർഘകാല പ്രക്രിയയുടെ ഒരു ബഹിർപ്രകടനമാണ്. ഇത് അനുഭവ വേദ്യമാകുമ്പോൾ പെട്ടെന്നാണെന്ന് തോന്നലുണ്ടാകുന്നുവെന്നുമാത്രം. അന്തരീക്ഷത്തിലെ വിഷ വാതകങ്ങളായ കാർബൺ ഡയോക്സൈഡ്, കാർബൺ മോണോക്സൈഡ് എന്നിവ വലിയ തോതിൽ വർദ്ധിച്ചതാണ് കാലാവസ്ഥാ വ്യതിയാനത്തിന് കാരണമെന്ന് ശാസ്ത്രലോകം പറയാൻ തുടങ്ങിയിട്ട് കാലമേറെയായി. എന്നാൽ ഇത് വേണ്ടത്ര നിയന്ത്രിച്ചില്ല. വനനശീകരണം പാടില്ലെന്ന് പറഞ്ഞുകൊണ്ടേയിരുന്നു. ഇതും നമ്മൾ നിയന്ത്രിച്ചില്ല. മഴവെള്ളം മണ്ണിൽ ഊർന്നിറങ്ങുന്നതിനുള്ള നടപടിയുണ്ടാക്കാൻ നീർത്തട പദ്ധതികൾ പ്രചരിപ്പിച്ചിട്ടും ജനം വേണ്ടത്ര ഉൾക്കൊണ്ടില്ല. തണ്ണീർത്തടം സംരക്ഷിക്കാൻ നമ്മൾ കൂട്ടാക്കിയില്ല. നെൽവയൽ നികത്തലും കുന്നിടിക്കലും പാരിസ്ഥിതിക ഘടനയെ തകിടം മറിക്കാൻ സഹായകമാക്കി. കാലാവസ്ഥാ വ്യതിയാനം കേരളത്തിന്റെ മാത്രം പ്രതിഭാസമല്ലെന്നും ലോകമാകെ ചർച്ച ചെയ്യപ്പെടുന്നുവെന്നും നമുക്കറിയാം. അതോർത്ത് നമുക്ക് ആശ്വസിക്കുകയും ചെയ്യാം.

പക്ഷെ മലനിരകളിലും സമതലങ്ങളിലും തീരപ്രദേശങ്ങളിലും പെയ്യുന്ന മഴവെള്ളത്തെ ശാസ്ത്രീയമായ മാർഗ്ഗത്തിലൂടെ മണ്ണിലിറക്കാൻ നമുക്ക് കഴിയണം. കൃഷി വകുപ്പും സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റുമെല്ലാം ഇതിനായി പുതിയ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കണം. നീർത്തടാധിഷ്ഠിത വികസനമെന്ന ജനകീയ ആസൂത്രണത്തിലെ മുഖ്യ അജണ്ടയ്ക്ക് ജീവൻ നൽകണം. പശ്ചിമഘട്ടവികസന പദ്ധതി നടപ്പിലാക്കുവാനും നമുക്ക് കഴിയണം. നമ്മുടെ പരിസ്ഥിതി സംരക്ഷണബോധവും നടപടിയും ജൂൺ 5-ന്റെ ദിനാചരണത്തിൽ ഒതുക്കാതെ പാരിസ്ഥിതികാഘാതം സൃഷ്ടിക്കുന്ന പ്രശ്നങ്ങളിൽ കാര്യമായി ഇടപെടാൻ നമുക്ക് സാധിക്കണം. മഴ കുറയുമ്പോഴും കൃഷി ഉണങ്ങുമ്പോഴും കുടിവെള്ളത്തിനായി പഞ്ചായത്ത് ടാങ്കർ ലോറികൾക്കായി കാത്തിരിക്കുമ്പോൾ മാത്രം ഇക്കാര്യങ്ങളെല്ലാം നാം ഓർത്തതുകൊണ്ടായില്ല. മണ്ണും ജീവജാലങ്ങളും കാലാവസ്ഥാ ഘടകങ്ങളും സമതുലിതമായി കൂട്ടിയോജിപ്പിച്ചുകൊണ്ട് പ്രകൃതി ശാസ്ത്ര നിയമങ്ങളെ പരിരക്ഷിക്കണമെന്നറിയിച്ചുകൊണ്ട് ഈ പ്രമേയത്തെ പൂർണ്ണമായും ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. സി. എഫ്. തോമസ്</u>: സർ, ഞാൻ ഈ പ്രമേയത്തെ പൂർണ്ണമായി പിന്താങ്ങുകയാണ്. പ്രമേയാവതാരകൻ പറഞ്ഞത് വളരെ ശരിയാണ്. ഇപ്പോൾ കേരളത്തിൽ കടുത്ത വരൾച്ചയാണ്. ഇതിന് അടിയന്തര നടപടികൾ ആവശ്യമാണ്, ഈ പ്രമേയത്തിൽ പറയുന്നതും അതുതന്നെയാണ്. ഇതിനായി കേന്ദ്രഗവൺമെന്റ് പുതിയ പാക്കേജ് കേരളത്തിന് തരണം. സംസ്ഥാന ഗവൺമെന്റിനെക്കൊണ്ടുമാത്രം താങ്ങാൻ കഴിയില്ലെന്നൊക്കെ ഇവിടെ പല മെമ്പർമാരും സംസാരിച്ചു. അത് ശരിയാണ് പക്ഷേ സംസ്ഥാന ഗവൺമെന്റിനും ചില ഉത്തരവാദിത്തങ്ങളുണ്ട്. സ്ഥിതിഗതികൾ ശരിയായി വിലയിരുത്തി സഹായത്തിനായി നല്ലൊരു പാക്കേജ് കേന്ദ്രഗവൺമെന്റിന് കൊടുക്കണം. കേന്ദ്രം ഭരിക്കുന്ന കക്ഷികൾ കേരളത്തെ ഒരിക്കലും ഒരുകാര്യത്തിലും വേണ്ടരീതിയിൽ പരിഗണിച്ചിട്ടില്ല. ഇത്തവണ യഥാസമയത്ത് കാര്യങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തണം. ഇന്ന് രാവിലെ 10.00 മണിക്ക് വരൾച്ചയെ നേരിടാനുള്ള നടപടികളെക്കുറിച്ച് കമ്മിറ്റി കൂടുകയാണെന്ന് ഇവിടെ പറഞ്ഞു. കഴിഞ്ഞ മാസം 13-ാം തീയതിയിലും കമ്മിറ്റി ചേർന്ന് തീരുമാനങ്ങളെടുത്തുവെന്ന് നേരത്തെ പറഞ്ഞു. പതിമൂന്നാം തീയതി കഴിഞ്ഞ് ഇന്ന് 16 ദിവസങ്ങൾ കഴിഞ്ഞു. എന്നാൽ വരൾച്ച നേരിടുന്നതിനുവേണ്ടിയുള്ള യാതൊരു നടപടിയും നിയോജക മണ്ഡലങ്ങളിൽ ആരംഭിച്ചിട്ടില്ല. തീരുമാനമെടുത്താൽ മാത്രം പോര. ആളുകൾ കുടിവെള്ളത്തിനുവേണ്ടി വളരെ ബുദ്ധിമുട്ടുകയാണ്. നടപടികളൊന്നുമില്ല.

അതിനാവശ്യമായ പണം മാറ്റിവയ്ക്കണം. യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികളാണ് ഇപ്പോൾ ആവശ്യം. ഇതിനായി സെക്രട്ടേറിയറ്റിൽ പുതിയ സംവിധാനം ഏർപ്പെടുത്തണം. ജില്ലാ കളക്ടേറ്റുകൾ നടപടിയെടുക്കണം. ജലവിഭവ വകുപ്പുമന്ത്രി പ്രത്യേകമായ ഉത്തരവാദിത്തം ഇക്കാര്യത്തിൽ എടുത്തിട്ടുണ്ട്, അതിശക്തമായി മുന്നോട്ടുകൊണ്ടുപോകണം. അടിയന്തരമായി നടപടികളിലേയ്ക്ക് നീങ്ങിയില്ലെങ്കിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടേണ്ടിവരും. ഇന്നത്തെ യോഗത്തിലെടുക്കുന്ന തീരുമാനങ്ങൾ പെട്ടെന്ന് നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, വളരെ പ്രസക്തമായ പ്രമേയമാണിത്. ഞാൻ ഈ പ്രമേയത്തെ സർവ്വാത്മനാ പിൻതുണയ്ക്കുകയാണ്. ഇന്നത്തെ സ്ഥിതിവിശേഷം വളരെ ഗുരുതരമാണ്. നമ്മുടെ സംസ്ഥാനത്ത് $32^1/_2$ ശതമാനത്തോളം മഴയുടെ കുറവുണ്ടായിട്ടുണ്ട്. തുലാവർഷവും നമ്മളെ കനിയുമെന്നുള്ള പ്രതീക്ഷ അസ്ഥാനത്തായിക്കൊണ്ടിരിക്കുകയാണ്. ജലാശയങ്ങളെല്ലാം വറ്റി വരണ്ടിരിക്കുകയാണ്. ഇത് കൊടിയ വരൾച്ചയും വൈദ്യുതി പ്രതിസന്ധിയും കൃഷിനാശവുമുണ്ടാക്കാം. വയനാട്ടിൽ മണ്ണിരകൾ ചത്തുയരുന്നതിന്റെ ദുഃസൂചനകൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. പറഞ്ഞകാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ള പ്രധാനപ്പെട്ട ഒരു കാര്യം, ഈ കാലഘട്ടത്തിൽ കിട്ടാനുള്ള വെള്ളം വാങ്ങിയെടുക്കുന്ന കാര്യത്തിൽ നമ്മൾ അമാന്തം കാണിക്കുന്നുണ്ട് എന്നതാണ്. കാവേരി ട്രിബ്യൂണലിന്റെ വിധിയുണ്ട്, 4.67 TMC ജലം നമുക്കെടുക്കാനുള്ള ഒരു പദ്ധതിയാണ് എന്റെ നിയോജക മണ്ഡലത്തിലെ ചിറ്റൂരിൽ ഒരു ഡാം പണിതെടുക്കുക എന്നുള്ളത്. അതിനുള്ള പരിസ്ഥിതി ക്ലിയറൻസ് കിട്ടിയപ്പോൾ തമിഴ്നാട് വളരെ വലിയ അലോസരം പ്രകടിപ്പിച്ചു. ബന്ദുണ്ടായി തമിഴ്നാട്ടിലെ ആളുകൾ അട്ടപ്പാടി മേഖലയിലൊക്കെ വന്ന് പ്രശ്നങ്ങളുണ്ടാക്കി കൊണ്ടിരിക്കുകയാണ്. കാവേരി ട്രിബ്യൂണലിന്റെ അവാർഡ് പ്രകാരമുള്ള 4.67 TMC ജലം എടുക്കുന്നതിനുവേണ്ടിയുള്ള നടപടികളുണ്ടാകണം. ശിരുവാണി ഡാമിലെ വെള്ളത്തിന് ക്വാളിറ്റിയിൽ ലോകത്തിൽ രണ്ടാം സ്ഥാനമുണ്ട്. അതിൽ നിന്നും ഒരു തുള്ളിപോലും നമുക്ക് കിട്ടുകയില്ല. മുഴുവൻ കോയമ്പത്തൂരേയ്ക്ക് കൊടുക്കണം. സായിപ്പിന്റെ കാലത്തുള്ള കരാറാണ്. ജലം വളരെ അമൂല്യമായിക്കൊണ്ടിരിക്കുകയാണ്. വാട്ടർവാർ വരുമെന്നാണ് പറയുന്നത്. അതുകൊണ്ട് കിട്ടാനുള്ള വെള്ളം വാങ്ങിയെടുക്കാനുള്ള നടപടിയുണ്ടാകണം. ഈ ഡാമിന്റെ കാര്യത്തിൽ പ്രത്യേകമായ ശ്രദ്ധയുണ്ടാകണം. ഇന്ന് നമുക്ക് മഴ

കിട്ടാത്തതല്ല, പൊതുവെ മഴ കുറവായിരുന്നെങ്കിലും കിട്ടിയ മഴയുടെ 80 ശതമാനവും അറബിക്കടലിലേയ്ക്കാണ് പോകുന്നത്. നമ്മുടെ ജലവിനിയോഗ രീതിയിലും മഴവെള്ളം ഉപയോഗപ്പെടുത്തുന്നതിനും ഒരു നയം സ്വീകരിക്കണം. നമുക്കുള്ള 60 ലക്ഷം കിണറുകളിൽ 25 ലക്ഷം കിണറുകളും ഇന്ന് ഉപയോഗശൂന്യമാണ്. അത് ഉപയോഗപ്പെടുത്താനുള്ള സംവിധാനമുണ്ടാകണം. മഴവെള്ളം മുകൾത്തട്ടിലെ മണ്ണിലൂടെ കിണറിലേക്ക് ഊറിയിറങ്ങുന്നതിനുള്ള സംവിധാനം വീട്ടു മുറ്റത്തുണ്ടാക്കണം. ഇന്റർലോക്കുകളിൽ പോലും ഇടപെടണം. വെള്ളം ഊറി ഇറങ്ങുന്നതിനുള്ള സംവിധാനവും നിയമങ്ങളുമുണ്ടാകണം. കുളങ്ങൾ സംരക്ഷിക്കുന്നതിന് നിയമങ്ങൾ ശക്തമാക്കണം. പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ കെട്ടിടങ്ങളുടെ മുറ്റത്ത് വീഴുന്ന മഴവെള്ളം ടാങ്കുകളുണ്ടാക്കി അതിൽ ശേഖരിച്ച് ഭൂമിയിലേയ്ക്ക് കിനിഞ്ഞിറങ്ങുന്നതിന് പെർകൊളേഷൻ ടാങ്ക് നിർബന്ധമാക്കണം. ഇതൊക്കെയാണ് ഈ ദുരന്തം കൺമുന്നിൽ എത്തി നിൽക്കുമ്പോൾ നമുക്ക് ചെയ്യാനുള്ള കാര്യങ്ങൾ. ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത്, കേരളത്തിൽ വരാൻ പോകുന്ന ദുരന്തത്തിന്റെ ആഘാതവും പ്രയാസവും ബോധ്യപ്പെടുത്തുന്നതിന് കേന്ദ്രത്തിൽ ഒരു സർവ്വകക്ഷി സംഘത്തെ അയയ്ക്കണമെന്ന നിർദ്ദേശമാണ് എനിക്ക് സമർപ്പിക്കാനുള്ളത്. വളരെയേറെ ഗൗരവത്തോടുകൂടിയ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. എന്റെ സ്നേഹിതൻ ശ്രീ. പി. ടി. തോമസ് ഇവിടെ പറഞ്ഞ ഒരു കാര്യത്തോടുള്ള ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കാത്തതല്ല ഈ പ്രശ്നത്തിന്റെ കാരണം. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കിയാൽ കേരളത്തിലെ ജനസംഖ്യയുടെ മൂന്നിലൊന്ന് വരുന്ന മലയോര നിവാസികളെല്ലാം അവിടെനിന്നും കുടിയിറങ്ങേണ്ടിവരും. അതുകൊണ്ട് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കണ്ടായെന്ന് നമ്മളെല്ലാവരും കൂടി തീരുമാനിച്ചതാണ്. അതിന്റെ അടിസ്ഥാനത്തിൽ കസ്തൂരിരംഗൻ റിപ്പോർട്ട് കൊണ്ടുവന്നു. അതിലുംജനവാസകേന്ദ്രങ്ങളെ ഒഴിവാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകണം. അതും ഇതും തമ്മിൽ ഒരു ബന്ധവുമില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ ഈ പ്രമേയത്തെ എല്ലാ അർത്ഥത്തിലും പിൻതുണയ്ക്കുന്നു.

<u>ശ്രീ. എ. എം. ആരിഫ്</u> : സർ, ഈ പ്രമേയത്തെ പിൻതുണയ്ക്കുകയാണ്. ഞാൻ പ്രമേയത്തെ പിൻതുണച്ച് സംസാരിക്കുന്നതിനുമുമ്പായി പറയാനുദ്ദേശിച്ച ഒരു കാര്യത്തിന് ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് ശ്രീ. ഷംസുദ്ദീൻ തുടക്കം കുറിച്ചിട്ടുണ്ട്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെ സംബന്ധിച്ചുള്ള വിയോജിപ്പ്

അദ്ദേഹം പ്രകടിപ്പിച്ചു; വിവിധ സന്ദർഭങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് വിവിധ ചർച്ചകൾ ഇവിടെ നടന്നിട്ടുണ്ട്. ആ ചർച്ചകളിലെല്ലാം ശ്രീ. പി. ടി. തോമസിന്റെ അഭിപ്രായവുമായി യോജിക്കുന്ന നിലപാടല്ല മുൻകാലങ്ങളിലെല്ലാം അദ്ദേഹത്തിന്റെ പാർട്ടിയും മുന്നണിയിലെ വിവിധ പാർട്ടികളും സ്വീകരിച്ചിട്ടുള്ളത്. അവർക്കിടയിൽ തന്നെ യോജിപ്പില്ലാത്ത ഒരു പ്രശ്നത്തെ സംബന്ധിച്ച് ഇവിടെ ചർച്ചയ്ക്ക് ഇടക്കം കുറിച്ചിട്ടുണ്ട്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ചുള്ള ശ്രീ. പി. .ടി. തോമസിന്റെ അഭിപ്രായത്തോട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രതികരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അത് പി.ടി. തോമസ്സിന്റെ വ്യക്തിപരമായ അഭിപ്രായമാണെന്നും കോൺഗ്രസ് പാർട്ടിക്ക് ആ അഭിപ്രായമില്ലായെന്നും ആ സമയത്ത് വളരെ വ്യക്തമായിത്തന്നെ ഞാൻ പറഞ്ഞിട്ടുണ്ട്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഈ പ്രമേയം ഫൈനാലിറ്റിയിലേക്ക് വരുമ്പോൾ ശ്രീ. പി. ടി. തോമസിന്റെ നിലപാടും പാർട്ടി എം.എൽ.എ.-മാരുടെ നിലപാടും എങ്ങനെയായിരിക്കും?

ശ്രീ. രമേശ് ചെന്നിത്തല: പാർട്ടിയുടെ നിലപാട് പാർട്ടി നേരത്തേ വ്യക്തമാക്കിയിട്ടുള്ളതാണ്. ശ്രീ. പി.ടി. തോമസ് അന്നും വ്യത്യസ്ത അഭിപ്രായം പറഞ്ഞിട്ടുണ്ട്. ഇപ്പോഴും പറയുന്നുണ്ട്. അങ്ങേയ്ക്ക് കോൺഗ്രസ്സ് പാർട്ടിയെക്കുറിച്ച് അറിയാമല്ലോ; നമ്മൾ ഒരുമിച്ചുണ്ടായിരുന്നതല്ലേ? കോൺഗ്രസ്സ് പാർട്ടിയിൽ വ്യത്യസ്തമായ അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യമുണ്ട്.

ശ്രീ. റ്റി. വി രാജേഷ്: സർ, പ്രതിപക്ഷനേതാവ് പറഞ്ഞു, ശ്രീ. പി.ടി. തോമസിന് വ്യക്തിപരമായ അഭിപ്രായം രേഖപ്പെടുത്താമെന്ന്. പക്ഷേ അക്കാര്യത്തിൽ നിങ്ങളുടെ പാർട്ടി ഒരു തീരുമാനമെടുത്താൽ ആ തീരുമാനം അംഗീകരിക്കാൻ അദ്ദേഹത്തിന് ബാദ്ധ്യതയുണ്ടോ; ഇല്ലയോ?

ശ്രീ. രമേശ് ചെന്നിത്തല: പാർട്ടി തീരുമാനം അദ്ദേഹം അംഗീകരിക്കുന്നുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അദ്ദേഹം ഉറച്ചു നിൽക്കുന്നുവെന്നേയുള്ളൂ.

ശ്രീ. എ. എം. ആരിഫ്: സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ചർച്ചയ്ക്ക് എടുത്തിട്ടുള്ളത്. നമ്മുടെ നാട് ഇന്നുവരെ അഭിമുഖീകരിച്ചിട്ടില്ലാത്ത അതീവ ഗുരുതരമായ ഒരു വരൾച്ചയാണ് നമ്മൾ അഭിമുഖീകരിക്കാൻ പോകുന്നതെന്നത് മുൻകൂട്ടി കണ്ടുകൊണ്ട് അതിനെ അതിജീവിക്കാനുള്ള തയ്യാറെടുപ്പുകൾ എപ്രകാരം

നടത്തണം, അതിന് സംസ്ഥാന സർക്കാർ എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തേണ്ടത്, കേന്ദ്രസർക്കാരിന്റെ പരമാവധി സഹായം നേടിയെടുക്കുന്നതിന് പ്രത്യേക പാക്കേജ്, അതുപോലെയുള്ള മറ്റ് സംവിധാനങ്ങൾ എന്നിവയെക്കുറിച്ച് ഗവൺമെന്റ് വളരെ ഗൗരവമായി ഇപ്പോഴേ ഹോം വർക്ക് നടത്തി നല്ലൊരു പാക്കേജ് പ്രഖ്യാപിക്കാനാവശ്യമായ ഇടപെടൽ നടത്തണമെന്നതാണ് പ്രമേയത്തിന്റെ ഉള്ളടക്കം. അക്കാര്യം പറയുമ്പോൾ നമുക്ക് കേന്ദ്രസർക്കാരിന്റെ മുൻകാല അനുഭവങ്ങളെക്കുറിച്ച് പറയണം. നേരത്തേ ഇടതുപക്ഷത്തിന്റെ പിൻതുണയോടുകൂടി മാത്രം കേന്ദ്രം ഭരിക്കാൻ പറ്റുന്ന ഒരു സാഹചര്യം കോൺഗ്രസ്സിന് ഉണ്ടായപ്പോഴാണ് യു.പി.എ. ഗവൺമെന്റുണ്ടായത്. യു.പി.എ. ഭരണകാലത്ത് മാത്രമാണ് യഥാർത്ഥത്തിൽ നമുക്ക് പരിഗണന ലഭിച്ചത്. ആ സമയത്ത് നമ്മുടെ പിന്തുണ വേണം. പ്രത്യേകിച്ച് കേരളത്തിൽ നിന്നുള്ള 20 സീറ്റിൽ 18-ലും എൽ.ഡി.എഫ്. ജയിച്ചു. ഒരാൾ പിന്നീട് നമ്മളോടൊപ്പം ചേർന്നപ്പോൾ 19 പേരും പിന്താങ്ങുന്ന ഒരു സർക്കാർ, കേന്ദ്രത്തിൽ എണ്ണം തികയ്ക്കണമെങ്കിൽ, ഭൂരിപക്ഷമുണ്ടാകണമെങ്കിൽ നമ്മുടെ പിന്തുണ ലഭിച്ചേ പറ്റൂ എന്ന അവസ്ഥ വന്നപ്പോഴാണ് കേരളമെന്ന് പറയുന്ന ഒരു സംസ്ഥാനത്തെക്കുറിച്ച് ചിന്തിക്കാനും പരിഗണിക്കാനും അവർ തയ്യാറായത്. അക്കാലത്ത് നമുക്ക് കുറച്ച് പരിഗണന ലഭിച്ചു. ബാക്കിയുള്ള സമയങ്ങളിലെല്ലാം നമ്മുടെ അവസ്ഥ വളരെ പരിതാപകരമായിരുന്നു. നമുക്കറിയാം, ഇപ്പോഴും അരി പ്രശ്നത്തെച്ചൊല്ലിയുള്ള തർക്കം നടന്നുകൊണ്ടിരിക്കുകയാണ്. നമുക്ക് ന്യായമായി ലഭിക്കേണ്ട അരി വിഹിതത്തെച്ചൊല്ലിയുള്ള ചർച്ചയാണ് ഇവിടെ നടക്കുന്നത്. തത്വത്തിൽ എത്ര വിഹിതമാണ് ലഭിക്കേണ്ടതെന്നുള്ളതിനെ സംബന്ധിച്ച് വാദിച്ച് ഒരു പോയിന്റിലെത്തിയിട്ടുണ്ടെന്നാണ് ശ്രീ. അനൂപ് ജേക്കബ് അടക്കമുള്ള ആളുകൾ പറയുന്നത്. പക്ഷേ അംഗീകരിച്ച് തരുന്നില്ല. ഈ പ്രശ്നം നമ്മൾ ഇപ്പോഴും ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ടൂറിസം മേഖലയ്ക്കുള്ള അലോട്ട്മെന്റ് പുതിയ സർക്കാർ വന്നപ്പോൾ പാടേ വെട്ടിക്കുറച്ചു. അതുപോലെ തന്നെ ധാരാളം മേഖലകളിൽ നമുക്ക് ലഭിക്കേണ്ടത് പലതും ലഭിക്കുന്നില്ല. ഇവിടെ ഉണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനം - ഇത് കേട്ടാൽത്തോന്നും കേന്ദ്രത്തിൽ മുമ്പ് കോൺഗ്രസ് ഭരിച്ചുകൊണ്ടിരിക്കുന്നപ്പോൾ വെള്ളപ്പൊക്കവും വരൾച്ചയും ഉണ്ടാകുമ്പോൾ അവർ എപ്പോഴാണ് വരുന്നത്; വെള്ളപ്പൊക്കം മാറി വരൾച്ചയിലെത്തുമ്പോൾ ഒരു സംഘം ഹെലികോപ്റ്ററിൽ പഠിക്കാൻ വരും. വന്ന് നോക്കിയിട്ട് പറയും ഇവിടെ വെള്ളപ്പൊക്കമൊന്നുമില്ല, ഒരു കുഴപ്പവുമില്ല എന്നുള്ള നിഗമനത്തിൽ എത്തി തിരിച്ചുപോകും. വരൾച്ച പഠിക്കാൻ വരുന്നത് എപ്പോഴാണ്; വല്ലപ്പോഴും മഴ പെയ്യുന്ന സമയത്ത് അവർ ഹെലികോപ്റ്ററിൽ വന്ന് പഠിച്ചിട്ട് പോകും. ഇങ്ങനെ പഠിക്കാൻ വരുന്ന സംഘം നമ്മുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് നമുക്ക് എന്തെങ്കിലും അനുവദിക്കുന്നുണ്ടോ; ഇങ്ങനെയുള്ള വിവേചനപരമായ നിലപാട് കേരളത്തോട് ഇപ്പോഴല്ല നേരത്തേ മുതൽ സ്വീകരിച്ചുവരികയാണ്. കേന്ദ്രവും

കേരളവും ഒരേ രാഷ്ട്രീയ പാർട്ടി ഭരിച്ചുകൊണ്ടിരുന്ന സന്ദർഭത്തിലും അവസ്ഥ ഇതാണ്. അത് കുറച്ചുകൂടി ഇപ്പോൾ കർക്കശമാക്കി. കാരണം നമ്മളോട് രാഷ്ട്രീയമായി വലിയ വിരോധം വച്ചുപുലർത്തുന്ന ഒരു കേന്ദ്രസർക്കാർ വന്നപ്പോൾ കേരളം ഭരിക്കുന്നത് അവരുടെ ആശയങ്ങളെ നഖശിഖാന്തം എതിർക്കുന്ന, എല്ലാ തലങ്ങളിലും എതിർക്കുന്ന ആശയം വച്ചുപുലർത്തുന്ന ഒരു ഗവൺമെന്റാണ് എന്നുള്ളതുകൊണ്ടാണ് ടൂറിസം അലോട്ട്മെന്റിന്റെ കാര്യത്തിലും റോഡിന്റെ കാര്യത്തിലുമെല്ലാം വിവേചനം കാണിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരത്തിൽ രാഷ്ട്രീയ വിവേചനം കാണിക്കുന്ന ഒരു സർക്കാർ അധികാരത്തിലിരിക്കുമ്പോൾ നമ്മൾ വലിയതോതിലുള്ള, ശക്തമായ സമ്മർദ്ദം നടത്തേണ്ടതായിട്ടുണ്ട്. ഇവിടെ നേരത്തേ ശ്രീമതി വീണാ ജോർജ് നമ്മുടെ 42 നദികൾ കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വിഭാഗത്തിന്റെ ഡാറ്റാ ശേഖരത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടതിനെ സംബന്ധിച്ചാണ് ഒരു സബ്മിഷൻ ഉന്നയിച്ചത്. പമ്പ-വൈപ്പാർ ഒറ്റബേസിനായി അടയാളപ്പെടുത്തിയതിനെ സംബന്ധിച്ചുള്ള പ്രശ്നമാണ് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിച്ചത്. പമ്പയുടെ വികസനത്തിനുവേണ്ടി ഒരുപാട് കാര്യങ്ങൾ പ്രഖ്യാപിച്ചിരുന്നു. അതുപോലും നമുക്ക് അലോട്ട്മെന്റായി വരുന്നില്ല. തീർച്ചയായും ഈ പ്രശ്നം വളരെ ഗൗരവബുദ്ധിയോടെ കാണേണ്ടതാണ്. പണ്ടൊക്കെ നമ്മുടെ ഋതുഭേദങ്ങൾ ഒരു ഇഴപോലും തെറ്റാതെ വരികയും സംക്രമിക്കുകയും മാറി മറിയുകയും ചെയ്യുന്ന ഒരവസ്ഥയായിരുന്നു. ഇത് കേരളത്തിന്റെ കാർഷിക സംസ്കാരവുമായി കൂട്ടിച്ചേർത്തതാണ്. ഞാറ്റുവേല എന്ന കാലാവസ്ഥാ ശാസ്ത്രം തന്നെ രൂപപ്പെടുത്തി. ഇപ്പോൾ അതെല്ലാം പോയി. ഇപ്പോൾ ജൂണിൽ മഴ പെയ്യേണ്ടിടത്ത് പെയ്യുന്നില്ല. തുലാമഴ പെയ്യേണ്ട സമയമാണിത്. സാധാരണ ഗതിയിൽ ഈ സമയത്തൊക്കെ നല്ലവണ്ണം ഇടിവെട്ടി മഴപെയ്യേണ്ടതാണ്. പക്ഷേ മഴ പെയ്യുന്നില്ല. വലിയ തോതിലുള്ള വരൾച്ചയാണ് നമ്മൾ അഭിമുഖീകരിക്കാൻ പോകുന്നത്. മരുഭൂമികൾ മാത്രമുള്ള സ്ഥലങ്ങളിലെല്ലാം വെള്ളവിതരണ കമ്പനികളുടെ ഭരണമാണ് നടക്കുന്നത്. ലോകം മുഴുവൻ വെള്ളം കൊടുത്ത് ഭരിക്കുന്നതിൽ വലിയ പങ്ക് പെപ്സിക്കും കൊക്കകോളയ്ക്കുമാണ്. നമ്മുടെ നാട്ടിലും അവർ വന്ന് ഭൂഗർഭ ജലം എടുത്ത് കുപ്പിവെള്ളമാക്കി വലിയ തോതിൽ വിൽക്കുകയാണ്. കൊക്കകോള, അക്വാഫിന, പെപ്സിയുടെ കിംഗ്ലെ ഇവരാണ് വിപണി കീഴടക്കിയിരിക്കുന്നത്. നാടിന്റെ ഏത് ആവശ്യം നിറവേറ്റാനും അവർ തയ്യാറാണ്. വരൾച്ചയും കുടിവെള്ളക്ഷാമവും നേരിട്ടാൽ അതിൽ നിന്ന് കോടികളുണ്ടാക്കുന്ന ബഹുരാഷ്ട്ര കുത്തക കമ്പനികൾ ഇന്ന് ലോകം ഭരിച്ചു കൊണ്ടിരിക്കുകയാണ്. അവർക്ക് തീവെട്ടിക്കൊള്ള നടത്താനുള്ള വാതിൽ തുറന്നിട്ട് കൊടുക്കുകയാണ്. ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന പ്രകൃതിയുടെ ഓരോ പ്രതിഭാസത്തിൽ നിന്നുപോലും ലാഭം കൊയ്യാൻ വൻകിട കമ്പനിക്കാർ അവസരം പാർത്തിരിക്കുന്ന ഒരു സാഹചര്യം കൂടിയുണ്ട്. പക്ഷേ നമ്മുടെ നാട്ടിലെ പാവങ്ങൾക്ക് ഇത്തരത്തിലുള്ള അക്വാഫിനയോ കിംഗ്ലെയോ മറ്റേതെങ്കിലും

കുപ്പിവെള്ളമോ കുടിവെള്ളമോകൊണ്ട് അവരുടെ ജീവിതാവശ്യങ്ങൾ നിറവേറ്റാൻ പറ്റില്ല. വെള്ളമില്ലാതിരുന്നാൽ ഉണ്ടാകാൻ പോകുന്ന ദുരന്തം വളരെ വലുതായിരിക്കും. ഓക്സിജനുവേണ്ടിപ്പോലും വലിയ യുദ്ധം നടക്കാൻ പോകുകയാണ്. ഓക്സിജൻ സിലിണ്ടറിലാക്കി തൂക്കി തോളിലിട്ട് നടക്കേണ്ട സ്ഥിതിവിശേഷം ഭാവിയിൽ വരാൻ പോകുകയാണ്. അത്രത്തോളം പ്രകൃതിയുടെ സന്തുലിതാവസ്ഥ മാറിക്കൊണ്ടിരിക്കുകയാണ്. കുടിവെള്ളത്തിന്റെ കാര്യത്തിലും അതീവ ഗുരുതരമായ വെല്ലുവിളികളാണ് നമ്മൾ അഭിമുഖീകരിക്കാൻ പോകുന്നത്. ഇതിനെയെല്ലാം നേരിടണമെന്നുണ്ടെങ്കിൽ നമുക്ക് നമ്മുടെ പരിധിയിൽ നിന്നുകൊണ്ട് ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് ആദ്യം ഐഡന്റിഫൈ ചെയ്യണം. ഏതൊക്ക തരത്തിലാണ് നമ്മുടെ സ്രോതസ്സുകളെ സംരക്ഷിക്കാൻ പറ്റുന്നതെന്ന് സംസ്ഥാന സർക്കാരിന്റെ സോയിൽ കൺസർവേഷൻ വകുപ്പും വാട്ടർ റിസോഴ്സസ് വകുപ്പും കൂടിയാലോചിക്കണം. നമ്മുടെ ജലസംഭരണികളെല്ലാം വറ്റിവരണ്ടു. മുല്ലപ്പെരിയാറിനെക്കുറിച്ചോ മറ്റ് ഡാമുകളെക്കുറിച്ചോ ഭയപ്പെടേണ്ട കാര്യമില്ലാത്ത അവസ്ഥയിലേയ്ക്ക് നമ്മൾ വന്നിരിക്കുകയാണ്. കാരണം ഡാമുകളൊന്നും നിറയുന്ന പ്രശ്നം ഇപ്പോൾ വരുന്നില്ല. ഡാം നിറയുമ്പോഴാണ് പൊട്ടാനുള്ള സാദ്ധ്യത കൂടുതലായിട്ടുണ്ടാകുന്നത്. നിറയാനുള്ള സാദ്ധ്യതപോലുമില്ലാത്ത രീതിയിലേയ്ക്കാണ് കാര്യങ്ങൾ മാറുന്നത്. അതുകൊണ്ട് ഈ പ്രശ്നം ഗൗരവത്തോടെ കണ്ടുകൊണ്ട് കേന്ദ്രസർക്കാരിനെ അറിയിക്കാനും ഇത് പരിഹരിക്കാനാവശ്യമായ നിലയിൽ ഒരു പാക്കേജ് സമർപ്പിക്കാനും കഴിയണം. ആ പാക്കേജ് നേടിയെടുക്കാനുള്ള എല്ലാ സമ്മർദ്ദതന്ത്രങ്ങളും നടത്തണം. നമ്മുടെ ബഹുമാനപ്പെട്ട എം.പി.മാർ ഇക്കാര്യത്തിൽ കുറച്ചുകൂടി ഗൗരവമായി ഇടപെടേണ്ടതായിട്ടുണ്ട്. പാർലമെന്റംഗങ്ങളെ നമ്മുടെ ഈ അവസ്ഥ ബോദ്ധ്യപ്പെടുത്തി അവിടെ സമരവും സമ്മർദ്ദവും കൂട്ടായി നടത്താൻ കഴിയത്തക്ക രൂപത്തിലുള്ള ശക്തമായ ഇടപെടൽ കൂടി നടത്തണമെന്ന നിർദ്ദേശം വച്ചുകൊണ്ട് ഈ പ്രമേയത്തെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്ക് സംസാരിക്കാം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി സംസാരിക്കും. ആദ്യം അദ്ദേഹം സംസാരിക്കട്ടെ. സമയക്കുറവുണ്ടെങ്കിൽ അടുത്തയാഴ്ചത്തേയ്ക്ക് മാറ്റിവയ്ക്കാം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ വരൾച്ച നേരിടാൻ പോകുന്ന സാഹചര്യമാണിന്നുള്ളത്. കാരണം കാലവർഷം നമുക്ക് വേണ്ടത്ര ലഭിച്ചിട്ടില്ല. പൊതുവെ 34 ശതമാനം മഴയുടെ കുറവ് കേരളത്തിൽ രേഖപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. കാലവർഷത്തിനുശേഷം ഒക്ടോബർ

മാസത്തിൽ ലഭിക്കേണ്ട തുലാവർഷം 60 ശതമാനം കുറവാണ് ലഭിച്ചിട്ടുള്ളതെന്നാണ് വിദഗ്ദ്ധരുടെ കണക്കുകളിൽ പറഞ്ഞിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇതിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് ഒരു യോഗം വിളിച്ചുചേർക്കുകയുണ്ടായി. അതിനുശേഷം കേന്ദ്രകൃഷിമന്ത്രാലയവും കേന്ദ്ര ദുരന്തനിവാരണ അതോറിറ്റിയും നിഷ്കർഷിക്കുന്ന മാനദണ്ഡപ്രകാരമാണ് സംസ്ഥാനത്തെ വരൾച്ചാ സംസ്ഥാനമായി പ്രഖ്യാപിക്കുന്നത്. അതിനെ അടിസ്ഥാനപ്പെടുത്തി രണ്ട് യോഗങ്ങൾ ഇവിടെ നടക്കുകയുണ്ടായി. ആ യോഗങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ അംഗീകാരത്തോടുകൂടി സംസ്ഥാന ദുരിതാശ്വാസ കമ്മീഷനാണ് വരൾച്ചാ സംസ്ഥാനമായി പ്രഖ്യാപിക്കേണ്ടത്. ഓരോ ജില്ലയിലും ഈ സമയം വരെ ഉണ്ടായിരിക്കുന്ന വരൾച്ചയുടെ തോത് നിഷ്കർഷിക്കുന്നത് പല മാനദണ്ഡപ്രകാരമാണ്. വരൾച്ചാ സംസ്ഥാനമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ നിരവധി പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്യണമെന്ന് സംസ്ഥാന ഗവൺമെന്റ് തീരുമാനിക്കുകയും ഇന്ന് വീണ്ടും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ മീറ്റിംഗ് കൂടി അതുസംബന്ധിച്ച് ചില തീരുമാനങ്ങളെടുക്കുകയുമുണ്ടായി. അതിനെ സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തി പരിപാടി തയ്യാറാക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. തിങ്കളാഴ്ച റൂൾ 300 അനുസരിച്ച് ഇതുസംബന്ധിച്ചുള്ള ഗവൺമെന്റ് തീരുമാനം നിയമസഭയിൽ അറിയിക്കുമെന്നാണ് പറയാനുള്ളത്.

(ചർച്ച തുടരും)

മി. സ്പീക്കർ: ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച പ്രമേയത്തിന്മേലുള്ള ചർച്ച പൂർത്തിയായിട്ടില്ല. പ്രസ്തുത പ്രമേയം തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

ഓർഡർ..... ഓർഡർ..., സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഒക്ടോബർ മാസം 31-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)